# അപ്പുറത്തെ അമേരിക്ക

കെ.സി. പീറ്റർ

P.S.S.R.G
G: No: 1931.

# അപ്പുറത്തെ
# അമേരിക്ക.

## (തെക്കെ അമേരിക്ക)

THRIKKARUVA PANCHAYAT
LIBRARY & READING ROOM
PERINAD P.O.
KANJAVELI.

# APPURATHAE AMERICA.

BY

K. C. PETER,
M. A., LL. B.

Distributors:

**CURRENT BOOKS,**

**TRICHUR.**

g. No: 1931

# അപ്പുറത്തെ അമേരിയ്ക്ക.

(തെക്കെ അമേരിയ്ക്ക)

10/4/59

ഗ്രന്ഥകർത്താവ്:

**കെ. സി. പീററർ,**

എം. എ., എൽ എൽ, ബി.

കറൻറ് ബുക്ക്സ്,

തൃശ്ശൂർ.

## കെ. സി. പീററവടെ കൃതികൾ

1. ആഫ്റിക്ക, ആഫ്റിക്ക.
2. തെക്കുകിഴക്കേഷ്യയും ജപ്പാനും.
3. അപ്പുറത്തെ അമേരിയ്ക്ക.


മാർച്ച് 1957.

വില: 3 ക.

**Copies 1000.**

No. 1931

# പേജുകൾ മറിക്കുമ്പോൾ.

**അദ്ധ്യായം ഒന്നു്:**

## തെക്കെ അമേരിക്ക

**—സാമാന്യവിവരണം.**

പത്തു റിപ്പബ്ലിക്കുകൾ.
ഏഴിൽ ഒരു ഭാഗം.
ആദ്യ നാവികർ.
കൊളംബസ്സ്.
ഭൂപ്രകൃതി.
നദികൾ, മൃഗങ്ങൾ, വിഭവങ്ങൾ.
ഭാൎയ്യമാർ വന്നില്ല.
രോഗസമുദ്രത്തിലെ തുരുത്തുകൾ.
ഉടഞ്ഞ സംസ്കാരങ്ങൾ.

**അദ്ധ്യായം രണ്ടു്:**

## അർജൻടീന

**—വെള്ളിരാജ്യം.**

ആളെക്കൊല്ലി.
ചക്രവാളത്തിലേയ്ക്ക്.
പാൻടഗോണിയ.
അഗ്നിയുടെ നാട്ട്.
ആളുകളും കാലികളും.
സാംസ്കാരികരംഗം.
പെറോൺൻെറ പതനം.

**അദ്ധ്യായം മൂന്നു്:**

## ബൊളീവിയ

**— ലോഹരാജ്യം.**

എല്ലാററിലും പിന്നിൽ.
ചരിത്രം.
ഭൂപടം മാച്ചു.
എണ്ണ ഒന്നാം സ്ഥാനത്തേക്ക്.
പൊതു മാപ്പ്.
പ്രസിഡണ്ടു സുയാസു.

THRIKKARUVA PANCHAYAT LIBRARY & READING ROOM KANJAVELI PERINAD P.O.

അദ്ധ്യായം നാലു്:

## പരാഗ്വേ

—പഴയ-പുതിയരാജ്യം.

കാട്ടിൽ യുദ്ധം.
ഗ്വാറാണി റെസ്റ്റിന്ത്യർ.
പ്രസവവേദന ഭർത്താവിനു്.
പഴയ ചരിത്രം.
വ്യവസായിക ദാസ്യം.
പിൻവലിക്കപ്പെട്ട വിപ്ലവം.

അദ്ധ്യായം അഞ്ചു്:

## ബ്രസീൽ

—കാപ്പിരാജ്യം.

നാളെയുടെ രാജ്യം.
പരാണ പ്രവിശ്യ.
സ്ത്രീരാജ്യം: അമെയ്സോണിയ.
ഗ്രെയിററ് ഡയഗണൽ പ്രോജക്ററ്.
ചെകുത്താൻ അനാക്കോണ്ട.
ആത്മാവില്ലാത്ത മനുഷ്യർ.
കുഴിമടിയന്മാർ.
ടൃമക്ക്-ഹൃമക്ക് ദേശം.
വഗ്ഗാസ്.
കുബിററ്സ്ചക്ക്.

അദ്ധ്യായം ആറു്:

## ഉറുഗ്വേ

—സോഷ്യലിസ്റ്റ് സ്വർഗ്ഗം.

അതാ, ഒരു മല.
പാടുന്ന വീഞ്ഞു്.

സാമൂഹ്യ ഭദ്രത.
കമ്പിളിയും മാട്ടിറച്ചിയും.
ദ്വന്ദയുദ്ധം വേണ്ട.
റഷ്യൻ–അമേരിയ്ക്കൻ സഹവർത്തിത്വം.

**അദ്ധ്യായം ഏഴ്:**

## വെനിസ്വേല

**—ചെറിയ വെനീസ്.**

നയാഗ്രയേക്കാൾ ഇരുപതിരട്ടി.
പഴങ്കഥ
സൈമൺ ബോളിവർ.
കാളപ്പോർ.
വിദ്യാർത്ഥി വിപ്ലവം.
തോക്കിൻെറ ഭാഷ.

**അദ്ധ്യായം എട്ട്:**

## കൊളംബിയ

**—ബുദ്ധിജീവികളുടെ രാജ്യം.**

കൊളംബിയ എന്നാൽ സംസ്കാരം.
മരതകരത്നങ്ങൾ.
നീറുന്ന ഹൃദയത്തിൽ നിധി.
ജനഭരണം.
ചില്ലറയായി വേണ്ട.

**അദ്ധ്യായം ഒമ്പതു്:**

## ഇക്വഡോർ

**—വ്യാഴാഴ്ച വിപ്ലവങ്ങളുടെ രാജ്യം.**

അഗ്നിപർവ്വതങ്ങൾ.
ഉടുപ്പും നടപ്പും.
സ്നേഹസന്ദേശം.
ഓപ്പറേഷൻ ഓക.
ന്യൂനപക്ഷ പ്രസിഡണ്ട്.

അദ്ധ്യായം പത്ത്:

## ചിലി

ബീറം വീണ്ടും. —മഞ്ഞുരാജ്യം.

നൈട്രേററുകളും, ജനങ്ങളും.

പറുദീസയുടെ താഴ്വര.

ഭരണം, ചരിത്രം, സാഹിത്യകാര്യങ്ങൾ.

അദ്ധ്യായം പതിനൊന്ന്:

## പെറു

മൂന്നു പെറു. —ഇങ്ക സംസ്ക്കാര കേന്ദ്രം.

ചുകപ്പും വെളുപ്പും.

പ്രസിഡണ്ട് ഒഡ്രിയ.

ഇങ്ക സംസ്ക്കാരം.

ജനനേതാവ് ഹായ.

ഇന്നത്തെ സ്ഥിതി.

അദ്ധ്യായം പന്ത്രണ്ട്:

## ഗിയാന

—സാമ്രാജ്യശക്തികളുടെ അപ്പക്കഷ്ണങ്ങൾ.

ബ്രിട്ടീഷ് ഗിയാന.

മുഗാലയത്തിനുവേണ്ടി.

സൂരിണാം (ഡച്ച് ഗിയാന).

ഫ്രഞ്ച് ഗിയാന.

**എനിക്കു പറയുവാനുള്ളതു.**

**പുസ്തകങ്ങളുടെ പട്ടിക.**

**സൂചിക. (ഇൻഡക്സ്)**

---

അദ്ധ്യായം:

ഒന്നു്.

# തെക്കെ അമേരിക്ക.

## —സാമാന്യവിവരണം.

Supreme in the distance, veiled
As one's own horizon,
The ancients stand,
Immutably shadowless in lengthening obliquity .....

The ears of the forest
Twitch in the Sun
Flies of cloud
Are shaken off so carefully

See, they alight again

In confident purity
And their wings seem to rest
Against the sky like
Candleflames painted on a cake .....

—KENNETH PATCHEN.

അമേരിക്ക എന്നുപറഞ്ഞാൽ ഐക്യനാടുകൾ എന്നു മാത്രമാണ് നാം സാധാരണ ധരിക്കാറുള്ളത്. എത്ര തെററായ ധാരണ! രണ്ടു ഭൂഖണ്ഡങ്ങൾ—വടക്കേ അമേരിക്കയും തെക്കേ അമേരിക്കയും—കൂടിയതാണ് 'അമേരിക്കകൾ' അഥവാ 'പുതിയ ലോകം' വടക്കേ അമേരിക്കയെ തെക്കേ അമേരിക്കയോടു ഘടിപ്പിക്കുന്ന പൊക്കിൾക്കൊടിയാണ് വീതി കുറഞ്ഞു നീണ്ടുകിടക്കുന്ന പനാമരാജ്യം.

നീണ്ടു പരന്ന മൈതാനങ്ങളുടേയും ഉയൎന്ന പൎവ്വതനിരകളുടേയും വൃക്ഷലതാദികൾ തഴച്ചു വളരുന്ന താഴ്വരകളിൽ ഒളിഞ്ഞുകിടക്കുന്ന ഗ്രാമങ്ങളുടേയും ന്യൂയോക്ക്മാതൃകയിലുള്ള നൂതനനഗരങ്ങളുടേയും പ്രദേശമാണ് പുതിയ ലോകത്തിന്റെ രണ്ടാമത്തെ പകുതിയായ തെക്കേ അമേരിക്ക. ഈ ഭൂഖണ്ഡത്തിന്റെ വിസ്താരം 6,81,4000 ചതുരശ്രനാഴികയാണ്. വടക്കുഭാഗത്തിന്നാണ് ഏററവും അധികം വീതി. തെക്കോട്ടു വരുന്തോറും വീതി ക്രമേണ കുറയുന്നു. അധികം ഭാഗവും ആൾപ്പാൎപ്പില്ലാത്ത വനപ്രദേശങ്ങളാണ്. ബാക്കിയുള്ളേടത്ത് സംസ്കാരവും പരിഷ്കാരവും ചെന്നെത്തിയിട്ടുണ്ട്. വൈരുദ്ധ്യങ്ങളുടെ നാടാണ് തെക്കേ അമേരിക്ക. ലക്ഷപ്രഭുക്കന്മാരായ ഭൂവുടമകൾ മദ്ധ്യശതകങ്ങളിലെ നാടുവാഴികളെപ്പോലെ പണത്തിലും സുഖസമൃദ്ധിയിലും കിടന്നുരുളുമ്പോൾ

ഒരു ചാൺ വയർ നിറയ്ക്കാൻ വഴിയില്ലാതെ അവരുടെ കോടിക്കണക്കിനുള്ള സഹോദരന്മാർ നിത്യദാരിദ്ര്യത്തിൽ ആണ്ടുപോകുകയാണ്. വലിയ നഗരങ്ങളിൽ താമസിയ്ക്കുന്നവർ ആധുനികപരിഷ്കാരം നല്കിയ സർവ്വവിധ സുഖസൌകര്യങ്ങളും ആസ്വദിയ്ക്കുമ്പോഴും ഉൾനാട്ടുകളിൽ ജീവിയ്ക്കുന്ന ഭൂരിപക്ഷം ഗ്രാമീണരും പഴയപടി ഉപയോഗശൂന്യമായ പാരമ്പര്യങ്ങളും ആചാരങ്ങളും വെച്ചു പുലർത്തുകയാണ്.

## ലത്തീൻ അമേരിയ്ക്ക

മെക്സിക്കോ, മധ്യഅമേരിയ്ക്ക, പടിഞ്ഞാറെ ഇൻഡീസ്, തെക്കേ അമേരിയ്ക്ക—ഈ പ്രദേശങ്ങൾക്കു പൊതുവെ 'ലത്തീൻ അമേരിയ്ക്ക' എന്നാണ് പറയാറ്. അവിടത്തെ ജനങ്ങൾ ലത്തീൻ ഭാഷയിൽനിന്നുണ്ടായ സ്പാനിഷോ പോർത്തുഗീസ്സോ സംസാരിയ്ക്കുന്നു, യൂറോപ്പിലുള്ള 'ലത്തീൻ' രാജ്യങ്ങളിലെ ആചാരങ്ങളും മുറകളും നിലനിർത്തിപ്പോരുന്നു എന്നുള്ളതാണ് ഇതിന്നു കാരണം. എന്നാൽ ലത്തീൻ അമേരിയ്ക്കയിൽ വളരെയധികം ആളുകൾക്ക് ലത്തീൻ സംസ്കാരത്തെപ്പററി അറിവില്ലെന്നും അവർ വെള്ളക്കാരുടെ വരവിന്നു മുമ്പുണ്ടായിരുന്ന 'റെഡ്ഡിന്ത്യൻ' ഭാഷകൾ സംസാരിച്ചു പോരുന്നു എന്നതും പരമാർത്ഥമാണ്. അതിനാൽ ലത്തീൻ അമേരിയ്ക്ക എന്നതിന്നു പകരം 'ഇൻഡോ–അമേരിയ്ക്ക' എന്നാണ് ഈ പ്രദേശത്തിന്നു പേരിടേണ്ടതെന്നു പല വിദഗ്ദ്ധന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

## പത്തു റിപ്പബ്ളിക്കുകൾ

ലത്തീൻഅമേരിയ്ക്കയിലുള്ള ഇരുപതു റിപ്പബ്ളിക്കുകളിൽ പത്തും തെക്കെ അമേരിയ്ക്കയിലാണ്. പരസ്പരസ്പർദ്ധ, കൽക്കരിയുടെ അഭാവം, ഇടയ്ക്കിടയ്ക്കു വിപ്ലവങ്ങൾ, സാമ്പത്തികപുനരുദ്ധാരണത്തിന്നാവശ്യമായ മൂലധനത്തിൻെറ കുറവ് എന്നിവയെല്ലാം ഈ ഭൂഖണ്ഡത്തെ അലട്ടിക്കൊണ്ടിരിയ്ക്കുന്നു. തെക്കെ അമേരിയ്ക്ക

യിലെ എ. ബി. സി. ശക്തികളാണ് ആർജൻടീന, ബ്രസീൽ, ചിലി എന്നീ രാഷ്ട്രങ്ങൾ. ഈ ഭൂഖണ്ഡത്തിലെ കാലാവസ്ഥയ്ക്ക് ഒരു പ്രത്യേകതയുണ്ട്. ധാരാളം പീഠഭൂമികളുള്ള ഈ പ്രദേശത്ത് 330 അടി മുകളിലേയ്ക്കു കയറിയാൽ 1 ഡിഗ്രി ചൂട് കുറയുക യായി. ഭൂമദ്ധ്യരേഖയിൽ തന്നെ ഒരു നാഴിക ഉയരത്തിലെത്തി യാൽ ഭൂമദ്ധ്യരേഖയിൽ നിന്നു 800 നാഴികയകലെ ആണെന്നു തോന്നിയ്ക്കുന്ന തണുപ്പനുഭവപ്പെടുന്നു. ഭൂമദ്ധ്യരേഖയിൽത്തന്നെ യാണ് ഇക്വഡോർ രാജ്യത്തിൻെറ തലസ്ഥാനമായ, 9,350 അടി ഉയരമുള്ള, ക്വയറേറാനഗരം. അവിടെ ഭയങ്കരമായ തണുപ്പ് മാംസത്തെ മുറിച്ചു ശരീരത്തിൽ പ്രവേശിയ്ക്കുന്നു. നെരിപ്പോടി നടുത്തിരുന്നു തീ കായുവാനാണ്, നഗരത്തിൻെറ വിവിധഭാഗ ങ്ങൾ കാണുവാനല്ല, ഏതൊരു സന്ദർശകനും ആദ്യമായി തോന്നുക. അമെയ്സോൺ നദീതടപ്രദേശങ്ങളിൽ മഴ ചൊരിയുകയാണ്. എന്നാൽ അതേവൻകരയിലുള്ള ചില മരുഭൂമിപ്രദേശങ്ങളിൽ കൊല്ലത്തിലൊരു ദിവസം മാത്രമേ മഴ പെയ്യുന്നുള്ളൂ.

## ഏഴിൽ ഒരു ഭാഗം

ലോകത്തിൻെറ ഏഴിൽ ഒരു ഭാഗം വരുന്ന തെക്കെ അമേ രിയ്ക്കയ്ക്കു വടക്കെ അമേരിയ്ക്കയോളം തന്നെ വിസ്താരമുണ്ട്. പക്ഷേ ജനസംഖ്യ വടക്കേ അമേരിയ്ക്കയിലുള്ളതിൻെറ പകുതിയേയുള്ളൂ. തെക്കെ അമേരിയ്ക്കയുടെ തൊട്ടു തെക്കുവശം കിടക്കുന്ന ടിറ_ഡെൽ _ഫ്യൂഗൊ (അഗ്നിയുടെനാട്) ദ്വീപിൽനിന്നു 700 നാഴിക തെക്കോട്ടു മാറിയാൽ അൻടാർട്ടിക്ക ആയി. തെക്കെ അമേരിയ്ക്ക യിൽനിന്നു് ആഫ്രിയ്ക്കയിലേയ്ക്കു 1800 നാഴിക അകലമുണ്ട്. ഐക്യനാടുകളിൽ നിന്നു യൂറോപ്പിലേയ്ക്കുള്ള അകലത്തിൻെറ പകുതി. ഏററവും ജനനിബിഡമായ പ്രദേശം ഭൂഖണ്ഡത്തിൻെറ കിഴക്കുഭാഗത്താണ്. പൊതുവെ തെക്കെ അമേരിയ്ക്കയിൽ ശരാ ശരി ഒരു ചതുരശ്രനാഴികസ്ഥലത്തു 15 പേർ മാത്രമേ താമസ

മുള്ള. ജനങ്ങൾ വളരെ കുറവാണെങ്കിലും അവികസിതസമ്പ ത്തിൻെറ കലവറയാണ് തെക്കെ അമേരിയ്ക്ക. ഏതാനും കോടീ ശ്വരന്മാരെ നീക്കി നിത്തിയാൽ ജനങ്ങൾ അറുതിയില്ലാത്ത ദാരി ദ്ര്യത്തിന്നു വിധേയരാണ്. ആളോഹരി വരുമാനം 150 ഡോള റോളം (1 ഡോളർ=5ക.) വരും. ആളോഹരി വരുമാനം ഏററവും കുറഞ്ഞത് ഇക്വഡോറിലാണ് (40 ഡോളർ), ഏററവും കൂടിയത് ആർജൻടീനയിലും (345 ഡോളർ). തെക്കേ അമേരിയ്ക്കൻ സംസ്കാരത്തിൽ പല സംസ്കാരങ്ങളും അലിഞ്ഞുചേൎന്നിട്ടുണ്ട്— സ്പെയിനിലേയും പോർത്തുഗലിലേയും സംസ്കാരങ്ങൾ, ഇംഗ്ലണ്ടി ലേയും ഫ്രാൻസിലേയും നെതർലാൻഡ്സിലേയും സംസ്കാരങ്ങൾ, വെള്ളക്കാരനു മുമ്പുണ്ടായിരുന്ന റെഡിന്ത്യൻസംസ്കാരം. ടാംഗോ; റംമ്പ, കോംഗ തുടങ്ങിയ അവിടത്തെ നൃത്തങ്ങൾ ബഹുവിശേഷ മാണ്. മായർ, ആസ്തെക്കുകൾ, ഇങ്കന്മാർ തുടങ്ങിയ പൌരാ ണികവൎഗ്ഗങ്ങളുടെ സംസ്കാരങ്ങൾ ആധുനികപരിഷ്കാരത്തിൻെറ പ്രചോദനങ്ങൾക്കു വിധേയമായപ്പോൾ അവയിൽനിന്നും റിവീറ, ഒറോസ്കോ തുടങ്ങിയ പ്രസിദ്ധകലാകാരന്മാരുടെ വിശിഷ്ടകൃതി കളും, മിസ്റ്റ്റാൾ, ഡയസ്സ്, അസീസ്, അരൻഹ തുടങ്ങിയ സാഹിത്യകാരന്മാർ കെട്ടിപ്പടുത്ത 'പുതിയ സാഹിത്യവും'—അല്ല, ഒരു പുതിയ സംസ്കാരം തന്നെ—രൂപം കൊണ്ടു. ഈ പുതിയ സംസ്കാരത്തിൽ തെക്കെ അമേരിയ്ക്കയുടെ മണ്ണിൽ വേരൂന്നി കൂമ്പെ ടുത്ത പൌരാണികസംസ്കാരങ്ങളുടെ ദാർഢ്യവും ഓജസ്സും ലത്തീൻ സംസ്കാരത്തിൻെറ ലാഘവവും തേജസ്സും ചൈതന്യവും ആധുനി കലോകസംസ്കാരത്തിൻെറ പുരോഗമനാത്മകതയും ധൎമ്മബോധവും സന്തുഷ്ടിയും മനുഷ്യസ്നേഹവും ഉൾക്കൊള്ളുന്നുണ്ട്.

## ആദ്യനാവികർ

ക്രിസ്റ്റോഫോ കൊളംബോ (കൊളംബസ്സ്) ആണ് തെക്കെ അമേരിക്കയിൽ ആദ്യം കാലു കുത്തിയ വെള്ളക്കാരൻ. അന്നു

കടൽസ്സഞ്ചാരം അപകടം നിറഞ്ഞതായിരുന്നു. ചിലപ്പോരം നാവികരെല്ലാം ചീത്ത വെള്ളം കുടിയ്ക്കുന്നതുമൂലം ടൈഫോയിഡ് രോഗം പിടിപെട്ട് മരിയ്ക്കും. കപ്പൽ മാത്രമാകും ബാക്കി. നാവിക ശ്രേഷ്ഠൻ മാഗല്ലെൻ കപ്പലിൽ ലോകം ചുററിവരുവാൻ വേണ്ടി 200 നാവികരുമായി പുറപ്പെട്ടു. 18 പേർ മാത്രമേ മടങ്ങി എത്തിയുള്ളു. അനേകംപേർ സസ്യഭക്ഷണത്തിൻെറ അഭാവ ത്തിൽ 'സ്കർവി' എന്ന സുഖക്കേടു പിടിപെട്ടു മരിച്ചു. ഇതുകൊ ണ്ടെല്ലാം "കൊളംബൊവിനും മാഗല്ലെനും വാസ്കോഡിഗാ മയ്ക്കും ജയിൽജീവിതം നയിച്ച കുററവാളികളേയും ഭാവികൊല പാതകികളേയും ജോലി നഷ്ടപ്പെട്ട പോക്കററടിക്കാരേയും മാത്രമേ നാവികരായി ലഭിച്ചിരുന്നുള്ളു" എന്നത്രെ ഹെൻറീക്ക് വാൻ ലൂൺ പറയുന്നതു്. പ്രാകൃതരൂപത്തിലുള്ള കപ്പലുകളായിരുന്നു അവരുടേതു്. അനുമാനവും ദൈവവും ആയിരുന്നു അവരെ സമു ദ്രമാർഗ്ഗത്തിൽ കൂടി നയിച്ചിരുന്നതു്. ഭാഗ്യദോഷത്താൽ കൊടു ങ്കാററിൽപെട്ടു കപ്പൽ മുങ്ങിയാൽ ഏതോ കടൽക്കരയിൽ അടി യുന്ന വെളുത്ത അസ്ഥിക്കഷ്ണങ്ങളായിരിയ്ക്കും അവർ ജീവിച്ചിരി യ്ക്കുന്നില്ല എന്നു നമ്മെ അറിയിയ്ക്കുന്നതു്. ഭാഗ്യവുമായി ഒരു ചൂതുകളിയിൽ അന്നത്തെ നാവികർ വ്യാപൃതരായിരുന്നു. മരണ വുമായി അവർ യുദ്ധം ചെയ്തു. 14-ം 15-ം ശതകങ്ങളിൽ തേനും പാലും ഒഴുകിയിരുന്ന കാത്തെ (ചീന) യിലേയ്ക്കും സിങ്കാപ്പൂ (ജപ്പാൻ) വിലേയ്ക്കും ഒരു സുരക്ഷിതമായ കച്ചവടമാർഗ്ഗം കണ്ടെ ത്തുവാനായിരുന്നു പാശ്ചാത്യനാവികരുടെ ഉദ്യമം. നാവികവിദ ഗ്ദ്ധനായ ഹെൻറി രാജകുമാരൻ "പ്രെസ്റ്റർ ജോൺ" എന്നപേ രിൽ ഏതോ പൗരസ്ത്യസാമ്രാജ്യത്തിൽ ചക്രവത്തിയായി വാഴുന്ന ക്രിസ്ത്യൻ പാതിരിയെ കണ്ടുപിടിയ്ക്കുവാൻ ധാരാളം പണവും സമയവും ചിലവാക്കി. പ്രെസ്റ്റർ ജോണിനെ കണ്ടുകിട്ടിയില്ല; പുതിയ സമുദ്രമാർഗ്ഗങ്ങരം കണ്ടെത്തി. 1486-ൽ ബർത്തലോമ്യൊ ഡയസ്സ് കണ്ടെത്തിയ ആഫ്റിക്കയിലെ 'കൊടുങ്കാററമുനമ്പ്'

(സമുദ്രക്ഷോഭം മൂലം അതിന്നപ്പുറം പോകാൻ അയാൾക്ക കഴി ഞ്ഞില്ല) 'സുപ്രതീക്ഷാമുനമ്പായി' (ആ വഴിയ്ക്കു കിഴക്കോട്ടു മാറ്റ്ഗ മുണ്ടെന്നു കണ്ടപ്പോൾ) പരിണമിച്ചു.

## കൊളംബസ്

കമ്പിളിക്കച്ചവടക്കാരൻെറ പുത്രനായ കൊളംബോ പാവിയാ സർവ്വകലാശാലയിൽനിന്നും പഠിച്ച ഗണിതശാസ്ത്രവും ജ്യാമിതിയും മറന്നില്ല. അയാൾ 1492 ഏപ്രിൽമാസത്തിൽ സ്പെയിൻ രാജാവും രാജ്ഞിയുമായി ഒരു ഉടമ്പടിയിൽ ഒപ്പുവെച്ച്, ആഗസ്റ്റ് 3-ാം തീയതി പലോസ് തുറമുഖത്തുനിന്നും 3 കപ്പലുക ളിൽ ഭക്ഷണസാധനങ്ങളും 88 നാവികരേയും കയററി, യാത്ര തിരിച്ചു. 1493 ഏപ്രിൽ 4-ാംതീയതി കര കണ്ടെത്തി. അതു് ഇൻഡീസ് ആണെന്നുറച്ചു്, 44 നാവികരെ ലാ-നാവിഡാഡ് കോട്ടയിൽ താമസിപ്പിച്ചു്, തെളിവിന്നു വേണ്ടി ഏതാനും റെഡ്ഡി (ചുവന്ന) ന്ത്യരെ കപ്പലിൽ കയററി, അദ്ദേഹം മടങ്ങി. വഴിയ്ക്കു് അസോറസ്സിൽ ഇറങ്ങിയപ്പോൾ പോർത്തുഗീസുകാർ അയാളെ തടങ്കലിലാക്കുവാൻ ശ്രമിച്ചെങ്കിലും രക്ഷപ്പെട്ടു. കൊളംബോ പാലോസിലെത്തി, ബാർസിലോണ നഗരത്തിൽ ചെന്നു രാജാവിനേയും രാജ്ഞിയേയും താൻ ഇൻഡീസു കണ്ടുപി ടിച്ചെന്നും കാത്തേയിലും സിങ്കാപ്പൂവിലും ഉള്ള സ്വർണ്ണവും വെള്ളിയും സ്പാനിഷ്രാജാവിൻേറതും രാജ്ഞിയുടേതും ആയിരിയ്ക്കും എന്നും അറിയിച്ചു. അദ്ദേഹം അറിഞ്ഞില്ല, തനിയ്ക്കു തെററുപ ററിയെന്നു്. തൻെറ മൂന്നാമത്തെ സഞ്ചാരത്തിൽ അദ്ദേഹം തെക്കെ അമേരിയ്ക്കയിലെ ഓറിനോക്കോനദീമുഖത്തെത്തി. നാലാ മത്തെ സഞ്ചാരാന്ത്യത്തിൽ തെക്കെ അമേരിയ്ക്ക കണ്ടെത്തി. കിഴ വനായിക്കഴിഞ്ഞിരുന്ന അദ്ദേഹത്തിന്നു തൻെറ കണ്ടുപിടുത്തത്തെ സംബന്ധിച്ച് എന്തോ പിശകു പററിയിട്ടുണ്ടെന്നു ബോദ്ധ്യപ്പെ ട്ടെങ്കിലും, അദ്ദേഹം തെററു സമ്മതിയ്ക്കുകയുണ്ടായില്ല. ഹോൺ

ഡ്യൂരാസ് മുനമ്പു വഴി കൊളംബൊ ഡാരിയനിൽ വന്നു. കൊളംബോയുടെ നാമധേയമാണ് ഇന്നീ പ്രദേശത്തിന്ന്— കൊളംബിയ. 1499–ൽ അൽഫോൺസൊ ഹജീഡ കൊളംബിയയിലെ ലാവാല മുനമ്പിലെത്തി. 1500_നും 1502_നും മദ്ധ്യേ റൊഡ്റിഗൊ ബാസ്റ്റിഡാസും ജവാൻ_ഡി_ലാ–കോസോയും കരീബിയൻ കടൽവഴി പനാമയിലെത്തി. വിൻസൻറ് പിൻസൺ ബ്രസീൽ കടൽക്കരയിലിറങ്ങി. 1500–ൽ തന്നെ പോർത്തുഗീസ് നാവികവിദഗ്ദ്ധൻ പീഡ്രോ കബ്രാം ബ്രസീൽ പോർച്ചുഗലിൻെറ പേരിൽ അവകാശപ്പെട്ടു. 1513_ൽ വാസ്കോ ബിൽബോവ മദ്ധ്യഅമേരിക്കയിലേയും പനാമയിലേയും കാട്ടുകളിൽ കൂടി അപരിഷ്കൃതവർഗ്ഗക്കാരുമായി പട വെട്ടി പടിഞ്ഞാട്ടു നീങ്ങി, ശാന്തസമുദ്രം കണ്ടെത്തി. അതിനു മുമ്പുതന്നെ മാഗല്ലൻ വൻകരയുടെ തെക്കേഭാഗത്തുകൂടി യാദൃച്ഛികമായി ക്ഷോഭരഹിതമായ ശാന്തസമുദ്രം കണ്ടെത്തിയിരുന്നു. അതോടെ യൂറോപ്പിൽ നിന്നും തെക്കെ അമേരിക്കയിലേക്കുള്ള വഴി തെളിഞ്ഞു.

## പങ്കുവെയ്ക്കൽ

വടക്കേ അമേരിക്കയിൽ കുടിയേറിപ്പാർക്കലായിരുന്നു ആദ്യം; പിന്നീട് സൈനികശക്തി ഉപയോഗിച്ചു നാട്ടുപിടിയ്ക്കലും തെക്കെ അമേരിക്കയിൽ സൈനികാക്രമണമായിരുന്നു ആദ്യം, പിന്നീട്ട കുടിയേറിപ്പാർക്കലും. കൊളംബോയുടെ വരവിന്ന് 40 വർഷങ്ങൾക്കകം സ്പെയിൻകാരും പോർത്തുഗീസുകാരും തെക്കെ അമേരിക്കയിൽ എല്ലാ ഭാഗത്തും എത്തി. 1534_ൽ ബനാൽകസാർ ഇക്വഡോർ ആക്രമിച്ചു, കെസീഡ കൊളംബിയയും. പീഡ്രൊ മെൻഡോസ പ്ലാററാനദീതടം കവർന്നെടുത്തു കുടിയേറിപ്പാർത്തു. അഞ്ചു കൊല്ലത്തിന്നുശേഷം മാർട്ടിനസ് ഇരാള പരാഗ്വെ കൈവശമാക്കി. 1541–ൽ ഫ്റാൻസിസ്കൊ ഓറല്ലാന പടിഞ്ഞാറുനിന്ന് ആൻഡീസ് പർവ്വതം കടന്ന് അമേയ്സോൺനദി

യുടെ ഉത്ഭവംമുതൽ നദീമുഖംവരെ സഞ്ചരിച്ചു. പോർത്തുഗീസുകാരും തീരെ പുറകിലല്ലായിരുന്നു. ബ്രസീൽ അവരുടെ കൈകളിൽ ഒതുങ്ങി. 1800 ഒരു പുതിയനൂററാണ്ടു തുറന്നപ്പോൾ സ്പെയിൻകാരും പോർത്തുഗീസുകാരും തെക്കേ അമേരിക്കയുടെ എല്ലാഭാഗവും അവകാശപ്പെട്ടു കഴിഞ്ഞിരുന്നു.

തക്കങ്ങളും വഴക്കുകളും കൊടുമ്പിരിക്കൊണ്ടപ്പോൾ മാപ്പാപ്പ അലക്സാൻഡർ ആറാമൻ ഇടപെട്ടു, തെക്കെ അമേരിക്ക സ്പെയിനിന്നും പോർച്ചുഗലിന്നും പങ്കുവെച്ചു കൊടുക്കുവാൻ. അതത്ര ഫലപ്രദമായില്ല. സ്പെയിൻകാർ പട്ടണങ്ങളും സർവ്വകലാശാലകളും സന്യാസാശ്രമങ്ങളും സ്ഥാപിച്ചു. മാത്രമല്ല "അവർ കൊള്ള ചെയ്തു, നശിപ്പിച്ചു, ഭരിച്ചു, പ്രാർത്ഥിച്ചു." പിന്നത്തെ 300 കൊല്ലക്കാലം (1521–1821) വൻകര ഭരിയ്ക്കുവാൻ സ്പെയിൻ ഭരണാധിപന്മാരെ അയച്ചു. സ്പെയിനിൽ ജനിച്ച സ്പെയിൻകാർ അഥവാ 'ഗാക്കപ്പൈൻ'കാർ ഭരിച്ചു. തെക്കേ അമേരിക്കയിൽ ജനിച്ച സ്പെയിൻകാർ അഥവാ 'ക്രിയോളു'കൾ—അവരാണു കച്ചവടക്കാർ, ഭൂവുടമകൾ, ബുദ്ധിജീവികൾ—ആ ഭരണത്തെ ശിരസാ വഹിച്ചു. കൂടാതെ സ്പെയിൻകാർക്കു നാടൻ സ്ത്രീകളിൽ ധാരാളം കുട്ടികളുണ്ടാകുവാൻ തുടങ്ങി—മെററിസോകൾ. അവർ ഗാക്കപ്പൈൻകാർ പറയുന്നതെല്ലാം കേട്ടും ചെയ്തും ജീവിച്ചു. സ്പാനിഷ് ഭരണാധിപന്മാർ ക്രൂരന്മാരായിരുന്നു. സേ്വച്ഛാധിപത്യമായിരുന്നു അവരുടേതു്. അവർ വിദ്യാഭ്യാസത്തെ ഞെക്കി ഞെരുക്കി, സ്വാതന്ത്ര്യേച്ഛയെ ശ്വാസം മുട്ടിച്ചു, അനുസരണമില്ലാത്തവരെ തടങ്കലിലാക്കി. പക്ഷേ സാമ്രാജ്യത്വവാഴ്ച എവിടേയും അധികകാലം നിലനില്ക്കില്ല! തെക്കേ അമേരിക്കയിലും അതു നിലനിന്നില്ല.

## ഭൂപ്രകൃതി

തെക്കെ അമേരിയ്ക്കയുടെ അധികഭാഗവും ഉഷ്ണമേഖലയിലാണ്. തെക്കോട്ടു പോകുംതോറും ഉഷ്ണം കുറഞ്ഞും തണുപ്പ്

കൂടിയും വരുന്നു. തെക്കെ അററത്തു തെക്കെ അമേരിയ്ക്ക ഒരു വാലുപോലെ സ്വല്പംവളഞ്ഞു "കൊമ്പുമുനമ്പിൽ" (Cape Horn) എത്തുന്നു. ഇവിടെ ശൈത്യത്തിന്നു കാററിന്നുമുണ്ട്. അൻടാർട്ടിക്ക് ഒഴിച്ചാൽ, തെക്കെ അമേരിയ്ക്കയെപ്പോലെ ദക്ഷിണധ്രുവത്തോടടുപ്പമുള്ള മറെറാരു വൻകര ഇല്ലതന്നെ. 15,632 നാഴിക നീളമുണ്ട് തെക്കെ അമേരിയ്ക്കൻ കടൽത്തീരത്തിന്നു്. പലേടത്തും കരമുറിച്ചു കടൽ അകത്തേയ്ക്കുകയറിക്കിടപ്പുണ്ട്. അതുകൊണ്ട് പല പ്രധാന സ്വാഭാവിക തുറമുഖങ്ങളും ഇവിടെ ഉണ്ടാകുവാനിടയായി: വാം പറയ്സോ, കാട്ടജനൊ, ബ്യൂനൊ അയേർസ്, മോണ്ടിവിഡിയൊ, സാവൊപൗലൊ (ബ്രസീൽ), കല്ലാവൊ (പെറു), ഗ്വായാ ക്വിൽ (ഇക്വഡോർ), ബ്യൂന വെൻട്യൂറ, ബാരൻക്വില്ല (കൊളംബിയ), ലാഗൈയിറ (വെനിസ്യൂല) എന്നിവയാണ് പ്രധാന തുറമുഖങ്ങൾ. തെക്കെ അമേരിക്കയ്ക്കടുത്ത് ദ്വീപുകളും കുറവല്ല. വടക്കേ കടൽ തീരത്തിന്നപ്പുറം കിടക്കുന്ന ട്രിനിഡാഡ്, തെക്കെ അററവും കഴിഞ്ഞു് മാഗല്ലൻ കടലിടുക്കിന്നപ്പുറമുള്ള ടിറാ–ഡെൽ–ഫ്യൂഗോ, തെക്കെ അററത്തുനിന്നും കിഴക്കോട്ടു മാറിക്കിടക്കുന്ന ഫാക്ക്ലാൻഡ്സ്, ഭൂമധ്യരേഖയിൽത്തന്നെ പടിഞ്ഞാട്ടു മാറിക്കിടക്കുന്ന ഗാലപ്പഗോസ്, പടിഞ്ഞാറെ തീരത്തിൻെറ തെക്കു ഭാഗത്തു് ഏതാണ്ട് ഒരു ചങ്ങലയുടെ രൂപത്തിൽ കിടക്കുന്ന ദ്വീപുകൾ (ഭൂഗർഭശാസ്ത്രജ്ഞന്മാർപറയുന്നതു് താഴ്ന്നുപോയ പർവ്വതനിരയുടെ കൊടുമുടികളാണ് ഈ ദ്വീപുകൾ എന്നത്രേ), അമേയ്സോൺ നദീമുഖത്തു ഡെന്മാക്കിനോളം വലുപ്പത്തിൽ സ്ഥിതിചെയ്യുന്ന മരാജോ എന്നിവയാണ് പ്രധാന ദ്വീപുകൾ.

## മനംകവരുന്ന കാഴ്ച

വടക്കേ അമേരിക്കയിലെ റോക്കീസ് പർവ്വതനിരപോലെ തന്നെ, തെക്കേ അമേരിയ്ക്കയിൽ ആൻഡീസ് (ആൻഡിയൻ കോർഡില്ലറ) പർവ്വതനിര പടിഞ്ഞാറെ ഭാഗത്തുകൂടി തെക്കോട്ടു

പായുന്നു. തെക്കേ അമേരിക്കയുടെ നട്ടെല്ലായ ഈ പവ്വ്തനിരയെ ഉയരത്തിൽ കവച്ചുവെയ്ക്കുവാൻ ഹിമാലയത്തിന്നു മാത്രമേ കഴിവുള്ളു. ഈ പവ്വ്തനിരയുടെ പ്രധാന കൊടുമുടികഠം ചിലിയിലെ 22,834 അടി പൊക്കമുള്ള അക്കൺകാഗ്വ, ആർജൻടീനയിലെ 22,573 അടി പൊക്കമുള്ള ഓജോസ്_ഡെൽ–സലാഡൊ, 22,273 അടി പൊക്കമുള്ള ഫാഠംസൊ അസ്റ്റഫ്റി എന്നിവയാണു്. ചില സ്ഥലങ്ങളിൽ ആൻഡീസ് നിര കയ്യിൽനിന്നു കൈവിരലുകഠം എന്ന കണക്കെ പല ശാഖകളായി തിരിയുന്നു. ശാഖകഠംക്ക മദ്ധ്യത്തിൽ കൊളംബിയയിലും വെനിസ്യൂലയിലും കാണുന്നപോലെ വളരെ താഴ്ച്ചയുള്ള മനോഹരമായ താഴ്വരകഠം പ്രത്യക്ഷപ്പെടുന്നു. മനംകവരുന്ന കാഴ്ച്ച! അതിലും വിശേഷമാണു് പവ്വ്തശിഖരങ്ങളിൽ പരന്നു കിടക്കുന്ന മൈതാനങ്ങഠം. അഗ്നിപവ്വ്തങ്ങളും കുറവല്ല. ഇക്വഡോറിലെ 20,702 അടി ഉയരമുള്ള ചിംബറോസ അഗ്നിപവ്വ്തം അതിന്റെ പിളന്ന വായയിൽക്കൂടി തീ തുപ്പിക്കൊണ്ടിരിക്കുന്നു. ഏററവും ഉയരം കൂടിയ അഗ്നിപവ്വ്തമാണതു്. കൊടുമുടികളുടെ ഇടയിൽ ചില നല്ല തടാകങ്ങഠം കടൽപ്പരപ്പിൽനിന്നു അനേകായിരം അടി ഉയരത്തിൽ ഒളിഞ്ഞു കിടപ്പുണ്ടെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. ഇവിടത്തെ പ്രകൃതിയുടെ വൈവിധ്യവും മനോഹാരിതയും ഏതു സഹൃദയനെയാണു് പുളകംകൊള്ളിക്കാത്തതു്!

## കൃഷി

100 നാഴികയിൽ കൂടുതൽ വീതിയില്ലാത്ത സമതലപ്രദേശം ശാന്തസമുദ്രത്തിന്റേയും ആൻഡീസ് നിരയുടേയും മദ്ധ്യത്തിൽ കൂടി ഏതാണ്ടു് 4000 നാഴിക നീണ്ടുകിടക്കുന്നു. പേമാരി കോരിച്ചൊരിയുന്നതുകൊണ്ടു് ഭീകരവനങ്ങളുള്ള ഈ പ്രദേശത്തിന്റെ രണ്ടററവും ജനവാസയോഗ്യമല്ല. മദ്ധ്യപ്രദേശത്തു് ധാരാളം ആളുകഠം താമസിയ്ക്കുന്നു. നദികഠം അധികമുള്ളതിനാൽ നല്ല

ഫലപുഷ്ടിയുണ്ട് ഈ ഭാഗത്തു്. ഖനികളും കുറച്ചൊന്നുമല്ല. കിഴക്കു ഭാഗത്താണ് വൃക്ഷങ്ങളില്ലാത്ത 'പാമ്പാസ്'' മൈതാനങ്ങരം. ആർജൻടീനയിലെ മൈതാനങ്ങരംക്കു യൂറോപ്പിലുള്ള എല്ലാ രാജ്യങ്ങളേയും ഉള്ളടക്കുവാനുള്ള വിസ്താരമുണ്ട്. മൈതാനപ്രദേശങ്ങളുള്ള ബ്രസീൽ രാജ്യം ഐക്യനാടുകളെക്കാളും വലുതാണ്, യൂറോപ്പിനോളം തന്നെയില്ലെന്നു മാത്രം. വേട്ടയ്ക്കും റബ്ബർ കൃഷിയ്ക്കും പററിയ അമെയ്സോൺ പ്രദേശം വനനിബിഡമാണ്. വെള്ളക്കാരനാൽ അടിച്ചമർത്തപ്പെടാത്ത പല റെഡ്ഇന്ത്യൻ അപരിഷ്കൃതവർഗ്ഗക്കാരും അവിടെ താമസമുണ്ട്. ലാമാസ് സമതലപ്രദേശം അമേയ്സോൺ നദീതടത്തിനും ഗിയാനാ പീഠഭൂമിയ്ക്കും മദ്ധ്യേകിടക്കുന്നു—കന്നുകാലിവളർത്തലിന്നു് അനുയോജ്യമായ സ്ഥലം തന്നെ. ഗിയാനാ പീഠഭൂമി ഫലഭൂയിഷ്ടമല്ല. ബ്രസീലിയൻ കാമ്പോസ്, അഥവാ പുൽമൈതാനങ്ങരം, അധികം ആരം പാപ്പില്ലാത്തതാണ്. അമേയ്സോൺ നദീതടത്തിന്നു തെക്കുഭാഗം വളമുള്ള പ്രദേശമായതുകൊണ്ട് ഭക്ഷണോല്പാദനവും കന്നുകാലിവളർത്തലുമാണിവിടെ മുഖ്യതൊഴിൽ. കിഴക്കെ കടൽത്തീരപ്രദേശം ജനനിബിഡമാണ്. കാപ്പി, കൊക്കോ, കരിമ്പ്, പരുത്തി, മധുരനാരങ്ങ തുടങ്ങിയവ ധാരാളമായി അവിടെ കൃഷിചെയ്തുവരുന്നു.

## നദികരം

ഇരുഭാഗത്തേയ്ക്കും ഇരുനൂറോളം ഉപനദികളെ അയയ്ക്കുന്ന ലോകത്തിലെ ഏററവും വലിയ നദിയായ അമേയ്സോൺ 3000 നാഴിക ദൂരം വേഗത്തിലൊഴുകി അതിലുള്ള വെള്ളം അത്ലാന്തിക്ക് സമുദ്രത്തിൽ നിക്ഷേപിക്കുന്നു. നദീമുഖം വളരെ അധികം വീതിയുള്ളതാണ്. സമുദ്രത്തിൽനിന്നും നദീമുഖത്തേയ്ക്കുടുക്കുന്ന കപ്പലുകളിലുള്ള നാവികർ കരകാണാറായില്ലെങ്കിലും ബക്കററുകളിറക്കി നല്ല വെള്ളം കോരിക്കുടിക്കുന്നു. കപ്പൽ

മുങ്ങി രക്ഷപ്പെടുവാൻ വെള്ളത്തിലേയ്ക്കു ചാടിയ വളരെയധികം നാവികർ ശുദ്ധജലമല്ല അവിടെയെന്നു കരുതി വെള്ളം കുടിയ്ക്കാതെ ദാഹിച്ചു മരണമടഞ്ഞിട്ടുണ്ടത്രേ. തെക്കെ അമേരിക്കയുടെ മൂന്നിലൊരു ഭാഗം മുഴുവനും ഫലഭൂയിഷ്ഠമാക്കുന്ന അമേയ്സോൺ കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്നതു് റിയൊ–ഡി–ലാപ്ലാററാ നദിയാണ്. പരാണ, പരാഗ്വെ, ഉറുഗ്വെ എന്നീ നദികൾ പ്ലാററാനദിയിൽ ചേർന്നു് തെക്കുഭാഗത്തുള്ള മൈതാനങ്ങൾക്കു ഫലപുഷ്ടിയുണ്ടാക്കുന്നു. ഓറിനോക്കോ, മഗ്ദലേന, ഗ്വയാസ്, സായൊ ഫ്റാൻസിസ്കൊ എന്നിവയാണ് മററു നദികൾ. വളരെ ഉയർന്ന ആൻഡീസ്ഡ്പീഠഭൂമിയിലാണ് ടിററിക്കാകതടാകം. ലഗോവ–ദോസ്–പാത്തോസ് എന്ന ബ്രസീലിയൻതടാകത്തിന്നു് 124 നാഴിക നീളവും 37 നാഴിക വീതിയുമുണ്ട്. ആർജൻടീനയുടേയും ചിലിയുടേയും തെക്കുവശത്തായി 'അമേരിക്കയിലെ സ്വിററ്സർലൻഡ്' എന്നു കീർത്തി കേട്ട തടാകപ്രദേശമുണ്ട്. തികഞ്ഞ ടൂറിസ്റ്റ് കേന്ദ്രമാണീപ്രദേശം. പർവ്വതാഗ്രങ്ങളിൽനിന്നു പുറപ്പെട്ടു് ഘോരവനങ്ങളിൽക്കൂടി, ചെറിയ പ്രതിബന്ധങ്ങളെ തൃണവല്ഗണിച്ചു്, തുള്ളിച്ചാടി മർമ്മരശബ്ദത്തോടെ വളഞ്ഞു പുളഞ്ഞൊഴുകി പാറക്കെട്ടുകളിൽ തട്ടിത്തടഞ്ഞു പൊട്ടന്നനെ താഴ്വരകളിലേക്കു നദികൾ ചാടുന്ന കാഴ്ച, സൌന്ദര്യബോധമുള്ള ഒരു വ്യക്തിക്കും മറക്കാവുന്നതല്ല. വെനിസ്യൂലയിലെ 5500 അടി ഉയരമുള്ള എയിഞ്ചൽ വെള്ളച്ചാട്ടം ബ്രിട്ടീഷ് ഗിയാനയിലെ ക്യൂക്കിനാം (2000 അടി) റൊറെയ്മ (2000 അടി) വെള്ളച്ചാട്ടങ്ങൾ എന്നിവ സുപ്രസിദ്ധങ്ങളാണ്. ഗോതമ്പുവയലുകളും മേയുന്ന കന്നുകാലിക്കൂട്ടങ്ങളും പീഠഭൂമികളിൽ കാണാം. അല്പം താഴെയായി കാപ്പിത്തോട്ടങ്ങൾ, പൈനാപ്പിറംതോട്ടങ്ങൾ, ചുവന്ന മധുരനാരങ്ങ ആയിരക്കണക്കിന്നു തൂങ്ങിക്കിടക്കുന്ന തോപ്പുകൾ. താഴ്വരപ്രദേശത്തേക്കു വരുമ്പോൾ പുകയിലയും കരിമ്പുമാണ് പ്രധാനകൃഷി.

## പ്രത്യേകതരം മൃഗങ്ങൾ

ആഫ്റിക്കയിലെന്നപോലെത്തന്നെ പല പ്രത്യേകതരം മൃഗങ്ങളുമുണ്ട് തെക്കെ അമേരിക്കയിൽ: വാമ്പയർ കടവാതിലുകൾ, സ്ലോത്തുകൾ, എറുമ്പുതീനികൾ (Aut-eaters), ആർമഡില്ലോകൾ. ഇവക്കൊന്നും പല്ലില്ല സ്ലോത്ത്: വാലും ചെവിയും കാണാനില്ല. തുറിച്ച നില്ക്കാത്ത മൂക്ക്, നീണ്ട് കരുത്തുള്ള തവിട്ടുനിറരോമം, ചെറിയ ശരീരം. ഇലയാണ് ഭക്ഷണം. മരത്തിൻെറ മുകളിലാണ് താമസം. നീണ്ട് വളഞ്ഞു കൂത്ത നഖങ്ങളുപയോഗിച്ച് തല കീഴായിട്ടാണ് വൃക്ഷശാഖകളിൽകൂടിയുള്ള സഞ്ചാരം. മടിയനാണ്. പകലുറക്കമൊണ് മൂപ്പക്ക്. തലകീഴായി ഉറങ്ങിക്കിടക്കുന്നതു കണ്ടാൽ വൃക്ഷശാഖയാണെന്നേ തോന്നൂ. എറുമ്പു തീനി: 7 അടി നീളം, 75 റാത്തൽ കനം, ദേഹം മുഴുവനും പരുപരുത്ത നീണ്ട രോമം, രണ്ടടി പൊക്കം, ധാരാളമുള്ള വാൽ, വളരെ നീണ്ടകൂത്ത മുഖം. എറുമ്പിൻെറ കൂട്ട കണ്ടാൽ അതു നഖങ്ങൾകൊണ്ടുമാന്തി വലുതാക്കി ഒരടിയിൽ കൂടുതൽ നീളമുള്ള ചുവന്ന നാക്ക് കൂട്ടിന്നകത്തേക്കിടുന്നു. നാക്കിന്മേൽ പശയുള്ളതിനാൽ എറുമ്പുകൾ നാക്കിൽ ഒട്ടിപ്പോകുന്നു. ഇവയാണ് ഈ വിദ്വാൻെറ ഭക്ഷണം. ഉറങ്ങുമ്പോൾ വാലുകൊണ്ട് ദേഹം നന്നായി മറച്ചിരിക്കും. ആർമ്മഡില്ലൊ: രണ്ടടി നീളം, 15 റാത്തൽ കനം, കടിക്കാൻ പല്ലില്ല, പ്രാണികളും അട്ടകളും ഞാഞ്ഞൂളും മററുമാണ് ഭക്ഷണം. നക്കിത്തീററയാണ്. ദേഹം മുഴുവനും ആമയുടെ ഓട്ടപോലുള്ള ഓട്ടകഷണങ്ങൾകൊണ്ടു മറച്ചിരിക്കുകയാണ്. ആവശ്യം വന്നാൽ കാലും കയ്യും തലയും അകത്തേക്കു വലിച്ച് ഒരു കനമുള്ള പന്തിൻെറ രൂപം കൈക്കൊള്ളുന്നു. വെള്ളത്തിന്നടിയിൽകൂടി കുറച്ചധികം സമയം നടന്ന് മറുകരയിലെത്തുവാൻ പ്രയാസമില്ല. ഒളിക്കേണ്ടിവന്നാൽ ധൃതഗതിയിൽ മണ്ണു മാന്തി കുഴിയുണ്ടാക്കി ഒളിച്ചിരിക്കും. പെൺ ആർമ്മഡില്ലൊ ഒരു പ്രസവത്തിൽ നാലു ശിശുക്കൾക്കു ജന്മം നൽ

കുന്നു. മനുഷ്യർ അതിനെ കൊന്നു് ഓടുകളെടുത്തു് കൌതുകവസ്തുക്കളുണ്ടാക്കി വില്ക്കാറുണ്ടു്. വനരാജാവു് ജാഗ്വർ (ഒരുതരം പുലിതന്നെ) ആണു്. ആറേഴടി നീളം, വളയംപോലെ ഇരുണ്ട പുള്ളികളുള്ള കടും മഞ്ഞശ്ശരീരം. ഒരു ചാട്ടത്തിന്നു ചെറിയ മൃഗങ്ങളെ പിടിക്കുന്നു. മനുഷ്യനെ ഭയമാണു്. ശക്തിമാനാണു്. ഗർജ്ജനമാണു് കൂടുതൽ ഭയാനകം. നിറപ്പകിട്ടും ഭംഗിയുമുള്ള ഫ്ളമിംഗൊ, ടൗക്കൻ, എഗ്രററ് തുടങ്ങിയ പക്ഷികൾ ധാരാളമുണ്ടു്. പലതരം വർണ്ണങ്ങളുള്ള തത്തകളും പാട്ടു പാടുന്ന പക്ഷികളുമുണ്ടു്. വളരെ വലിയ ചീങ്കണ്ണികളും അനാക്കോണ്ട, ബോ കൺസ്റ്റ്റിക്ടർ തുടങ്ങിയ പാമ്പുകളും സുലഭമാണു്. അനാക്കോണ്ട: ഇഴയുകയല്ല, നേർവഴിക്ക വാരിയെല്ലുകൾ എടുത്തെടുത്തുവെച്ചു് നീങ്ങുകയാണു്. 30 അടി നീളം. വെള്ളത്തിൽ നന്നായി നീന്തും. ഇരുണ്ട കടുംപച്ച നിറം. കറുത്ത വളയങ്ങളുണ്ടു് ദേഹത്തിൽ. മുട്ടയിടുകയല്ല, പെററുപെരുകുകയാണു്. ചെറുമൃഗങ്ങളെ ഭക്ഷിയ്ക്കുന്നു. ഇരയെ പിടിച്ചാൽ പാമ്പു് അതിന്നു ചുററും തെരികപോലെ വളഞ്ഞു വളഞ്ഞു് ഇരയെ ഒരു ഞെക്കു്. ഇര ചാകുന്നു. ചത്ത ഇരയെ വിഴുങ്ങുന്നു. കടിക്കും, നായ കടിക്കുന്ന പോലെ. വിഷമില്ല. ഒരു വലിയ പാമ്പിനെ കൊന്നാൽ ആറാളുകൾ വേണം അതിനെ ചുമന്നു കൊണ്ടുപോകാൻ. ബോ കൺസ്റ്റ്റിക്ടർ: 10 തൊട്ടു് 14 അടി വരെ നീളം. ഇരയെ കൊല്ലുന്ന വിധം മേല്പറഞ്ഞതുതന്നെ. വായയേക്കാളും വലിയ ഇരയെ വിഴുങ്ങും. ദേഷ്യം വന്നാൽ കടിക്കില്ല, തലയും ദേഹവും പുറകോട്ടമർത്തി മുമ്പോട്ടു് ആഞ്ഞൊരടി! അനേകം ദിവസങ്ങൾ പട്ടിണി കിടക്കും. പെൺ പാമ്പു് അമ്പതു ശിശുക്കളെ ഒരേ സമയം പ്രസവിക്കുന്നു. ഗ്വാനാകോ, കാവി, പ്യൂമ, കോയ്പു, ചിൻചില്ല, വിക്യൂണ, കാപ്പിബാറ, കണ്ണട വെച്ച കരടി (Spectacled bear), ഒപ്പോസം, സാകിക്കുരങ്ങു്, കപ്പൂച്ചിൻ

കുരങ്ങ്, കൂക്കി വിളിക്കുന്ന കുരങ്ങ്—ഇവയെല്ലാം തെക്കെ അമേരിക്കയിലെ മൃഗങ്ങളാണ്.

## വിഭവങ്ങൾ

ഖനിജവിഭവങ്ങൾക്കു പേരെടുത്തതാണ് തെക്കെ അമേരിക്ക. പെട്രോസി വെള്ളിഖനികൾ 250 കോടി ഡോളറിന്നുള്ള ലോഹം ഉല്പാദിപ്പിച്ചു കഴിഞ്ഞു. ബ്രസീലിലെ സ്വർണ്ണഖനികളിൽ നിന്നു് കൊല്ലത്തിൽ 20 ലക്ഷം ഡോളറിന്നുള്ള സ്വർണ്ണം ലഭിക്കുന്നു. ശാന്തസമുദ്രതീരത്തുള്ള മരുഭൂമിയിൽ നിന്നു് ചെമ്പ്, ടിൻ, പ്ലാററിനം, ഇരുമ്പ്, നൈട്രേററുകൾ എന്നിവ ലഭിക്കുന്നു. വെനിസ്വേല, കൊളംബിയ, ആർജൻടീന, പെറു എന്നിവിടങ്ങളിൽ എണ്ണഖനികൾ ധാരാളമുണ്ട്. പെറു വനേഡിയവും, ബൊളീവിയ ടൻഗ്സ്റ്റണും, ആൻറിമണിയും, ചിലി നൈട്രേററുകളും, പരാഗ്വേ മാംഗനീസും, ബ്രസീൽ ക്രോമൈററും ടാൻടലൈററും, കൊളംബിയ കല്ക്കരിയും രത്നങ്ങളും ഉല്പാദിപ്പിക്കുന്നു.

13 രാജ്യങ്ങൾ—കൊളംബിയ, വെനിസ്വേല, ബ്രിട്ടീഷ് ഗിയാന, സുരിണാം (ഡച്ച് ഗിയാന), ഫ്രഞ്ച്ഗിയാന, ഇക്വഡോർ, പെറു, ബ്രസീൽ, ബൊളിവിയ, പരാഗ്വേ, ഉറുഗ്വേ, ചിലി, ആർജൻടീന,—കൂടിയതാണ് തെക്കെ അമേരിക്ക. ജനസംഖ്യ: 11. 1 കോടി. ഏതാനും ദ്വീപുകളും ബ്രിട്ടീഷ്ഗിയാനയും ഫ്റഞ്ച്ഗിയാനയും ഡച്ച്ഗിയാനയും മാത്രമേ യൂറോപ്യൻ കൊളോണിയൽ ശക്തികളുടെ കൈവശമുള്ളു. മററുള്ളതെല്ലാം റിപ്പബ്ളിക്കുകളാണ്. അവയും മററു ലത്തീൻ അമേരിക്കൻ രാജ്യങ്ങളും ഐക്യനാടുകളും ചേർന്നാണ് പാൻ—അമേരിക്കൻ യൂണിയൻ സ്ഥാപിച്ചിരിക്കുന്നതു്. ഏററവും പുരോഗമിച്ച രാജ്യമാണ് ഉറുഗ്വേ. ഏററവും പിന്നണിയിലാണ് പരാഗ്വേ. രണ്ടും നൂറു നാഴികക്കുള്ളിലാണ്. വെനിസ്വേല,

കൊളംബിയ, ഇക്വഡോർ എന്നീ മൂന്നു് രാജ്യങ്ങളേയും പ്രകൃതി ഒരുമിപ്പിച്ചിരിക്കുകയാണ്. "വെനിസ്വേല ഒരു സൈനികത്താവളമായി, കൊളംബിയ ഒരു സർവ്വകലാശാലയായി ഇക്വഡോർ ഒരു സന്യാസാശ്രമമായി എന്നതാണ് കഥ" എന്നത്രെ ജോൺ ഗന്തർ പറയുന്നതു്. പെറു സൈനിക സ്വേച്ഛാഭരണത്തിൽനിന്നു ലിബറൽഭരണവ്യവസ്ഥയിലേക്കു് നീങ്ങുകയാണ്. ടിൻപ്രഭുക്കന്മാരും സൈനികനേതാക്കന്മാരുമായ പ്രസിഡണ്ടുമാർ ബൊളീവിയയും ചിലിയും ഭരിക്കുന്നു. കോടീശ്വരന്മാരും ഭ്രുവുടമകളും അണി നിരന്നു പ്രസിഡണ്ടു് പെറോണ് ശക്തി നല്കുന്നു. അദ്ദേഹം ആർജൻടീന ഭരിക്കുന്നു. പെറോൺ ഇന്നു കത്തോലിക്കസഭയുമായുള്ള ഒരു മൽപ്പിടുത്തത്തിൽ വ്യാപൃതനാണ്. അവികസിതവിഭവങ്ങളുടെ രാജ്യമായ ബ്രസീൽ ഇന്നു് മറെറാരു പ്രസിഡണ്ടിൻെറ സ്വേച്ഛാധികാരത്തിന്നു വിധേയമാണ്. മററു റിപ്പബ്ളിക്കുകൾ സ്വേച്ഛാഭരണത്തിൻേറയും ജനകീയ ഭരണത്തിൻേറയും മധ്യത്തിൽ കിടന്നുഴലുകയാണ്. പൊതുവായ സംസ്കാരത്തിൻേറയും ഐക്യനാടുകളുടെ പ്രേരണാശക്തിയുടേയും ഫലമായി തെക്കെ അമേരിക്കയിലെരാജ്യങ്ങളിൽ കലഹങ്ങളും വിപ്ലവങ്ങളും നന്നേ കുറഞ്ഞിരിക്കുകയാണെന്നു സമ്മതിക്കുക തന്നെ വേണം.

## ഭാര്യമാർവന്നില്ല

വർഗ്ഗവിദ്വേഷം തെക്കെ അമേരിക്കയിൽ ഒരു പ്രശ്നമല്ല. ഒരു ബ്രസീലിയൻ ജോൺഗന്തറോടു പറഞ്ഞു: "വ്യത്യാസം ഇതാണ്. വടക്കെ അമേരിക്കർ അവരുടെ ഭാര്യമാരെ കൂടെ കൊണ്ടുപോന്നു. ഞങ്ങൾ കൊണ്ടുപോന്നില്ല." വടക്കേ അമേരിക്കയിൽ വന്നെത്തിയ തീർത്ഥാടകപിതാക്കൾ കുടിയേറിപ്പാർക്കുവാൻ എത്തിയവരാണ്. തെക്കെ അമേരിക്കയിൽ വന്നെത്തിയ സ്പാനിഷ് — പോർത്തുഗീസ് പട്ടാളക്കാരും കവർച്ചക്കാരും ധീരന്മാരും കോൺക്വിസ്റ്റഡോർമാരും (സൈനികാക്രമണവിദഗ്ധന്മാർ)

കുടിയേറിപ്പാർക്കുവാനല്ല, വൻകര കൊള്ളചെയ്യുവാനാണ് വന്നത്. അവർ സ്ത്രീകളെ കൂടെ കൊണ്ടുപോന്നില്ല. അതിനാൽ അവർ റെഡ്ഇന്ത്യൻ പുരുഷന്മാരെ കൊന്ന് അവരുടെ സ്ത്രീകളെ ലൈംഗികാവശ്യങ്ങൾക്കായി ഉപയോഗിച്ചു. കൊന്നു കളഞ്ഞ ഇന്ത്യക്കാർക്കു പകരം അവർ നീഗ്രോ അടിമകളെ ആഫ്റിക്കയിൽ നിന്നും ഇറക്കുമതി ചെയ്തു. അനേകം നീഗ്രോ അടിമകൾ പണിയെടുത്തു പണിയെടുത്തു മരിച്ചു. നീഗ്രോ സ്ത്രീകളേയും വെള്ളക്കാർ ഉപയോഗിച്ചു. ബ്രസീൽ—അവിടത്തെ ജനങ്ങളിൽ 50% നീഗ്രോവർഗ്ഗക്കാരാണ്, 40% വെള്ളക്കാർ, 9% മെററിസോകൾ (വെള്ളക്കാർക്ക് റെഡ്ഇന്ത്യൻസ്ത്രീകളിലുണ്ടായ സന്താനങ്ങൾ), 1% റെഡ്ഇന്ത്യർ (വെള്ളക്കാർ വരുംമുമ്പുണ്ടായിരുന്നവർ). പണ്ടുകാലത്തവിടെ വെള്ളക്കാരല്ലാത്തവരെ ഉയർന്ന സ്ഥാനങ്ങളിലേക്കുയർത്തിയിരുന്നു. ഇപ്പോൾ എവിടെനിന്നോ വർഗ്ഗവിദ്വേഷം വന്നെത്തിയിട്ടുണ്ട്. എന്നാലും വലിയ കാര്യമായിട്ടില്ല പെറുവിലെ വെള്ളക്കാർക്ക് റെഡ്ഇന്ത്യരെ പുച്ഛമാണ്. വിദ്വേഷത്തിനു കാരണം വർഗ്ഗവിരോധമല്ല, സാമ്പത്തികമാണ്. ബൊളിവിയയിൽ അഞ്ചിൽ മൂന്നു ഭാഗവും ഇക്വഡോറിലും പെറുവിലും അഞ്ചിൽ രണ്ടുഭാഗവും റെഡ്ഇന്ത്യരാണ്. ആർജൻടീനയിലും ഉറുഗ്വേയിലും വർണ്ണപ്രശ്നമില്ല, കൂടുതലും വെള്ളക്കാരാണ്. കൊളംബിയ, വെനിസ്വേല, ചിലി, പരാഗ്വേ എന്നിവിടങ്ങളിൽ മെററിസോകളാണ് ഭൂരിപക്ഷം. ബ്രസീലിലെ ഔദ്യോഗികഭാഷ പോർത്തുഗീസാണ്; മററു റിപ്പബ്ളിക്കുകളിലേതു സ്പാനിഷ് ഭാഷയും. അവിടവിടെയായി ധാരാളം ജപ്പാൻകാരുടേയും ജർമ്മൻകാരുടേയും സങ്കേതങ്ങളുണ്ട്.

## യാഥാസ്ഥിതികത്വം

മതനിഷ്ഠമായ യാഥാസ്ഥിതികത്വം ഒരു വലിയ ന്യൂനതയാണ്. കത്തോലിക്കാസഭ തെക്കെഅമേരിക്കയിൽ ഏററവുമധികം

പ്രേരണ ചെലുത്തുന്ന ഒരു വൻശക്തിയാണ്. തെക്കെ അമേരിക്കയിൽമാത്രം മതനവീകരണം ഉണ്ടായിട്ടില്ല. തെക്കെ അമേരിക്ക ആക്രമിക്കുവാൻ വന്നവർ കുരിശിൻെറ പേരിലാണ് യുദ്ധം ചെയ്തതു്. ലക്ഷക്കണക്കിന്നാളുകളെ മതപരിവത്തനം ചെയ്തതും കുരിശിൻെറ പേരിൽത്തന്നെ. എവിടേയും ഫലപുഷ്ടിയുള്ള പ്രദേശങ്ങളിലധികഭാഗവും പള്ളിസ്വത്താണ്. അങ്ങനെ രാഷ്ട്രീയമായും സാമൂഹ്യമായും സാമ്പത്തികമായും പള്ളികൾ ഒരു നിക്ഷിപ്ത താല്പര്യത്തിൻെറ ചിഹ്നങ്ങളായിത്തീൎന്നു. ഗന്തർ പറയുന്നു: "വലിയ മെത്രാപ്പോലീത്തമാർ സ്പെയിനിലെ രാജാവിൻെറ മേല്ക്കോയ്മ മാത്രമേ സ്വീകരിച്ചിരുന്നുള്ളു. അവർ രാജാക്കന്മാരെപ്പോലെ ഭരിച്ചു. വൈദികന്മാരായിരുന്നു അവരുടെ പട്ടാളക്കാർ. കത്തോലിക്ക സഭക്കു മാത്രമേ പ്രവൎത്തനസ്വാതന്ത്ര്യമുണ്ടായിരുന്നുള്ളു. പള്ളികൾ വലിയ ജന്മികളായതോടുകൂടി എവിടേയും അധഃപതനമായി. ചില രാജ്യങ്ങളിൽ പകുതിയിലധികം ഭൂമിയും പള്ളിസ്വത്താണ്." "തെക്കെ അമേരിക്കയിലെ സ്വാതന്ത്ര്യപ്രേമികളും വിപ്ലവകാരികളും നല്ല കത്തോലിക്കരാണ്. പക്ഷേ അവർ വൈദികന്മാൎക്കെതിരാണ്. യാഥാസ്ഥിതികന്മാർ മാത്രം സഭയോടൊട്ടിപ്പിടിച്ചുനിന്നു. അച്ചുതണ്ടുശക്തികൾക്കു തെക്കെ അമേരിക്കയിൽ ശക്തി നല്കിയതു് കത്തോലിക്ക മതമാണ്. ബ്രസീലിലെ പോർട്ടോ അലഗ്രൊ മെത്രാപ്പോലീത്ത ഫാഷിസ്റ്റ് ഇററലിയുടേയും സ്പെയിനിൻേറയും വിജയത്തിന്നായി പള്ളിതോറും പ്രത്യേകപ്രാൎത്ഥനകൾ നടത്തി. കൂടാതെ ഫ്യൂഡലിസത്തെവെച്ചുപുലൎത്താനും, ഭൂസ്വത്തു് കുറച്ചാളുകളുടെ കുത്തകയാക്കുവാനും സഭ യത്നിച്ചു"എന്നാണ് സാമുവൽ ഗൈ ഇൻമാൻ പ്രസ്താവിക്കുന്നതു്. ഇന്നു കത്തോലിക്കസഭക്കുള്ള പ്രേരണാശക്തി അതിവിപുലമാണ്. എന്നാലും അവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ധൎമ്മസ്ഥാപനങ്ങളും തെക്കെ അമേരിക്കക്കു് ഒരനുഗ്രഹമായും പരിണമിച്ചിട്ടുണ്ടു്. സാമൂഹ്യരംഗത്തിലും അതിൻെറ സേവനം നിസ്സാര

മല്ല. ഈ തുറകളിൽ ഗവമ്മേണ്ടുകൾ കാണിയ്ക്കുന്ന അശ്രദ്ധയും അനാസ്ഥയും പൊറുക്കാവതല്ല.

## രോഗസമുദ്രത്തിലെ തുരുത്തുകൾ

ചികിത്സാശാസ്ത്രം കണ്ടെത്താത്ത ആറു രഹസ്യങ്ങൾ! ഈ രഹസ്യങ്ങളുടെ സങ്കേതസ്ഥാനം ബൊളീവിയ, ബ്രസീൽ, ഇക്വഡോർ, പെറു എന്നീ തെക്കെ അമേരിയ്ക്കൻ രാജ്യങ്ങളിലെ ചില വനവിഭാഗങ്ങളിലാണ്. ഈ രഹസ്യങ്ങൾ കണ്ടെത്തുവാൻ വൈദ്യശാസ്ത്രത്തിനു കഴിഞ്ഞാൽ, അതു മനുഷ്യചരിത്രത്തെ മോഹനമായ പുതിയ ഒരു പാതയിലേയ്ക്കു നയിക്കും. നമ്മുടെ ജീവിതം കൂടുതൽ സുന്ദരമാകും. കാരണം, അതു ഹൃദ്രോഗത്തേയും അർബ്ബുദരോഗത്തേയും കൊക്കൊ പുഴുവിൽനിന്നുള്ള ഉപദ്രവത്തേയും മലമ്പനിയേയും ദന്തരോഗങ്ങളേയും ഭ്രാന്തിനേയും ലോകത്തിൽനിന്നു തുടച്ചുനീക്കുവാൻ സഹായിക്കും.

ഒരു ബ്രിട്ടീഷ് എൻഞ്ചിനീയർ. രക്തസമ്മർദ്ദം ശക്തിപ്പെട്ടുക നിമിത്തം, അദ്ദേഹത്തിൻെറ ഹൃദയത്തിന്ന് കാര്യമായ നാശം സംഭവിച്ചു. വൈദ്യശാസ്ത്രത്തിനു അദ്ദേഹത്തെ സഹായിക്കുവാൻ കഴിഞ്ഞില്ല. ഹൃദ്രോഗചികിത്സയിൽ സമർത്ഥന്മാരായിരുന്ന ഡോക്ടർമാർ അദ്ദേഹത്തോട് ഇനി ജോലിചെയ്യുവാൻ സാദ്ധ്യമല്ലെന്നും ഇക്വഡോറിലെ ഉയൎന്ന ലോജ പ്രവിശ്യയിൽ പോയി ഇനിയുള്ള ജീവിതകാലം സുഖമെടുക്കുവാനും നിർദ്ദേശിച്ചു. ലോജയിലേയ്ക്കദ്ദേഹം പോയി. ചുററും പൎവ്വതങ്ങൾ. ജീവിക്കുവാൻ വളരെ കുറച്ചു പണം മതി. അദ്ദേഹത്തിന്ന് പ്രകൃതിരമണീയമായ ഈ പ്രദേശത്തെ ജീവിതം വളരെ പ്രിയംകരമായിതോന്നി.

## ലോജയിൽ ഹൃദ്രോഗമില്ല

തെക്കെ അമേരിയ്ക്കയിലെ, പ്രസിദ്ധ വൈദ്യശാസ്ത്ര ഗവേഷകനായ, ഡോക്ടർ യൂജീൻ പെയ്ൻ ലോജയിലെത്തി മേല്പറഞ്ഞ

ബ്രിട്ടീഷ് എൻജിനീയറെ പരിശോധിച്ചു. അദ്ദേഹം പൂർണ്ണമായും ആരോഗ്യവാനായി കാണപ്പെട്ടു. രക്തസമ്മർദ്ദം സാധാരണ രീതിയിലായി. ഹൃദയം വേണ്ടവിധം പ്രവർത്തിക്കുന്നുണ്ട്. "പക്ഷെ ഞാൻ ഇവിടെനിന്നു മറെറവിടെപോയാലും രക്തസമ്മർദ്ദം കൂടുന്നു; ഹൃദയത്തിൻെറ പ്രവർത്തനം കുഴപ്പത്തിലാകുന്നു; ഞാൻ രോഗിയും" എൻജിനീയർ പറഞ്ഞു.

ലോജ പ്രവിശ്യയിൽ ഹൃദ്രോഗമില്ല. ഹൃദ്രോഗ ബാധിതർ അവിടെ എത്തുമ്പോൾ ആരോഗ്യവാന്മാരായി കാണപ്പെടുന്നു. എന്താണിതിനു കാരണം? ആക്കും അറിഞ്ഞുകൂട.

ലോജ എല്ലാ രോഗങ്ങളിൽനിന്നും രക്ഷ നല്കുമൊ? ഇല്ല. ഡിസെൻട്രി, ടൈഫോയ്ഡ്, മലമ്പനി എന്നീ സുഖക്കേടുകൾ ധാരാളമായുണ്ട്. 40 നാഴികയകലെ ഹൃദ്രോഗബാധിതർ ഉണ്ട്, ലോജയിലില്ലെന്നു മാത്രം.

## മലമ്പനിക്കുപററിയ പശ്ചാത്തലം: മലമ്പനിയില്ല.

1943ൽ ഡോക്ടർ യൂജീൻ പെയ്ൻ അമെയ്സോൺ പ്രദേശത്തെ ബ്രീവ്സ് പട്ടണത്തിലെത്തി. എല്ലാവരുംതന്നെ മലമ്പനിക്കു വിധേയരാണ്. പക്ഷെ നദിയിൽകൂടി 80 നാഴിക യാത്ര ചെയ്ത് അദ്ദേഹം ഗുരപാ ഗ്രാമത്തിലെത്തി. മലമ്പനിക്കു പററിയ പ്രദേശംതന്നെ. എങ്കിലും അവിടെ മലമ്പനിയില്ല. മലമ്പനി കൊല്ലത്തിൽ 30 ലക്ഷം പേരെ കൊന്നൊടുക്കുന്നു. ആളെ കൊല്ലുന്ന സുഖക്കേടുകളിൽ പ്രമാണിയാണ് മലമ്പനി. പക്ഷെ ഈ സംഹാരപ്രിയൻ ഗുരപായിലേയ്ക്കില്ല. പീയ്ക്സി ഗ്രാമം മലമ്പനിയുടെ കൂത്തരംഗമാണ്. 90 നാഴികയകലെയുള്ള പോർട്ടൊ നാഷണൽ ഗ്രാമത്തിൽ മലമ്പനിയില്ല. പീയ്ക്സിയിൽ പോയി മലമ്പനി പിടിച്ച് തുള്ളിക്കൊണ്ടുവരുന്ന പോർട്ടൊ സ്വദേശി. അയാൾ വീട്ടിലെത്തിയാൽ മലമ്പനിയിൽനിന്നു

വിമുക്തനാണ്. മലമ്പനിയുമായി വരുന്നവനെ കൊതുക്കൾ കടിക്കുന്നില്ലെ? ഉണ്ട്. കൊതുക്കൾ മലമ്പനി ബീജങ്ങളെ മററുള്ളവരിലേയ്ക്കു പകത്തുന്നുണ്ടാവില്ലെ? പകത്തുന്നുണ്ടായിരിക്കും. എങ്കിലും അവിടെ മലമ്പനിയില്ലെന്നുള്ളതാണ് സത്യം. പിയ്ക്സ്സി യിലെ ജനങ്ങൾ നദീജലം കുടിക്കുന്നു. പോർട്ടൊ വാസികൾ പാറക്കെട്ടുകളിൽനിന്നുറവെടുക്കുന്ന അരുവികളിലെ വെള്ളം കുടിക്കുന്നു. അരുവികളിലെ ജലത്തിൽ ഖനിജ വസ്തുക്കൾ അലിഞ്ഞു ചേർന്നിട്ടുണ്ടാകും. അതായിരിക്കാം മലമ്പനിയെ അകത്തിനിത്തുന്നതു്.

പെറുവിലെ ടിങ്കൊമറിയ, ബൊളീവിയയിലെ റിബറാൾട്ട എന്നീ സ്ഥലങ്ങളിലെ സമൂഹങ്ങളിൽ മലമ്പനിയില്ല. അവിടങ്ങളിലും മലമ്പനി ബീജങ്ങൾ വഹിക്കുന്ന കൊതുക്കളുണ്ട്. അവ മുട്ടയിടുന്നു, കൂടുതൽ കൊതുക്കളുണ്ടാകുന്നു—പക്ഷെ അവിടത്തെ വെള്ളത്തിലൊ മണ്ണിലൊ മലമ്പനിയെ അടിച്ചൊതുക്കുന്ന രഹസ്യം അമർന്നുകിടപ്പുണ്ട്. എന്താണ് ആ രഹസ്യം? അതിന്നും ഒരു ചോദ്യചിഹ്നമാണ്.

## ദന്തരോഗങ്ങൾക്കു കാരണം?

വളരെയധികം രാജ്യങ്ങളിലും പൈപ്പുവെള്ളത്തിൽ 'ഫ്ളോറിൻ' ചേക്കുന്നു, ദന്തരോഗങ്ങളിൽനിന്നു അവിടത്തെ സമൂഹങ്ങൾക്കു രക്ഷനൽകുവാൻ. പക്ഷെ ബ്രസീലിൽ പല സ്ഥലത്തും, ഡോക്ടർ യൂജീൻ പെയ്ൻ പറയുന്നു, "ഞാൻ കണ്ട, ഉപയോഗിക്കുന്നവെള്ളത്തിൽ 'ഫ്ളോറിൻ' ഇല്ലെങ്കിലും, അവിടെ ദന്തരോഗങ്ങളില്ലെന്നു്". അതിൻെറ കാരണം കണ്ടെത്തണം. ലോകത്തിൻെറ ഇതരഭാഗങ്ങളിലും ഇപ്രകാരമുള്ള പ്രദേശങ്ങളുണ്ട്.

## എനിക്കാണ് ഭ്രാന്തു്

കുറച്ചു കൊല്ലങ്ങൾക്കു മുമ്പ് ബൊളീവിയ സന്ദർശിച്ച ഡോക്ടർ പെയ്ൻ കോച്ചബാംബ, ചുകചിസാക എന്നീ പ്രദേശ

ങ്ങളിൽ ഭ്രാന്തന്മാരില്ലന്നു കണ്ടെത്തി. തെക്കെ അമേരിയ്ക്കയിൽ മാനസികരോഗബാധിതർ ഒട്ടനവധിയുണ്ട്. പക്ഷെ മേല്പറഞ്ഞ പ്രദേശങ്ങളിലില്ല. അവിടെ താമസിക്കുന്ന റെഡ്ഢിന്ത്യൻ വർഗ്ഗക്കാരുടെ ഭാഷയിൽ ഭ്രാന്തിനും മാനസികരോഗങ്ങൾക്കും പേരുകളില്ല. "ഭ്രാന്തിനെ പററിയും മാനസിക രോഗങ്ങളെപ്പററിയും അവരെ പറഞ്ഞു മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചു. ഞാൻ വിഢ്ഢിവേഷം കെട്ടുകയാണ് ചെയ്യതു്. അവക്കൊന്നും മനസ്സിലായില്ല." കഠിനാദ്ധ്വാനം ചെയ്യുന്ന ഇവർ അല്ലലില്ലാത്ത ജീവിതം നയിക്കുന്നു; സമാധാനത്തിൻേറയും സന്തുഷ്ടിയുടേയും തത്വസംഹിതയാണവരുടേതു്; അതുകൊണ്ടവരിൽ മാനസികരോഗങ്ങൾ ഇല്ല — എന്ന വിശദീകരണം ഡോക്ടർ പെയ്ൻ വിലവെയ്ക്കുന്നില്ല. അതിനു കാരണമുണ്ട്, സംതൃപ്തിയും സമാധാനവും നിറഞ്ഞ ജീവിതം നയിക്കുന്ന ജനവിഭാഗങ്ങൾ മററു പലേടത്തുമുണ്ട്. അവിടെയെല്ലാം ഭ്രാന്തും മാനസികരോഗങ്ങളും കാണുന്നു.

ബ്രസീലിൽ ജോലിചെയ്യുന്ന കാലത്തു് ഡോക്ടർ പെയ്ൻ ചില സ്ഥലങ്ങളിൽ അർബ്ബുതരോഗങ്ങളില്ലെന്നുകണ്ടു. അദ്ദേഹം 60,000 പേരെ പരിശോധിച്ചു. ആക്കും അർബ്ബുതരോഗമില്ല. അദ്ദേഹത്തെ വിസ്മയിപ്പിച്ചവസ്തുതയാണതു്. കാരണം വ്യക്തമല്ല.

## കൊക്കൊപ്പുഴ ഉപദ്രവം

കൊക്കൊപ്പുഴക്കളിൽനിന്നുള്ള ഉപദ്രവം ശക്തിയാണ് തെക്കെ അമേരിയ്ക്കയുടെ വിവിധ ഭാഗങ്ങളിൽ. പക്ഷെ പെറുവിലെ കല്ലി ജോൻഡി ഹായ്‌ലാസ് എന്ന 75 നാഴിക നീളമുള്ള മലഞ്ചരിവിലെ നിവാസികളിലാക്കും കൊക്കൊപ്പുഴ മൂലമുണ്ടാകുന്ന രോഗങ്ങളില്ല. ചുററുപാടും കൊക്കൊപ്പുഴവിൻെറ ഉപദ്രവംകൊണ്ടു വലയുന്നു ജനങ്ങൾ. കൊക്കൊപ്പുഴവിൻെറ ഉപദ്രവ

മുള്ള പലരും കല്ലി ജോൻഡി ഹായ്‌ലാസിൽ പോയി താമസി ക്കുന്നു. താമസിയാതെ അവരുടെ രോഗം മാറുന്നു. അതാണ് വിസ്മയം.

## ആറു രഹസ്യങ്ങൾ കണ്ടെത്തണം

വൈദ്യശാസ്ത്ര ഗവേഷണഫലമായി ലോകത്തെ അലട്ടുന്ന ആറു വൻരോഗങ്ങളുടെ രഹസ്യങ്ങൾ കണ്ടെത്തുവാൻ സാധിക്കു മെന്നും, രോഗസമുദ്രത്തിലെ മേല്പറഞ്ഞ തുരുത്തുകളിലാണ് ഈ രഹസ്യങ്ങൾ ഒളിഞ്ഞുകിടക്കുന്നതെന്നും ഡോക്ടർ പെയ്ൻ സമ ർത്ഥിക്കുന്നു. ഈ രഹസ്യങ്ങളറിഞ്ഞാൽ, ലോകത്തിൽനിന്നു ഹൃദ്രോ ഗത്തേയും, മലമ്പനിയേയും അർബുദരോഗത്തേയും, ദന്തരോഗ ങ്ങളേയും, മാനസിക രോഗങ്ങളേയും, കൊക്കൊപ്പുഴുവിൻെറ ഉപ ദ്രവത്തേയും നിഷ്പ്രയാസം തുടച്ചുനീക്കുവാൻ സാധിക്കും.

## ധനവ്യവസ്ഥ

വൻകരയിലെ സമ്പദ്‌വ്യവസ്ഥയും പരിശോധിക്കേണ്ട തുണ്ട്. ബ്രസീലിൻെറ ജീവിതമാർഗ്ഗം കാപ്പിയാണ്. ബൊളീ വിയയുടേത് ടിൻ. ഇക്വഡോറിൻേറതു് കൊക്കോ. വെനിസ്വേ ലയുടേതു് എണ്ണ. ചിലിയുടേതു് ചെമ്പും നൈട്രേററുകളും. ആർജൻടീനയുടേതും ഉറുഗ്വേയുടേതും മാംസം. രണ്ടാം ലോക മഹായുദ്ധത്തിന്നു മുമ്പു് യൂറോപ്പായിരുന്നു ഈ സാധനങ്ങൾ വാങ്ങിയിരുന്നതു്. യുദ്ധത്തിന്നു ശേഷം ഈ വിപണികൾ നഷ്ട പ്പെട്ടു. തൽഫലമായുണ്ടായ സാമ്പത്തികത്തകർച്ചയോടെ അസംതൃ പ്തരായ ജനങ്ങൾ രാഷ്ട്രീയവിപ്ലവങ്ങൾ കെട്ടഴിച്ചുവിട്ടു. ഐക്യ നാടുകൾക്കാവശ്യമായ നയതന്ത്രപ്രാധാന്യമുള്ള 14 സാധനങ്ങൾ തെക്കെ അമേരിക്കയിലുണ്ടു്. കൂടാതെ ഐക്യനാടുകളുടെരക്ഷയ്ക്കു തെക്കെ അമേരിക്കയെ സൈനികമായി സംരക്ഷിക്കേണ്ടതുമുണ്ടു്. അതാണ് ഐക്യനാടുകൾക്ക് തെക്കെ അമേരിക്കയിലുള്ള താല്പ ര്യത്തിൻെറ നിദാനം.

തെക്കെ അമേരിക്കയിലെ ഗവൺമേണ്ടുകൾക്ക് വേണ്ട ദാർഢ്യമോ സംഘടിതശക്തിയോ ഇല്ല. അതുണ്ടാകണമെങ്കിൽ സമ്പദ്‌വ്യവസ്ഥ ശരിപ്പെടുത്തണം. നിരക്ഷരത്വം (ആർജൻടീനയിലും ഉറുഗ്വെയിലും 20%, ചിലിയിൽ 40%, ബ്രസീലിൽ 50%, ബൊളീവിയയിലും പെറുവിലും ഇക്വഡോറിലും 80%), കടുത്ത ദാരിദ്ര്യം (പെറുവിലും ബൊളീവിയയിലും പരാഗ്വെയിലുമാണ് ഏററവും ഭയാനകമായ ദാരിദ്ര്യമുള്ളത്), ഫ്യൂഡലിസം (ഉദാ: ഭൂമി കുറച്ചു കുബേരന്മാർ കുത്തകയാക്കി വെയ്ക്കുക), രാഷ്ട്രവികസന പദ്ധതികൾക്കു മൂലധനമില്ലായ്മ—ഇതെല്ലാമാണ് തെക്കെ അമേരിക്കയുടെ പ്രശ്നങ്ങൾ. ആളോഹരി വരുമാനം ശരാശരി 150 ഡോളറാണ്. വ്യവസായ രാജ്യങ്ങളിൽ ആളോഹരി വരുമാനം 2000 ഡോളറിൽ കവിയും. തെക്കെ അമേരിക്കയിൽ ശരാശരി മനുഷ്യായുസ്സ് 30 കൊല്ലമാണ്; വ്യവസായരാജ്യങ്ങളിൽ 60 കൊല്ലം. തെക്കെ അമേരിക്കയിൽ ആളോഹരി ഭക്ഷണം 2000 കലോറിയാണ്; വ്യവസായരാജ്യങ്ങളിൽ 3000. കഴിഞ്ഞ പത്തുകൊല്ലങ്ങൾകൊണ്ട് ഭക്ഷണോല്പാദനം തെക്കെ അമേരിക്കയിൽ 30% കുറഞ്ഞു. വടക്കേ അമേരിക്കയിൽ 30% കൂടി. ഐക്യനാടുകളിൽ 5 കുടുംബങ്ങളിൽ 4-നും ഒരു ടെലിവിഷൻസെററുണ്ട്; 4 ആളുകളിൽ ഒരാൾക്ക് സ്വന്തമായി കാറുണ്ട്. കാരണം: ഐക്യനാടുകളിലെ ഒരു ഫാക്ടറിത്തൊഴിലാളി മണിക്കൂറിൽ 2 ഡോളർ സമ്പാദിക്കുന്നു. തെക്കെ അമേരിക്കയിലെ തൊഴിലാളിക്കു ലഭിക്കുന്നതിൻെറ ആറിരട്ടിയാണ് ഈ സംഖ്യ.

തെക്കെ അമേരിക്കയിലെ നഗരങ്ങളിൽ കൂടുതലും വെള്ളക്കാരാണ് താമസം. റെഡ്ഇന്ത്യൻ വർഗ്ഗക്കാർ വൻകരയുടെ പല ഭാഗങ്ങളിലായി വിതറപ്പെട്ടിരിക്കുന്നു. രക്തസമ്മിശ്രണത്തിൽ നിന്നും ഉണ്ടായവർ രണ്ടു തരക്കാരുണ്ട് – മെററിസോകൾ (വെള്ളക്കാരുടെ രക്തവും റെഡ്ഇന്ത്യക്കാരുടെ രക്തവും കൂടികലർന്നവർ),

സാമ്പോകാം (ഇന്ത്യക്കാരുടെ രക്തവും നീഗ്രോകളുടെ രക്തവും ഒന്നിച്ച ചേൎന്നവർ).

ന്യൂയോൎക്ക് മോഡലിൽ ഉടച്ചുവാൎത്തവയാണ് അധികമെങ്കിലും, തെക്കേ അമേരിക്കൻ പട്ടണങ്ങാം വടക്കേ അമേരിക്കയിലുള്ളവയേക്കാാം പഴക്കമുള്ളവയാണ്. സായൊ പാലൊ (ബ്രസീൽ) 1532–ൽ സ്ഥാപിക്കപ്പെട്ട, ക്വയറെറാ (ഇക്വഡോർ) 1534–ൽ, ലിമ (പെറു) 1535–ൽ, ബ്യൂനോ അയേർസ് 1536–ൽ, ബൊഗോട(കൊളംബിയ)1538–ൽ, സാൻടിയാഗൊ (ചിലി) 1541–ൽ ലാ–പാസ്സ് (ബൊളീവിയ) 1545–ൽ.

## ഉടഞ്ഞസംസ്ക്കാരങ്ങാം

കൃഷിക്കാരുടേയും ഖനനത്തൊഴിലാളികളുടേയും നാടായ തെക്കെ അമേരിക്കയുടെ ചരിത്രം അധഃപതിച്ചുപോയ സംസ്കാരങ്ങളുടേയും, കാടിന്നുള്ളിൽ നഷ്ടപ്പെട്ട റെഡ്യിന്ത്യൻ നഗരങ്ങളുടേയും, മനുഷ്യത്വമില്ലാത്ത വെള്ളക്കാരുടെ ആക്രമണങ്ങളുടേയും കൊന്നൊടുക്കലുകളുടേയും, വാളും പരിചയുമായി ദക്ഷിണയൂറോപ്പിൽനിന്നും വന്ന് ഇടക്കാലപ്രഭുക്കന്മാരായുയൎന്ന സംസ്കാരമില്ലാത്ത വെള്ളക്കാരുടേയും, അടിച്ചമൎത്തലുകളുടേയും വിപ്ലവങ്ങളുടേയും ചരിത്രമാണ്. തീവണ്ടിപ്പാതകളും റോഡുകളും വന്നതോടുകൂടി പല ഗ്രാമങ്ങളും ഉറക്കത്തിൽനിന്നുണൎന്ന് പട്ടണങ്ങളായി. ഉഷ്ണമേഖലയിൽ താമസിക്കുന്നവർ കുറച്ചു വസ്ത്രമേ ഉപയോഗിക്കൂ. തണുപ്പുള്ള പീഠഭൂമിയിൽ വസിക്കുന്നവർ കനമുള്ള വസ്ത്രംകൊണ്ടു ദേഹം പൊതിയുന്നു. നഗരങ്ങളിലെ ഭവനങ്ങാം ആധുനികശില്പമാതൃകയിലുള്ളവയാണ്. ഉാംനാടുകളിലെ ഭൂവുടമകാം അനേകം കെട്ടിടങ്ങളടങ്ങിയ കൊട്ടാരങ്ങളിലാണ് താമസം. നദീതടങ്ങളിലെ ഭവനങ്ങാം മരക്കാലുകളിന്മേൽ കെട്ടിപ്പൊക്കിയവയാണ്, തുടരെത്തുടരെ വരുന്ന വെള്ളപ്പൊക്കങ്ങളിൽനിന്നു രക്ഷകിട്ടുവാൻ വേണ്ടി. സാധുക്കളെവിടേയും വൃത്തികെട്ട, ചെറിയ, കുടിലുക

ളിൽ ജീവിക്കുന്നു. അനേകം സന്താനങ്ങൾ, കട്ടംപട്ടിണി, സന്തു ഷ്ടിയില്ലാത്ത ജീവിതം—അതാണവരുടെ വിധി.

## വിപ്ലവങ്ങൾ

19–ാംശതകത്തിൽ എവിടേയും വിപ്ലവത്തിന്റെ ജ്വാല കൾ ആളിക്കത്തി. കൊളോണിയലിസം വെന്തെരിഞ്ഞു. വിപ്ല വനേതാക്കൾ—സൈമൺ ബോളിവാർ, സാൻമാർട്ടിൻ, സൃക്രി —തെക്കെ അമേരിയ്ക്കുക്ക് സ്വാതന്ത്ര്യം നല്കി. ബോളിവാർതന്നെ അഞ്ചു രാജ്യങ്ങൾ മോചിപ്പിച്ചു. യുദ്ധവും രക്തച്ചൊരിച്ചലും വേണ്ടിവന്നു. 1825–ൽ ലത്തീൻ അമേരിക്കൻ സംസ്ഥാന ങ്ങൾക്കു സ്വാതന്ത്ര്യം കൈവന്നു.

പുതിയ റിപ്പബ്ളിക്കുകളിൽ വിപ്ലവങ്ങളുണ്ടായെങ്കിലും അവയ്ക്കൊന്നും സ്വാതന്ത്ര്യം കൈവന്നില്ല. രാഷ്ട്രീയദാർഢ്യവും സാമ്പത്തികഭദ്രതയും അവക്കില്ല. അവിടെ ഭരണഘടനപ്രകാര മുള്ള ഭരണമല്ല, സൈനികനേതാക്കന്മാരുടേയൊ ജനകീയനേതാ ക്കന്മാരുടേയൊ സ്വേച്ഛാധിപത്യമാണ്.

രണ്ടാം മഹായുദ്ധകാലത്തു് സ്പെയിൻേയും പോർത്തുഗലി ൻേറയും പ്രേരണയ്ക്കു വിധേയമായ തെക്കേ അമേരിയ്ക്കൻ രാഷ്ട്ര ങ്ങൾ അച്ചുതണ്ടുശക്തികളെ സഹായിച്ചു. എന്നാൽ യുദ്ധാവ സാനത്തിന്നു മുമ്പുതന്നെ അവ അച്ചുതണ്ടുശക്തികളുമായുള്ള ബന്ധം ഉപേക്ഷിച്ച് ഐക്യകക്ഷികളുടെ കൂടെ ചേന്നു. ആർജ ൻടീന 1945 മാർച്ചിൽ മാത്രമേ അച്ചുതണ്ടുശക്തികളുമായുള്ള ഐക്യം ഉപേക്ഷിച്ചുള്ളു. എല്ലാ തെക്കേ അമേരിയ്ക്കൻ രാജ്യ ങ്ങളും ജമ്മനിയ്ക്കും ഇററലിയ്ക്കും ജപ്പാനും എതിരായി യുദ്ധം പ്രഖ്യാപിച്ചു. ഇതു പ്രസിഡണ്ടു് റൂസ്‌വെൽററിന്റെ മികച്ച നേട്ടമായിരുന്നു.

## സംസ്കാരരംഗം

തെക്കേ അമേരിയ്ക്കൻ സംസ്കാരത്തിലേയ്ക്കൊന്നു കണ്ണോടിയ്ക്കാം. ഈ പുതിയ സംസ്കാരത്തിൽ പൗരാണികസംസ്കാരങ്ങൾ കെട്ടിപ്പടുത്ത റെഡ്ഇന്ത്യരുടെ കലാവാസനയും, ജീവിതസന്തുഷ്ടി പ്രകീർത്തിയ്ക്കുന്ന ലത്തീൻസാഹിത്യവും, ആഫ്റിയ്ക്കൻ വനാന്തരങ്ങളുടെ ഉൾക്കട്ടിയും പ്രസരിപ്പും നീഗ്രോകളുടെ വർഗ്ഗീയപ്രതിഭയും തെളിച്ചു കാട്ടുന്ന സംഗീതവും നൃത്തങ്ങളും, ആധുനിക വടക്കേ അമേരിയ്ക്കൻ സംസ്കാരത്തിൻെറ വിശദാംശങ്ങളും ഉൾക്കൊള്ളുന്നു.

ഇററാലിയൻ സാഹിത്യവും ഫ്റഞ്ചുപരിഷ്കാരവും കലകളും ലത്തീൻപാരമ്പര്യങ്ങളും ജീവിതരീതിയും റെഡ്ഇന്ത്യൻ നാടോടികലകളും ആഴമേറിയ നീഗ്രോസംഗീതവും തെക്കേ അമേരിയ്ക്കയിൽ വേരൂന്നിക്കഴിഞ്ഞു. മ്ലാനതയിൽ മുങ്ങിയ റെഡ്ഇന്ത്യൻ സംഗീതവും ജീവിതലാഘവം നുകൎന്നു കുടുകുടെ ചിരിയ്ക്കുന്ന സ്പാനിഷ്സംഗീതവും ചേൎന്നു 'മെററിസൊ സംഗീത'മായിട്ടാംഗോ, ഫബ, കോംഗ എന്നീ നൃത്തങ്ങൾക്കു പുറമേ, ആർജൻടീനയിലും ഉറുഗ്വേയിലും പെരിക്കോൺ (വൃത്തത്തിലാണ് നൃത്തം വെയ്ക്കുക) നൃത്തവും ബ്രസീലിൽ മാക്സീക്സി, സാംബ എന്നീ നൃത്തങ്ങളും, ചിലിയിൽ ക്ലാമാ ക്യൂക്ക (കന്നാലിപ്പയ്യനും കാമുകിയും കൂടിയുള്ള രാഗനൃത്തം) നൃത്തവും, കൊളംബിയയിൽ ബെയിൻബ്യൂക്കൊ നൃത്തവും, ഇക്വഡോറിൽ പസില്ലൊ നൃത്തവും, പെറുവിൽ മാരിനീറാനൃത്തവും, വെനിസ്യൂലയിൽ ജൊറോപ്പൊ നൃത്തവും ഉണ്ട്. തെക്കേ അമേരിയ്ക്കയിലെ നൃത്തങ്ങൾക്കു മതപരമായ പ്രാധാന്യമുണ്ട്. അവ പെരുന്നാളുകളുടേയും ഘോഷയാത്രകളുടേയും ഒരു ഭാഗമാണ്. ഏതു കുചേലൻെറ കുടിലായാലും ശരി ഒരു 'സാലൺ' (മുറി) ഒഴിച്ചിട്ടിട്ടുണ്ടാകും. അവിടെ ചുമരിന്നരികിൽ കസേരകളിൽ അതിഥികൾ ഇരിയ്ക്കുന്നു. ഗ്രാമഫോണിൽ നിന്നു സംഗീതം പ്രവഹിയ്ക്കുന്നു.

യുവതീയുവാക്കന്മാർ നൃത്തം ചെയ്യുന്നു. അങ്ങിനെയാണ് അവർ 'ഫീയസ്റ്റാ' അഥവാ പെരുന്നാൾ ആഘോഷിയ്ക്കുന്നതു്. ഫീയസ്റ്റാദിവസങ്ങളിൽ പാൎക്കുകളിലും പ്ലാസ (തെരുവു) കളിലും നൃത്തരംഗം നേരത്തെതന്നെ തയ്യാർ ചെയ്തുവെച്ചിരിയ്ക്കും.

## കുടുംബസ്നേഹം, നൃത്തം

തെക്കേ അമേരിയ്ക്കർ കുടുംബത്തിനോട് കൂടുതൽ കൂറുള്ളവരാണ്. സ്ത്രീകൾക്കു സ്വാതന്ത്ര്യം കുറവാണ്. കുടുംബജീവിതത്തിന്നാണ് ഏററവും അധികം പ്രാധാന്യം. കുട്ടികളധികമുണ്ടാകുന്നതിൽ സന്തോഷമേയുള്ളു അവൎക്ക്. ജനനനിരക്ക് വടക്കെ അമേരിയ്ക്കയിൽ ഉള്ളതിനേക്കാൾ 50% അധികമാണ്. കാപ്പി, 'യർബ-മാതി' ചായ, ചോക്ലററ്പാനീയം എന്നിവയ്ക്കു പുറമെ 'പുൾക്ക'' മദ്യവും ഉരുളക്കിഴങ്ങിൽനിന്നും കരിമ്പിൽനിന്നും നെല്ലരിയിൽനിന്നും വാററിയെടുക്കുന്ന വിവിധ ലഹരിപാനീയങ്ങളും കഴിയ്ക്കുന്നതിൽ അവർ ആസക്തരാണ്. മദ്യം കഴിച്ചാൽ ജീവിതത്തോട് കൂടുതൽ സ്നേഹം തോന്നുമെന്നാണവരുടെ പക്ഷം. വാസ്തവത്തിൽ തെക്കെ അമേരിയ്ക്കർ ഹൃദയത്തിന്നകത്തേയ്ക്കു നോക്കുന്നവരാണ്. അവരുടെ ജീവിതത്തിൽ ഒരു പ്രത്യേകക്കെട്ടുറപ്പും ഭദ്രതയും അനുഭവപ്പെടുന്നു. നല്ല കവിതയോ നോവലോ വായിച്ചാസ്വദിയ്ക്കുവാനുള്ള അവരുടെ കഴിവ് സ്പൃഹണീയമാണ്. നൃത്തങ്ങൾ അവരുടെ വികാരങ്ങൾക്ക് ചൂടുപിടിപ്പിയ്ക്കുന്നു, നല്ല പാട്ടുകൾ അവരുടെ ഹൃദയങ്ങളെ ചലിപ്പിയ്ക്കുന്നു. ജീവിതത്തിൽ ആനന്ദം കണ്ടെത്തുവാൻ അവരെ സഹായിയ്ക്കുന്ന ഈ പശ്ചാത്തലംതന്നെ ചെറിയകാൎയ്യങ്ങൾക്കുവേണ്ടി വിപ്ലവം കെട്ടഴിച്ചുവിടുവാനും ലഹളകൂട്ടുവാനും അവൎക്കു പ്രചോദനം നല്കുന്നു.

## ചില ചോദ്യങ്ങൾ

തെക്കെ അമേരിയ്ക്കർ വിദേശീയാധിപത്യത്തിൻെറ ചുരുട്ടിയ മുഷ്ടി വൻകരയിൽനിന്നറുത്തുകളഞ്ഞ 1823-ലെ 'മൺറോ

സിദ്ധാന്തം' മറന്നിട്ടില്ല. ഐക്യനാടുകളുമായി മമത പുലർത്തുവാൻ അവർ ആശിയ്ക്കുന്നു. എന്നാൽ ഐക്യനാടുകളുടെ 'യാങ്കിസാമ്രാജ്യത്വ'ത്തെ അവർ വെറുക്കുന്നു. അവർ ഐക്യനാടുകളോടു ചോദിയ്ക്കുന്ന ചില ചോദ്യങ്ങളുണ്ട്. "നിങ്ങൾ യൂറോപ്പിനു വമ്പിച്ച ധനസഹായം ചെയ്യുമ്പോൾ ഞങ്ങളുടെ സാമ്പത്തിക പുനരുദ്ധാരണപദ്ധതികൾക്ക ധനസഹായം ചെയ്യാത്തതെന്തുകൊണ്ട്? ഞങ്ങളുടെ ഖനനവ്യവസായങ്ങളുടെ മേൽ നിങ്ങൾ കൊള്ളലാഭമെടുക്കാൻ വേണ്ടി കുത്തകാവകാശങ്ങൾ ആവശ്യപ്പെടുമ്പോൾ ഞങ്ങളുടെ അവശതകൾ പരിഹരിച്ച ജീവിതനിലവാരമുയർത്താൻ ശ്രമിയ്ക്കാത്തതെന്തുകൊണ്ട്? രാഷ്ട്രനിർമ്മാണപദ്ധതികൾക്കായുള്ള ഞങ്ങളുടെ ധനാഭ്യർത്ഥനകൾ നിങ്ങളുടെ ലോകബാങ്കും കയററുമതി–ഇറക്കുമതിബാങ്കും ഉപേക്ഷിയ്ക്കുന്നുവല്ലോ. അതെന്തേ? യൂറോപ്പിലെ കമ്പോളങ്ങൾ നഷ്ടപ്പെട്ട ഞങ്ങളുടെ ചരക്കുകൾ 'തന്ത്രപ്രാധാന്യമുള്ളവ' എന്ന മുദ്ര കുത്തി നിങ്ങൾ വാങ്ങുന്നു. നിങ്ങൾ കൃത്രിമമായി അവയുടെ വില വെട്ടിക്കുറച്ച ഞങ്ങളെ ദാരിദ്ര്യത്തിലേയ്ക്കാഴ്ത്തുന്നു. അതിനുള്ള കാരണമെന്ത്? നിങ്ങൾ ഡെമോക്രസിയിൽ വിശ്വസിയ്ക്കുന്നു, മനുഷ്യനു മാനമായി ജീവിയ്ക്കുവാനുള്ള പശ്ചാത്തലം സൃഷ്ടിച്ചേ കഴിയൂ എന്നു ശഠിയ്ക്കുന്നു. അതേ സമയംതന്നെ നിങ്ങൾ വൻകരയിലുള്ള സ്വേച്ഛാധിപത്യശക്തികൾക്ക വെടിക്കോപ്പുകളും പ്രോത്സാഹനവും നല്കുന്നു. അങ്ങിനെ ജനകീയഭരണത്തിലേയ്ക്കുള്ള ഞങ്ങളുടെ പ്രയാണത്തെ തടയുന്നു. ഒരു ജനകീയശക്തി അങ്ങനെ ചെയ്യുന്നതു് അനീതിയല്ലേ?" ഈ ചോദ്യങ്ങൾക്കൊന്നും ഐക്യനാടുകൾ ഉത്തരം പറഞ്ഞുകഴിഞ്ഞിട്ടില്ല.

## ഫലം

ഐക്യസംസ്ഥാനങ്ങളിൽനിന്നു കിട്ടുന്ന ഡോളറാണ് ഈ പ്രദേശത്തിനു് ജീവൻ നല്കുന്നതു്. 600 കോടി ഡോളറാണ് ലത്തീൻ അമേരിയ്ക്കൻ വ്യവസായങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന

ഐക്യസംസ്ഥാനങ്ങളിൽനിന്നുള്ള സ്വകാര്യമൂലധനം. രണ്ടായിരത്തിലധികം ഐക്യസംസ്ഥാന വ്യവസായക്കമ്പെനികഠം പ്രവത്തിയ്ക്കുന്നുണ്ട്. ലത്തീൻ അമേരിയ്ക്ക ഓരോ കൊല്ലവും ഐക്യസംസ്ഥാനങ്ങളിലേയ്ക്കു് 350 കോടി ഡോളറിനുള്ള സാധനങ്ങഠം കയററി അയയ്ക്കുന്നു; ലത്തീൻ അമേരിയ്ക്കയിലേയ്ക്കു് ഐക്യസംസ്ഥാനങ്ങഠം 300 കോടി ഡോളറിനുള്ള സാധനങ്ങളും. കൂട്ടതലും മോട്ടോർ കാറുകളും രാസവസ്തുക്കളും തുണിത്തരങ്ങളും യന്ത്രങ്ങളുമാണ്. ലത്തീൻ അമേരിയ്ക്കയിലാകെ 16·7 കോടി ജനങ്ങളുണ്ട്. ജനസംഖ്യ നിമിഷംപ്രതി വദ്ധിക്കുകയാണ്— ജനനനിരക്കിലുള്ള വദ്ധനവ് ലോകത്തിൻെറ ഇതരഭാഗങ്ങളിലുള്ളതിൻെറ 2½ ഇരട്ടിയത്രെ; ആളോഹരി വരുമാനം 275 ഡോളർ (ഇന്ത്യ: 60 ഡോളർ)—ഐക്യ സംസ്ഥാനത്തിലെ ആളോഹരി വരുമാനത്തിൻെറ ആറിലൊരംശം. ലത്തീൻ അമേരിയ്ക്കയുടെ ദേശീയ വരുമാനത്തിൽ സിംഹഭാഗവും കുബേരന്മാരുടെ കയ്യിൽ കുടുങ്ങുകയാണ് എന്നതാണ് കഷ്ടം.

"സമാധാനകാലത്തു് രാഷ്ട്രീയനയംകൊണ്ടും കച്ചവടംകൊണ്ടും നിങ്ങളുടെ ശത്രുവിനെ വശീകരിക്കുക, നിരായുധീകരിക്കുക" എന്ന ലെനിൻ സിദ്ധാന്തം പാശ്ചാത്യ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങഠം പ്രവൃത്തിയിൽ വരുത്തുന്നുണ്ട്. 20 ലത്തീൻ അമേരിയ്ക്കൻ റിപ്പബ്ളിക്കുകളിൽ 15-ലും കമ്യൂണിസം ബഹിഷ്കരിക്കപ്പെട്ടു കഴിഞ്ഞു. എന്നിട്ടും ലത്തീൻ അമേരിയ്ക്കയുടെ കമ്യൂണിസ്റ്റ് മേഖലയുമായുള്ള വ്യവസായബന്ധം ശക്തിപ്പെടുകയാണ്. 1953-ൽ 7 കോടി ഡോളറിനുള്ള സാധനങ്ങളാണ് കമ്യൂണിസ്റ്റ് മേഖല ലത്തീൻ അമേരിയ്ക്കയിലേയ്ക്കു കയററി അയച്ചതു് 1955-ൽ അതു് 50 കോടി ഡോളറായി വദ്ധിച്ചു. ഐക്യസംസ്ഥാനങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കുന്ന ഒരു വസ്തുതയാണിതു്.

അദ്ധ്യായം:

രണ്ട്.

# ആർജൻടീന.

—വെള്ളിരാജ്യം.

"Globe-trotting, Helen Keller, the remarkable 75-year-old deaf and blind, appears to possess an unusually keen sense of smell. "Cities" she declared recently "have different odours." Paris "smells like perfume", London "like smoke", and Tokyo "like incense......"

"As a child I put books in my pants When I expected a spanking. Ever since then I have known the value of a literary background"

—BOB HOPE.

വിടർത്തിവെച്ച ശംഖുപോലെയാണ് തെക്കേ അമേരിക്ക, ഭൂപടത്തിൽ. നീണ്ട പമ്പരത്തിന്റെ ആകൃതിയിൽ തെക്കേ അററത്തേയ്ക്ക് ഇറങ്ങിക്കിടക്കുന്ന രാജ്യമാണ് ആർജൻടീന. വലിപ്പത്തിൽ ബ്രസീലിനോളം ഇല്ലെങ്കിലും, ലത്തീൻ അമേരിക്കയിൽ ഏററവുമധികം സാമ്പത്തിക മേന്മയും രാഷ്ട്രീയ–സാമൂഹ്യ പുരോഗതിയും സിദ്ധിച്ച രാജ്യം ആർജൻടീനയാണെന്നതിൽ സംശയമില്ല. ലോകവിപണികളിൽ ഏററവുമധികം 'തയ്യാർ ചെയ്ത മാംസം' വിററഴിക്കുന്നതും ഈ രാജ്യംതന്നെ. പെറോണും കത്തോലിക്കാ സഭയുമായുള്ള വടംവലി തുറന്നു വിട്ട നാവിക വിപ്ലവം അടുത്ത കാലത്ത് ഈ രാഷ്ട്രത്തെ പിടിച്ചു കുലുക്കുകയുണ്ടായി. 10,79,965 ചതുരശ്രനാഴിക വിസ്താരവും 180 ലക്ഷം ജനങ്ങളുമുള്ള ഈ രാജ്യം അമേരിക്കയിലെ അമേരിക്കൻ പാരമ്പര്യം തീരെയില്ലാത്ത രാജ്യമാണെന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ മടിതോന്നാം. തലസ്ഥാനനഗരമായ ബ്യൂനോ അയേർസ് 'അമേരിക്കയിലെ പാരീസാ'ണ്. പാരീസ് മാതൃകയിലുള്ള ബൂളിവാർഡുകൾ (നടുക്കും ഇരുഭാഗത്തും വരിവരിയായി വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള വിസ്താരമുള്ള നടപ്പാതകൾ), ചെറിയ ചെറിയ തെരുവുകൾ, ഭംഗിയുള്ള പാർക്കുകൾ. റോട്ടിൽക്കൂടിയുള്ള വാഹനഗതാഗതം ഗർജ്ജിച്ചും, മുരണ്ടും ബഹളംകൂട്ടിയും ഇരുഭാഗത്തേയ്ക്കും ഇരമ്പിക്കയറുന്നു.

## ആളെക്കൊല്ലി

പാരീസിലില്ലാത്ത ഒന്നുണ്ടിവിടെ. ആർജൻടീനക്കാർ 'മാതാജൻതി' അഥവാ 'ആളെക്കൊല്ലി'യെന്നാണ് ബസ്സുകളെ വിളിയ്ക്കാറ്; ഡ്രൈവർമാരെ 'അസാസിനോസ്' അല്ലെങ്കിൽ കൊലപാതകികൾ എന്നും. നഗരത്തിൽ ചുവപ്പ്—പച്ച ട്രാഫിക്ക് വിളക്കുകൾ ഇല്ല, വാഹനഗതാഗതം നിയന്ത്രിയ്ക്കുവാൻ. ആദ്യം അപ്രകാരമുള്ള ട്രാഫിക്ക് വിളക്കുകൾ പരീക്ഷിച്ചുനോക്കി. പക്ഷേ ആരും അവയത്ര വകവെച്ചില്ല. ഒടുവിൽ അവ വേണ്ടെന്നുവെച്ചു.

രാഷ്ട്രീയമോ സാമ്പത്തികമോ ആയ ദുർഘടാവസ്ഥയല്ല ആർജൻടീനക്കാരെ ഇന്നഭിമുഖീകരിയ്ക്കുന്നത്, ഒരു വലിയ ആത്മീയാപത്താണ്. കാരണങ്ങൾ പലതുമുണ്ടതിന്ന്. ജനങ്ങൾ അധികവും 'വെള്ള'യാണ്. നിറത്തിൽ വെള്ളയെന്നു മാത്രമല്ല, യൂറോപ്പുമായുള്ള ഐക്യത്തിൽനിന്നുകൂടി 'വെള്ള' എന്നർത്ഥം. ബ്രിട്ടീഷ് മൂലധനമാണ് പ്രധാനവ്യവസായങ്ങൾ കെട്ടിപ്പടുത്തത്. കയറ്റുമതിയിൽ 40% ബ്രിട്ടനിലേയ്ക്കുതന്നെ. ബുദ്ധിപരമായി നോക്കുമ്പോൾ അഭ്യസ്തവിദ്യർക്കെല്ലാം ഫ്റഞ്ചുസാഹിത്യത്തിലാണ് കമ്പം. ഫ്റാൻസിലെ രാഷ്ട്രീയവും കലാപരവുമായ പ്രസ്ഥാനങ്ങൾ അതേപടി പകർത്തുവാനാണവരുടെ വാസന. ചുരുക്കത്തിൽ പാരീസാണവരുടെ മെക്ക. മതപരമായി അവർക്ക് ആത്മീയചൈതന്യം നൽകുന്ന റോമൻ കത്തോലിക്ക (ഔദ്യോഗിക) മതം യൂറോപ്പിൽ കുമ്പെടുത്തു വളർന്നതാണ്. അതിൻെറ വേരുകളും യൂറോപ്പിൽത്തന്നെ. വൈദികന്മാരിൽ ഭൂരിപക്ഷവും ഇററലിക്കാരോ സ്പെയിൻകാരോ ആണ്. രണ്ടാം ലോകമഹായുദ്ധം ആർജൻടീനയെ യൂറോപ്പിൽനിന്നും മുറിച്ചുകത്തി. അതോർക്കുമ്പോൾ ആർജൻടീനക്കാർക്ക് മരണവേദനയാണ്. ഇന്നവരുടെ സ്ഥിതി പറുദീസ നശിച്ച ആദിമമനുഷ്യരുടേതുപോലെയാണ്, തൻെറ അജയ്യശക്തിക്ക് നിദാനമായ തലമുടി നഷ്ടപ്പെട്ട ശംശോൻെറ

തുപോലെ. നിരാശ കുഴപ്പങ്ങൾ സൃഷ്ടിച്ചു—ഐക്യനാടുകളോടു വിരോധമനോഭാവം, തങ്ങളാണ് ലത്തീൻ-അമേരിയ്ക്കയ്ക്കു നേതൃത്വം നൽകേണ്ടവർ എന്ന ബോധം, അമഷത്തിൽനിന്നും ഉടലെടുത്ത ദേശീയഭ്രാന്ത്.

## ചക്രവാളത്തിലേയ്ക്കു്

ആൻഡീസ് പർവ്വതനിരകളാണ് കൃഷിയിടങ്ങളുടേയും കന്നുകാലിമേയ്ക്കൽ മൈതാനങ്ങളുടേയും നാടായ ആർജൻടീനയെ ചിലിയിൽനിന്നും വിഭജിയ്ക്കുന്നതു്. ആൻഡീസ് നിരകളുടെ മികച്ച കൊടുമുടികൾ 22,834 അടി ഉയരമുള്ള അക്കോൺകാഗ്വയും 21,884 അടി ഉയരമുള്ള മെർസിഡാരിയൊവും ആണ്. ചക്രവാളത്തിലേയ്ക്കു നീങ്ങിനീങ്ങി പോകുന്ന മൈതാനം. നേരെ നടക്കുക—ഒരു ദിവസം, രണ്ടു ദിവസം, ഒരാഴ്ച, രണ്ടാഴ്ച. മലകളോ വൃക്ഷങ്ങളോ ഇല്ലാത്ത പുൽമൈതാനംതന്നെ. ഇതാണ് 'പാമ്പാസ്'' മൈതാനങ്ങൾ. ഇടയ്ക്കിടയ്ക്കു ചതുപ്പുനിലങ്ങളും മഴവെള്ളം കെട്ടിക്കിടക്കുന്ന പൊട്ടക്കുളങ്ങളും കാണാം. കൂടാതെ തെക്കു പാൻടഗോണിയാപ്രദേശവും ആൻഡിയൻ പ്രദേശവുമുണ്ടു്. പൂർണ്ണ പീഠഭൂമിയും, 'ചാക്കോ' മൈതാനങ്ങളും, ഫലപുഷ്ടിയ്ക്കു് ഏററക്കുറച്ചിലുള്ള മൈതാനങ്ങളുമടങ്ങിയ , പരാണ, പരാഗ്വെ എന്നീ നദികൾക്കു മദ്ധ്യേ കിടക്കുന്ന, 'മെസപ്പൊട്ടൊമിയ'യും കൂടിയതാണ് വടക്കെ ആർജൻടീന. പ്ലാററാ നദി 100 നാഴിക നീളവും 56 നാഴിക വീതിയുമുള്ള ഒരു (ശുദ്ധജല) ഉൾക്കടലിൽ അവസാനിയ്ക്കുന്നു. കപ്പലുകളടുക്കുവാൻവേണ്ടി താഴ്ചവരുത്തിയിട്ടുണ്ടിവിടെ. ബ്യൂനോ അയേർസ്, സാൻ മാർട്ടിൻ, ആർജൻടീനോ, നഹ്വെൽഹ്വയാപ്പി (12000 ചതുരശ്ര നാഴിക വിസ്താരം) എന്നീ കമനീയ തടാകങ്ങൾ രാജ്യത്തിൻെറ മനോഹാരിതയ്ക്കു മാററുകൂട്ടുന്നു.

## വെള്ളിരാജ്യം

പതിനാറാം ശതകത്തിൽ, നദീതീരത്തിൽ വെള്ളി കണ്ടേക്കമെന്നു കരുതിയാണ് സ്പെയിൻകാർ നദിക്ക് 'പ്ലാററ'എന്നു പേരിട്ടതു്. സ്പാനിഷ് ഭാഷയിൽ വെള്ളിയ്ക്കുള്ള പേരാണതു്. വെള്ളി കണ്ടുകിട്ടിയില്ല. നിരാശരായ സ്പെയിൻകാർ അതേ അത്ഥത്തിലുള്ള മറെറാരു പേർ നാടിനിട്ടു—ആർജൻടീന. വെള്ളിക്കുള്ള ലത്തീൻപേരിൽനിന്നാണ് ഈ നാമധേയത്തിൻെറ ഉത്ഭവം. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ 'ലാ_റിപ്പബ്ളിക്ക് ആർജൻടീന' അഥവാ 'വെള്ളിറിപ്പബ്ളി'ക്കായി രാജ്യം. വെള്ളിയേക്കാളും സ്വർണ്ണത്തേക്കാളും വിശിഷ്ടമായ ഒരു ധനം അവിടെ ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു് അവരറിഞ്ഞില്ല. ഇന്നു ലോകത്തിൽ ഏററവും അധികം മാംസവും ധാന്യവും കയററി അയയ്ക്കുന്നരാജ്യം ആർജൻടീനയാണ്. ആർജൻടീന സമ്പന്നയാണ്. പക്ഷേ ധനം കുമ്പാരംകൂട്ടുന്നു കുറച്ചുപേർ; മററുള്ളവക്ക് ആവശ്യത്തിന്നുപോലും ധനം കിട്ടുന്നതുമില്ല. ധനവിതരണത്തിൽ സമത്വതത്വം അവിടെ എത്തിനോക്കിയിട്ടുപോലുമില്ല. നാടിൻെറ അധികഭാഗവും ഏതാനംകുറച്ചു് 'എസ്റ്റാൻസീയറോസി'ൻെറ (കന്നുകാലി വളത്തലിൽ വ്യാപൃതരായ മുതലാളിമാരാണവർ) കയ്യിലൊതുങ്ങിയിരിയ്ക്കയാണ്. ബ്യൂനോ അയേർസ് പ്രവിശ്യയിൽ 50 കുടുംബങ്ങളിൽ ഓരോന്നും ശരാശരി 75000 ഏക്കർ ഭൂമിയ്ക്കുടമകളാണ്. നികുതിക്കണക്കുകളിൽനിന്നു താഴെ കൊടുക്കുന്ന വിശദവിവരങ്ങൾ ലഭിക്കുന്നു: അാംസ്സാഗ അൺസ്യൂ കുടുംബത്തിന്നു സ്വന്തമായി 10,91,586ഏക്കർ ഭൂമിയുണ്ടു്, അങ്കോറിനയ്ക്കു് 9,45,194 ഏക്കർ, ലൂറോക്കിന്നു 5,73,869 ഏക്കർ, പെറിന്യേറ ഇരാളക്കു് 4,72,308 ഏക്കർ. ആർജൻടീനയിൽ 10_ൽ 7 പേരും ദരിദ്രന്മാരാണ്. ഏതാണ്ടു് 30% പേർ ഇടത്തരക്കാരാണ്. ലത്തീൻ അമേരിയ്ക്കയിലെ ഏററവുമധികം ഇടത്തരക്കാർ ഇവിടെയാകുന്നു. ഡെമോക്രസിക്കു സ്ഥിരതയുണ്ടാകണമെങ്കിൽ ഇടത്തരക്കാർ വത്ധിക്കേണ്ടി

യിരിക്കുന്നു. 3–ൽ 2 ഭാഗം ജനങ്ങളും പട്ടണങ്ങളിൽ വസിക്കുന്നു. മാംസഫാക്റ്ററികളിലൊ, കപ്പൽക്കമ്പനികളുടെ കീഴിലൊ അവർ ജോലിചെയ്യുന്നു. ലത്തീൻ അമേരിക്കയിലെ മികച്ച വ്യവസായ രാജ്യമാണാർജൻടീന. എന്നിട്ടും ലഘുവ്യവസായങ്ങൾ മാത്രമെ ഇവിടെയുള്ളു. ഗുരുവ്യവസായങ്ങൾ ഇല്ലതന്നെ. കല്ക്കരിയുടെ കുറവും ഇരുമ്പു കിട്ടാനില്ലായ്കയും വിദ്യുച്ഛക്തിയുല്പാദനമാർഗ്ഗങ്ങളുടെ അഭാവവുമാണ് ഇതിന്നു കാരണങ്ങൾ. നേത്രാനന്ദകരമായ ഇഗ്വാസ്സു വെള്ളച്ചാട്ടത്തിൽനിന്നും 3,25,000 കുതിരശ്ശക്തിയോളം വരുന്ന വിദ്യുച്ഛക്തി ഉളവാക്കാം. പക്ഷേ ഇഗ്വാസു ബ്യൂനോ അയേർസിൽനിന്നും 800 നാഴിക അകലെയാണ്.

## പക്ഷിനാടകക്കാരി

തെക്കെ അമേരിക്കയിലെ സമ്പത്തുല്പാദനക്കഴിവിൽമുക്കാൽ ഭാഗവും ആർജൻടീനയിലാണത്രേ. മണലും ചരലുമില്ലാത്ത കറുത്ത മണ്ണ് ഏററവും ഫലവത്താണ്. ടങ്സ്റ്റൺ, ഈയം, ചെമ്പ്, ടിൻ, സ്വർണ്ണം, വെള്ളി എന്നിവ സുലഭമായി ലഭിക്കുന്നു. ഇരുമ്പിനോളംതന്നെ കട്ടപ്പമുണ്ടെന്നു പറയപ്പെടുന്ന ക്വിബ്രാക്കോ വൃക്ഷങ്ങൾ തഴച്ചുവളരുന്നു കാടുകളിൽ. ക്വിബ്രാക്കോ എന്നതിൻെറ അർത്ഥം 'കോടാലികൊല്ലി' എന്നാണ്, തടി ഒന്നാന്തരമാണ്. പോരെങ്കിൽ ഈ വൃക്ഷത്തിൽനിന്നാണ് 'ടാനിൻ' എടുക്കുന്നത്. വനങ്ങളിൽ പാട്ടുപാടുന്ന പക്ഷികളും ഫ്ളമിംഗോകളും വലിയ മൃങ്ങകളും തത്തിച്ചാടിപ്പറന്നു തകൎക്കുകയാണ്. ഫ്ളമിംഗോ: ചുവന്ന നിറം, പെട്ടെന്നു കണ്ടാൽ വളരെ നീണ്ട ഈൎക്കിലിക്കാലുകൾകുത്തിനില്ക്കുന്ന വാത്താണെന്നേ തോന്നൂ, വെള്ളത്തിൽ വേഗത്തോടെ തുഴഞ്ഞുപോകും, വലിയ തല, കൊക്ക് പകുതിവെച്ച് ഒടിഞ്ഞു തൂങ്ങിക്കിടക്കുന്നതുപോലെയിരിക്കും, വെള്ളത്തിന്നടിയിൽ തലയിട്ട് കൊക്കിന്നടിവശമുള്ള രോമച്ചീപ്പുകൾകൊണ്ട് ചളി ചീകിനോക്കി ചെറിയ മത്സ്യങ്ങളെ പിടിച്ചുതിന്നുവാനുള്ള

സ്ാമത്ഥ്യം ചില്ലറയല്ല. 12000 അടി ഉയരമുള്ള ആൻഡീയൻ പവ്വതങ്ങളിൽ ഇവയെ കാണാം. തണുപ്പുകാലമായാൽ ആഫ്രിക്കയിലേയ്ക്കു സുഖവാസത്തിനു പോകയായി. ചളികൊണ്ടുള്ള കൂടിന്റെ മുകൾഭാഗത്തു് ഒരു മുട്ടയിടുന്നു. എന്നിട്ടു് അതിന്മുകളിൽ മുട്ട വിരിയുന്നതുവരെ പക്ഷി കാലും മടക്കി ഇരിപ്പാണു്. സൂര്യാസ്തമനസമയം ഫ്ളമിംഗോകൾ കൂട്ടം കൂട്ടമായി ചുവന്ന ചിറകുകൾ വിടത്തി പറന്നുകല്ലുന്നതു കാണേണ്ട കാഴ്ചയാണത്രെ. വമ്പിച്ച വിരുന്നുകളിൽ ഫ്ളമിംഗോയുടെ നാക്കു് ഒരു കറിയായില്ലെങ്കിൽ പൗരാണികറോമൻ പ്രഭുക്കന്മാക്കു് മാനക്ഷയം തോന്നുമായിരുന്നു. കൗതുകമുള്ള അതിന്റെ തൂവലുകളെടുക്കുവാൻ വളരെ അധികം പക്ഷികളെ വെടിവെച്ചു കൊല്ലുന്നതുകൊണ്ടു് ഫ്ളമിംഗോകളുടെ സംഖ്യ കുറഞ്ഞുകുറഞ്ഞു വരുന്നു. ആർജൻടീനയിൽ ഒട്ടകപ്പക്ഷിയെ വളത്തുന്നുണ്ടു്, അവയുടെ തൂവലുകൾ കയറ്റുമതി ചെയ്യാൻവേണ്ടി.

## പാൻടഗോണിയ: ശപിയ്ക്കപ്പെട്ട നാട്ടു്

ആർജൻടീനയുടെ തെക്കോട്ടു തള്ളിക്കിടക്കുന്ന പാൻടഗോണിയ 'ശപിയ്ക്കപ്പെട്ട നാടാണ'ത്രെ. ചക്രവാളംവരെ എത്തുന്ന ഈ മണലാരണ്യത്തിൽകൂടി, ശക്തിയായ കാററടിക്കയറവന്ന മണൽത്തരികൾ മൂക്കിൽനിന്നും വായിൽനിന്നും മുഖത്തുനിന്നും തുടച്ചുനീക്കി, തെക്കോട്ടുതിരിച്ച പീഡ്രൊ ഓർഗാമ്പീഡിനു 'ശപിയ്ക്കപ്പെട്ട നാടാണിതു്' എന്നു തന്നെ തോന്നി. വിമാനത്തിൽനിന്നു നോക്കുമ്പോൾ ഈ മണലാരണ്യത്തിന്റെ മുഖത്തു് തെളിഞ്ഞുകാണുന്ന മസൂരിക്കുത്തുകൾ ചെറിയചെറിയ അഗ്നിപവ്വതങ്ങളാണു്. ഈ പ്രദേശത്തിനു ചുററും ഉയന്ന പവ്വതങ്ങളാണു്. ചില പവ്വതശിഖരങ്ങൾ മഞ്ഞണിഞ്ഞുനില്ക്കുന്നു, ചിലതു പുപ്പായൽപിടിച്ചു്. കാലാവസ്ഥ തണുത്തു തണുത്തു വരുന്നു തെക്കോട്ടുപോകുംതോറും. സാന്താക്രൂസ് നഗരത്തിൽ വേനൽക്കാലത്തു

14 ഡിഗ്രി ചൂട്, ശീതകാലത്ത് 1 ഡിഗ്രിയും. രാത്രിയിൽ അസ്ഥി മരവിപ്പിക്കുന്ന തണുപ്പ്—മൈനസ് 20ഡിഗ്രി. ധ്രുവപ്രദേശം പാൻടഗോണിയയിലേയ്ക്ക് മാറിയൊ? ഇല്ല. എങ്കിലും ധ്രുവപ്രദേശത്ത് മഞ്ഞുകട്ടകൾക്കിടയിൽ കളിച്ചുല്ലസിക്കുവാൻ ഇഷ്ടപ്പെടുന്ന പെൻഗ്വിൻ പക്ഷികളും 'സീലു'കളും തെക്കെ അററത്തു വന്നെത്തുന്നുണ്ട്.

പാൻടഗോണിയക്കകത്ത് കുറെ ദൂരെ ചെന്നാൽ പുൽമൈതാനങ്ങളായി. അതിനപ്പുറം കരിമ്പുഴ (Black river) പ്രദേശം; ഒന്നാന്തരം കായ്കനിത്തോട്ടങ്ങൾ—മനുഷ്യൻ പ്രകൃതിയോടു പട വെട്ടി കെട്ടിച്ചമച്ചെടുത്തതാണിവ. അവിടവിടെയായി തഴച്ചു വളരുന്ന കാടുകളും. വെള്ളപ്പൊക്കങ്ങളുടെ കൂത്തരങ്ങായിരുന്നു ഈ വളഭൂമി. 1889നുശേഷം പ്രസിദ്ധ എൻജിനീയർ സിപ്പോമല്ലീററി അണകൾകെട്ടി കൃഷിക്കുപയുക്തമായ വിധം നദീജലം പ്രത്യേക ചാലുകളിൽക്കൂടി തിരിച്ചുവിട്ടു. ഫലം: വെള്ളപ്പൊക്കങ്ങൾ നിലച്ചു, കൃഷി സ്ഥലങ്ങളും കായ്കനിത്തോട്ടങ്ങളും പ്രത്യക്ഷപ്പെട്ടു.

## നിങ്ങൾ ആകാശത്തുനിന്നു വന്നവരൊ?

കപ്പൽമാർഗ്ഗം പാൻടഗോണിയ ചുററി, തെക്കെ അററത്തുള്ള, ദക്ഷിണാമേരിക്കയിൽനിന്നു് ടിറ ഡെൽ ഫ്യൂഗൊ ദ്വീപിനെ (അഗ്നിയുടെ നാടു്) അകററി നിത്തുന്ന, മാഗല്ലൻ കടലിടുക്കു കടന്നു്, ശാന്തസമുദ്രത്തെ ആദ്യമായി ദർശിച്ച, ഇദംപ്രഥമമായി സമുദ്രമാർഗ്ഗം ലോകം ചുററിയ, മാഗല്ലൻ എന്ന നാവികത്തലവനാണു് പാൻടഗോണിയയിൽ ഒന്നാമതായി കാലുകുത്തിയ വെള്ളക്കാരൻ. അദ്ദേഹത്തിൻെറ അനുയായി അൻടോണിയൊ പിഗാഫെററ 1520മെയ് 19-ാംതീയതി തൻെറ ഡയറിയിൽ ഇങ്ങനെ രേഖപ്പെടുത്തി: "ഈ രാജ്യത്തെത്തിയ ഞങ്ങൾ രണ്ടുമാസക്കാലം

യാതൊരു മനുഷ്യനേയും അവിടെ കണ്ടില്ല. ഒരു ദിവസം പെട്ട ന്നാണതു സംഭവിച്ചതു്. ഭീമാകാരനായ ഒരു മനുഷ്യൻ ഞങ്ങളെ സമീപിച്ചു. ഏതാണ്ട പൂൎണ്ണനഗ്നൻ. അയാറം പാട്ടുപാടുന്നു, നൃത്തം ചെയ്യുന്നു, മണൽവാരി തലയിലെറിയുന്നു. എല്ലാം ഒരേ സമയത്തുതന്നെ. മാഗല്ലൻ ഞങ്ങളിലൊരാളെ അയാറം കാണി ക്കുന്നപോലെതന്നെ ആംഗ്യങ്ങറം കാണിക്കുവാനും, അങ്ങിനെ ചെയ്യുന്നതു സമാധാനത്തിൻേറയും മമതയുടേയും ചിഹ്നമായിരി ക്കുമെന്നും, കല്പിച്ചയച്ചു. ആ ഭീമാകാരനു് ഈ സ്നേഹസന്ദേശം പെട്ടെന്നു മനസ്സിലായി. അയാറം ഞങ്ങളുടെ താവളത്തിലേയ്ക്കു വന്നു. പ്രതീക്ഷയ്ക്കെതിരായി കുറെ വെള്ളക്കാരെ പെട്ടെന്നു കണ്ടപ്പോറം അയാറംക്കത്ഭുതം തോന്നി. തെററില്ലാത്ത ആംഗ്യ ഭാഷയിൽ അയാറം വ്യക്തമാക്കി ''നിങ്ങറം ആകാശത്തുനിന്നിറ ങ്ങിയവരല്ലെ? എന്നു്'',

## പാദം കുടയായി

ആ ഭീമാകാരൻ മടങ്ങി, പരന്നുകിടക്കുന്ന മഞ്ഞിൻ മുകളിൽ വലിയ കാലടിപ്പാടുകറം നിക്ഷേപിച്ചുകൊണ്ടു്. അവരെ 'പാൻട ഗോണുകറം' അഥവാ വലിയ പാദങ്ങളുള്ള മനുഷ്യർ എന്നു വിളിച്ചുപോന്നു. അവരുടെ നാട്ട് 'പാൻടഗോണിയ'യും. സൂൎയ്യൻ തൻെറ ആഗ്നേയാസ്ത്രങ്ങറം ഈ പ്രദേശത്തു വൎഷിക്കുമ്പോറം പാൻടഗോണുകറം അവരുടെ നീണ്ട പരന്ന പാദങ്ങറം മുകളിലേ യ്ക്കുയൎത്തി കുടയായുപയോഗിക്കുമെന്നു കേട്ടുകേറംവിയുണ്ടു്.

## മാസ്റ്റാർഡിക്കെന്തുപററി?

ആരാണു് പാൻടഗോണിയയിലെ ആദിമ വാസികറം? ആൎക്കും അറിവില്ല. അനേകം നൂററാണ്ടുകറംക്കു ശേഷമാണു് ക്രിസ്ത്യൻ മിഷനറിമാരും കടൽക്കള്ളന്മാരും സ്വൎണ്ണം കണ്ടെത്തുവാ നെത്തിയവരും ഈ പ്രദേശത്തിൻെറ വടക്കെ ഭാഗത്തെത്തിയതു്.

ഗണിതശാസ്ത്രം,രസശാസ്ത്രം എന്നീ വിഷയങ്ങളെപ്പററിയും ചീന യെപ്പററിയും അനേകം പുസ്തകങ്ങളെഴുതിയ കിർച്ച്നർ പുരോഹി തൻെറ ശിഷ്യൻ നിക്കോളാസ് മാസ്കാർഡി എന്ന ജസ്യൂട്ട് പുരോഹിതനാണ് ഈ പ്രദേശത്തെത്തിയ ആദ്യത്തെ മിഷനറി. 18_ാം ശതകത്തിൻെറ ആദ്യദശയിൽ അദ്ദേഹം തെക്കോട്ട തിരിച്ചു. പിന്നെ അദ്ദേഹത്തെപ്പററി കേട്ടിട്ടില്ല.

നിക്കോളാസ് മാസ്കാർഡിക്കെന്തുപററി? ഈ ചോദ്യം വെള്ളക്കാരെ അലട്ടി. 'സീസർമാരുടെ നഗരം' പാൻടഗോണി യായിലാണെന്നു പരക്കെ ധരിച്ചുപോന്നു. സ്വർണ്ണം കണ്ടെത്തു വാനും ഈ പ്രദേശത്തെപ്പററി കൂടുതലറിയുവാനും കുറെ വെള്ള ക്കാർ തെക്കോട്ട കടന്നു. തങ്ങളുടെ സമാധാനം നിറഞ്ഞ ജീവി തത്തെ നരകസമാനമാക്കുവാൻ തിരക്കിട്ട കുതിച്ചു കയറുന്ന വെള്ളക്കാരെ റെഡ്ഇന്ത്യർ നിഷ്ഠുരണം വധിച്ചു. ഇന്നവിടെ കുറച്ചു റെഡ്ഇന്ത്യർ മാത്രമെയുള്ളു. അവർ ടെൽഹ്യൂക്ക, അരോ ക്കൻ എന്നീ വർഗ്ഗങ്ങളിൽ പെടുന്നു.

ഇന്നീ പ്രദേശം പരിഷ്കാരത്തിനു കീഴ്വഴങ്ങിക്കഴിഞ്ഞു. സ്വർണ്ണക്കൊതിയന്മാരായ സ്പാനിഷ്കാരും, ഇററലിക്കാരും, ഇംഗ്ലീഷുകാരും ജർമ്മൻകാരും 19_ാം ശതകത്തിൻെറ രണ്ടാമത്തെ പകുതിയിൽ വന്നെത്തി. അവക്കു സ്വർണ്ണം കിട്ടിയില്ല. പക്ഷെ അവർ ഫലഭൂയിഷ്ഠമായ ഈ പ്രദേശത്തു് കോളനികഠം സ്ഥാപിച്ചു. നാൻഗ്വുറ എന്ന പ്രധാന നഗരം അവർ പണിതെടുത്തതാണ്.

## ബ്ളെയ്ക്ക്, ഡ്യൂപ്രി, സ്റ്റ്യൂബൽ

തന്ത്രപ്രാധാന്യമുള്ള ഖനിജ വിഭവങ്ങഠം പാൻടഗോണിയ യിലുണ്ട്. ഈ വസ്തുതയറിഞ്ഞ പരാക്രമികളായ വെള്ളക്കാർ, സാഹസികന്മാർതന്നെ,തെക്കോട്ടുതിരിച്ചു. ബ്രിട്ടീഷ്ക്യാപ്ററൻ ബ്ളെയ്ക്ക് 1653ൽ സാന്താക്രൂസ് നഗരത്തിനടുത്തുവെച്ച്

സ്പെയിൻകാരെ തോല്പിച്ചു. നൂറു കൊല്ലങ്ങൾ കടന്നുപോയി. ഫ്രഞ്ചുകാരൻ ഡ്യൂപ്രി ഈ പ്രദേശത്തുകൂടി യാത്രചെയ്തു. അദ്ദേഹം സ്വരക്ഷയ്ക്കായി പല പേരുകളും—ഭാഷാവിദഗ്ദ്ധൻ ഡിലാട്രൂർ, സ്പാനിഷ് ഉദ്യോഗസ്ഥൻ ഡോൺ അൻടോണിയൊ ഡൽപ്രാദൊ —സ്വീകരിച്ചു. 1782ൽ ഡ്യൂപ്രി പാൻടഗോണിയയും ടക്കുമാൻ പ്രദേശവും ചിലിയും കൂട്ടിച്ചേർത്ത് ഒരു ഗവമ്മേണ്ടുണ്ടാക്കണമെന്നു ബ്രിട്ടീഷ് ഗവമ്മേണ്ടിനോടാവശ്യപ്പെട്ടു. ബ്രിട്ടീഷുകാർ അതത്ര വകവെച്ചില്ല. വെറും മരുഭൂമി തങ്ങൾക്കാവശ്യമില്ലെന്നായിരുന്നു അവരുടെ മറുപടി. 1870ൽ അവിടെ എത്തിയ ജർമ്മൻ സഞ്ചാരി സ്റ്റൂബൽ രോഗങ്ങൾ സുഖപ്പെടുത്തുന്നതിൽ മിടുമിടുക്കന്മാരായ 'ബൊളിവിയൻ ഡോക്ടർമാർ' എന്ന പേരിൽ അറിയപ്പെടുന്ന റെഡ്ഇന്ത്യൻ വൈദ്യന്മാരെ പ്രശംസിക്കുന്നുണ്ട്. വെള്ളക്കാരനു് പരിചിതമല്ലാത്ത വിശിഷ്ട ഔഷധങ്ങളാണവർ ഉപയോഗിച്ചിരുന്നതു്. ഈ പരമാത്ഥം പാശ്ചാത്യ വൈദ്യശാസ്ത്രത്തെ വെല്ലുവിളിച്ചു.

## ദ്രാവകരൂപത്തിൽ സ്വൎണ്ണം

യന്ത്രവൽക്കരണം പാൻടഗോണിയയുടെ അലകും പിടിയും മാററിയിരിക്കുന്നു. നദികളിൽനിന്നു വിദ്യുച്ഛക്തി, ഖനിജ വസ്തുക്കൾ ഖനിച്ചെടുക്കൽ, ശാസ്ത്രീയമായ തിമിംഗലപ്പിടുത്തവും മീൻപിടുത്തവും, വീഡ്മ, റോസൺ, കൊമഡോർ, റിവാഡീവിയ തുടങ്ങിയ പുതിയ പുതിയ പട്ടണങ്ങൾ, പുതിയ പുതിയ എണ്ണഖനികൾ. കാലിഫോർണിയയിലെ സ്റ്റാൻഡേർഡ് ഓയിൽ കമ്പനി എണ്ണ ഖനിച്ചെടുക്കുന്ന തിരക്കിലാണു്. ഒരു സന്ദൎശകൻ പറഞ്ഞു: "ദ്രാവകരൂപത്തിലുള്ള സ്വൎണ്ണമാണു് എണ്ണ."

ഇന്നു് ആർജൻടീനയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനു് അടിത്തറകെട്ടുകയാണു് പാൻടഗോണിയ. അങ്ങിനെ 'ശാപത്തിൻെറ നാട്ടു്' അനുഗ്രഹീതമായിരിക്കുന്നു.

## അഗ്നിയുടെ നാട് — ആരുടെ?

മാഗല്ലൻകടലിടുക്കിനപ്പുറത്തെ? അഗ്നിയുടെ നാട്. ആരുടെ കൈവശമായിരിക്കണം വലിയ ദ്വീപായ 'അഗ്നിയുടെ നാട്'—അതാണ് പ്രശ്നം. ആർജൻടീനയുടേയും ചിലിയുടേയും സ്വന്തമാണ് ഈ പ്രദേശം. അൻടാർട്ടിക്കയുടെ അയൽക്കാരനാണ് അഗ്നിയുടെ നാട്. അവിടെ ശാസ്ത്രീയപഠനങ്ങൾക്കായി ആർജൻടീനയുടെ ബെൽഗ്രാനൊ താവളം സ്ഥാപിതമായിട്ടുണ്ട്. ബാഹിയ പെൻഡ്യൂളൊ താവളം ഉൾപ്പടെ നാലു ശാസ്ത്രഗവേഷണ കേന്ദ്രങ്ങളുണ്ട് ചിലിയുടെ സ്വന്തമായി. ഐക്യസംസ്ഥാനങ്ങൾക്കും ഈ ദ്വീപിൽ കുറേ താവളങ്ങൾ കിട്ടണമെന്നുണ്ട്—വിമാനത്താവളങ്ങൾതന്നെ, പനാമക്കനാലിൻെറ രക്ഷക്കായി. പനാമക്കനാലിന് അപകടം പററിയാൽ മാഗല്ലൻ കടലിടുക്കാകും മറെറാരു കനാൽ. അടുത്തുള്ള ഫാൾക്ക് ലാൻഡ് ദ്വീപുകളുടെ ഉടമസ്ഥനായ ബ്രിട്ടൺ തങ്ങളുടെ സുരക്ഷിതാവസ്ഥയ്ക്ക് അഗ്നിയുടെനാട് കിട്ടിയേ മതിയാകു എന്നു വാദിക്കുന്നു. ആർജൻടീനയും ചിലിയും ഈ ദ്വീപിൽ പുതിയ ശാസ്ത്രഗവേഷണകേന്ദ്രങ്ങൾ സ്ഥാപിച്ചപ്പോൾ ബ്രിട്ടൺ ശക്തിയായി തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തി. നാലാംകിട ശക്തിയായി തരംതാഴ്ത്തപ്പെട്ട ബ്രിട്ടൻെറ പ്രതിഷേധത്തെ ആരും അത്ര കാര്യമാക്കുന്നില്ല എന്നതാണ് വാസ്തവം.

## ആളുകളും കാലികളും

180 ലക്ഷം ജനങ്ങളിൽ മുക്കാൽ ഭാഗവും 19-ാം ശതകത്തിൽ വന്ന സ്പാനിഷ്-ഇററാലിയൻ വെള്ളക്കാരുടെ സന്താനങ്ങളാണ്. 74% ആളുകൾ പട്ടണപ്രദേശങ്ങളിലും 26% നാട്ടിൻപുറങ്ങളിലും താമസിക്കുന്നു. ശരാശരി ഒരു ചതുരശ്രനാഴിക സ്ഥലത്ത് 15 പേരേ താമസമുള്ളു. വെള്ളക്കാരുടെ രാജ്യമായ

ആർജൻടീനയിൽ 100-ൽ 2 പേർ മാത്രമേ റെഡ്ഡിന്ത്യരുള്ളു. ഔദ്യോഗികഭാഷ: സ്പാനിഷ്. 1850-നും 1930-നും മദ്ധ്യേ വന്ന 630 ലക്ഷം കുടിയേറിപ്പാർപ്പുകാരിൽ പകുതിയും മടങ്ങിപ്പോയി. ദാരിദ്ര്യം കൃഷിത്തൊഴിലാളികളുടെ കുത്തകയാണ്. ഫാക്ടറിത്തൊഴിലാളികളുടെ കാര്യം മെച്ചമാണ്. ജീവിതച്ചിലവു വർദ്ധിക്കുകമൂലം വേതനം ജീവിക്കുവാൻ മതിയാവുന്നില്ലെന്നു മാത്രം.

ആകെ ജനസംഖ്യയുടെ മൂന്നിരട്ടി വരും കന്നുകാലികളുടെ സംഖ്യ. ഇംഗ്ലണ്ടിലെ ജനങ്ങളേക്കാളധികം കന്നുകാലികളുണ്ട്. ആർജൻടീനയിൽ. മാംസവ്യവസായം നാലു തരത്തിലാണ്: തണുപ്പിച്ചമാംസം (ഇംഗ്ലണ്ടിലേയ്ക്കു കയററിഅയയ്ക്കുന്നു), മരവിപ്പിച്ച മാംസം (യൂറോപ്പിലേയ്ക്കയയ്ക്കുന്നു), കൊത്തിക്കീറി നാരാക്കി ടിന്നുകളിൽ അടക്കം ചെയ്ത മാംസം, ഉപ്പിട്ടുണക്കിയ മാംസം (ഐക്യനാടുകളിലേയ്ക്കു് അയയ്ക്കുന്നു). തോലുകളും മാംസവ്യവസായത്തിൽനിന്നുത്ഭവിക്കുന്ന മററ പദാർത്ഥങ്ങളും വിററഴിയ്ക്കുന്നുണ്ട് ആർജൻടീന. "കാളയുടേയോ, പശുവിൻേറയോ കഴുത്തറക്കുമ്പോഴുള്ള നിലവിളിയൊഴിച്ച് മററുള്ളതെല്ലാം ഞങ്ങൾ കാശാക്കുന്നു" എന്നാണ് മാംസ വ്യവസായ പ്രമുഖൻെറ അഹംഭാവവും സ്വയംപ്രശംസയും. 1877-ലാണ് ആദ്യത്തെ റിഫ്രിജിറേററർ കപ്പൽ മാംസവുമായി ആർജൻടീന വിട്ടത്. അതു മാംസവ്യവസായമണ്ഡലത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചു—പുതിയ യന്ത്രങ്ങൾ, മാംസത്തിന്നായി കന്നുകാലികളെ ഉല്പാദിപ്പിക്കൽ, പുതിയ തരം തീററ, പുതിയ വിധത്തിൽ വൈദ്യസഹായം. ലോകത്തിന്നുവേണ്ട തോലിൽ പകുതിയും ലഭിയ്ക്കുന്നതു് ഈ രാജ്യത്തുനിന്നാണ്. 1935-നും 1941-നും ഇടയ്ക്കു ഫാക്ടറിത്തൊഴിലാളികൾ ഇരട്ടിച്ചു.

ആർജൻടീനയിലെ പ്രമുഖകുടുംബങ്ങൾ അന്യോന്യം വിവാഹംകഴിച്ച് അവരുടെ സാമ്പത്തിക മേന്മ നിലനിർത്തുന്നു. കുടുംബത്തലവൻ പിതാവാണ്. റോമൻകത്തോലിക്ക പ്രസിഡണ്ടായ ജസ്റ്റൊ (ജസ്റ്റൊ എന്നെഴുതും; ഹുസ്റ്റൊ എന്നുച്ചരിക്കും) വ്യഭിചാരവും വിവാഹമോചനവും നിമയവിരുദ്ധമാക്കി. ഒരു യുവാവിനേയും യുവതിയേയും ഒരുമിച്ചു കാണുക പ്രയാസം, അവർ വിവാഹിതരല്ലെങ്കിൽ. കൗമാരത്തിലേയ്ക്കു കാലെടുത്തുവെയ്ക്കുന്ന പെൺകിടാങ്ങളെ യുവത്വത്തിന്റെ "സുഖക്കേടു"കളിൽനിന്നു ഭദ്രമായി സൂക്ഷിച്ചുവരുന്നുണ്ട്. 70% ജനങ്ങളും കൃഷിക്കാരാണ്. കയററുമതിയിനത്തിൽ 80% കൃഷിയുല്പന്നങ്ങളാണ്. ആർജൻടീനക്കാർ സ്വീകരിക്കുന്ന പേരുകൾ രസാവഹമാണ്. റൊഡോൾഫോ അൽസാക അൺഗ്യൂ — അൽസാക എന്നതു പിതാവിന്റെ പേർ, അൺഗ്യൂ എന്നതു മാതാവിന്റേതും. റൊഡോൾഫോയേയും അയാളുടെ പത്നിയേയും ചേർത്ത് ഇങ്ങിനെ വിളിക്കുന്നു. റൊഡോൾഫോ അൽസാക അൺഗ്യൂ വൈ സു സീഞ്ഞോറ അഗസ്റ്റിന റോഡ്റീഗസ് ലറീത. മിസ്സിസ് റൊഡോൾഫോ തനിച്ചാണെങ്കിൽ ലാ സിഞ്ഞോറ അഗസ്റ്റിന റോഡ്റീഗസ്സ് ലറീതയാകും. പിൻതുടച്ചാവകാശം ശ്രദ്ധേയമാണ്. എസ്റ്റാൻസീയറൊ (കന്നുകാലികളെ വളർത്തുന്ന കുബേരന്മാർ)കളുടെയിടയിൽ അഞ്ചിൽ ഒരു ഭാഗം സ്വത്ത് കുടുംബശ്രേഷ്ഠന്ന് ഇഷ്ടദാനം ചെയ്യാം, നാലുഭാഗം മക്കൾക്കും ഭാര്യയ്ക്കും കിട്ടും. മക്കളില്ലാതെ ഭാര്യാഭർത്താക്കന്മാർ മരിച്ചാൽ സ്വത്തെല്ലാം ജീവിച്ചിരിക്കുന്ന ഭർത്താവിന്റെ മാതാപിതാക്കന്മാർക്കു ലഭിക്കുന്നു. ഇക്കൂട്ടരെല്ലാം വ്യവസായവല്ക്കരണത്തിന്നെതിരാണ്, തങ്ങളുടെ മാംസവ്യവസായം തകർന്നേയ്ക്കുമോ എന്ന ഭയംമൂലം. പാമ്പാസിന്റെ മാറിടത്തിൽ ലോകത്തിലെ ഏററവും വലിയ കന്നുകാലിക്കൂട്ടങ്ങൾ മേയുകയാണ്. 'ഗൌക്കോ' എന്നാണ് നോട്ടക്കാരന്റെ പേർ, അവൻ ഏതൊരു കുസൃതിക്കുതിരയുടെ മേലും സവാരിചെയ്യും.

കയർ കെട്ടിയെറിഞ്ഞു് ഓടിപ്പോകുന്ന ഏതു തകപ്പൻകാളയേയും വീഴ്ത്തും. അത്ഭുതാവഹമാണു് അവൻെറ കഴിവുകൾ.

## സാംസ്കാരിക പുരോഗതി

സാംസ്കാരികമായി ഏററവും പുരോഗമിച്ച രാജ്യമാണു് ആർജൻടീന. 80% പേരും അഭ്യസ്തവിദ്യരാണ്. 380 ദിനപത്രങ്ങളും 1500 മാസികകളുമുണ്ടു്. മിത്രെകുടുംബം നിയന്ത്രിക്കുന്ന 2,20,000 പ്രതികൾ വില്ക്കുന്ന 'ലാ നാഷിയോൺ', 2,55,000 പ്രതികൾവില്ക്കുന്ന 'ലാ പ്രസ്സ'എന്നിവയാണ് പ്രധാന പത്രങ്ങൾ. 6 സർവ്വകലാശാലകളും 2 നക്ഷത്ര നിരീക്ഷണശാലകളും നിലവിലുണ്ടു്. അമേരിക്കൻ പാരീസായ ബ്യൂനോ അയേർസിൽ (ജനസംഖ്യ 25 ലക്ഷം) 12 റേഡിയോ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. സൈക്കിൾചക്രത്തിൻെറ മദ്ധ്യത്തിൽനിന്നു കമ്പികൾ എല്ലാ ഭാഗത്തേയ്ക്കും പോകുന്നപോലെയാണ് ബ്യൂനോ അയേർസിൽനിന്നു നിരത്തുകൾ എല്ലാ ഭാഗത്തേക്കും കുതിക്കുന്നതു്. ന്യൂയോക്ക് കഴിഞ്ഞാൽ ഏററവും വലിയ തുറമുഖമായ ബ്യൂനോ അയേർസിൽനിന്നും 50% കപ്പലുകൾ യൂറോപ്പിലേയ്ക്കും 10% കപ്പലുകൾ വടക്കേ അമേരിയ്ക്കയിലേയ്ക്കും ഓടുന്നു. അവലനീഡ, ബ്ളാൻകാ, കൊർഡോബ, ലാപ്ലാററ, മെൻഡോസ, റൊസാരിയൊ, സാൻട_ഫീ, ടക്കുമാൻ എന്നിവയാണ് മററ നഗരങ്ങൾ.

ഭരണഘടനപ്രകാരം പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും കത്തോലിക്കരായിരിയ്ക്കണമെന്നു് നിർബ്ബന്ധമുണ്ടു്. 1943-ലെ സൈനിക സേ്വച്ഛാധിപത്യം കത്തോലിക്കപ്രേമിയായിരുന്നു. 6 കൊല്ലത്തിലൊരിയ്ക്കൽ ജനങ്ങൾ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കണം. പ്രസിഡണ്ടിന്നു രണ്ടാമതു് ആ ഉദ്യോഗം സ്വീകരിക്കാൻ വയ്യ. 30 അംഗങ്ങളുള്ള സെനററും (9 കൊല്ലത്തേയ്ക്കു്) 158 അംഗങ്ങളുള്ള പ്രതിനിധി സഭയും (4 കൊല്ലത്തേയ്ക്കു്) കൂടിയ

താണ് കോൺഗ്രസ്സ്. പ്രവിശ്യകളിൽ നിയമനിർമ്മാണസഭയും ഗവർണ്ണർമാരും ഉണ്ട്. പ്രസിഡണ്ടിന്നു് രാഷ്ട്രഭദ്രതയുടെ പേരിൽ എന്തിലും എവിടെയും കൈകടത്തുവാൻ അവകാശമുണ്ട്. 1941–ൽ കാസ്റ്റില്ലൊ (ഉച്ചാരണം: കാജില്ലൊ) ചെയ്തപോലെ, ചില പ്രസിഡണ്ടമാർ 200–ൽപരം പ്രാവശ്യം സ്വശക്തിയുറപ്പിക്കവാൻ അഭ്യന്തരകാര്യങ്ങളിൽ കൈകടത്തുകയുണ്ടായി. 1943-ൽ മറെറാരു സൈനികസംഘം അധികാരം കവന്നെടുത്തു് ഇതര പാർട്ടികളെ നിയമവിരുദ്ധമാക്കി.

## സ്വാതന്ത്ര്യലബ്ധി

1515–ൽ ആണ് ജൂവാൻ ഡയസ്സ് സോളിസ് പ്ലാററാനദി കടന്നതു്. 1527–ൽ സബാസ്റ്റ്യൻ കാബട്ട് നദീതടം മുഴവനും കണ്ടെത്തി. 1536–ൽ പീഡ്റോ മെൻഡോസ കുടിയേറിപ്പാർപ്പുകാരെ കൊണ്ടുവന്നു. പോർത്തുഗീസുകാരുടെ മുന്നേററം തടയാൻ 1580–ൽ ജുവാൻ ഗാരെ, ബ്യൂനോ അയേർസ് കോളനി സ്ഥാപിച്ചു. 1807–ൽ ആക്രമണത്തിന്നു വന്ന ഇംഗ്ലീഷുകാരെ സ്പെയ്ൻകാർ തുരത്തിപ്പായിച്ചു. 1808–ൽ നെപ്പോളിയൻ സ്പെയിൻ ആക്രമിച്ചു. അതായിരുന്നു തരം ആർജൻടീനയ്ക്കു സ്വാതന്ത്ര്യംപ്രഖ്യാപിയ്ക്കാൻ. 1816–ൽ ഔദ്യോഗിക സ്വാതന്ത്ര്യ പ്രഖ്യാപനം നടന്നു. പിന്നത്തെ കൊല്ലം ജോസ് സാൻമാർട്ടിൻെറ സൈന്യം സ്പാനിഷ് സൈന്യത്തെ നിശ്ശേഷം തോല്പിച്ചു.

സ്വാതന്ത്ര്യം വന്നതോടെ കലഹങ്ങളും അനൈക്യവും അഭ്യന്തരയുദ്ധങ്ങളും വന്നെത്തി. കുറച്ചു കാലത്തേയ്ക്കു് ആർജൻടീനയിൽ രണ്ടു പ്രസിഡണ്ടുമാർ രണ്ടു തലസ്ഥാനങ്ങളിലായി വാണു. പ്രസിഡണ്ടു് ആൽബർഡി കുടിയേറിപ്പാർക്കലും സാർമിയൻടൊ വിദ്യാഭ്യാസവും പ്രോത്സാഹിപ്പിച്ചു. വിപ്ലവകാരികൾ 1890–ലെ സാമ്പത്തികത്തകർച്ചയ്ക്കുശേഷം, പുതിയ വാഗ്ദാനങ്ങൾ നല്കി,

1942-ലെ തിരഞ്ഞെടുപ്പിൽ വിജയികളായി. ഒന്നാം മഹായുദ്ധത്തിൽ പ്രസിഡണ്ട് ഹിപ്പോളിനോ ഇറിഗോയൻെറ മിടുക്കുകൊണ്ട് ആർജൻടീന നിഷ്പക്ഷത കൈക്കൊണ്ടു. മറെറാരു വിപ്ലവം മിടുക്കനായ അദ്ദേഹത്തെ ദൂരെ വലിച്ചെറിഞ്ഞു. തുടന്നു ഫാരൽ ഗവമ്മേണ്ടു വന്നു. അതിൻെറ പുറകിൽ കടിഞ്ഞാൺ പിടിച്ചിരുന്നതു് പെറോൺ ആയിരുന്നു. ജനകീയവിരോധിയും അമേരിയ്ക്കയുടെ ശത്രുവുമായ ഈ ഗവമ്മേണ്ടിനെ ഐക്യനാടുകളും ബ്രിട്ടനും അംഗീകരിച്ചില്ല. 1945-ൽ ചാവുറം ടെപെക്ക് 'പാൻ അമേരിയ്ക്കൻ സമ്മേളന'ത്തിൽനിന്നു് അച്ചുതണ്ടുശക്തികളോടു് മമത പുലത്തുന്ന ആർജൻടീനയെ പുറത്താക്കി. പെറോൺ പ്രസിഡണ്ടായി.

## അലസിയ വിപ്ലവം

1955 ജൂൺമാസത്തിൽ നാവികവിമാനങ്ങഠം ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. പ്ലാസായിലെ സാൻമാർട്ടിൻെറ ശവകുടീരത്തിൽ പതിവുപോലെ പൂവെറിയുവാൻ വന്നവയാണവയെന്നു് എല്ലാവരും ധരിച്ചു. പക്ഷേ പൂക്കളല്ല, ബോംബുകളാണു് അവ വഷിച്ചതു്. കണ്ണുകഠോരമായ പൊട്ടലുകഠം. പരുക്കു പററിയവരുടെ കരച്ചിലുകഠം. ചോര. അവയവങ്ങളും തലയും നഷ്ടപ്പെട്ട ശവശരീരങ്ങഠം. ആളുകളുടെ പരക്കം പാച്ചിൽ. ചില ബോംബുകഠം പ്രസിഡണ്ട് പെറോണിൻെറ കൊട്ടാരമായ 'റോസ് കസീഡ' (റോസ് ഭവനം)യ്ക്കടുത്തുപൊട്ടി. അടുത്തുള്ള നാവികകേന്ദ്രം മെഷീൻ തോക്കുകഠം 'റോസ് കസീഡ'യുടെ നേരെ തിരിച്ചു. ഫലിച്ചില്ല. പെറോൺ രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. പെറോൺ ഗവമ്മേണ്ടിനെ തിരുസഭയിൽനിന്നും പുറത്താക്കിയ വാത്ത വിതരണം ചെയ്തിട്ടധികമായില്ല, 400 ആളുകഠം ചത്തുവീണു, 1000 പേക്കു് മുറിവേററു. വിപ്ലവം കെട്ടഴിച്ചുവിട്ട നാവികവിഭാഗത്തിൻെറ വിമാനത്താവളം പെറോണിൻെറ സൈന്യം

പിടിച്ചു. വിപ്ലവകേന്ദ്രം അയൽരാജ്യമായ ഉറഗ്വേയിലായിരുന്നു. പെറോൺ പൊതുതൊഴിലാളി കോൺഫെഡറേഷനെ കുത്തിയിളക്കി, വിപ്ലവകാരികൾക്കു നേരെ. ഫലം—7 റോമൻ കത്തോലിക്കകത്തീഡ്റലുകൾക്ക് മുകളിൽനിന്നു തീജ്വാലകൾ ആകാശത്തിലേയ്ക്കു ചുവന്ന നാക്കുകൾ നീട്ടി; കർദ്ദിനാളിന്റെ കൊട്ടാരത്തിനും തീ പിടിച്ചു. ഇതുവരെ അധികാരം തന്നിൽ നിലനിർത്തുവാൻ വേണ്ടി എതിരാളികളെ തമ്മിൽത്തമ്മിൽ കടിപിടി കൂട്ടുകയായിരുന്നു പെറോണിന്റെ പതിവ്. കത്തോലിക്കസഭ തന്റെ പക്ഷത്തായിരുന്നു. പക്ഷേ അവർ തനിയ്ക്കെതിരായി ഒരു രാഷ്ട്രീയ പാർട്ടി രൂപവൽക്കരിയ്ക്കുവാൻ ഉദ്യമിച്ചപ്പോൾ പെറോൺ എതിർത്തു. പെറോണിന്റെ കോൺഗ്രസ്സ് ചില നടപടികൾ കൈക്കൊണ്ടു: വേശ്യാകേന്ദ്രങ്ങൾ തുറക്കുവാൻ അനുവാദം നല്കി, വിവാഹമോചനം നിയമവിധേയമാക്കി, മതപരമായ ഘോഷയാത്രകൾ മുടക്കി, വിദ്യാലയങ്ങളിൽ മത (കത്തോലിക്ക) പഠനം നിർത്തലാക്കി, മതസംഘടനകൾക്കു ലഭിച്ചിരുന്ന നികുതിയൊഴിവ് റദ്ദ് ചെയ്തു, തിരുസഭയെ ധിക്കരിച്ചു. പെറോൺ തൽക്കാലം വിജയിച്ചു. വിപ്ലവത്തലവന്മാർ ശിക്ഷിയ്ക്കപ്പെട്ടു. ഇന്നദ്ദേഹം വിപ്ലവം സൃഷ്ടിച്ചതു കമ്യൂണിസ്റ്റുകാരാണെന്നു പറഞ്ഞ്, സഭയുമായി അടുക്കുവാൻശ്രമിക്കുകയാണ്. വിപ്ളവം അലസിപ്പോയി.

## പെറോൺന്റെ പതനം

പെറോൺന്റെ പതനം! അതു തെക്കെ അമേരിക്കയെ ഞെട്ടിപ്പിച്ചു. കഴിഞ്ഞ (1955) സെപ്റ്റംബറിൽ.

പുഞ്ചിരിക്കുന്ന ഒരു പ്രഭാതം. പ്രസിഡണ്ട് പെറോണെ തുലക്കുവാൻ ഒരു ഗൂഢസംഘം പ്രവർത്തനമാരംഭിച്ചിട്ട് മാസങ്ങൾ പലതും കഴിഞ്ഞിരുന്നു. ഒരു സുപ്രഭാതത്തിൽ തലസ്ഥാന നഗരത്തിൽ പലക്കും ഒരു കമ്പി സന്ദേശം ലഭിച്ചു: "ജന്മദിനാശംസകൾ". അതു് വിപ്ലവം തുടങ്ങാനുള്ള ആഹ്വാനമായിരുന്നു

വിപ്ലവകാരികൾക്ക്. തനിക്കെതിരായുള്ള എത്രയെത്ര വിപ്ലവങ്ങളാണ് പെറോൺ തുടച്ചുനീക്കിയത്. ഇത്തവണ ഭാഗ്യം വിപ്ലവകാരികളുടെ പക്ഷത്തായിരുന്നു. ജൂൺ 16 (1955)ാം തീയതി നടന്ന വിപ്ലവം വെറും ആരമണിക്കൂറുകൾക്കകം പെറോൺ അടിച്ചമർത്തിയ വസ്തുത വിപ്ലവകാരികളുടെ ഹൃദയത്തിൽ തങ്ങിനിന്നു. അവർ വേണ്ടത്ര മുൻകരുതലുകളെടുത്തു.

## വിജയിച്ച വിപ്ലവം

വിപ്ലവം! ബ്യൂനോ അയേർസിൽ വിപ്ലവം തുടങ്ങി. സൈന്യത്തലവന്മാരായിരുന്നു വിപ്ലവനേതാക്കൾ. വിപ്ലവകാരികൾ ആയിരത്തോളംവരും. ജനറൽ ലൊണാർഡിയും ബലാഗരം കൊർഡോബ നഗരം പിടിച്ചു. വൈസ് അഡ്മിറൽ ഐസക്ക് റോജാസ് നാവികപ്പടയുടെ 'ഫ്ളാഗ്ഷിപ്പി'ൽ കയറി, പെറോണിൻെറ കൂട്ടുകാരനായ അഡ്മിറലിനെ കപ്പലിലെ ഒരു മുറിക്കകത്തിട്ടു പൂട്ടി, നാവികരെ വിപ്ലവത്തിലേയ്ക്കു ക്ഷണിച്ചു. "ഞങ്ങളുടെ കൂടെ വരാനിഷ്ടമില്ലാത്തവർക്ക് കരക്കിറങ്ങിപ്പോകാം" അദ്ദേഹം പറഞ്ഞു. 2300 നാവികരിൽ 2210 പേരും കരക്കിറങ്ങിപ്പോയി; 90പേർ മാത്രം വിപ്ലവകാരി റോജാസിൻെറ കൂടെ ചേർന്നു.

സാൻലൂയിനഗരം. പെറോൺ മൂലം ജോലി നഷ്ടപ്പെട്ട വിപ്ലവകാരി ജനറൽ ജൂലിയൊ ലഗോസ് പുതിയജനറൽ മോളിനയുടെ ആപ്പീസിലേയ്ക്കു കടന്നു ചെന്നു ചോദിച്ചു: "രണ്ടാം സൈന്യത്തിനു് ഇനിമേലിൽ കല്പനനല്കുന്നതു് താനൊ ഞാനൊ?" രണ്ടാംസൈന്യം ജനറൽ ലഗോസിൻെറ നേതൃത്വം സ്വീകരിച്ചു് വിപ്ലവഭാഗത്തു് ചേർന്നു കഴിഞ്ഞിരുന്നു. നാലു ദിവസത്തിനകം രാജ്യത്തിൻെറ അധികഭാഗവും വിപ്ലവ കക്ഷിയുടെ കയ്യിൽ അമർന്നു. റോജാസിൻെറ കീഴിലുള്ള വിപ്ലവനാവികപ്പട ബ്യൂനോ

അയേർസ് നഗരത്തിലേക്കു തോക്കുകൾ ചൂണ്ടും എന്നതിനു മുന്നോടിയായി മാർഡെൽ പ്ലാററ നഗരത്തിലെ എണ്ണ ശുദ്ധീകരണ കേന്ദ്രവും മററു സൈനികകേന്ദ്രങ്ങളും വെടിവെച്ചു നശിപ്പിച്ചു. പെറോണും ഭരണസമിതിയംഗങ്ങളും രാജ്യം വിടുവാൻ തീർച്ചയാക്കി. വിപ്ലവം വിജയിച്ചു.

പെറോണും കൂട്ടുകാരും പരാഗ്വേ എമ്പസ്സിയിൽ അഭയം തേടി. പരാഗ്വേ അമ്പാസിഡർ ജുവാൻ ചാവസ് 616-ടൺ 'പരാഗ്വേ' ഗൺ ബോട്ടിൽ പെറോണെ കൊണ്ടുപോയാക്കി.

## പ്രസിഡണ്ട്: സംഗീതാദ്ധ്യാപകൻെറ മകൻ

മേജർ ജനറൽ ലൊണാർഡി ചാർജ്ജെടുത്തു, പുതിയ പ്രസിഡണ്ടായി അവരോധിക്കപ്പെട്ടു. 59 വയസ്സുകാരൻ ലൊണാർഡി ഒരു ഇററാലിയൻ സംഗീതാദ്ധ്യാപകൻെറ പുത്രനായി ജനിച്ചു. മിലിററി അക്കാഡമിയിൽനിന്നും ബിരുദമെടുത്ത അദ്ദേഹം 1943ൽ ചിലിയിലെ ആർജൻടീൻ മിലിററി അററാഷെയായി, 1948ൽ ഇൻടർ-അമേരിക്കൻ പ്രതിരോധബോർഡിലെ അംഗവും. 1951ൽ ജനറൽ ലൊണാർഡി പെറോണെതിരായി വിപ്ലവത്തിനൊരുങ്ങി. ജോലി നഷ്ടപ്പെട്ടു. 1952ൽ ഗൂഢസംഘാംഗമായ അദ്ദേഹത്തെ 8 മാസത്തെ തടവുശിക്ഷയ്ക്കു കോടതി വിധിച്ചു. 1953ൽ ഗൂഢാലോചന നടത്തി എന്ന കുററം ചുമത്തി പെറോൺ ലൊണാർഡിയെ അറസ്റ്റ് ചെയ്യുവാൻ ഉത്തരവിട്ടു. "എന്നെ അറസ്റ്റ് ചെയ്തോളൂ. പക്ഷെ എന്നെപ്പോലെതന്നെ യോഗ്യനായ ജനറലായിരിക്കണം അറസ്റ്റുചെയ്യുവാൻ വരുന്നതു്" ലൊണാർഡി ശഠിച്ചു. അന്വേഷണത്തിൽ ലൊണാർഡി ഉപദ്രവിയല്ലെന്നു പെറോണു ബോദ്ധ്യപ്പെട്ടു. തെററായ ധാരണയായിരുന്നു അതു്. അഞ്ചു മക്കളുടെ പിതാവായ അദ്ദേഹം തലസ്ഥാനനഗരിക്കടുത്തുള്ള ഗ്രാമപ്രദേശത്തു് അടങ്ങി

യൊതുങ്ങി ജീവിക്കുന്നതായിട്ടാണ് പെറോൺ കണ്ടതു്. ആ ലൊണാർഡിയാണ് പെറോണെ പ്രസിഡണ്ട സ്ഥാനത്തുനിന്നി റക്കി വിപ്ളവം വഴി അധികാരം പിടിച്ചുപററി, പ്രസിഡ ണ്ടായതു്.

## അണയാത്ത ദീപങ്ങൾ അണഞ്ഞു

ജനങ്ങളുടെ പിന്തുണ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ തേടുന്ന തിരക്കിലായി ലൊണാർഡി. വിപ്ളവകാരികൾ പെറോൺ അറസ്റ്റു ചെയ്തവരെയെല്ലാം മോചിപ്പിച്ചു. 'പെറോൺ പ്രവി ശ്യക്കം', സ്തുത്യർഹമായ തൊഴിലാളി സേവനം അനുഷ്ഠിച്ചു മരിച്ച ഈവാ പെറോൺൻെറ പേരു നിലനിർത്തുന്ന 'ഈവ പ്രവി ശ്യക്കം' അവയുടെ പേരുകൾ നഷ്ടപ്പെട്ടു. പെറോൺ അനുഭാ വികൾ നൂറുകണക്കിന് അറസ്റ്റു ചെയ്യപ്പെട്ടു. വിപ്ളവകാരി കൾ പെറോൺൻേറയും ഭാര്യ ഈവപെറോൺൻേറയും ചിത്രങ്ങൾ വീടുകളിൽനിന്നും ആപ്പീസുകളിൽനിന്നും പറിച്ചെടുത്തു നശി പ്പിച്ചു. പലേടത്തും തൊഴിലാളികൾ വിപ്ളവകാരികൾക്കെ തിരായി പടവെട്ടി. ഫലിച്ചില്ല. പെറോൺ ആയിരുന്നു അവ രുടെ അനിഷേദ്ധ്യനേതാവ്. തങ്ങളുടെ ജീവിതനിലവാരത്തെ ഉയർത്തിയ പെറോണെ അവർക്ക് മറക്കുവാൻ കഴിഞ്ഞില്ല.

പുതിയ ഗവർമ്മേണ്ടിൻെറ അനുവാദത്തോടെ പെറോൺ പര ഗ്വേയിലേക്കു യാത്രതിരിച്ചു കഴിഞ്ഞിരുന്നു.

ഈവയുടെ ഓർമ്മയെ നിലനിർത്തുവാൻ കോൺഗ്രസ്സ് മന്ദി രത്തിൽ സദാ കത്തിക്കൊണ്ടിരിക്കുന്ന ഒരു അണയാത്ത ദീപമുണ്ടു്. വിപ്ലവകാരികൾ അതു എന്നന്നേയ്ക്കുമായി കെടുത്തി. ദേശീയ തൊഴിലാളി സംഘടനയെ അലട്ടിയ മറെറാരു സംഭവമില്ല.

## കാമദേവൻ പെറോൺ?

പക്ഷെ വിപ്ലവ ഗവർമ്മേണ്ടു് പെറോണെതിരായി പുതിയ

കുററങ്ങഠം ആരോപിച്ചു. യുവതികളെ കുഴപ്പത്തിലാക്കുന്ന ഏപ്പാട്ട് 60 വയസ്സുകാരൻ പ്രസിഡണ്ട് പെറോണുണ്ടായിരുന്നത്രെ.

ഹൈസ്ക്കൂഠംപെൺകുട്ടികളുടെ ഒരു സംഘടനയ്ക്കു തന്നെ പെറോൺ രൂപംകൊടുത്തു. ഈ സംഘടനയുടെ കേന്ദ്രം തലസ്ഥാനനഗരത്തിനടുത്തുള്ള 124 ഏക്കർ വരുന്ന ഒലിവോസ് ഗ്രാമമാണ്. ബാസ്കറ്റ്ബോഠംകളി, മത്സരവഞ്ചികളി, കായികവിനോദമത്സരം തുടങ്ങിയ പെൺകുട്ടികളുടെ വിനോദങ്ങഠം കാണുവാൻ പെറോൺ അവിടെ പോകാറുണ്ട്; മത്സരങ്ങളിൽ വിജയം വരിക്കുന്നവക്ക് സ്വന്തചിലവിൽ വില പിടിച്ച സമ്മാനങ്ങഠം നല്കാറുണ്ട്.

അതു് നല്ല കാര്യമല്ലെ? അതുകൊണ്ടെന്താ? "കുഴപ്പങ്ങളുണ്ടായി. 60 വസ്സുകാരൻ പെറോണിൽ ലൈംഗികാഗ്രഹങ്ങഠം കത്തിജ്വലിച്ചു. പെൺകിടാങ്ങഠംക്ക് ചാരിത്രഭംഗമുണ്ടായി" എന്നാണ് പുതിയ ഗവമ്മേണ്ട പറയുന്നതു്. തെളിവുകളുണ്ടോ? ഉണ്ട്.

## ചുംബനങ്ങഠം: ആഗ്രഹങ്ങഠം

പതിനാലു വയസ്സു കഴിഞ്ഞതിനുശേഷം സുന്ദരിയായ നെലീഡ നൈവാസ് പെറോൺൻറ കിടപ്പറയുമായി പല പ്രാവശ്യം ബന്ധപ്പെട്ടിട്ടുണ്ട്. 1954 മാച്ച് മാസത്തിൽ പെറോൺ ഇസാബൽ ഗ്വില്ലൻ എന്ന 19 വയസ്സുകാരിയെ വിവാഹം കഴിച്ചത്രെ.

എന്തായാലും പെറോൺ രാജ്യം വിടുന്നതുവരേയും നെലീഡ അദ്ദേഹത്തിൻറ 'ഓമന'യായി വത്തിച്ചെന്നു പറയുന്നു. ഗൺബോട്ടിൽ പരാഗ്വേയിലേയ്ക്കു യാത്ര പുറപ്പെടുന്നതിനു മുമ്പ് പെറോൺ നെലീഡക്കെഴുതി: "എൻറ കൊച്ചുപെണ്ണെ........

എൻെറ ദൈനംദിന ജീവിതത്തിൽനിന്നു് നീ അപ്രത്യക്ഷയായി രിക്കുന്നു, ആത്മാർത്ഥസ്നേഹമുള്ള എൻെറ നാസ്റ്റും എൻെറ ദൈനം ദിന ജീവിതത്തിൽനിന്നു് അപ്രത്യക്ഷമായപോലെ. അനേകം ചുംബനങ്ങളും അനേകം ആഗ്രഹങ്ങളും. നിന്നെ ഇനി കാണുന്ന തുവരെ. ജുവാൻ. ഡി. പെറോൺ.'' മററൊരു കത്തിൽ പെറോൺ ഒപ്പിട്ടിരിക്കുന്നതു് 'പാപ്പി' (മുത്തശ്ശൻ) എന്നാണു്.

ഇതെല്ലാം പ്രേമലേഖനങ്ങളാണെന്നാണു് ലൊണാർഡി ഗവമ്മേണ്ടിൻെറ ആക്ഷേപം. മക്കളില്ലാത്ത ഒരു 60 വയസ്സു കാരൻ, തൻെറ പ്രസിദ്ധയായ ഭാര്യ ഈവയുടെ മരണത്തിനു ശേഷം, പിതൃസഹജമായ സ്നേഹം ഏതാനും പണമില്ലാത്ത സാധുക്കളായ പെൺകിടാങ്ങളിലേയ്ക്കു പകത്തിയതു് തെററാണെന്നോ? രാഷ്ട്രീയോദ്ദേശങ്ങൾക്കായി ഇപ്രകാരമുള്ള പ്രചരണ മാർഗ്ഗങ്ങൾ തേടുന്നതു് തീരെ അഭികാമ്യമല്ല.

## തിരിച്ചുകൊടുക്കു മെഡലുകൾ

പ്രചരണം തീരെ വിഫലമായില്ല. തലസ്ഥാനനഗരിയിലെ പ്രധാന തിയേററിൽ പെറോണിൽനിന്നും അഭിനയചാതുര്യ ത്തിനു് ദേശീയ കീർത്തി മുദ്രകൾ ലഭിച്ച പ്രസിദ്ധ സിനിമാനടി ലോല മെംബ്രീവ്സ് പ്രത്യക്ഷപ്പെട്ടപ്പോൾ കാണികൾ കൂക്കി വിളിച്ചു: "മടക്കിക്കൊടുക്കു, മടക്കിക്കൊടുക്കു, പെറോൺ തന്ന മെഡലുകൾ". ലൈംഗികമായ കാര്യങ്ങളിൽ പൊതുജനങ്ങൾ ക്കുള്ള താല്പര്യം സീമാതീതമാണു്. രാഷ്ട്രീയ കുപ്രചരണങ്ങൾ ക്കായി ലൊണാർഡി ഗവമ്മേണ്ടു് തെളിയാത്ത 'ആൺ-പെൺ' ബന്ധം ഉപയോഗപ്പെടുത്തിയതിൽ അതിശയത്തിനു വകയില്ല. മനുഷ്യരെ 'കമ്പം' പിടിപ്പിക്കുന്ന മററൊന്നില്ലതന്നെ.

എല്ലാ തൊഴിലാളി സംഘടനകളും അംഗങ്ങളായുള്ള പെറോൺ പക്ഷപാതി തൊഴിലാളിഫെഡറേഷൻ ലൊണാർഡൊ

ഗവമ്മേണ്ടുമായി ഏററുമുട്ടി. ഉടനടി 8500 തൊഴിലാളികഠം പണിമുടക്കി. പണിമുടക്കുകഠം എല്ലാ പട്ടണങ്ങളിലേയ്ക്കും കാട്ടു തീപോലെ പടൻപിടിച്ചു. അതിനെതിരായി ലൊണാർഡി തൻെറ സൈന്യത്തെ നിയോഗിച്ചു. എങ്കിലും തൊഴിലാളി ഫെഡറേഷനുമായി ഒരു ഒത്തുതീപ്പിനദ്ദേഹം തയ്യാറായി.

## മറെറാരു ഭീമൻെറ പതനം

വിപ്ലവകക്ഷി ഇതിനകം രണ്ടായി പിളൻ, മൂത്തുമൂത്തു വിണ്ടു പൊട്ടിയ തണ്ണിമത്തങ്ങപോലെ. പക്ഷെ ഒത്തുതീപ്പുകഠംവഴി ആർജൻടീനയിൽ സമാധാനം സ്ഥാപിക്കണമെന്നാഗ്രഹിക്കുന്ന ലൊണാർഡി രാഷ്ട്രീയ സ്വാധീനമില്ലാത്ത പകുതിയിലാണുഠം പ്പെട്ടതു്. പാർട്ടിയുടെ രണ്ടു വിഭാഗങ്ങളും തമ്മിൽ ഒരു യുദ്ധ മുണ്ടാകുമെന്നു പലരുംഭയന്നു. പക്ഷെ ബുദ്ധിമാനായ ലൊണാർഡി അതിനിടയാക്കിയില്ല. അദ്ദേഹം പ്രസിഡണ്ടുസ്ഥാനം ഉപേ ക്ഷിച്ചു. അദ്ദേഹത്തിനെതിരായുള്ള പാർട്ടിവിഭാഗത്തിൻെറ നേതാവ്, തീതുപ്പുന്ന വിപ്ളവകാരി, പെറോൺൻെറ ബദ്ധ വിരോധി, 52വയസ്സുകാരൻ മേജർ ജനറൽ പീദ്രൊ യൂജീനിയൊ അരാംബ്യൂരു പ്രസിഡണ്ടായി.

ആദ്യം ആക്കും പിടിയില്ലായിരുന്നു വിപ്ളവകക്ഷിയായ തണ്ണിമത്തങ്ങയുടെ ഉള്ളിൽ നടക്കുന്ന വടംവലികഠം. പെറോൺ പക്ഷപാതികളെ മുഴുവനായും അടിച്ചമത്തുന്നതു് രാജ്യത്തിൻെറ രാഷ്ട്രീയഭദ്രതയ്ക്കു പററില്ലെന്നായിരുന്നു ലൊണാർഡിയുടെവാദം. പക്ഷെ നീതിനിയമമന്ത്രി ബുസ്സൊ ഈ മനോഭാവത്തെ എതിത്തു. നാവികത്തലവൻ റോജാസ് 273 പെറോൺസ്നേഹികളെ രാജ ദ്രോഹക്കുററംചുമത്തി ശിക്ഷിക്കുവാൻ തന്നെ തീച്ചയാക്കിയിരുന്നു. പ്രസിഡണ്ടിൻെറ പ്രസ്സ് സിക്രട്ടറി കാർളോസ് ഗോയനേക്കും സൈന്യമന്ത്രി ലിയോൺ ബെൻഗോയനേക്കും സൈന്യമന്ത്രി

ലിയോൺ ബെൻ ഗോയയും 'നാത്സി' മട്ടിലുള്ള, പെറോൺ സ്നേഹികളെ ഉരംക്കൊള്ളുന്ന മദ്ധ്യവർത്തിയായ, ഒരു പാർട്ടിവേണ മെന്ന പക്ഷക്കാരായിരുന്നു. ലൊണാർഡിയുടെ ഭരണസമിതി ഗോയനേക്ഷനേയും ബെൻഗോയയേയും പുറംതള്ളണമെന്നാവ ശ്യപ്പെട്ടു. ലൊണാർഡി അവരെ പുറംതള്ളി. റോജാസിൻെറ 'കൂട്ടശിക്ഷ' പദ്ധതി ലൊണാർഡി വെറുത്തു. പ്രസിഡണ്ടു പറഞ്ഞു: "കുററക്കാരല്ലാത്തവരെ ശിക്ഷിക്കുന്നതിനുപകരം കുറെ പെറോൺ സ്നേഹികളെ രക്ഷപ്പെടാൻ അനുവദിക്കുകയാണ് നല്ല തെന്നാണ് ഗവമ്മേണ്ടിൻെറ അഭിപ്രായം." അതു് റോജാസി നുള്ള ചെകിട്ടത്തടിയായിരുന്നു. നീതിനിയമമന്ത്രി ബുസ്സോ റോജാസ് പദ്ധതിയെ പിന്താങ്ങി. ലൊണാർഡി ബുസ്സോയെ ഭരണസമിതിയിൽനിന്നു പുറംതള്ളി.

വിപ്ളവ പാർട്ടിയിലെ പിളപ്പു വദ്ധിച്ചു് അഭ്യന്തരയുദ്ധ ത്തിൻെറ വക്കത്തെത്തി. തീവ്രവിപ്ളവകാരി അരാം ബ്യുരുവിന്ന് പ്രസിഡണ്ടുസ്ഥാനം വിട്ടുകൊടുത്തു്, ലൊണാർഡൊ ഭരണസമി തിയിൽനിന്നിറങ്ങിപ്പോന്നു. അങ്ങിനെ പ്രസിഡണ്ടു് ലൊണാർഡി ക്ഷണത്തിൽ പൗരൻ ലൊണാർഡിയായി.

## ഒമ്പതു കലാശില്പങ്ങരം...തകൻറു

'ഈവ പെറോൺ ചാരിററി ഫൗണ്ടേഷൻ' മന്ദിരം മനോഹ രമാണ്. പണി പൂത്തിയായില്ലെങ്കിലും അതിൻെറ മാർബിരം ചിത്രവേലകരം കലാകൗതുകം നിറഞ്ഞതുതന്നെ. അതിൻെറ മുകളിൽ പേരെടുത്ത ശില്പികരം നിമ്മിച്ച ഒമ്പതു കലാശില്പങ്ങരം, പ്രതിമകരം. പെറോൺ തുറന്ന കോളറുള്ള ഒരു ഷർട്ടിട്ടിരിക്കുന്നു. അരയ്ക്കു കയ്യും കുത്തി അദ്ദേഹം ബ്യൂനൊ അയേർസ് നഗരം കണ്ടാനന്ദിക്കുകയാണ്. സാധാരാണ വേഷത്തിൽ അദ്ദേഹ ത്തിൻെറ മരിച്ചുപോയ സഹധമ്മിണി ഈവ കൈകരം നീട്ടി

വേദനയനുഭവിക്കുന്നതും ഭാരം ചുമക്കുന്നതുമായ തൊഴിലാളിവർഗ്ഗത്തെ ആശ്വാസത്തിലേയ്ക്കും സന്തുഷ്ടിയിലേയ്ക്കും ക്ഷണിക്കുന്നു. വടിവൊത്ത, മനംകുളിപ്പിക്കുന്ന, കരീറ മാർബിറാംകൊണ്ടുള്ള, ഈ കലാശില്പങ്ങറാക്കു ആകെ 40 ടൺ തൂക്കം വരും. മററുള്ള 7 പ്രതിമകളും ചെറുപ്രായം മുതൽ വളന്നുവരുന്ന തൊഴിലാളിയുടെ ജീവിതദശകളെ പ്രതിനിധാനം ചെയ്യുന്നവയാണ്. കഷ്ടപ്പെടുന്നവരുടെ വിമോചനം സാധിച്ചുകിട്ടുവാനുള്ള ഒരുപാധിയാണ് 'ഈവ പെറോൺ ചാരിററി ഫൗണ്ടേഷൻ.'

പക്ഷെ പ്രസിഡണ്ട് അരാംബ്യൂരുവിനതു മനസ്സിലായില്ല. അദ്ദേഹം ആ കലാശില്പങ്ങളെ ഒന്നു സൂക്ഷിച്ചുനോക്കി. "പെറോൺൻെറ സ്വേച്ഛാധികാരവാഴ്ച്ചയുടെ ചിഹ്നങ്ങളാണവ" അദ്ദേഹം തീർപ്പിലെത്തി. 20 ടൺ തൂക്കമുള്ള ഓരോ പ്രതിമയും യന്ത്രക്രെയിനുകളുപയോഗിച്ചിറക്കുവാനാണ് അദ്ദേഹത്തിൻെറ ഉദ്ദേശം. എന്തിനു്? ഭാവിശില്പികറാക്കു പ്രതിമകളുണ്ടാക്കിപ്പഠിക്കുവാൻ.

പെറോൺവിരോധം അവിടെയും നിന്നില്ല. പ്രസിദ്ധന്മാരായ ഏതാനും പെറോൺ അനുയായികറാ രാജ്യത്തുനിന്നും അപ്രത്യക്ഷരായി. പെറോൺൻെറ സൈന്യമന്ത്രി ലൂസിറൊ, പ്രതിരോധമന്ത്രി മോളിന, തൊഴിലാളി ഫെഡറേഷൻ പ്രസിഡണ്ട് ഹ്യൂഗോ ഡി പിയാട്രൊ എന്നീ മൂന്നുപേരെ പററിയും ഒന്നും അറിവില്ല. അവരെവിടെ? ദൂരെയുള്ള ഏതോ ജയിലുകളിൽ.

## ഞങ്ങറാക്കു പെറോൺമതി

ഒരു ദിവസം പ്രസിഡണ്ട് അരാംബ്യൂരുവിൻെറ ആപ്പീസിലെ വിളക്കുകറാ പാതിര കഴിഞ്ഞിട്ടും കെട്ടില്ല. സൈന്യത്തലവന്മാർ, സി.ഐ.ഡി. ഉദ്യോഗസ്ഥന്മാർ കൊണ്ടുവന്ന റിപ്പോർ

ട്ടകഠം പരിശോധിക്കുകയാണ്. എല്ലാ റിപ്പോർട്ടുകളും ഓരേ ഒരു സ്ഥലത്തേയ്ക്കുവിരൽചൂണ്ടി—35 നാഴിക അകലെയുള്ള ലാപ്ലാററാ നഗരത്തിലേയ്ക്ക്. സൈന്യവിഭാഗങ്ങളും പോല്ലീസ്സും മോട്ടോർ വാഹനങ്ങളിൽ കയറി അങ്ങോട്ടു കുതിച്ചു. അവിടെ ജനറൽ ഫെരാസ്സാനൊ, കെർണൽ ഉഗോലിനി എന്നിവരുടെ നേതൃത്വ ത്തിലുള്ള ഗൂഢസംഘം മീററിംഗ്കൂടിയിരിക്കയാണ്. പോല്ലീസും പട്ടാളവും അങ്ങോട്ടുകടന്നുചെന്നു. 50 പേരെ അറസ്റ്റ് ചെയ്തു. അങ്ങിനെ അരാംബ്യൂരു പെറോൺ സ്നേഹികളുടെ പുതിയ വിപ്ളവത്തിൻെറ നാമ്പ് നുള്ളിക്കളഞ്ഞു.

എങ്കിലും പെറോൺ പക്ഷക്കാർ അടങ്ങിയിരിക്കുന്നില്ല. ഗവമ്മേണ്ടിനെതിരായുള്ള ലഘുലേഖകഠം വിതരണം ചെയ്തുകൊണ്ടേയിരുന്നു അവർ. ചില കിംവദന്തികളവർ അഴിച്ചുവിട്ടുന്നു, തെരുവുകളിൽ നടന്ന് മുദ്രാവാക്യങ്ങഠം വിളിച്ചു പറയുന്നു. "കള്ളനായാലും അല്ലെങ്കിലും, ഞങ്ങഠംക്കു പെറോൺ മതി"— അവരുടെ മുദ്രാവാക്യമാണിതു്. അവർ അട്ടിമറി പ്രവത്തനങ്ങളും മുറയ്ക്കു നടത്തുന്നുണ്ട്. അവരുടെ 'പ്രതിരോധ സംഘങ്ങഠം' തല സ്ഥാനനഗരിയിലുള്ള പല ഗവമ്മേണ്ടാപ്പീസുകളും കത്തിച്ചു കളഞ്ഞു.

## മൂന്നാഴ്ചയ്ക്കുള്ളിൽ ഏഴു വിപ്ലവങ്ങഠം

പെറോൺ പാർട്ടി ശക്തിയുള്ളതാണ്. 1949ൽ സ്ഥാപിതമായ ഈ പാർട്ടിയിൽ 30 ലക്ഷം അംഗങ്ങളുണ്ടു്. തിരഞ്ഞെടുപ്പുവഴി വിപ്ലവകക്ഷിക്കു അധികാരംപിടിച്ചുപററുക സാദ്ധ്യമല്ല. കാരണം, ജനഹൃദയത്തിൽ മാച്ചുകളയാൻ സാധിക്കാത്തവിധം പെറോൺൻേറയും ഈവയുടേയും വ്യക്തിവൈഭവത്തിന് സ്ഥിര പ്രതിഷ്ഠ ലഭിച്ചുകഴിഞ്ഞു എന്നുള്ളതാണ്. തൊഴിലാളികളുടേയും യാതനകളനുഭവിക്കുന്നവരുടേയും കണ്ണിലുണ്ണിയാണ് പെറോണും

പതിയും. പെറോൺ ഭരണത്തിൻ കീഴിൽ തൊഴിലാളികാംക്ക എവിടേയും പ്രാതിനിധ്യം ലഭിച്ചു, അവരുടെ അവകാശങ്ങാം സാധിച്ചുകിട്ടി, അവരുടെ ജീവിതനിലവാരം ഉയൻ്റു. അവർ ചൂഷിതവർഗ്ഗമല്ലാതായിത്തീൻ്റു.

24 ദിവസത്തിനകം ഏഴു ചെറു വിപ്ളവങ്ങാം ആർജൻ ടീനയിൽ നടന്നു. ചാക്കൊ പ്രവിശ്യയിൽ പത്തു പെറോൺ സ്നേഹികളായ രാഷ്ട്രീയ നേതാക്കന്മാരെ അറസ്റ്റ് ചെയ്തു. സാൻ ലൂയി പ്രവിശ്യയിൽ 27 പട്ടാളക്കാർ ഒരു സംഘം പെറോണിസ്റ്റ് കളെ പിന്തുടൻ്റു, അവരുടെ നേരെ വെടിവെച്ചു. പെറോണി സ്റ്റ്കളുടെ വെടിയുണ്ടകളേററ് ഒരു പട്ടാളക്കാരൻ മരിച്ചു. എങ്കിലും പട്ടാളക്കാർ പത്തു പെറോണിസ്റ്റ്കളെ അറസ്റ്റു ചെയ്തു.

പ്രസിഡണ്ടു് അരാംബ്യുരുവിന്നു് പെറോണിസ്റ്റ്കളെ ഭയ മാണെന്നുള്ളതിന്നു് സംശയമില്ല. 66 പെറോണിസ്റ്റ് കോൺഗ്ര സ്സംഗങ്ങളെ അദ്ദേഹം ജയിലുകളിൽനിന്നും മോചിപ്പിച്ചു കഴിഞ്ഞു. അവരുമായി ഒരൊത്തുതീപ്പിന്നുപോലും ഒരു പക്ഷെ അദ്ദേഹം സന്നദ്ധനായേക്കാം. അങ്ങിനെയാണെങ്കിൽ തീവ്ര വിപ്ളവകാരി അരാംബ്യുരു എന്തിന്നു ലൊണാർഡിയെ പ്രസി ഡണ്ടു സ്ഥാനത്തുനിന്നും വലിച്ചു താഴെയിട്ടു? ലൊണാർഡിയുടെ നയം പെറോണിസ്റ്റ്കളുമായി മമതയിൽ കഴിച്ചു കൂട്ടുകയായിരു ന്നില്ലെ? രാഷ്ട്രീയ നിരീക്ഷികന്മാരെ നട്ടം തിരിയിക്കുന്ന ചോദ്യ ങ്ങളാണവ.

## കൊന്നൊടുക്കു...തട്ടിക്കൊണ്ടുപോരേണ്ട

ജൂൺ 18–ാംതീയതി മറെറാരു വിപ്ളവം. പെറോണി സ്റ്റ്കാം ഒരു വലിയ വിപ്ളവത്തിന്നുതന്നെ ഒരുമ്പെട്ടു. പക്ഷെ സൂക്ഷ്മക്കുറവുകൊണ്ടു് വിപ്ളവം അലസിപ്പോയി. ഗവമ്മേണ്ടു

ചാരന്മാരുടെ സഹായത്തോടെ 25 വിപ്ളവകാരികളെ വിചാ ണക്കൂടാതെ വെടിവെച്ചുകൊന്നു. അനേകം പെറോണിസ്റ്റ്കളെ പിടിച്ചു, കൈകറം പുറകിൽ ബന്ധിച്ചു, കണ്ണുടച്ചുമൂടിക്കെട്ടി, ചുമരോടു ചേത്തുനിത്തി വെടിവെച്ചുകൊന്നു. വിപ്ളവകാരി ജോസ് വാലി നിഷ്ഠുരുണം വധിക്കപ്പെട്ടു.

പെറോണിസ്റ്റ് ജനറൽ ടാങ്കൊ വേഷംമാറി ഹെയിററി എമ്പസ്സിയിൽ രക്ഷതേടി. പക്ഷെ ഗവമ്മേണ്ടചാരന്മാർ അയാളെ അവിടെനിന്നും തട്ടിക്കൊണ്ടു പോന്നു, വധിക്കുവാനായി പട്ടാള ക്കാരെ ഏല്പിച്ചു. വിവരം അറിഞ്ഞ പ്രസിഡണ്ട് അരാംബ്യൂരു ഇടപെട്ടു. എമ്പസ്സികളിൽ രക്ഷതേടിയവരെ തട്ടിക്കൊണ്ടു വരു ന്നതു കൊള്ളരുതായ്മയായതുകൊണ്ട് അയാളെ തിരികെ എമ്പസ്സി യിലേല്പിക്കുവാൻ അരാംബ്യൂരു ഉത്തരവിട്ടു. തന്റെ അടിച്ചമ ത്തലും പട്ടാളഭരണവും അതിരുകടന്നു പോയെന്നു സംശയിച്ചി ട്ടാവാം അരാംബ്യൂരു വരുന്ന ഒക്ടോബർ മാസം പൊതുതിരിഞ്ഞെ ടുപ്പു നടത്തുമെന്നു ആർജൻടീനക്ക് ഉറപ്പു നൽകിയതു്.

## അറുപതാമത്തെ ജന്മദിനം

തലസ്ഥാനനഗരിയിൽനിന്നു് 670 നാഴിക ദൂരെ പരാഗ്വെ യുടെ തലസ്ഥാനമായ അസൻഷിയോണിൽ പെറോൺ തന്റെ 60–ാമത്തെ ജന്മദിനം ആഘോഷിച്ചു. പരാഗ്വെ പ്രസിഡണ്ടു് ആൽഫ്രെഡൊ സ്ട്റോസ്നറും പെറോണും പഴയ ചങ്ങാതിമാ രാണ്. നാല്പതു് വിദേശ ലേഖകന്മാർ പെറോണിന്റെ ജന്മ ദിനാഘോഷത്തിൽ പങ്കെടുത്തു. അസൻഷിയോണിൽ താമസ മാക്കിയ ഒരു ആർജൻടീനിയൻ കച്ചവടക്കാരന്റെ 'റിക്കാർഡൊ ഗയോറം' മന്ദിരത്തിലാണ് പെറോൺ താമസിക്കുന്നതു്. ഗൈററാർ സംഗീതോപകരണം മീട്ടിക്കൊണ്ട് പരാഗ്വെക്കാരായ സംഗീത വിദഗ്ദ്ധന്മാർ സ്തുതിഗീതങ്ങറം പാടി പെറോണെ സന്തുഷ്ടനാക്കി.

## ദീർഘയാത്ര നിക്കരാഗ്വയിലേയ്ക്ക്

മറെറാരു സ്നേഹിതൻ നിക്കരാഗ്വ പ്രസിഡണ്ട് സൊമോസ പെറോണെ ക്ഷണിച്ചു. പെറോൺ ക്ഷണം സ്വീകരിച്ച് യാത്രയായി. വസ്ത്രങ്ങളെല്ലാം സഞ്ചികളിൽ പാക്ക ചെയ്ത് ചുമരിൽ തൂങ്ങിക്കിടന്നിരുന്ന തൻെറ പ്രിയതമ ഈവയുടെ ഫോട്ടോയും എടുത്ത്, കൂട്ടുകാരൻ പ്രസിഡണ്ട് സ്റ്റ്റോസ്നറുടെ കാറിൽ പെറോൺ വിമാനത്താവളത്തിലെത്തി. അവിടെനിന്നു് ഡിസി-3 വിമാനത്തിൽ നിക്കരാഗ്വയിലേയ്ക്കു തിരിച്ചു. ബ്രസീൽ തലസ്ഥാനമായ റിയൊഡി ജനയ്റൊ നഗരത്തിലെത്തി വിമാനം. വേണ്ടത്ര പെട്രോൾ സംഭരിച്ച് വിമാനം വീണ്ടും ആകാശത്തിൽ കുടി കുതിച്ചു. സാൻ സാൽ വദോർ നഗരത്തിൽ ഈ 'തൊഴിലില്ലാത്ത സഞ്ചാരി' രാത്രി കഴിച്ചുകൂട്ടി, വിമാനംവഴി സാവൊലൂയി നഗരത്തിലെത്തി. അവിടെനിന്നും, വിമാനത്തിനാവശ്യമായ പെട്രോൾ സമ്പാദിച്ച്, അദ്ദേഹം യാത്രതിരിച്ചു.

അമെയ്സോൺ നദീമുഖത്തുള്ള മകാപ നഗരം. അവിടെ ഇറങ്ങി പെറോൺ ഏതാനും മണിക്കൂറുകൾ നേരം വിശ്രമിച്ചു. വിദഗ്ദ്ധ എൻജിനീയർമാർ വിമാനത്തിലെ യന്ത്രങ്ങൾ പരിശോധിച്ചു. യാത്ര തുടന്ന പെറോൺ സൂരിണാം പട്ടണമായ പാരമാരിബൊയിലിറങ്ങി, വിശ്രമിച്ചു. വെനിസ്വേലയുടെ തലസ്ഥാനമായ കാരകാസ് നഗരമായിരുന്നു വിമാനത്തിൻെറ പിന്നത്തെ ലക്ഷ്യം. വിമാനത്താവളത്തിലിറങ്ങിയ അദ്ദേഹം ഈ സുഖവാസകേന്ദ്രത്തിലെ പ്രസിദ്ധ ടാമനാകൊ ഹോട്ടലിൽ രാത്രി കഴിച്ചുകൂട്ടുവാനുറച്ചു. പക്ഷെ ഹോട്ടൽ മുഴുവനും തൻെറ സ്വകാര്യാവശ്യത്തിനായി കൂലിക്കെടുത്തിരുന്നു സുന്ദരിയായ സിനിമാനടി ഇററലിക്കാരി സിൽവാനാ പാമ്പാനിനി. അതുകൊണ്ട് മറെറാരു ഹോട്ടലിൽ രാത്രി കഴിച്ചുകൂട്ടി പെറോൺ.

## മൂട്ടകഠം പാഞ്ഞെത്തി

അപ്പോഴേയ്ക്കും ഹോട്ടൽ ടെറസിൽ പാഞ്ഞെത്തി അനേകം വിദേശലേഖകന്മാർ. ഈ മൂട്ടകഠം അവിടെഎത്തുമെന്നു പെറോൺ ശങ്കിച്ചിരുന്നില്ല. ഒരാഠം ചോദിച്ചു: "നെലീഡിയുടെകാര്യം?" പെറോൺ പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു: "രാഷ്ട്രീയത്തിനും യുദ്ധത്തിനും സ്ത്രീകഠംക്കും ഉതകാത്തവിധത്തിൽ ഞാൻ അത്രക്കധികം വയസ്സനായിരിക്കുന്നു." കൂട്ടച്ചിരി! മററൊരാഠം ചോദിച്ചു: "ലൊണാർഡിയെപ്പററി താങ്കളുടെഅഭിപ്രായമെന്തു്?" "അതൊ, പന്ത്രണ്ടുനില കെട്ടിടത്തിൻെറ പന്ത്രണ്ടാം നിലയിൽ നിന്നു ചാടി നാലാം നിലയിലെത്തുന്ന ആ അദ്ധനിമഷത്തിൽ 'ഇതുവരേയും കുഴപ്പമില്ല' എന്നു ചിന്തിക്കുന്ന വ്യക്തിയെപ്പോലെയാണു് ലൊണാർഡി."

കോടീശ്വരനായ നിക്കരാഗ്വ പ്രസിഡണ്ടു് സൊമോസ തൻെറ കന്നുകാലിറാഞ്ചുകളുടെ കേന്ദ്രത്തിലെ ഒന്നാന്തരം കെട്ടിടം ത്തുത്തു ചായമിട്ടു് ശരിപ്പെടുത്തുകയാണ്. "അദ്ദേഹം എൻെറ അതിഥിയാണു്" സൊമോസ പറഞ്ഞു. "അദ്ദേഹത്തിനു വേണമെങ്കിൽ ഇഷ്ടമുള്ള ജോലിചെയ്യാം. ഇവിടെ സൊമോസ വിസ്തരിച്ചു. നിക്കരാഗ്വയിലെത്തിയ പെറോൺ തൻെറ സ്നേഹിതൻ പ്രസിഡണ്ടു് സൊമോസയുടെ അതിഥിയായി ഏതാനും ദിവസങ്ങഠം കഴിച്ചുകൂട്ടി.

## തലകഠം തെരുവുകളിൽ വീണുരുളും

ജനുവരി (1956)യിൽ അദ്ദേഹം പനാമയിലെത്തി ഐക്യസംസ്ഥാനങ്ങളുടെ ഉടമയിലുള്ള കോളൺ നഗരത്തിലെ വാഷിങ്ങ്ടൺ ഹോട്ടലിൽ താമസിച്ചു. അദ്ദേഹത്തെ തിരക്കിയെത്തിയ വിദേശലേഖകന്മാരോടദ്ദേഹം പറഞ്ഞു: "ഞാൻ ആർജൻടീന

യിൽ തിരിച്ചെത്തും. എൻെറ സ്നേഹിതന്മാർ അതിനു കളമൊരുക്കുന്ന ധൃതിയിലാണ്. എന്നു് തിരിച്ചെത്തും? എന്നെങ്കിലും. ആർജൻടീനയിൽ വിപ്ലവമുണ്ടാകും. അവിടത്തെ തെരുവുകളിൽ രക്തമൊഴുകും. ഒരു പക്ഷെ പത്തു ലക്ഷംപേർ മരിച്ചെന്നുവരാം.'' അദ്ദേഹം തുടന്നു: ''ഒരമളിപററി. ഭരണകാലത്തു് ഞാൻ രക്തം ചൊരിച്ചിലിനെ വെറുത്തു. അതു വേണ്ടെന്നു വെച്ചു. കാരണം, ഞാനെൻെറ എതിരാളികളെ അത്രകാര്യമാക്കിയില്ല. പോരെങ്കിൽ അധികാരം എൻേറതായിരുന്നു.'' അദ്ദേഹം നെടുവീർപ്പിട്ടു. ആ നെടുവീർപ്പോടുകൂടി അദ്ദേഹത്തിൻെറ മുഖത്തു പ്രസരിപ്പണിയിച്ച പുഞ്ചിരിയും പോയി. അദ്ദേഹം ചില രാഷ്ട്രീയ നൂലാമാലകളായി ഗുസ്തിപിടിച്ചു ഏതോ തീർപ്പിലെത്തിയപോലെ തോന്നി. എന്തോ ഒരു പദ്ധതി പ്രായോഗികമാക്കാൻ നിശ്ചയിച്ചുറച്ചെന്നു് ആ അറുപതുവയസ്സുകാരൻെറ മുഖത്തെ വരകൾ വിളിച്ചുപറഞ്ഞു. അദ്ദേഹം സഗൗരവം പ്രസ്താവിച്ചു. ''ഇനി ആ തെററു പററില്ല. ഞാൻ ബ്യൂനൊ അയേർസിലേയ്ക്കു മടങ്ങുമ്പോൾ, പലരുടേയും തലകൾ അവിടത്തെ തെരുവുകളിൽ വീണുരുളും. ഭയാനകമായിരിക്കും അതു്. മററു വഴികളില്ല.'' അമർഷവും ദ്വേഷ്യവും ആ വാക്കുകളിൽ മുററിനിന്നു.

'ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ' ലേഖകൻ ജോസഫ് ന്യൂമാൻ വാഷിങ്ങ്ടൺ ഹോട്ടലിലെ പെറോണിൻെറ സ്വകാര്യമുറിയിലേയ്ക്കു കടന്നുചെന്നു് അദ്ദേഹവുമായി അഭിമുഖസംഭാഷണം നടത്തി. സംഭാഷണാവസരത്തിൽ പെറോൺ തൻെറ എതിരാളികളുടെ പേരുകൾ പറയുകയുണ്ടായി—ആർജൻടീൻ സൈന്യത്തിലേയും നാവികപ്പടയിലേയും ഉയന്ന ഉദ്യോഗസ്ഥന്മാർ, ബീർ ഉല്പാദകനായ വാണിജ്യ പ്രഭു ബൊംബെർഗ്, തുണി വ്യവസായ പ്രമുഖൻ റോൾ ലാമുരാഗ്ലിയ, 'ലാപ്രസ്ന' പത്രമുടമസ്ഥൻ ആൾബർട്ടൊ ഗെയിൻസ പാസ്സ്, ഉറുഗ്വെ ഭരണാധി

പർ (ഉറുഗ്വേയാണ് വിപ്ലവകാരികൾക്ക് സങ്കേതം നല്കിയതു്), റോമൻ കത്തോലിക്കാ സഭയിലെ പ്രമുഖ വൈദികന്മാർ.

## ശക്തി, മൃഗങ്ങളുടെ അവകാശം

താൻ എഴുതിയതും പ്രസിദ്ധം ചെയ്യാത്തതുമായ 'ശക്തി മൃഗങ്ങളുടെ അവകാശമാണ്' എന്ന ഗ്രന്ഥത്തിൽനിന്നും അദ്ദേഹം ഏതാനും വരികളുദ്ധരിച്ചു: "എന്റെ രാജ്യത്തിലെ എല്ലാ പാതിരിമാരും അവരുടെ ജീവിതകാലം മുഴുവനും അനുഷ്ഠിച്ചിട്ടുള്ള ക്രിസ്തീയ സേവനങ്ങളേക്കാളധികം സേവനങ്ങൾ എന്റെ ഭാര്യ ഈവ ഒരു ദിവസംകൊണ്ടു് ചെയ്തുതീർത്തിട്ടുണ്ടു്." "പുതിയ പട്ടാളക്കാരായ ഭരണാധിപന്മാർ ഭരിക്കുവാൻ പററിയവരല്ല. അവരുടെ പതിവ് കൽപ്പിക്കുകമാത്രമാണ്........അവരുടെ യത്നങ്ങൾ കുഴപ്പത്തിലവസാനിക്കും; അവർ ശക്തിയുപയോഗിക്കും. അവർ പരാജയപ്പെടും. ജനങ്ങൾ അവരെ വെറുക്കും" പെറോൺ പറഞ്ഞവസാനിപ്പിച്ചു. അരാംബ്യുരു വേണ്ട പ്രതിരോധ നടപടികളെടുത്തിട്ടുണ്ടു്, പെറോണിന്റെ തിരിച്ചുവരവിനെ അകററിനിർത്തുവാൻ.

കുറെ ആഴ്ചകൾക്കുമുമ്പു് പെറോണിന്റെ സിക്രട്ടറി റാഡിഗ്ലിയ പെട്ടെന്നു ബ്യൂനൊ അയേർസിൽ പ്രത്യക്ഷനായി. ഇന്നു അരാംബ്യുരു ഗവർമ്മേണ്ടിന്റെ തടവുകാരനാണദ്ദേഹം. പത്രലേഖകന്മാർക്കനുവാദം കിട്ടി റാഡിഗ്ലിയയെ സന്ദർശിക്കുവാൻ. "പെറോൺ ഭ്രാന്തിന്റെ വക്കത്തെത്തിയിരിക്കുന്നു" അദ്ദേഹം പറഞ്ഞു. റാഡിഗ്ലിയയും പെറോൺന്റെ ഒരാത്മകഥ എഴുതുവാൻ പോകുകയാണത്രെ. ആ ഗ്രന്ഥത്തിന്റെശീർഷകം 'ശക്തിയുണ്ടായിരുന്ന മൃഗം' എന്നായിരിക്കുമത്രെ.

അദ്ധ്യായം:

മൂന്നു്.

# ബൊളീവിയ.

—ലോഹരാജ്യം.

If the soup had been as warm as the wine,
the wine as cold as the chicken,
and the chicken as fat as the hostess—
well, it would have been pretty good."

-NEW YORK POST.

"The faults of others are like the
headlights on a motor car. They only
seem more glaring than our own"

—HUDSON NEWSLETTER.

"മനുഷ്യഞരമ്പുകളിൽ മുഴവനും രക്തമാണ്, ബൊളീവി യയുടെ ഞരമ്പുകളിൽ മുഴവൻ ലോഹവും" ഒരു സഞ്ചാരി എഴുതി. അതൊരു കണ്ടുപിടുത്തമായിരുന്നില്ല. സ്പെയിൻകാർ വരുന്നതിന്നെത്രയോ മുമ്പുതന്നെ സ്വർണ്ണവും വെള്ളിയും ഖനിച്ചെടുക്കുന്ന ഏർപ്പാട് അവിടെ തുടങ്ങിയിരുന്നു. ലോകത്തിനുകിട്ടുന്ന ടിന്നിൽ നാലിലൊരുഭാഗം അവിടെനിന്നാണ്. ആൻടിമണി, ബിസ്മത്ത്, ഈയം, വോൾഫ്രാം എന്നിവ സുലഭമാണവിടെ. ഫലപുഷ്ടിയുള്ള താഴ്‌വരകളിൽനിന്നു ധാരാളം കാപ്പിയും കൊക്കോവും പുകയിലയും ചോളവും കരിമ്പും ലഭിക്കുന്നുണ്ട്. കണ്ടെത്താത്തതും ഉപയോഗപ്പെടാത്തതുമായ ധാരാളം പ്രകൃതിസമ്പത്തവിടെ ഒളിഞ്ഞു കിടപ്പുണ്ട്.

തെക്കെ അമേരിക്കൻ വിമോചനനേതാവായ സൈമൺ ബൊളിവാറിൻെറ പേരാണ് ബൊളീവിയിക്ക്. വൻകരയിലെ മൂന്നാമത്തെ വലിയ രാജ്യമാണിത്. ആൻഡീസ്‌നിരകളും (2000 അടി ഉയരം) ചാക്കോ മൈതാനങ്ങളും, അമേയ്സോൺ വനങ്ങളും ബൊളീവിയയെ മററു രാജ്യങ്ങളിൽനിന്നും വേർതിരിക്കുന്നു. മൂന്നിൽ ഒരു ഭാഗം മലകളാണ്. രണ്ടു ഭാഗം താഴ്ന്ന മൈതാനങ്ങളും. കടൽക്കരയില്ലായ്മയും യാത്രാസൗകര്യമുള്ള നദികൾ പുറംരാജ്യങ്ങളിൽക്കൂടിയാണ് ഒഴുകുന്നതെന്നതും ബൊളീവി

യയുടെ കച്ചവടത്തിന്നു വിഘാതമാണ്. ആരെയും കടിച്ചുതിന്നു വാൻ തയ്യാറെടുത്ത, സാമ്രാജ്യം സ്വപ്നംകാണുന്ന പരാഗ്വെയും, ആർജൻടീനയും, ചിലിയും, ബ്രസീലും, പെറുവുമാണ് ചുററും. ജനത രണ്ടു തരത്തിലാണ്: സ്പാനിഷ് ഭാഷ സംസാരിക്കുന്ന ഭരിയ്ക്കുന്ന വെള്ളക്കാർ, ഭരണവിധേയരായ റെഡ്ഇന്ത്യർ. കുറച്ചു മിശ്രവർഗ്ഗജരായ മെററിസോകളുമുണ്ട്. സ്പെയിൻകാരേയും റെഡ്ഇന്ത്യരേയും വിഭജിയ്ക്കുന്നതു് ഭാഷാപരവും സാമ്പത്തികവും സാംസ്കാരികവുമായ വ്യത്യാസങ്ങളാണ്. കഴിഞ്ഞ 400 വർഷങ്ങളായി വെള്ളക്കാർ ഭരിയ്ക്കുവാൻ തുടങ്ങിയിട്ട്. ഒന്നാന്തരം സ്പാനിഷ് മാതൃകയിലുള്ള നഗരങ്ങൾ പണിതെടുത്തതും പുതിയ സാഹിത്യത്തിന്നു രൂപം നല്കിയതും അവർതന്നെ. ദേശഭക്തരായ ബൊളീവിയക്കാർ യുദ്ധംചെയ്തു—അനേകം യുദ്ധങ്ങൾ—നാടിൻെറ രക്ഷക്കായി. പക്ഷേ തോൽവിയും സ്ഥലനഷ്ടവുമായിരുന്നു അവർക്കു ലഭിച്ച സമ്മാനങ്ങൾ. ബെനി, മാമോറി, പിൽകൊമോയ, ദേശഗ്വാഡിറൊ എന്നീ നദികൾ ചെറുതാണ്, ജനനിബിഡമായ പ്രദേശങ്ങളിൽനിന്നകലെയാണ്. അതിനാൽ ഗതാഗതത്തിന്നുതകുന്നില്ല. 2664 ചതുരശ്രനാഴിക വലിപ്പമുള്ള, സമുദ്രപ്പരപ്പിൽനിന്നു 2¼നാഴിക ഉയരത്തിൽ പരന്നുകിടക്കുന്ന, ടിററിക്കാക തടാകം ലോകത്തിലെ ഏററവും ഉയരത്തിൽ കിടക്കുന്ന യാത്രാസൗകര്യമുള്ള ജലാശയമാണ്. തടാകജലം ചൂടു വലിച്ചെടുക്കുന്നതിനാൽ കാലാവസ്ഥ സുഖാവഹമാണ്. തടാകത്തിന്നടുത്ത് 12,800 അടി ഉയരത്തിൽ ഗോതമ്പു വിളയുന്നുണ്ടെന്നതു അത്ഭുതകരമത്രേ. ടൂറിസ്റ്റ് കേന്ദ്രമാണ് ഈ പ്രദേശം.

## എല്ലാററിലും പിന്നിൽ

5,06,792 ചതുരശ്രനാഴിക വിസ്തീർണ്ണവും 40 ലക്ഷം ജനങ്ങളുമുള്ള ഈ രാജ്യം എന്തിലും പിന്നണിയിലത്രെ. 80 ശതമാനം ജനങ്ങളും നാട്ടിൻപുറങ്ങളിലാണ് താമസം. പ്രധാന വിമാന

ത്താവളം 13,300 അടി ഉയരമുള്ള 'ആറംട്ടിപ്ളാനൊ'വിലാണ്. അവിടെനിന്നും വേഗത്തിൽ പെട്രോളിൻെറ സഹായമില്ലാതെ കാറിൽ ലോകത്തിലെ ഏററവും പൊക്കംകൂടിയ, 12000 അടി ഉയരമുള്ള, ലാപാസ്സ് തലസ്ഥാനനഗരിയിലെത്താം. ലാപാസ്സ് നിവാസികറംക്ക് ഒരു പ്രത്യേകതയുണ്ട്–ചിലപ്പോളവർ ഐസു പോലെ തണുത്തവരാണ്, ചിലപ്പോറം അവരുടെ വികാരങ്ങറം പെട്രോറംപോലെ ക്ഷണത്തിൽ ആളിക്കത്തുന്നു. ഉയരമാണി തിന്നു കാരണം. സാങ്കേതികമായി പറഞ്ഞാൽ, ലാപാസ്സല്ല തല സ്ഥാനം. കത്തോലിക്ക മെത്രാപ്പോലീത്തയുടേയും സുപ്രീംകോട തിയുടേയും ഇരിപ്പിടം സുക്രിയിലാണ്. ലാപാസ്സ് ഗവമ്മേണ്ട കേന്ദ്രംമാത്രം. സുക്രി 'ചാക്കാസ്' 'ചുക്കിസാക' എന്നീ പേരു കളുപേക്ഷിച്ചാണ് സുക്രിയായതു്, രാഷ്ട്രീയ പ്രവത്തനങ്ങളുടെ ഞരമ്പുകറംകേന്ദ്രീകരിയ്ക്കുന്നതു് കോച്ചബോംബയിലാണ്. എന്തായാലും,ഫാക്ടറികളും തീവണ്ടിപ്പാതകളും നഗരങ്ങളുമുള്ള,മലകറംക്ക മുകളിൽ ഉയരത്തിൽ തങ്ങിനില്ക്കുന്ന, ഇതുപോലുള്ള ഒരു പീഠഭൂമി ലോകത്തിലെങ്ങുമില്ല. ഡികോക്ക് എന്ന സന്ദശ്കൻ തട്ടിവിട്ടു: 'കപ്പലുകറംകൂടി ഇവിടെ എത്തിയിരുന്നെങ്കിൽ!'

തീവണ്ടിയും കാറംം വിമാനവും ഉണ്ടെങ്കിലും ഭാരം വഹിയ്ക്കു ന്നതു് ലാമതന്നെ. ലാമ തിബത്തിലെ ലാമയല്ല; നാലഞ്ചടി പൊക്കവും ഒട്ടകത്തെപ്പോലെ കഴുത്തും തലയും കഴുതയെപ്പോലെ ഉടലുമുള്ള ഒരു മൃഗമാണ്. വെള്ളം കുടിയ്ക്കാതെ പല ആഴ്ചകറം ജീവിയ്ക്കും, എത്രവലിയ കയററവും ഭാരംവഹിച്ചുകൊണ്ടു കയറും. അധികം തല്ലുകയോ ഭാരം കയററുകയോ ചെയ്താൽ ലാമയ്ക്കു കോപം വരും. ലാമ കോപിച്ചാൽ മനുഷ്യൻെറ മുഖത്തേയ്ക്കു തന്നെ തുപ്പും. ഇത്രയധികം ദുഷിച്ച മണമുള്ള തുപ്പൽ മറെറാരു ജീവിയ്ക്കില്ലെന്നാണ് അനുഭവസ്ഥന്മാർ ഐകകണ്ഠ്യേന അഭിപ്രാ യപ്പെടുന്നതു്.

## ജ്ഞാനം, വിനോദം

വത്തമാനപ്പത്രങ്ങരം ചുരുക്കമൊണ്° ബൊളീവിയയിൽ. 900 പേക്കുകുടി ഒരു ടെലഫോണേയുള്ളു. 40 ലക്ഷം ജനങ്ങളിൽ 53% റെഡ്ഇന്ത്യരാണ്°, 13% വെള്ളക്കാർ, 34% മെററിസോകരം. രാഷ്ട്രീയ-സാമ്പത്തിക പരമാധികാരം വെള്ളക്കാരൻെറ കുത്തകയാണ്°. സാമൂഹ്യ രക്ഷാനിയമങ്ങളില്ല. വെള്ളക്കാർ നാട്ടുകാരെക്കൊണ്ട്° അടിമകളെപ്പോലെ വേലയെടുപ്പിയ്ക്കുന്നു. 70% വിദേശനാണയം ലഭിക്കുന്നതു° ടിൻ കയററുമതിയിൽനിന്നാണ്°. ഗവമ്മേണ്ടു വരുമാനത്തിൽ പകുതിയും ടിൻ വ്യവസായങ്ങളിൽനിന്നുതന്നെ. ലാപാസ്സിന്നു പുററമാണ്° 75% വ്യവസായങ്ങളും സ്ഥിതിചെയ്യുന്നതു°. 6 സവ്വകലാശാലകളുണ്ട്°. പൗരാണിക റെഡ്ഇന്ത്യൻ സംസ്കാരവും കലാകൗശലങ്ങളും വേണ്ടവിധം പ്രദശിപ്പിക്കുന്ന ലാപാസ്സ്° ദേശീയ മ്യൂസിയം പേരെടുത്തതാണ്°. ഔദ്യോഗികമതം റോമൻ കത്തോലിക്ക മതംതന്നെ. 80% ആളുകരംക്കും എഴുത്തും വായനയും വശമില്ല. 5 ലക്ഷം കുട്ടികളിൽ 2% മാത്രമെ വിദ്യാലയങ്ങളിൽ പോകുന്നുള്ളു. 'കാർണിവൽ' ഉത്സവങ്ങളും പെരുന്നാളുകളുമാണ്° തമാശയ്ക്കും നേരംപോക്കിനുമുള്ള വഴി. 'ആഷ്°വെൻസ്°ഡേ'യും, ബൊളീവാർസ്വാതന്ത്ര്യദിനങ്ങളും (ആഗസ്റ്റ്° 5 തൊട്ടു° 7 വരെ.) പുണ്യവാളന്മാരുടെ ദിനങ്ങളും ഏററവും കെങ്കേമമായി കൊണ്ടാടുന്നു. പെരുന്നാരം ദിവസം സദ്യയ്ക്കും മതപരമായ നൃത്തങ്ങരംക്കും റെഡ്ഇന്ത്യൻ നൃത്തങ്ങരംക്കും ഭൂമിദേവിയ്ക്കു നിവേദ്യമപ്പിക്കുന്നതിന്നും പ്രാധാന്യമുണ്ട്°. ദേശീയകളികളാണ്° ഫുട്ട്°ബോരം, സ്കീയിങ്ങ്°, കുതിരപ്പന്തയം, മീൻപിടുത്തം എന്നിവ. രണ്ടു കുറവുകളാണ്° ബൊളീവിയയ്ക്കു°: ഗതാഗതസൗകര്യക്കുറവു°, ജനസംഖ്യ പോരായ്മ. റെഡ്ഇന്ത്യൻ രക്തമുള്ള പണ്ടത്തെ സാധുക്കച്ചവടക്കാരനായ സൈമൺ പാററിനൊ ലോകത്തിലെ കോടീശ്വരന്മാരിൽ എണ്ണപ്പെട്ട

വ്യക്തിയാണ്, ലോകത്തിലെ വലിയൊരു ടിൻരാജാവാണ്. ബൊളീവിയയിലും പുറംരാജ്യങ്ങളിലും അനേകം ടിൻഖനികൾ സ്വന്തമായുണ്ടദ്ദേഹത്തിന്ന്.

## ചരിത്രം

പെറുവിൻെറ കീഴിൽ ഒരു സ്പാനിഷ് പ്രവിശ്യയായിരുന്ന ഈ പ്രദേശത്തിന്നു 1825_ലാണ് (സ്വാതന്ത്ര്യം നേടിയ ശേഷം) ബൊളീവിയ എന്ന പേരു കിട്ടിയതു്. 1933–ലെ ഭരണഘടന 1825_ലെ ഭരണഘടനയെ പാടെ മാററി. 4 കൊല്ലത്തേയ്ക്കു ജനങ്ങൾ തിരഞ്ഞെടുത്ത പ്രസിഡണ്ടു ഭരിയ്ക്കുന്നു. പ്രസിഡണ്ടു സ്ഥാനം ഉപേക്ഷിച്ചതിന്നുശേഷം 4 കൊല്ലം കഴിഞ്ഞാൽ അയാൾക്കു രണ്ടാമതും തിരഞ്ഞെടുപ്പിന്നു നിൽക്കാം. പ്രസിഡണ്ടിൻെറ ഭരണസമിതിയിൽ 9 മന്ത്രിമാരുണ്ടായിരിക്കും. 27 അംഗങ്ങളുള്ള സെനററും 70 അംഗങ്ങളുള്ള ജനപ്രതിനിധിസഭയും കൂടിയതാണ് കോൺഗ്രസ്സ്. പ്രസിഡണ്ടു് മന്ത്രിമാരേയും പ്രവിശ്യകളിലെ പ്രീഫെക്ററുമാരേയും കാൻടനുകളിലെ 'കൊറിജിഡോർ' മാരേയും നിയമിക്കുന്നു.

## ഭൂപടം മായ്ച്ചു

ഒരു കഥ: ബൊളീവിയയിലെ സ്വേച്ഛാധികാരി മാൽഗരീനൊ ബ്രിട്ടീഷ് സ്ഥാനപതിയെ ഒരിക്കൽ പരിഹസിച്ചു. മാത്രമല്ല, അയാളുടെ വസ്ത്രങ്ങളെല്ലാം അഴിച്ചുകളഞ്ഞു് നഗ്നനാക്കി കഴുതപ്പുറത്തിരുത്തി പട്ടണത്തിൽനിന്നും പറഞ്ഞയയ്ക്കുകയും ചെയ്തു. ഇതു കേട്ട് കുപിതയായ വിക്ടോറിയാ രാജ്ഞി ബ്രിട്ടീഷ് ഭൂപടങ്ങളിൽനിന്നും ബൊളീവിയാരാജ്യം നീക്കംചെയ്യാൻ ഉത്തരവിടുകയും അതുപ്രകാരം ബ്രിട്ടീഷ് ഭൂപടങ്ങളിൽ ബൊളീവിയ രാജ്യം ഇല്ലാതാകുകയും ഉണ്ടായത്രെ. കെട്ടുകഥയാകാനേ വഴിയുള്ളൂ. ബൊളീവിയയെപ്പോലെ ഇത്രയധികം റെയ്സിന്ത്യരുള്ള

മററൊരു രാജ്യം ലത്തീൻ അമേരിക്കയിലില്ല. 6-ാംശതകത്തിനും 9-ാംശതകത്തിനും മദ്ധ്യേയാണ് ഇവിടെ റെസ്റ്റിന്ത്യൻ ടിയാഹ്വനാകൊ സംസ്കാരം പൂർണ്ണവളർച്ചയിലെത്തിയതു്. ആ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ ചരിത്രഗവേഷകർ ടിററിക്കാക തടാക പ്രദേശത്തിലെ ഒരു മണ്ണടിഞ്ഞ റെസ്റ്റിന്ത്യൻ പട്ടണത്തിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. റെസ്റ്റിന്ത്യർ കചീച്വാഭാഷയോ ഐമാര ഭാഷയോ സംസാരിക്കുന്നു, അകലെയകലെയുള്ള ഗ്രാമങ്ങളിൽ താമസിക്കുന്നു. അവർക്ക് അക്ഷരജ്ഞാനമില്ല, സ്പനിഷ് ഭാഷ അറിയില്ല, രാഷ്ട്രഭരണത്തിൽ പങ്കില്ല, എത്ര ദരിദ്രരായാലും കൂലിപ്പണിക്കിറങ്ങില്ല, വെള്ളക്കാരുമായി സമ്പർക്കമില്ല. അവർ ഒഴിഞ്ഞുമാറി പണ്ടത്തെപ്പോലെ ഉള്ള സ്ഥലം കൃഷിചെയ്തു സന്തുഷ്ടരായി ജീവിക്കുന്നു.

## ഒരു പ്രശ്നം

ജോൺ ഗന്തറോട്ട് അറിവുള്ള ഒരു വ്യക്തി പറഞ്ഞു: "ബൊളീവിയ ഒരു രാജ്യമല്ല, ഒരു പ്രശ്നമാണ്" എന്നു്. ശരിയാണ്. ബൊളീവിയ സ്വന്തം സ്ഥലംതന്നെ വേണ്ടവിധം കീഴ്പെടുത്തിക്കഴിഞ്ഞിട്ടില്ല. അതിർത്തികൾ ഇന്നും ഭരണാധിപന്മാർക്ക് തലവേദനയുണ്ടാക്കുന്നുണ്ട്. സ്പെയിൻകാർ വരുന്നതിനു മുമ്പ് റെസ്റ്റിന്ത്യൻ 'ഇങ്ക' സാമ്രാജ്യത്തിന്റെ ഒരു ഭാഗമായിരുന്നു ഈ പ്രദേശം. സ്പെയിൻകാർ റെസ്റ്റിന്ത്യരെ ചൂഷണം ചെയ്തു, പീഡനങ്ങളേല്പിച്ചു. റെസ്റ്റിന്ത്യർ അഴിച്ചുവിട്ട വിപ്ലവങ്ങൾ നിഷ്ഫലങ്ങളായി. വളരെ ഏറെ റെസ്റ്റിന്ത്യർ മരിച്ചു. 1825-ൽ ബോളിവാർ സ്പെയിൻസൈന്യത്തെ തോല്പിച്ച് ബൊളീവിയയ്ക്കു സ്വാതന്ത്ര്യവും തന്റെ പേരും നൽകി. അതിനു ശേഷമാണ് അശക്തയായ ബൊളീവിയ അതിർത്തിപ്രദേശങ്ങൾ കവർന്നെടുക്കുന്ന അയൽരാജ്യങ്ങളുമായി യുദ്ധത്തിൽ ഏർപ്പെട്ടതു്. ഫലം: പകുതി രാജ്യവും നഷ്ടപ്പെട്ടു. ശാന്തസമുദ്രതീരയുദ്ധത്തിൽ തീര

പ്രദേശം ചിലിക്ക കൊടുക്കേണ്ടിവന്നു. 1899_ലെ യുദ്ധത്തിൽ ചാക്കോ പ്രദേശം ആർജൻടീനയ്ക്കു കൊടുത്തു. 1903-ലെ യുദ്ധത്തിൽ ആക്രിഭാഗം ബ്രസീലിനു വിട്ടുകൊടുത്തു. 1933_38ൽ പരാഗ്വെയുമായുള്ള യുദ്ധത്തിൽ കിഴക്കെ ഭാഗം നഷ്ടപ്പെട്ടെങ്കിലും നഷ്ടപരിഹാരം ലഭിച്ചു. ഐക്യനാടുകളും ബ്രിട്ടനുമാണു് മദ്ധ്യസ്ഥതയ്ക്കു വന്നതു്. 1935_നു ശേഷം പല പ്രാവശ്യവും വിപ്ലവങ്ങൾ മുഖേന പുതിയ പുതിയ ഗവമ്മേണ്ടുകൾ വന്നു. ഇന്നു് വിക്ടർ പാസ്സ് എസ്റ്റൻസൊറോയാണു് പ്രസിഡണ്ടു്. ഐക്യനാടുകളിൽനിന്നും പണം കൊടുക്കാതെ കിട്ടിയ ഗോതമ്പും 170 ലക്ഷം ഡോളർ കടവും, താൽക്കാലിക വിഷമതകൾ നീക്കി ബൊളീവിയയ്ക്കു ഭദ്രത കൈവരുത്തുവാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടു്. എങ്കിലും ദാരിദ്ര്യവും, ടിൻവിപണികൾ ലോകത്തിലെവിടെയും കരസ്ഥമാക്കുവാനുള്ള മററു രാഷ്ട്രങ്ങളുടെ കിടമത്സരവും, ഗവമ്മേണ്ടിനോടുള്ള യാഥാസ്ഥിതികരുടെ എതിർപ്പും, കമ്യൂണിസ്റ്റുകാരുടെ തന്ത്രങ്ങളും, ട്രഷറിയിൽ ആവശ്യത്തിനു പണമില്ലെന്നുള്ളതും ബൊളീവിയയിൽ കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിയ്ക്കുകയേയുണ്ടായുള്ളു.

## എണ്ണ ഒന്നാംസ്ഥാനത്തേയ്ക്കു്

പ്രസിഡണ്ടു് എസ്റ്റൻ സൊറൊ ബൊളീവിയയുടെസമ്പത്തു് വ്യവസ്ഥയ്ക്കു് കെട്ടുറപ്പു നല്കുവാൻ കഴിഞ്ഞ നവമ്പറിൽ തീരുമാനമെടുത്തു. ബൊളീവിയയുടെ സാമ്പത്തിക ക്ഷേമത്തിന്റെ നട്ടെല്ലു് 'ടിൻ' ആണു്. അതുപററില്ല. ടിന്നിന്റെ വിലയിടിഞ്ഞാൽ? ബൊളീവിയക്കാർ സാമ്പത്തികത്തകച്ചയുടെ കടുത്ത കഷ്ടാരിഷ്ടങ്ങൾ സഹിക്കേണ്ടിവരും. മററു ഖനിജ വിഭവങ്ങൾ കണ്ടെത്തി, ഖനിച്ചെടുത്തു്, കയററി അയക്കുവാനാണു് പുതിയ എസ്റ്റൻസൊറൊ പദ്ധതി. പക്ഷെ പദ്ധതിയുടെ നടത്തിപ്പിനു് മൂലധനം ആവശ്യമാണു്. വിദേശമൂലധനം കൈകാട്ടിവിളിക്കു

ന്നതിന്നുതകിയതല്ല നിലവിലിരിക്കുന്ന ബൊളീവിയൻ നിയമങ്ങൾ. അതുകൊണ്ടു് സാധുക്കളുടെ രാജ്യമായ ബൊളീവിയ ഒരു പുതിയ നിയമം കൊണ്ടുവന്നു. എണ്ണ ഖനിച്ചെടുക്കുവാനുള്ള സാദ്ധ്യതകൾ വളരെയുണ്ടു് ഈ രാജ്യത്തു്. നിയമം: ബൊളീവിയയ്ക്കു ലഭിക്കണം 11% ക്രൂഡ് ഓയിൽ, ലാഭത്തിൻെറ 30%, ഒരേക്കർ സ്ഥലത്തിനു് വളരെ കുറഞ്ഞ നികുതി. ഈ വ്യവസ്ഥകൾ വിദേശക്കമ്പെനികൾക്കു് സ്വീകാര്യമാണു്. ബൊളീവിയയിലെ കയററുമതിയിൽ 'ടിൻ' ഒന്നാം സ്ഥാനവും എണ്ണ രണ്ടാം സ്ഥാനവും അർഹിക്കുന്നു. താമസിയാതെ എണ്ണ ഒന്നാംസ്ഥാനം കരസ്ഥമാക്കും എന്നാണു് പ്രസിഡണ്ടു് എസ്റ്റർ സൊറൊയുടെ പ്രതീക്ഷ.

ബൊളീവിയയിലെ ഭരണകക്ഷിയാണു് 'ദേശീയ വിപ്ലവ പ്രസ്ഥാന' പാർട്ടി. 1952–ൽ അധികാരത്തിൽ വന്നു ഈ പാർട്ടി. ഈ പാർട്ടിയുടെ രണ്ടു വിഭാഗങ്ങളാണു് മദ്ധ്യവർത്തികളായ ഇടതുപക്ഷവും ജുവാൻ ലെക്കിൻെറ കീഴിലുള്ള ട്രോട്ട്സ്കി പക്ഷക്കാരും. പ്രസിഡണ്ടു് എസ്റ്റൻ സൊറൊയും വിദേശമന്ത്രിയായ സാമൂഹ്യശാസ്ത്ര പ്രൊഫസ്സർ ഗുവാരയും ആണു് ഭരണകക്ഷിയുടെ നേതാക്കന്മാർ. ഡെമോക്രാററായ ഗുവാരയെ പാർട്ടി കൺവെൻഷണിൽവെച്ചു് ലെക്കിൻ എതിർത്തു. അദ്ദേഹത്തിൻെറ 'ഐക്യ സംസ്ഥാന മോഡൽ ഡെമോക്രസി'യോടുള്ള അനുഭാവത്തെ ആക്ഷേപിച്ചു. ഗുവാര രാജിവെച്ചു.

## പൊതുമാപ്പ്

വരുവാനിരിക്കുന്ന സ്വതന്ത്രമായ പൊതുതിരഞ്ഞെടുപ്പിൻെറ നാന്ദിയായി പ്രസിഡണ്ടു് എസ്റ്റൻസൊറൊ ഒരു പ്രഖ്യാപന

മിറക്കി: "എല്ലാ രാഷ്ട്രീയ തടവുകാക്കം പൊതുമാപ്പ്." പിറെറ ദിവസം സാൻ പീദ്രൊ ജയിലിൻെറ ഇരുമ്പുകവാടങ്ങറം തുറക്കപ്പെട്ടു. 300 രാഷ്ട്രീയ തടവുകാർ പുറത്തേയ്ക്കു കടന്നു, സ്വാതന്ത്ര്യത്തിലേയ്ക്കുനീങ്ങി. ജയിലിൽവെച്ചുണ്ടാക്കിയ ചെറിയ 'വയലിൻ' സംഗീതോപകരണങ്ങളും ചെറിയ പേനാക്കത്തികളും കയ്യിൽപിടിച്ചുകൊണ്ടാണ് രാഷ്ട്രീയ തടവുകാർ സ്വാതന്ത്ര്യത്തിൻെറ വെളിച്ചത്തിലേയ്ക്ക് കടന്നതു്. വിമോചിതരായ രണ്ടു രാഷ്ട്രീയ നേതാക്കന്മാരാണ് പൊക്കംകൂടിയ സുന്ദരനായ, സോഷ്യലിസ്റ്റ് ഫലാൻഗ് തലവൻ ഗുസ്റ്റാവൊസ്റ്റംഫ്ം, ട്രോട്സ്കിയുടെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന തൊഴിലാളി വിപ്ലവസംഘടനയുടെ തലവൻ ഗില്ലർമൊ ലോറയും.

## പ്രസിഡണ്ട് സുയാസു

പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ ഗവമ്മേണ്ട് സ്ഥാനാത്ഥി ഹെർനാൻ സുയാസു ജയിക്കുമെന്നു തീച്ച്യയായിക്കഴിഞ്ഞു, സോഷ്യലിസ്റ്റ് ഫലാൻഗ് പാർട്ടി തങ്ങളുടെ സ്ഥാനാത്ഥികളെ പിൻവലിച്ചതുകൊണ്ടു്. 42 വയസ്സുകാരൻ, പഴയ പ്രസിഡണ്ടിൻെറ മകൻ സുയാസു വിജയിയായി. യുദ്ധം, രക്തച്ചൊരിച്ചൽ, നാടുകടത്തൽ, വിപ്ലവം എന്നിവയിൽകൂടി കടന്നുവന്ന സുയാസു ഒരു ധീരയോദ്ധാവാണ്, ധൈര്യപ്പക്കാരനാണ്. കണ്ണിൻെറ കാഴ്ച കുറവ് തുണവൽകരിച്ച് അദ്ദേഹം 'ചാക്കൊ' യുദ്ധത്തിൽ പൊരുതി, മുറിവേററ് ആസ്പത്രിയെ അഭയം പ്രാപിച്ചു. അന്നദ്ദേഹത്തിനു് 20 വയസ്സു പ്രായമേയുണ്ടായിരുന്നുള്ളു. തുടൻു രണ്ടു ഗവമ്മേണ്ടുകറം അദ്ദേഹത്തെ നാടുകടത്തുകയുണ്ടായി. പിന്നെയും രണ്ടു പ്രാവശ്യം അദ്ദേഹം സ്വരാജ്യത്തുനിന്നോടിപ്പോയി, തടവുശിക്ഷയിൽനിന്നും രക്ഷപ്പെടുവാൻ. 1951ൽ അദ്ദേഹം തിരിച്ചുവന്നു, പ്രസിഡണ്ടു തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ. സൈന്യ

നേതാക്കന്മാർ തിരഞ്ഞെടുപ്പു റദ്ദ് ചെയ്തപ്പോഠം സുയാസു തൻെറ കീഴിലുള്ള തൊഴിലാളികളെ വിപ്ലവത്തിലേയ്ക്കു നയിച്ചു. മൂന്നു ദിവ്സം നീണ്ടുനിന്ന ഒരു യുദ്ധംവഴി സൈന്യനേതാക്കന്മാരേയും സൈന്യത്തേയും അദ്ദേഹം തുലച്ചു. പ്രസിഡണ്ട് എസ്റ്റൻസൊറോയുടെ കീഴിൽ അദ്ദേഹം രാഷ്ട്രത്തിൻെറ വൈസ് പ്രസിഡണ്ടായി ജോലിനോക്കി. ഇന്നദ്ദേഹം ബൊളീവിയയിലെ പുതിയ പ്രസിഡണ്ടാണ്.

---

അദ്ധ്യായം:

നാല്.

# പരാഗ്വേ.

—പഴയ-പുതിയ രാജ്യം.

"No, sir!" said the Red Indian.
"You know how, when you first
came to this village, you say
my Indian name is bad name, and
you sprinkled water over me and
say my name is now John. Well, Sir,
I walk in the forest today, I see Labba
and I shoot him. Before he die, I throw
water over him and I say 'Labba be bad name,
you be fish'. And so now I eat fish, sir! ".

—DAVID ATTENBOROUGH.

സന്ദർശകരുടെ ഓർമ്മയിൽ തനിയെ, വീഞ്ഞിന്റെ പരിമളംപോലെ, തങ്ങിനില്ക്കുന്ന സ്വർഗ്ഗീയരാജ്യമത്രെ പരാഗ്വെ. അതിനു ചില കാരണങ്ങളുണ്ടു്. അവിടെ മാത്രമേ അധികം വസ്ത്രം ധരിക്കാത്ത റെഡ്ഡിന്ത്യരും, അരഞ്ഞരഞ്ഞുനീങ്ങുന്ന കാളവണ്ടിയും പഴയ കാറുകളും ഒന്നാന്തരം വെള്ളിച്ചായമിട്ട സഞ്ചാരവിമാനവും ഒരേസമയം ഒരുമിക്കുന്നതായി കാണുകയുള്ളു. പുതിയതും പഴയതും കൂടിച്ചേരുന്നു അവിടെ. ആപ്പീസുസമയം കാലത്തു് 8 തൊട്ടു് 11വരെ. മഴ പെയ്യുന്നുണ്ടെങ്കിൽ നേരത്തെതന്നെ തീർച്ചപ്പെടുത്തിയ കൂടിക്കാഴ്ചകൾ വേണ്ടെന്നുവെക്കും. യാതൊരു ധൃതിയും കൂടാതെ സ്ത്രീകൾ നീണ്ട പുകയിലകൾ തുടയിന്മേൽവെച്ചു് ഉരുട്ടി ചുരുട്ടുകളാക്കി വലിക്കുന്നതുകാണാം. 1,75,000 ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഈ രാജ്യത്തു് 20 ലക്ഷം ജനങ്ങളുണ്ടു്. പകുതി പേരും നിയമവിധേയമായ വിവാഹബന്ധത്തിൽ പിറന്നവരല്ലെന്നാണു് ജോൺ ഗന്തറുടെ അഭിപ്രായം. പ്രമാണിയായ ഒരു ജനറലിനു 80 കുട്ടികളെങ്കിലും കാണുമത്രെ. പൊതുവെ പറഞ്ഞാൽ ഓരോരുത്തരും മററോരോരുത്തരോടും ഏതെങ്കിലും വിധത്തിൽ രക്തബന്ധമുള്ളവരാണു്. തമാശപറഞ്ഞു ചിരിച്ച സമയംപോക്കുവാനാണവരുടെ വാസന. കളിക്കുപ്പായമണിഞ്ഞ (ശരീരത്തിന്റെ അധികം ഭാഗവും പുറത്തായിരിക്കും) അമേരിക്കൻ വനിതയെ

കല്ലെറിയുവാൻകൂടി അവർമടിയ്ക്കില്ല. കുറേ കാലത്തേയ്ക്കു സ്വേച്ഛാധികാരി ഫ്രാൻസിയ പരാഗ്വെയെ ലോകവുമായുള്ള ബന്ധത്തിൽനിന്നും അകററി നിർത്തി. സ്വേച്ഛാധികാരി സൊളാനൊ ലോപ്പസ് പാരീസ്സിൽ സൈനികശാസ്ത്രം പഠിച്ചതിന്നുശേഷം മടങ്ങിവന്നു് ദേശീയതയുടെപേരിൽ ആർജൻടീനയും ഉറുഗ്വെയും ബ്രസീലുമായി യുദ്ധംചെയ്തു. അയാറം മൂന്നു ശക്തികളേയും ഏതാണ്ടു് അടിച്ചമർത്തുമെന്ന മട്ടായി. അന്നത്തെ ആകെ ജനസംഖ്യ 10 ലക്ഷമായിരുന്നു. അതിൽ 28000 പുരുഷന്മാർ യുദ്ധത്തിൽ മരിച്ചു. കൂട്ടതലും സ്ത്രീകറം മാത്രമായി സാമൂഹ്യ-സാമ്പത്തികകാര്യങ്ങറം നോക്കുവാൻ.

## കാട്ടിൽ യുദ്ധം

വനനിബിഡമായ മൈതാനം. ഇരുഭാഗത്തും സൈന്യങ്ങറം. അവതമ്മിലുള്ള അകലം നൂറടിയാണെങ്കിൽപോലും ഒരു സൈന്യത്തിനു മററെ സൈന്യത്തെ കാണാൻ കഴികയില്ല. അതുകൊണ്ടു് ഇരുഭാഗക്കാരും കാടുകളും വൃക്ഷങ്ങളും വെട്ടിനീക്കുന്നു, ആ ശബ്ദം കേട്ടു മററേ സൈന്യം വെടിതുടങ്ങുമെന്നു കരുതി. അങ്ങനെയുള്ള ഇരുളടഞ്ഞ കാടുകളാണു് പരാഗ്വെയുടെ അതിർത്തിയിൽ. ഭടന്മാരുടെ വിഷമതകളോ? വളരെയധികം. ഉഷ്ണംകൊണ്ടു് ഓരോ രോമകൂപത്തിൽനിന്നും വിയർപ്പു പൊടിഞ്ഞൊഴുകുന്നു. വെള്ളം വളരെ അകലെനിന്നു കൊണ്ടുവരണം. കുടിയ്ക്കുവാൻ വെള്ളം കുപ്പിയിൽ അളന്നൊഴിച്ചു കൊടുക്കുകയാണു് —തണുപ്പില്ലാത്ത, പച്ചനിറമുള്ള, ചതുപ്പുനിലങ്ങളിൽനിന്നെടുത്ത, വെള്ളം. കുടിയ്ക്കുവാൻ തന്നെ മതിയാകാത്തപ്പോറം കുളി പതിവില്ലെന്നു പറയേണ്ടല്ലോ. വെള്ളം കുടിയ്ക്കാഞ്ഞാൽ ദാഹിച്ചു മരിയ്ക്കും. വെള്ളം കുടിച്ചാൽ രോഗംവന്നു മരിയ്ക്കും. യുദ്ധത്തിൽ പരാഗ്വെയ്ക്കു വളരെയധികം ആറംനാശം വന്നതിങ്ങനെയാണു്.

## വെള്ളച്ചാട്ടങ്ങൾ

ഇരുണ്ട, ആരും ചെന്നെത്താത്ത, വനങ്ങളുണ്ട്, പരാണ, പരാഗ്വെ എന്നീ നദികൾക്ക മദ്ധ്യത്തിലുള്ള 61,647 ചതുരശ്ര നാഴിക സ്ഥലത്ത്. ബാക്കിയുള്ളതു ചാക്കോ മൈതാനങ്ങളാണ്. തെക്കെ അതിർത്തിയായ പരാണനദിയിൽ ഭംഗിയേറിയ അനേകം വെള്ളച്ചാട്ടങ്ങളും നൂറു നാഴികയോളം നീണ്ടുകിടക്കുന്ന, വെള്ളം അതിശീഘ്രം ക്ഷുലംകുത്തി ഒഴുകുന്ന, 'റാപ്പിഡ്സ്.'കളും ഉണ്ട്. പിൽകോമോയൊ നദിയുടെ മദ്ധ്യഭാഗത്തിന്നു താഴ്ചയില്ലാത്തതിനാൽ ഗതാഗതത്തിന്നു പററില്ല; രണ്ടററവും കൊള്ളാം. പാസഡോസ് പട്ടണത്തിന്ന് 20 നാഴികയകലെയാണ് ഇഗ്വാസു വെള്ളച്ചാട്ടങ്ങൾ. മൂന്നു നാഴിക വീതിയിലാണ് പല പതനങ്ങളിലായുള്ള ഈ വെള്ളച്ചാട്ടങ്ങൾ. ഏററവും ഉയർച്ചയിലുള്ളതു 215 അടി മുകളിൽനിന്നാണ്. സുഖകരമാണ് കാലാവസ്ഥ. ഇരുമ്പ്, മാംഗനീസ്, ചെമ്പ്, ഗ്രാഫൈററ്, രസം, ഗന്ധകം, ചുണ്ണാമ്പ്, മാർബിൾ, പെട്രോൾ എന്നിവ സുലഭമായുണ്ട്. കാട്ടുനിത്തോപ്പുകളും കൃഷിപ്പാടങ്ങളും ധാരാളമുണ്ട്. 'യെർബമാതി' ചായ വ്യവസായവും മാംസവ്യവസായവുമാണ് പ്രധാനം.

## ഗ്വാറാനി റെഡ്ഇന്ത്യർ.

ആൻഡീസ് പർവ്വത പാർശ്വങ്ങളിലെ വൻകാടുകളിലാണ് പരാഗ്വെയിലെ ഗ്വാറാനി റെഡ്ഇന്ത്യർ അധിവസിക്കുന്നത്. പ്രകൃതിയോടലിഞ്ഞുചേർന്ന് പ്രകൃതിയുടെ മടിത്തട്ടിൽ സന്തുഷ്ടരായി കഴിച്ചുകൂട്ടുന്ന മറെറാരു റെഡ്ഇന്ത്യൻ വർഗ്ഗമില്ല തെക്കെ അമേരിക്കയിൽ.

പരാഗ്വെക്കാർ അവരെ മനുഷ്യരായിപ്പോലും ഗണിക്കാറില്ല. ജനസംഖ്യയെടുക്കൽ, നിർബ്ബന്ധ സൈനിക സേവനം, തിരഞ്ഞെടുപ്പ്— ഒന്നുംതന്നെ അവരെ അലട്ടുന്നില്ല. അല്ലലില്ലാത്ത ജീവിതം അവർ ആഹ്ലാദംകൊണ്ടു നിറക്കുന്നു.

ചിലപ്പോഴെല്ലാം അവർ വൻകാടുകളുടെ അതിർത്തിയിലെത്തുന്നു—പുരുഷന്മാർ കുതിരപ്പുറത്തും സ്ത്രീകളും കുട്ടികളും നടന്നും. കൂടെ അവർ മൃഗങ്ങളുടെ തോൽ കൊണ്ടുവരുന്നു, കച്ചവടക്കാൎക്ക് തോൽ കൊടുത്തു് തുണിയും നൂലും പുകയിലയും വാങ്ങുന്നതിനായി.

## മണ്ണിൻെറ മക്കൾ.

മണ്ണിൻെറ മക്കളായ അവരുടെ നിറം മണ്ണിൻേറതുതന്നെ. തലമുടിക്കും അതേനിറം. അവർ വളൎത്തുന്ന നായ്ക്കൾക്കും നിറവ്യത്യാസമില്ല. വെൽവെററ് രോമമുള്ള അവരുടെ കുതിരകൾ ഭംഗിയുള്ളവയാണു്. പരിഷ്കാരം തീണ്ടിയിട്ടില്ലാത്ത വനാന്തരങ്ങളിൽ അവർ നഗ്നരായി ജീവിക്കുന്നു.

പുരുഷന്മാർ തലമുടി നിറുകയിൽ കെട്ടിവെക്കുന്നു. സ്ത്രീകൾ തലമുടി കെട്ടിവെക്കാറില്ല. പരന്ന മൂക്ക്, പരന്ന മുഖം. നാം അവരെ അപരിഷ്കൃതവൎഗ്ഗക്കാരായി കണക്കാക്കുന്നു. അവരുടെ അഭിപ്രായത്തിൽ നമ്മളാണു് അപരിഷ്കൃതർ.

വേട്ടയാടികിട്ടിയ മാംസത്തിനു പുറമെ ചത്ത മൃഗങ്ങളുടെ ചീഞ്ഞു തുടങ്ങിയ മാംസവും അവർ ഭക്ഷിക്കുന്നു. പ്രധാനമായ ഭക്ഷണം ചോളമാണു്. ചോളത്തിൽ നിന്നെടുക്കുന്ന ബ്രാണ്ടിയാണു് 'ചിച'. 'ചിച' എത്ര കുടിച്ചാലും അവൎക്കു മതിവരില്ല. സ്ത്രീകൾ ഒരുമിച്ചിരുന്നു് ചോളം കടിച്ചു ചവക്കുന്നു, ചവച്ചതു് ഒരു മൺപാത്രത്തിലേക്കു തുപ്പുന്നു. ഇതിൽനിന്നാണു് 'ചിച' ഉണ്ടാക്കുന്നതു്. തേൻ അവൎക്കിഷ്ടമാണു്. മരത്തിന്മേൽ കയറി തേനെടുക്കുവാൻ ഈ കുഴിമടിയന്മാർ തയ്യാറില്ല. അവർ മരം വെട്ടി താഴെയിടും. എന്നിട്ടു് തേനെടുക്കും.

## പ്രസവവേദന ഭൎത്താവിനു്.

ഭാൎയ്യക്കു പ്രസവവേദന തുടങ്ങുമ്പോൾ, ഭൎത്താവു പായ വിരിച്ചു കിടക്കുന്നു, ഉറക്കെ കരയുന്നു. അയാൾക്കു വേദന സഹി

ക്കുന്നില്ല. കുട്ടി പിറന്നു കഴിഞ്ഞാൽ മാത്രം കരച്ചിൽ നില്ക്കുന്നു. അതു കഴിഞ്ഞാൽ 40 ദിവസം അയാറം വിശ്രമിക്കുന്നു, ഭാര്യ എണീററു നടന്നു ജോലികറം നോക്കിത്തുടങ്ങുന്നതുവരെ. അവ ക്കെണ്ണുവാൻ കഴിയും: ഒന്നു്, രണ്ടു്, മൂന്നു്, നാലു്—ഒരു കയ്യി ലെ വിരലുകറം നിവത്തിയെണ്ണിക്കഴിഞ്ഞു; തള്ളവിരൽ നീത്തില്ല. തള്ളവിരലിനു സ്ഥാനമില്ല അവരുടെ ഗണിതശാസ്ത്രത്തിൽ. നാലിൽ കൂടുതൽ എണ്ണണമെങ്കിൽ അതേ കൈവിരലുകറം തന്നെ വീണ്ടും ഉപയോഗിക്കണം—ഒരുകൈ ഒന്നു്, ഒരുകൈ രണ്ടു്, ഒരുകൈ മൂന്നു്, ഒരുകൈ നാലു്. വീണ്ടും അതേകൈതന്നെ കൂടുതലെണ്ണണമെങ്കിൽ—രണ്ടുകൈ ഒന്നു്...............അങ്ങിനെ.

“ഗവമേ്മണ്ടു അവരെ അത്ര കണക്കാക്കുന്നില്ല. പക്ഷെ അവരെ വെള്ളക്കാരൻെറ പരിഷ്കാരത്തിൽനിന്നും രക്ഷിക്കുന്നു, യൂറോപ്പിൽ കാടുകളിൽ ജീവിക്കുന്ന ‘ഫീസെൻട്’’ പക്ഷികളേയും നദികളിൽ തത്തിക്കളിക്കുന്ന സാൽമൺ മത്സ്യത്തേയും കാത്തുര ക്ഷിക്കുന്നപോലെ’’ എന്നാണു് ജുവാൻ സാഞ്ചെസ് പറയുന്നതു്.

## മതത്തിന്നു സക്കാർസഹായം.

20 ലക്ഷം ആളുകളുള്ളതിൽ 65 ശതമാനവും നാട്ടിൻപുറങ്ങ ളിലാണു്. സ്ത്രീകറം മുട്ടുവരെ ഇറങ്ങിക്കിടക്കുന്ന കുപ്പായവും, തലയും ചുമലും മറയ്ക്കുന്ന നീണ്ട ‘മാന്ത’യും ഉപയോഗിയ്ക്കുന്നു. പുരുഷന്മാർ ട്രൗസറും ഷർട്ടും ഇട്ടു പുറത്തേയ്ക്കു പോകുന്നു. ചെരി പ്പില്ലെന്നു മാത്രം. നാന്നൂറു കൊല്ലം പഴക്കമുള്ള കന്നുകാലിവള ത്തൽ സ്ഥലങ്ങറം (റോഞ്ചുകറം) ഉണ്ടിവിടെ. ആദ്യകാലത്തു വളരെ ബുദ്ധിമുട്ടു കഴിച്ചു് 8 സ്പാനിഷ് വിത്തുകാളകളെ യൂറോ പ്പിൽനിന്നും കപ്പലിൽ കൊണ്ടുവരുകയുണ്ടായത്രെ. കയററുമ തിയിൽനിന്നു പരാഗ്വെയ്ക്കു ലഭിയ്ക്കുന്നതു് ലത്തീൻ അമേരിക്കയ്ക്കു് ആകെ കിട്ടുന്ന വിദേശധനത്തിൻെറ ഒരു ശതമാനം മാത്രമാണു്.

ആകെ പരാഗ്വെയിൽ 130 പട്ടണങ്ങളും ഗ്രാമങ്ങളും ഉണ്ടു്. അസൻഷ്യോൺ ആണു് തലസ്ഥാനം. ദേശീയവരുമാനത്തിൻെറ അധികഭാഗവും കുറച്ചു കുബേരന്മാരുടെ പോക്കററിൽ വീഴുന്നു. ഭൂവുടമകളിൽ ഓരോരുത്തക്കും ശരാശരി 56,000 ഏക്കർ സ്ഥലം സ്വന്തമായുണ്ടു്. അവർ ഭൂമി പാട്ടത്തിന്നു കൊടുക്കുന്നു. സ്വയം ജോലിയെടുക്കുന്ന പാരമ്പര്യമില്ല അവക്കു്. 80 ശതമാനം പേരും അക്ഷരാഭ്യാസമില്ലാത്തവരാണു്. ജനസംഖ്യയുടെ ഒരു ശതമാനത്തിൽ പകുതി മാത്രം ഹൈസ്കൂളിൽ പോകുന്നു. സവ്വകലാശാല ഒന്നേയുള്ളു. കത്തോലിക്കമതം ഔദ്യോഗികമതമാണു്. അതിന്നു ഗവമ്മേണ്ടു് ധനസഹായം നല്കുന്നുണ്ടു്.

ഭരണഘടനപ്രകാരം ജനങ്ങാം പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നു. അദ്ദേഹം 5 മന്ത്രിമാരുള്ള ഒരു മന്ത്രിസഭ നിയമിയ്ക്കുന്നു. 2500 പേക്കു് ഒരു സ്ഥാനാത്ഥിയെ തിരഞ്ഞെടുക്കാം. അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി സഭയുണ്ടു്. സെനററിലെ അംഗങ്ങളെ നിദ്ദേശിയ്ക്കുന്നതു പ്രസിഡണ്ടാണു്. വാസ്തവത്തിൽ പരാഗ്വെയിൽ സൈനികസ്വേച്ഛാധിപതിമാരുടെ വാഴ്ചയാണു്. പ്രസിഡണ്ടു് മൊറിനിഗൊ അധികാരം പിടിച്ചുപററി ഇഷ്ടം പോലെ ഭരിച്ചു. പോലീസും സൈന്യവും അദ്ദേഹത്തെ എതിത്തു.

## പഴയ ചരിത്രം

1526-ൽ സബാസ്റ്റ്യൻ കാബട്ടു് പരാഗ്വെയിൽ കാലുകുത്തി. 1536-ൽ കുടിയേറിപ്പാപ്പുകാർ—ഭടന്മാർ തന്നെ—മെൻഡോസയുടെ കൂടെവന്നു. അവർ ഇരുശാഖകളായി പിരിഞ്ഞു. ഒരു ശാഖ അയോളാസിൻെറ നേതൃത്വത്തിൽ വടക്കോട്ടു തിരിച്ചു. അയോളാസിനെപ്പററി പിന്നീടു കേട്ടിട്ടുപോലുമില്ല. മറേറ ശാഖ ഇരാളയുടെ കീഴിൽ തെക്കോട്ടു തിരിച്ചു. ഇരാള പെറുവിലെ സ്പാനിഷ് വൈസ്രോയിക്കെതിരായി വിപ്ലവക്കൊടിയുയത്തി. 1587-ൽ ജെസ്യൂട്ടു് (യേശുസഭ) വൈദികന്മാർ വന്നു. ഈരണ്ടു വൈദിക

ന്മാർക്കുടിയാണ് മതപരിവത്തനത്തിന്നിറങ്ങിയിരുന്നത്. നൂറു കൊല്ലംകൊണ്ടവർ 30 കത്തോലിക്ക സമൂഹങ്ങരംക്കും അനേകം പള്ളികരംക്കും രൂപം നല്കി. മാത്രമല്ല, 1,50,000 ഗ്വറാണി റെഡ്ഇന്ത്യരെ മാമോദീസ മുക്കി കൃസ്ത്യാനികളാക്കി, 7000 അംഗങ്ങളുള്ള ഒരു കൃസ്ത്യൻ സൈന്യവും തയ്യാർ ചെയ്തു. "തൻെറ സാമ്രാജ്യത്തിൽ ജെസ്യൂട്ട് വൈദികർ ഒരു ജെസ്യൂട്ട് സാമ്രാജ്യം സ്ഥാപിക്കുകയൊ?" സ്പെയിൻ ചക്രവത്തി ചാരംസ് മൂന്നാമൻ കോപിച്ചു. അദ്ദേഹം 1767-ൽ ജെസ്യൂട്ട് വൈദികരെ തൻെറ സാമ്രാജ്യത്തിൽനിന്നും പുറംതള്ളി. റെഡ്ഇന്ത്യർ പഴയ വഴിയിലേയ്ക്കു തിരിഞ്ഞു. താമസിയാതെ പരാഗ്വെ പിടിക്കാൻ ഒരുങ്ങി. ഒടുവിൽ, മെച്ചമില്ലെന്നുകണ്ട്, വേണ്ടെന്നുവെച്ചു. 1840-ൽ സ്വേച്ഛാധികാരി ഫ്രാൻസിയ മരിച്ചു. അനന്തരംവന്ന ആൻടോണിയൊ ലോപ്പസ് മററു രാജ്യങ്ങളുമായി അടുത്ത ബന്ധം പുലത്തി, കൂടുതൽ കുടിയേറിപ്പാപ്പുകാരെ ക്ഷണിച്ചു, അടിമകരംക്കു സ്വാതന്ത്ര്യം നല്കി. തടിയനും രസികനുമായ ലോപ്പസ് മിടുക്കനായിരുന്നു. അയാരം രാഷ്ട്രത്തിൻെറ വരുമാനത്തിൽ ഒരു നല്ല പങ്ക് സ്വന്തമാക്കി. അയാളുടെ മകൻ സൊലാനോ ലോപ്പസ് യുദ്ധത്തിൽ ജയിക്കുമായിരുന്നു. പക്ഷേ യുദ്ധത്തിൽ പരാഗ്വെയിലെ പുരുഷന്മാരിൽ അധികംപേരും പടക്കളത്തിൽവീണു മരണമടഞ്ഞു. 1948-ൽ ജുവാൻ നത്താലിയൊ ഗൊൺസാലസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

## വ്യാവസായികദാസ്യം

ഇന്നു പരാഗ്വെയിലെ നാണയമായ 'ഗ്വറാണി' ആർജൻടീനയിലെ 'പിസൊ'യുമായാണ് വിലമതിയ്ക്കപ്പെടുന്നത്. ആർജൻടീനയാണ് പരാഗ്വെയിലെ സെൻട്രൽ റെയിൽവേയുടെ 75 ശതമാനം ഷയറുകളും കരസ്ഥമാക്കിയിരിക്കുന്നത്. പരാഗ്വെയ്ക്കു ഗോതമ്പും അപ്പവും വില്ക്കുന്നതും, പരാഗ്വെയിലെ കബ്രാക്കോ

വ്യവസായം നിയന്ത്രിക്കുന്നതും ആർജൻടീനതന്നെ. പരാഗ്വെ യുടെ വിദേശക്കച്ചവടത്തിന്റെ 80 ശതമാനം കയററി അയയ്ക്കു ന്നതും ആർജൻടീനിയൻ കമ്പനിയായ 'മിഹാനോവിക്ക്' ആണു്. പരാഗ്വെക്കാർ ആർജൻടൈൻ മേധാവിത്വത്തെ എതിർക്കുന്നു. എങ്കിലും ബ്യൂനോ അയേർസാണു് പരാഗ്വെക്കാരുടെ പറുദീസ, അവരുടെ ലോകത്തിന്റെ ഹൃദയം. ബ്യൂനോ അയേർസ് കാണാതെ മരിച്ചാൽ സ്വർഗ്ഗത്തിൽ പോകാതിരിയ്ക്കുമോ എന്നുകൂടി അവർക്കു സംശയമുണ്ടു്.

ജർമ്മൻരക്തമുള്ള സൈനികത്തലവൻ ജനറൽ ആൽഫ്രഡൊ സ്റ്റ്റോസ്നർ 1954 മേയ് മാസത്തിൽ ഒരു സൈനികവിപ്ലവം വഴി 71 വയസ്സുകാരൻ പ്രസിഡണ്ടു് ഫ്രെഡറിക്കൊ ചാവ്സ്നെ പുറംതള്ളി, സ്വേച്ഛാധിപതിയായി. 1870–നുശേഷം 20 വിപ്ലവങ്ങൾ ഈ കടൽക്കരയില്ലാത്ത റിപ്പബ്ളിക്കിനെ പിടിച്ചു കുലുക്കിയിട്ടുണ്ടു്. കഴിഞ്ഞ 6½ കൊല്ലങ്ങൾക്കകം ഏഴു പ്രസിഡണ്ടുമാർ വന്നു, പോയി. സ്റ്റ്റോസ്നർക്കെതിരായി 60 വയസ്സുകാരൻ ഡോക്ടർ എസ്റ്റിഗാരിഭ വിപ്ലവത്തിന്നൊരുങ്ങി. ഉദ്യമം അലസിപ്പോയി, എസ്റ്റിഗാരിഭ ജയിലിലുമായി. ഐക്യ നാടുകളുടെ സഹായത്തോടെ, ആറടി പൊക്കമുള്ള 42 വയസ്സു കാരൻ പ്രസിഡണ്ടു് സ്റ്റ്റോസ്നർ പരാഗ്വെ ഭരിക്കുകയാണു്. ജ്യോതിഷവിദഗ്ധന്മാർ ഇനിയത്തെ വിപ്ലവത്തിന്റെ തിയതി ഗ്രഹസ്ഥിതിനോക്കി കണ്ടുപിടിക്കുന്ന ധൃതിയിലുമാണു്.

## പിൻവലിക്കപ്പെട്ട വിപ്ലവം

പ്രസിഡണ്ടു് സ്റ്റ്റോസ്നർ പറഞ്ഞു: "ക്രിസ്തുമസ്സ് കാലം വിപ്ലവത്തിനു പററിയതല്ല. ചൂടു കൂടുതലല്ലേ?" അധികാരത്തിൽ നിന്നും വലിച്ചെറിയപ്പെട്ട ആർജൻടീൻ പ്രസിഡണ്ടാണു് പെറോൺ. പെറോൺ സ്റ്റ്റോസ്നറുടെ സ്നേഹിതനാണു്. രണ്ടു

പേരും ഒരുമിച്ചുനില്ക്കുന്ന ഫോട്ടൊ സ്റ്റ്റോസ്നർ സ്റ്റാമ്പിന്മേൽ അടിച്ചിറക്കിയിട്ടുണ്ട്. പെറോണിസ്റ്റായ സെൻട്രൽ ബാങ്ക് മേധാവി മെൻഡസ് ഫ്ളെയിററാസിനും കൂട്ടകാൾക്കും പ്രസിഡണ്ട അമ്പാസഡർ ഉദ്യോഗം നല്കി. പക്ഷെ മെൻഡസ് അതു സ്വീക രിച്ചില്ല. തലസ്ഥാനത്തുനിന്നും മെൻഡസ് കാമ്പൊ ഗ്രാൻഡി യിലെത്തി ഒരു സൈനിക വിപ്ലവം ആസൂത്രണം ചെയ്യുവാൻ. "സ്റ്റ്റോസ്നർ നമുക്ക വേണ്ട" അദ്ദേഹം പറഞ്ഞു. കുറെ സൈന്യവിഭാഗങ്ങൾ മെൻഡസിനെ പിന്താങ്ങി, വിപ്ലവത്തിനു് തയ്യാറെടുത്തു. വിവരം അറിഞ്ഞ സ്റ്റ്റോസ്നർ ഉടനടി മററു സൈന്യവിഭാഗങ്ങളുടെ പിന്തുണ സമ്പാദിച്ചു. കൊളറാഡൊ പാർട്ടിയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കന്മാർ അല്പം ആലോചിച്ച തിനുശേഷം പ്രസിഡണ്ടിനു് പിന്തുണനല്കി. മെൻഡസ് വെടി വെയ്ക്കുവാൻ ധൈര്യപ്പെട്ടില്ല. വിപ്ലവം പിൻവലിക്കപ്പെട്ടു. അസ്സൻഷിയോൺ (തലസ്ഥാനം) നഗരത്തിലെ ജനങ്ങൾ ക്രിസ്തു മസ്സ് ആഘോഷിക്കുവാൻ സാധനങ്ങൾ വാങ്ങുന്ന തിരക്കിലായി.

അദ്ധ്യായം:

അഞ്ച്.

# ബ്രസീൽ.

—കാപ്പിരാജ്യം.

"Here is immensity: almost another dimension. In this abyss, a mile deep and ten miles wide, the chasms drop away into farther depths that disappear into a night of deeps like the ocean's.

This is a silence not of death; rather it is a presence. It flows into you like great music. But music made of man works up to a climax and ceases; the Grand Canyon is all climax, a chord echoing into eternity.

But there is no day in the year that you may not visit the south rim, and find the sun warm upon the cheek, the air like dry wine, perfumed with the incense of pinon smoke.

I came here an atheist, said Philosopher Hendrik Van Loon, and departed a devout believer."

—DONALD CULROSS PEATTIE.

ലോകത്തിലെ ഏററവും വലിയ റിപ്പബ്ളിക്കും വിസ്തീർണ്ണം, ജനസംഖ്യ, പ്രകൃതിസമ്പത്തു് എന്നീ കാര്യങ്ങളിൽ ലത്തീൻ അമേരിക്കൻ രാജ്യങ്ങളിൽ മുന്നിട്ടു നില്ക്കുന്നതും, വിസ്താരത്തിൽ ലോകത്തിൽ നാലാമത്തെ രാജ്യവും (റഷ്യ, ചീന, കനഡ എന്നിവയാണു് ആദ്യത്തെ മൂന്നു്), പകുതിയിലധികം തെക്കേ അമേരിക്കർ പാർക്കുന്നതും, ഐക്യനാടുകളേക്കാളും യൂറോപ്പിനെക്കാളും വലുതും ആണു് ബ്രസീൽ. ഇക്വഡോറും ചിലിയും ഒഴിച്ചു മറെറല്ലാ തെക്കേ അമേരിക്കൻ രാഷ്ട്രങ്ങളും ബ്രസീലിനെ മുട്ടിയുരുമ്മിക്കിടക്കുന്നു. സ്പെയിൻകാരുടെ നാടോടിപ്പാട്ടുകളും, കഥകളും, ബ്രാസ അഥവാ ബ്രസീൽ മരം നിറഞ്ഞ ഏതോ അററ്ലാൻടിക്കു് ദ്വീപിനെപ്പററി പ്രകീർത്തിക്കുന്നുണ്ടു്. ബ്രസീൽ മരത്തിൽ നിന്നാണു് ചുവന്ന ചായമെടുക്കുന്നതു്. എന്തോ തെററിദ്ധാരണ മൂലം ഈ രാജ്യത്തിന്നും ആ പേർ ലഭിച്ചു. അങ്ങിനെ തെക്കെ അമേരിക്ക കണ്ടെത്തപ്പെടുന്നതിന്നു മുമ്പുതന്നെ ബ്രസീൽ ഭൂപടത്തിൽ സ്ഥലം പിടിച്ചു. മററു ലത്തീൻ അമേരിക്കൻ രാഷ്ട്രങ്ങൾ സ്പാനിഷ് ഭാഷ സംസാരിക്കുമ്പോൾ ബ്രസീൽ മാത്രം പോർത്തുഗീസ് ഭാഷ സംസാരിക്കുന്നു. പോർത്തുഗീസുകാരാണു് ബ്രസീൽ കണ്ടെത്തിയതും, അവിടെ കുടിയേറിപ്പാർത്തതും. കൂടാതെ റിയൊഡി ജനയ്റൊ നഗരം 1807–നും 1821–നും മദ്ധ്യേ

പോർത്തുഗീസ് രാജാവിൻെറ തലസ്ഥാനമായി. ഒരു യൂറോപ്യൻ രാജാവിൻെറ ആവാസസ്ഥാനമാകുവാനുള്ള ഭാഗ്യം ഒരു അമേരിക്കൻ രാജ്യത്തിന്നു മാത്രമേ ഉണ്ടായിട്ടുള്ളു—ബ്രസീലിനു്.

## നാളെയുടെ രാജ്യം

ബ്രസീൽകാർ അവരുടെ രാജ്യത്തെ വിളിക്കുന്നതു് 'നാളെയുടെ രാജ്യം' അഥവാ 'ആശയുടെ രാജ്യം' എന്നാണു്.

"പ്രകൃതി നിന്നെ രാക്ഷസനാക്കി,

സുന്ദരനും സുശക്തനും അജയ്യനുമായ ഒരു 'കൊളോസ്സസ്സാക്കി;

ഈ മഹത്വത്തിന്നിണങ്ങിയതായിരിക്കും നിൻെറ ഭാവി".

എന്നു തുടങ്ങുന്നു, ബ്രസീലിയൻ ദേശീയഗാനം. ഒരു മഹാരാക്ഷസൻതന്നെയാണു് ബ്രസീൽ. ജനസംഖ്യ 570 ലക്ഷം. മററുള്ള 9 ലത്തീൻ അമേരിക്കൻ രാജ്യങ്ങളിലെ ജനസംഖ്യയുടെ ആകത്തുകയോളം വരും ഇതു്. ഒളിഞ്ഞു കിടക്കുന്ന ദേശീയ സമ്പത്തോ? – വളരെയധികം, ധാരാളം, അവതിയില്ല. ശരാശരി ഒരു നാഴിക സമചതുരത്തിൽ 13 പേരിലധികം താമസമില്ല.

തെക്കെ അമേരിക്കയുടെ വടക്കുകിഴക്കെ പകുതിയും അത്‌ലാന്തിക്ക് സമുദ്രത്തിലേക്കു തള്ളിക്കിടക്കുന്ന ഭാഗവും കൂടിയതാണു് ബ്രസീൽ. കടൽക്കരതന്നെ 5714 നാഴിക വരും. ഏററവും കൂടിയ നീളം 2676 നാഴിക. വീതി 2694 നാഴിക. ആകെ വിസ്തീർണ്ണത്തിൽ (32,75,510 ചതുരശ്രനാഴിക) 6,72,000 ചതുരശ്രനാഴികയും അമേയ്സോൺ വനപ്രദേശമാണു്. നീളംകൂടിയ അമേയ്സോൺ നദി 1962 നാഴിക ബ്രസീലിൽക്കൂടി ഒഴുകുന്നു. വിസ്താരമേറിയ നദീമുഖത്തു് മരാജൊ (സ്വിററ്സർലണ്ടിനേക്കാറം വലുതു്), ഗുരപ എന്ന രണ്ടു ദ്വീപുകളുണ്ടു്. പർവ്വതനിര

കൾ രണ്ടു കൊടുമുടികളായി മേല്പോട്ടുയരുന്നു—ഡാബൻസീറ (9462 അടി പൊക്കം), റൊറെയ്മാ (9433 അടി). പരാണ(1159 നാഴിക), പൂറൂസ് (1990 നാഴിക), സാവൊ ഫ്രാൻസിസ്കോ (1995 നാഴിക) എന്നിവയാണ് ഗതാഗതസൌകര്യമുള്ള മററു നദികൾ. അമേയ്സോണിൽക്കൂടി ഉടനീളം ചെറുകപ്പലുകൾക്കും ബോട്ടുകൾക്കും സഞ്ചരിക്കാം. മിക്ക നദികളിലും മികച്ച വെള്ളച്ചാട്ടങ്ങളും ദ്രുതപ്രവാഹങ്ങളുമുണ്ട്. കാലാവസ്ഥ പൊക്കത്താഴ്ചകളനുസരിച്ചു വ്യത്യാസപ്പെടുന്നു. തീരങ്ങളിൽ 75 ഇഞ്ചു മുതൽ 100 ഇഞ്ചുവരെ മഴ പെയ്യുന്നു. മലകളും കാട്ടുപ്രദേശങ്ങളും എന്നും പെരുമഴയിൽ കുളിച്ച് ഈറനുടുത്തിരിപ്പാണ്. അവിടെ മഴ 300 തൊട്ട് 400 ഇഞ്ചുവരെ. പെയ്യുന്ന മഞ്ഞും അതിശീഘ്രം ഊതുന്ന തണുത്ത കാററും സാധാരണയാണ്. ചില പട്ടണങ്ങളിൽ ദിവസേന മഴ അനുഭവപ്പെടാറുണ്ട്.

## പരാണ പ്രവിശ്യ

ഒന്നാം മഹായുദ്ധത്തിനുമുമ്പ് പരാണ പ്രവിശ്യ എന്നൊന്നില്ലായിരുന്നു, തെക്കൻ ബ്രസീലിൽ. ഇന്നീപ്രദേശം കാപ്പി കൃഷിക്കു പേരെടുത്തുകഴിഞ്ഞു. അവിടത്തെ രക്തനിറമുള്ള വളമണ്ണിലേക്കു വിവിധ രാജ്യങ്ങളിൽനിന്നു് 40 തരം രക്തവർഗ്ഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന അഞ്ചു ലക്ഷം കുടിയേറിപ്പാർപ്പുകാർ കുതിച്ചുകയറി, 30000 ചതുരശ്രനാഴിക വരുന്ന ഈ കാട്ടുപ്രദേശം ലോകത്തിലെ ഏററവും വിലപിടിച്ച കാപ്പിയുല്പാദന കേന്ദ്രമായി മാററുവാൻ.

ബ്രസീൽകാർ പറയുന്നു: "പരാണയിലേക്കു പാഞ്ഞവൎക്ക് ഒരു തരം ജ്വരപ്പനിയാണ്. അല്ല, ഭ്രാന്താണ്. എല്ലാത്തരം വിഡ്ഢികളും, കൊള്ളരുതാത്തവരും, കള്ളന്മാരും അവിടെ കയറിപ്പററിയിട്ടുണ്ട്. പാരീസിൽനിന്നും, പരാഗ്വെയിൽനിന്നും,

ബ്യൂനൊ അയേർസ് തലസ്ഥാന നഗരത്തിൽനിന്നും. വലിയ തുക വാങ്ങി ശരീരം കൂലിക്കു കൊടുക്കുവാൻ ആയിരത്തിലധികം യുവസുന്ദരികൾ അവിടെ എത്തി, പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്നു. എങ്കിലും കാപ്പിയുല്പാദനത്തിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന സത്യസന്ധന്മാരായ പൗരന്മാർ ഒട്ടും കുറവല്ല. ബ്രസീലിന്റെ സ്വർണ്ണമാണ് കാപ്പി''.

## കാടുവെട്ടി നാടാക്കുന്നു

പരാണ വനപ്രദേശം നാഗരീകതക്കു തുറന്നു കൊടുത്ത മഹാനാണ് ആർതർ ഹ്യൂഗ്മില്ലർ തോമസ്സ്. തികഞ്ഞ ആത്മവിശ്വാസത്തെ തെളിച്ചു കാട്ടുന്ന മേൽമീശ, ഗവേഷകന്റെ ധൈര്യം, എവിടേയും പാഞ്ഞെത്തുവാനുള്ള നെഞ്ഞൂക്ക്, എല്ലാ കാര്യത്തിലും ധൃതി, പ്രകാശിക്കുന്ന കണ്ണുകൾ, നല്ല ആരോഗ്യം, കനത്ത ശരീരഘടന—ഇതെല്ലാം ഒത്തിണങ്ങുന്നു ക്യാപ്റ്റൻ തോമസ്സിൽ. സമുദ്രനിരപ്പിൽനിന്നും രണ്ടായിരം അടി ഉയരമുള്ള പരാണ പീഠഭൂമിയിലെത്തിയ അദ്ദേഹം കണ്ടതു് വനനിബിഡമായ, അനേകം നദികൾ ഇരമ്പിപ്പായുന്ന, ശക്തിയായ ചൂടിൽനിന്നും തണുപ്പിൽനിന്നും മോചനം നല്കുന്ന, ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണ്. 'പരാന പ്ലാന്റേഷൻസ്'' എന്ന ലണ്ടൻ കമ്പനി ധീരനായ ക്യാപ്റ്റൻ തോമസ്സിനു് പ്രോത്സാഹനം നൽകി. ബ്രസീലിയൻ തൊഴിലാളികളുടേയും കുറേ സ്കോട്ട്ലണ്ടുകാരായ എൻജിനീയർമാരുടേയും സഹായത്തോടെ തോമസ്സ് വനങ്ങളിലേക്കു കയറി. ജാഗ്വർ, തപീർ, കുരങ്ങുകൾ, പാമ്പുകൾ, പാരക്കീററ് തത്തകൾ എന്നിവരാണ് അവിടത്തെ താമസക്കാർ. നദികൾക്കിരുഭാഗത്തുമായി, 23000 'ഫാമു'കൾ തോമസ്സ് അളന്നു കുററിയടിച്ചു തിരിച്ചു. വനങ്ങളുടെ മദ്ധ്യഭാഗത്തു് 'ലോൺഡ്രിന' എന്ന പട്ടണം പണിയുവാൻ അദ്ദേഹം പ്ലാൻ തയ്യാറാക്കി. വനാന്തരങ്ങളിലേയ്ക്കുള്ള യാത്ര നിഷ്പ്ര

യാസംസാധിക്കുവാൻ 20 നാഴികനീളം തീവണ്ടിപ്പാത നിമ്മിച്ചു. ഇത്രയും ചെയ്തുതീത്തതിനുശേഷം അദ്ദേഹം കുടിയേറിപ്പാപ്പുകാരെ ക്ഷണിച്ചു.

ആദ്യം വന്നെത്തിയതു് നാലു ജപ്പാൻകാരാണു്, കുടുംബ സമേതം. കുറേ തൊഴിലാളികളും. ഏറെത്താമസിയാതെ സാവൊ പൗലൊ ഡിസ്ത്രിക്ക്റ്ററിൽനിന്നും കുറേ പേരെത്തി, സകുടുംബം. ഏക്കറിനു 4ക. വിലക്കാണു് തോമസ്സിൻെറ കമ്പനി ഈ പ്രദേശം വാങ്ങിയതു്. ഏക്കറിനു് 14ക.യായി കമ്പനി കുടിയേറിപ്പാപ്പുകാക്കു് ഭൂമി വിററ. പക്ഷേ ഓരോ കുടുംബത്തേയും ഈ പ്രദേശത്തേക്കു കൊണ്ടുവരുവാൻ കമ്പനിക്കു 32ക. ചിലവായി. പെട്ടെന്നു കുടിയേറിപ്പാപ്പുകാരുടെ വരവുനിന്നു. സാമ്പത്തികത്തകച്ച ലോകകമ്പോളങ്ങളെ ബാധിച്ചു. റബ്ബറിനു് വിലയിടിഞ്ഞു. തോമസ്സിൻെറ കമ്പനി ഇഴഞ്ഞുവലിഞ്ഞു മുമ്പോട്ടുനീങ്ങി.

## പ്ലാൻ വിജയിച്ചു

എട്ടു കറുത്ത കൊല്ലങ്ങരം കടന്നുപോയി. സാമ്പത്തികത്തകച്ചക്കൊരറുതി വന്നു. ഹിററ്ലറുടേയും മുസ്സോലിനിയുടേയും സേച്ഛാധിപത്യത്തിനടിയിൽക്കിടന്നു ശ്വാസംമുട്ടി ഞെരുങ്ങുന്ന ജമ്മൻകാരും ഇററലിക്കാരും പരാണയിലെത്തി—ഡോക്ടർമാർ, അദ്ധ്യാപകന്മാർ, എൻജിനീയർമാർ, വക്കീൽമാർ. പക്ഷെ ബ്രസീലിലെ നിയമസംഹിത കുടിയേറിപ്പാപ്പുകാർ അവരുടെ പഴയ തൊഴിൽ തുടൻ കൊണ്ടുപോകുന്നതിനെതിരാണു്. പഴയ തൊഴിൽ അവരോരോരുത്തരും ഉപേക്ഷിച്ചു കഴിഞ്ഞിരുന്നു, ഈ കാട്ടുമുക്കിൽ കൃഷിചെയ്തു് സ്വതന്ത്രരായി ജീവിക്കുന്നതിനുവേണ്ടി. ഇതിനകം കമ്പനി അതിൻെറ പ്രവത്തനം അവസാനിപ്പിച്ചു. യുദ്ധത്തിനുശേഷം കാപ്പിയുടെ വില മുകളിലേയ്ക്കു പൊങ്ങി, കൂടുതൽ കൂടുതൽ മുകളിലേക്കു്. സമ്പത്തു്സമൃദ്ധി പരാണയെ

തലോടി. ബ്രിട്ടീഷ് കമ്പനിക്ക ഈ സമൃദ്ധിയുടെ പങ്കു പററു വാൻ പററിയില്ല. എങ്കിലും ക്യാപ്ററൻ തോമസ്സിൻെറ പ്ലാൻ വിജയിച്ചു. പഴയ കമ്പനിയുടെ സ്ഥാനത്തു് സ്വകാര്യ്യയുടമയി ലുള്ള ഒരു ബ്രസീലിയൻ കമ്പനി കയറിപ്പററി, കൊള്ളലാഭമെടു ക്കവാൻ. കുടിയേറിപ്പാപ്പുകാരുടെ കുതിച്ചു കയറലായി—രണ്ടാം മഹായുദ്ധം ഞെക്കിഞെരിച്ച യൂറോപ്പിലെ പൗരന്മാർ—സെക്ക കാർ, പോളണ്ടുകാർ, ജമ്മൻകാർ, സ്പെയിൻകാർ, യൂഗോസ്ളോ വുകാർ. കാപ്പിത്തൈകഠം നട്ടാൽ അഞ്ചു കൊല്ലത്തിനുള്ളിൽ കാപ്പിക്കുരുക്കഠം കിട്ടും, വിററു ലാഭമുണ്ടാക്കാം, കോടീശ്വരന്മാ രായി മടങ്ങാം. പരാണയിലേക്കു്! ആയിരക്കണക്കിനു യൂറോ പ്യർ പരാണയിലേക്കു തിരിച്ചു. പുറകെ ധാരാളം കള്ളന്മാരും, കൊള്ളക്കാരും, കൊള്ളരുതാത്തവരും, വേശ്യകളും. അവരുടെ ലക്ഷ്യം പിഴച്ചില്ല.

## സമൃദ്ധിയുടെ പര്യ്യായം

പതിനയ്യായിരത്തിലധികം ജനസംഖ്യയുള്ള പട്ടണങ്ങഠം പൊങ്ങിവന്നു. മിനുസമില്ലാത്ത, തടവും കുഴിയുമുള്ള, നിരത്തുക ളിൽകൂടി ബസ്സുകളും കാറുകളും ലോറികളും മോട്ടോർ സൈക്കിളു കളും, കുതിരസ്സവാരിക്കാരേയും കുതിരവണ്ടികളേയും പിന്നി ലാക്കി, മുമ്പോട്ടിരമ്പിപ്പായുകയാണു്. തോമസ്സ് തയ്യാറാക്കിയ പ്ലാനനുസരിച്ചുതന്നെ ലോൺഡ്രിന പട്ടണം രൂപം കൊണ്ടു. ജന സംഖ്യ: 40,000. ഇന്നു് പരാണപ്രവിശ്യയിലെ കാടുവെട്ടി നീക്കിയ 20,000 ചതുരശ്രനാഴിക ഭൂമിയിൽനിന്നു് 5 ലക്ഷം കൃഷിക്കാർ 50 ലക്ഷം ചാക്കു് കാപ്പിക്കുരു ലോകകമ്പോളങ്ങളി ലേക്കയയക്കുന്നു.

കാപ്പി സ്വർണ്ണമായി മാറി. പഴയ 'പാചകൻ' ഗാർഷിയ സിഡ് മൂന്നു ബസ്സുകളുടെ ഉടമസ്ഥനാണു്. 16000ക. വില

വരുന്ന ഇംഗ്ലണ്ടിലുണ്ടാക്കിയ ഏററവും നല്ല നായാട്ടു തോക്ക് അയാറം ഈയിടെ വാങ്ങുകയുണ്ടായി. തോമസ്സിൻെറകൂടെ കീറിയ ഒരു ഷർട്ടും ധരിച്ചുവന്ന റെയിമണ്ടൊ ഡ്യൂറാസ് ഇന്നു കോടീശ്വരനാണ്; മകളുടെ വിവാഹദിവസം അയാറം ഒരു വിമാനം വാടകക്കെടുത്ത് സാവോ പൗലൊ നഗരത്തിലേക്കു പോയി, പൂച്ചെണ്ടുകളും 'ഷാമ്പെയിൻ' മദ്യവും വാങ്ങിക്കൊണ്ടുവരുവാൻ.

## തോമസ്സോ?

ക്യാപ്ററൻ തോമസ്സോ? താൻ സ്ഥാപിച്ച ലോൺഡ്രിന പട്ടണത്തിലെ തിക്കും തിരക്കും വിട്ടൊഴിഞ്ഞ് പത്തുനാഴികയകലെയുള്ള വിശാലമായ കാപ്പിത്തോട്ടത്തിനകത്തുള്ള ഒന്നാംതരം ബംഗ്ലാവിൽ വിശ്രമിക്കുകയാണദ്ദേഹം. തൻെറ കാപ്പിത്തോട്ടത്തിൽനിന്നും അദ്ദേഹത്തിനു വഷംതോറം ലഭിക്കുന്ന വരുമാനം 50 ലക്ഷം ഉറപ്പികയാണ്. കൂടാതെ അദ്ദേഹം ഇഷ്ടികക്കമ്പെനികളുടേയും ബാങ്കുകളുടേയും ഉടമയാണ്. പോരെ? ആ പഴയ ഓമ്മയെ നിലനിത്തുവാൻ തോമസ്സ് ഒരു ചെറിയ 'സാമ്പിറം' വനം അതേപടി നിത്തിയിട്ടുണ്ട്. കാലത്തെഴുന്നേററാൽ തോമസ്സും ഭായ്യയും ഈ വനത്തിലേക്കു തിരിക്കും. ലഹളകൂട്ടിക്കൊണ്ടു മൂപ്പതിൽ കൂടുതൽ അംഗബലമുള്ള ഒരു കൂട്ടം കുരങ്ങന്മാർ വൃക്ഷക്കൊമ്പുകളിൽകൂടി കെട്ടിമറിഞ്ഞോടിച്ചാടി വന്നു് അവരെ അഭിവാദ്യം ചെയ്യും.

ക്യാപ്ററൻ തോമസ്സിൻെറ ഉററസ്നേഹിതനായ ഹാരാറംഡ് മാർട്ടിൻ പറയുന്നു: "കാട്ടുപ്രദേശത്തെ അതേപടി കാപ്പിത്തോട്ടമായി മാററിയ ആ മഹാനു് ഉതകിയ സ്മാരകം ആ ചെറിയ 'സാമ്പിറം' വനം തന്നെയാണ്. ഇന്നു തോമസ്സ് തീച്ച്യയായും സന്തുഷ്ടനാണ്."

## സ്ത്രീരാജ്യം

കരകാണുന്നതിന്നെത്രയോ മുമ്പ് ഒരു കപ്പലിൽ ഏതോ ഒരു പോർത്തുഗീസ് നാവികൻ ശുദ്ധജലമുള്ള പ്രദേശത്തുകൂടി കടന്നു പോയി. അമേയ്സോൺ നദി പുറംതള്ളുന്ന വെള്ളമാണതെന്ന് അയാൾ അറിഞ്ഞതേയില്ല. അറിഞ്ഞെങ്കിൽ അയാൾ നല്ല വെള്ളം നല്കി ദാഹിച്ചു പൊരിയുന്ന തൻെറ നാവികരെ രക്ഷിക്കുമായിരുന്നു. ഫ്രാൻസിസ് ഓറനെല്ല, ആൻഡീസ് കടന്നു് അമേയ്സോൺ നദീമുഖത്തെത്തി. ഒരു റെഡ്ഇന്ത്യൻ സമൂഹക്കാർ അയാളെ എതിർത്തു. അവരുടെ സ്ത്രീകളും പുരുഷന്മാരും തോളോടു തോൾ നിന്നു വീറോടെ യുദ്ധം ചെയ്തു. പഴയ കഥകൾ ഓർമ്മയുള്ള അയാൾ ആ നദീതടത്തിന്നു് 'അമേയ്സോൺ' എന്നു പേരിട്ടു—'പരാക്രമികളായ സ്ത്രീകളുടെ നാടു്.'

അമേയ്സോൺ പ്രദേശം ഇന്നും ശരിയായി "കണ്ടുപിടിക്കു"പ്പെട്ടിട്ടില്ല. 'യുനെസ്കോ' പണം ചെലവുചെയ്തു് "ഹൈലിയൻ അമേയ്സോൺ ഗവേഷണശാല" സ്ഥാപിച്ചിട്ടുണ്ടവിടെ, ഈ പ്രദേശത്തെപ്പററി ശാസ്ത്രീയമായി പഠിക്കുവാൻ. ഉദ്ദേശസാദ്ധ്യത്തിന്നുവേണ്ടി 10 ലക്ഷം ഡോളറാണ് ഈ സ്ഥാപനം ചെലവിടുന്നതു്. പുറകിൽ 400 കൊല്ലത്തെ ചരിത്രമുണ്ടെങ്കിലും ഈ പ്രദേശം മനുഷ്യസാമർത്ഥ്യത്തിന്നു വഴങ്ങിക്കൊടുത്തിട്ടില്ല. പീററർ ഡ്രസ്സർ പറയുന്നു: "40 വാല്യങ്ങൾ നിറച്ചു് അമേയ്സോൺ വൃക്ഷങ്ങളുടേയും ചെടികളുടേയും പട്ടികകൾ തന്നെ. 19-ാം ശതകത്തിൻെറ പകുതിക്കാലം വേണ്ടിവന്നു ഇത്രയെങ്കിലും സാധിക്കുവാൻ". എന്നിട്ടും അതു പൂർണ്ണമായിട്ടില്ല. ഈ പ്രദേശങ്ങളിലെ ജീവജാലങ്ങളെപ്പററി വളരെ പരിമിതമായ അറിവേ കൈവന്നിട്ടുള്ളു. ബ്രസീലിയൻ ഭൂമിശാസ്ത്രസമിതി ഈ പ്രദേശത്തെ സംബന്ധിക്കുന്ന 10 ലക്ഷം ഭൂപടങ്ങൾ തെയ്യാർചെയ്തു കഴിഞ്ഞു. ഇവിടത്തെ റെഡ്ഇന്ത്യൻ സംസ്കാരവും റെഡ്ഇന്ത്യരുടെ

തോണികഠം പോകുന്ന തോട്ടവഴികളും മലമ്പനി ചെറുക്കാനുള്ള അവരുടെ മരുന്നുകളും കച്ചവടമാർഗ്ഗങ്ങളും മററം പഠനവിഷയങ്ങളാണ്. സെൽവ വനങ്ങഠം: കാഴ്ച മൂടക്കുന്ന വിധം വൃക്ഷങ്ങളിലും അവയുടെ ശാഖകളിലും പടൎന്നുപിടിച്ചു കയറിക്കിടക്കുന്ന ഒരു തരം പടപ്പുചെടികഠം. ഈ വനങ്ങളിലെ പല ഭാഗങ്ങളിലേയ്ക്കൊഴുകുന്ന പുഴകളിൽ വലിയ ആമകളും കടല്പശുക്കളും ധാരാളമുണ്ട്. ഒപ്പോസം, പ്യൂമ (നരി), ജാഗ്വർ, ക്കുകുവിളിക്കുരങ്ങ്, പാടുന്നതും പാടാത്തതുമായ അനേകതരം വൎണ്ണപ്പകിട്ടുള്ള പക്ഷികഠം—ഇവയുടെ സംഖ്യ ബ്രസീലിലെ ജനസംഖ്യയേക്കാഠം കൂടുമത്രെ. റബ്ബർ മരങ്ങഠം, ചായച്ചെടികഠം, ബ്രസീൽ അണ്ടികഠം എന്നിവയും കൃമികളേയും മററം കൊല്ലുന്ന ബാർബാസ്കോ വിഷവും ഗ്രാമഫോൺ പ്ലേററുകഠം, വാർണീഷ്, ഷൂ പോളീഷ്, വിദ്യുല്ലമ്പികളുടെ ഇൻസുലേഷൻ എന്നിവക്കാവശ്യമായ കാൎണ്ണാബമെഴുകും ഈ വനപ്രദേശങ്ങളിൽനിന്നു ലഭിക്കുന്നു. സ്വൎണ്ണം, മാംഗനീസ്, രത്നങ്ങഠം, വെള്ളി, മൈക്ക, ബോക്സൈററ് എന്നിവയും സുലഭമായി കിട്ടാനുണ്ട്.

## അമെയ്സോണിയ

ബ്രസീലിൻെറ വടക്കു ഭാഗത്തു് പടിഞ്ഞാട്ടേക്കു പരന്നു കിടക്കുന്നു അമെയ്സോണിയ അഥവാ വനനിബിഡമായ അമെയ്സോൺ നദീതടം. അതൊരു ഉപഭൂഖണ്ഡമാണ്. അനേകം കൈവഴികളുള്ള അമെയ്സോൺ നദി ഈ പ്രദേശത്തുകൂടി ഒഴുകുന്നു. 4,000 നാഴിക നീളമുള്ള ഈ നദിക്കു ഇരുപതു് മിസ്സിസ്സിപ്പി (ലോകത്തിലെ ഏററവും നീളംകൂടിയ നദി) കളുടെ ഉഠംക്കട്ടിയുണ്ട്, അതിൻെറ വികാസമുള്ള തടത്തിൽ യൂറോപ്പ് വൻകരയെ അതേപടി നിക്ഷേപിക്കാം. പെറുവിലെ ഇക്വിറേറാസ് നഗരം അററ്ലാൻടിക്ക് സമുദ്രത്തിൽനിന്നും 2400 നാഴിക അകലെ സ്ഥിതിചെയ്യുന്നു. അവിടെ എത്തുന്ന നദിക്കു 120അടി

താഴ്ചയുണ്ട്. അവിടെ നിന്നും 400 നാഴിക അകലെ എത്തു മ്പോഠ നദിയുടെ വീതി കുറയുന്നു. അപ്പോഴും മിസ്സിസ്സി പ്പിയുടെ ഏററവും വലിയ വീതിയുണ്ടതിന്ന്. ഡോവർ മുതൽ കലെയ് വരെയുള്ള ഇംഗ്ലീഷ് ചാനലിൻെറ വീതിയുടെ പത്തി രട്ടി വരും അമെയ്സോൺ നദീമുഖം. ഈ നദീമുഖത്തു് മൂന്നു വലിയ ദ്വീപുകളുണ്ട്. അവയിലൊന്നിന്ന് സ്വിററ്സർലണ്ടി നേക്കാളിലും വിസ്തീർണ്ണമുണ്ടത്രെ. അമെയ്സോണിൽക്കൂടിയും അതിൻെറ ശാഖകളിൽക്കൂടിയും വലിയ കപ്പലുകഠക്കു 30,000 നാഴിക ദൂരം നിഷ്പ്രയാസം സഞ്ചരിക്കാം. നദികളിൽ ഭീമ നാണ് അമെയ്സോൺ.

## സൂക്ഷിക്കണം!

അടുത്ത കാലത്താണ് പ്രസിദ്ധ ഗ്രന്ഥകാരൻ വില്ലാർഡ് പ്രൈസ് ബ്രസീലിലെ കോടീശ്വരനായ അജീസിലൊ അരൗ ജൊയുടെകൂടെ അമെയ്സോൺനദിയുടെ ശാഖയായ റിയൊ നെ ഗ്രൊയിൽകൂടി യാത്രചെയ്തതു്. ഫ്രാൻസിനോളം വലുപ്പമുള്ള ഒരു പ്രദേശം അരൗജൊക്കു സ്വന്തമായുണ്ട്, അമെയ്സോൺ പ്രദേ ശത്തു്. അവിടെ താമസിക്കുന്ന 10 ലക്ഷം ജനങ്ങളുടെ യജമാന നാണ് അദ്ദേഹം. ഈ നദീതടത്തിലെ കച്ചവട ഡിപ്പോകളെ കൂട്ടിയിണക്കുന്നതിന്ന് ആവശ്യമുള്ള ഏതാനും കപ്പലുകളുടെ ഉടമ സ്ഥനുംകൂടിയാണ് അരൗജൊ. ദൂരെ മന്വസ് നഗരത്തിലെ തൻെറ കൊട്ടാരത്തിലിരുന്നാണ് അരൗജൊ തൻെറ സാമ്രാജ്യം ഭരിക്കുന്നതു്.

പ്രൈസിനേയും അരൗജൊയേയും വഹിച്ചുകൊണ്ട് 'സ്പീഡ് ബോട്ട്'' മുമ്പോട്ടു കുതിച്ചു, ചെറിയ ചെറിയ വനങ്ങഠ പിന്നി ലാക്കിക്കൊണ്ടു്. "സൂക്ഷിക്കണം!" അരൗജൊയുടെ വലത്തു കൈ മുകളിലേക്കുയന്നു, ചുരുണ്ടിരുന്ന വിരലുകളിൽ പ്രമാണിയായ ചൂണ്ടുവിരൽ നിവന്നു. "സൂക്ഷിക്കണം, മിസ്റ്റർ പ്രൈസ്. ഈ

പ്രദേശം വന്യമൃഗങ്ങളുടേയും റെഡ്ഇന്ത്യൻ അപരിഷ്കൃതരുടേയും രാജ്യമാണ്. പെട്ടെന്ന് ഏതോ റെഡ്ഇന്ത്യൻ അപരിഷ്കൃതരുടെ വിഷത്തിൽ മുക്കിയ അമ്പുകൾ നാം ഇരയായെന്നുവരാം. പക്ഷെ ഈ പ്രദേശത്തൊളിഞ്ഞു കിടക്കുന്ന ധനം ഒരു കാലത്ത് മനുഷ്യസമുദായത്തെ രക്ഷിക്കും" അദ്ദേഹം പറഞ്ഞു.

## നാളെയുടെ സമ്പത്ത്

അരൗജൊ പ്രൈസിന് പലപല വൃക്ഷങ്ങൾ ചൂണ്ടിക്കാട്ടി കൊടുത്തു. 'ഗ്ലിസറിൻ' നല്കുന്ന 'ബാബകു' വൃക്ഷം. ബോംബും സോപ്പും ഉണ്ടാക്കുന്നതിനാവശ്യമാണ് 'ഗ്ലിസറിൻ'. കാർണൂബ പന—ഇതില്ലെങ്കിൽ ഗ്രാമഫോൺ പ്ലെയിററം ഷൂ പോളിഷും നിർമ്മിക്കുന്നതിനാവശ്യമായ മെഴുക് കിട്ടുകയില്ല. റബ്ബർ വൃക്ഷങ്ങൾ, ഒന്നാംതരം ഉറക്കുട്ടിയുള്ള 'തടി'മരങ്ങൾ.

അരൗജൊ തുടർന്നു: "ലോകത്തിലെ വനങ്ങൾ നാം വെട്ടി വെട്ടി നശിപ്പിക്കും കടലാസ്സുൽപ്പാദനത്തിനായി. ബാക്കി നില്ക്കുക ഈ വനങ്ങളിലെ വൃക്ഷങ്ങളായിരിക്കും."

സ്പീഡ് ബോട്ട് ഒരു വളവുതിരിഞ്ഞു. "അവിടെയാണ് ബ്രിട്ടീഷ് കുടിയേറിപ്പാപ്പുകാർ താമസിക്കുന്നത്. അവർക്കെല്ലാം വേണ്ടത്ര ധനം നല്കിക്കഴിഞ്ഞു ഈ വനങ്ങൾ. ലോകത്തിലെ വനയല്ലന്നങ്ങൾ മനുഷ്യൻ ചൂഷണം ചെയ്യുന്നു, നാഗരീകതയെ വളർത്താൻവേണ്ടി. അവയെല്ലാം നശിക്കും. പക്ഷെ അമെയ്സോൺ തടം പിന്നെയും നീണ്ടുനില്ക്കും, പിന്നെയും വളരെയധികം നൂററാണ്ടുകൾ മനുഷ്യനെ സേവിക്കും" അരൗജൊ പറഞ്ഞവസാനിപ്പിച്ചു.

## കുഴിച്ചെടുക്കേണ്ട, വാരിയെടുക്കൂ

ജനറൽ മാർഷൽ പരസ്യമായി സമ്മതിച്ചു, അമെയ്സോൺ

പ്രദേശത്തെ സമ്പത്തില്ലായിരുന്നെങ്കിൽ രണ്ടാം മഹായുദ്ധത്തിൽ ഐക്യകക്ഷികൾ വിജയിക്കുക ഉണ്ടാവില്ല എന്നു്. പരമാൎത്ഥം! ഇന്നത്തെ യന്ത്രസംസ്കാരം—അതിൻെറ കാമ്പു് ഉരുക്കാണു്. ഉരുക്കുണ്ടാകുവാൻ 'മാംഗനീസ്' വേണം. റഷ്യയുടെ പിടിയിൽ അമൎന്നുകിടക്കുന്ന ഭൂവിഭാഗത്തിൽനിന്നാണു് പടിഞ്ഞാറൻ രാഷ്ട്രങ്ങൾക്കു 'മാംഗനീസ്' കിട്ടിക്കൊണ്ടിരുന്നതു്. പക്ഷെ അമെയ്സോൺ പ്രദേശത്തെ തെക്കൻ നദീതടങ്ങളിൽ മാംഗനീസു് സുലഭമായുണ്ടു്—കുഴിച്ചെടുക്കേണ്ട, വാരിയെടുത്താൽ മതി.

അടുത്ത കാലത്തു് തന്ത്രപ്രാധാന്യമുള്ള 50 സാധനങ്ങളുടെ ക്ഷാമം അമേരിക്കയേയും ബ്രിട്ടനേയും വല്ലാതെ അലട്ടി. യുദ്ധവ്യവസായങ്ങൾക്കു് ഏററവും ആവശ്യമാണവ. ചെമ്പു്, ടിൻ, ബോക്ക്സൈററു്, ബെറില്ലിയം, ടങ്ങ്സ്റ്റൺ എന്നിവയാണു് പ്രധാനം. അവയെല്ലാം അമെയ്സോൺ പ്രദേശത്തു് കണ്ടെത്തിയിരിക്കുന്നു. ഇരുമ്പും ധാരാളമായുണ്ടു്. ഖനിച്ചെടുക്കണമെന്നു മാത്രം. 'ബ്ലൂ ഗ്രസ്ഡോം' എന്ന പെരുവിനടുത്തുള്ള അമെയ്സോൺ പ്രദേശത്തു് ധാരാളം എണ്ണയും കെട്ടിക്കിടപ്പുണ്ടു്. തേക്കും വീട്ടിയും ഉൾപ്പടെ 20000 തരം മരങ്ങളുണ്ടു് ഈ നദീതടത്തിൽ. ഐക്യസംസ്ഥാനങ്ങളിലുള്ളതിൻെറ 20 ഇരട്ടി. റഷ്യയിലേയും കനഡയിലേയും വനങ്ങൾ വളൎന്നു ഇന്നത്തെ നിലയിലെത്തുവാൻ 400 കൊല്ലമെടുത്തു. വെറും 50 കൊല്ലംകൊണ്ടു അതുപോലുള്ള വനങ്ങൾ അമെയ്സോൺ തടത്തിൽ വളരും. രത്നങ്ങളും കുഴിച്ചെടുക്കുന്നുണ്ടു്—വിലപിടിച്ച രത്നങ്ങളും വ്യവസായങ്ങൾക്കാവശ്യമുള്ള രത്നങ്ങളും. രണ്ടു പുതിയ രത്നഖനികൾ കണ്ടെത്തി. ഒരിടത്തു് രത്നങ്ങൾ കുഴിച്ചെടുക്കേണ്ട, പെറുക്കിയെടുക്കാം. നടുവു കുനിക്കുവാൻ സന്മനസ്സുണ്ടായാൽ മതി. ഒരാഴ്ചക്കകം 2000 മുഴുത്ത രത്നങ്ങൾ പെറുക്കിയെടുക്കുകയുണ്ടായി.

രത്നങ്ങളെക്കായിലും വിലപിടിച്ചതാണ് കാർട്ട്സ് ക്രിസ്റ്റൽ. സൂക്ഷ്മതയുള്ള ശാസ്ത്രീയോപകരണങ്ങരം നിമ്മിക്കുന്നതിന് കാർട്ട്സ് ക്രിസ്റ്റൽ അത്യന്ത്യാപേക്ഷിതമാണ്. ഐക്യ സംസ്ഥാനങ്ങരംക്കു ലഭിക്കുന്നതിൽ 98% ബ്രസീലിൽനിന്നുതന്നെ.

## അഴകുകൂട്ടുവാൻ സ്വർണ്ണപ്പൊടി

ഇങ്കാ സാമ്രാജ്യത്തിലെ സ്വർണ്ണമാണ് സ്പെയിൻകാരെ തെക്കെ അമേരിക്കയിലേയ്ക്കാകഷിച്ചതു്. അവർ 'സ്വർണ്ണരാജ്യം' കണ്ടെത്തി. അവിടെനിന്നു കിട്ടിയ അറുതിയില്ലാത്ത സ്വർണ്ണം സ്പെയിനിനെ അധഃപതനത്തിലേയ്ക്കും അനാസ്ഥയിലേക്കും ഉരുട്ടിവിട്ടു. ഈ പ്രദേശത്തു് അന്നുണ്ടായിരുന്ന അടിമസ്ത്രീകരം അഴകുകൂട്ടുവാൻ തലമുടിക്കെട്ടിൽ സ്വർണ്ണപ്പൊടി വാരിവിതറിയിരുന്നത്രെ.

## ഒരു വാര റെയിൽ: ഒരു തലയോട്!

അമെയ്സോൺ വനങ്ങളെ മെരുക്കുവാനുള്ള ആദ്യത്തെ മനുഷ്യയത്നം പരാജയപ്പെട്ടു. 1872-ൽ ബൊളീവിയയിലെ സമ്പത്തു് വിഭവങ്ങരം അററ്ലാൻടിക്ക് തുറമുഖത്തേക്കു കൊണ്ടുവരുവാൻ മഡീറ നദീതീരത്തുകൂടി 230 നാഴിക വരുന്ന തീവണ്ടിപ്പാത വെട്ടുവാൻ ഒരു ശ്രമം നടന്നു. സാംക്രമിക രോഗങ്ങരം പിടിപെട്ട് ആയിരക്കണക്കിന് തൊഴിലാളികരം മരിച്ചു; ഭയവിഹ്വലരായി ആയിരക്കണക്കിന് തൊഴിലാളികരം ഓടിപ്പോയി. അവസാനത്തെ വ്യക്തി സ്ഥലം വിട്ടപ്പോരം, വെറും അഞ്ചു നാഴിക തീവണ്ടിപ്പാത മാത്രമെ തീന്നിരുന്നുള്ളു. റെയിലിൽ കിടന്നിരുന്ന തീവണ്ടി എൻജിനുള്ളിൽ ഒരു വൃക്ഷം മുളച്ച് പുകക്കുഴലിൽകൂടി മേല്പോട്ടുയന്നു. വനങ്ങരംക്കു യന്ത്രങ്ങളോടുള്ള പുച്ഛം!

കുറേക്കാലത്തിനുശേഷം പനാമക്കനാൽ നിർമ്മാണാവസരത്തിൽ പഠിച്ച പാഠങ്ങൾ മറക്കാത്ത എൻജിനീയർമാർ ഈ പ്രദേശത്തെത്തി ചതുപ്പുനിലങ്ങളിലെ വെള്ളം വററിച്ചു, ടൺ കണക്കിനു് ക്വിനൈൻ വരുത്തി മലമ്പനി ബാധിതരായ കൂലിപ്പണിക്കാർക്കു നല്കി, തീവണ്ടിപ്പാത പൂർത്തിയാക്കി. ഈ തീവണ്ടിപ്പാതയുടെ കഥ ചുരുക്കിയെഴുതിയ വിദഗ്ദ്ധൻ പറഞ്ഞു: "ഓരോ വാര റെയിലിനടിയിലും ഓരോ മനുഷ്യത്തലയോട്ടുണ്ടു്."

## പുത്തൻ മടിശ്ശീലയുടെ പൊങ്ങച്ചം

ഏതാനും കൊല്ലങ്ങൾക്കു മുമ്പു്, ലോകത്തിനെ ആകമാനം പിടിച്ചു കുലുക്കിയ സാമ്പത്തികത്തകർച്ചക്കു ശേഷം, റബ്ബറിൻെറ വില ബലൂൺപോലെ മേല്പോട്ടുയൎന്നു. റബ്ബറിനു് ലോകവിപണികളിൽ പിടിച്ചു പറിയായി. അതോടെ മന്യൂസ് നഗരത്തിലും ചുററുപാടും ഏതാനും 'റബ്ബർ രാജാക്കന്മാർ' തലപൊക്കി. വില്ലാർഡ് പ്രൈസ് പറയുന്നതുകേൾക്കുക: "മന്യൂസ് തുറമുഖത്തു് കപ്പലുകളടുക്കുന്നതിനു് കോടിക്കണക്കിനു ഡോളർ ചിലവിട്ടു് ജെട്ടികൾ പണികഴിച്ചു. പുതിയ റബ്ബർ പ്രഭുക്കൾ ക്രൂരന്മാരായ തലവന്മാരുടെ സേവനങ്ങൾ കൂലിക്കെടുത്തു. ഈ തലവന്മാർ തല്ലിയും പീഡനങ്ങൾ ഏല്പിച്ചും റെഡ്ഇന്ത്യൻ അടിമകളെക്കൊണ്ടു ഹിവിയ റബ്ബർ മരങ്ങളിൽനിന്നും റബ്ബർ ചാർ വാങ്ങെടുപ്പിച്ചു. റബ്ബർ പ്രഭുക്കൾ കോടീശ്വരന്മാരായി, റബ്ബർ രാജാക്കന്മാരായി. ഈ പുതിയ റബ്ബർ രാജാക്കന്മാർ തങ്ങളുടെ കൊട്ടാരങ്ങൾ പണിയുവാൻ മാർബിൾക്കല്ലുകൾ ഇററലിയിൽനിന്നു വരുത്തി, അലങ്കാര വസ്തുക്കൾ ഫ്രാൻസിൽനിന്നും. സോപ്പുപതഅനുഭവപ്പെടാത്ത വിരലുകളിൽ രത്നമോതിരങ്ങൾ വന്നെത്തി. ധനത്തിൽ മാത്രമല്ല, കൊള്ളരുതായ്മയിലും മന്യൂസ് നഗരം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ലോകത്തിലെ ഏററവും ഭംഗിയുള്ള 'ഓപ്പറേ'തിയേററർ മന്യൂസിലാണു്. അതിൻെറ വിവിധ ഭാഗങ്ങൾ

തന്നി മാർബ്ബിൾകൊണ്ടു പണികഴിച്ച്, കപ്പൽമാർഗ്ഗം അററ്ലാൻ ടിക്ക് സമുദ്രം കടത്തി, ആയിരം നാഴിക ദൂരം അമെയ്സോൺ നദിയിൽകൂടി മുകളിലേക്കെത്തിച്ച്, മനൗസിൽ കൂട്ടിച്ചേർക്കുകയാണുണ്ടായത്. യൂറോപ്പിലെ ഏററവും നല്ല ഓപ്പറേ കമ്പനികൾ, ഏററവും വലിയ ഫീസ്സുവാങ്ങി, മനൗസിലെത്തി, തങ്ങളുടെ വൈദഗ്ദ്ധ്യത്തെ മനൗസ് പൗരന്മാർക്കും റബ്ബർ രാജാക്കന്മാർക്കും കാട്ടിക്കൊടുക്കുവാൻ". പണം സ്വന്തം കൈകളിൽ കുന്നുകൂടുമ്പോൾ മനുഷ്യനു ഭ്രാന്തുപിടിക്കുന്നു. അതിലെന്താണത്ഭുതം?

## ഒരു കളവിൻെറ കഥ

റബ്ബർ വിത്തുകൾ രാജ്യത്തിനു വെളിയിൽ കടത്താൻ പാടില്ലെന്നു് കശ്ശനമായ നിയമമുണ്ടു് ബ്രസീലിൽ. നിയമം ലംഘിക്കുക എന്നതു് ധീരതയുടെ ലക്ഷണമല്ലെ? അതിനൊരുമ്പെട്ടു ഒരു ബ്രിട്ടീഷ് പൗരൻ. അയാൾ 70,000 റബ്ബർ വിത്തുകൾ മലയയിലേക്കു കടത്തി. വരിവരിയായി റബ്ബർ വൃക്ഷങ്ങൾ മലയൻ മലമ്പ്രദേശത്തു് തഴച്ചു വളന്നു. അമെയ്സോൺ വനങ്ങളിൽ അനേകം ദിവസങ്ങൾ ചുററിത്തിരിഞ്ഞു് കാട്ടു റബ്ബർ മരങ്ങൾ കണ്ടുപിടിച്ച് റബ്ബർ സമ്പാദിക്കുന്നതിൽ എത്രയൊ എളുപ്പമാണ് മലയയിലെ റബ്ബർ തോട്ടങ്ങളിൽ നല്ല റബ്ബറുല്പാദിപ്പിക്കുന്ന സമ്പ്രദായം? ഫലം: റബ്ബർ രാജാക്കന്മാർ പൊളിഞ്ഞു; റബ്ബർ തൊഴിലാളികൾക്കു ജോലി നഷ്ടപ്പെട്ടു; ബ്രസീലിലെ റബ്ബർ വ്യവസായം ക്ഷയിച്ചു. 1910-ൽ ലോകത്തിനു ലഭിച്ച 88% റബ്ബറും ബ്രസീലിൽനിന്നും വന്നു; 1923-ൽ 8% മാത്രം. മലയ റബ്ബറിൻെറ കലവറയായി.

രണ്ടാം മഹായുദ്ധം തുടങ്ങി. ജപ്പാൻ പേൾഹാർബർ കരസ്ഥമാക്കി. മലയയടക്കം തെക്കു കിഴക്കേഷ്യ ജപ്പാൻെറ ചുരുട്ടിയ മുഷ്ടിക്കുള്ളിൽപെട്ടു. അമേരിക്കക്കുംപാശ്ചാത്യശക്തികൾക്കുംറബ്ബർ കിട്ടാനില്ലാതായി. ഐക്യസംസ്ഥാനങ്ങളുടേയും ബ്രിട്ടൻേറയും

കണ്ണുകഠം ബ്രസീലിലേക്കു തിരിഞ്ഞു. വീണ്ടും വമ്പിച്ച തോതിൽ റബ്ബറൽപാദനം തുടങ്ങി ബ്രസീലിൽ. ഐക്യസംസ്ഥാനങ്ങളുടെ ധന സഹായത്തോടെ, മനുഷ്യനേയും മരങ്ങളേയും ബാധിക്കുന്നരോഗങ്ങളോടു മല്ലിട്ട്, ബ്രസീൽ ഇന്നു് കൂടുതൽ കൂടുതൽ റബ്ബർ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്നു.

## ഗ്രെയിററ് ഡയഗണൽ പ്രോജക്ടററ്

അമെയ്സോൺ വനപ്രദേശത്തെ മനുഷ്യസേവനത്തിനു് തയ്യാറാക്കുവാൻ പല സ്ഥാപനങ്ങളും പ്രവത്തിയെടുക്കുന്നുണ്ടു്. ബ്രസീലിയൻ ശാസ്ത്രജ്ഞൻ ഡോക്ടർ ഫിലിസ് ബർട്ടൊ കമാർഗൊയുടെ നേതൃത്വത്തിലുള്ള 'ഇൻസ്റ്റിട്യൂട്ടൊ അഗ്രോണൊമിക്കൊ ഡൊ നോത്തെ', നെൽസൺ റോക്ക് ഫെല്ലറുടെ കീഴിലുള്ള ഐ. ബി. ഈ. കോർപറേഷൻ, ഗവമ്മേണ്ടുത്സാഹത്തിലും സഹായത്തിലും നടക്കുന്ന 'ഗ്രെയിററ് ഡയഗണൽ പ്രോജക്ക്ററ്' എന്നിവയാണു് മുൻപന്തിയിൽ.

'ഗ്രയിററ് ഡയഗണൽ പ്രോജക്ക്ററി'ൻെറ മുദ്രാവാക്യം "പടിഞ്ഞാട്ടു മാച്ച് ചെയ്യൂ" എന്നാണു്. ഏതാണ്ടു സമചതുരത്തിലാണു് അമെയ്സോൺ തടം. 'ഡയഗണൽ' എന്നതിനത്ഥം ഒരു മൂക്കിൽനിന്നു വിലങ്ങനെ മററെ മൂക്കിലേക്ക് എന്നാണു്. ചുരുക്കത്തിൽ ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നതു് റിയൊഡി ജനയ്റൊ നഗരം മുതൽ കാരകാസ് നഗരം വരെ—സമചതുരത്തിൻെറ തെക്കു കിഴക്കേ മൂക്കു മുതൽ വടക്കു പടിഞ്ഞാറെ മൂക്കു വരെ വനനിബിഡമായ അമെയ്സോൺ തടത്തെ വിലങ്ങനെ മുറിച്ച് മനുഷ്യവാസയോഗ്യമാക്കാനാണു്. അതു സാധിച്ചാൽ കാലക്രമേണ ഇരുഭാഗത്തുമുള്ള വനങ്ങഠം പരിഷ്കൃത മനുഷ്യനു് കീഴ്പെട്ടുകൊള്ളും. ധാരാളം പണം ചിലവിട്ട് ഗവമ്മേണ്ടുത്സാഹത്തിന്മേൽ പ്രവത്തനമാരംഭിച്ച പദ്ധതിയാണിതു്.

1946ലെ ഭരണഘടനയനുസരിച്ച് നികുതിയിൽനിന്നു മൂന്നു ശതമാനം ഇരുപതു കൊല്ലത്തേയ്ക്കു അമെയ്സോൺ പ്രദേശ വികസനത്തിനുപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. യന്ത്രസംസ്കാരത്തിൻേറയും നാഗരീകതയുടേയും ആധുനിക മനുഷ്യഗണത്തിൻേറയും—പ്രത്യേകിച്ച് ബ്രസീലിൻെറ സമ്പൽസമൃദ്ധിക്കായി—ഗുണത്തിനും മേന്മക്കുമായി അമെയ്സോൺ പ്രദേശത്തെ തുറന്നു കൊടുക്കലാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

## റോഡും റെയിലുംവേണ്ട, വിമാനം മതി

പുതിയ പുതിയ ചെറു പട്ടണങ്ങളും വിമാനത്താവളങ്ങളും റിയൊ നഗരം മുതൽ കാരകാസ് നഗരം വരെ പരന്നു കിടക്കുന്ന ഘോരവനങ്ങളിൽകൂടി നാഗരീകതയുടെ വെള്ളിരേഖ വരക്കുകയാണ്. ഇരുളടഞ്ഞ ഈ വനാന്തരങ്ങൾ മനുഷ്യസ്പർശമേല്ക്കാത്തവതന്നെ. ഈ വഴി തെളിയിച്ചാൽ, അമെയ്സോൺ വനങ്ങൾ മനുഷ്യന് വഴങ്ങിക്കൊടുക്കുമെന്നുമാത്രമല്ല വിമാനങ്ങൾക്കുപോലും ആയിരം നാഴിക കുറവേ യാത്രചെയ്യേണ്ടു. ഇത്ര ധീരമായ പദ്ധതി നടപ്പിലാക്കുവാൻ ലോകത്തിലെ മററൊരു രാജ്യവും ശ്രമിക്കുകയുണ്ടായിട്ടില്ല. ഒരു നിര പട്ടണങ്ങൾ, അടുത്തടുത്തായിത്തന്നെ, രൂപംകൊണ്ടു കഴിഞ്ഞു. ഓരോ പട്ടണത്തിലും ഫാമുകളും ഫാക്ടറികളും വിമാനത്താവളങ്ങളുമുണ്ട്. 50,000 ബ്രസീൽകാർ ഈ പുത്തൻ പട്ടണങ്ങളിൽ താമസമാക്കിക്കഴിഞ്ഞു. ഈ പട്ടണ ശൃംഖലയിലെ ആദ്യത്തെ കണ്ണിയാണ് അനാ പോളീസ് നഗരം, പുതിയ ലോകത്തിലേക്കുള്ള പ്രവേശനദ്വാരം.

ഈ പദ്ധതി വിജയപ്രദമാക്കുവാൻ ഏററവുമധികം സഹായകമായതു് റോഡുകളും തീവണ്ടിപ്പാതകളുമല്ല, വിമാനങ്ങളാണ്. വിമാനത്തിൽനിന്നും പാരച്യൂട്ട്വഴി എൻജിനീയർമാരും തൊഴിലാളികളും വലിയ യന്ത്രങ്ങളും മററുപകരണങ്ങളും വനത്തിനുള്ളി

ലുള്ള നിർദ്ദിഷ്ടസ്ഥലത്തിറങ്ങുന്നു. കാടുകളും മരങ്ങളും നീക്കി വിമാനത്താവളം തയ്യാറാക്കുന്നു. വിമാനങ്ങൾ കൂടുതൽ കൂടുതൽ തൊഴിലാളികളേയും വിദഗ്ദ്ധന്മാരേയും കൊണ്ടുവരുന്നു; വളരെയേറെ സാധനങ്ങളും. നിരത്തുകളും കെട്ടിടങ്ങളും ആസ്പത്രികളും കച്ചവടസ്ഥലങ്ങളും പൊങ്ങിവരുന്നു. ഫാമുകൾ ഉടലെടുക്കുന്നു. കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾക്കാവശ്യമായ മേന്മയുള്ള കന്നുകാലികൾ വിമാനത്തിൽക്കയറി വന്നെത്തുന്നു, അല്ലെങ്കിൽ പാരച്യൂട്ട് വഴി ആകാശത്തുനിന്നു് കീഴ്പ്പോട്ടിറങ്ങുന്നു. വനത്തിന്റെ ഹൃദയത്തിൽ തന്നെ ഒരു പട്ടണം പണിതു കഴിഞ്ഞു. അതിനുശേഷം റോഡുകൾ വെട്ടുന്നു, തീവണ്ടിപ്പാതകൾ പണിയുന്നു, ഈ പട്ടണത്തെ അടുത്തുള്ള പട്ടണവുമായി ബന്ധിക്കുവാൻ.

ഈ പ്രദേശത്തിന്റെ തലസ്ഥാനമാണ് ഗോയ്നിയ നഗരം. വിമാനങ്ങളുടേയും പാരച്യൂട്ടിന്റേയും അഭാവത്തിൽ ഈ നഗരം പണിതെടുക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല. ഒന്നാന്തരം നിരത്തുകൾ, ജനനിബിഡമായ തെരുവുകൾ, മനോഹരമായ പാർക്കുകൾ, പടുകൂററൻ ആപ്പീസ് കെട്ടിടങ്ങൾ. റോഡിന്റേയും തീവണ്ടിപ്പാതകളുടേയും സഹായമില്ലാതെ പൊങ്ങിവന്ന ഈ നഗരം മരതകപ്പച്ചയിലമന്ന അമൂല്യരത്നംപോലെ പ്രശോഭിച്ചു. 60,000 ജനങ്ങൾ അവിടെ താമസമുണ്ട്. ശരിയായ 'പ്ലാൻ'അനുസരിച്ച് പണിതെടുത്ത നഗരമാണിതു്. അടുത്ത തീവണ്ടിപ്പാത 30 നാഴിക ദൂരെയായിരുന്നു. അടുത്ത ടെലഫോൺ 200 നാഴിക അകലെയും. ഇന്നീ തലസ്ഥാനം മററ പട്ടണങ്ങളുമായി ബന്ധിച്ചിട്ടുണ്ട്—തീവണ്ടി മാർഗ്ഗവും റോഡുമാർഗ്ഗവും. യൂറോപ്പിൽനിന്നു വന്നെത്തിയവരാണ് നഗരവാസികളിലധികവും.

## നാടിന്റെ നട്ടെല്ല്

ഓരോ പട്ടണവും നേരത്തെതന്നെ ആസൂത്രണം ചെയ്ത പദ്ധ

തിയനുസരിച്ചാണ് രൂപപ്പെടുത്തിയിട്ടുള്ളതു്. ഇന്നത്തേയും ഭാവിയിലേയും ആവശ്യങ്ങൾക്ക പര്യാപ്തമായ വിധത്തിൽ, ഇന്നെത്ര പേർ ആ പട്ടണത്തിൽ താമസിക്കവാൻ വരും, ഇരുപതു കൊല്ലങ്ങൾക്കശേഷം എത്രപേർ— ഇതിൻെറ പത്തിരട്ടി ജനങ്ങക്ക താമസിക്കവാനുതകിയ വിധമാണ് 'ടൗൺ പ്ലാനിങ്ങ്'. പത്തുകൊല്ലത്തിനകം 'ഗ്രെയിററ് ഡയഗണൽ' ബ്രസീലിൻെറ നട്ടെല്ലാകും. ബ്രസീലിൻെറ കൃഷി കേന്ദ്രവും വ്യവസായ കേന്ദ്രവുമായിതീരും ഈ പ്രദേശം. ഐക്യസംസ്ഥാനങ്ങളുടെ തലസ്ഥാനമായ വാഷിങ്ങ്ടൺ നഗരത്തിൻെറ കെട്ടും മട്ടുമുള്ള ഒരു ദേശീയതലസ്ഥാനം 'ബ്രസീലിയ' എന്ന പേരിൽ പണി കഴിക്കവാൻ ഗവമ്മേണ്ടിനു പ്ലാനുണ്ടു്. "ബ്രസീൽ നാളെയുടെ രാജ്യമാണ്—ഒരിക്കലും വന്നു ചേരാത്ത നാളെയുടെ രാജ്യം" എന്നു് ഇതരരാജ്യക്കാർ ബ്രസീലിനെ ആക്ഷേപിക്കാറുണ്ടു്. ആ ആക്ഷേപശരത്തിൻെറ മൂച്ചുപോയിരിക്കുന്നു. ബ്രസീൽ നാളെയുടെ രാജ്യമാകുവാൻപോകയാണ്. സംശയമില്ല. ലോക ജനസംഖ്യയിൽ വന്നുകൂടിക്കൊണ്ടിരിക്കുന്ന സീമാതീതമായ ജനവദ്ധനവിനു ഒരു പരിഹാരംകൂടിയാകും അമെയ്സോൺ പ്രദേശം. വിദഗ്ദ്ധന്മാരുടെ അന്വേഷണഫലം, ഈ പ്രദേശത്തു് 100 കോടി ജനങ്ങളെ താമസിപ്പിക്കവാൻ കഴിയുമെന്നാണ്. 'പുതിയ ലോക'ത്തിലെ ജനങ്ങളിൽ പകുതിയോളം ആളുകൾക്കും താമസിക്കവാൻ ഇടമുണ്ടത്രെ അവിടെ! ഈ പരമാത്ഥം മനസ്സിലാക്കിയാണ് ഐക്യരാഷ്ട്ര സംഘടന അമെയ്സോൺ തടത്തെപ്പററി ശാസ്ത്രീയമായി പഠിക്കാൻവേണ്ടി 8,500 പവൻ വിനിയോഗിക്കവാനുറച്ചതു്. "മനുഷ്യൻ, യന്ത്രസംസ്കാരമുപയോഗിച്ച്, ചൂഷണം ചെയ്ത ഭൂഗോളത്തിൻെറ ആശാകേന്ദ്രമായിത്തീരും അമെയ്സോൺ തടം" എന്നത്രെ വില്ലാർഡ് പ്രൈസ് അഭിപ്രായപ്പെടുന്നതു്.

സോറ ബ്രാഗ നമ്മെ അമെയ്സോണിയയിൽ കൂടിയുള്ള ഒരു യാത്രക്കു ക്ഷണിക്കുന്നു. നമുക്കദ്ദേഹത്തിൻെറകൂടെ യാത്ര ചെയ്തുനോക്കാം.

## സംഘട്ടനത്തിൽനിന്നനുരാഗം

റിയൊ സോളിമോസ് (നദി) അതിൻെറ കരത്ത ഉറവിടത്തിൽനിന്നും കുതിച്ചുചാടി ഒഴുകുന്നു. പല ശാഖകളുടേയും തടാകങ്ങളുടേയും പിതാവായ സോളീമോസ് പരന്നൊഴുകുന്നതിനിടക്കു് അതിശീഘ്രം പായുന്ന റിയൊ നെഗ്രൊ (നദി) യുമായി സമ്മേളിക്കുന്നു. സോളിമോസിലെ കലങ്ങിയ ജലം കറുത്തിരുണ്ട നെഗ്രൊയിലെ ജലവുമായി ഏററുമുട്ടുന്നു. മുറിവു പററിയ ചീങ്കണ്ണിയെപ്പോലെ നെഗ്രൊ നദി അത്യുഗ്രമായ ഒരു സംഘട്ടനത്തിനു് തയ്യാറെടുത്തു് എതിരാളിയുടെ നേക്കു ചാടുകയാണു്. യുദ്ധക്കളം നീണ്ടുപുളഞ്ഞങ്ങിനെ പോകുന്നു. ഈ സംഘട്ടനത്തിൻെറ സന്താനങ്ങളായ ചുഴികളിൽപെട്ടു പോകുന്ന മീൻപിടുത്തക്കാരനു രക്ഷയില്ല. തീച്ച്. മന്യസ് നഗരത്തിലെത്തുന്ന സന്ദർശകർ കാണേണ്ട കാഴ്ചയാണിതു്.

രണ്ടു നദികൾ തമ്മിലുള്ള ഈ സംഘട്ടനം കണ്ട കവി ഒരു മെയ്സോണെ പ്രസവിക്കുവാൻകരുത്തുള്ള തൻെറ അനുരാഗത്തെ ഈ സംഘട്ടനത്തോടുപമിക്കുന്നു. പ്രേയസിയുടെ ഭാഗ്യമെന്നു പറയട്ടെ, അദ്ദേഹത്തിൻെറ അനുരാഗം, ഈ നദികളുടെ സംഘട്ടനത്തെ വിസ്മരിച്ച്, ഒന്നു വളഞ്ഞു് ഇരുഭാഗത്തും കൊച്ചരുവികൾ സൃഷ്ടിച്ച്, സമാധാനത്തിൻെറ പാതയിലൂടെ പ്രയാണം ചെയ്തു.

## നശിപ്പിക്കും, സൃഷ്ടിക്കും

അമെയ്സോൺ (നദി) സംതൃപ്തനല്ല. അതിൻെറ തീരങ്ങൾ വാ പിളന്നു് വയറു നിറക്കുവാൻ 'ഇഗാ റോപ്പു' (കൈവഴികൾ)കളേയും, ഫ്യൂറോ(തടാകത്തിൽനിന്നു നദിയിലേയ്ക്കുള്ള വെള്ളച്ചാലു)

കളേയും, പരാണ (ഇരുനദികളേയും കൂട്ടിയിണക്കുന്ന തോട്ട്) കളേയും, ധനികനും കോപിയുമായ 'ടൊക്കാൻ ടിൻ'നദി യേയും, പതിവ്രതയല്ലാത്ത തോന്നിവാസി 'മദെയ്റ' നദിയേയും വിഴുങ്ങുന്നു. അമെയ്സോണും താന്തോന്നിയാണ്, വിശ്വാസ വഞ്ചനക്കു മടിക്കില്ല. ഒരേ വഴിയിൽക്കൂടി ഒഴുകിയൊഴുകി ബോറു തോന്നിയാൽ, മറെറാരു വഴിക്കു തിരിക്കും. പൊട്ടുന്നനവെയായി രിക്കും ഒരു ദ്വീപ് സൃഷ്ടിക്കുക, മറെറാരു ദ്വീപ് തകക്കുക. ഭൂപട ങ്ങളോട്ട തീരെ ബഹുമാനമില്ലാത്ത ഈ വൻനദി എവിടെയെ ങ്കിലും കുറെ കര തിന്നൊതുക്കിയെന്നുവരാം; മറെറാരിടത്തു് ഒരു പുതിയ തടാകം വാരത്തെട്ടുക്കുവാനും മടിക്കില്ല. 'ഉവ്വ്' എന്ന പക്ഷി കൂടുകൂട്ടുക വെള്ളത്തിൽ മുങ്ങിനില്ക്കുന്ന വൃക്ഷങ്ങളുടെ വെള്ള നിരപ്പിനല്പം മുകളിൽ കാണുന്ന ശിഖരങ്ങളിലാണ്. 'ഉവ്വ്'ക്കു മാത്രമെ അമെയ്സോണിൽ നാളെയൊ മറെറന്നാളൊ എത്ര മാത്രം വെള്ളം പൊങ്ങുമെന്നു നിശ്ചയമുള്ളു.

## അപകടം നിറഞ്ഞ മീൻപിടുത്തം

ആറുമാസം മഴ പെയ്യുന്നു, എതാണ്ടിടമുറിയാതെ. പിന്നെ വെള്ളപ്പൊക്കമായി. നദീതീരങ്ങളിലുള്ള പച്ചവനങ്ങൾ വെള്ള ത്തിൽ മുങ്ങുന്നു. ചുവന്ന കടച്ചാറിപ്പഴം ഞെട്ടററു വീഴുന്നു. തരം നോക്കി മുകളിലേയ്ക്കു നോക്കിക്കൊണ്ടിരുന്ന വിശപ്പുകാരനായ ഒരു മത്സ്യം വെള്ളത്തിനു മുകളിലെയ്ക്കൊരു ചാട്ടം. വെള്ളത്തിൽ വീഴുന്നതിനു മുമ്പുതന്നെ പഴം അവൻെറ വായിലും.

മീൻപിടുത്തക്കാർ ചെറുതോണികളിൽ എത്തിയിട്ടുണ്ട്. ചൂണ്ടയും വലയും ഉപയോഗിക്കുന്നതിലുള്ള അവരുടെ സാമത്ഥ്യം ചില്ലറയൊന്നുമല്ല. അപരിഷ്കൃത വഗ്ഗക്കാർ രാത്രിയിൽ തോണി കളിൽക്കയറി, തലയിൽ കെട്ടിവെച്ചിട്ടുള്ള എണ്ണവിളക്കിൻെറ പ്രകാശംകൊണ്ടു് വലിയ മത്സ്യങ്ങളെ ആകഷിക്കുന്നു; അടുത്തെ

ത്തിയ മത്സ്യത്തെ കുന്തമെറിഞ്ഞു പിടിക്കുന്നു. ധാരാളം നീളമുള്ള ചരടിന്റെ ഒരററം മീൻപിടുത്തക്കാരന്റെ അരയിലും മററെ അററം കുന്തത്തിന്റെ കടക്കലും കെട്ടിയിരിക്കും. എറിയുമ്പോഠം കുന്തം മത്സ്യത്തിന്റെ ശരീരത്തിലേയ്ക്കിറങ്ങും. ചരടു വലിച്ചെടുക്കുമ്പോഠം കുന്തം കിട്ടും. അതിന്റെ അററത്തുള്ള വലിയ മത്സ്യത്തേയും. രസകരമായിരിക്കും ഈ മീൻപിടുത്തം കാണുവാൻ. രാത്രിയിലുള്ള ഈ മീൻപിടുത്തം അപകടം നിറഞ്ഞതാണ്. വെളിച്ചം മത്സ്യങ്ങളെ മാത്രമല്ല ആകർഷിക്കുന്നതു്. കോടിക്കണക്കിനാണ് കൊതുക്കഠം വന്നെത്തുക. തുടങ്ങീ സംഗീതം, കടി, അടി. മീൻപിടുത്തക്കാരൻ ബാലൻസു തെററി വെള്ളത്തിൽ വീഴാതിരുന്നാൽ ഭാഗ്യം. വെള്ളത്തിൽ മുഴുവനായും മുങ്ങിക്കിടക്കുന്ന വൃക്ഷശാഖകളിൽ വഞ്ചിവന്നടിക്കും, മറിയും. വെള്ളത്തിൽ വീഴുന്ന വ്യക്തിയെ അതേപടി സ്വീകരിക്കുവാൻ വാ പിളന്നു കിടക്കുന്ന ചീങ്കണ്ണികളും മുതലകളും തയ്യാറുണ്ടാകും. വെള്ളത്തിൽക്കൂടി സഞ്ചരിക്കുന്ന അനാക്കോണ്ട തുടങ്ങിയ പെരുമ്പാമ്പുകളും മനുഷ്യനെ വളഞ്ഞുചുററി ഞെക്കിക്കൊല്ലുന്നതിൽ പുറകോട്ടല്ല.

## ശനിദശയിൽനിന്നു് വ്യാഴദശയിലേയ്ക്കു്

തണുപ്പുകാലം രോഗങ്ങളെ കൂടെ കൊണ്ടുപോരുന്നു, അമെയ്സോണിയ നിവാസികഠംക്ക് വീതിച്ചു കൊടുക്കുവാൻ. മഴ കാരണം നദികഠം തടിച്ചു വീത്ത് ഇരുകരകളേയും ഭേദിച്ച് പരന്നൊഴുകുമ്പോഠം, വനങ്ങളിലേയ്ക്കു വെള്ളം കയറുന്നു, ഇലകഠം ചത്തു ചീയുന്നു, വീടുകഠം ഒഴുകിപ്പോകുന്നു, മൃഗങ്ങഠം ചത്തളിയുന്നു. ഇവയെല്ലാം കരകളിൽ വന്നടിയുന്നു. അതിനാൽ തണുപ്പുകാലം എന്നതിനു പനികഠം, സാംക്രമികരോഗങ്ങഠം, കന്നുകാലികഠംക്കും കൃഷിക്കും നാശം എന്നെല്ലാം അത്ഥമുണ്ട്.

ഒരു ദിവസം നദികളിലെ വെള്ളപ്പൊക്കം നിലയ്ക്കുന്നു,

വെള്ളം കുറയുന്നു, വെള്ളത്തിനടിയിൽപെട്ട വനങ്ങൾ തല പൊക്കുന്നു. കൊബോക്ലൊകൾ—അമെയ്സോൺ നിവാസികളെ അങ്ങിനെയാണ് വിളിക്കാറ്—ആഹ്ളാദിക്കുന്നു. ഇനിയത്തെ ആറുമാസക്കാലം അവൎക്കിഷ്ടമാണ്. ജീവിതം രസംനിറഞ്ഞതായിരിക്കും. തോണികളിലേയ്ക്കു് മത്സ്യം ചാടി വീഴും. തിന്നാൻ പററിയ നല്ല കാട്ടു പഴങ്ങൾ പടൎന്നുററൻ വൃക്ഷങ്ങളുടെ മുകളിൽ നിന്നടൎന്നുവീഴും. പുതുവൃക്ഷങ്ങൾകൊണ്ടു നിറയും, അവിടവിടെ കാണുന്ന തുരുത്തുകൾ. മരംകൊണ്ടുണ്ടാക്കിയ ഒഴുകുന്ന തൊഴുത്തുകളിൽനിന്നു് കന്നുകാലികൾക്കു മോചനം ലഭിക്കും. നദിക്കിരുഭാഗത്തുമുള്ള വെള്ളമണലിൽ ഹെറോൺ പക്ഷികളും ഭംഗിയുള്ള 'ട്രക്കാജ'പ്പക്ഷികളും നൃത്തം വെയ്ക്കും.

## ഗെയ്യോള, വത്തിക്കാനൊ, പോൺടൊ

സോറ ബ്രാഗ തോണിമാൎഗ്ഗം മനൌസ് നഗരത്തിലെത്തി. ലോകത്തിൽ അനേകം തുറമുഖങ്ങളുണ്ടു്. പക്ഷെ മനൌസ് പ്രത്യേകതരം തുറമുഖമാണ്. ആയിരക്കണക്കിനു് പലതരം തോണികൾ വന്നും പോയും കൊണ്ടിരിക്കുന്നു. വലിയ ബോട്ടുകളും ചെറുതരം കപ്പലുകളും വന്നടുക്കുന്ന ജെട്ടികൾ നദിയിലെ വെള്ളം കൂടുന്നതും കുറയുന്നതും അനുസരിച്ചു് പൊങ്ങുകയും താഴുകയും ചെയ്യും. 'മോട്ടോർ ലോഞ്ചു'കൾ, റബ്ബർ കയററി അയക്കുന്ന കപ്പലുകൾ, ആളുകളെ കൊണ്ടുപോകുന്ന 'ഗെയ്യോള'കൾ, പരന്ന അടിഭാഗമുള്ള 'വത്തിക്കാനൊ'കൾ, സമുദ്രം കടക്കുന്ന വലിയ കപ്പലുകൾ, 'ചാട'കൾ അഥവാ പത്തേമാരികൾ, തടികൾ വഹിച്ചുകൊണ്ടുപോകുന്ന 'പോൺ'ടൊകൾ—മററു പലതരം ജലവാഹനങ്ങൾ. ഒരു 'ടഗ്ഗ്' കൂട്ടികെട്ടിയിട്ടിരിക്കുന്ന ആയിരത്തോളം തടികളെ കെട്ടിവലിച്ചു കൊണ്ടുപോകുന്നു. അവിടവിടെയായി കഴുത്തും തലയും പൊക്കിപ്പിടിച്ചു് 'മെർഗൾഹൊ' പക്ഷികൾ വെള്ളത്തിൽകൂടി മീൻ അന്വേഷിച്ചു് നീങ്ങിക്കൊണ്ടിരിക്കുന്നു.

## ഒഴുകുന്ന വീടുകൾ! മരംകൊണ്ടുള്ളവ

തടികൾ നിരത്തിയിട്ട് അതിൻെറ മുകളിലാണ് ഈ മരം കൊണ്ടുള്ള വീടുകൾ. അച്ഛനും അമ്മയും കുട്ടികളും പശുക്കളും ചെടികളും ആ ഭവനത്തിലുണ്ട്. ഒഴുകുന്ന പീടികകൾ കുറച്ചൊന്നുമല്ല. ഒരലക്കുകാരി മുഷിഞ്ഞ മുണ്ടുകൾ തിരുമ്മുന്നു; കുട്ടികൾ നീന്തിക്കളിക്കുന്നു; ഒരമ്മ മീൻ ഉരച്ചു കഴുകുന്നു; ഒരു യുവതി പാത്രം കഴുകുന്നു. അഴുക്കും അവശിഷ്ടങ്ങളും സ്വീകരിക്കുന്നതും കുടിക്കുവാൻ വെള്ളം നൽകുന്നതും ഈ നദി തന്നെയാണ്. തൽഫലമായി എവിടേയും ഈച്ചയാണ്. ഈച്ച രോഗങ്ങൾ വിതരണം ചെയ്യുന്നു. അടുപ്പിൽ തീ ആളിക്കത്തി വീടിനു തീ പിടിച്ചു. ഒരു കുട്ടി മുങ്ങി മരിച്ചു. പശു വെള്ളത്തിൽവീണു ചത്തു. കാട്ടിൽ ഒരു പൂ പിറന്നു; വീട്ടിൽ ഒരു കുട്ടി പിറന്നു.

## നദിയിലെ തെരുവുകൾ

വീടുകൾ നങ്കൂരമടിച്ചു കിടപ്പാണ്. നീളമുള്ള ഒരു കയറിൽ വലിയ കല്ലുകെട്ടിത്തൂക്കി നദിയുടെ അടിഭാഗത്തേക്കിറക്കുന്നു; കയറിൻെറ മറെറ തല വീട്ടിൻെറ ഏതെങ്കിലും ഭാഗത്തു കെട്ടുന്നു—അതാണ് നംകൂരം. ഒരു വീട്ടിൽനിന്നു് മറെറാന്നിലേക്കു പോകുവാനുള്ള മാർഗ്ഗം ഒരു നീണ്ട മരപ്പലകയാണ്, നൂറു കണക്കിനു വീടുകൾ, അത്രയും മരപ്പലകകൾ—ഒരു തെരുവായി. രാത്രിയായാൽ മരപ്പലകകൾ പിൻവലിക്കപ്പെടും. ഓരോ വീടും ഒററപ്പെടും. പക്ഷെ എല്ലായ്പോഴും ഓരോ വീടിൻെറ മുമ്പിലും ഒരു വഞ്ചി തയ്യാറായി നിൽപുണ്ടാകും, ഗതാഗതാവശ്യം നിറവേററുവാൻ.

ഒഴുകി നടക്കുന്ന ചന്തകൾക്കു പുറമെ, മണൽത്തിട്ടയിലും കച്ചവടം നടക്കുന്നുണ്ട്. കുറച്ചുകലെയായി കഫെകളും റസ്റ്റോ

റാൻടുകളും നിൽപുണ്ടു്. ഇരിപ്പിടങ്ങളെല്ലാം ആകാശത്തിനു കീഴിലാണു്. മേൽപുരയില്ലാത്തവയാണു് മിക്കതും. പൊരിച്ച സാധനങ്ങളാണു് അവിടത്തെ ജനങ്ങൾക്കിഷ്ടം. പൊരിച്ച ആമ, താറാവു്. ഏതാ വേണ്ടതു്? അല്പം മധുരമുള്ള 'ഓംലെററ്' ആയാലൊ? വിശപ്പില്ല, ദാഹമാണല്ലെ? തേങ്ങാപ്പാൽകൊണ്ടുള്ള പാനീയമാണു് 'ആശെയ്'. 'ബകാമ്പ' നാളികേര വെള്ളമാണു് വേണ്ടതെങ്കിൽ അതാവാം.

## വെള്ളക്കാരൻെറ സമ്മാനങ്ങൾ

കറുത്തിരുണ്ട വനാന്തരങ്ങളിൽ താമസം റെഡ്ഇന്ത്യൻ വർഗ്ഗക്കാരാണു്. പല ബ്രസീലിയൻ പൗരന്മാൎക്കും അമെയ്സോൺ പ്രദേശത്തിൻെറ പല ഭാഗങ്ങൾ ചെറിയ ചെറിയ കഷ്ണങ്ങളാക്കി പതിച്ചു കൊടുത്തിട്ടുണ്ടു്. അങ്ങിനെ ഭൂമി പതിച്ചു കിട്ടിയവർ കാടുകൾ വെട്ടിത്തെളിച്ചു് കൃഷിചെയ്യുന്നു. ചിലർ ഒത്തുചേൎന്നു്, റെഡ്ഇന്ത്യൻ സംരക്ഷണനിയമങ്ങളെ ഭേദിച്ചു്, റെഡ്ഇന്ത്യരെ ഉപദ്രവിക്കുന്നു, കൊള്ളചെയ്യുന്നു, കൊല്ലുന്നു. റെഡ്ഇന്ത്യരും വിട്ടുകൊടുക്കില്ല. അവർ തിരിച്ചടിക്കും. തങ്ങളെ ഉപദ്രവിച്ച കൊള്ളക്കാരെ, ഘാതകന്മാരെ, തരം കിട്ടിയാൽ കൊന്നുകളയും.

റെഡ്ഇന്ത്യരുടെ രക്ഷക്കായി വിശ്രമമില്ലാതെ പ്രവൎത്തിക്കുന്ന, പ്രത്യേക ശിക്ഷണം ലഭിച്ച നല്ല മനുഷ്യരെ കൊണ്ടുനിറച്ച, ഒരു സിവിൽ സൎവ്വീസ് തന്നെയുണ്ടവിടെ. ഈ ഗവൎമ്മേണ്ടു വിഭാഗത്തിൻെറ സേവനം പ്രശംസാവഹമാണു് എന്നു സമ്മതിച്ചേ പററൂ.

വെള്ളക്കാർ റെഡ്ഇന്ത്യരുമായി മമത പുലൎത്തിയതിൻെറ ഫലം സുഖക്കേടുകളാണു്. അഞ്ചാംപനി, നിലങ്കാരച്ചുമ, നീർവീഴ്ചപ്പനി തുടങ്ങിയ പുതിയ രോഗങ്ങൾ അവൎക്കു നല്കിയതു് പരി

ഷ്ഠാരികളായ വെള്ളക്കാരാണ്. ഈവക രോഗങ്ങാം പിടിപെട്ട് വളരെയധികം റെഡ്ഢിന്ത്യർ മരിക്കുന്നു.

## 'ബോടൊ'യുടെ മക്കറം

രസകരങ്ങളായ അന്ധവിശ്വാസങ്ങളുണ്ട് അവരുടെ ഇട യിൽ. നദികളുടെ നാഥനാണ് ഭീമാകാരനായ 'ബോയണ്ട' സപ്പം. യുവസുന്ദരികളെ ആകഷിച്ച മയക്കി വെള്ളത്തിലിറക്കു കയാണ് ഈ സപ്പത്തിന്റെ വിനോദം. 'ബോടൊ' മത്സ്യം സുന്ദരനായ ചെറുപ്പക്കാരനായി മാറി വിരുന്നുകളിൽ പങ്കു കൊള്ളും. യുവതികാം അയാളുടെ പ്രണയ വലയിൽ വീഴും. അവരുമായി അയാാം രാത്രി മുഴുവനും കഴിച്ചുകൂട്ടും. പ്രഭാതത്തോടെ അപ്രത്യക്ഷനാകും. തന്തയില്ലാത്ത കുഞ്ഞുങ്ങളെല്ലാം 'ബോടൊ' യുടെ മക്കളാണ്. മററാരും കുററക്കാരല്ലതാനും!

'ബോടൊ'യെ അകററി നിത്തുവാൻ ചില സൂത്രങ്ങളുണ്ട്. മീൻനെയ്യ് പുരട്ടുക, സംഗീതവിദഗ്ധനായ 'ഉയിരപ്പുരു'പ്പക്ഷിയെ വളത്തുക, ചില പച്ച മരുന്നുകാം കളിക്കുവാനുപയോഗിക്കുക, മരിച്ചവർ അണിഞ്ഞിരുന്ന 'മൈഫ്രെററ' കല്ല് കൈത്തണ്ടേൽ കെട്ടുക—'ബോടൊ' പമ്പകടക്കും. പച്ച മരുന്നുകളും ചില ഫല ങ്ങളുടെ തോലും ചില മരത്തൊലികളും കൂട്ടിയരച്ചുണ്ടാക്കുന്ന വിവിധ ഔഷധങ്ങാം—ഗഭം കലക്കാനും, ഗഭമുണ്ടാക്കാനും, ലൈംഗിക ശക്തി വദ്ധിപ്പിക്കാനും, ഗുഹ്യരോഗങ്ങാം സുഖപ്പെടു ത്തുവാനും.

പുതു ക്രിസ്ത്യാനികളുടെ ഇടയിൽ വിവാഹം നിഷ്പ്രയാസം നടക്കുന്നു. കല്ല്യാണനിശ്ചയം കഴിഞ്ഞു് വരൻ അടുത്ത പട്ടണ ത്തിലെ ക്രിസ്ത്യൻ പാതിരിയെ സമീപിക്കുന്നു, മടങ്ങുന്നു. ഒന്നു രണ്ടു ദിവസത്തിനകം പാതിരി പള്ളി മുദ്രയുള്ള ഒരു ഔദ്യോഗിക

സന്ദേശം അയാറാംക്ക തപാൽ മാർഗ്ഗം അയച്ചു കൊടുക്കുന്നു. വിവാഹം നടന്നു എന്നതിനു രേഖയാണിതു്. ഏതായാലും അമെയ്സോണിയ ഉണരുകയാണു്, നാഗരീകതയുടെ ചൂടുള്ള രശ്മികാം സഹിക്കാൻ വയ്യാതെ.

## അതിൻെറ പുറത്തുരച്ചാൽ തീപ്പെട്ടിക്കോൽ കത്തില്ല

അമെയ്സോണിയ സഞ്ചാരത്തിനിടക്കു്, വില്ലാർഡു് പ്രൈസിനു് ഒരു നല്ല കൂട്ടുകാരനെ കിട്ടി. സക്സ്സ്സ്ക്കമ്പെനിക്കാക്കും മൃഗാലയങ്ങറാംക്കും മൃഗങ്ങളെ ജീവനോടെ പിടിച്ചു കൊടുന്നതിൽ സമർത്ഥനായ റോഡ്റിക്കു് കാമ്പെൽ. രണ്ടുപേരും കാമ്പെല്ലിൻെറ 'ബാതിലാവൊ' (രണ്ടു ടൺ ഘനം കയറുന്ന കെട്ടുവള്ളം) വള്ളത്തിലാണു് യാത്രചെയ്തതു്. വള്ളത്തിനുള്ളിൽ മേഞ്ഞെടുത്ത 'ടോറാംഡൊ' കാബിനുണ്ടു്. ഈ 'കാബി'നുള്ളിൽ വെളിച്ചം കയറില്ല, ജനാലകളില്ലാത്തതിനാൽ.

കാലത്തുണന്നുകഴിഞ്ഞാൽ കാമ്പെൽ തീപ്പെട്ടിക്കോലെടുത്തു് കാബിൻെറ അകത്തുള്ള തൂണിലുരക്കും കത്തിക്കവാൻ. തീപ്പെട്ടിക്കോൽ കത്തിയാൽ ഉടനെ അദ്ദേഹം 'സ്റ്റൗ' കത്തിക്കും 'ബെഡ് കോഫി' പാകം ചെയ്യുവാൻ. ഇതാണു് പതിവു്. ഒരു ദിവസം പ്രഭാതത്തിൽ കാമ്പെൽ പതിവുപോലെ തീപ്പെട്ടിക്കോലെടുത്തു. തൂണിലുരച്ചു. അതു കത്തിയില്ല. പിന്നെയും. ഫലിച്ചില്ല. രോഷാകുലനായയാറാം മറെറാരു തൂണിൽ ഉരച്ചു തീപ്പെട്ടിക്കോൽ. നിഷ്പ്രയാസം അതു കത്തിജ്വലിച്ചു. അപ്പോഴാണു് സംഗതി മനസ്സിലായതു്. വലിയ ഒരു അനാക്കോണ്ട പെരുമ്പാമ്പു് ആദ്യത്തെ തൂണിൽ ചുററിക്കൂടിയിരിക്കുകയാണു്. അതിൻെറ പുറത്താണു് കാമ്പെൽ തീപ്പെട്ടിക്കോൽ ഉരച്ചതു്. അനാക്കോണ്ട ലോകത്തിലെ പെരുമ്പാമ്പുകളിൽ രാജനാണു്—നീളം 25 അടിയിൽ കുറയില്ല, ഒരടി വണ്ണം. ശരീരത്തിൻെറ നിറം കറുത്ത

കട്ടം പച്ച, തല കറുത്തും. അതിൻെറ കണ്ണുകഠം കാമ്പെല്ലിനെ സൂക്ഷിച്ചു നോക്കുകയാണ്. അനാക്കോണ്ടയുടെ ദൃഷ്ടികഠംക്കു മനുഷ്യനേയും മൃഗത്തേയും മയക്കുവാനുള്ള മാസ്മരശക്തിയുണ്ടെന്നു റെഡ്ഡിന്ത്യർ വിശ്വസിക്കുന്നു. ഏതായാലും ഭയങ്കരനായ അനാക്കോണ്ടയും ഏതോ മാസ്മരശക്തിക്കു വിധേയനായപോലെ കാമ്പെല്ലും അടുത്തടുത്തായി ദൃഷ്ടി പറിക്കാതെ അന്യോന്യം നോക്കിക്കൊണ്ടുനിന്നു. പ്രൈസ് ഒരുകണക്കിൽ കാമ്പെല്ലിനെ കാബിനിൽനിന്നും പിടിച്ചുവലിച്ചു പുറത്താക്കി.

## ചെകുത്താൻ അനാക്കോണ്ട

വള്ളം കരയ്ക്കടുത്ത് ഒരു മരത്തിന്മേൽ കെട്ടിയിട്ടിരിക്കുകയായിരുന്നു. റെഡ്ഡിന്ത്യർ പുറത്തെവിടെയോ വിശ്രമിക്കുകയാണ്. കാമ്പെല്ലിൻെറ ആവശ്യത്തിലേയ്ക്കായി എന്തിനേയും പിടിക്കുന്നതിൽ ഉത്സുകരാണവർ. പക്ഷെ തിരിച്ചു വന്ന റെഡ്ഡിന്ത്യരോട് അനാക്കോണ്ടയുടെ കാര്യം പറഞ്ഞപ്പോഠം, അവർ തലതാഴ്ത്തി. ഉത്സാഹം അവരിൽനിന്നു പൊയ്ക്കഴിഞ്ഞിരുന്നു. "എനിക്കൊരു അനാക്കോണ്ടയെ പിടിക്കണം" കാമ്പെൽ അദ്ദേഹത്തിൻെറ മനസ്സിൽ സ്ഥലം പിടിച്ചിരുന്ന പ്രശ്നം അവരുടെ മുമ്പിലേയ്ക്കുരുട്ടിവിട്ടു. പ്രായംകൊണ്ടും പ്രാപ്തികൊണ്ടും നേതൃത്വം ലഭിച്ച റെഡ്ഡിന്ത്യൻ ക്ലിംഗ്ഗുയാണ് മറുപടി പറഞ്ഞത്: "അനാക്കോണ്ടയെ പിടിക്കുവാൻ പ്രയാസമാണ്. റെഡ്ഡിന്ത്യക്ക് ഈ പാമ്പിനെ ഭയമാണ്." "ഭയമൊ? ബോ—കൺസ്ട്റിക്ടർ പാമ്പിനെ നിങ്ങഠം പിടിച്ചു വളത്തുന്നുണ്ടല്ലോ. പിന്നെ എന്താ അനാക്കോണ്ടയെ ഭയപ്പെടാൻ?" ക്ലിംഗ്ഗുവിനു ചിരിവന്നു. അയാഠം ചിരിയടക്കിക്കൊണ്ടു പറഞ്ഞു: "ബോ ഞങ്ങളുടെ സ്നേഹിതൻ. അനാക്കോണ്ട ഞങ്ങളുടെ ഏററവും വലിയ ശത്രു. അതു ചെകുത്താനാണ്."

സ്ലിംഗ്ഗ പറഞ്ഞതിൽനിന്നു അനാക്കോണ്ടയെ റെസ്റ്റിന്ത്യർ വിളിക്കുന്നതു് 'മാൻ വിഴുങ്ങി' എന്നാണെന്നു മനസ്സിലായി. എന്നാൽ ഒരു മാനിനെ ഇരയായി കെട്ടിയിട്ടു്, അനാക്കോണ്ടയെ ആകർഷിച്ചു പിടിക്കണമെന്ന സൂത്രം കാമ്പെല്ലിൻെറ ബുദ്ധിയിലുദിച്ചു. ഒരു അനാക്കോണ്ടയെ പിടിച്ചുകൊടുക്കാമെന്നു താൻ ഏററ കാര്യവും കാമ്പൽ മറന്നില്ല. ഒരു മൃഗാലയ ഡയറക്ടറാണു് ആവശ്യക്കാരൻ.

## വള്ളത്തിനുള്ളിൽ ഭൂമികുലുക്കം

പെട്ടെന്നൊരു ഭൂമികുലുക്കം ഘനമുള്ള ആ കെട്ടുവള്ളത്തെ പിടിച്ചു കുലുക്കി. കാമ്പെൽ കാബിനിൽ ചെന്നുനോക്കി. ഒരു ദ്വാരത്തിൽക്കൂടി പെരുമ്പാമ്പു പൊയ്ക്കഴിഞ്ഞിരുന്നു. വെള്ളത്തിൽ കൂടിയുള്ള അതിൻെറ യാത്രയാണു് ഈ ചെറിയ ഭൂമികുലുക്കത്തിനിടയാക്കിയതു്. "അനാക്കോണ്ട തന്നെ. അവയുടെ ഒരു കൂട്ടതന്നെയുണ്ടാകും ഇവിടെ" സ്ലിംഗ്ഗ തീർത്തു പറഞ്ഞു.

ഉടനെ ഒരു വലിയ പെട്ടി തയ്യാറാക്കി. അഴികളെല്ലാം മുളകൊണ്ടുള്ളവതന്നെ. തീരത്തുള്ള ഒരു വലിയ മരത്തിനു ചുവട്ടിൽ പെട്ടി നിക്ഷേപിച്ചു. പെട്ടിയുടെ വാതിൽ തുറന്നുവെച്ചിരിക്കുകയാണു്. കയറുകൊണ്ടു മൂന്നു കുടുക്കുകൾ തയ്യാറാക്കി. ഒരെണ്ണം അനാക്കോണ്ടയുടെ തലയേയും, രണ്ടെണ്ണം വാലിനേയും കാത്തിരിക്കുകയാണു്. ചെറിയ മാൻ തീരത്തു നില്ക്കുന്നുണ്ടു്. അതിൻെറ കഴുത്തിൽ കയറുണ്ടു്. കയറിൻെറ മറേറ അററം മരത്തിന്മേൽ കെട്ടിയിരിക്കുന്നു. കാമ്പെൽ മര മറവിൽ ഒളിച്ചു നില്ക്കുകയാണു്. എല്ലാം പ്ലാനനുസരിച്ചു് തയ്യാറായി. അനാക്കോണ്ട വരേണ്ട താമസം മാത്രം.

മരം നദിയിൽനിന്നു് 40 അടി ദൂരെയാണു്. ചുററം ധാരാളം കാട്ടകറം. എല്ലാവരും അക്ഷമരായി ഒളിച്ചിരിക്കുന്നു. മൂന്നു മണിക്കൂറുകറം കടന്നുപോയി. അനാക്കോണ്ട വന്നില്ല.

## അനാക്കോണ്ടയുടെ ഗുഹ

പ്രൈസിൻെറ ക്ഷമ നശിച്ചു. അയാറം എണീററു്, കാമ്പെല്ലിൽനിന്നു് ആംഗ്യാനുവാദം വാങ്ങി, നദിയിലേക്കിറങ്ങി. ചളി. കാലു വഴുതിപ്പോകുന്നു. ജീർണ്ണിച്ച തടിക്കഷ്ണങ്ങറം. വെള്ളത്തിനടിയിൽ വളരുന്ന ചെടികറം. എന്തിന്മേൽ ചവുട്ടിയാലും കാലു വഴുക്കുന്നു. അയാറം കുറച്ചുകൂടി ഇറങ്ങി. ഒരു ഗുഹ. കാലുകൊണ്ടു തപ്പിനോക്കിയപ്പോറം ഗുഹ നീണ്ടു നീണ്ടങ്ങിനെ പോകുന്നതായി തോന്നി. "ഈ ഗുഹ നീണ്ടു നീണ്ടു ആ മരത്തിനടിയിൽ എത്തുന്നതായി തോന്നുന്നു" പ്രൈസ് വിളിച്ചു പറഞ്ഞു. കീഴ്പോട്ടു നോക്കി. അതാ, കാലിനടിയിൽനിന്നു തന്നെ അഞ്ചാറടി നീളമുള്ള രണ്ടു പാമ്പുകറം നീങ്ങിപ്പോകുന്നു. തൊട്ടുടുത്തു് ഒരു അനാക്കോണ്ടയുടെ തല പൊങ്ങി. ആ മാസ്മരശക്തിയുള്ള കണ്ണുകറം! ധൃതിയിൽ പ്രൈസ് ചാടിയോടി കരക്കുകയറി. സൂക്ഷിച്ചുനോക്കി. അനാക്കോണ്ടയുടെ തലതന്നെ. അധികപങ്കും വെള്ളത്തിനടിയിൽ. ആ തലക്കു മുമ്പോട്ടും അടിയിലേക്കും നോക്കുവാൻ സാധിക്കുന്നു. സാധാരണ പാമ്പുകറംക്കു സാധിക്കാത്ത ഒരു കാര്യമാണതു്. വെള്ളത്തിനരികിൽ ചെറിയ മാൻ മേയുകയാണു്. പ്രൈസ് ഒരു കുററിക്കാടിനുള്ളിൽ മറഞ്ഞുനിന്നു.

വെള്ളത്തിനു മുകളിൽ ലാത്തുന്നതല നേരെ മാനിൻെറ അടുത്തേയ്ക്കു വരികയാണു്. അതാ തല കരയ്ക്കെത്തിക്കഴിഞ്ഞു. കാമ്പെൽ മാനിനെ കെട്ടിയിട്ടിരിക്കുന്ന കയറു വലിച്ചു മാൻ വെള്ളത്തിൽനിന്നു കുറച്ചകലത്തിലായി. പാമ്പു് പുറകെ വന്നു. പാമ്പു് ആക്രമണത്തിനൊരുങ്ങുമ്പോറം, കാമ്പെൽ കയറുവലിക്കും.

മാൻ അകന്നു പോകും. മാൻ കൂടുതൽ കൂടുതൽ മരത്തിനോടടുത്തു. പാമ്പ് ഏതാണ്ടൊരടി പുറകിലുണ്ട്. വേഗത്തിലാണ് അതിൻെറ പ്രയാണം. അതിൻെറ 25 അടി നീളമുള്ള ശരീരം മരത്തിനോടടുക്കുകയാണ്.

## അപകടം തങ്ങി നില്ക്കുന്നു

"കുടുക്കുകൾ മുറുക്കു" കാമ്പെൽ വിളിച്ചു പറഞ്ഞു. കാമ്പെൽ മര മറവിൽനിന്നും പുറത്തേക്കോടിവന്ന് തലക്കുടുക്ക് മുറുക്കുകയാണ്. ചെറിയ തെററുമതി, ജീവൻ പണയപ്പെടുത്തുവാൻ. കുടുക്കുകൾ മുറുകാൻ പോകുന്നു. അനാക്കോണ്ട ആക്രമിക്കുവാൻ തയ്യാറെടുത്തു. അപകടം നിറഞ്ഞ നിമിഷങ്ങൾ! തലക്കുടുക്കിൻെറ കയർ പുറകോട്ടു നീണ്ടു നീണ്ടു കൂടിൻെറ വാതിൽ കടന്ന് അപ്പുറത്തേക്കുകിടക്കുകയാണ്, കുടുക്കിൽപ്പെട്ട പാമ്പിനെ കൂടിനുള്ളിലേക്കു വലിച്ചു കയററുവാൻവേണ്ടി.

തലക്കുടുക്കു വീണു. കാമ്പെൽ അയാളുടെ ജോലി നന്നായി നിർവ്വഹിച്ചു. പക്ഷെ വാലിനുവേണ്ടി തയ്യാറാക്കിയ രണ്ടു കുടുക്കുകളിൽ ഒന്നേ യഥാസ്ഥാനത്തു വീഴുവാൻ പററിയുള്ളു. പാമ്പു മുമ്പോട്ടു പാഞ്ഞു. വാലിട്ടൊരടി. ക്ലിംഗ്ഗുവിൻെറ കയ്യിൽനിന്നും കയറു വലിഞ്ഞു തെററിപ്പോയി. പ്രൈസ് ഉടനെ ചാടി പുറത്തിറങ്ങി, വിട്ടുപോയ കയറു പിടിച്ചു വലിച്ചു. വാലുകൊണ്ടു മറെറാരടി. പ്രൈസ് നിലംപതിച്ചു. ഇതു കണ്ടു ക്ലിംഗ്ഗു ഓടിവന്നു. മറെറാരു കുടുക്കു പിടിച്ചുവലിച്ചു. വാലുകൊണ്ടു മറെറാരടി. ക്ലിംഗ്ഗു വീണു. പാമ്പിൻെറ വാൽ ക്ലിംഗ്ഗുവിനു ചുററും ചുരുണ്ടു. അയാൾ പാമ്പിൻെറ വാൽഭാഗമാകുന്ന തിരുകിടകൾക്കുള്ളിലായി. ഒരു ഞെക്ക്. ക്ലിംഗ്ഗുവിൻെറ കഥ കഴിയും.

## ക്ലിംഗ്ഗു മരണത്തിൻെറ വായിൽ

പക്ഷെ ആ 25 അടി വീരൻ ക്ലിംഗ്ഗുവിനെ ഞെക്കിയില്ല. അയാളേയും വലിച്ചുകൊണ്ടു കാമ്പെല്ലിൻെറ അടുത്തേക്കടുത്തു.

കാമ്പെൽ പുറകോട്ടുമാറി. മരത്തിൻെറ വേരിന്മേൽതട്ടി അയാഠം പുറകോട്ട മറിഞ്ഞു. ഒന്നുരണ്ടു നിമിഷങ്ങഠം. അനാക്കോണ്ടയുടെ വളയങ്ങളിൽപ്പെട്ട് ജീവൻ നഷ്ടപ്പെട്ട വ്യക്തികളുടെ കഥകഠം കാമ്പെല്ലിൻെറ ശിരസ്സിൽക്കുടിപ്പാഞ്ഞു. ഈ ചിന്തകഠം അയാളുടെ മസ്തിഷ്ക്കത്തെ കരസ്തമാക്കിയെങ്കിലും അയാളുടെ ശരീരം സ്വയം പ്രവത്തിക്കുകയായിരുന്നു, ആക്രമിക്കുവാനുറച്ചു പൊങ്ങിയ പാമ്പിൻെറ തലയിൽ നിന്നു രക്ഷപ്പെടുവാൻ. ഒരു കണക്കിൽ കാമ്പെൽ എണീററുമാറി.

ക്ലിംഗ്ഗ യുദ്ധം ചെയ്യുകയാണ് തന്നെ ചുററി വളഞ്ഞ തിരുകിടയിൽനിന്നും രക്ഷപ്പെടുവാൻ. പാമ്പിൻെറ തല ക്ലിംഗ്ഗവിനെ നേരിട്ടു. അനാക്കോണ്ടക്കു വിഷപ്പല്ലില്ല. പക്ഷെ ആ പാമ്പിൻെറ വായ ഗുഹാദ്വാരംപോലെ വിടരും. വായക്കുള്ളിൽ അകത്തേക്കു വളഞ്ഞ ഭയങ്കര പല്ലുകളുണ്ട്. ക്ലിംഗ്ഗ ആ വായിൽ പെട്ടം— തല ആദ്യം പിന്നെ ഉടലും. അങ്ങിനെ ക്ലിംഗ്ഗ പാമ്പിനുള്ളിൽ അപ്രത്യക്ഷനാകും. പാമ്പിൻെറ വായ പിളന്നു കഴിഞ്ഞു.

കാമ്പെൽ ഒരു ചാട്ടം. പാമ്പിൻെറ തലക്കു പിടികൂടി. തള്ളവിരലുകഠംകൊണ്ട്, അതിൻെറ കണ്ണുകഠം ഞെക്കിപ്പിടിച്ചു. അനാക്കോണ്ട അതിൻെറ ശരീരം ഭയങ്കരമായി നിലത്തിട്ടുതല്ലി. ക്ലിംഗ്ഗവിനു ചുററുമുള്ള വളയങ്ങഠം അഴിഞ്ഞു. ക്ലിംഗ്ഗ പുറംതള്ളപ്പെട്ടു, അല്പം അകലെ പോയി വീണു.

## ഇരുപത്തഞ്ചടി വീരനെ പിടിച്ചു

കാമ്പെൽ വിട്ടകന്നു. കാമ്പെല്ലും രണ്ടു റെഡ്സിന്ത്യരുംകൂടി തലക്കുടുക്കു മുറുക്കി. മററുള്ളവരും പ്രൈസുംകൂടി രണ്ടു വാൽ കുടുക്കുകളും മുറുക്കി. പാമ്പ് ഭയങ്കരമായ സമരത്തിലേപ്പെട്ടിരിക്കുകയാണ്, കുടുക്കുകഠംക്കെതിരായി. തലക്കുടുക്കിൻെറ കയർ പെട്ടിയുടെ വാതിൽ കടന്നു് മറുപുറമെത്തുന്നു എന്നു പറഞ്ഞുവല്ലൊ.

കാമ്പെല്ലും കൂട്ടുകാരും ആ കയർ പിടിച്ചു വലിച്ച് പാമ്പിൻെറ തലയും കുറച്ചധികം ദേഹവും പെട്ടിക്കകത്തു കയററി. ഇനിയും പത്തടി ദേഹം പുറത്താണ്. പ്രൈസ് വാൽ കുട്ടക്കകളുടെ മറെറ അററങ്ങൾ കൂടിനുള്ളിൽകൂടി അപ്പുറത്തേക്കെടുത്തു. ആ അററങ്ങൾ പിടിച്ചു വലി തുടങ്ങി. അവസാനം പാമ്പ് കൂടിനുള്ളിലായി.

മറെറാരു മഹാപ്രശ്നം! ആ ഇരുപത്തഞ്ചടി നീളമുള്ള 'മസില്'കൾ കുതറും, ആഞ്ഞിടിക്കും. പെട്ടി പൊളിയും. പാമ്പ് പുറത്തു കടക്കും. ഇതുവരെയെടുത്ത പണി വൃഥാവിലാകും.

## ഇനി പ്രശ്നമില്ല

പാമ്പുകളെപ്പററി നല്ലപോലെ അറിയാവുന്ന കാമ്പെല്ലിൻെറ ബുദ്ധിയിൽ ഈ പ്രശ്നം കുറേ നിമിഷങ്ങൾ തങ്ങിനിന്നു. പരിഹാരമാർഗ്ഗം കണ്ടെത്തി. അതിനു ഭക്ഷണം നല്കുക. മൃഗാലയങ്ങളുടെ ആവശ്യത്തിലേയ്ക്കായി അദ്ദേഹം ജീവനോടെ പിടിച്ചിട്ടുള്ള മൃഗങ്ങളിൽ ഒരു 'പെക്കാറി' (ഒരു തരം ചെറിയ കാട്ടുപന്നി) യുണ്ട്. അതിനെ കെട്ടുവള്ളത്തിൽനിന്നെടുത്ത് പാമ്പിൻെറ കൂടിനുള്ളിലാക്കി. "80 റാത്തൽ വരുന്ന ഈ മൃഗം അനാക്കോണ്ടക്കു പററിയ തീററയാണ്" കാമ്പെൽ പറഞ്ഞു. അര മണിക്കൂർ കഴിഞ്ഞപ്പോൾ 'പെക്കാറി'യെ കണ്ടില്ല. അനാക്കോണ്ടയുടെ വയററിൽ ഒരു വലിയ മുഴമാത്രം ശേഷിച്ചു. പാമ്പ് നിദ്രയിലാണ്ടു.

"ഇനി പ്രശ്നമില്ല. ഒരു മാസമെടുക്കും അനാക്കോണ്ടക്കു തൻെറ ഇരയെ ദഹിപ്പിക്കുവാൻ. അതിനുള്ളിൽ അനാക്കോണ്ട വിമാനമാർഗ്ഗം മൃഗാലയത്തിലെത്തിക്കഴിയും" കാമ്പെൽ സന്തോഷത്തോടെ പ്രൈസിനെ അറിയിച്ചു.

## ആത്മാവില്ലാത്ത മനുഷ്യൻ

'ആശയുടെ നാടാ'യ ബ്രസീലിൽ വെളുത്തവരും കറുത്തവരും ചെന്നിറക്കാരും മഞ്ഞനിറക്കാരും കൂടിച്ചേരുന്നു. വർണ്ണവിദ്വേഷം വളരെയില്ല. 570 ലക്ഷം ജനങ്ങളിൽ 62% വെള്ളക്കാരാണ്, 27% ചെന്നിറക്കാർ, 11% കറുത്തവർ. വനങ്ങളെപ്പററി, മംഗോൾ രക്തമുള്ളവരും തെക്കു കിഴക്കേഷ്യനിൽനിന്നും വന്നവരുമെന്നനുമാനിക്കപ്പെട്ടുന്നറെഡ്ഇന്ത്യക്കാർമാത്രമെ പിടിയുള്ളു. 20 ലക്ഷം വരും ഇവരുടെ സംഖ്യ. ആഫ്രിക്കയിൽനിന്നും വന്ന നീഗ്രോകളാണേററവും നല്ല ജോലിക്കാർ. കുടിയേറിപ്പാർത്ത പോർത്തുഗീസുകാരുടെ പിൻഗാമികളാണ് പട്ടണങ്ങൾ പണി ചെയ്യുന്നതും വ്യവസായങ്ങൾ കെട്ടിപ്പടുത്തതും. വിവിധ മദ്ധ്യധരണ്യാഴി വർഗ്ഗക്കാരുടെ സമ്മിശ്രഫലമായ പോർത്തുഗീസുകാർ വർഗ്ഗവിദ്വേഷം പുതിയ ലോകത്തിലേയ്ക്കു കൊണ്ടുപോന്നില്ല. പക്ഷേ 400 വർഷക്കാലം പോർത്തുഗൽ ഭരിച്ച മൂർസാമ്രാജ്യത്വം റെഡ്ഇന്ത്യരെ അടിമത്വത്തിലേയ്ക്കു ചവിട്ടിത്താഴ്ത്തുന്നതു തെററെന്നു പോർത്തുഗീസ്സുകാരെ പഠിപ്പിച്ചില്ല. റെഡ്ഇന്ത്യർ ഒന്നിനു പുറകെ ഒന്നായി വിപ്ലവങ്ങൾ അഴിച്ചുവിട്ടു. തരം കിട്ടുമ്പോൾ വെള്ളക്കാരെ കൊന്ന് അവരുടെ മാംസം അരിഞ്ഞരിഞ്ഞു ഭക്ഷിയ്ക്കുവാനും മുതിർന്നു. "ജെസ്യൂട്ട് പാതിരിമാർ ദൈവത്തിൻെറ മക്കളായ റെഡ്ഇന്ത്യരെ അടിമകളാക്കുന്നതിന്നെതിരായിരുന്നു. പകരം ആത്മാവില്ലാത്ത, ദൈവത്തിൻെറ മക്കളല്ലാത്ത, നീഗ്രോകളെ ആഫ്രിക്കയിൽനിന്നും ഇറക്കുമതി ചെയ്ത് അടിമകളാക്കുവാൻ ക്രിസ്തുവിൻെറ ശിഷ്യന്മാർ ഉപദേശിച്ചു" എന്നാണ് വില്ലാർഡ് പ്രൈസ് പറയുന്നതു്. 300 കൊല്ലത്തിനുള്ളിൽ 80 ലക്ഷം നീഗ്രോകൾ ആഫ്രിക്കയിൽനിന്നും കൊണ്ടുവരപ്പെട്ടു. 1850-ൽ അടിമക്കച്ചവടം നിലച്ചു. 1888-ൽ ബ്രസീലിലെ ഇസാബെൽ രാജ്ഞി അടിമത്വം റദ്ദ് ചെയ്തു. ഇസാബെൽ രാജ്ഞിക്ക് അതു

കാരണം കിരീടം നഷ്ടപ്പെട്ടു. ശക്തിമാന്മാരായ അടിമക്കച്ചവടക്കാർപ്രതിഷേധിച്ചു, ലഹളകൂട്ടി, വിപ്ലവം തൊടുത്തുവിട്ടു. ഫലം: ബ്രസീൽ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി. സ്ത്രീകളെ കൊണ്ടു വരാതെ വന്ന പോർത്തുഗീസ് കുടിയേറിപ്പാർപ്പുകാർ റെഡ്ഇന്ത്യൻ സ്ത്രീകളേയും നീഗ്രോ സ്ത്രീകളേയും സൗകര്യമുള്ളപ്പോഴെല്ലാം ഭാര്യമാരാക്കിയിരുന്നു. അടിമസ്ത്രീകളിൽനിന്നുണ്ടായ കുട്ടികൾ ശരിയായ വിവാഹത്തിൽനിന്നുത്ഭവിച്ച കുട്ടികളുടെ കൂടെ മേശപ്പുറത്തിരുന്നുണ്ണ കഴിച്ചു, ഒരുമിച്ച് സ്കൂളിൽ പഠിച്ചു. അവർ മരിച്ചപ്പോൾ അവരുടെ മൃതദേഹം പൂക്കളുടേയും കുരിശിൻേറയും വൈദികന്മാരുടേയും അകമ്പടിയോടെ സംസ്കരിക്കപ്പെട്ടു. അവരുടെ ആത്മാവിനുവേണ്ടി കുർബാനകൾ സമർപ്പിക്കപ്പെട്ടു. എങ്കിലും വെള്ളക്കാർ ഒരുമിക്കുന്ന സ്പോർട്ട്സ് ക്ലബ്ബിലും ഹോട്ടലുകളിലും വെള്ളക്കാരല്ലാത്തവർക്കു സ്ഥാനമില്ല. സെനററിൽ നീഗ്രോ പ്രതിനിധികൾക്കു വേണ്ടത്ര സ്ഥാനമാനങ്ങൾ ലഭിക്കുന്നുണ്ട്. ഔദ്യോഗികച്ചടങ്ങുകളിൽ സംബന്ധിക്കുവാൻ നീഗ്രോ സെനററർമാർ അവരുടെ കറുത്ത ഭാര്യമാരെ കൂടെ കൊണ്ടു പോകുന്നു. ഷാപ്പുകളിൽ വർണ്ണവിദ്വേഷമില്ല. ചില പള്ളികളിൽ അമലോത്ഭവമാതാവിൻേറയും പുണ്യവാളന്മാരുടേയും പുണ്യവാളത്തികളുടേയും പ്രതിമകൾ കറുത്തതാണ്. അവിടെ വെള്ളക്കാരും ദിവ്യപൂജകളിൽ പങ്കുകൊള്ളുന്നു. മിശ്രവിവാഹത്തിന്നാരും എതിരല്ല. സാധാരണ ബിരുദധാരിയായ ഒരു നീഗ്രോ അഭ്യസ്തവിദ്യയല്ലാത്ത ഒരു വെള്ളക്കാരിയെ പാണിഗ്രഹണം ചെയ്യാൻ മടിക്കുന്നു. ഇറക്കുമതി ചെയ്ത 5 നീഗ്രോകളിൽ ഒരാൾ മാത്രമേ ജീവിച്ചുള്ളു എന്ന പരമാർത്ഥം, നിലവിലുള്ള നീഗ്രോ വർഗ്ഗക്കാർ ശാരീരികമായും ബുദ്ധിപരമായും കഴിവുകളുള്ളവരാണെന്നു തെളിയിക്കുന്നു. 16-ാം ശതകത്തിന്റെ തുടക്കത്തിൽ വെള്ളക്കാർ ബാഹിയ, പെർണാംബ്യൂക്കൊ എന്നീ പ്രവിശ്യകൾ അഭിവൃദ്ധിപ്പെടുത്തി. നീഗ്രോകൾ തങ്ങളുടെ എജമാനന്മാരെ സേവിച്ചു.

പ്രതിഫലമായി അവക്കു തുല്യാവകാശങ്ങളും ലഭിച്ചു. 1884-നു ശേഷം ജമ്മൻകാരും ഇററലിക്കാരും ജപ്പാൻകാരും വന്നെത്തി.

## കറുത്ത പ്രസിഡണ്ട്

വണ്ണവിദ്വേഷം അത്രയ്ക്കില്ലെങ്കിലും, വെളുത്തവരല്ലാത്തവരുടെ പറുദീസയല്ല ബ്രസീൽ, തീച്ചതന്നെ. കറുത്ത പ്രസിഡണ്ടായ നിലൊപെക്കൻഹ ബ്രസീൽ ഭരിയ്ക്കുകയുണ്ടായിട്ടുണ്ട്. വെള്ളക്കാരല്ലാത്ത ശാസ്ത്രജ്ഞന്മാരും കച്ചവടക്കാരും ധനാഢ്യന്മാരും ചുരുക്കമല്ല. എങ്കിലും വണ്ണവിദ്വേഷം എവിടന്നോ വലിഞ്ഞുകയറി എത്തിക്കഴിഞ്ഞു. കാരണങ്ങളും: വെള്ളക്കാരല്ലാത്തവരുടെ താഴ്ന്ന ജീവിതനിലവാരം, നീഗ്രോകളേയും റെഡ്ഇന്ത്യരേയും മൃഗപ്രായന്മാരായി ചിത്രീകരിയ്ക്കുന്ന ഹോളിവുഡ് സിനിമകളും, വഗ്ഗമേധാവിത്വം പൊക്കിക്കാട്ടുന്ന യുദ്ധകാലനാത്സി പ്രചരണം, വെള്ളക്കാർ ഇതരവഗ്ഗക്കാരോട് ഐക്യനാടുകളിൽ കാട്ടുന്ന ക്രൂരമായ പെരുമാററത്തിനു ബ്രസീൽ പത്രങ്ങളും നല്കുന്ന പ്രാധാന്യം. ഒരു റെഡ്ഇന്ത്യൻ രാജകുമാരിയിൽ പൂവ്വികത്വം കല്പിയ്ക്കുന്ന ലത്തീൻ അമേരിയ്ക്കയിലെ ആദ്യത്തെ കദ്ദിനാളും, വെള്ളക്കാരുടെയിടയിൽ പ്രാബല്യം കിട്ടാൻ വേണ്ടി, തൻെറ പേർ പോത്തുഗീസ് ഭാഷയിലേയ്ക്കു വിവത്തനം ചെയ്തുവത്രേ!

## ഇണങ്ങാത്ത പ്രകൃതി

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള മൽപ്പിടുത്തമാണ് ബ്രസീലിൽ. മനുഷ്യസേവനത്തിനു പ്രകൃതി ഇനിയും തെയ്യാറായിക്കഴിഞ്ഞിട്ടില്ല. ബൈറെയ്റാ പ്രദേശത്തു് ഒരു വിമാനം നിലത്തിറങ്ങുവാൻ നിർബന്ധിയ്ക്കപ്പെട്ടു എന്നിരിയ്ക്കട്ടെ. നാലാഴ്ചയെടുക്കും ഒരു സംരക്ഷകസംഘം അവിടെ എത്തുവാൻ. അമെയ്സോൺ വനങ്ങളിൽ നഷ്ടപ്പെട്ട ഒരു വിമാനത്തെ കണ്ടു കിട്ടുക

യുണ്ടാവില്ല. കാട്ടുകരാ നഗരങ്ങളെ ആക്രമിച്ചുതുടങ്ങിയിരിയ്ക്കുന്നു. 1567_ൽ സ്ഥാപിയ്ക്കപ്പെട്ട, വളൎന്നുവരുന്ന പ്രധാന തുറമുഖവും തലസ്ഥാനവുമായ റിയോഡി ജനയ്റോ നഗരം. അതിനടുത്താണ് 'വെള്ളയപ്പ്' പൎവ്വതം—വെള്ളയപ്പത്തിൻെറ ആകൃതിയിൽ തന്നെ. നാവികർ ഏതോ ജനുവരി മാസത്തിൽ ഈ നഗരമിരിയ്ക്കുന്ന പ്രദേശം കണ്ട് നദിയാണെന്നു കരുതിയത്രെ. അതുകൊണ്ടാണ് നഗരത്തിനു 'ജനുവരിയിലെ പുഴ' എന്നു നാമകരണം ചെയ്തത്. ജോൺഗന്തർ പറയുന്നു, ഈ റിയോ പട്ടണത്തിൽ നിന്നു കാർമാൎഗ്ഗം 10 മിനിററ യാത്രചെയ്യപ്പോരാംത്തന്നെ കാട്ടുകരാ കണ്ടു തുടങ്ങി യെന്നു്. ലോകത്തിലെ എല്ലാവിധ ധാന്യങ്ങളും വിളയുന്നതും എല്ലാ ധാതുപദാൎത്ഥങ്ങളും ലഭിയ്ക്കുന്നതുമായ ഈ രാജ്യം വേണ്ട വിധം വികസിപ്പിച്ചാൽ 90 കോടി ജനങ്ങരാക്കവിടെ സുഖ മായി താമസിയ്ക്കാമെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

## കുഴിമടിയന്മാർ

ബ്രസീൽകാർ രസികന്മാരാണ്. തൂപ്പുകാരൻ നിങ്ങരാക്ക് ഒരു ക്രിസ്തുമസ്സ് കാർഡയച്ചേക്കും. ജോലി ചെയ്ത ബോറ തോന്നുന്ന തപ്പാൽ ശിപ്പായി എഴുത്തുകളെല്ലാം കടലിലെറിഞ്ഞെന്നുവരാം. വിവാഹമോചനം നിയമവിരുദ്ധമാണ്. ഒരു കേസു കൊടുത്താൽ വിധിയാകുവാൻ ഇരുപതു കൊല്ലമെടുക്കും. നിങ്ങരാ താമസിക്കുന്ന ഹോട്ടലിലേക്കു, നിങ്ങരാ അവിടെയാണോ താമസിക്കുന്നതെന്നു ഫോൺവഴി ചോദിച്ചാൽ, 'ഇയ്യാളെപ്പററി കേട്ടിട്ടുപോലുമില്ല' എന്നായിരിക്കും മറുപടി. പ്രചരണവകുപ്പിൻെറ ഒരു മണിക്കൂർ നേരത്തെ പ്രക്ഷേപണത്തിന്നു് 'നിശ്ശബ്ദതയുടെ മണിക്കൂർ' എന്നത്രെ പേർ. ഗന്തരുടെ അഭിപ്രായത്തിൽ ബ്രസീൽകാർ ചീനരെപ്പോലെയാണ്. കൃത്യനിഷ്ഠ എന്നൊന്നില്ല. സമയം തെററി വന്നാൽ പല ഒഴിവുകഴിവുകളും പറയും. ധൃതിപ്പെടുക ഉണ്ടാവില്ല, എത്ര ധൃതിപ്പെടേണ്ട കാര്യമായാലും. നല്ല ഭക്ഷണം,

നല്ല മദ്യം, രസകരമായ സംസാരം—അതില്ലെങ്കിൽ ജീവിതം വേണ്ട അവക്ക്. ഒരു കൈ കൊണ്ടു ഗവമ്മേണ്ടു ജോലി നോക്കും, മറെറ കൈകൊണ്ടുകവിതയെഴുതും. റിയോവിൽ മൂന്നു ദിവസത്തെ കാണ്ണിവൽക്കാലത്തു് എല്ലാ ജോലിയും നിലയ്ക്കുന്നു. എവിടേയും ഉന്മേഷം, വിരുന്നു്, മദ്യപാനം, തെരുവുനൃത്തങ്ങൾ. ടെലഫോൺ ഡയറക്ടറിയിൽ രണ്ടു പട്ടികകളുണ്ടു്—ഒന്നിൽ ആദ്യത്തെ പേരനുസരിച്ചു്, രണ്ടാമത്തേതിൽ അവസാനത്തെ പേരനുസരിച്ചു്. പാരമ്പര്യത്തെപ്പററി ചോദ്യമില്ല, ഏവനും ഏതു പേരും ഇഷ്ടംപോലെ സ്വീകരിക്കാം. ബ്രസീൽകാരുടെ ദേശീയസ്വഭാവത്തെ തെളിയിക്കുന്ന രണ്ടു കഥകളുണ്ടു്. ബാഹിയായിൽ ഒരു ദരിദ്രൻ ഒരു ശവകുടീരത്തിനു് മുകളിൽ വിവശനായി കിടക്കുന്നു. വഴിയാത്രക്കാരൻ അയാളെ സമീപിച്ചു ചോദിക്കുന്നു: "എന്തു പററി?" "ഞാൻ വിശന്നു പൊരിഞ്ഞു. ചാവുകയാണു്". "ശരി ഞാൻ കുറച്ചരി തരാം. വെച്ചുകുടിച്ചോളൂ." "എനിക്കതു വയ്യ" എന്നു പറഞ്ഞു് അയാൾ രണ്ടാമതും കിടപ്പു തുടന്നു. മറേറ കഥ: സാവൊ പൗലൊ പ്രദേശത്തു ഒരു കൃഷിക്കാരൻ ജോലിയില്ലാതെ വിഷമിയ്ക്കുന്നു. "ഈ സ്ഥലം നിങ്ങളുടെയാണൊ?" ഒരാൾ ചോദിച്ചു. മറുപടി: "അതെ." "കാപ്പി കൃഷി ചെയ്യുവാൻ പററിയ സ്ഥലമാണല്ലൊ. എന്തിനു വിഷമിയ്ക്കുന്നു?" മറുപടി: "അതിനു മെനക്കെടേണ്ടേ?" അയാൾ തല തിരിച്ചു, മറേറ ഭാഗത്തേയ്ക്കു നടന്നകന്നു.

## ട്യൂമക്ക്—ഹ്യൂമക്ക് പ്രദേശം

റെയിമണ്ട് മോഫ്രെയ്! ആ ധീരാത്മാവിൻെറ പേരതായിരുന്നു. ജീവിതം ഒരു സാഹസയാത്രയാണദ്ദേഹത്തിനു്.

അവസാനത്തെ സാഹസയാത്രയിൽനിന്നദ്ദേഹം മടങ്ങിവന്നില്ല .അതിനുമുമ്പൊരാൾ അദ്ദേഹത്തിനോടു ചോദിച്ചു! "നിങ്ങ

ളുടെ ഈ സാഹസയാത്രകളും കണ്ടെത്തൽ ഭ്രാന്തും നിർത്തരുതേ?" "സാദ്ധ്യമല്ല സത്യം കണ്ടെത്തലിലാണ് എൻെറ വൈകാരിക ജീവിതം കേന്ദ്രീകരിച്ചിരിക്കുന്നത്. അതാണെൻെറ ജീവിതത്തിൻെറ മർമ്മം. ലോകത്തിലെ ഓരോവ്യക്തിയും അവൻെറ വ്യക്തിത്വത്തിൽ തന്നെ സ്ഥിതിചെയ്യണം" എന്നായിരുന്നു മോഫ്റെയ്യുടെ മറുപടി. ഒരു പുഞ്ചിരി അദ്ദേഹത്തിൻെറ അധരങ്ങളെ അന്വേഷിച്ചെത്തി.

വ്യക്തിവൈഭവം, ആത്മദാർഢ്യം എന്നീ രണ്ടുവാക്കുകളിൽ നിക്ഷേപിക്കാം അദ്ദേഹത്തിൻെറ പ്രതിഭയുടെരഹസ്യം. പതിനഞ്ചാമത്തെ വയസ്സിൽ, രണ്ടാം മഹായുദ്ധത്തിൽ നാത്സിസത്തിനു കീഴ്പെട്ട് ഫ്റാൻസിലേക്ക്, അദ്ദേഹം ഒരു ചെറിയ തോണിയിൽ കയറി തനിയേ യാത്ര തിരിച്ചു. ഉദ്ദേശം ഫലിച്ചില്ല. എങ്കിലും പിന്നീട് മോഫ്റെയ് ഫ്റാൻസിലെത്തി, തൻെറ പിതാവിൻെറ ഗ്രൂഢസംഘത്തിൽചേർന്നു,സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനായി പൊരുതി. യുദ്ധാന്ത്യത്തിൽ താൻ ജനിച്ചു വളൎന്ന ടൗൺ പട്ടണം മോചിക്കപ്പെട്ടപ്പോൾ വിമോചന സൈന്യത്തിലെ അംഗമെന്ന നിലയിൽ മോഫ്റെയ് അവിടെയുണ്ടായിരുന്നു.

പാരച്ചൂട്ട് ഭടനെന്ന നിലയിൽ അദ്ദേഹം ഇന്തോ ചീന യുദ്ധത്തിൽ ഫ്രഞ്ചു പക്ഷത്തു് സ്തുത്യർഹസേവനം ചെയ്തു. വീര പരാക്രമങ്ങൾക്കു മാററി വെച്ചിട്ടുള്ള 'ക്രോയ്ഡി ഗർ' എന്ന ദേശീയമുദ്രക്കർഹനായി അദ്ദേഹം.

യുദ്ധം അദ്ദേഹത്തിൻെറ അമർഷവും അസംതൃപ്തിയും വൎദ്ധിപ്പിച്ചതേയുള്ളൂ. റിയൊഡി ജനയ്റൊ നഗരത്തിൽ പത്രലേഖകനായി ജോലി നോക്കിക്കൊണ്ടിരിക്കുമ്പോൾ, ചെറുപ്പക്കാരനായ അദ്ദേഹം ലോകത്തിലെ ഘോരവനങ്ങളിൽ ഒന്നാമത്തേതും പരി

ഷ്കൃത മനുഷ്യൻ കണ്ടെത്താത്തതുമായ 'മാറേറാ ഗ്രോസ്സൊ'യിലേക്ക പുറപ്പെട്ടുന്ന അന്വേഷണ സംഘത്തിൽ ചേൎന്നു. 1946 ജുലായിയിലാണതു സംഭവിച്ചതു്. ചവാന്തസ് റെഡ്ഢിന്ത്യർ അവരെ വനാന്തരങ്ങളിലേക്ക പ്രവേശിപ്പിച്ചില്ല. എങ്കിലും 1942-ൽ മാററൊഗ്രോസ്സൊ വനത്തിൽ അപ്രത്യക്ഷരായ അന്വേഷണസംഘത്തെ പററിയുള്ള വിവരങ്ങൾ കണ്ടുപിടിക്കുവാൻ മോഫ്റെയ്ക്ക സാധിച്ചു. പക്ഷെ അതോടെ വെറും 23 വയസ്സ മാത്രം പ്രായമുള്ള അദ്ദേഹത്തിൻെറ മനസ്സിൽ ഒരാഗ്രഹം വേരുറപ്പിച്ചു—തനിയെ മററൊഗ്രോസ്സൊയടക്കം ടുമക്ക്-ഹുമക്ക് പ്രദേശം മുഴുവനായും കണ്ടെത്തണമെന്നു്. ബ്രസീലിനും ഗിയാനക്കും മദ്ധ്യേയാണീ പ്രദേശം.

## നിദ്രയിലാണ്ട രാജകുമാരിയുടെ രാജ്യം

1949 നവംബർ 17. ഒരു ചെറിയ തോണിയിൽ മോഫ്രെയ്യും തൻെറ നായ ബോബിയുംകൂടി ഒയാകപ നദിയിൽകൂടി യാത്ര തിരിച്ചു. തോണി തുഴയുന്നതു് മോഫ്റെയ്തന്നെ. ഭീകര വനാന്തരങ്ങളിൽകൂടിയാണദ്ദേഹത്തിനു പോകേണ്ടതു്. കൂട്ടുകാരനായി ബോബി (നായ) മാത്രം. എവിടെയും നിശ്ശബ്ദത! "നിദ്രയിലാണ്ട രാജകുമാരിയുടെ രാജ്യം"—അദ്ദേഹം ആ പ്രദേശത്തിനു പേരിട്ടു. നിദ്രയിലാണ്ട രാജകുമാരി അദ്ദേഹത്തെയും ദീൎഘനിദ്രയിലാഴ്ത്തിയൊ?

മൂന്നു മാസങ്ങൾ കാലത്തിൻെറ ചവററുകൊട്ടയിൽ തള്ളപ്പെട്ടു 1950 ഫെബ്രുവരിയിൽ ഒരു വാൎത്ത കയീൻ നഗരത്തിൽ പരന്നു. ഒരു റെഡ്ഢിന്ത്യൻ ടാമൊറി നദിയുടെ കരയിൽ ചില സാധനങ്ങൾ കണ്ടെത്തിയെന്നു്—ഒരു തോക്കു്, കുറേ വെടിയുണ്ടകൾ, ഒരു ക്യാമറ, നിത്യോപയോഗത്തിനുള്ള മററു പലതും. അതെല്ലാം മോഫ്റെയ്യുടെ ആയിരുന്നു.

## മടക്കമില്ലാത്ത യാത്ര

അതെ, മോഫ്റെയ്യുടെ തന്നെ. കൂട്ടത്തിൽ ഒരു ഡയറിയുമുണ്ട്. ആ ഡയറിയിൽ അദ്ദേഹത്തിൻെറ അനുഭവങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്—ഏകാന്തത, ആശകരം, ആഗ്രഹങ്ങരം, ചിന്തകരം, ഭയംനിറഞ്ഞ നിമിഷങ്ങരം.

അടുത്ത കാലത്തു കണ്ടു കിട്ടിയ മോഫ്റെയ്യുടെ 'ഡയറി' അതേ പടി 'മടക്കമില്ലാത്ത യാത്ര' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ജീവിതത്തിൻെറ അന്ത്യഘട്ടത്തിൽ അപകടങ്ങളെ ആത്മധൈര്യത്തോടെ അഭിമുഖീകരിച്ച കേർണൽ ഫോസെററ്, ക്യാപ്ററൻ റോബർട്ട്, ഫാരംക്കൺ സ്കോട്ട് എന്നിവരുടെ ഡയറികളോടു കിടനില്ക്കും ഈ ചെറിയ ഗ്രന്ഥം.

## മോഫ്റെയ് മരിക്കില്ല !!

മോഫ്റെയ് മരിച്ചിട്ടില്ല എന്നാണ് അദ്ദേഹത്തിൻെറ പിതാവ് വിശ്വസിക്കുന്നതു്. തൻെറ പുത്രനെ കണ്ടെത്താൻ അന്വേഷണത്തിനിറങ്ങിയ പിതാവിനു് മറെറാരു വിവരം അലൻ ഗവർ പോലീസ് കമ്മീഷണറിൽനിന്നു് അറിയുവാൻ കഴിഞ്ഞു—'പാര' പ്രദേശത്തു് അലഞ്ഞുതിരിയുന്ന റെഡ്ഇന്ത്യൻ വർഗ്ഗക്കാരുടെ കൂടെ ഓർമ്മശക്തി നശിച്ച വെള്ളക്കാരനായ ഒരു ചെറുപ്പക്കാരനുണ്ടു്.

ഡയറിയിലെ അവസാനത്തെ വരികരം നോക്കു: "ഞങ്ങരം മുമ്പോട്ടു തന്നെ. ഫൗക്ക് കാമോപിയിലേക്കു 16 നാഴിക. കാമോപി-ബീയൻ വെന്യൂവിലേക്കു 30 നാഴിക. നിങ്ങരംക്കെൻെറ സുപ്രതീക്ഷകരം!...."

## ഞാൻ നിൻേറതാണു്

"പ്രിയ മാതാപിതാക്കന്മാരെ, നിങ്ങളെ ഞാൻ താമസിയാതെകാണും. എന്നിൽ നിങ്ങരം വിശ്വസിക്കു. ഈ നോട്ടുപുസ്തകം

ഞാനിവിടെ നിക്ഷേപിക്കുന്നു. മററൊരു നോട്ടു പുസ്തകം ഞാൻ കയ്യിലെടുത്തിട്ടുണ്ട്. ഇവിടെ കിടക്കുന്ന നോട്ടുപുസ്തകം നിങ്ങളുടേതാണ്. ഞാൻ ഇതെഴുതിയപ്പോഴും നിങ്ങളെ ഓർത്തു. താമസിയാതെ അതു ഞാൻ നിങ്ങളുടെ കൈകളിലർപ്പിക്കും....''.

"ഞാൻ മടങ്ങിവരാമെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ. തീർച്ചയായും, ദൈവം സമ്മതിക്കുന്ന പക്ഷം".

ആദ്യപേജുകളിലെവിടെയൊ അദ്ദേഹം എഴുതി: "പ്രിയ സാഹസയാത്രയെ! താമസിയാതെ എനിക്കു പറയുവാൻ കഴിയും "ഞാൻ നിൻേറതാണ്.''

മോഫ്റെയ എവിടെ?

ഉത്തരമില്ല.

## വർഗ്ഗാസ്

സ്വേച്ഛാധികാരിയായും ഭരണഘടനപ്രകാരം പ്രസിഡണ്ടായും കാൽ ശതാബ്ദകാലം ബ്രസീൽ ഭരിച്ച മിടുക്കനാണ് ജെട്യൂലിയൊ വർഗ്ഗാസ്. 1883 ഏപ്രിൽ 10-ാംനു- ജനിച്ചു. മുട്ടുകാലുകൾക്കിടയിൽ ഒരു കുസൃതിക്കുതിരയും കയ്യിൽ ഒരു 'ലാസ്സൊ' (കയർക്കുടുക്ക്) യും മാത്രം മതി അദ്ദേഹത്തിനു തൻെറ സാമർത്ഥ്യം കാണിയ്ക്കുവാൻ. അധികം താമസിച്ചില്ല, താൻ സവാരിചെയ്യുന്ന കുതിര ബ്രസീലും 'ലാസ്സൊ'തൻെറ കയ്യിലമർന്ന പരമാധികാരവും ആയിത്തീർന്നു. സൈനിക കോളേജിൽനിന്നും പോർട്ടോ അലഗ്രസർവ്വകലാശാലയിൽനിന്നും ബിരുദങ്ങളെടുത്തു് അദ്ദേഹം ഒരു പ്രതിപക്ഷപത്രത്തിൻെറ പത്രാധിപരായി. മുകളിലേയ്ക്കുള്ള കയററം വേഗത്തിലായിരുന്നു. 1923-ൽ ഫെഡറൽ ഡെപ്യൂട്ടി 1926-ൽ ധനകാര്യമന്ത്രി, 1930-ൽ പ്രസിഡണ്ട്.

ധനവാന്മാരുടെ പാർട്ടിയായ 'പൊളിസ്റ്റ'ക്കെതിരായിരുന്നു വിപ്ലവകാരികളുടെ നേതാവായ വർഗ്ഗാസ്. ഒരു സ്വകാര്യ സൈന്യം അദ്ദേഹത്തിനു പിന്തുണ നൽകി. പ്രസിഡണ്ടു തിരഞ്ഞെടുപ്പിന്നു നിന്നാൽ തോല്ക്കുമെന്നു കണ്ടപ്പോഠം അദ്ദേഹം വിപ്ലവം കെട്ടഴിച്ചുവിട്ടു. 'പോളിസ്റ്റ' പ്രസിഡണ്ട് പോർത്തുഗലിലേയ്ക്ക് ഓടി; വർഗ്ഗാസ് പ്രസിഡണ്ടിൻെറ കൊട്ടാരത്തിലേക്കും.

തുടന്ന് ദുർഘടസന്ധികഠം അഭിമുഖീകരിക്കേണ്ടിവന്നു, വർഗ്ഗാസിന്ന്. 1932_ൽ മൂന്നു മാസത്തെ (ജൂലായി തൊട്ട് സപ്തംബർ വരെ) യുദ്ധത്തിന്നു ശേഷം അദ്ദേഹം 'പൊളിസ്റ്റ' വിപ്ലവം തുലച്ചു, പൊതുമാപ്പു നല്കി വിപ്ലവകാരികളെ തൻെറ പാർട്ടിയിൽ ചേർത്തു, ഭരണഘടനാപരമായ ഭരണം വാഗ്ദാനം ചെയ്തു 1934_ൽ അദ്ദേഹം തൻെറ അനുയായികളെക്കൊണ്ടു നിറച്ച ഒരു കോൺസാംബ്ളി വിളിച്ചുകൂട്ടി. പുതിയ ഭരണഘടന 1891_ലെ ഭരണഘടനയെ പുറം തള്ളി. 1935_ൽ വർഗ്ഗാസ് കമ്യൂണിസ്റ്റ് വിപ്ലവത്തെ അടിച്ചമർത്തി, 1000 ഇടതുപക്ഷനേതാക്കന്മാരെ ജയിലിലടച്ചു, മററുള്ളവരെ നാടുകടത്തി. 1937_ൽ അദ്ദേഹം ഒരു തിരഞ്ഞെടുപ്പ് വാഗ്ദാനം ചെയ്തിരുന്നു. തൻെറ കക്ഷിയിൽനിന്നു ജോൺഅൽമേഡയും 'പൊളിസ്റ്റ' സ്ഥാനാർത്ഥി ആർമൻഡോ ഒലിവെയ്റയും മത്സരിച്ചു. തിരശ്ശീലക്കുള്ളിൽ വർഗ്ഗാസ് പ്രവർത്തിയ്ക്കുകയായിരുന്നു. പൊടുന്നനവെ അദ്ദേഹം പട്ടാളനിയമം പ്രഖ്യാപിച്ചു, ഭരണഘടന റദ്ദ് ചെയ്തു, ഒരു സൈനികവിപ്ലവം വഴി അധികാരം കവർന്നെടുത്തു. ഒരു പ്രസിഡണ്ടിന്ന് രണ്ടാമതും പ്രസിഡണ്ടാകുവാൻ വയ്യെന്നു ഭരണഘടന പറയുന്നതുകൊണ്ട് തന്നെ മരണംവരെ പ്രസിഡണ്ടാക്കിക്കൊണ്ടു ഒരു പുതിയ ഭരണഘടന വർഗ്ഗാസ് പുറത്തിറക്കി. 1938മേയ് മാസം പുതിയ നാത്സി പാർട്ടിയായ പച്ച ഷർട്ടിട്ട ഇൻടഗ്രലിസ്ററുകഠം നടത്തിയ വിപ്ലവം വർഗ്ഗാസ് തകർത്തു. പച്ച ഷർട്ടുകാർ ഏതാനും മണിക്കൂർനേരം വർഗ്ഗാസിൻെറ കൊട്ടാരം

വളഞ്ഞു് 20,000 വെടിയുണ്ടകരം അതിന്നകത്തേയ്ക്കു വഷിച്ചു. വർഗ്ഗാസും അദ്ദേഹത്തിൻെറ പുത്രിയും ജനാലയ്ക്കു പിന്നിൽനിന്നു കൊണ്ടു് റൈഫിരം ഉപയോഗിച്ചു് അക്രമികരംക്കനേരെ വെടി വെച്ചു. 12 വിപ്ലവകാരികരം നിലം പൊത്തി. പല പൗരന്മാരും ഈ രസകരമായ കാഴ്ച കാണുവാൻ തിങ്ങിക്കൂടി. അപ്പോഴേയ്ക്കും വർഗ്ഗാസിൻെറ സൈന്യം വന്നു് വിപ്ലവത്തെ തുടച്ചുനീക്കി.

## കുളിയും ഉറക്കവും

വേനൽക്കാലത്തു് വർഗ്ഗാസ് അക്കാലത്തെ തലസ്ഥാനമായ പെട്രോ പോളീസിൽ താമസിയ്ക്കും; അല്ലാത്തപ്പോരം റിയോ യിലെ ഇസാബെൽ രാജ്ഞി താമസിച്ചിരുന്ന ഗ്വാൽബറ കൊട്ടാര ത്തിൽ. അവിടത്തെ തൻെറ ആപ്പീസു മുറിയിലിരുന്നു് അത്യാവ ശ്യജോലികരം തീത്തു് അദ്ദേഹം 10 മിനിട്ടു നേരം നടന്നു് ഒരു തെരുവിലെത്തുന്നു. അവിടെ നിന്നും പ്രസിഡണ്ടിൻെറ ഔദ്യോ ഗിക പ്രവത്തനാലയമായ, $1\frac{1}{2}$ നാഴിക അകലെയുള്ള, കത്തീതാ കൊട്ടാരത്തിൽ കാർമാഗ്ഗം എത്തുന്നു. ഭരണ സമിതിയുടെ സമ്മേ ളനങ്ങരം കുറവാണു്. പകരം വർഗ്ഗാസ് നിയമം, വിദ്യാഭ്യാസം എന്നിവയുടെ മന്ത്രിമാരെ തിങ്കളാഴ്ചയും, വിദേശനയം, കൃഷി എന്നിവയുടെ മന്ത്രിമാരെ ചൊവ്വാഴ്ചയും, ധനകാര്യം, തൊഴിൽ എന്നിവയുടെ മന്ത്രിമാരെ ബുധനാഴ്ചയും, സൈന്യം, പ്രചരണം എന്നിവയുടെ മന്ത്രിമാരെ വ്യാഴാഴ്ചയും, വാത്താവിനിമയം, ഗതാ ഗതം എന്നിവയുടെ മന്ത്രിമാരെ വെള്ളിയാഴ്ചയും കാണുന്നു. ഊണിനു സമയമാകുമ്പോരം മടങ്ങിയെത്തുന്നു. ഭക്ഷണാനന്തരം 15 മിനിട്ടു് വിശ്രമിക്കും. പിന്നീട്ടു് അദ്ധരാത്രിവരെ ജോലി ചെയ്യുന്നു. ദിവസേന അദ്ദേഹം 16 മണിക്കൂർ ജോലിയെടുക്കും. ആരോഗ്യവാനായിരുന്നു വർഗ്ഗാസ്. ഉറങ്ങാറാകുമ്പോരം കിടന്നു വായിക്കും. പിന്നീടു കല്ലുപോലെ കിടന്നുറങ്ങും. സിനിമ കാണലും

ഗോൾഫ് കളിയും കുതിരസ്സവാരിയുമാണ് ഏററവും ഇഷ്ടം. ഒരിയ്ക്കൽ വർഗ്ഗാസിൻെറ ക്ലബ്ബിലെ രണ്ടംഗങ്ങൾക്ക കളിയ്ക്കാൻ പററിയില്ല. വർഗ്ഗാസ് കുളിയും കഴിഞ്ഞു തോർത്തുടുത്തു് ഏതാണ്ട നഗ്നനായി കുളിമുറിയിലെ ബെഞ്ചിൽ കിടന്നു ക്ലക്കം വലിക്കുക യായിരുന്നു! വിമാനം ഓടിയ്ക്കൽ വർഗ്ഗാസിന്നു പഥ്യമായിരുന്നു. ചുരുട്ടും സിഗരററും മാറി മാറി വലിക്കും. മദ്യം കഴിയ്ക്കില്ല. 'യെർ ബാമാതെ' പാനീയം എത്ര കുടിച്ചാലും മതിവരില്ല. ഫ്റാങ്ക്ളിൻ റൂസ്‌വെൽററ് ആയിരുന്നു അദ്ദേഹത്തിൻെറ ആരാധ്യപുരുഷൻ.

വർഗ്ഗാസിൻെറ കുടുംബജീവിതം സന്തുഷ്ടി നിറഞ്ഞതായി രുന്നു. കത്തോലിക്കനായി ജനിച്ചെങ്കിലും അദ്ദേഹത്തിൻെറ മത മെന്തെന്നാക്കും പിടിയില്ല. കർദ്ദിനാളായിരുന്നു ഏററവും അടുത്ത സ്നേഹിതൻ. പക്ഷേ, പള്ളിയിൽ പോകില്ല. ആദ്യത്തെ പുത്രനെ അദ്ദേഹം കത്തോലിക്കാവിരോധിയായ മാർട്ടിൻ ലൂതറിൻെറ ഓർമ്മയ്ക്കായി ലൂതറോ എന്നു വിളിച്ചു. രണ്ടാമത്തെ പുത്രനെ കാൽവിൻെറ ഓർമ്മയ്ക്കായി കാൽവിനൊ എന്നു വിളിയ്ക്കാൻ ഉദ്ദേ ശിച്ചപ്പോൾ ഭാര്യ തടഞ്ഞു. അതുകൊണ്ടു് ഗെട്യൂലിയോ എന്നു പേരിട്ടു.

ജനങ്ങളെ വശീകരിയ്ക്കുന്ന ചില ഗുണവിശേഷങ്ങളുണ്ടായി രുന്നു വർഗ്ഗാസിന്നു്. അവസരവാദിയായിരുന്നു അദ്ദേഹം. വ്യക്ത മായി മറുപടി പറയലില്ല. എന്നാൽ വരുന്നവരെ സന്തോഷി പ്പിച്ചയയ്ക്കും. പുഞ്ചിരിയില്ലാത്ത മുഖം വർഗ്ഗാസിൻേറതല്ലത്രേ. എത്ര ചെറിയവനോടും ചിരിച്ചുകൊണ്ട സംസാരിയ്ക്കും. പ്രതി കാരസ്വഭാവമില്ല സ്നേഹിതന്മാർ തനിയ്ക്കു കളിപ്പേരിടുന്നതിൽ അദ്ദേഹത്തിന്നു സന്തോഷമേയുള്ളു.

## സദാഹാസൻ

വർഗ്ഗാസിനെപ്പററി ഒരു തമാശപറയാറുണ്ടു്: മുസ്സോളിനി

സ്വർഗ്ഗവാതില്ക്കലെത്തി. വാതില്ക്കൽനിന്നിരുന്ന വിശുദ്ധ, പത്രോസ് വിവരം ദൈവത്തെ അറിയിച്ചു. "അവനെപ്പററി കേട്ടിട്ടില്ല. പുറംതള്ളു് അവനെ" എന്നായിരുന്നു ദൈവത്തിൻെറ വിധി. ഹിററലർ വന്നു. അതേ അനുഭവം തന്നെ. വർഗ്ഗാസ് വന്നു. അതേ വിധി തന്നെ കല്പിയ്ക്കുവാൻ ഭാവിച്ചപ്പോഠം വിശുദ്ധ പത്രോസ് തടഞ്ഞുകൊണ്ടു പറഞ്ഞു: "അതു പററില്ല, തിരുമേനി. അവിടുത്തെ ചുമരിൽ തൂങ്ങിക്കിടക്കുന്ന ചിത്രം സദാ ചിരിയ്ക്കുന്ന വർഗ്ഗാസിൻേറതാണു്." ദൈവം ചിത്രത്തിലേയ്ക്കൊന്നു നോക്കി ഉത്തരവിട്ടു: "ശരി. വർഗ്ഗാസ് കടന്നോട്ടെ."

## ഒരു മോട്ടോറപകടം

വർഗ്ഗാസും രണ്ടു കൂട്ടുകാരും യാത്രചെയ്തിരുന്ന കാർ മറിഞ്ഞു. ഡോക്ടർമാർ വന്നു പരിശോധിച്ചു. ഒരാഠം മരിച്ചിരുന്നു. മറെറയാഠം രക്തത്തിൽമുങ്ങി അർദ്ധപ്രാണനായി കിടക്കുന്നു. വർഗ്ഗാസിനൊന്നും പററിയില്ല. ചങ്കുറപ്പും ധൈര്യവും വർഗ്ഗാസിനെ വിട്ടുപിരിയാറില്ല. സത്യവാനും ധീരനും സ്ഥിരോത്സാഹിയും യോഗ്യനുമായ വർഗ്ഗാസ് ഭരണനിപുണനായിരുന്നു. പക്ഷേ 1954 ആഗസ്റ്റ് മാസത്തിൽ തൻെറ ഉയന്ന സൈനികോദ്യോഗസ്ഥന്മാർ വർഗ്ഗാസിനോടു രാജിവെയ്ക്കാൻ പറഞ്ഞു. രാജി വെച്ചില്ല അദ്ദേഹം. ഹൃദയത്തിൽക്കൂടി സ്വയം വെടിവെച്ചു് ആത്മഹത്യചെയ്തു. അങ്ങനെ ബ്രസീലിയൻ ചരിത്രത്തിലെ ഒരദ്ധ്യായം അവസാനിച്ചു.

## കൃഷിയും വ്യവസായവും

ലോകത്തിനു ലഭിയ്ക്കുന്ന കാപ്പിയിൽ പകുതിയിലധികം ബ്രസീലിൽനിന്നു വരുന്നു. കാപ്പി കൃഷിചെയ്യുക, സംസ്കരിക്കുക, കപ്പലിൽ കയററുക—അനേകലക്ഷം പേർ ഈ വ്യവസായത്തിൽ

വ്യാപൃതരാണ്. പുതിയ പുതിയ ന്യൂയോക്ക് മോഡൽ അംബര ചുംബികളാൽ അലംകൃതമാണ് വ്യവസായ കേന്ദ്രവും പ്രധാന തുറമുഖവുമായ സാവൊ പൗലൊ.

പഞ്ഞി, അരി, പഞ്ചസാര, കൊക്കോ എന്നിവയാണ് മററ കയററുമതിയിനങ്ങൾ. കന്നുകാലി വളർത്തലും കമ്പിളിയു ടുപ്പുണ്ടാക്കലും പഞ്ചസാര ശുദ്ധീകരണവും മുഖ്യ വ്യവസായങ്ങ ളാണ്. ബ്രസീലിന്നു വേണ്ട ഉരുക്കിൽ പകുതിയും വോൾട്ട റോൺഡ സ്റ്റീൽ ഫാക്ടറി ഉല്പാദിപ്പിക്കുന്നു. വെള്ളച്ചാട്ടങ്ങളിൽ നിന്നും വിദ്യുച്ഛക്തി ഉളവാക്കി കൂടുതൽ വ്യവസായങ്ങൾ തുടങ്ങു വാനാണ് ബ്രസീൽകാരുടെ ശ്രമം

ഗതാഗതമാർഗ്ഗങ്ങൾ: 1,62,000 നാഴിക റോഡുകൾ, 24,000 നാഴിക റെയ്ലുകൾ, വിമാന മാർഗ്ഗങ്ങൾ. കൊല്ലത്തിൽ രണ്ടു ലക്ഷം യാത്രക്കാർ വിമാനങ്ങളിൽ സഞ്ചരിക്കുന്നു. 200 പ്രക്ഷേപണ കേന്ദ്രങ്ങളുണ്ട്. 'റേഡിയോ നാഷണൽ' ആണ് പ്രാധാന്യമർഹിക്കുന്നത്. 150 ആളുകൾക്ക് ഒരു ടെലഫോണുണ്ട്. റിയോ കഴിഞ്ഞാൽ സാവൊ പൗലൊ, ബെലം, ബെയ്ലൊറി സോൺടെ, കുറീടിബ, ഫാർട്ടലെസാ, മസെയൊ, മാന്യസ്, നാടാൾ, നീക്ടിറോയ്, പോർട്ടൊ അലഗ്ര്, സാൻതുസ്, സാവൊ സാൽവദോർ എന്നിവയാണ് മററു നഗരങ്ങൾ. 70% പേർ അഭ്യസ്തവിദ്യരല്ല. നിർബ്ബന്ധ പ്രാഥമിക വിദ്യാഭ്യാസ നിയമം ഇല്ല. 1810–ൽ സ്ഥാപിച്ച 10 ലക്ഷം പുസ്തകങ്ങളും 6 ലക്ഷം കയ്യെഴുത്തു രേഖകളും 2,50,000 കൊത്തു ചിത്രങ്ങളും ഭൂപടങ്ങളും ഉൾക്കൊള്ളുന്ന റിയൊ ദേശീയ ലൈബ്രറി പ്രസിദ്ധി നേടിയതാണ്. 60 മ്യൂസിയങ്ങളും ലോകത്തിലെ ഏററവും നല്ല സസ്യശാസ്ത്രത്തോട്ടവും അവിടെയുണ്ട്. ഓരോ നഗര ത്തിലും ഓരോ സർവ്വകലാശാലയുണ്ട്. 90 ശതമാനം ജനങ്ങൾ കത്തോലിക്കരെങ്കിലും മതസ്വാതന്ത്ര്യമുണ്ട്, ബ്രസീലിൽ. അവി

ട്ടത്തെ 'ആളെക്കൊല്ലി'കളാണ് മഞ്ഞപ്പനി, മലമ്പനി, കുഷ്ഠം എന്നീ രോഗങ്ങരം. കുഷ്ഠരോഗികളുടെ 30 കോളനികരം നില വിലുണ്ട്. ഓസ്വാരംഡൊക്രൂസ് സ്ഥാപനത്തിൻെറ നേതൃത്വ ത്തിൽ 2000–ത്തോളം സ്ഥാപനങ്ങരം ഒത്തൊരുമിച്ച ദേശീയാ രോഗ്യം നിലനിൎത്തുവാൻ വേണ്ട നടപടികളെടുക്കുന്നു. ഉഷ്ണമേ ഖലയിലെ സുഖക്കേടുകളെ ചെറുക്കുവാൻ ബ്യൂട്ടാൻട സ്ഥാപനം ചെയ്യുന്ന സേവനം സ്തുത്യൎഹമാണ്.

## ചരിത്രം

1500–ൽ 'പോൎത്തുഗീസ് കൊളംബസ്'എന്നറിയപ്പെടുന്ന പീഡ്രോകബ്രാരം ബ്രസീൽ കണ്ടെത്തി. 1808–ൽ നെപ്പോളി യൻ പോൎത്തുഗൽ ആക്രമിച്ചപ്പോരം അവിടുത്തെ രാജാവ് ദോ ജൊവാവൊ ബ്രസീലിലേയ്ക്കോടി, റിയൊ തൻെറ തലസ്ഥാന മാക്കി. 1821–ൽ യൂറോപ്പിൽ സമാധാനം കൈവന്നപ്പോരം, തൻെറ മകനായ ദോം പീഡ്രോയെ ബ്രസീലിലെ റീജൻടായി നിയമിച്ച്, രാജാവ് ലിസ്ബണിലേയ്ക്കു തിരിച്ചു.

പോൎത്തുഗീസ് മേൽക്കോയ്മ വലിച്ചെറിഞ്ഞ ബ്രസീൽകാർ ദോം പീഡ്രോയെ ബ്രസീൽ ചക്രവൎത്തിയായി പട്ടാഭിഷേകം ചെയ്തു. പക്ഷെ 19–ാം ശതകം മൂന്നു പ്രസ്ഥാനങ്ങരം ചരിത്ര ത്തിൻെറ മുഖത്തേയ്ക്കുരുട്ടി വിട്ടു—കുടിയേറിപ്പാൎക്കൽ, അടിമവ്യവ സായം, റിപ്പബ്ളിക്കൻ പ്രസ്ഥാനം. പോൎത്തുഗീസുകാരും ജൎമ്മൻ കാരും ഇററലിക്കാരും കുടിയേറിപ്പാൎക്കുവാൻ ബ്രസീലിൽ എത്തി. പോൎത്തുഗീസുകാർ വ്യവസായങ്ങരം ഉണ്ടാക്കി. ജൎമ്മൻകാർ തെക്കോട്ടു മാറി കന്നുകാലികളെ വളൎത്തി. ഇററലിക്കാർ സാവൊ പൗലൊ നഗരം നിൎമ്മിച്ച് അതിനു ചുററും താമസമാക്കി. അപ്പോഴേയ്ക്കും ആഫ്രിക്കൻ നീഗ്രോ അടിമകളുടെ വരവായി. 1888–ൽ അടിമക്കച്ചവടം നിലച്ചു. തുടൎന്നുണ്ടായ വിപ്ലവം

48 കൊല്ലം സദ്ഭരണം നടത്തിയ ചക്രവത്തി പീഡ്റോ രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കി. ബ്രസീൽ ഒരു റിപ്പബ്ളിക്കായി.

ഐക്യനാട്ടുകളുമായി ഏററവുമധികം മമതപുലത്തുന്ന രാജ്യങ്ങളിൽ ഒന്നാണ് ബ്രസീൽ, പ്രത്യേകിച്ച മററ ലത്തീൻ അമേരിയ്ക്കൻ രാഷ്ട്രങ്ങളെ അപേക്ഷിച്ച്. കാരണങ്ങൾ: ശത്രുവായ ആർജൻടീന ആക്രമണത്തിന്നു വരുമോ എന്നഭയം, ഐക്യനാട്ടുകാക്കു മാത്രമെ തങ്ങളെ സൈനികമായി രക്ഷിപ്പാൻ കഴിവുള്ളു എന്ന വിശ്വാസം, ഐക്യനാട്ടുകൾ തങ്ങളുടെ സാധനങ്ങൾ വാങ്ങിയ്ക്കുന്നതിലുള്ള കൃതജ്ഞത, ലത്തീൻ അമേരിയ്ക്കയിൽ സ്പാനിഷ്ഭാഷ സംസാരിയ്ക്കാത്ത ഏകരാഷ്ട്രമായ ബ്രസീൽ ഒററപ്പെട്ടിരിക്കുന്നതിനാൽ കൂട്ടിന്നു പററിയതു് ഐക്യനാട്ടുകളാണെന്ന ബോധം. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹാർദ്ദബന്ധത്തിൻെറ ഓമ്മയ്ക്കായി 'അസീഷ്യ' (സൗഹാർദ്ദം) എന്നു പേരുള്ള ഒരു സ്മാരകം 1922-ൽ ബ്രസീലിൽ സ്വാതന്ത്ര്യശതവാഷികം ആഘോഷിച്ചപ്പോൾ ഐക്യനാട്ടുകൾ സമ്മാനിയ്ക്കുകയുണ്ടായി. രണ്ടാം മഹായുദ്ധത്തിൽ ബ്രസീൽ ഐക്യകക്ഷികളുടെ കൂടെ നിന്നു് അച്ചുതണ്ടു ശക്തികളുമായി യുദ്ധം ചെയ്തു എന്നതും പ്രസ്താവയോഗ്യമാണ്.

## പ്രശ്നങ്ങൾ

ബ്രസീലിനെ കുഴപ്പത്തിലാക്കുന്ന ചില പ്രശ്നങ്ങളുണ്ട്: നാണയപ്പെരുപ്പം, വികസനപദ്ധതികൾക്കാവശ്യമായ മൂലധനമില്ലായ്മ, കാര്യമായ വിദേശധനം ലഭിയ്ക്കുന്നതു് ഒരേ ഒരു കയററമതിയിനത്തിൽനിന്നാണ്—കാപ്പിയിൽനിന്നു്— എന്നതു്. വർഗ്ഗാസിൻെറ മരണാനന്തരം വൈസ് പ്രസിഡണ്ട് ജൊവൊവൊ കഫെഫിൽഹൊ പ്രസിഡണ്ടായി. അദ്ദേഹത്തിൻെറ പേരിൻെറ അത്ഥം 'ജോൺ കാപ്പി ഇളമുറ' എന്നാണ്. "മാന്ത്രികനല്ലഞാൻ" എന്നു സ്വയം പ്രശംസിയ്ക്കുന്ന അദ്ദേഹം മേല്പറഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗങ്ങൾ തേടുകയാണ്.

ബ്രസീലിയൻ കാപ്പിയ്ക്കു് അതിൻേറതായ കഥയുണ്ടു് പറയു വാൻ. ലോകത്തിനു ലഭിക്കുന്ന കാപ്പിയിൽ 69 ശതമാനം ബ്രസീലിൽ നിന്നത്രെ. 7 കൊല്ലങ്ങൾക്കകം 7 കോടി പവൻ വില വരുന്ന 7 കോടി ചാക്കു് കാപ്പി ബ്രസീലിൽ നശിപ്പിച്ചു കളഞ്ഞു, കാപ്പിയുടെ വില കൃത്രിമമായി വദ്ധിപ്പിയ്ക്കുവാൻവേണ്ടി. കൊല്ലംതോറും ശരാശരി 40 ലക്ഷം ചാക്കു് കാപ്പി കത്തിച്ചു കളഞ്ഞുകൊണ്ടിരിക്കുന്നുണ്ടത്രെ.

1934-ൽ 40 ലക്ഷം ചാക്കു് കാപ്പി കുഴിച്ചിടാമെന്നുവെച്ചു. പക്ഷേ അതിനു വളരെ വിസ്തീർണ്ണമുള്ള സ്ഥലം വേണം. കാപ്പി വളമല്ലതാനും. കടലിലെറിഞ്ഞാലൊ? പരീക്ഷിച്ചുനോക്കി. കാപ്പി വെള്ളത്തിൽ കലങ്ങിയതിനാൽ മത്സ്യങ്ങൾ ചത്തു പൊങ്ങി. കാപ്പിക്കുരു അനേകം നാഴികകൾ വരുന്ന തീരപ്രദേശത്തു വന്നടിഞ്ഞു്, അവിടെയെല്ലാം വൃത്തികേടാക്കി. അവസാനം ദഹിപ്പിച്ചുകളയാമെന്നു വെച്ചു. പക്ഷെ കാപ്പിക്കുരുവിൽ 11 ശതമാനം വെള്ളമുണ്ടു്. പെട്രോൾ ധാരാളമായി ഒഴിച്ചാലേ കത്തുകയുള്ളു. കാപ്പി ദഹിപ്പിച്ചു കളയുവാൻ ബ്രസീൽ കൊല്ലംതോറും 2 ലക്ഷം പവൻ ചിലവഴിയ്ക്കുന്നു. ഗവമ്മേണ്ടിനു മാത്രമെ കാപ്പി കത്തിച്ചുകളയുവാൻ അധികാരമുള്ളു.

## കാപ്പി ഉണ്ടാക്കൽ

വിളഞ്ഞുണ്ടാകുന്ന കാപ്പിയുടെ നിറം പച്ചയാണു്. എല്ലാ കാപ്പിയുല്പാദനകേന്ദ്രത്തിലും 'ഉണക്കൽക്കളം'മുണ്ടു്. കാപ്പിയിൽ വെള്ളം ഒഴിയ്ക്കുന്നു, ഉണക്കുന്നു. അങ്ങിനെ പല പ്രാവശ്യം. നന്നായുണങ്ങിയാൽ കാപ്പിക്കുരു അതിൻെറ ഉറയിൽനിന്നു പുറത്തു ചാടുകയായി - പച്ച നിറം തന്നെ, വാസനയും രുചിയും ഇല്ല. അവിടെനിന്നു ഭയങ്കര ചൂടുള്ള വലിയ നെരിപ്പോടിന്നകത്തേയ്ക്കാണു് കാപ്പിക്കുരുക്കളുടെ യാത്ര. അവിടെ കിടന്നു മൂളുന്നു,

ചില്ലറ ശബ്ദങ്ങളുണ്ടാക്കുന്നു, പൊരിയുന്നു. പൊരിഞ്ഞ കാപ്പിക്കുരുവിന്നു് നല്ല വാസനയാണു്. രുചി നോക്കുവാൻ വിദഗ്ദ്ധന്മാരുണ്ടു്. അവർ വന്നു കാപ്പിക്കുരു പല ഇനങ്ങളായി ഗുണദോഷമനുസരിച്ചു് തരം തിരിയ്ക്കുന്നു—ഏ. ക്ലാസ്സ്, ബി. ക്ലാസ്സ് അങ്ങിനെ. വാങ്ങുന്നവൎക്കും രുചിനോക്കുവാനും മണത്തറിയുവാനും വിദഗ്ദ്ധന്മാരുണ്ടു്. അവരെ പററിയ്ക്കുവാൻ സാദ്ധ്യമല്ല തന്നെ. ചാക്കുകളിൽ നിറച്ചു ഭദ്രമായി തുന്നിയ, കാപ്പിക്കുരു പിന്നെ കപ്പലുകളിൽ കയറി അന്യരാജ്യങ്ങളിലേയ്ക്കു യാത്ര തിരിയ്ക്കുകയായി; അവസാനം കാപ്പിപ്രേമികളുടെ വയറുകളിലേയ്ക്കും. ന്യൂയോൎക്കിലെ ഹെർബട്ടു് പോളെന്റെ കണ്ടുപിടുത്തം ബ്രസീൽകാരെ സന്തോഷിപ്പിച്ചു – കാപ്പിക്കുരുകൊണ്ടു പ്ലാസ്റ്റിക്കുണ്ടാക്കാം! അങ്ങിനെ കൊല്ലത്തിൽ 50,000 ചാക്കു് കാപ്പിക്കുരു കാറിന്റെ ചക്രങ്ങളിലും റേഡിയോ സെററിലും ഫൗണ്ടൻ പേനകളിലും സ്ഥലം പിടിയ്ക്കുന്നു. ബ്രസീലിൽ 'കാപ്പി ദഹിപ്പിയ്ക്കൽ' പ്രസ്ഥാനം തുടങ്ങിയപ്പോൾ കൊളംബിയ കാപ്പിയുല്പാദനം വൎദ്ധിപ്പിച്ചു. അതു ബ്രസീലിനു കിട്ടിയ വയററത്തടിയായിരുന്നു.

## നാണയവ്യവസ്ഥ

ആർജൻടീനയിലെ 'പിസൊ' (1·63 ഡോളർ), ബൊളീവിയയിലെ 'ബൊളീവിയാന' (0·61 ഡോളർ), പരാഗ്വെയിലെ 'ഗ്വറാണി' (0·326 ഡോളർ), എന്നിവയെപ്പോലെ ബ്രസീലിനു സ്വന്തമായി നാണയമുണ്ടു്—മിൽറീ (0·20 ഡോളർ). 1000 റീ ഒരു മിൽറീ; എഴുതുന്നതു്: 1$000. 100 മിൽറീ ഒരു കൊൺടൊ; എഴുതുന്നതു്: 1:00$00.

പ്രസിഡണ്ടു് ജെവൊവൊ കാഫെ ഫിൽഹൊയ്ക്കു് 55 വയസ്സായി. പണക്കാരനാകുന്നതിൽ താല്പര്യമില്ല. മൂന്നു കിടപ്പുമുറിയുള്ള പഴയ ഫ്ളാററിലാണു് ഭാര്യ ജാൻതിറയും പുത്രനുമൊരു

മിച്ച താമസം, കാപ്പിയും സിഗരററും ഒഴിക്കുവാൻ വയ്യ. കത്തോലിക്കനല്ല, പ്രസ്ബിറേററിയനാണ്. പത്രപ്രവത്തകൻ, വർഗ്ഗാസിൻെറ എതിരാളി, വിപ്ലവപ്രവത്തനങ്ങൾ കാരണം ജയിൽ ജീവിതമനുഭവിച്ച പഴയ ജയിൽ പുള്ളി. ബ്രസീലിയൻ ഡെമോക്രസിയുടെ തുരുമ്പു കളഞ്ഞ് തുടച്ചു മിനുക്കി അതു പ്രവത്തനത്തിൽ കൊണ്ടുവരികയാണദ്ദേഹത്തിൻെറ ഉദ്ദേശം.

വരുന്ന ഒക്ടോബറിൽ പ്രസിഡണ്ട് തിരഞ്ഞെടുപ്പാണ് ബ്രസീലിൽ. മൂന്നു സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പുപ്രചരണം തുടങ്ങിക്കഴിഞ്ഞു—സൈന്യത്തിനിഷ്ടമുള്ള ജനറൽ ജ്വാവാറസ്സ് ടിവോറ, സൈന്യത്തിൻെറ എതിരാളിയായ പഴയ ഗവണ്ണർ ജസിലിനൊ കബിററ്സ് ഛക്ക്, സൈന്യത്തിനു വിശ്വാസമില്ലാത്ത പഴയ ഗവണ്ണർ, കോടീശ്വരൻ, അധേമാർ ഡിബാരോസ്. തിരഞ്ഞെടുപ്പ് ആഭ്യന്തരയുദ്ധത്തിൽ കലാശിയ്ക്കുമോ എന്നാണ് പ്രസിഡണ്ട് ഫിൽഹോയുടെ ഭയം.

## തിരഞ്ഞെടുപ്പു മത്സരം

ബ്രസീലിലെ പ്രസിഡണ്ടു തിരഞ്ഞെടുപ്പു മത്സരം കൊടുമ്പിരികൊണ്ടു. രാഷ്ട്രീയ നേതാവ് കോടീശ്വരൻ ബാരോസ് കൂടുതൽ വോട്ടുകൾ കരസ്ഥമാക്കി, റിയൊ, സാവൊ പൗലൊ എന്നീ നഗരങ്ങളിൽനിന്നു്. പക്ഷെ ബ്രസീൽ നഗരങ്ങളുടെ രാജ്യമല്ല, ഭാരതത്തെപ്പോലെ ഗ്രാമങ്ങളുടെ രാജ്യമാണ്. ബാരോസിൻെറ ആശാകേന്ദ്രം പൊളിഞ്ഞു, കുബിററ്സ് ഛക്കിൻെറ വോട്ടുകൾ പെട്ടികളിൽ കയറിപ്പററി ലോറികളിൽ സവാരി ചെയ്ത് തലസ്ഥാനത്തെത്തി തല പുറത്തേയ്ക്കു കാട്ടിത്തുടങ്ങിയപ്പോൾ. തിരഞ്ഞെടുപ്പു ഫലം: കുബിററ്സ് ഛക്കിനു 3,077,411 വോട്ടുകൾ, സൈന്യ നേതാവ് ടവോറക്ക് 2,610,462, ബരോസിന് 2,222,725.

ജസിലിനൊ കുബിററ്സ് ചക്ക്. പഴയ വിദഗ്ദ്ധനായ ഡോക്ടർ, സിലീഷ്യയിൽനിന്നു വന്ന കുടിയേറിപ്പാപ്പ്കാരൻെറ പേരക്കിടാവ്, മിനാസ് ജെറെയ് സംസ്ഥാനത്തെ പഴയ ഗവണ്ണർ, ഇടതുപക്ഷക്കാരും മദ്ധ്യവത്തികളും കൂടിച്ചേൎന്ന ഇടത്തരക്കാരുടെ അനിഷേദ്ധ്യനേതാവ്, തിരഞ്ഞെടുപ്പു പ്രചരണയോഗങ്ങളിലെ പ്രസംഗമണ്ഡപത്തിൽ ഓടിച്ചാടിക്കയറി നൃത്തം വെയ്ക്കാനും പാട്ടുപാടാനും മടിക്കാത്ത രസികൻ, രണ്ടോ മൂന്നോ മണിക്കൂർ കേരംവിക്കാക്ക് തല ചൊറിയുവാൻ കൂടി നേരം കൊടുക്കാതെ ഇടമുറിയാത്ത വാക്ക്ധോരണി ചൊരിയുന്ന പേരെടുത്ത വാഗ്മി, ജനങ്ങളുടെ നന്മയ്ക്കുവേണ്ടി പണിയെടുക്കുവാൻ തയ്യാറുള്ള നേതാവ്—കീത്തിമാനാണ് 54 വയസ്സുകാരൻ കുബിററ്സ് ചക്ക്.

## ഹാ, ഹാ, കൊച്ചുകുഞ്ഞേ....

അദ്ദേഹത്തിൻെറ പ്രസംഗം കേരംക്കുവാൻ പതിനായിരക്കണക്കിനു ജനങ്ങരം തടിച്ചു കൂടി. ഒരു തിരഞ്ഞെടുപ്പു യോഗത്തിലെത്തുവാൻ അദ്ദേഹത്തിനു താമസം വന്നു. തടിച്ചു കൂടിയ ജനങ്ങരം ക്ഷമ നശിച്ച് അസ്വസ്ഥരായി. താമസിച്ചെത്തിയ ബുദ്ധിമാനായ അദ്ദേഹത്തിനു് സംഗതി മനസ്സിലായി. അടുത്തു നിന്നിരുന്ന ഒരമ്മയുടെ കയ്യിൽനിന്നും കൊച്ചുകുഞ്ഞിനെ വാരിയെടുത്തു് പ്രസംഗമണ്ഡപത്തിലേയ്ക്കു ചാടിക്കയറി, അവിടെ മററാരും ഇല്ലെന്ന മട്ടിൽ ആ കുഞ്ഞിൻെറ ഇളംകവിളുകളിൽ ചുംബിക്കുവാൻ തുടങ്ങി. ആളുകരം പൊട്ടിച്ചിരിച്ചു. പൊട്ടിച്ചിരികരം പടൎന്നു പിടിച്ചു. ഉടനെ അദ്ദേഹം പാട്ടുപാടി നൃത്തം ചെയ്യാൻ തുടങ്ങി:

“ഹാ, ഹാ, കൊച്ചുകുഞ്ഞേ
എൻേറതാണു നീ,
നിൻേറതാണു ഞാൻ.
ഹാ, ഹാ, കൊച്ചുകുഞ്ഞേ....”

സംഗീതഭാഷയാണ് സ്പാനിഷ് ഭാഷയത്രെ. ചിരിയടക്കുവാൻ കഴിയാതെ ജനങ്ങൾ ഈ രസകരമായ പാട്ടേററുപാടി, താളം ചവിട്ടി. നാളെയുടെ പ്രതീകമാണ് ആ കൊച്ചു കുട്ടി. ഇന്നത്തെ യാതനകൾ ജനങ്ങൾ സഹിക്കുന്നതു് നല്ല നാളെയുടെ പിറവിക്കുവേണ്ടിയാണ്. ആ പശ്ചാത്തലത്തിൽ അമൻറു അവിടെ കൂടിയ ജനങ്ങളുടെ ആശങ്കകളും ആഗ്രഹങ്ങളും. ആ 'സിമ്പോളിക്കു്' ഭാഷ പെട്ടെന്നവർക്ക് മനസ്സിലായി. അവരുടെ ഹൃദയത്തിൻേറതാണാ ഭാഷ. ആ നാളയെ കെട്ടിപ്പട്ടുക്കുവാൻ വെമ്പൽകൊള്ളുന്ന നേതാവാണ് കുബിററ്സ് ചക്ക്. നാളെയുടെ നാട്ടിൽ നല്ല നാളെ കെട്ടിപ്പട്ടുക്കുന്ന നാളെയുടെ പ്രസിഡണ്ട്! അവരുടെ വോട്ടുകൾ അദ്ദേഹത്തിൻെറ മടിത്തട്ടിൽവീണു. കമ്യൂണിസ്റ്റ്കാരും കുബിററ്സ് ചക്കിനെ പിന്താങ്ങി. അവരുടെ പിൻബലം തനിക്കാവശ്യമാണെന്നൊ അല്ലെന്നൊ അദ്ദേഹം പറഞ്ഞില്ല.

## വിദ്യുച്ഛക്തി, ഗതാഗത സൗകര്യം, ധാരാളം ഭക്ഷണം

സൈന്യ നേതാക്കന്മാർ കുബിററ്സ് ചക്കിനെ വെറുത്തു. അദ്ദേഹം ആത്മഹത്യ ചെയ്ത പഴയ പ്രസിഡണ്ട് വർഗ്ഗാസിൻെറ സ്നേഹിതനാണ്. തന്മൂലം വർഗ്ഗാസിൻെറ സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടിയുടെ സ്നേഹിതനും. കുബിററ്സ് ചക്കിൻെറ കൂടെ വൈസ് പ്രസിഡണ്ട് പദവിക്കു മത്സരിക്കുന്ന ഗൗളാട്ട് (ജാങ്കെ) വർഗ്ഗാസിൻെറ ലേബർ പാർട്ടിയംഗവും സൈന്യമന്ത്രിയുമായിരുന്നു. സൈന്യം ജാങ്കൊയെ ഇഷ്ടപ്പെട്ടില്ല.

മിനാസ് ജറെയ് ഗവണ്ണരായിരുന്ന കുബിററ്സ് ചക്ക് പ്രവൃത്തിയിൽ വിശ്വസിക്കുന്ന വ്യക്തിയാണ്. അദ്ദേഹം റോഡു

കളും കെട്ടിടങ്ങളും നിർമ്മിച്ചു, കടമെടുത്തു് പുതിയ വ്യവസായങ്ങൾ തൻെറ സംസ്ഥാനത്തു തുടങ്ങി, തൊഴിലാളികൾക്കിടയിൽ പുതിയ സാമൂഹ്യപരിഷ്കാരങ്ങൾ വരുത്തി, തൻെറ സംസ്ഥാന തലസ്ഥാനത്തേയ്ക്കു് വ്യവസായ മൂലധനത്തെ ആകർഷിച്ചു, ജനങ്ങൾക്കുവേണ്ടി കഷ്ടപ്പെട്ടു. "കൂടുതൽ വിദ്യുച്ഛക്തി, ഗതാഗത സൗകര്യങ്ങൾ, ധാരാളം ഭക്ഷണം" എന്നതായിരുന്നു അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പു മുദ്രാവാക്യം. ജനുവരി 31-ാംതിയ്യതി (1956) കുബിററ്സ് ചക്ക് പ്രസിഡണ്ടായി ചാർജ്ജെടുത്തു.

## വിപ്ലവത്തെ നീക്കുവാൻ വിപ്ലവം

വിപ്ലവത്തെ തടുക്കുവാൻ വിപ്ലവം! അങ്ങിനേയുമുണ്ടു് ഒരേപ്ലാട്ടു് ബ്രസീലിൽ.

ബ്രസീലിയൻ സൈന്യം പരമ്പരാഗതമായിതന്നെ ഭരണഘടനയുടെ സംരക്ഷകരാണ്. പ്രസിഡണ്ടു് കാഫെ ഫിൽഹോയുടെ ഭരണ സമിതി അംഗമായ സൈന്യ മന്ത്രി ജനറൽ ലോട്ട് (61 വയസ്സ്) 'ഗോൾപ്' (സൈനിക വിപ്ലവം) കളുടേയും 'ഗോൾപിസ്റ്റ്'കളുടേയും ബദ്ധവിരോധിയാണ്. കുബിററ്സ് ചക്കിനെ അധികാരത്തിൽനിന്നും അകററി നിർത്താൻ വിപ്ലവകാരികൾ ശ്രമിക്കുമെന്ന ഭയമാണ് അദ്ദേഹത്തെ വിപ്ലവത്തിനു പ്രേരിപ്പിച്ചതു്. ജനറൽ ലോട്ട് ഒരു ഗോൾപിസ്റ്റു കേർണലിനെ നല്ല പാഠം പഠിപ്പിക്കാനുദ്യമിച്ചു. പ്രസിഡണ്ടു് ഫിൽഹൊ ഹൃദ്രോഗം മൂലം ആസ്പത്രിയെ അഭയം പ്രാപിച്ചു. ജനപ്രതിനിധി സ്പീക്കർ കാർളോസ് ലൂസ്സ് തൽക്കാല പ്രസിഡണ്ടായി. ലൂസ്സിൻെറ ഗോൾപിസ്റ്റു പാരമ്പര്യം അദ്ദേഹത്തെ ജനറൽ ലോട്ടിനെ എതിർക്കുവാൻ പ്രേരിപ്പിച്ചു. ജനറൽ ലോട്ട് രാജിവെച്ചു. ലൂസ്സ് ഒരു ഗോൾപിസ്റ്റു ജനറലിനെ സൈന്യമന്ത്രിയാക്കി.

ജനറൽ ലോട്ട് ഗോംപ് വിരോധ വിപ്ലവം കെട്ടഴിച്ചു വിട്ടു. പട്ടാളം റിയൊ നഗരം (തലസ്ഥാനം) കൈവശപ്പെടുത്തി. നാവിക വിഭാഗത്തിലേയും വിമാന വിഭാഗത്തിലേയും ഗോം പിസ്സുകാം ലോട്ടിനെ ആദ്യം എതിൎത്തെങ്കിലും അവസാനം ലോട്ടിനു് കീഴ്‌വഴങ്ങി. ഒരു നേവി ക്രൂയിസറിൽ കയറി തല്ക്കാല പ്രസിഡണ്ടു് ലൂസ്സ് പമ്പ കടന്നു.

അധികാരം ജനറൽ ലോട്ടിൻെറ ഹസ്തങ്ങളിൽ പതിച്ചു. ഹൃദ്രോഗം മൂലം ആസ്പത്രിയെ അഭയം പ്രാപിച്ച, കാഫെ ഫിൽഹൊ തിരിച്ചു വരുവാൻ തയ്യാറായി. ജനറൽ ലോട്ട് അദ്ദേഹത്തെ ആസ്പത്രിയിൽപോയിക്കണ്ടു കാൎയ്യം പറഞ്ഞു, 'ഭരണ സമിതിയിൽ വ്യത്യാസങ്ങൾ വരുത്താതിരുന്നാൽ ഫിൽഹൊക്കു പ്രസിഡണ്ടായി തിരിച്ചു വരാ''മെന്നു്. ''ഞാനാണു് ഭരണ ഘടനാപരമായി പ്രസിഡണ്ടു്. ഞാൻ ആൎക്കും വഴങ്ങിക്കൊടുക്കുവാൻ തയ്യാറില്ല'' ഫിൽഹൊ കോപിച്ചു.

ഡോക്ടർമാർ ഫിൽഹൊ ആരോഗ്യവാനാണെന്നു് വിധിച്ചു. അദ്ദേഹം തൻെറ തിരിച്ചുവരവിനെപ്പററി കോൺഗ്രസ്സിനെ അറിയിച്ചു. ആസ്പത്രിയിൽനിന്നും അദ്ദേഹം തൻെറ 'കോപാ കബാന ബീച്ച്'' ഭവനത്തിലെത്തി. സൈന്യവിഭാഗങ്ങൾ അദ്ദേഹത്തിൻെറ ഭവനം വളഞ്ഞു. വീട്ടറസ്റ്റിൽ വെച്ചിരിക്കുന്ന പൗരൻ ആയിത്തീൎന്നു കാഫെ.

## ഫിൽഹൊ നിസ്സഹായൻ

കോൺഗ്രസ്സനുമതിയോടുകൂടി നെറമോസ് പ്രഖ്യാപിച്ചു: ''സുഖക്കേടായിപ്പോയ കഫെ ഫിൽഹൊയുടെ അസ്വാസ്ഥ്യം നീങ്ങണമെങ്കിൽ കോൺഗ്രസ്സ്കൂടി തീരുമാനമെടുത്തിട്ടുവേണം.'' കാഫെ കോപിച്ചുവശായി. നീതിപാലിക്കുവാൻ സുപ്രീംകോടതി

യോടദ്ദേഹം ആവശ്യപ്പെട്ടു. അതിനു മുമ്പ് കോൺഗ്രസ്സ് മുപ്പതു ദിവസത്തെ മിലിററി ഭരണം അനുവദിച്ചു. ഫിൽഹൊ നിസ്സഹായനായി.

ജനപ്രതിനിധിസഭ ഉടനടി സമ്മേളിച്ചു. ഭരണ ഘടന പ്രകാരം കടലിലേയ്ക്കോടിപ്പോയ തല്ക്കാല പ്രസിഡണ്ട് ലൂസ്സിനു ജോലി തുടരുവാൻ പാടില്ലെന്നവർ വിധിച്ചു. പക്ഷെ ലൂസ്സിനു പകരം ജനപ്രതിനിധിസഭ തല്ക്കാല പ്രസിഡണ്ടായി സെനററ് പ്രസിഡണ്ട് നെറെറമോസിനെ നിയമിച്ചു. ഭരണ ഘടനാപരമായിരുന്നു ആ നിയമനം. റമോസ് ലോട്ടിനെ സൈന്യമന്ത്രിയാക്കി. പിറെറ ദിവസം താൻ ജനപ്രതിനിധിസഭയുടെ തീരുമാനം ശിരസ്സാ വഹിക്കുന്നെന്നും തിരിച്ചുവരികയാണെന്നും ലൂസ്സ് റേഡിയോ സന്ദേശം വഴി തല്ക്കാല പ്രസിഡണ്ട് റമോസിനെ അറിയിച്ചു. റിയൊ നഗരം ശാന്തമായി. സൈന്യത്തിൻെറ എതിരാളിയാണ് വൈസ് പ്രസിഡണ്ട് തിരഞ്ഞെടുപ്പിനു മത്സരിക്കുന്ന ജാങ്കൊ. "തിരഞ്ഞെടുക്കപ്പെടുന്ന ഏതു വൈസ് പ്രസിഡണ്ടും ജനുവരി 31-ാംതീയതി ഉദ്യോഗമേറെറടുക്കും" സൈന്യമന്ത്രി ലോട്ട് അസന്നിഗ്ദ്ധ ഭാഷയിൽ പ്രസ്താവിച്ചു. അങ്ങിനെ വിപ്ലവത്തിനെതിരായുള്ള വിപ്ലവം വിജയിച്ചു.

## 17-ദിവസ പര്യടനം

ജനുവരി 31-ാംതീയതി (1956) ബ്രസീൽ പ്രസിഡണ്ടാകുവാൻ പോകുന്ന കുബിറെഷ്സ് ചക്ക് 17-ദിവസ പര്യടനത്തിനു പുറപ്പെട്ടു. ഐക്യസംസ്ഥാന തലസ്ഥാനമായ വാഷിങ്ങ്ടൺ ന്യൂയോക്ക്, ബ്രിട്ടീഷ് തലസ്ഥാനം ലണ്ടൻ, ഫ്രാൻസിൻെറ തലസ്ഥാനം പാരീസ്, പശ്ചിമ ജർമ്മൻ തലസ്ഥാനം ബോൺ, ബെൽജിയം തലസ്ഥാനം ബ്രസ്സൽസ്, ഹേഗ്, ഇററാലിയൻ തലസ്ഥാനം റോം, വത്തിക്കാൻ, സ്പാനിഷ് തലസ്ഥാനം

മാഡ്രിഡ്, പോർച്ചുഗീസ് തലസ്ഥാനം ലിസ്ബൺ എന്നീ നഗരങ്ങറം അദ്ദേഹം സന്ദർശിക്കും. സന്ദർശനാവസരങ്ങളിൽ അദ്ദേഹം തൻെറ രാഷ്ട്രത്തിൻെറ തിരഞ്ഞെടുത്ത പ്രസിഡണ്ടായിരിക്കും.

പ്രസിഡണ്ട് ഐസൻഹോവർ തൻെറ 'വിശ്രമ ഭവന'ത്തിലെത്തിയ ക്രൂബിററ്സ് ചക്കിനെ കൈകൊടുത്തു സ്വീകരിച്ചു. പ്രസ്സ് ഫോട്ടോഗ്രാഫർമാരുടെ ഫോട്ടൊയെടുക്കലുകറംക്കശേഷം ധൃതിയിൽ ഐസൻഹോവറും അതിഥിയും പ്രാതൽ കഴിക്കുവാൻ പോയി. ധൃതിക്കു കാരണമുണ്ട്. ക്രൂബിററ്സ് ചക്ക് വാഷിങ്ങ്ടണിലെ ഐക്യസംസ്ഥാന കോൺഗ്രസ്സിൽ പ്രസംഗിക്കാമെന്നേററിരുന്നു.

വിമാനമാർഗ്ഗം വാഷിങ്ങ്ടണിൽ എത്തിയ അദ്ദേഹത്തെ ഡള്ളസ്സും ഹംഫ്റിയും സ്വീകരിച്ച് കോൺഗ്രസ്സ് മന്ദിരത്തിലേക്കാനയിച്ചു. 80 മിനിററു താമസിച്ചാണ് ക്രൂബിററ്സ് ചക്ക് കോൺഗ്രസ്സ് മന്ദിരത്തിലെത്തിയതു്. പകുതി സെനററർമാരും ഹാജരുണ്ടായിരുന്നില്ല. ക്രൂബിററ്സ് ചക്ക് ഏഴു മിനിററുനേരം സംസാരിച്ചു. അദ്ദേഹം പറഞ്ഞു: 'ഐക്യസംസ്ഥാനങ്ങളും ബ്രസീലും ഒരേ പന്തിയിലാണ്. ഒരേ ആദർശങ്ങളും, ഒരേ വികാരോദ്ദേശങ്ങളും. മനുഷ്യമഹത്വത്തെ പററിയുള്ള അഭിമാനം ഇരു രാജ്യങ്ങളും ഒരുപോലെ ബഹുമാനിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു. നമുക്കൊത്തൊരുമിച്ചു മുന്നോട്ടു നീങ്ങാം.''

## അടവു കുറിക്കു കൊണ്ടു

54 വയസ്സുകാരൻ ക്രൂബിററ്സ് ചക്ക് ധീരനാണ്. ദരിദ്രനായി ജനിച്ചു. തൊഴിൽചെയ്തു് സമ്പാദ്യമുണ്ടാക്കി വിദ്യാഭ്യാസം ചെയ്തു. മെഡിക്കൽ കോളേജിൽ പഠിക്കുന്നതിനദ്ദേഹം രാത്രി

സമയം കമ്പിത്തപാലാപ്പീസ്സിൽ ജോലി ചെയ്തു; പ്രസിദ്ധനായ ഒരു സർജനായുയൎന്നു, പണം സമ്പാദിച്ചു, രാഷ്ട്രീയത്തിൽ പ്രവേശിച്ചു, മിടുമിടുക്കനായ മിനാസ് ജെറെയ് സംസ്ഥാന ഗവൎണ്ണരായി ജനസമ്മതി നേടി. ബ്രസീലിനെ ദാരിദ്ര്യത്തിൽനിന്നും മോചിക്കുവാൻ അദ്ദേഹം യത്നിക്കും.

അദ്ദേഹത്തിൻെറ വിദേശപൎയ്യടനത്തിൻെറ പുറകിൽ ഒരുദ്ദേശമുണ്ട്—തൻെറ തത്വസംഹിത ലോകത്തെ അറിയിക്കുക. സോഷ്യലിസ്റ്റാദൎശക്കാരനാണദ്ദേഹം. "പക്ഷെ കമ്യൂണിസ്റ്റ്കാരോട് ഞാൻ യാതൊരു വിധത്തിലും കടപ്പെട്ടിട്ടില്ല" അദ്ദേഹം പറഞ്ഞു. മാത്രമല്ല മിടുക്കനായ അദ്ദേഹം ഒരു പുതിയ അടവിറക്കി. ബ്രസീലിനു പണം വേണം. ഐസൻഹോവർ ബ്രസീലിൻെറ സ്നേഹിതനാണ്. ഐക്യസംസ്ഥാന പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന വ്യക്തിയാണ് ഐസൻഹോവർ. പക്ഷെ ഐസൻഹോവറിനു ഇനിയത്തെ പ്രസിഡണ്ടാകുവാൻ ആരോഗ്യം പോരെന്നാണ് പരക്കെ പറയപ്പെടുന്നതു്. അതു കാരണം ഐസൻഹോവർ തോററു പോകുമോ? കുബിററ്സ് ചക്ക് പേരുകേട്ട ഡോക്ടറാണ്. ദേശീയ പ്രസ്സ് ക്ലബ്ബ് തനിക്കു നല്കിയ വിരുന്നിൽ വെച്ച് കുബിററ്സ് ചക്ക് പ്രസ്താവിച്ചു: "ഇന്നലെ ഞാൻ പ്രസിഡണ്ട് ഐസൻഹോവറെ കണ്ടു. 1946ലാണ് ഞാൻ അദ്ദേഹത്തെ ആദ്യം കണ്ടതു്, ബ്രസീലിൽ വെച്ച്, ഞാൻ കോൺഗ്രസ്സംഗമായിരുന്നപ്പോൾ. എനിക്കു നിങ്ങളെ ധൈൎയ്യപ്പെടുത്തുവാൻ സാധിക്കും അദ്ദേഹത്തിനു് പത്തു വയസ്സ് കൂടിയെന്നാരും പറയില്ലെന്നു്. പൂൎണ്ണ ആരോഗ്യവാനാണദ്ദേഹം. ഒരു ഡോക്ടർ എന്ന നിലയിലാണ് ഞാൻ പറയുന്നതു്." ഹഷാരവം മുഴങ്ങി. അടവു കുറിക്കു കൊണ്ടു.

## കീൎത്തിമുദ്രകൾ, ഘോഷയാത്ര

ലണ്ടനും പാരീസും സന്ദൎശിച്ച ശേഷം അദ്ദേഹം പശ്ചിമ ജൎമ്മൻ തലസ്ഥാനമായ ബോൺ നഗരത്തിലെത്തി. പശ്ചിമ

ജമ്മനി ധാരാളം സാധനങ്ങരം ബ്രസീലിലേയ്ക്കു കയററി അയക്കു ന്നുണ്ട്. അദ്ദേഹം പ്രമുഖ വ്യവസായികളെ കണ്ടു സംസാരിച്ചു. വ്യവസായീകരണം ബ്രസീലിനാവശ്യമാണ്. വിദേശ മൂലധനം ബ്രസീൽ സ്വീകരിക്കും. പിന്നെ റോമിലേയ്ക്കു തിരിച്ചു. ഇററാ ലിയൻ പ്രധാന മന്ത്രി അൻടോണിയൊ സെഗ്നിയും, മിലിററി ബാൻഡും, ഒരു സൈന്യവിഭാഗവും അദ്ദേഹത്തെ എതിരേററു. നല്ല കത്തോലിക്കൻ കുബിററ്സ് ചക്ക് മാപ്പാപ്പയെ കണ്ടു സംഭാഷണം നടത്തി. മാഡ്റിഡ്, ലിസ്ബൺ, പിന്നെ മടങ്ങി ബ്രസീലിലേക്കും.

അത്യുഷ്ണമുള്ള ഒരു ദിവസം· 107ഡിഗ്രി ചൂട്. റിയൊ വിമാ നത്താവളത്തിൽ വലിയ തിരക്ക്. പോല്ലീസ് 'വലയം' ഭേദിച്ച് ഒരു വലിയ ജനക്കൂട്ടം താഴത്തിറങ്ങിയുരുണ്ടടുത്ത വിമാനത്തിനടു ത്തേക്കടുത്തു. സൈനിക ബാൻഡ് ബ്രസീലിയൻ ദേശീയ ഗാനം മുഴക്കി. ഹർഷാരവത്തിനിടയിൽ വിമാനത്തിൽനിന്നും, മൂന്നാഴ്ചകൊണ്ട് യൂറോപ്പിലെ ഒമ്പതു് രാഷ്ട്രങ്ങരം സന്ദർശിച്ച, കുബിററ്സ് ചക്ക് ഇറങ്ങി ജനങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. ബ്രസീലിയരുടെ നേതാവായ അദ്ദേഹത്തിനു് പലപല കീത്തി മുദ്രകളും ലഭിച്ചുകഴിഞ്ഞിരുന്നു. ബ്രിട്ടൻ കുബിററ്സ്ചക്കിനു് 'ഓർഡർ ഓഫ് ബ്രിട്ടീഷ് എമ്പയർ' കീത്തിമുദ്രനല്കി; ലക്സോം ബർഗ്ഗ് 'ഓർഡർ ഓഫ് ദ ഗോംഡ് ലയേൺ'; ബൽജിയം 'ഓർഡർ ഓഫ് ലിയോപ്പോംഡ്'; ഫ്രാൻസ് 'ലീജിയൻ ഓഫ് ഓണർ'; ഇററലി 'ഓർഡർ ഓഫ് മെറിററ്'; മാപ്പാപ്പ 'ഓർഡർ ഓഫ് ഇസബല്ല'; പോർച്ചുഗൽ 'ഓർഡർ ഓഫ് ടവർ'. തങ്ങ ളുടെ പുതിയ പ്രസിഡണ്ട് എത്രമാത്രം ബ്രസീലിനെപ്പററിയുള്ള മതിപ്പ് വദ്ധിപ്പിച്ചു എന്ന ചോദ്യത്തിനുത്തരമാണത്രെ ഈ കീത്തി മുദ്രകരം. ആഹ്ളാദംകൊണ്ടു് തുള്ളിച്ചാടുന്ന ജനങ്ങരം അദ്ദേ ഹത്തെ ചുമലിലേററി തുറന്ന 'കാഡില്ലാക്ക്' കാറിൽ കൊണ്ടു പോയിരുത്തി. ഘോഷയാത്ര മുമ്പോട്ടുനീങ്ങി.

## ആഘോഷത്തിൻെറ അന്തരീക്ഷത്തിൽ

1956 ജനുവരി 31ാംതീയതി. സൂര്യൻ ഉദിച്ചുയൎന്നു. ഉദ്യാനങ്ങളിൽ പൂമൊട്ടുകൾ വിടൎന്നു പുഷ്പങ്ങളായി, വായുവിലേക്കു പരിമളം ചൊരിഞ്ഞു. ആഘോഷത്തിൻെറ ആ അന്തരീക്ഷത്തിൽ അതാരും ശ്രദ്ധിച്ചില്ല. പള്ളിമണികളടിച്ചു, പീരങ്കിവെടികൾ മുഴങ്ങി. ആയിരക്കണക്കിനു ജനങ്ങൾ തെരുവുകളിൽക്കൂടി നടന്നു നീങ്ങി.

റിയൊ നഗരത്തിലെ ടിറാഡെൻസ് കൊട്ടാരം. ജനപ്രതിനിധിസഭ സമ്മേളിക്കുന്നതവിടെയാണ്. കൊട്ടാരത്തിൻെറ അകവും പുറവും ഒരുപോലെ അലങ്കരിച്ചിട്ടുണ്ട്. ജനപ്രതിനിധികളും പ്രധാന അതിഥികളും ആസനസ്ഥരായി. എല്ലാവരുടേയും ശ്രദ്ധ കറുത്തകോട്ടും വെള്ള ടൈയും ധരിച്ച ഒരു കൃശഗാത്രനിൽ കേന്ദ്രീകരിച്ചു. വികാരതീവ്രത നിറഞ്ഞസ്വരത്തിൽ അദ്ദേഹം നിൎത്തിനിൎത്തിപ്പറഞ്ഞു: "ഞാൻ പ്രതിജ്ഞചെയ്യുന്നു. റിപ്പബ്ളിക്ക് ഭരണഘടന നിലനിൎത്താമെന്നും പരിരക്ഷിക്കാമെന്നും അനുസരിക്കാമെന്നും ഞാൻ പ്രതിജ്ഞചെയ്യുന്നു. വിവിധ സംസ്ഥാനങ്ങൾ തമ്മിലുള്ള ഐക്യം നിലനിൎത്താമെന്നും രാഷ്ട്രത്തിൻെറ ഭദ്രത രക്ഷിച്ചുകൊള്ളാമെന്നും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ കാത്തുപാലിക്കാമെന്നും ഞാൻ പ്രതിജ്ഞചെയ്യുന്നു". ജനപ്രതിനിധിസഭയുടെ അദ്ധ്യക്ഷൻ സഗൗരവം പ്രസ്താവിച്ചു: "ജസീലിനൊ കുബിററ്സ്ചെക്ക്, ഞാൻ നിങ്ങളെ വരുന്ന അഞ്ചുകൊല്ലക്കാലത്തേക്ക് റിപ്പബ്ളിക്കിൻെറ പ്രസിഡണ്ടായി ജനങ്ങളുടെ പേരിൽ നിയമിക്കുന്നു".

## അഞ്ചുകൊല്ലത്തിനുള്ളിൽ അമ്പതുകൊല്ലത്തെ പുരോഗതി

വെടികൾ മുഴങ്ങി. ചിയേർസ് വിളികൾ അന്തരീക്ഷത്തിൽ അലതല്ലി. ജനപ്രതിനിധികളും അതിഥികളും അദ്ദേഹ

ത്തിൻെറമേൽ പുഷ്പങ്ങൾ വർഷിച്ചു. ലത്തീൻ അമേരിയ്ക്കയിലെ ഏററവും വലിയ രാജ്യത്തിലെ പ്രസിഡണ്ടായി കുബിററ്സ്ചക്ക്. ടിറാഡെൻസ് കൊട്ടാരം മുതൽ പ്രസിഡണ്ടിൻെറ വാസസ്ഥലമായ കതീത കൊട്ടാരംവരെയുള്ള നിരത്ത് ആഭാട പൂർവ്വം അലങ്കരിച്ചിരുന്നു. നിരത്തിൻെറ ഇരുഭാഗങ്ങളിലും ആയിരക്കണക്കിന് പുരുഷന്മാരും സ്ത്രീകളും കുട്ടികളും വരിവരിയായി നിന്നിരുന്നു. തിളങ്ങുന്ന യൂണിഫോറം ധരിച്ച കുതിരപ്പട്ടാളക്കാർ നിരത്തിനിരുഭാഗത്തും കാവൽ നിന്നു. തൽക്കാലപ്രസിഡണ്ടായിരുന്ന നെറെറമോസ് പച്ചയും സ്വർണ്ണവും കലന്ന അധികാര ചിഹ്നമായ പട്ടറമാൽ കുബിററ്സ്ചക്കിൻെറ മാറത്തണിയിച്ചു. ഭരണഘടനാപരമായ മര്യാദയനുസരിച്ച് റമോസ് പറഞ്ഞു: "മിസ്റ്റർ പ്രസിഡണ്ട്, ചരിത്രത്തിനനുഭവപ്പെടാത്തവിധം അത്യധികവും വൻപ്രശ്നങ്ങളും വലിയ ആശകളും നിറഞ്ഞ ഒരു നിമിഷത്തിലാണ് നിങ്ങൾ അധികാരമേററടുക്കുന്നത്". 'നാളെയുടെ രാജ്യ'ത്തിൻെറ പ്രസിഡണ്ട് കതീത കൊട്ടാരത്തിലേക്ക് തിരിച്ചു. നിരത്തിൻെറ ഇരുഭാഗങ്ങളിൽ നിന്നുയന്ന ഹർഷാരവം പലനിമിഷങ്ങൾ നീണ്ടുനിന്നു. "അഞ്ചുകൊല്ലത്തിനുള്ളിൽ ആൻപതുകൊല്ലത്തെ പുരോഗതി"—കുബിററ്സ്ചക്കിൻെറ പ്രതിജ്ഞ അതായിരുന്നു.

## ഞങ്ങൾ താങ്കളുടെ കൂടെ

കതീത കൊട്ടാരത്തിലെത്തി പ്രസിഡണ്ട് കുബിററ്സ്ചക്ക്. പെട്ടന്നദ്ദേഹം ബാൽക്കണിയിൽ പ്രത്യക്ഷനായി, തൻെറ ഔദ്യോഗിക വേഷത്തിൽ. ആയിരക്കണക്കിനു ജനങ്ങൾ, വെറും സാധാരണക്കാർ, പടിക്കു പുറത്ത് തടിച്ചുകൂടിയിരുന്നു. "പൌരന്മാരെ" അദ്ദേഹം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു "നിങ്ങളോടൊന്നിച്ച് കതീതയിൽ ഞാൻ പ്രവേശിക്കുമെന്നാണെൻെറ

തിരഞ്ഞെടുപ്പുപ്രതിജ്ഞ''. ''വരൂ, വരൂ'' അദ്ദേഹം ആ ജനക്കൂട്ടത്തെ ക്ഷണിച്ചു. കാവൽഭടന്മാർ ഇരുമ്പുപടികഠം തുറന്നു മലർത്തി. ജനക്കൂട്ടം ഇരമ്പിപ്പാഞ്ഞു, അകത്തേയ്ക്കു്.

പ്രസിഡണ്ടു് കുബിററ്സ്ചക്ക് ആ ജനസഞ്ചയത്തിനുള്ളിൽ അമന്നു. അദ്ദേഹം കാണുന്നവരുടെയെല്ലാം കൈപിടിച്ചു കുലുക്കി, പലരുടേയും പുറത്തു തപ്പാളിച്ചു, കൊച്ചു കുട്ടികളെ എടുത്തു പൊക്കി ചുംബിച്ചു. ''ഞാൻ നിങ്ങഠംക്കായി ഭരിക്കും, നിങ്ങളുടെ ശ്രേയസ്സിനും സാമ്പത്തികോന്നമനത്തിനും'' കുബിററ്സ്ചക്ക് വാക്കുനൽകി. ''ഞങ്ങഠം താങ്കളുടെ കൂടെ'' ഒരാഠം വിളിച്ചു പറഞ്ഞു. ആ പല്ലവി സന്തുഷ്ടരായ ജനങ്ങളിൽ നിന്നും പൊങ്ങി.

## ആ പുഞ്ചിരിക്കു പുറകിൽ

ജസിലിനൊ കുബിററ്സ്ചക്ക് 18ാമത്തെ വയസ്സിൽ ദാരിദ്ര്യം സഹിക്കവഹിയാതെ തൻെറയും തൻെറ കുടുംബത്തിൻെറയും രക്ഷക്കായി, മൂന്നാംക്ലാസ്സ്ടിക്കററും വാങ്ങി തീവണ്ടിമാർഗ്ഗം നഗരത്തിലേക്കു തിരിച്ചു. ഏതാനും കൊല്ലങ്ങഠം കഴിഞ്ഞു. അദ്ദേഹം മിടുമിടുക്കനായ ഡോക്ടറായി. രാഷ്ട്രീയത്തിലേക്കു കടന്ന അദ്ദേഹം കൗശലക്കാരനും ബുദ്ധിമാനും ആണു്. അദ്ദേഹത്തിൻെറ ചിരി! അതിൻെറ പിന്നിൽ എന്തെല്ലാം ഒളിഞ്ഞു കിടക്കുന്നുണ്ടാകാം.

നൃത്തം ചെയ്യുന്നതിൽ സമർത്ഥനാണു് കുബിററ്സ്ചക്ക്. നൃത്തത്തിനു് സുന്ദരികളായ പങ്കാളികളാണാവശ്യം എന്നാണദ്ദേഹത്തിൻെറ പക്ഷം. ''അതെന്താ, സുന്ദരികളല്ലാത്ത സ്ത്രീകഠം നൃത്തം ചെയ്താൽ പിഴക്കുമോ?'' മുമ്പൊരിക്കൽ പ്രസിഡണ്ടു് വർഗ്ഗാസ് കൂട്ടുകാരൻ കുബിററ്സ്ചക്കിനോടു ചോദിച്ചു. ''എനിക്കവരെ പററം'' ആ രസികൻ മറുപടി പറഞ്ഞു ''തിരഞ്ഞെടുപ്പു കാലത്തു''. കൂട്ടച്ചിരി!

## നാമെല്ലാം സോഷ്യലിസ്റ്റ്കാരല്ലെ?

ചീട്ടുകളി പഥ്യമാണ്. പക്ഷെ കായിക വിനോദങ്ങ ളിൽ അത്ര രസമില്ല അദ്ദേഹത്തിനു്. "ഞാൻ ചെറുപ്പമായി രുന്നപ്പോഠം ദരിദ്രനായിരുന്നു. പണമുണ്ടായപ്പോഠം അതിനൊ ന്നിനും സമയമില്ലാതായി" അദ്ദേഹം വിവരിച്ചു. ജോലി ചെയ്യു വാൻ തുടങ്ങിയാൽ അവസാനമില്ല. മണിക്കൂറുകഠം കടന്നുപോകു ന്നതദ്ദേഹം അറിയുകയില്ല. "നിങ്ങഠം ഇന്നും യുവാവാണ്" ഒരു സ്നേഹിതൻ തട്ടിവിട്ടു. "അല്ല. തുടങ്ങുന്നതു് അവസാനി പ്പിച്ചേ അടങ്ങൂ ഞാൻ. അത്രമാത്രം" എന്നായിരുന്നു അദ്ദേഹ ത്തിൻെറ മറുപടി. എന്തായാലും അദ്ദേഹത്തിൻെറ രാഷ്ട്രീയാ ദർശങ്ങഠം എന്തെന്നാക്കും നിശ്ചയമില്ല. "ഇടതുപക്ഷക്കാരൻ" ഒരാഠം പറയും. "അല്ല, തനിയാഥാസ്ഥിതികൻ" മററൊരാഠം അഭിപ്രായപ്പെടും. അദ്ദേഹം സോഷ്യലിസ്റ്റല്ലെ? "നാമെല്ലാം സോഷ്യലിസ്റ്റ്കാരല്ലെ?" അദ്ദേഹം ചോദിക്കും ചിരിച്ചുകൊണ്ടു്.

## അമ്മയുടെ 'നോ നെം'

കാഴ്ചയിൽ സുന്ദരനായ അദ്ദേഹം കവിയും സംഗീത വിദ ഗ്ദ്ധനുമായ പിതാവു് ജായൊ ഒലിവെയ്റയുടെ തനി പക ർപ്പാണ്. കുബിററ്സ്ചക്കിനു രണ്ടുവയസ്സായപ്പോഴേയ്ക്കും പിതാവു മരിച്ചു. ഭക്തയായ അമ്മ ജൂലിയ മകനെ ഓമനിച്ചു വളത്തി. ദരിദ്രയാണെങ്കിലും ജീവിതത്തിൽ വിജയിക്കുവാനുള്ള ആത്മദാർഢ്യം അദ്ദേഹത്തിലുളവാക്കിയതു് മാതാവാണ്. 'കഷ്ടി കഴിച്ചുകൂട്ടുവാനുള്ള പണം അദ്ധ്യാപികയായ സഹോദരി മറിയ സമ്പാദിച്ചു. ഇപ്പോഴും 81 വയസ്സായ അദ്ദേഹത്തിൻെറ അമ്മ മകനെ വിളിക്കുന്നതു് 'നോനൊ' എന്നാണ്. ആ പഴയ കളി പ്പേരുതന്നെ. "ഞാൻ അപ്പൻെറ മകനാണ്, പക്ഷെ കൂടുതലായും അമ്മയുടെ മകനാണ്" കുബിററ്സ്ചക്ക് സമ്മതിച്ചു. ജന ങ്ങഠംക്കദ്ദേഹം കുബിററ്സ്ചക്കല്ല, 'ജസിലിനൊ' ആണ്.

## രത്നമുതലാളിമാർ, സുന്ദരികൾ, കപ്പലുകൾ

18ാം ശതകത്തിൽ മിനാസ് ജറെയ് സംസ്ഥാനത്തിലെ ഒരിടത്ത് തനി രത്നങ്ങൾ കണ്ടെത്തി. ആ സ്ഥലം 'ഡയമാൻടിന' പട്ടണമായി. 40,000 ജനങ്ങൾ താമസിക്കുന്ന പട്ടണം. രത്നമുതലാളിമാർ നാട്ടുകാരി സുന്ദരികളെ ഭാര്യമാരാക്കി. കടൽ തീര ദേശത്തുനിന്നു വരുന്ന ഈ സുന്ദരികൾക്കു കടൽ കാണണം അവരുടെ ചെഞ്ചുണ്ടുകളിൽ പുഞ്ചിരി വിടരണമെങ്കിൽ. രത്ന ങ്ങൾ കണ്ടുകണ്ടവരുടെ മനം മടുത്തു. കടൽ കാണണമെങ്കിൽ കുതിരപ്പുറത്ത് മൂന്നാഴ്ച സവാരി ചെയ്ത് റിയൊ നഗരത്തിലെ ത്തണം. മറെറന്തുമാർഗ്ഗം? കോടീശ്വരനായ ഒരു രത്നമുതലാളി മാർഗ്ഗം കണ്ടെത്തി. അയാൾ ഒരു വലിയ കൃത്രിമത്തടാകമുണ്ടാക്കി. അതിൽ കൊച്ചു കൊച്ചു കപ്പലുകൾ പായുവാൻ തുടങ്ങി. അയാ ളുടെ സുന്ദരി മന്ദസ്മിതം തൂകി. മററു രത്നമുതലാളിമാരും കണ ക്കില്ലാതെ പണം ചിലവിട്ടു. കൂടുതൽ കൂടുതൽ തടാകങ്ങൾ, കപ്പലുകൾ........

പക്ഷെ 1901, സപ്തംബർ 12-ാം തീയതി കുബിററ്സ് ചക്ക് ജനിച്ചപ്പോൾ ഡയമാൻടിന പട്ടണത്തിൻെറ പേരും പെരുമയും പോയിക്കഴിഞ്ഞിരുന്നു. മലഞ്ചരുവിൽനിന്നു രത്ന ങ്ങളും പട്ടണത്തിൽനിന്നു കൃത്രിമതടാകങ്ങളും ചെറിയ കപ്പലുകളും അപ്രത്യക്ഷമായി. ധനികരുടെ പട്ടണമല്ലാതായി ഡയമാൻടിന. ജനസംഖ്യ 40000ത്തിൽനിന്നും 10000മായി കുറഞ്ഞു. ധന ക്ഷയം കുബിററ്സ് ചക്ക് കുടുംബത്തെ ബാധിച്ചു. ദരിദ്രരായി രുന്നു അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ. പിതാവും ക്ഷണ ത്തിൽ മരിച്ചു.

## ചെരിപ്പുവാങ്ങാൻ പണം വേണം

റോമൻ കത്തോലിക്കാ സെമിനാരി കുബിററ്സ് ചക്കിന് ഫീസ്സിളവിന്മേൽ പ്രാഥമിക വിദ്യാഭ്യാസം നൽകി. പതിനൊ

ന്നാമത്തെ വയസ്സിലാണ്, ആ വിദ്യാത്ഥി ജീവിതത്തിൽ ആദ്യമായി ചെരിപ്പിട്ടതു്. ചെരിപ്പു വാങ്ങാനുള്ള പണം ആ കുട്ടി ഉണ്ടാക്കിയതു് ഒരു പലചരക്കു കടയിൽ ഒഴിവു സമയമെല്ലാം കൂലിപ്പണിയെടുത്താണ്. പക്ഷെ അമ്മയ്ക്കു തന്റെ മകന്റെ വിദ്യാഭ്യാസം തുടരുവാൻ പററിയില്ല. ഫീസ്സു കൊടുക്കുവാൻ പണം തികഞ്ഞിരുന്നില്ല. മിടുക്കനായ ആ കുട്ടി 'മോർസ് കോഡ്' പഠിച്ചു്, അമ്മ കൊടുത്ത ഒരു പഴയ ഷർട്ടിട്ടു് വിശക്കുമ്പോഠം തിന്നാൻ അമ്മ പൊതിഞ്ഞു കൊടുത്ത പൊരിച്ച കോഴിക്കുഞ്ഞിറച്ചിയും കയ്യിൽ പിടിച്ചു്, പെങ്ങഠം തന്ന പണംകൊണ്ടു മൂന്നാം ക്ലാസ്സ് ടിക്കററും വാങ്ങി, തീവണ്ടി കയറി, അടുത്ത നഗരമായ ബലൊ ഹൊറിസ്സോൺടിയിലേയ്ക്കു്.

## പകൽ പഠനം, രാത്രി പണി

കുറേക്കാലം പാതിപ്പട്ടിണിയായി കഴിച്ചുകൂട്ടി. ജോലി കിട്ടി. ടെലഗ്രാഫ് ഓപ്പറേററായി. ഏഴു കൊല്ലം ജോലി നോക്കി. അതിന്നിടയിൽ സ്ക്കൂളിൽ ചേൎന്നു പഠിച്ചു പാസ്സായി, മെഡിക്കൽ സ്ക്കൂളിൽ ചേൎന്നു. അദ്ധരാത്രി തൊട്ടു് 7 മണിവരെ ഉദ്യോഗം; 8 മണി തൊട്ടു് സ്ക്കൂളിൽ പഠനം. "അപ്പോഠം ഉറങ്ങുന്നതെപ്പോഠം?" ഒരു സ്നേഹിതൻ അടുത്ത കാലത്തദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. "ജീവിതം വിജയിക്കണം. ജീവിതത്തിൽ വിജയം വരിക്കണം. മറെറാരു ചിന്തയും എന്നെ ബാധിച്ചില്ല. ഉറക്കത്തെ പററിയുള്ള ചിന്തയും" കുബിററ്സ് ചക്ക് പറഞ്ഞു. അതിശയോക്തിയൊഴിച്ചാൽ പരമാത്ഥം അദ്ദേഹം വൈകുന്നേരം കിടന്നുറങ്ങിയിരുന്നു എന്നതാണ്. 26–ാമത്തെ വയസ്സിലദ്ദേഹം വൈദ്യശാസ്ത്രത്തിൽ എം. ഡി. ബിരുദമെടുത്തു. അതിനകം ദാരിദ്ര്യത്തിന്റെ രുചി നന്നായറിഞ്ഞ സഹോദരി മറിയ നഗരത്തിലെ കീത്തിമാനായ ഒരു സർജനെ പാണിഗ്രഹണം ചെയ്തു.

കഴിഞ്ഞിരുന്നു. കുബിററ്സ് ചക്ക് തൻെറ ടെലിഗ്രാഫാപ്പീസിലെ ഉദ്യോഗം രാജിവെച്ച്, സർജനായ തൻെറ അളിയൻെറ 'അസിസ്റ്റൻടായി' ഉദ്യോഗത്തിൽ പ്രവേശിച്ചു. ഒരു കൊല്ലം കൊണ്ടു് മിടുക്കനായ അദ്ദേഹം കുറെ പണം സമ്പാദിച്ചു.

## വിദേശപര്യടനം, വിവാഹം

ബലൊ ഹൊറിസ്സോൺടക്കപ്പുറം ലോകമെങ്ങിനെ? സഞ്ചാരഭ്രാന്ത് അദ്ദേഹത്തെ പുണൎന്നു. ഒന്നു നോക്കിവരാമെന്നു കണക്കാക്കി കൂട്ടുകാരിൽനിന്നും പണം കടം വാങ്ങി യൂറോപ്പിലേയ്ക്കു തിരിച്ചു. യൂറോപ്പിലെ രാജ്യങ്ങളെല്ലാം അദ്ദേഹം സന്ദൎശിച്ചു, ഉപരിപഠനത്തിന്നാണ് പോയതെങ്കിലും. പാരീസിലും ബെർളീനിലും വീയന്നയിലും അദ്ദേഹം വൈദ്യശാസ്ത്രപരമായ ഉപരിപഠനം നടത്തി.

മടങ്ങിവന്നു് പണക്കാരനായ ഒരു രാഷ്ട്രീയ നേതാവിൻെറ മകളെ വിവാഹം ചെയ്തു. അപ്പോഴേയ്ക്കും അദ്ദേഹത്തിൻെറ 'ക്ലിനിക്ക്' (ആസ്പത്രി) സ്വത്തുകാരെക്കൊണ്ടു നിറഞ്ഞു. അദ്ദേഹം നഗരത്തിലെ പ്രമാണികളുടെ ഡോക്ടറായി. അദ്ദേഹത്തിൻെറ കുടുംബജീവിതം സംതൃപ്തി നിറഞ്ഞതാണ്. കുബിററ്സ്ചക്ക് ദമ്പതിമാൎക്കു് രണ്ടു കുട്ടികളുണ്ടു്. രണ്ടും പെൺകുട്ടികൾ. രണ്ടുപേൎക്കും പന്ത്രണ്ടു വയസ്സ്. മാർസിയ അവൎക്കു പിറന്നശിശുവാണ്. മാരിസ്റ്റ്റില മറെറാരു കുടുംബത്തിൽ അവൎക്കായി പിറന്നു. അവർ മാരിസ്റ്റ്റിലയെ എടുത്തുവളൎത്തി സ്വന്തമാക്കി. "എല്ലാം തികഞ്ഞ ഭൎത്താവല്ല അദ്ദേഹം എപ്പോഴും" സാറ കുബിററ്സ് ചക്ക് സ്വകാൎയ്യമായി സ്നേഹിതയോടു പറഞ്ഞു "ഒരു ഭൎത്താവിൽ എല്ലാ ഗുണങ്ങളും തികയുന്നെങ്കിൽ ബോറ തോന്നും"

## രാഷ്ട്രീയ ജീവിതം

വിജയശ്രീലാളിതനായ സർജൻ കുബിററ്സ് ചക്ക്

ക്രമേണ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. അദ്ദേഹം ഗവമ്മേണ്ട സിക്രട്ടറിയായി, ഫെഡറൽ ജനപ്രതിനിധി സഭാംഗമായി, ബലൊ ഹൊറിസ്സോൺടി നഗരത്തിലെ മേയറായി, മിനാസ് ജറെയ് സംസ്ഥാനത്തിലെ ഗവണ്ണരായി, ബ്രസീലിയൻ പ്രസിഡണ്ടായി. പടിപടിയായദ്ദേഹം ഉയന്നു, ജനായത്ത പാരമ്പയ്യത്തിൽകൂടി. ജനങ്ങൾക്കവേണ്ടി കുബിററ്സ് ചക്ക് ബുദ്ധിമുട്ടി, രാഷ്ട്രത്തിൻെറ അനിഷേദ്ധ്യ നേതാവായി. 'നാളെയുടെ രാജ്യമല്ലാത്ത നാളെയുടെ രാജ്യത്തെ നാളെയുടെ രാജ്യമാക്കുയത്തുന്ന' തിരക്കിലാണദ്ദേഹം.

പുതിയ പരിഷ്കാരങ്ങൾ: പത്രങ്ങളുടെ മേലുള്ള നിയന്ത്രണം നീക്കി, സൈനിക ഭരണം ഇല്ലായ്മ ചെയ്തു, പ്രസിഡണ്ടിൻെറ കാവൽ ഭടന്മാരുടെ സംഖ്യ വെട്ടിക്കുറച്ചു, പ്രസിഡണ്ടിൻെറ ആപ്പീസിലെ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ 586ൽനിന്നു 392 ആക്കി, ആപ്പീസു ചിലവുകൾ വളരെ കുറച്ചു, വിദേശ മൂലധനത്തെ പ്രോത്സാഹിപ്പിച്ചു.

വിപ്ലവ വാസന ബ്രസീലിൽനിന്നും നീങ്ങിയിട്ടില്ല. മേജർ വെലോസൊയും ക്യാപ്ററൻ ലമെയ്റൊയും കൂടി ഒരു വിപ്ലവത്തിനൊരുങ്ങി. ഗവമ്മേണ്ട സൈന്യം വിപ്ലവം അടിച്ചമത്തിയെങ്കിലും വിപ്ലവ നേതാക്കൾ രക്ഷപ്പെട്ടു.

## ബാരോസ് വിപ്ലവത്തിനൊരുങ്ങുമോ?

25 ശതമാനത്തിൽ കൂടുതൽ വോട്ടുകൾ നേടിയ, പ്രസിഡണ്ട തിരഞ്ഞെടുപ്പിൽ തോററ, കോടീശ്വരൻ ബാരോസിനെ പററി ഒരു കേസ്സുത്ഭവിച്ചു—സാവൊ പൗലൊ സംസ്ഥാനത്തിലെ ഗവണ്ണരായിരുന്നപ്പോൾ അദ്ദേഹം 30 ലക്ഷം ക്രൂസിറൊ വില വരുന്ന 'ഷവർലെ' മോട്ടോർ വാഹനങ്ങൾ കൂട്ടുകാക്കു നല്കിയത്രെ.

സംസ്ഥാന സുപ്രീംകോടതി അദ്ദേഹം കുററക്കാരനാണെന്നുകണ്ടു, രണ്ടു കൊല്ലത്തെ തടവു ശിക്ഷ നൽകിയെന്നു മാത്രമല്ല അഞ്ചു കൊല്ലത്തേയ്ക്കദ്ദേഹത്തിൻെറ പൗരാവകാശങ്ങൾ റദ്ദ് ചെയ്തു. ഫലം: അദ്ദേഹത്തിനു് 1906ലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പിനു നില്ക്കാൻ പാടില്ല. മാനഹാനി സഹിക്കാൻ കഴിയാതെ അദ്ദേഹം പരാഗ്വെ തലസ്ഥാനമായ അസ്സൻഷിയോണിലേക്കോടിപ്പോയി. ഈ കോടതി വിധിയുടെ പുറകിൽ രാഷ്ട്രീയചരടുവലികൾ നടന്നത്രെ.

ബാരോസ് പുതിയ ഒരു വിപ്ലവം വഴി അധികാരം പിടിച്ചു പററുവാൻ ശ്രമിക്കുമോ?

---

അദ്ധ്യായം:

ആറ്.

# ഉറുഗ്വൈ.

—സോഷ്യലിസ്റ്റ് സ്വർഗ്ഗം.

"I saw the son of God go by
Crowned with the crown of thorn.
'Was it not finished, Lord?' I said,
'And all the anguish borne?'
He turned on me his awful eyes:
'Hast thou not understood?'
'Lo! Every soul is Calvary,
And every sin a rood!"

—FULTON SHEEN.

"Oh, I like books (as gifts). Take these heavy books for example. There is nothing like a heavy book for throwing at noicy cats. And thin books are just the thing to put under shaky tables and chairs. And look at this leather-bound volume. It makes an ideal razor-strop. Books are ideal gifts, I can't get enough of them"

—MARK TWAIN.

തെക്കെ അമേരിയ്ക്കയുടെ ഭൂപടത്തിൽ നോക്കിയാൽ ഉറുഗ്വെ ഒരു ചെറിയ കോഴിമുട്ടപോലെയിരിയ്ക്കും. അമേരിയ്ക്കകളിലെ ഏററവും ചെറിയ റിപ്പബ്ളിക്കാണ് ഉറുഗ്വെ. ശരിയായ പേർ 'റിപ്പബ്ളിക്ക് ഓറിയൻടൽ ഡെൽ ഉറുഗ്വെ' എന്നാണ്. ഭംഗിയും ധനസമൃദ്ധിയും ഉള്ള ഈ രാജ്യമാണ് അമേരിയ്ക്കയിൽ ഏററവും ഒടുവിൽ വെള്ളക്കാർക്ക് കീഴ്‌വഴങ്ങിയതു്. 16-ാം ശതകത്തിൽ കണ്ടെത്തിയെങ്കിലും, 200 കൊല്ലക്കാലം റെഡ്ഇന്ത്യർ വെള്ളക്കാരെ അകററിനിത്തി. നീണ്ടു പരന്നു പച്ച പുതച്ചു കിടക്കുന്ന മൈതാനങ്ങൾ, ഇടയ്ക്കിടയ്ക്കു പരിഷ്ക്കാരത്തിന്റെ കൂത്തരങ്ങായ പട്ടണങ്ങളും. കന്നുകാലി വളത്തലാണ് പ്രധാന തൊഴിൽ. ലത്തീൻ അമേരിയ്ക്കയിലെ സംസ്കാരകേന്ദ്രവും മററു രാജ്യങ്ങളിൽനിന്നും നാടു കടത്തിയ വിപ്ലവകാരികളുടെ രക്ഷാസങ്കേതവും ഇതു തന്നെ. ഇവിടെ നടപ്പിൽ വരുത്തിയ പുതിയ രാഷ്ട്രീയ — സാമ്പത്തിക പരീക്ഷണങ്ങൾ വിജയിച്ചു. സാമ്രാജ്യത്വദുർമ്മോഹമുള്ള അയൽ രാജ്യങ്ങളുമായി യുദ്ധം ചെയ്തു് ഉറുഗ്വെക്കാർ അവരുടെ സ്വാതന്ത്ര്യം കാത്തു രക്ഷിച്ചു. തെക്കേ അമേരിക്കയിൽ ശരിയായ ജനകീയഭരണത്തിന്റെ പതാക പാറിക്കളിക്കുന്നതു് ഉറുഗ്വെയിലാണ്.

ബ്രസീലിനു തെക്കും ആർജൻടീനക്കു കിഴക്കും വടക്കുമായി

കിടക്കുന്ന ഉറൂഗ്വേക്ക് 72,153 ചതുരശ്രനാഴിക വിസ്തീർണ്ണമേയുള്ളു. 350 നാഴിക വീതി കാണും. അത്രതന്നെ നീളവും. കടൽക്കരയിൽനിന്നുയന്നു് 2000 അടി ഉയരമുള്ള കുക്കില്ല ഗ്രാൻഡിവരെ കിടക്കുന്നു രാജ്യം. പവ്വതങ്ങൾക്കും കടൽത്തീരത്തിന്നും മദ്ധ്യത്തിലാണ് സുഖവാസയോഗ്യമായ, ജനനിബിഡമായ, ഫലപുഷ്ടിയുള്ള താഴ്‌വരകൾ. നല്ല കാലാവസ്ഥ. തണുപ്പുള്ള ഗ്രീഷ്മം, തണുപ്പു കുറഞ്ഞ ഹേമന്തം. മഴയ്ക്കു് നിയമമില്ല. ഇഷ്ടംപോലെ വരും, പോകും. അതിനാൽ ഉറൂഗ്വേക്കാർ കൃഷി കുറച്ചു്, കന്നുകാലിവളത്തലധികമാക്കി. വടക്കെ കുന്നുകളിൽ സ്വർണ്ണഖനികളുണ്ടു്. ഗ്രാഫൈററും വിവിധ വർണ്ണത്തിലുള്ള വെൺകല്ലും സുലഭം. കൂടാതെ ചെമ്പും ഈയവും മാംഗനീസും വെള്ളിയും.

ജനസംഖ്യ: 250 ലക്ഷം. ശരാശരി ഒരു ചതുരശ്രനാഴിക സ്ഥലത്തു് 30 പേർ താമസിക്കുന്നു.

## അതാ ഒരു മല!

പ്ലാററാനദി ഉറൂഗ്വേയെ അർജൻടീനയിൽനിന്നും വേർതിരിയ്ക്കുന്നു. നദീമുഖത്തിന്നു 125 നാഴിക വീതിയുണ്ടു്. അതിൻെറ കരയിലാണു് മൂന്നിലൊരു ഭാഗം ജനങ്ങളും താമസിക്കുന്ന തലസ്ഥാനനഗരം—മോൺടീവിഡിയൊ. മാഗല്ലൻെറ കപ്പലിൽനിന്നു് ദൂരെ നോക്കിക്കൊണ്ടു്, ഒരു സ്പെയിൻകാരൻ നാവികൻ വിളിച്ചു പറഞ്ഞു: "മോൺടീ വിഡിയ"—'അതാ ഒരു മല!' ആ മലയുടെ തൊട്ടാണു് ആ പേരുള്ള മോൺടീ വിഡിയൊ നഗരം. കൂടുതലും വെള്ളക്കാരാണു്, സ്പെയിൻകാരുടേയും പോർത്തുഗീസുകാരുടേയും പിൻഗാമികൾ. ചെറിയ ചെറിയ ഫ്രഞ്ചുകാരുടെ സമൂഹങ്ങളും ജർമ്മൻകാരുടെ സമൂഹങ്ങളും ഉണ്ടു്. റെഡ്ഇന്ത്യക്കാർ

നിശ്ശേഷം നശിച്ചുപോയിരിക്കുന്നു. നീഗ്രോകഠം കുറച്ചുപേരുണ്ടു്. ഔദ്യോഗിക ഭാഷ സ്പാനിഷ് ആണു്.

## പാടുന്ന വീഞ്ഞു്

വിസ്തീർണ്ണത്തിൽ 5_ൽ 4 ഭാഗവും മേച്ചിൽ മൈതാനങ്ങളാണു്. 1603_ൽ ചടച്ച ഇണക്കമില്ലാത്ത "ലോങ്ങ്ഹോൺ" കന്നുകാലികഠം ഇവിടെ കപ്പൽ മാഗ്ഗം വന്നെത്തി. പക്ഷേ 1918_ൽ ഇംഗ്ലീഷ് കന്നുകാലികളെ എല്ലായിടത്തും വളത്താൻ തുടങ്ങി. അതോടെ പുതിയ കന്നുകാലിവളത്തൽ സമ്പ്രദായങ്ങഠം വന്നു ചേൻ. വേലികെട്ടിയ മേച്ചിൽസ്ഥലങ്ങഠം, അൽഫാൽഫ കന്നുകാലിത്തീററ. രണ്ടാം മഹായുദ്ധത്തിന്നു മുമ്പു് ലത്തീൻ അമേരിക്കയിൽനിന്നുള്ള മാംസക്കയററുമതിയിൽ 10 ശതമാനം ഉറുഗ്വെയിൽനിന്നായിരുന്നു. 10_ൽ ഒരു ഭാഗം സ്ഥലത്തു് ഗോതമ്പു്, നെല്ല്, ഫ്ളാക്സ്, ഓട്സ്, ബാർളി എന്നിവ കൃഷി ചെയ്യുന്നു. മുന്തിരിത്തോപ്പുകഠം ധാരാളമുണ്ടു്. ഉറുഗ്വെ വീഞ്ഞു് സ്വല്പം വയററിലാക്കിയാൽ ഏതു കഠിനഹൃദയനും ഒന്നുരണ്ടു പാട്ടെങ്കിലും പാടാതെയൊ മൂളിത്തീക്കാതെയൊ ഇരിയ്ക്കുകയില്ലത്രെ. അത്രയ്ക്കുണ്ടു് അതിൻെറ വീര്യം. വ്യവസായവല്ക്കരണത്തിന്നു തടസ്സം വിദ്യുച്ഛക്തിയുടെ കുറവാണു്. എങ്കിലും വ്യവസായങ്ങഠം കൂടിക്കൂടി വരുന്നു. പുതിയ ഫാക്ടറികഠം പൊങ്ങി വരുന്നു—മാംസം പാക്കു ചെയ്യുന്ന ഫാക്ടറികഠം, ഫലങ്ങഠം ടിന്നുകളിലാക്കുന്ന ഫാക്ടറികഠം, മദ്യം വാററുന്ന വാററുശാലകഠം, ചെരിപ്പു കമ്പനികഠം, ഗ്ലാസ്സു കമ്പനികഠം. 2000നാഴിക റെയിലുണ്ടു്_തീവണ്ടികളും എൻജിനുകളും എൻജിനുകഠംക്കുവേണ്ട എണ്ണയും ബ്രിട്ടനിൽനിന്നു വരുന്നു. ഗതാഗതസൗകര്യങ്ങഠം കുറവായതിനാൽ കുതിരസ്സവാരിയാണു് നിർദ്ദിഷ്ടസ്ഥലത്തു് ഏററവും വേഗം എത്തുവാനുള്ള ഉപാധി. കമ്പിളി, മാംസം, തോൽ, ലിൻസീഡ് എണ്ണ എന്നിവയാണു് കയററുമതിയിൽ 10-ൽ

9 ഭാഗവും. 5–ൽ 4 ഭാഗവും ബ്രിട്ടനിലേയ്ക്കും ഐക്യനാടുകളിലേയ്ക്കുമാണ് കയററിയയയ്ക്കുന്നതു്. ലോകകമ്പോളങ്ങളിലെ വിലയിടിവ് ഉറുഗ്വെക്കാരുടെ ജീവിതനിലവാരം കീഴ്പോട്ടിടിക്കുവാൻ മതിയാകും. അതാണ് തകരാറു്.

ഉറുഗ്വെയിലെ ഒരു പൗരനും സ്വത്തുകാരനല്ല, ദരിദ്രനല്ല. അവിടുത്തെ വെള്ളക്കാർ സോഷ്യലിസത്തിൽ വിശ്വസിക്കുന്നു. മതവും രാഷ്ട്രവുമായി ബന്ധമില്ല. ആർക്കും ഏതു മതവും സ്വീകരിക്കാം. മതമില്ലെങ്കിലും വിരോധമില്ല. എന്നാലും ഭൂരിപക്ഷം റോമൻ കത്തോലിക്കരാണ്.

## കോളനിയുദ്ധങ്ങൾ

ജോസ്ഗെർവാസിയൊ ആർടിഗാസാണ് (1764—1850) ഉറുഗ്വേയ്ക്കു രൂപം നല്കിയതു്. 1516–ൽ ജുവാൻസോളിസ് ഏഴു നാവികരോടുകൂടി മോൺടീവിഡിയോയിൽ ഇറങ്ങി. റെഡ്ഇന്ത്യർ അവരെ നിഷ്ഠുരണം വധിച്ചു. സോളിസിൻെറ കൂട്ടുകാർ ഒട്ടും താമസിയാതെ കപ്പലുകളിൽ കയറി യാത്രതിരിച്ചു. പിന്നീടു വളരെക്കാലത്തേയ്ക്കു സ്പെയിൻകാർ ആ പ്രദേശത്തു വരികയുണ്ടായില്ല. 1680–ൽ പോർത്തുഗീസുകാർ അവിടെ കുടിയേറിപ്പാർത്തു. ആക്രമണത്തിനുവന്ന സ്പെയിൻകാരെ അവർ തുരത്തിപ്പായിച്ചു. 18–ാം ശതകത്തിൽ സഞ്ചാരികളായ ഗൗക്കൊ വർഗ്ഗക്കാർ ഈ പ്രദേശം കൈവശമാക്കി. കുറച്ചു കഴിഞ്ഞപ്പോൾ ബ്യൂനോ അയേർസിൽനിന്നും പോർത്തുഗീസുകാർ ഈ പ്രദേശത്തു കുടിയേറിപ്പാർക്കുവാൻ വന്നു. തൽഫലമായി ഈ ഭാഗം ആക്രമിച്ചധീനത്തിലാക്കുവാൻ ബ്രസീലും ആർജൻടീനയും തമ്മിൽ യുദ്ധമായി. ആർടിഗാസ് ഉറുഗ്വെക്കാർക്ക് നേതൃത്വം നൽകി, സ്പെയിൻകാരിൽനിന്നും നാടിനെ രക്ഷിച്ചു. തുടർന്നു ബ്രസീലിൽനിന്നും ആർജൻടീനയിൽനിന്നും, യുദ്ധം ചെയ്തു്, ഉറുഗ്വെയെ അദ്ദേഹം സ്വതന്ത്ര

യാക്കി. ഐക്യനാടുകൾ ആർടിഗാസിനെ പ്രോത്സാഹിപ്പിച്ചു. അങ്ങിനെ ആർടിഗാസിനു് ഉറുഗ്വെയിലെ ജോർജ്ജ് വാഷിങ്ങ്ടൺ എന്ന കീർത്തി ലഭിച്ചു. ഉറുഗ്വെയും ഐക്യനാടുകളും തമ്മിലുള്ള സൗഹാർദ്ദത്തിൻെറ പ്രത്യക്ഷലക്ഷ്യമാണു് മോൺടിവീഡിയൊയിലുള്ള ആർടിഗാസ്—വാഷിങ്ങ്ടൺ ലൈബ്രറി.

1821—ൽ ബ്രസീൽ ഉറുഗ്വെ പിടിച്ചു.' നാലു കൊല്ലത്തിനു ശേഷം ഉറുഗ്വെയിൽ വിപ്ലവം തുടങ്ങി, സ്വാതന്ത്ര്യത്തിനുവേണ്ടി. ആർജൻടീന ഉറുഗ്വെയെ സഹായിച്ചു. ബ്രിട്ടൻ ഉറുഗ്വെയെ ബ്രസീലിനും ആർജൻടീനയ്ക്കും മദ്ധ്യത്തിലുള്ള നിഷ്പക്ഷരാഷ്ട്രമാക്കവാനായി മദ്ധ്യസ്ഥതവഹിച്ചു. സമാധാനം കൈവന്നു. 1830—ൽ ജനറൽ റിവീറ ഉറുഗ്വെയിലെ പ്രസിഡണ്ടായി. മനുവൽ ഒറീബെ സൈനിക വിപ്ലവംവഴി റിവീറയെ പുറം തള്ളി. അഭ്യന്തരയുദ്ധത്തിൻെറ പേരിൽ ആർജൻടീന ഉറുഗ്വെ പിടിയ്ക്കുവാൻ ഉദ്യമിച്ചപ്പോൾ ബ്രസീൽതടഞ്ഞു. രണ്ടു പാർട്ടികളുണ്ടവിടെ—ബ്ളാങ്കോക്കളും കൊളറാഡൊക്കളും. 1860—ൽ കൊളറാഡൊക്കളുടെ നേതാവായ ജനറൽ ഫ്ളോറസ് ബ്രസീലിൻെറ സഹായം ആവശ്യപ്പെട്ടു; ബ്ളാങ്കോസ് പരാഗ്വെയെ സഹായത്തിനു വിളിച്ചു. ബ്രസീൽസൈന്യം ഒരു ഭാഗത്തുനിന്നും, പരാഗ്വെയിലെ 'ഭ്രാന്തൻ പ്രസിഡണ്ടാ'യ സൊലാനൊ ലോപ്പസിൻെറ സൈന്യം മറുഭാഗത്തുനിന്നും ഉറുഗ്വെ ആക്രമിക്കുവാൻ തുടങ്ങി. ബ്രസീലും ആർജൻടീനയുംകൂടി പൊതുശത്രുവായ പരാഗ്വെയെ തുലച്ചു. 1903—ൽ കൊളാറാഡൊ കക്ഷി അധികാരത്തിൽവന്നു. അതിൻെറ നേതാവു് ജോസ് ബാററ്ളി ഓർഡോണസ് (1903—1929) പ്രസിഡണ്ടായി.

## സാമൂഹ്യഭദ്രത

പഴയ പ്രസിഡണ്ടിൻെറ മകൻ, ഒന്നാന്തരം ലേഖകൻ,

യൂറോപ്പാസകലം വളരെക്കാലം ചുററി സഞ്ചരിച്ച വ്യക്തി, നല്ല സോഷ്യലിസ്റ്റ് — ബാററ്ലി ഓർഡോണസ് സാമൂഹ്യ–സാമ്പത്തിക പരിഷ്കാരങ്ങൾ വരുത്തി, ബ്രിട്ടൻ, സ്കാൻഡിനേവിയ, ന്യൂസിലൻഡ് എന്നീ പുരോഗമിച്ച രാജ്യങ്ങളേക്കാളും സാമൂഹ്യ ഭദ്രതയുള്ള രാജ്യമാക്കി ഉറുഗ്വെയെ. എല്ലാ ഫാക്ടറികളിലും സ്ത്രീകൾക്കിരിപ്പിടങ്ങൾ നല്കണമെന്ന 'കസേരനിയമം' അദ്ദേഹം പാസ്സാക്കി. സ്റ്റേററ് സോഷ്യലിസത്തിന്നു് സാക്ഷാല്ക്കാരം നല്കുന്നതിന്നും ദാരിദ്ര്യത്തെ നശിപ്പിച്ച് വർഗ്ഗരഹിതമായ സാമൂഹ്യ നീതി കൈവരുത്തുന്നതിന്നും അദ്ദേഹം പല നിയമങ്ങളും പ്രവൃത്തിയിൽ കൊണ്ടുവന്നു. ദേശീയബാങ്ക് എല്ലാ ബാങ്കുകളേയും നിയന്ത്രിച്ചു. കടം നല്കുവാൻ ഒരു പണയ ബാങ്കും ഏർപ്പെടുത്തി. ഏററവും കുറഞ്ഞ നിരക്കിൽ കുടിയ്ക്കുവാനുള്ള വെള്ളവും വിദ്യുച്ഛക്തിയും തപാൽ–ടെലഫോൺ–ടെലഗ്രാഫ് സൗകര്യങ്ങളും പൗരന്മാക്കു നല്കുവാൻ ഗവൺമെണ്ടുതന്നെ മുമ്പോട്ടുവന്നു. സിമൻറ്, മദ്യം, പെട്രോൾ തുടങ്ങിയവ ഉല്പാദിപ്പിയ്ക്കൽ ഗവൺമെണ്ടിൻെറ കുത്തകയായി. ദേശീയപാനീയമായ 'റം' ഗവൺമെണ്ടുതന്നെ കുറഞ്ഞ വിലയ്ക്കു വിററഴിക്കുവാൻ തുടങ്ങി. പ്രക്ഷേപണകേന്ദ്രങ്ങൾ ഗവൺമെണ്ടേറെറടുത്തു. ഗവൺമെണ്ടു സ്വന്തമായി മത്സ്യവ്യവസായവും മാംസ ഫാക്ടറികളും ബാലെയ് നൃത്താലയങ്ങളും ഓർക്കെസ്ട്റകളും നടത്തുവാൻ തുടങ്ങി. സുഖവാസത്തിന്നുള്ള കടൽത്തീരപ്രദേശങ്ങളിലെ ഹോട്ടലുകൾ നടത്തുന്നതു് തലസ്ഥാന നഗരസഭയാണ്. ദിവസേന എട്ടു മണിക്കൂർ വേല, വീട്ടുവേലക്കാരും കൃഷിത്തൊഴിലാളികളും അടക്കം എല്ലാവക്കും ക്ലിപ്തമായ കൂലിനിരക്ക്, കൊല്ലംതോറും ശമ്പളത്തോടുകൂടിയ ഒഴിവുകാലം, വയസ്സു ചെന്നവക്ക് പെൻഷൻ, തൊഴിലില്ലായ്മയ്ക്കും അപകടങ്ങൾക്കും എതിരായുള്ള ഇൻഷ്വറൻസ്, സൗജന്യവൈദ്യസഹായം (ശസ്ത്രക്രിയാവിദഗ്ദ്ധൻ, ദന്തവൈദ്യൻ, മിഡ്വൈഫ് എന്നിവരുടെ സേവനങ്ങളും ഇതിൽ പെടും) — ഇതെല്ലാം നടപ്പിൽ വന്നു.

ഗവമ്മേണ്ടു ജീവനക്കാക്കു ദിവസത്തിൽ ഒരു നേരം മാത്രമേ ജോലി ചെയ്യേണ്ടതുള്ളൂ—വേനല്ക്കാലത്തു് കാലത്ത്, മഞ്ഞുകാലത്തു് വൈകു ന്നേരം. തൊഴിലാളിസംഘടനകറംക്കു സ്ഥാനമില്ലാതായി. തൊഴി ലില്ലായ്മ നശിച്ചു. ഉറുഗ്വെ സൈന്യത്തെ പിരിച്ചുവിട്ടു. അതിന്നു ചിലവാക്കിയിരുന്ന പണം സാമൂഹ്യ രക്ഷാനടപടികറംക്കായി ചിലവഴിച്ചു.

വിദ്യാഭ്യാസം സൗജന്യമായി—പ്രാഥമിക വിദ്യാഭ്യാസം മുതൽ അങ്ങേ അററം വരെ. സർവ്വകലാശാലകളിലൊന്നും ഫീസില്ല. രാജ്യത്തിന്നു പുറത്തുപോയി പഠിക്കുന്നവരുടെ ഫീസും മററു രാജ്യത്തുനിന്നു് ഉന്നതപഠനത്തിന്നു വരുന്നവരുടെ ഫീസും ഗവ മ്മേണ്ടുതന്നെ വഹിയ്ക്കുന്നു. കൊല്ലംതോറും മററു രാജ്യങ്ങളിലെ അനേകായിരം പൗരന്മാർ ഉറുഗ്വെയാകുന്ന 'സോഷ്യലിസ്റ്റ് സ്വർഗ്ഗം' കാണുവാൻ വന്നു പോകുന്നുണ്ടു്.

വോട്ടുചെയ്തുകൊള്ളണം, നിർബ്ബന്ധമാണു്, പ്രായപൂത്തി വന്ന (18 വയസ്സു പ്രായമായ) ഓരോ സ്ത്രീയും പുരുഷനും. അല്ലെ ങ്കിൽ ജയിൽ ശിക്ഷയോ പിഴയോ അനുഭവിയ്ക്കേണ്ടിവരും. അമേ രിയ്ക്കൻ സമ്പ്രദായത്തിലും സ്വിററ്സർലണ്ട് സമ്പ്രദായത്തിലും ഉണ്ടായിരുന്ന ഭരണഘടനകറം വേണ്ടെന്നു വെച്ചു്, മൂന്നാം ഫ്രഞ്ചു റിപ്പബ്ളിക്ക് മോഡലിലുള്ള ഭരണഘടന സ്വീകരിച്ചിരിയ്ക്കുക യാണു് ഉറുഗ്വെ. പുതിയ ഭരണഘടനയിൽ പ്രസിഡണ്ടു് സ്വേച്ഛാധിപതി ആകാതിരിയ്ക്കുവാൻ വേണ്ടി അദ്ദേഹത്തിൻെറ അധികാരങ്ങറം വെട്ടിക്കുറച്ചിട്ടുണ്ടു്. പ്രസിഡണ്ടിന്നു് 8 മന്ത്രി മാരടങ്ങിയ ഒരു ഭരണസമിതിയുണ്ടു്. മന്ത്രിമാരിൽ മൂന്നു പേർ കൂടുതൽ വോട്ടുകറം ലഭിച്ച രണ്ടാമത്തെ (എതിർ) പാർട്ടിയിൽ നിന്നാകണം. 99 അംഗങ്ങളുള്ള പ്രതിനിധിസഭയും 30 അംഗ ങ്ങളുള്ള സെനററും കൂടിയതാണു് നിയമനിർമ്മാണസഭ. സെന

ററിൽ പകുതി സീററം പ്രതിപക്ഷത്തിന്നാണ്. സുപ്രീം കോടതിയിലെ 5 ജഡ്ജിമാരെ പാർളിമെൻറ് 10 കൊല്ലത്തേയ്ക്കു തിരഞ്ഞെടുക്കുന്നു.

രണ്ടു പാർട്ടികളുണ്ട്—സ്വത്തുകാരുടേയും വ്യവസായ പ്രഭുക്കന്മാരുടേയും പാർട്ടിയായ ബ്ളാങ്കോ, അഭ്യസ്തവിദ്യരുടേയും ബുദ്ധിജീവികളുടേയും ഇടതുപക്ഷക്കാരുടേയും ഇടത്തരക്കാരുടേയും പാർട്ടിയായ കൊളറാഡോ. എല്ലാ പുരോഗമനാത്മകമായ ജനകീയാശയങ്ങളും കൊളറാഡോ ആശയക്കാരുടേതാണ്. വളരെ നാളുകളായി ഈ പാർട്ടി ഭരിക്കുവാൻ തുടങ്ങിയിട്ട്.

കഴിഞ്ഞ ഡിസംബറിൽ ഇരു പാർട്ടികളും മത്സരിച്ചു. ചുമരിലെഴുത്തും പോസ്റ്ററുകളും ലഘുലേഖകളും ആണവരുടെ വോട്ടുപിടുത്ത മാർഗ്ഗങ്ങൾ. വോട്ടുചെയ്തുകഴിഞ്ഞ് പൗരന്മാർക്കു പണം വെച്ചു ചൂതു കളിയ്ക്കാം, മദ്യപിയ്ക്കാം, നൃത്തംചെയ്യാം—പകലും രാത്രിയും, ഏതു സമയത്തും. വോട്ടുദിവസം നിയമം ജനങ്ങളുടെ പക്ഷത്താണ്, പോലീസുകാരുടെ പക്ഷത്തല്ല. തിരഞ്ഞെടുപ്പിൽ, കഴിഞ്ഞ 89കൊല്ലം ഉറുഗ്വെ ഭരിച്ചുപോന്ന കൊളറാഡോക്കാർക്ക് 3,87,803 വോട്ടും, ബ്ളാങ്കോക്കാർക്ക് 2,66,960 വോട്ടും കിട്ടി. ബ്ളാങ്കോക്കാർ പൊളിഞ്ഞു പാളീസായി.

പഴയ പ്രസിഡണ്ട് ലൂയി ബാററ്ലി ബെറസ്സ് (ബാററ്ലി ഓർഡോണസിൻെറ മരുമകൻ) പ്രസിഡണ്ട തിരഞ്ഞെടുപ്പിൽ വിജയിയായി. കൊളറാഡോ പാർട്ടിക്കാരനായ അദ്ദേഹത്തിൻെറ ചിഹ്നം പൈൻ വൃക്ഷത്തിൻെറ ചെറിയ ശാഖയായിരുന്നു. അദ്ദേഹത്തിന്നു പൊല്ലീസുകാരേയും കാവൽക്കാരേയും വലിയ വെറുപ്പാണ്. അന്തസ്സില്ലാത്ത ഒരു ഫ്ളാററിലാണ് താമസം. 6മണിയ്ക്കെഴുന്നേല്ക്കും. തൻെറ 'അക്സിയോൺ' (പ്രവൃത്തനം) പത്രത്തിലേയ്ക്കു മുഖപ്രസംഗമെഴുതും. അടുത്തുള്ള റെസ്റ്റോറണ്ടിൽ പോയി

ഭക്ഷണം കഴിക്കും. പിന്നീട് ഔദ്യോഗിക ചുമതലകളിൽ വ്യാപൃതനാകും. 58 വയസ്സുകാരൻ ബെറസ്സിന് ഈ ക്ഷേമരാഷ്ട്രമാകുന്ന 'സോഷ്യലിസ്റ്റ് സ്വർഗ്ഗ'ത്തെ നയിക്കുവാനുള്ള ചങ്കുറപ്പും തൻേറടവും ഉണ്ട്.

## കമ്പിളിക്കും മാട്ടിറച്ചിക്കും വേണ്ടി യുദ്ധം

കഴിഞ്ഞ ഡിസംബർ മാസം സോഷ്യലിസ്റ്റ് സ്വർഗ്ഗത്തിലെ 58 വയസ്സുകാരൻ പ്രസിഡണ്ട് ബെറസ്സ് ഐക്യസംസ്ഥാനങ്ങളിലേക്കു തിരിച്ചു. 'എന്തിനു പോകുന്നു?' പത്രപ്രതിനിധികൾ ചോദിച്ചു "ഞാൻ ഒരു യുദ്ധത്തിനു പോകുകയാണ്. ഉറുഗ്വേൻ കമ്പിളിക്ക് വേണ്ടി ഞാൻ ബോസ്റ്റൺ നഗരത്തിൽ യുദ്ധംചെയ്യും, ഉറുഗ്വേൻ മാട്ടിറച്ചിക്കുവേണ്ടി ഷിക്കാഗൊ നഗരത്തിലും" അദ്ദേഹം മറുപടി പറഞ്ഞു. ലോകകമ്പോളങ്ങളിൽ മാട്ടിറച്ചിക്കു വില കുറഞ്ഞതു് ഉറുഗ്വേയെ കഷ്ടത്തിലാക്കി. മാട്ടിറച്ചി പാകംചെയ്യുന്ന പല കമ്പനികളും അടച്ചു പൂട്ടേണ്ടതായിവന്നു. കമ്പിളിയുടെ വിലയിടിഞ്ഞു. അതും ഉറുഗ്വേയെ കുഴപ്പത്തിലാക്കി. വാഷിങ്ങ്ടണിൽ പോയി ഐക്യസംസ്ഥാന പ്രസിഡണ്ടായ ഐസൻഹോവറുമായി ചർച്ച് ചെയ്ത് ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരൊത്തുതീർപ്പുണ്ടാക്കണമെന്നാണ് ബെറസ്സിൻെറ അഭിപ്രായം.

പ്രസിഡണ്ട് ബെറസ്സിൻെറ അഭാവത്തിൽ, സ്വിസ്സ് മോഡൽ ഭരണസമിതിയിലെ രണ്ടാമൻ ആൽബർട്ടൊ സുബീറിയ പ്രസിഡണ്ടായിരിക്കും. ബെറസ്സിൻെറ ഉദ്യോഗകാലാവധി കഴിയുവാൻ ഇനി അധികം ആഴ്ചകളില്ല.

## ആസ്പത്രിയിൽ....പാലിൻെറ ഗുണമറിയുവാൻ

പക്ഷെ ഐക്യസംസ്ഥാനങ്ങളിലെത്തിയ ബെറസ്സിന് വളരെയധികം ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുക്കേണ്ടിവന്നു. വാഷിങ്ങ്ടൺ, ബോസ്റ്റൺ, ഷിക്കാഗൊ—എല്ലായിടത്തും അദ്ദേഹം

ഉറൂഗ്വെയുടെ സാമ്പത്തിക മേന്മക്കായി വീറോടെ വാദിച്ചു. ഷിക്കാഗൊയിൽഎത്തിയ അദ്ദേഹം ക്ഷീണിതനായി കാണപ്പെട്ടു. ഒരു വിരുന്നിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം വെള്ളം ചേൎത്ത 'സ്കോച്ച്'' മദ്യം കയ്യിൽ പിടിച്ചതേയുള്ളു, കഴി ച്ചില്ല. അദ്ദേഹത്തിൻെറ മുഖം വിളറി, തല നെഞ്ചിൽ അമൎന്നു, കണ്ണടഞ്ഞു. ബോധരഹിതനായ അദ്ദേഹത്തെ ഉടൻ ആസ്പത്രി യിലേയ്ക്കു കൊണ്ടുപോയി. ''കഠിനാദ്ധ്വാനംകൊണ്ടു കുടലിലുള്ള പഴയ രോഗം ശക്തിപ്പെട്ടു. പൊതുവെ അദ്ദേഹത്തിൻെറ ആരോഗ്യം തൃപ്തികരമാണ്. പക്ഷെ കുറച്ചുനാൾ വിശ്രമമെടുക്ക ണമെന്നുമാത്രം'' പരിശോധനയ്ക്കുശേഷം ഡോക്ടർമാർ അഭിപ്രായ പ്പെട്ടു. പിറെറ ദിവസം ആസ്പത്രിക്കിടക്കയിൽ കിടന്നുകൊണ്ട് ബെറസ് പറഞ്ഞു: ''ഈ രാജ്യത്ത് ഞാൻ പോയേടത്തെല്ലാം ആളുകളെനിക്ക് സ്കോച്ച് മദ്യം ധാരാളം തന്നു. പക്ഷെ ആസ്പത്രി യിലെത്തേണ്ടിവന്നു ഇന്നാട്ടിലെ പാലിൻെറ മഹിമ മനസ്സി ലാക്കുവാൻ''.

## ബെറസ്സ് മടങ്ങി

'എൽ നാഷണൽ' പത്രം മുഖപ്രസംഗമെഴുതി: ''ബെറസ്സ് ഐക്യസംസ്ഥാനങ്ങളിലേയ്ക്കു പോയതു് പ്രസിഡണ്ടായാണ്. മടങ്ങിവന്നതു് വാണിജ്യപ്രഭുവായ ഫെർണാൻഡൊ ഫാരിനയുടെ കച്ചവട ഏജൻടായിട്ടും.'' ഗ്വാഡാലൂപ്പ് ആയിരുന്നു അതെഴു തിയ ലേഖകൻ. ബെറസ്സ് വിട്ടുകൊടുത്തില്ല. അദ്ദേഹം പേരു വെച്ച് തൻെറ 'അക്ക്സിയോൺ'പത്രത്തിലെഴുതി: ''അപ്പറഞ്ഞ തെഴുതിയതു് ആരായാലും കൊള്ളാം, ആ ലേഖകൻ ഛീത്തപ്പാര മ്പര്യമുള്ള നായയാണ്.''

## ദ്വന്ദ്വയുദ്ധം വേണ്ട

ഗ്വാഡാലൂപ്പ് കുപിതനായി, ബെറസ്സിനെ വാളുപയോഗി ച്ചുള്ള ദ്വന്ദ്വയുദ്ധത്തിനു ക്ഷണിച്ചു. തക്കതായ കാരണമുണ്ടെങ്കിൽ

ദ്വന്ദയുദ്ധം നിയമത്തിനെതിരല്ല. ആ പോർവിളി ബെറസ്സ് സ്വീകരിച്ചു. രണ്ടു പേരും 'എപ്പീസ്' എന്ന രണ്ടു ഭാഗത്തും മൂച്ചയില്ലാത്തതും അററം മാത്രം കൂത്തു മൂച്ചയുള്ളതുമായ വാളുകൾ തുരുമ്പുമാററിയെടുത്ത് ദ്വന്ദയുദ്ധത്തിനു തയ്യാറെടുത്തു.

പക്ഷെ നിയമപ്രകാരം ഉടലെടുത്ത ദ്വന്ദയുദ്ധക്കോടതി ഇരുകൂട്ടരുടേയും ന്യായങ്ങൾ ക്ഷമയോടെ കേട്ടു. ദ്വന്ദയുദ്ധത്തിനു ദിവസവും സമയവും നിശ്ചയിക്കേണ്ടതു് ഈ കോടതിയാണ്. ബഹുമാനപ്പെട്ട ജഡ്ജിമാർ രഹസ്യമുറിയിലേയ്ക്കു പോയി, മടങ്ങിവന്നു. വിധി: "അന്യോന്യം ആക്ഷേപാർഹമായ വാക്കുകൾ ഉരുവിട്ടു എന്നതു് ദ്വന്ദയുദ്ധത്തിനു മതിയായ കാരണമല്ല".

ഗ്വാഡാലൂപ്പ് സന്തോഷത്തോടെ വീട്ടിലേയ്ക്കു മടങ്ങി. ബെറസ്സ് അവിടെ നിന്നു കുറെ നേരം, വിഷണ്ണനായി. ഗ്വാഡാലൂപ്പ് ഇതേവരെ ദ്വന്ദയുദ്ധം ചെയ്തിട്ടില്ല. ബെറസ്സ് 1922-ൽ ദ്വന്ദയുദ്ധം ചെയ്ത്, എതിരാളിയെ അപകടകരമാംവിധം മുറിവേല്പിച്ച് വിജയിയായ വ്യക്തിയാണ്.

## റഷ്യൻ—അമേരിയ്ക്കൻ സഹവർത്തിത്വം

ശീതയുദ്ധം തകർത്തുകൊണ്ടിരിക്കുന്ന കാലമാണല്ലോ ഇന്നു് കഴിഞ്ഞ ഏപ്രിൽമാസം തിമിംഗല വേട്ടയ്ക്കു ശേഷം മടങ്ങിയെത്തിയ 'സ്ലാവ' എന്ന റഷ്യൻ കപ്പലും 'ഗ്ലേസിയർ' എന്ന ഐക്യസംസ്ഥാനക്കപ്പലും അൻടാർട്ടിക്ക് പ്രദേശത്തുനിന്നും മടങ്ങി മോൺടീവീഡിയൊ തുറമുഖത്തെത്തി. രണ്ടു കപ്പലുകളും തുറമുഖത്തു് നംകൂരമടിച്ചു കിടന്നിരുന്നതു് അടുത്തടുത്തായാണ്. റഷ്യൻ ക്യാപ്ററൻ അലക്സി സോളിയാനിക്ക് ഔപചാരിക മര്യാദ പാലിക്കുവാൻ ഐക്യസംസ്ഥാനക്കപ്പൽ സന്ദർശിച്ചു. ഐക്യസംസ്ഥാന റെയർ അഡ്മിറൽ ഡ്യൂഫെക്ക് അദ്ദേഹത്തെ സ്വീക

രിച്ചു. കൂടാതെ 'ഗ്ലേസിയർ' അൻടാർടിക്കയിൽ ചെയ്ത പ്രവർത്തനങ്ങളെ കാണിക്കുന്ന ഒരു ഫിലിം അദ്ദേഹത്തിനു കാട്ടിക്കൊടുത്തു, 1954_ൽ ആർ. ബി. റോബർട്ട്സൺ എഴുതിയ 'തിമിംഗലത്തേയും മനുഷ്യരേയും പററി' എന്ന പുസ്തകം സമ്മാനമായിനല്കി. മടങ്ങുമ്പോഠ റഷ്യൻ ക്യാപ്ററൻ അമേരിക്കൻ കപ്പലുദ്യോഗസ്ഥന്മാരെ തൻെറ കപ്പലിലേക്കു ക്ഷണിച്ചു.

രണ്ടു ദിവസം കഴിഞ്ഞു. റെയർ അഡ്മിറൽ ഡ്യൂഫെക്ക്, കമാൻഡർ യൂജീൻ മഹർ, ജോൺ വിൽസൺ എന്നിവർ റഷ്യൻ കപ്പൽ സന്ദർശിച്ചു. റഷ്യൻ ക്യാപ്ററൻ സോളിയാനിക്ക് അവരെ തൻെറ മുറിയിൽ സ്വീകരിച്ചിരുത്തി. വിസ്കിയും 'വോഡ്ക' (റഷ്യൻ മദ്യം)യും. പല പ്രാവശ്യം. 'ലഞ്ച്' (ഭക്ഷണം) കഴിക്കുവാനുള്ള ക്ഷണം അഡ്മിറൽ ഡ്യൂഫെക്ക് സ്വീകരിച്ചില്ല. അദ്ദേഹം കമാൻഡർ മഹറിനോടൊന്നിച്ചു മടങ്ങി. ഡ്യൂഫെക്ക് പറഞ്ഞു, താൻ സസ്യഭുക്കാണെന്ന്. നല്ല കാരണം! പക്ഷെ വിൽസൺ 'ലഞ്ച്' കഴിക്കാമെന്നു സമ്മതിച്ചു, ഐക്യസംസ്ഥാന നാവികപ്പടയുടെ പ്രതിനിധി എന്ന നിലയിൽ,

ഊൺ മുറിയിൽ മാഷ്ൽ വൊറോഷിലോവിൻെറ ഒരു വലിയ പടത്തിനു താഴെയുള്ള മേശപ്പുറത്തു ഭക്ഷണം തയ്യാറായി. എട്ടു തരം വിഭവങ്ങളുള്ള ഭക്ഷണം. വിൽസൺ നന്നായി ഭക്ഷിച്ചു. പിന്നെ 'വോഡ്ക'കുപ്പികളുടെ അടപ്പുകഠ മുകളിലേക്കുതെറിച്ചു. മൂന്നു മണിക്കൂറുകഠ കടന്നുപോയി. ആതിഥേയർ വിൽസണു് 'കാവിയർ' (ഉപ്പിട്ടു പാകംചെയ്ത മത്സ്യം), 'തിമിംഗലത്തിൻെറ പല്ല്' എന്നീ സമ്മാനങ്ങഠ നല്കി. അവയെല്ലാം കയ്യിൽ പിടിച്ച് ബാലൻസു തെററാതെ വിൽസൺ ആതിഥേയരോട്ട് യാത്രപറഞ്ഞു് കപ്പലിൽനിന്നിറങ്ങിപ്പോയി. ജെട്ടിയിൽ റിപ്പോട്ടർമാർ നില്ക്കുന്നതു കണ്ടു് അവരോട്ട് രസികനായ റഷ്യൻ

ക്യാപ്ററൻ സോളിയാനിക്ക് വിളിച്ചു പറഞ്ഞു; "ഞങ്ങളുടെ പ്രശസ്താതിഥിയെ അലട്ടരുതു്. അദ്ദേഹം ഇപ്പോഴും തീൻമേശ യുടെ ഗുണങ്ങൾ ആസ്വദിച്ചുവരികയാണ്."

ഉരുഗ്വേക്കാർക്കും വിൽസന്റെ ഈ സാഹസപ്രവൃത്തി ഇഷ്ട പ്പെട്ടു. 'ലാ മനാന' പത്രമെഴുതി വിൽസൺ 'ശീതയുദ്ധത്തിലെ കഥാനായകൻ' ആണെന്നു്. സഹവർത്തിത്വം! അല്ലേ?

അദ്ധ്യായം:

ഏഴ്.

# വെനിസ്സൃംല.

—ചെറിയ വെനീസ്.

"A spell seems to lie upon Venice,
for no wheels, not even of a bicycle
or roller skate, turn in her streets.
Narrow and crooked, each street when it
meets a canal breaks into steps going up
and over a litile arched bridge, So you go
either by foot or by water.

"When you walk, the people drifting by
in barge or gondola seem to pass in a
separate world. and, if it is you afloat,
then those going up and over the bridges
appear to move in another dimension. This
increases the sensation of being in a dream".

—DONALD & LOUISE PEATTIE.

"സിഫിലിസ്സ് ചികത്സിച്ച മാററൂ''—ഇങ്ങിനെ ഒരു പരസ്യമാണ് ഞാൻ വെനിസ്യൂലയിൽ എത്തിയപ്പോഠം ആദ്യം കണ്ടതു് എന്നാണ് ജോൺ ഗന്തർ പറയുന്നതു്. തെക്കേ അമേരിയ്ക്കയെ പാരതന്ത്ര്യത്തിൽനിന്നു മോചിപ്പിച്ച വിപ്ലവകാരിയും സ്വരാജ്യസ്നേഹിയുമായ സൈമൺ ബോളിവാറിൻെറ ജന്മദേശമായ വെനിസ്യൂല കഴിഞ്ഞ നൂററകൊല്ലത്തിനകം 52 വിപ്ലവങ്ങളിലൂടെ കടന്നു വരികയുണ്ടായി. സ്വേച്ഛാധിപതി ഗോമസിൻെറ ക്രൂരമായ ഭരണംതന്നെ 27 കൊല്ലക്കാലം നീണ്ടുനിന്നു. 3,52,143 ചതുരശ്രനാഴിക വിസ്താരമുള്ള വെനിസ്യൂലയുടെ പകുതിയും വിജനമാണ്. 50 ലക്ഷം ജനങ്ങളിൽ 60 ശതമാനവും അക്ഷരജ്ഞാനമില്ലാത്തവരാകുന്നു, ജനതയുടെ 80ശതമാനം പേർ 'മെററിസോ, കളാണ്. കുറച്ചു കൊല്ലങ്ങഠംക്ക മുമ്പു് സൈന്യത്തിലേയ്ക്കെടുത്തവരെ ആരോഗ്യ പരിശോധനയ്ക്കു വരുത്തിയപ്പോഠം 100-ൽ 95 പേരും രോഗികളാണെന്നു കണ്ടു. രാഷ്ട്രീയാധികാരത്തിനു വേണ്ടി കടൽത്തീരപ്രദേശത്തെ സാധുജനങ്ങളും പീഠഭൂമികളിലെ ധനികന്മാരും തമ്മിൽ വടംവലിയാണ്. നാണയപ്പെരുപ്പം ഉയൎന്നുയൎന്നു പോകുന്നു. ജീവിതനിലവാരം ഇടിഞ്ഞിടിഞ്ഞും.

## ചെറിയ വെനീസ്

വെനിസ്യൂലക്കാർ തങ്ങളുടെ നാടിനെ വിളിയ്ക്കുന്നതു്

'എസ്റ്റഡോസ് യൂണിഡോസ്ഡി വെനിസ്യൂല'എന്നാണ്. ഈ രാജ്യത്തിൻെറ അതിർത്തികഠം ബ്രിട്ടീഷ്ഗയാന, ബ്രസീൽ,കൊളം ബിയ എന്നീ രാജ്യങ്ങളെ തൊട്ടുകിടക്കുന്നു. കരീബിയൻ കട ലിലെ തിരമാലകഠം ഒന്നിനു പുറകെ ഒന്നായി വന്നു വെനസ്യൂല യുടെ 1750 നാഴിക നീളമുള്ള കടൽത്തീരം കഴുകി ശുദ്ധിയാക്കുന്നു. വെനിസ്യൂലയുടെ ജീവിതമാർഗ്ഗം എണ്ണ വെനനമാണ്. ദേശീയ ക്കടമില്ലാത്ത ലോകത്തിലെ ഏകരാഷ്ട്രമാണത്രെ ഇതു്. വെനി സ്യൂല എന്നാൽ 'ചെറിയ വെനീസ്' എന്നർത്ഥം. നാവികൻ അൽസോൺസൊ ഡി ഒജീഡയും കൂട്ടുകാരും ഈ പ്രദേശത്തെത്തി യപ്പോഠം അവർ മാരക്കൈബൊ തടാകത്തിനു് മുകളിൽ മരക്കാലു കഠം കുത്തിനില്ക്കുന്ന ഒരു റെഡ്ഇന്ത്യൻ ഗ്രാമം കണ്ടു. അവരിൽ ഒരാളുടെ ഭാവന ചിറകുകഠം വിടർത്തി ഇററലിയിലെ പ്രമുഖനഗര മായ വെനീസിലേയ്ക്കു പറന്നു. "ഇതു വെനീസ് പോലെയിരി ക്കുന്നു" അയാഠം തട്ടിവിട്ടു. അന്നാണ് വെനിസ്യൂലക്ക് ആ പേർ ലഭിച്ചതു്—'ചെറിയ വെനീസ്.' സ്വർണ്ണമാണ് സ്പെയിൻ കാരെ ഈ രാജ്യത്തിലേയ്ക്കാകർഷിച്ചതു്. സ്വർണ്ണക്കൊതി അവരുടെ ചുണ ഉണർത്തി. അവർ റെഡ്ഇന്ത്യരെ തോല്പിച്ച് രാജ്യം കൈവശ പ്പെടുത്തി. പക്ഷേ വെനിസ്യൂല ഉല്പാദിപ്പിക്കുന്ന എണ്ണയും കൊക്കോയും കാപ്പിയും അവിടുന്നു കിട്ടുന്ന സ്വർണ്ണത്തേക്കാഠം വള രെയധികം വില കൂടിയതാണെന്നവർ അറിഞ്ഞില്ല. ഒരുതരം പനയുണ്ടവിടെ—'മൊറിച്ചി'പന. അതിൽനിന്നും ഒരുതരം കായ കിട്ടുന്നു. ഈ കായയിൽനിന്നു് അപ്പവും വീഞ്ഞും ബിർപോലെ യുള്ള പാനീയവും ചകിരിയും ലഭിയ്ക്കുന്നു. തെക്കോട്ടു നീങ്ങും തോറും ഭൂമദ്ധ്യരേഖയിലേയ്ക്കടുക്കുകയാണ്. ഭൂമി മേല്പോട്ടുയരുന്നു. ചൂടു് കുറഞ്ഞു കുറഞ്ഞു ശൈത്യമായിത്തീരുന്നു.

ഈ പ്രദേശത്തെ നാലായി വിഭജിയ്ക്കാം. 1. ലാനോസ് മൈതാനങ്ങഠം—കന്നുകാലിക്കൂട്ടങ്ങഠം മേയുന്ന പരന്ന ചതുപ്പു

നിലങ്ങളും നദീതടങ്ങളും. 2. പീഠഭൂമികളിൽ മുഴുവനും മനുഷ്യൻ ചെന്നെത്തിക്കഴിഞ്ഞിട്ടില്ല. ഘോരവനങ്ങളുണ്ടു്. അവിടെയാണു് അപരിഷ്കൃതരായ റെഡ്ഇന്ത്യൻവർഗ്ഗക്കാരുടെ താമസം. 3. വനപ്രദേശം. ആൻഡീസ് പർവ്വതം മൂന്നു ശാഖകൾ തെക്കുപടിഞ്ഞാട്ടും, കിഴക്കോട്ടും, വടക്കോട്ടും അയക്കുന്നു. 4. കടൽത്തീരപ്രദേശം. മഴ പെയ്യുന്നുണ്ടെങ്കിലും ഉഷ്ണത്തിനു കുറവില്ല. അടുത്തു തന്നെ ഏതാനും ദ്വീപുകളുണ്ടു്. അവയിൽ ഒന്നാണു് മുത്തുകൾക്കു കീർത്തി നേടിയ 'മാർഗരിത' ദ്വീപു്. വെനിസ്വേലയിലെ ഏററവും വലിയ നദിയാണു് ഒറിനോകൊ. കരോണി, കൗറ തുടങ്ങിയ പല ഉപനദികൾ അതിൽ ചേരുന്നു. ഏതാണ്ടു് 1700 നാഴിക വനപ്രദേശത്തുകൂടി ഒഴുകുന്ന ഓറിനോകൊ നദിയിൽനിന്നു് 'കാസികചയാറി' എന്നൊരു സ്വാഭാവിക കനാലുണ്ടു്. ഒരു ചെറിയ തോണിക്കു് അത്ലാന്തിക്ക് സമുദ്രത്തിൽനിന്നു ഓറിനോകൊ നദിയിൽക്കൂടി കാസികചയാറിൽ പ്രവേശിക്കാം. അവിടെനിന്നു നെഗ്രൊ, അമെയ്സോൺ എന്നീ നദികളിൽക്കൂടി വീണ്ടും അത്ലാന്തിക്ക് സമുദ്രത്തിലും. കാലാവസ്ഥ, പൊക്കത്തോഴ്മകളനുസരിച്ചു്, സഹിക്കാൻ വയ്യാത്ത ചൂടു തൊട്ടു സഹിക്കാൻ വയ്യാത്ത തണുപ്പുവരെയാണു്. തീരപ്രദേശത്തു ചൂടുള്ള പകലും തണുപ്പുള്ളരാത്രിയും. തലസ്ഥാനമായ കാരകാസ് നഗരത്തിൽ എന്നും വസന്തകാലമാണു്. അടുത്തുള്ള ലാ ഗെയിറ തുറമുഖത്തു ജനങ്ങൾ വിയപ്പുകൊണ്ടു വിഷമിക്കുന്നു.

## നയാഗ്രയേക്കാൾ ഇരുപതിരട്ടി

ഒരു പക്ഷേ നിങ്ങൾ 'ഏൻജൽ' വെള്ളച്ചാട്ടങ്ങളെപ്പററി കേട്ടിട്ടുണ്ടാവാം. നയാഗ്രാ വെള്ളച്ചാട്ടത്തേക്കാൾ 20 ഇരട്ടി ഉയരമുണ്ടവയ്ക്കു്. മഹാത്ഭുതം തന്നെ! പ്രകൃതിയുടെ പ്രാഗല്ഭ്യവും ദേഷ്യവും ശക്തിയും മനോഹാരിതയും അവയിൽ അലിഞ്ഞു ചേരുന്നു. മിടുമിടുക്കനായ വൈമാനികൻ ജിമ്മി ഏൻജൽ 'അയ്യ

യാൻ ടെപ്യൂയി'യുടെ മുകളിൽക്കൂടി പറന്നപ്പോഴാണ് ഈ വെള്ള ച്ചാട്ടങ്ങളുടെ "മുത്തച്ഛനെ"കണ്ടെത്തിയതു്. അയ്യയാൻ ടെപ്യൂയി 'ചെകുത്താൻെറ പൎവ്വത'മാണ്. അല്ലെങ്കിൽ ഇടവിടാതുള്ള ഭയങ്കരമായ ഇടിമുഴക്കം എങ്ങിനെയുണ്ടാവും? റെഡ്ഇന്ത്യൻ അപരിഷ്കൃതർ ഈ പ്രദേശത്തുനിന്നു് ഒഴിഞ്ഞുമാറുകതന്നെ ചെയ്തു. ജിമ്മി എൻജൽ വെള്ളച്ചാട്ടത്തിന്നടുത്തുകൂടി പറന്നു. അവൎണ്ണനീയമായ കാഴ്ച! കിഴക്കാംതൂക്കമായി ഒരു പരന്ന നദി അങ്ങിനെ തന്നെ മേഘങ്ങളുടെ മുകൾപ്പരപ്പിൽനിന്നു താഴ്വരയിലേയ്ക്കിടിഞ്ഞു വീഴുന്നു. ഇടിമുഴക്കം, ഗൎജ്ജനം— ഇടവിടാതെ! താഴെ വെള്ളം വളരെ മുകളിലേയ്ക്കു പതഞ്ഞു പൊങ്ങുന്നു. പൎവ്വതാരോഹണവിദഗ്ദ്ധൻ ഗുസ്റ്റാവ് ഹെനിയും കൂട്ടുകാരൻ ഫെലിക്സ് കാർഡോണയും കൂടി പുറപ്പെട്ടു. വിമാനത്തിൽനിന്നു് എൻജൽ ഭക്ഷണസാധനങ്ങൾ അവക്കെറിഞ്ഞുകൊടുത്തു. പക്ഷേ വെള്ളച്ചാട്ടം നടന്നു കണ്ടെത്താനുള്ള ആ യത്നം പരാജയപ്പെട്ടു. എങ്കിലും ഹെനിയ്ക്കു ദൂരദൎശിനിയിൽക്കൂടി നോക്കിയപ്പോൾ 100_ൽ കൂടുതൽ വെള്ളച്ചാട്ടങ്ങളുണ്ടവിടെ എന്നു ബോധ്യമായി. ഒടുവിൽ ഹെനിയും എൻജലും എൻജലിൻെറ ഭാൎയ്യ മേരിയും വിമാനത്തിൽ ആയ്യയാൻ ടെപ്യൂയിയിൽ ഇറങ്ങി. കുതിന്ന 'മീസാ' പരപ്പിൽ വിമാന ചക്രങ്ങൾ താഴ്ന്നുപോയി, വിമാനത്തിൻെറ അടിഭാഗവും. അവർ വെള്ളച്ചാട്ടങ്ങൾ കണ്ടെത്തി— ഒരു വെള്ളച്ചാട്ടം അനേകം അടി താഴെയുള്ള വനത്തിലേയ്ക്കു്. മുകളിൽ മററൊരു വെള്ളച്ചാട്ടം. അതിന്നു മുകളിൽ മററൊന്നു്. അതിന്നു മുകളിൽ നാലു വെള്ളച്ചാട്ടങ്ങൾ. അതിന്നു മുകളിൽ ഇടത്തും വലത്തും വെള്ളച്ചാട്ടങ്ങൾ. അവർ വെള്ളച്ചാട്ടങ്ങൾ എണ്ണി എണ്ണി വിഷമിച്ചു. കണ്ണഞ്ചിയ്ക്കുന്ന പടിപടിയായുള്ള ഈ വെള്ളച്ചാട്ടങ്ങൾ അനേകം നാഴിക നീളത്തിൽ കിടക്കുന്നു, മീഖായേൽ സ്കള്ളി പറയുന്നതു കേൾക്കുക "ഏററവും വലിയ വെള്ളച്ചാട്ടത്തിന്നു 3212 അടി ഉയരമുണ്ടു്", നയാഗ്രാ വെള്ളച്ചാട്ടത്തിൻെറ ഉയരത്തേക്കാൾ 20 ഇരട്ടി. നേരെ

യുള്ള ആദ്യത്തെ വെള്ളച്ചാട്ടത്തിനു 2648 അടി പൊക്കം. അവിടെ നിന്നും വെള്ളച്ചാട്ടം 564 അടി കീഴ്പോട്ട്.'' ജിമ്മി എൻജലും കൂട്ടകാരും നടന്നു മടങ്ങുവാൻ ശ്രമിച്ചു. കീഴ്പോട്ടിറങ്ങുവാൻ കഴിഞ്ഞില്ല. അവർ ഉടനടി റേഡിയോ മൂലം വിവരം കർഡോണയെ അറിയിച്ചു. കർഡോണ സഹായം അഭ്യർത്ഥിച്ചു. അമേരിക്കൻ കച്ചവടക്കാരൻ വില്ല്യം ഫെൽപ്സ് പിറേറദിവസം ഒരു വിമാനത്തിൽ ആയൂയാൻ ടെപ്യൂയിയുടെ മുകളിൽ എത്തി. വെനിസ്വേലയിലെ ഒരു സൈനിക വിമാനവും പുറപ്പെട്ടു. പക്ഷേ മേഘങ്ങൾക്കിടയിൽപ്പെട്ട വൈമാനികർ മൂന്നു കരടുകൾപോലെ തോന്നിയ്ക്കുന്ന ആ മൂന്നു പേരേയും കണ്ടില്ല. എല്ലാവരും ആശ നശിച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മൂന്നു പേരും ഇഴഞ്ഞു വലിഞ്ഞു് കർഡോണയുടെ 'ബേസ് ക്യാമ്പിൽ' എത്തി. ഇന്നും എൻജലിൻെറ വിമാനം ആയൂയാൻ ടെപ്യൂയിയുടെ തടവുകാരനാണ്. 1937–ൽ ഇറങ്ങിയ വിമാനം ഇന്നും അവിടെ ഇരിപ്പാണ്!

## വ്യവസായങ്ങൾ

വെനിസ്വേലയിൽ ഇനിയും അനേകലക്ഷം ആളുകൾക്ക് താമസിപ്പാനിടം ഉണ്ട്. ശരാശരി ഒരു നാഴിക സമചതുരത്തിൽ 13 പേരേ ഉള്ളു. 80 ശതമാനം പേരും പട്ടണപ്രാന്തങ്ങളിൽ താമസിയ്ക്കുന്നു. കന്നുകാലികളെ നോക്കുന്നവർ 'ലാനറോകൾ' ആണ്—ഒന്നാന്തരം കുതിരസ്സവാരിക്കാർ. ശക്തിയും ശേഷിയും ഉള്ള അവർ സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നു. സംഗീതത്തോടുള്ള അവരുടെ പ്രേമം ചില്ലറയൊന്നുമല്ല. ഗിട്ടാറിൻെറ സഹായത്തോടെ അവർ ലാഘവമുള്ള, നർമ്മബോധം തുളുമ്പുന്ന, ഉണർവ്വുള്ള പാട്ടുകൾ പാടുന്നു, നൃത്തം വെയ്ക്കുന്നു. നീഗ്രോകളധികവും തീരപ്രദേശത്താണ് പാർക്കുന്നതു്. പണക്കാരും ന്യൂനപക്ഷക്കാരുമായ വെള്ളക്കാരാണ് രാജ്യം ഭരിയ്ക്കുന്നതു്.

ജനതയുടെ അഞ്ചിലൊരു ഭാഗം കൃഷിക്കാരാണ്. അവർ കാപ്പി, കൊക്കൊ, കരിമ്പ്, നെല്ല് എന്നിവ കൃഷിചെയ്യുന്നു.

കാപ്പിത്തോട്ടങ്ങളും തെങ്ങിൻ തോപ്പുകളും ഉരനാട്ടുകളിൽ കാണാം. വ്യവസായങ്ങരം വർദ്ധിപ്പിക്കുവാൻ ഗവമ്മേണ്ടു് ഗ്രാൻറ കരം നല്ലുന്നുണ്ടു്. ഇറക്കുമതിച്ചുങ്കം ചുമത്തി പുറംരാജ്യങ്ങളിൽ നിന്നുള്ള സാധന വരവു് നിരുത്സാഹപ്പെടുത്തി ദേശീയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. പക്ഷേ കൂടക്കൂടെയുണ്ടാകുന്ന വിപ്ലവങ്ങരം സാമ്പത്തിക ഭദ്രതയെ അലങ്കോലപ്പെടുത്തുന്നുണ്ടെന്നതു പരമാത്ഥമാണു്. ചോക്ലേററു്, കൊക്കോ, തുണിത്തരങ്ങരം, സിമൻറു്, ഐസ്സു്, സിഗരററു്, മരുന്നുകരം, ചെരുപ്പു്, മെഴുകുതിരി, ബിർ, തീപ്പെട്ടി, ടിന്നിലടച്ച മാംസം എന്നിവയാണു് അധികമായി കയററി അയയ്ക്കുന്നതു്. വനങ്ങളിൽനിന്നു് ബലാററ (റബ്ബർ പോലുള്ള പശ), റബ്ബർ, ചിക്കിരം എന്നിവ ലഭിയ്ക്കുന്നു. വനങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ധനം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല അവർ. ബർമണ്ടസ്സ് തടാകപ്രദേശത്തെ ആസ്സാരംട്ടും യാറവാറിലെ സ്വർണ്ണവും പ്രസിദ്ധമാണു്. ഒന്നിനും എണ്ണയോളം പ്രാധാന്യമില്ല തന്നെ. എണ്ണയാണു് വെനിസ്യൂലയുടെ സാമ്പത്തികമേന്മയ്ക്കു നിദാനം.

നാലു വഷങ്ങളായി കേണൽ പീറസ് ജിമിനിസ് സ്വേച്ഛാധികാരം പിടിച്ചുപററിയിട്ടു്. എണ്ണഖനനത്തിൽനിന്നുണ്ടാകുന്ന ധനം ജിമിനിസിൻെറ യോഗ്യതകൊണ്ടുണ്ടാകുന്നതാണെന്നാണു് അദ്ദേഹത്തിൻെറ ഭാവം. എണ്ണയിൽനിന്നു് $1\frac{1}{4}$ കോടി ഡോളറാണു് വെനിസ്യൂല ദിനംപ്രതി സമ്പാദിയ്ക്കുന്നതു്. പുതിയ പുതിയ നഗരങ്ങരം പൊങ്ങി വരുന്നു. കൂടുതൽ പേക്കു് ജോലി, കൂടുതൽ ശമ്പളം—ജീവിതനിലവാരം ഉയരുന്നു. തലസ്ഥാനമായ കാരകാസിൽ മുപ്പതും നാല്പതും നിലകളുള്ള കെട്ടിടങ്ങരം ഉയരുകയാണു്. റോഡുകരം ഇരട്ടിച്ചു. ആറു കൊല്ലംകൊണ്ടു് ഒരു നാഴികയ്ക്കു് 60 ലക്ഷം ഡോളർ ചെലവഴിച്ചു് 'ഓട്ടോപിസ്റ്റ' എന്ന ഉദ്യാനനിരത്തു് വെനിസ്യൂല പണി കഴിച്ചു.

## പഴങ്കഥ

1493-ൽ കൊളംബസ് വെനിസ്വേലയിലെത്തി കുടിയ്ക്കു വാനുള്ള ശുദ്ധജലം സംഭരിയ്ക്കുവാൻ ഉൾഭാഗത്തേയ്ക്കു കടന്നു. പിറേറക്കൊല്ലം അലോൺസ ഡി ഒജീഡ മാരക്കൈബോ തടാകം കണ്ടെത്തി. അമേരിയ്ക്കക്ക് തൻെറ നാമധേയം നൽകിയ അമെ റിഗൊവെസ്പൂക്കെ ഒജീഡയുടെ കൂടെ ഉണ്ടായിരുന്നു. താമസി യാതെ കുടിയേറിപ്പാൾക്കുവാൻവന്ന സ്പെയിൻകാരും തീരപ്രദേശത്തെ കരീബിയൻ റെഡ്ഢിന്ത്യരും തമ്മിൽ ഘോരഘോരമായ സംഘട്ടന ങ്ങൾ നടന്നു. ഡീഗൊ ഡീ ലോസാഡയും കൂട്ടകാരും രാജ്യത്തിന്ന കത്തേയ്ക്കു നീങ്ങി, ടെക്സ്ജാതിക്കാരെയും റെഡ്ഢിന്ത്യക്കാരേയും തോല്പിച്ചു കുടിയേറിപ്പാത്തു. പണത്തിന്നാവശ്യക്കാരനായിരുന്ന സ്പെയിൻചക്രവത്തി ചാൾസ് ആറാമൻ മുൻകൂട്ടി പണം വാങ്ങി വെനിസ്വേല ഓഗ്സ്ബഗ്ഗിലെ ജമ്മൻ കച്ചവടക്കാരായ വെൽ സർകുടംബത്തിനെ പണയമായി നൽകി. വെൽസർകുടംബം ഗവ ണ്ണർമാരേയും സൈന്യത്തേയും വെനിസ്വേലയിലേയ്ക്കയച്ചു. അങ്ങിനെ ആദ്യത്തെ ജമ്മൻകോളനി 'പുതിയ ലോക'ത്തിൽ സ്ഥാപിയ്ക്കപ്പെട്ടു. വെൽസർകുടംബക്കാർ സ്പെയിൻകാരെ ഉപ ദ്രവിയ്ക്കുവാൻ മുതിന്നപ്പോൾ സ്പെയിൻചക്രവത്തി പണയക്കരാർ റദ്ദ്ചെയ്തു. 1650-ൽ റെഡ്ഢിന്ത്യരെ കീഴടക്കിക്കഴിഞ്ഞെങ്കിലും ഇംഗ്ലീഷുകാരും ഡച്ചുകാരും ഫ്രഞ്ചുകാരുമായ കടല്ക്കള്ളന്മാർ വെനി സ്വേല കൊള്ള ചെയ്വാൻ തുടങ്ങി. കാരകാസ്നഗരം രണ്ടു പ്രാവശ്യം ആക്രമണത്തിന്നു വിധേയമായി. ഒരാക്രമണസംഘ ത്തിൻെറ നേതാവ് പ്രശസ്തനായ ഇംഗ്ലീഷുകാരൻ സർ ഫ്രാൻ സിസ് ഡ്രെയിക്ക്തന്നെയായിരുന്നു. 19-ാംശതകംവരെ സ്പാ നിഷ്ഗവണ്ണർമാരുടെ കീഴിൽ വെനിസ്വേലയിൽ സമാധാനം നിലനിന്നു. പിന്നീടു സ്പെയിൻ മേല്ക്കോയ്മയിൽനിന്നു സ്വാതന്ത്ര്യം ലഭിയ്ക്കുന്നതിന്നായുള്ള വിപ്ലവങ്ങളായി. ആദ്യമായി വിപ്ലവം അഴിച്ചുവിട്ടതു് കാരകാസ് സ്വദേശി ഫ്രാൻസിസ്കൊ മിരാണ്ട

(1750-1816) ആയിരുന്നു. രണ്ടു ന്യൂയോക്ക് കച്ചവടക്കാർ അദ്ദേഹത്തിന്നു കപ്പലുകളും ആയുധങ്ങളും നല്കി. മിരാണ്ട കാരകാസ് പിടിച്ച് 1811 ജൂലായി 11-ാംതിയ്യതി വെനിസ്വേലയെ സ്വാതന്ത്ര്യരാഷ്ട്രമായി പ്രഖ്യാപിച്ചു. പക്ഷെ, സ്പാനിഷ് ഭടന്മാർ കാരകാസ് വളഞ്ഞു, മിരാണ്ടയെ പിടിച്ചു. മിരാണ്ട സ്പെയിൻകാരുടെ ഏതോ ജയിലിൽ കിടന്നു നരകിച്ചു മരിച്ചു.

## സൈമൺ ബൊളിവാർ

കാരകാസിൽ ജനിച്ച ക്രിയോൾ കുടുംബാംഗം സൈമൺ ബൊളിവാർ, സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിലും ഫ്രഞ്ചുതലസ്ഥാനമായ പാരീസിലും ഇററാലിയൻതലസ്ഥാനമായ റോമിലും വിദ്യാഭ്യാസം ചെയ്ത തെക്കെ അമേരിക്കയുടെ വിമോചകൻ, ശപഥം ചെയ്തു: "എന്റെ പിതൃഭൂമിയെ സ്പെയിനുമായി ബന്ധിക്കുന്ന ശൃംഖലകൾ പൊട്ടിക്കാതെ എന്റെ പൌരുഷത്തിനോ യുദ്ധസാമർത്ഥ്യത്തിനോ വിശ്രമം നല്കിയില്ല ഞാൻ" എന്ന്. തെക്കെ അമേരിക്കൻ രാജ്യങ്ങൾ കൂട്ടിച്ചേർത്ത് ഐക്യനാടുകളിലേതുപോലെ ഒരു ഫെഡറേഷൻ സ്ഥാപിക്കണമെന്നായിരുന്നു ബൊളിവാറിന്റെ ആഗ്രഹം. "പാൻ അമേരിക്കൻ യൂണിയൻ" ആ ആദർശത്തിന്റെ എതാണ്ടൊരു സാക്ഷാൽക്കാരമാകാം. പലപ്പോഴും തോററ നാട്ടിൽനിന്നൊടിപ്പോകേണ്ടി വന്നെങ്കിലും, അതൊന്നും വക വെയ്ക്കാതെ, ഒരു ചെറിയ സൈന്യവുമായി ആൻഡീസ് നിരകൾ കടന്ന്, 1000 നാഴിക യാത്ര ചെയ്ത്, ബൊയാക എന്ന സ്ഥലത്തു വെച്ച് 1819-ൽ വളരെ വലിയ സ്പാനിഷ്സൈന്യത്തെ ബൊളിവാർ തോല്പിച്ചു. സൈനികചരിത്രത്തിനനുഭവപ്പെടാത്ത ഒരത്ഭുതസംഭവമായിരുന്നു ഒരു ചെറിയ സൈന്യം വേണ്ടവിധം ശിക്ഷണം ലഭിച്ച ഒരു വലിയ യൂറോപ്യൻ സൈന്യത്തെ തോൽപ്പിക്കുക എന്നത്. വെനിസ്വേലയും കൊളംബിയയും സ്വതന്ത്രമായി. 1821-ൽ

ബോളിവാർ കാരബോസെയിൽ വെച്ച സ്പാനിഷ് സാമ്രാജ്യത്വം അവസാനിപ്പിച്ചു. അങ്ങിനെ അദ്ദേഹം വെനിസ്വേല, കൊളംബിയ, ഇക്വഡോർ, പെറു, ബൊളീവിയ, പനാമ എന്നീ ആറു രാജ്യങ്ങൾക്കു സ്വാതന്ത്ര്യം നൽകി.

## സുന്ദരിയും അഗ്നിപർവ്വതവും

ബൊളിവാറിൻെറ ചില സ്വഭാവസവിശേഷതകൾ എടുത്തുപറയേണ്ടതുണ്ട്. അദ്ദേഹം തൻെറ ചെറു സൈന്യവുമായി മാർച്ച് ചെയ്തു, യുദ്ധം ചെയ്തു, കവിതകളും ലേഖനങ്ങളും എഴുതി, കാണുന്ന നല്ല സ്ത്രീകളുടെ പാദങ്ങളിൽ തൻെറ ഹൃദയം കാഴ്ച വെച്ചു. കാർളീട്ടൺ ബീൽസ് പറയുന്നു: "ഒരു സുന്ദരിയുടേയൊ അഗ്നിപർവ്വതത്തിൻേറയൊ കാല്ക്കൽ മുട്ടുകുത്തുമ്പോഴായിരുന്നു അദ്ദേഹത്തിൻെറ ഭാവനയും സാഹിത്യക്കഴിവുകളും പാരമ്യത്തിലെത്തുക." വർണ്ണവിദ്വേഷത്തെ വെറുത്ത അദ്ദേഹം തൻെറ സഹോദരിയെ ഒരു നീഗ്രോ ജനറലിനു വിവാഹം കഴിച്ചു കൊടുത്തു. പക്ഷേ താനേററവും ഇഷ്ടപ്പെട്ടിരുന്ന വിശ്വസ്തനായ ജനറൽ പൊട്ടുന്നനവെ ബൊളിവാറിനെ കാരകാസിൽനിന്നും ഓടിച്ചു. കൊളംബിയയിൽ രക്ഷ നേടിയ ബൊളിവാർ, സങ്കടത്തിലും ദാരിദ്ര്യത്തിലും ആണ്ട് ഏകാകിയായി 47-ാമത്തെ വയസ്സിൽ മരിച്ചു. തൻെറ സ്വത്തും സ്ഥാനമാനങ്ങളും കുടുംബമഹിമയും ജീവനും തെക്കേ അമേരിക്കയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ബലിയർപ്പിച്ച ആ മഹാൻെറ ജീവിതം അങ്ങിനെ അവസാനിച്ചു.

അഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1889 വരെ ജനറൽ അൻടോണിയൊ ഗെസ്മാൻ വെനിസ്വേല ഭരിച്ചു. 1899-ൽ അയൽരാജ്യങ്ങളുമായി കലഹിക്കുന്നതിൽ മിടുക്കനായ പ്രസിഡണ്ട് ജനറൽ കാപ്രിയാനൊ കാസ്ട്രൊ ചികിത്സാർത്ഥം യൂറോപ്പിലേക്കു തിരിച്ചു. അദ്ദേഹത്തിൻെറ സ്നേഹിതൻ, ജനറൽ

വിൻസെൻട് ഗോമസ്, കിട്ടിയ സുവൎണ്ണാവസരം പാഴാക്കാതെ സൈനികവിപ്ലവം വഴി അധികാരം കവൎന്നെടുത്തു, 1935 വരെ ഭരിച്ചു—തികഞ്ഞ സ്വേച്ഛാധിപതിയുടെ നിലയിൽത്തന്നെ. 1800ന്നു ശേഷം ബ്രിട്ടൻ ഓറിനോകൊ പ്രദേശം അവകാശപ്പെട്ടു. ഐക്യനാടുകളിലെ പ്രസിഡണ്ട് ക്ലീവ്ലൻഡ് ബ്രിട്ടനു മുന്നറിവ് നല്കി, ആ പ്രദേശത്തു കൈവെച്ചാൽ വെച്ചകൈ എടുപ്പിക്കുമെന്നു്. ബ്രിട്ടൻ പിന്മാറി. ഗോമസിനുശേഷംവന്നതു പ്രസിഡണ്ട് ലോപ്പസ്സ് കോൺടീറാസ് ആയിരുന്നു. അദ്ദേഹം ജനകീയഭരണം നടപ്പിൽ വരുത്തുവാൻ വേണ്ടി രാജിവെച്ചു. 1941-ൽ ജനറൽ ഇസിയാസ് അങ്കാരിത പ്രസിഡണ്ടായി. അദ്ദേഹം അച്ചുതണ്ടുശക്തികളുമായുള്ള നയതന്ത്രബന്ധം വിടൎത്തി, യുദ്ധത്തിൽ ഐക്യകക്ഷികളുടെ പക്ഷത്തു ചേൎന്നു. ബൊളിവാർ മരിച്ചതു് "ഇക്വഡോർ ഒരു കന്യാസ്ത്രീമഠമാകും, കൊളംബിയ ഒരു സർവ്വകലാശാലയാകും, വെനിസ്വേല ഒരു സൈനികത്താവളമാകും' എന്നു പ്രവചിച്ചുകൊണ്ടാണ്. അതക്ഷരംപ്രതി ശരിയായിരുന്നു. അദ്ദേഹത്തിനു തൻെറ നാട്ടുകാരെ നന്നായറിയാമായിരുന്നു.

'ആക്ഷിയോൺ ഡെമോക്രാററിക്ക് പാർട്ടി'യുടെ നേതാവ്, കമ്മ്യൂണിസ്റ്റുവിരുദ്ധൻ, ഇടതുപക്ഷവാദി, റൊമ്യൂളൊ ബററൻകോർട്ടു്, സൈനികനേതാവു് പീറസ് ജിമിനിസിൻെറ സഹായത്തോടെ ഒരു സൈനികവിപ്ലവംവഴി പ്രസിഡണ്ടായി, ഒരു ജനകീയ ഭരണഘടനക്കു രൂപം നല്കി. വിപ്ലവത്തിൽ 300 പേർ മരിച്ചു. 1500 പേൎക്കു പരുക്കു പററി. ബാററൺകോർട്ടു് ജിമിനിസിനെ സൈനിക നേതാവാക്കി. ജിമിനിസ് ഒരു ഡസൻ വിപ്ലവങ്ങൾ അടിച്ചമൎത്തി. ജനകീയ ഭരണഘടനപ്രകാരമുള്ള തിരഞ്ഞെടുപ്പിൽ ആക്ഷിയോൺ ഡെമോക്രാററിക്സ്ഥാനാൎത്ഥി റൊമ്യൂളൊ ഗാലിഗോസ് പ്രസിഡണ്ടായി. 1948 നവംബർമാസത്തിലെ ഒരു പ്രഭാതത്തിൽ ചിൽബോഡും ജിമിനിസും

കൂടി സൈനികവിപ്ലവം വഴി ഗാലിഗോസിനെ പുറംതള്ളി. ചിൽബോഡ് പ്രസിഡണ്ടായി, ജിമിനിസ് സൈനികമന്ത്രിയും. പക്ഷെ ആരോ ചിൽബോഡിനെ വെടിവെച്ചു കൊന്നു. ജിമിനിസ് പ്രസിഡണ്ടസ്ഥാനം പിടിച്ചെടുത്ത് സ്വന്തമാക്കി. ചിൽബോഡിൻെറ വിധവ ലഹളക്കൂട്ടി, ജിമിനിസാണ് തൻെറ ഭർത്താവിനെ കൊന്നതെന്ന് വാദിച്ചു. ചില പത്രങ്ങൾ ആ വിധവയ്ക്കു പിൻബലം നല്കി. ജിമിനിസ് നല്ല പെൻഷൻ നല്കി അവരെ യൂറോപ്പിലേയ്ക്കു കപ്പൽ കയററി. ആ ഉപദ്രവവും തീൎന്നു. ജിമിനിസ് ആക്സിയോൺ ഡെമോക്രാററിക്പാർട്ടിയെ നിയമവിരുദ്ധമാക്കി പ്രസിഡണ്ടതിരഞ്ഞെടുപ്പിനു നിന്നു. പക്ഷെ വോട്ടുകൾ ജിമിനിസിന്നെതിരെന്നു കണ്ടപ്പോൾ ഗവമ്മേണ്ട പ്രസ്താവന ഇറക്കി, തിരഞ്ഞെടുപ്പിൽ ജമിനിസ് ജയിച്ചെന്നു്. അങ്ങിനെ പ്രയാസപ്പെടാതെ ജിമിനിസ് ജയിച്ചു. 5 കൊല്ലമായി അദ്ദേഹം ഭരിയ്ക്കുവാൻ തുടങ്ങിയിട്ട്.

## എണ്ണച്ചൂഷണം

"വെനിസ്വേലയിലെ വെണ്മയുള്ള മണ്ണിൽ തൊട്ടാൽ മതി, എണ്ണ കുതിച്ചു ചാടുകയായി" എന്നാണ് ഗന്തർ പറയുന്നത്. മാരക്കൈബൊ തടാകത്തിലെ മഞ്ഞജലത്തിൽ 2012 ഖനനക്കുഴലുകൾ ഇറക്കിയിട്ടുണ്ട്. അവ 2000 തൊട്ടു 4000 അടി താഴ്ചയിൽനിന്നാണ് എണ്ണ വലിച്ചെടുക്കുന്നത്. ഐക്യനാടുകളും റഷ്യയും കഴിഞ്ഞാൽ എണ്ണയുല്പാദനത്തിൽ വെനിസ്വേലയാണ് മികച്ചരാജ്യം. ഇരുമ്പും ധാരാളമായുണ്ട്. പക്ഷെ എണ്ണയെപ്പോലെ വിദേശനാണയം സമ്പാദിയ്ക്കുന്നില്ല ഇരുമ്പ്. സ്റ്റാൻഡേർഡ് ഓയിൽ, മെനിഗ്രാൻഡി ഓയിൽ, റോയൽ ഡച്ച് ഓയിൽ എന്നീ വിദേശകമ്പനികളാണ് 98ശതമാനം എണ്ണയുല്പാദിപ്പിക്കുന്നതു. ഒരു ദിവസം 20ലക്ഷം ബാരൽ. 'ഇക്കണോമിസ്റ്റ്' (ലണ്ടൻ) പത്രം പറയുന്നു, റോയൽ ഡച്ച്കമ്പനി

1951–ലും 1952–ലും 49·64 കോടി പവൻ വീതം ലാഭമെടുത്തെന്നു്. 99·44 കോടിയാണു് ശരാശരി മൂലധനം. കൊല്ലംതോറുമുള്ള ലാഭം മൂലധനത്തിന്റെ പകുതിയാണു്. 1952–ൽ മൂലധനത്തിന്റെ 35 ശതമാനം സ്റ്റാൻഡേർഡ് ഓയിൽ കമ്പനിക്കു ലാഭമായി കിട്ടി. വിദേശക്കമ്പനികൾ വെനിസ്വേലയെ ചൂഷണം ചെയ്യുന്നതിനെതിരായി പ്രതിഷേധവും തൊഴിൽമുടക്കുകളും സൃഷ്ടിച്ചിറക്കുമെന്നു ഭയപ്പെട്ടു് ജിമിനിസ് തൊഴിലാളി സംഘനേതാക്കന്മാരെ മുഴുവനും നാടുകടത്തി. അമേരിക്കൻ മാസികയായ 'ടൈം' പറയുന്നതു് കേൾക്കുക: "ഔദ്യോഗികവേഷമണിയാത്ത പോലീസ്സുകാരുടെ കണ്ണും കാതും റസ്റ്റോറണ്ടുകളിലും ഹോട്ടലുകളിലും ആപ്പീസ്സുകളിലും എണ്ണക്കമ്പനികളിലുമുണ്ടു്.... അവർ ആയിരക്കണക്കിനാളുകളെ അറസ്റ്റു ചെയ്യുന്നു, അവർക്കറിവുള്ള രഹസ്യങ്ങൾ മനസ്സിലാക്കുവാൻവേണ്ടി മാർഗ്ഗങ്ങളോ? 'ടൈം' തുടരുന്നു: "നഗ്നരാക്കി ഐസിന്മേലിരുത്തുന്നു അവരെ അനേകം മണിക്കൂറുകൾ നേരം. അതുപോലുള്ള മററു മാർഗ്ഗങ്ങൾ. അല്ലെങ്കിൽ അടിച്ചടിച്ചു സത്യം പറയിക്കൽ." ഇതെല്ലാം ഇരുപതാം നൂററാണ്ടിലാണു്!

വെനിസ്വേലക്കുള്ള ന്യൂനതകൾ: 95 ശതമാനം കയററുമതിയും എണ്ണയായതുകൊണ്ടു എണ്ണയിൽ മാത്രം അധിഷ്ഠിതമായ സാമ്പത്തികവ്യവസ്ഥ, പാഴ്ച്ചിലവുകൾ, പണസംബന്ധമായ ഓരോ കാര്യത്തിനും 15 തൊട്ടു് 25 ശതമാനംവരെ കൈക്കൂലി, ഭാവിയെപ്പററിയുള്ള അനിശ്ചിതാവസ്ഥ. "രണ്ടു കാഡില്ലാക്ക് കാറുകൾ ഗരാജിൽ കയററിയിടുന്ന 4000 കോടീശ്വരന്മാർക്കു് മാത്രമേ വെനിസ്വേലയുടെ സാമ്പത്തികമേന്മയിൽ പങ്കുള്ളൂ". മററുള്ളവർ എത്രയും വേഗം ഒരു രാഷ്ട്രീയ–സാമ്പത്തികവിപ്ലവം കൈവരുത്തുവാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

## കാളപ്പോർ

മരാകെ നഗരം. വീഞ്ഞുകുപ്പികഠ പകരം തുകൽ കുപ്പികഠം, ദാഹം തോന്നുന്നവർ അടപ്പൂരി അല്പാല്പം അകത്താക്കിക്കൊണ്ടിരുന്നു. സ്പെയിനിലെ 'സെവിൽ' മാതൃകയിലുള്ള കാളപ്പോർ തിയേററർ. ഒരു ഇരിപ്പിടത്തിനു് 10 ഡോളർ മുതൽ 50 ഡോളർ വരെ. എന്നിട്ടും അനേകം പേർ പ്രവേശനം ലഭിക്കാതെ പുറത്ത വിടവിടെയായി കട്ടകൂടി നില്ക്കുന്നു, കരിഞ്ചന്തയിൽ ടിക്കററ കിട്ടുമോ എന്നന്വേഷിച്ചുകൊണ്ടു്. പതിനൊന്നുകൊല്ലം കാളപ്പോർ നടത്തി വിശ്വവിഖ്യാതി നേടിയ ലൂയി മിഗ്വൽ ഡൊമിംഗ്വിൻ, തൻെറ സാമർത്ഥ്യം ലോകക്ക കാണിച്ചു കൊടുത്തതിനു ശേഷം, 1953ൽ കാളപ്പോരിൽനിന്നും വിരമിച്ചു. അദ്ദേഹം വീണ്ടും രംഗത്തു് പ്രവേശിക്കുന്ന സുദിനമാണിന്നു്. 50000 ഡോളറാണു് അദ്ദേഹത്തിൻെറ ഫീസു്.

കുഴൽവിളികഠം മുഴങ്ങി. അങ്കണത്തിലാകെ വികാരങ്ങളെ തട്ടിയുണർത്തുന്ന 'പാസൊ ഡൊബിഠം' മാറെറാലിക്കൊണ്ടു. മുപ്പതു വയസ്സുകാരൻ ഡൊമിംഗ്വിൻ പ്രകാശിക്കുന്ന സ്വർണ്ണവും ചുമപ്പും നിറഞ്ഞ വസ്ത്രം ധരിച്ചു് അരങ്ങത്തു് പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തെ ജനങ്ങഠം 'ഓളി, ഓളി' ശബ്ദങ്ങഠം മുഴക്കി അഭിവാദ്യം ചെയ്തു. സാഹസികൻ ഡൊമിംഗ്വിൻ! കുറച്ചു നേരമദ്ദേഹം അങ്കണത്തിൻെറ ഉയന്ന മതിലിന്മേൽ കയറിയിരുന്നു വിശ്രമിച്ചു. താമസിയാതെ, അട്ടഹാസങ്ങഠംക്കം ആപ്പുവിളികഠംക്കം മദ്ധ്യെ, അദ്ദേഹം അങ്കണത്തിൻെറ മദ്ധ്യത്തിലേക്കനീങ്ങി. ഡാൻമാത്തിയൊ റേഞ്ചിൽ നിന്നാണു് വലിയ സൂചിക്കൊമ്പുകഠം മുമ്പോട്ടു വളഞ്ഞ കറുത്ത പട്ടക്കുററൻ കാളകഠം വന്നെത്തിയിരിക്കുന്നതു്. കാളപ്പോരിനായി പ്രത്യേകം വളത്തിയെടുക്കുന്ന ഈ കൂററന്മാക്കു് കൊല്ലാനുള്ള വാസന അവയുടെ രക്തത്തിൽ തന്നെയുണ്ടു്. കാള അദ്ദേഹത്തിൻെറ നേക്കു് വാലും പൊക്കി

ചീററിക്കതിച്ചു. ആ സാഹസികൻ അനങ്ങിയില്ല. തൻെറ വലതു ഭാഗത്തു തൂങ്ങിക്കിടക്കുന്ന ചുവന്ന പട്ടുറുമാൽ കാട്ടിക്കൊട്ടത്തു. കാള അതു തട്ടിനീക്കി; കുതിച്ചുവരവിൻെറ ശക്തി കൊണ്ടു് കുറെ ദൂരം മുമ്പോട്ടു പോയി. മൂന്നുപ്രാവശ്യം. കാള ക്ഷീണിച്ചതേയുള്ളൂ. എത്രയെത്ര കാളപ്പോർ വിദഗ്ദ്ധന്മാരാണു് കാളയുടെ അതിശക്തിയായ കുതിച്ചു വരവിൽ, സൂചിക്കൊമ്പു കഠംക്കിടയിൽ കുടുങ്ങി, പത്തുപന്ത്രണ്ടടി ദൂരെ തെറിച്ചുവീണു്, രക്തത്തിൽ കുളിച്ചു്, മൃതിയടഞ്ഞിട്ടുള്ളതു്. ക്ഷീണിച്ച വിവശനായ കൂററൻ കാളയെ ക്ഷണത്തിൽ ഡൊമിംഗ്വിൻ തൻെറ മൂച്ചയുള്ള വലിയ വാളുപയോഗിച്ചു് ഒററക്കത്തിനു് കൊന്നു്, പരലോകത്തിലെ പുൽമൈതാനങ്ങളിൽ മേയുവാനയച്ചു. അങ്ങിനെ ഡൊമിംഗ്വിനെ നേരിട്ട മൂന്നുകൂററൻ കാളകളും ചത്തുവീണു. പരമ്പരാഗതമായ ചടങ്ങനുസരിച്ചു് അദ്ദേഹം ഓരോ കാളയുടേയും കാതും വാലും മുറിച്ചെടുത്തു കൈക്കലാക്കി. 2000 കൂററൻ കാളകളെ സ്വർഗ്ഗത്തിലേക്കയച്ച വീരനാണു് ഡൊമിംഗ്വിൻ. സന്തോഷംകൊണ്ടു തുള്ളിച്ചാടുന്ന കാളപ്പോർ പ്രേമികഠം അദ്ദേഹത്തെ ചുമലിലേററി പട്ടണത്തിൽകൂടി കൊണ്ടുനടന്നു.

## ഒന്നും ചെയ്യാതിരിക്കുക, പിന്നെ വിശ്രമിക്കുക

വെനിസ്യൂലയിലേക്കു തിരിച്ചുവരുന്നതിനു് ഡൊമിംഗ്വിനു് പ്രത്യേക കാരണമുണ്ടു്. മൂന്നുകൊല്ലം മുമ്പു് അവിടെ വെച്ചാണു് കാളയുടെ കൊമ്പേററു് അദ്ദേഹത്തിനു് കാര്യമായ മുറിവു് പററിയതു്. അന്നദ്ദേഹം കാളപ്പോരിൽ നിന്നും വിരമിക്കുകയാണെന്നു് പ്രഖ്യാപിച്ചു. "എനിക്കു കാളപ്പോരിലുള്ള ആസക്തി നശിച്ചു" അന്നദ്ദേഹം പറഞ്ഞു. കോടീശ്വരനായി തീർന്നുകഴിഞ്ഞ ഡൊമിംഗ്വിൻ 6000 ഏക്കർ വരുന്ന ഒരു എസ്റ്റേററു് വാങ്ങി. മണിമാളികകളുള്ള കൊട്ടാരസമാനമായ കെട്ടിടം പണിതു—20 മുറികഠം, തൻെറതന്നെ ഒരു മാർബിഠം പ്രതിമ, ഗെയിററിൽ

തന്റെ മുദ്രാവാക്യം 'ദിനംപ്രതി ഒന്നും ചെയ്യാതിരിക്കുക–പിന്നെ വിശ്രമിക്കുക.' കോടീശ്വരനുമാത്രം പററുന്ന മുദ്രാവാക്യം! ഒന്നും ചെയ്തില്ലെ അദ്ദേഹം? ഉവ്വ്. ആവ ഗാർഡിനറുമായി അനുരാഗബദ്ധനായി, സാഹിത്യകാരൻ ഏർണസ്റ്റ് ഹെമിങ്ങ്വെയുമായി വിനോദയാത്രകൾ നടത്തി, ഹോളിവുഡ്ഡിലും ലാസ് വെഗാസിലുമുള്ള സുന്ദരികളായി 'പ്രണയവിനോദ'ത്തിൽ മുഴുകി. എല്ലാം മട്ടിയ മട്ടിലായപ്പോളദ്ദേഹം വിവാഹം കഴിച്ചു, 1947ൽ ഇററലിയിൽവെച്ചു നടന്ന സൗന്ദര്യ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ (മിസ്സ് ഇററലി) ലൂഷ്യ ബോസിനെ..

## വിദേശ ഓയിൽ കമ്പനി

വെനിസ്യൂല എണ്ണയുടെ ദേശമാണ്. സ്റ്റാൻഡേർഡ് ഓയിൽ കമ്പനിയുടെ നേതൃത്വത്തിൽ ക്രിയോൾ പെട്രോളിയം കോർപറേഷൻ വെനിസ്യൂലയിൽ തലപൊക്കി.

ഐക്യസംസ്ഥാന ദേശീയ പ്ലാനിങ്ങ് സംഘടന അവിടത്തെ കമ്പനികളുടെ വിദേശങ്ങളിലുള്ള പ്രവർത്തനങ്ങളെപ്പററി ഒരു പഠനം നടത്തി. ചില കാര്യങ്ങൾ വെളിപ്പെട്ടു. ഒരു വിദേശ രാജ്യത്ത് ഏററവുമധികം പ്രവർത്തനം നടത്തുന്ന ഏക ഐക്യസംസ്ഥാന കമ്പനി 'സ്റ്റാൻഡേർഡ് ഓയിൽ' ആണ്. കമ്പനിക്കു കിട്ടുന്ന ലാഭത്തിന്റെ 48 ശതമാനം വെനിസ്യൂലയിൽ നിന്നാണ് ലഭിക്കുന്നത്. വെനിസ്യൂല ഗവമ്മേണ്ടിന്റെ വരുമാനത്തിൽ 30 ശതമാനം സ്റ്റാൻഡേർഡ് ഓയിൽ കമ്പനിയുടെ ആഭിമുഖ്യത്തിൽ അവിടെ പ്രവത്തിയെടുക്കുന്ന ക്രിയോൾ പെട്രോളിയം കോർപ്പറേഷണിൽനിന്നു ലഭിക്കുന്നു.

## തൊഴിലാളികൾക്കാനുകൂല്യങ്ങൾ

വെനിസ്യൂലയിലെ തൊഴിലാളികൾക്കും ഏററവും വലിയ വേതനമാണ് 'ക്രിയോൾ' നല്കുന്നത്. സാധാരണ തൊഴിലാ

ളികൾ പ്രതിദിനം 6 ഡോളർ, ഫോർമാന് 13 ഡോളർ. തൊഴി ലാളികൾക്ക് മററാനുകൂല്യങ്ങളും ലഭിക്കുന്നുണ്ട് — ഒഴിവുദിവസമായ ഞായറാഴ്ച ശമ്പളം, കൊല്ലാവസാനം 'ബോണസ്സ്', താമസിക്കുവാൻ വീടുകൾ, അവരുടെ കുട്ടികൾക്ക് പഠിക്കാൻ വിദ്യാലയങ്ങൾ, കുടുംബത്തിനു ആരോഗ്യരക്ഷ, ജീവിതത്തിന് അത്യാവശ്യമായ സാധനങ്ങൾ ചുരുങ്ങിയ വിലക്കു നല്കൽ. സാധാരണ കൂലി നിരക്കിന്റെ മൂന്നിരട്ടി കൂലിയാണ് 'ക്രിയോൾ' നല്കുന്നതു്. തൊഴിലാളികളിൽ പത്തിൽ ഒമ്പതും വെനിസ്യൂലക്കാരാണ്. 13 ഡിററക്ററർമാരിൽ 2പേർ മാത്രമേ വെനിസ്യൂലക്കാരുള്ളു. എല്ലാ ഉദ്യോഗസ്ഥന്മാരും തൊഴിലാളികളോട് സ്പാനിഷ്ഭാഷയിൽ സംസാരിക്കണമെന്നു് നിർബ്ബന്ധമുണ്ട്. അതെല്ലാം നന്നു്. പക്ഷെ എണ്ണയുടെ വില ഇടിഞ്ഞാലൊ? സമ്പത്ത് വ്യവസ്ഥിതി തകരും. അതാണ് പ്രശ്നം.

## അക്കോയ കുടുംബം

വെനിസ്യൂലയിൽ ധനത്തിലും ആഭിജാത്യത്തിലും യാഥാസ്ഥിതികത്വത്തിലും മുൻപന്തിയിൽ നില്ക്കും ആക്കോയ കുടുംബം. നാലു നൂററാണ്ടുകൾ പഴക്കമുള്ള ഈ കുടുംബത്തിന്റെ ഇരിപ്പിടം കോറൊ പട്ടണത്തിലാണ്. കുടുംബത്തിലെ തലനരച്ച 82 വയസ്സുള്ള മൂപ്പനാണ് കുറെ കാലം വെനിസ്യൂലയുടെ വാഷിങ്ങ്ടൺ അമ്പാസഡരായിരുന്ന പീഡ്രൊ മനുവൽ അക്കോയ വാർദ്ധക്യത്തെ വെല്ലുവിളിച്ചുകൊണ്ടദ്ദേഹം പത്തു ഭാഷകളിലായി 150,000 ഗ്രന്ഥങ്ങളുള്ള തന്റെ ലൈബ്രറിയിൽ ഏതോ വിഷയത്തെ പററി പഠിക്കുകയാണ്. അദ്ദേഹത്തിന്റെ മക്കളും പേരക്കിടാങ്ങളും സ്പെയിനിലും വെനിസ്യൂലയിലും ഐക്യസംസ്ഥാനങ്ങളിലും ഉള്ള സർവ്വകലാശാലകളിൽനിന്നു് ബിരുദമെടുത്തവരാണ്. അദ്ദേഹത്തിന്റെ സഹോദരീ പുത്രനാണ് വക്കീൽമാരിൽ പ്രമാണിയായ

ഇഗ്നാസിയൊ. ഇഗ്നാസിയൊ ഡെമോക്രാററിക്ക് റിപ്പബ്ളിക്കൻ യൂണിയൻ എന്നരാഷ്ട്രീയ സംഘടനയുടെ പ്രസിഡണ്ടാണ്.

## ക്രിസ്തുമസ്സ് സമ്മാനം

1952ലെ ദേശീയ തിരഞ്ഞെടുപ്പിൽ മേല്പറഞ്ഞ പാർട്ടി ജിമിനിസ്സിനെ തോല്പിച്ചു. പ്രസിഡണ്ടു് ജിമിനിസ്സ് മറെറാരു തരത്തിൽ തൻെറ അധികാരം നിലനിത്തി. എങ്കിലും ആ കുടുംബത്തെ പററി ഓക്കുമ്പോൾ അദ്ദേഹം അരിശംകൊണ്ടുവിറക്കും. പെട്ടെന്നു് പ്രസിഡണ്ടു് മൂന്നു് അക്കായകുടുംബാംഗങ്ങളെ നാടുകടത്തി. പക്ഷെ പീഡ്രൊ അക്കായയേയും പത്നിയേയും ഉപദ്രവിച്ചില്ല. അദ്ദേഹത്തിൻെറ ഭാര്യ ഫോൺ മുഖാന്തരം തൻെറ സ്നേഹിതകളോടു ജിമിനിസ്സിൻെറ ക്രൂരതയെപ്പററി പരാതിപ്പെടാറുണ്ടു്. ക്രിസ്തുമസ്സ്ദിവസം പുലർകാലെ പുറത്തിറങ്ങിനോക്കിയപ്പോൾ കണ്ടകാഴ്ച അവരെ സ്തബ്ദരാക്കി. ടെലിഫോൺ കമ്പി രാത്രിയിൽ ആരോ മുറിച്ചു്, ചുരുട്ടി ചുവന്ന റിബ്ബൺകൊണ്ടു് ഭദ്രമായി കെട്ടി, പൂമുഖത്തെ നടക്കല്ലിന്മേൽ നിക്ഷേപിച്ചിരിക്കുന്നു.

## നാട്ടിൽ പൊയ്ക്കോളൂ കുഴപ്പമില്ല

1956 ഫെബ്രുവരിയിൽ പ്രസിഡണ്ടു് ജിമിനിസ്സ് പ്രഖ്യാപിച്ചു താൻ നാടുകടത്തപ്പെട്ടവക്കു് മാപ്പു നല്കിയിരിക്കുന്നു എന്നു്. പീഡ്രൊ അക്കായയും പത്നിയും വളരെയധികം സന്തോഷിച്ചു. നാടുകടത്തപ്പെട്ടപ്പോൾ സ്പെയിനിലെ മാഡ്രിഡ് നഗരത്തിൽ രക്ഷതേടിയ മകൻ കാർളോസും മകൾ അന്നയും മാഡ്രിഡിൽ നിന്നും വിമാനമാഗ്ഗം ന്യൂയോക്കിൽ എത്തി. ജിമിനിസ്സ് പ്രഖ്യാപനത്തിൻെറ നിയമപരമായ വശം പൂണ്ണമായും മനസ്സിലാക്കുവാൻ അവർ 'പാക്ക് അവന്യൂ' വക്കീലായ സഹോദരൻ മരി

യാനൊയെ കണ്ടു. മരിയാനൊ അവക്കു ധൈര്യം നല്കി. വീട്ടിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് അന്ന വെനിസ്വേല തല സ്ഥാനമായ കാരകാസ് നഗരത്തിലെത്തി. ഒന്നും സംഭവിച്ചില്ല. വീട്ടിൽനിന്നും നിർദ്ദേശം ലഭിച്ചു കാർലോസിനോടും പുറപ്പെടു വാൻ ആവശ്യപ്പെട്ടുകൊണ്ടു്. ന്യൂയോർക്കിലെ വെനിസ്വേല പ്രതിനിധി പ്രസിഡണ്ടു് ജിമിനിസ്സിന്റെ പേരിൽ ഉറപ്പു നല്കി യാതൊരു കുഴപ്പവുമുണ്ടാകില്ലെന്നു്.

## കാർലോസ് കെണിയിൽപ്പെട്ടു

ഒരു ദിവസം കാർലോസ് വിമാനത്തിൽനിന്നും കാരകാസി ലെത്തി. കാത്തിരുന്നിരുന്നു് പീദ്രൊ അക്കായയും പത്നിയും വിഷമിച്ചു. ഒരു സ്നേഹിതനിൽനിന്നും കേബിൾ സന്ദേശം വന്നെത്തി: "സ്പാനിഷ് ചരക്കുകൾ കസ്റ്റംസ് കെട്ടിടത്തിൽ പിടിച്ചു വെച്ചിരിക്കുന്നു." സ്വേച്ഛാധികാരികളുടെ നാട്ടിൽ 'സിമ്പോ ളിക്ക്" ഭാഷയിൽ സംസാരിക്കണമല്ലൊ. സംഗതിമനസ്സിലായി– കാർലോസിനെ അറസ്റ്റ് ചെയ്തു് ജയിലിലടച്ചിരിക്കുന്നു എന്നു് കൂടുതൽ അന്വേഷണം സംശയത്തിനിടനല്കിയില്ല.

ജിമിനിസ്സ് പ്രതിജ്ഞലംഘിച്ചു. പിന്നെ എന്തിനു വേണ്ടി യായിരുന്നു പ്രഖ്യാപനം? പ്രഖ്യാപനം ഒരു കെണിമാത്രമായി രുന്നു. നാടുകടത്തപ്പെട്ട കുറച്ചുപേർ തിരിച്ചുവന്നാൽ, എത്ര പൈശാചികമായ മാർഗ്ഗമുപയോഗിച്ചായാലും, ജിമിനിസ്സിനറി യാൻ കഴിയും മററുള്ളവർ തനിക്കെതിരായ വിപ്ലവം സംഘടി പ്പിക്കുന്നുണ്ടോ എന്നു്.

## വിദ്യാർത്ഥി വിപ്ലവം

തനിക്കെതിരായി വിപ്ലവം പ്രതീക്ഷിച്ചുകൊണ്ടു് നയമ്പു

നോററിരിപ്പാണ് പ്രസിഡണ്ടു് ജിമിനിസ്. അപ്പോഴേക്കും സ്റ്റുഡൻറ്വിദ്യാത്ഥികളുടെ വിപ്ലവം വന്നെത്തി. വെനിസ്യൂലയിലെ പത്രങ്ങൾക്കൊന്നും ആ വാത്ത പ്രസിദ്ധംചെയ്യാൻ വയ്യ. പ്രസിദ്ധീകരിക്കുവാൻ പോകുന്ന വാത്തകൾ ആദ്യം ഗവമ്മേണ്ടാപ്പീസുകളിൽ സമർപ്പിക്കണം പരിശോധനക്ക്. ഗവമ്മേണ്ടനുമതി കിട്ടിയാൽ മാത്രമേ പ്രസിദ്ധപ്പെടുത്താവൂ. അതുകൊണ്ടു വിദ്യാത്ഥി വിപ്ലവത്തെപ്പററി ആരും അറിഞ്ഞില്ല. പക്ഷെ സന്ദർശകന്മാരിൽ പലരും ഈ വിപ്ലവത്തിൻെറ ദൃക്ക്സാക്ഷികളാണ്. അവർ വെനിസ്യൂലയിൽനിന്നു് ഐക്യസംസ്ഥാനങ്ങളിലേക്കും മെക്സിക്കൊയിലേക്കും കോസ്ററീകയിലേക്കും മടങ്ങിയതോടുകൂടി വിദ്യാത്ഥി വിപ്ലവത്തെപ്പററി കൂടുതൽ വിവരങ്ങൾ പുറത്തുവന്നു. പോല്ലീസ് 'ചെറിയ വിപ്ലവകാരികളു'ടെ നേരെ വെടിവെച്ചു. ഒരു പതിനേഴവയസ്സുകാരി— അവളുടെ സ്കൂളിലെ തിരഞ്ഞെടുത്ത 'രാജ്ഞി'യാണവൾ— വെടിയേററു് മരിച്ചുവീണു. പന്ത്രണ്ടു വയസ്സുള്ള കുട്ടികൾക്കുപോലും പരുക്കുപററി.

## തോക്കിൻെറ ഭാഷ

കാരകാസ് നഗരത്തിലെ ഫെർമിൻടോറൊ വിദ്യാലയത്തിലെ കുട്ടികൾ, ഫെബ്രുവരി മാസത്തിലുണ്ടാകാറുള്ള പരീക്ഷകൾ സപ്തംബർ മാസത്തിലാക്കിയപ്പോൾ പ്രതിഷേധിച്ചു് ഘോഷയാത്രകൾ നയിച്ചു, മുദ്രാവാക്യങ്ങൾ മുഴക്കി, വിദ്യാഭ്യാസമന്ത്രിയുടെ ആപ്പീസിലേക്കു് തിരിച്ചു. പോല്ലീസുകാർ വെടിവെച്ചു. തൻെറ കുട്ടി എന്തെടുക്കുന്നു എന്നറിയാൻവന്ന സൈനികോദ്യോഗസ്ഥൻ, ആ കുട്ടിയെ പോല്ലീസുകാർ അടിച്ചു വീഴ്ത്തുന്നതായാണു കണ്ടതു്. അയാൾ വെടിവെച്ചു് പോല്ലീസുകാരനെ വീഴ്ത്തി.

തുടങ്ങി പണിമുടക്കുകളും ഘോഷയാത്രകളും എല്ലാവിദ്യാലയങ്ങളിലും. വിദ്യാത്ഥികൾ സ്റ്റുഡൻറ്ലബോറട്ടറികൾ തകർത്തു,

പോല്ലീസുകാരെ കല്ലെറിഞ്ഞു. പോല്ലീസുകാരും വിട്ടുകൊട്ടത്തില്ല. ആസ്പത്രികഠം മുറിവേററ വിദ്യാത്ഥികളെകൊണ്ടു നിറഞ്ഞു. ഒരു വിദ്യാലയത്തിലെ കൊടിമരത്തിന്നു മുകളിൽ ചോരയിൽ നനഞ്ഞ ഒരു വിദ്യാത്ഥിനിയുടെ ഉടുപ്പ് പ്രത്യക്ഷപ്പെട്ടു. പ്രതിഷേധിച്ച അദ്ധ്യാപകന്മാരും മതാപിതാക്കന്മാരും അറസ്റ്റ്ചെയ്യപ്പെട്ടു. സ്ഥിരീകരിക്കാത്ത റിപ്പോർട്ടു്: മരിച്ചവർ 20, മുറിവേററവർ 100നും 70നും മദ്ധ്യേ, അറസ്റ്റ്ചെയ്യപ്പെട്ടവർ 300നും 3000ത്തിനും മദ്ധ്യേ.

തനിക്കെതിരായ വലിയ വിപ്ലവം പ്രതീക്ഷിക്കുകയാണത്രെ പ്രസിഡണ്ടു് ജിമിനിസ്.

---

അദ്ധ്യായം:

എട്ട്.

# കൊളംബിയ.

## —ബുദ്ധിജീവികളുടെ രാജ്യം.

"Columbus fled across the Atlantic
because of persecution by Ferdinand
and Isabella of Spain, who refused
to believe that the world was round,
even when Columbus showed them an egg..

"Before Columbus reached America, which
he named after a man called
American Vesuvius, he cried 'Ceylon,
Ceylon' bacause he wanted to see India,
which was engraved on his heart before
he died".

(From unlikely history)
–RICHARD ARMOUR.

"കൊളംബിയ എന്നാൽ സംസ്കാരം എന്നർത്ഥം" ഒരു സന്ദർശകൻ ചുരുക്കിപ്പറഞ്ഞു 8600 അടി പൊക്കമുള്ള ഒരു പീഠഭൂമിയിൽ രണ്ടു പർവ്വതങ്ങളുടെ കാല്ക്കലായാണ് തലസ്ഥാനനഗരമായ ബഗോടയുടെ ഇരുപ്പ്. ബഗോടയിൽ ഒരു ഭദ്രാസനപ്പള്ളിയും ഒരു സർവ്വകലാശാലയും ഒരു നക്ഷത്രബങ്ക്ളാവും ഒരു സസ്യശാസ്ത്രോദ്യാനവും ഉണ്ടു്. സന്ദർശകന്മാരുടെ കൂട്ടത്തിൽ ഭൂമികുലുക്കവും ചിലപ്പോൾ ഉൾപ്പെടാറുണ്ടു്. റസ്റ്റോറണ്ടുകളേക്കാൾ അധികം പുസ്തകഷാപ്പുകളാണ്. പാർളിമെൻ്റംഗങ്ങൾ അധികവും കവിത വായിയ്ക്കുവാനും ഐൻസ്റ്റൈൻ്റെ സാപേക്ഷതാസിദ്ധാന്തത്തെപ്പറ്റിയും റസ്സലിൻ്റെ തത്വസംഹിതയെപ്പറ്റിയും പ്രതിപാദിയ്ക്കുവാനുമാണ് താല്പര്യപ്പെടുന്നതു്. ബുദ്ധിജീവികൾ ബഗോടയിൽ തിങ്ങിക്കൂടുന്നു. റിംബോറിൻ്റെ കൃതികൾ എത്രമാത്രം പ്രേരണ ചെലുത്തി ഴീദിനെ ഴീദാക്കുവാൻ? എലിയട്ടിൻ്റെ കവിത നന്നോ? ബെർണാർഡ്ഷൊ പശ്ചിമലോകത്തെ സംബന്ധിച്ചേടത്തോളം എത്ര മാത്രം വിപ്ലവകാരിയായിരുന്നു? ഹെമിങ്ങ്വെയാണോ സ്റ്റീൻബെക്കാണോ നല്ല സാഹിത്യകാരൻ? ഇതെല്ലാമാണ് അവരുടെ ചിന്താവിഷയം. ബഗോടയ്ക്കു വടക്കായി ഉപ്പുകൊണ്ടുള്ള കത്തിഡ്രലുകളുണ്ടു്, കൊട്ടാരങ്ങളുണ്ടു്. അവ സ്വന്തം പ്രഭയിൽ പ്രകാശിച്ചുകൊണ്ടു നില്ക്കുന്നു. കൊളം

ബിയ മരതകപ്പച്ചയുടെ രാജ്യമാണ്. ലോകത്തിലേക്കു വെച്ച് ഏററവും നീളം കൂടിയ 'കേബിററവേ' അവിടെയാണ്—പൎവ്വത പ്രദേശത്തെ നഗരമായ മാനിസ്സാലിസിലെ നാല്പതു നാഴിക നീള മുള്ള കേബ്ററവേ. കാളവണ്ടികഠം ഭംഗിയില്ലാത്ത കൽനിരത്തു കളിൽക്കൂടി അരഞ്ഞരഞ്ഞു നീങ്ങിക്കൊണ്ടിരിക്കുന്നു. സ്വർണ്ണ ചൂണ്ടലുകളുപയോഗിച്ചു മീൻപിടുത്തം തുടങ്ങിയിട്ട് എത്ര നൂററാ ണ്ടുകളായത്രേ കൊളംബിയയിൽ. വില പിടിച്ച ഖനിജങ്ങളുള്ള പീഠഭൂമികളും പൎവ്വതങ്ങളും, പൂക്കഠം വിരിയുന്നതും ധാന്യങ്ങഠം വിളയുന്നതും ആയ താഴ്ന്നു കിടക്കുന്ന ഉഷ്ണമൈതാനങ്ങളും ഉഠം ക്കൊള്ളുന്ന കൊളംബിയ തെക്കെ അമേരിക്കയുടെ വടക്കുപടി ഞ്ഞാറെ മൂലയിലാണ്. വിസ്താരം: 4,48,794 ചതുരശ്രനാഴിക. നാടോടിക്കഥകഠം പ്രകീൎത്തിക്കുന്ന രത്നങ്ങഠം നിറഞ്ഞ 'എൽ ഡൊറാഡൊ'യും സ്വർണ്ണനിരത്തുകളുള്ള 'മനൂസ്' നഗരവുമാണ് കൊളംബിയയിലെത്തിയ സ്പെയിൻകാർ കണ്ടുപിടിക്കുവാൻ ശ്രമി ച്ചതു്. എന്നാൽ സ്പെയിൻകാർ അന്നു കണ്ടെത്തിയ സ്വർണ്ണത്തേ ക്കാഠം വളരെ വിലയേറിയതാണ് കൊളംബിയയുടെ കയററു മതിയിനങ്ങളായ കാപ്പിയും നേന്ത്രപ്പഴവും ലോഹങ്ങളും എണ്ണയും.

തെക്കേ അമേരിക്കയിലെ നാലാമത്തെ രാജ്യമാണ് കൊളം ബിയ, വലുപ്പത്തിൽ. തുറമുഖങ്ങളെല്ലാം 2007 നാഴിക നീള മുള്ള കരീബിയൻ കടൽത്തീരത്താണ്. ആൻഡീസ്പൎവ്വതം തെക്കുപടിഞ്ഞാറെ ഭാഗത്തുകൂടി കൊളംബിയയിൽ പ്രവേശിച്ച് മൂന്നു ശാഖകളായി തിരിയുന്നു. ആൻഡീസ് നിരകഠംക്കിടയി ലാണ് ഗതാഗതസൌകൎയ്യമുള്ള കാൻക, മഗ്ദലേന എന്നീ നദി കളും അവയുടെ തടങ്ങളും. മഗ്ദലേന ആയിരം നാഴിക വളഞ്ഞു പുളഞ്ഞൊഴുകുന്നു. അതിൽ 900 നാഴികയും ഗതാഗതസൌകൎയ്യമു ള്ളതാണ്. നദീമുഖത്താണ് ബാരൻകചില്ല നഗരം. ഏററവും ഉയര മുള്ള പൎവ്വതശിഖരമാണ് അഗ്നിപൎവ്വതമായ ടോളിമ (18, 400

അടി). ചൂടുള്ള തരപ്രദേശത്തുനിന്നു കര ഉയൎന്നുയൎന്നു പോകുന്തോറം ശൈത്യം കൂടിക്കൂടി അസഹനീയമായ്ത്തീരുന്നു. സ്വൎണ്ണം, പ്ലാററിനം, മരതകം എന്നിവ ലഭിയ്ക്കുന്നതിന്നു പുറമെ, വനങ്ങൾ കൊണ്ടു പൊതിഞ്ഞ 15 കോടി ഏക്കർ പ്രദേശത്തുനിന്നു മഹോഗണി, ആലൊ, സെഡാർ തുടങ്ങിയ ഒന്നാംതരം തടികൾ കിട്ടുന്നുണ്ടു്. സിങ്കോണമരത്തിൽ നിന്നു മലമ്പനിമരുന്നായ കൊയിനയും ടാഗ്യ പനയിൽനിന്നും ബട്ടനുണ്ടാക്കുവാൻ പററിയ "ദന്ത" ക്കായ്കളും ധാരാളമായി ലഭിയ്ക്കുന്നു. നേന്ത്രവാഴകൾ താഴ്വരകളിലും പീഠഭൂമികളിലും തഴച്ചുവളരുന്നു.

ജനസംഖ്യ: 115 ലക്ഷം, ഒരു ചതുരശ്രനാഴിക സ്ഥലത്തു 22 പേർ വീതം, 20 ശതമാനം വെള്ളക്കാരാണു് (കൂടുതലും ബഗോട, മാഗ്ദലേൻ എന്നീ പ്രവിശ്യകളിൽ), 5 ശതമാനം റെഡ്ഇന്ത്യർ, 5ശതമാനം നീഗ്രോകൾ, ബാക്കി മെററിസോകൾ. പുരോഗമനവാദികളായ കൊളംബിയക്കാൎക്കു് തങ്ങളുടെ ദേശഭക്തിയെപ്പററിയും മികച്ച സമ്പദ്വ്യവസ്ഥയെപ്പററിയും പരമ്പരാഗതമായ ആചാരങ്ങളെപ്പററിയും പത്രപ്രവൎത്തനസ്വാതന്ത്ര്യത്തെപ്പററിയും വലിയ അഭിമാനമാണു്. പീഠഭൂമികളിൽ അവിടവിടെ പററിപ്പിടിച്ചു നില്ക്കുന്ന നഗരങ്ങൾ—അവിടെ സ്പാനിഷ് ആചാരങ്ങളും സ്പാനിഷ് മാതൃകയിലുള്ള കരിങ്കൽ നിരത്തുകളും സംസ്കരിച്ച ഇരുമ്പുകൊണ്ടുള്ള ബാൽക്കണികളും ധാരാളം കാണാം. പല ഭാഷകൾ സംസാരിയ്ക്കുന്നുണ്ടെങ്കിലും കൊളംബിയയിലെ ഔദ്യോഗികഭാഷ സ്പാനിഷ് ആണു്. റെഡ്ഇന്ത്യർ അകന്നകന്നുള്ള ഗ്രാമങ്ങളിൽ വസിയ്ക്കുന്നു, പഴയ പടി കൃഷി ചെയ്തുകൊണ്ടു്. മരതകഖനികളെല്ലാം ഗവൺമേണ്ടിൻെറ കുത്തകയാണു്. വിദേശക്കമ്പനികളാണു് എണ്ണ ഖനിച്ചെടുക്കുന്നതു്. പുതിയ പുതിയ വ്യവസായങ്ങൾ വളൎന്നു വരുന്നു. സാൻടാമാൎത്ത, ബാരൻകചില്ല, കാർട്ടജീന എന്നിവയാണു് പ്രധാനകയററുമതിയിറക്കുമതിത്തുറമുഖങ്ങൾ.

1931-ന്ന ശേഷം വിദ്യാഭ്യാസവിഷയത്തിൽ സീമാതീതമായ പുരോഗതി കൈവന്നു കൊളംബിയയിൽ. ആറ കൊല്ലം കൊണ്ട വിദ്യാഭ്യാസച്ചെലവ് 500ശതമാനം വദ്ധിച്ചു. പ്രൈമറി വിദ്യാഭ്യാസം നിർബ്ബന്ധമാണ്, സൌജന്യമാണ്. 1522-ൽ സ്ഥാപിച്ച ഒരു സർവ്വകലാശാലയുണ്ട് ബഗോടയിൽ; കൂടാതെ 63 സർവ്വകലാശാലകളും കോളേജുകളും. കത്തോലിക്ക സഭയാണ് വലിയ പ്രേരണാശക്തിയാണവിടെ. അധികവും റോമൻ കത്തോലിക്കർ തന്നെ. എങ്കിലും മതസ്വാതന്ത്ര്യമുണ്ട്.

## മരതകരത്നങ്ങളുടെ ഉറവിടം

കൊളംബിയ രാജ്യത്തിൻെറ തലസ്ഥാനമായ ബൊഗോട നഗരത്തിലെ ഗവൺമെണ്ട് ബാങ്കിൻെറ കലവറയിൽ സ്വരുക്കൂട്ടി വെച്ചിരുന്ന പച്ചപ്രഭാപൂരം പരത്തുന്ന മരതകരത്നങ്ങളെല്ലാം അടുത്ത കാലത്തു് നല്ലവിലക്ക വില്ക്കുകയുണ്ടായി—മാററുരച്ചു നോക്കിയല്ല, റാത്തൽ തൂക്കമനുസരിച്ചുമല്ല, ടൺ കണക്കിനു്. എല്ലാ രത്നങ്ങളും വിററുകഴിഞ്ഞയുടനെ ഗവണ്മെണ്ട ബാങ്ക് ഡിറക്ടർ മ്യൂസൊ മരതക രത്നഖനി മാനേജക്ക് ഒരു കമ്പി സന്ദേശമയച്ചു: "ഉടനെ രത്നം ഖനിച്ചെടുക്കൽ തുടങ്ങുക. രത്നങ്ങളെല്ലാം വിററു തീർന്നിരിക്കുന്നു." ലോകത്തിൻെറ മറെറതൊരു ഭാഗത്തുനിന്നും വരുന്നതിൽ കൂടുതലായി ലോക കമ്പോളങ്ങൾക്കു മരതക രത്നങ്ങൾ ലഭിക്കുന്നതു് കൊളംബിയയിലെ മ്യൂസൊ ഖനികളിൽനിന്നാണ്.

## ഒരു ലക്ഷം പവൻ വിലവരുന്ന രത്നം

ലോകത്തിലെ ഏററവും വലിയ മരതകരത്നം മ്യൂസൊ ഖനിയിൽനിന്നു ലഭിച്ചു—ഡെവൺഷയർ പ്രഭുവിൻെറ പേരാണ് രത്നത്തിനു്. കഴിഞ്ഞ നൂററാണ്ടിൽ പ്രസിദ്ധ ബ്രഗൻസ കുടും

ബാംഗം ഡോം പീഡ്രൊ ഈ രത്നം വിലക്കു വാങ്ങി. നാടുകടത്ത പ്പെട്ട ബ്രസീൽ രാജാവായിരുന്ന അദ്ദേഹം ലണ്ടണിൽ അഭയം തേടിയപ്പോൾ രത്നവും കൂടെ കൊണ്ടുപോന്നു. എട്ടുമുഖങ്ങളുള്ള ഈ വിശിഷ്ട രത്നത്തിന് രണ്ടിഞ്ചു ഘനവും രണ്ടേകാ ലിഞ്ചു നീളവുമുണ്ട്. കത്തി ജ്വലിക്കുന്ന അതിൻെറ ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന കണ്ണഞ്ചിക്കുന്ന പച്ചരശ്മികൾ ഏതവനിലും കൗതുകവും അത്ഭുതവും നിറക്കും. അതിൻെറ തൂക്കം 8 ഔൺസു മാത്രം. ഏററവും ചുരുങ്ങിയ വില ഒരു ലക്ഷം പവനായിരിക്കു മെന്നു രത്നവ്യാപാരികൾ ഊന്നിപ്പറയുന്നു.

## രത്നങ്ങൾ പെറുക്കിയെടുത്തോളൂ

പല നൂററാണ്ടുകൾക്കു മുമ്പ് സ്പാനിഷ് സാഹസികന്മാർ മ്യൂസൊ പ്രദേശം കണ്ടെത്തി. താമസിയാതെ ഒരു വാർത്ത 'പര സ്യം'പോലെ യൂറോപ്പിൽ പരന്നു: "മരതകങ്ങൾ വേണൊ? പെറുക്കിയെടുക്കാം കൊളംബിയയിൽ." വെള്ളക്കാർ കപ്പൽ കയറി ദക്ഷിണാമേരിയ്ക്കയിലെ കൊളംബിയയിലേയ്ക്കു കുതിച്ചു.

അടുത്ത കാലത്താണ് മ്യൂസൊ മരതക ഖനി മാനേജർ പത്ര ലേഖകൻ വിക്ടർ വോൺ ഹാഗനെ മ്യൂസൊ സന്ദർശിക്കുവാൻ ക്ഷണിച്ചതു്. ആ ക്ഷണനം അദ്ദേഹം ഉടനെ സ്വീകരിച്ചു. നമു ക്കദ്ദേഹത്തിൻെറ കൂടെ സഞ്ചരിക്കാം.

## അള്ളിപ്പിടിച്ചു കിടക്കുന്ന ചികപ്പിൻ കപ്പിറ

ബൊഗോട നഗരം. അവിടെ നിന്നും 10,000 അടി ഉയര മുള്ള 'പാരമോസ" എന്നറിയപ്പെടുന്ന പർവ്വത പ്രദേശത്തിൽക്കൂടി യാത്ര ചെയ്യണം വടക്കോട്ടു്. 90 നാഴിക ദൂരം അഞ്ചു മണിക്കൂർ കൊണ്ടു പിന്നിടാം. അതാ, മോഹനമായ മലഞ്ചരിവിൽ, മനോ

ഘരമായ കാട്ടുകൾക്കിടയിൽ, തങ്ങിനില്ക്കുന്നു ചികചിൻ കചിറ ഗ്രാമം. എല്ലാ പുരകളും മേഞ്ഞിരിക്കുന്നതു് ചുവന്ന ഓട്ടുകൾ കൊണ്ടാണു്.

ഏതാണ്ടു കിഴക്കാം തൂക്കായുള്ള ആൻഡീസ് പർവ്വതപാർശ്വത്തിൽ അള്ളിപ്പിടിച്ചു കിടക്കുന്നു ചികചിൻ കചിറ ഗ്രാമം. നല്ല തണുപ്പാണവിടെ. അവിടെ നിന്നും കോക്ക് സ്ക്രൂ പോലെ കീഴ്പോട്ടു വളഞ്ഞു വളഞ്ഞു പോകുന്നു ഒരു ചെറിയ നിരത്തു്— 400 അടി താഴോട്ടു്, കാരാര താഴ്വരയിൽകൂടി. അവിടെയാണു് 16-ാം നൂററാണ്ടിൽ രത്നമന്വേഷിച്ചെത്തിയവർ കുറച്ചു നാളത്തെ താമസത്തിനായി നിർമ്മിച്ച മൂസോ ഗ്രാമം.

## പാറയരിഞ്ഞിറങ്ങിയ നദികൾ

കുതിരപ്പുറത്തു് ഇനിയും യാത്ര ചെയ്യണം നാലു മണിക്കൂർ നേരം മൂസൊ ഖനിയിലെത്തണമെങ്കിൽ, കരീറ നദീതീരത്തു കൂടി. കുറെ കഴിഞ്ഞപ്പോൾ വനാന്തരങ്ങളിൽകൂടി പായുന്ന ഒരു നിരത്തിൽകൂടിയായി യാത്ര. ആ വഴി പല പ്രാവശ്യം അങ്ങോട്ടു മിങ്ങോട്ടും നദി കടന്നു് ഒരുയന്ന പാറക്കെട്ടിലെത്തി. ഇരു ഭാഗത്തുനിന്നും രണ്ടു നദികൾ ഓടി വന്നു് പാറയരിഞ്ഞിറങ്ങി സമ്മേളിക്കുന്നു, ധൃതിയിൽ കുതിച്ചു ചാടിയെത്തുന്ന ഇടോക്കൊ നദി കരാര നദിയിൽ അമരുന്നു.

42 വർഷങ്ങൾക്കു മുമ്പു്, വക്കീൽ ജോലി ഉപേക്ഷിച്ചു സൈന്യ നേതാവായി കൊളംബിയയിലെത്തിയ കചസീഡ ഈ വഴിക്കു വന്നാണു് മൂസൊ മരതക ഖനി കണ്ടെത്തിയതു്. ഒരു മണിക്കൂർ സമയം യാത്ര ചെയ്തു് വിക്ടർ ഏതാണ്ടു് നേരെ മുകളി ലേയ്ക്കു പോകുന്ന മലഞ്ചരിവു് കയറി മുകളിലെത്തി. ചില വികൃതമായ കെട്ടിടങ്ങൾ. 'പാച്ചൊ'എന്ന കളിപ്പേരുള്ള മാനേ

ജർ ഫ്രാൻസിസ്കോ റെസ്ട്രപൊ ഓടി വന്നു് വിക്ടറെ ഹസ്തദാനം ചെയ്തു സ്വീകരിച്ചു.

## രത്ന ഖനന കല

റെസ്ട്രപൊയുടെ ആപ്പീസ് കണ്ടാൽ പാറപ്പുറത്തു കഴുകൻ കെട്ടിപ്പടുത്ത കൂടാണെന്നേ തോന്നൂ. അല്പം ഭക്ഷണവും മദ്യവും കഴിച്ചു് അവർ മരതക രത്നങ്ങളെ പററി സംസാരിക്കുകയായി. “സ്വർണ്ണം ക്ഷണത്തിൽ കണ്ടെത്താം. മരതക രത്നത്തിൻെറ കഥ അതല്ല. സൂക്ഷ്മതയില്ലാതെ ഉപകരണങ്ങൾ പ്രയോഗിച്ചാൽ രത്നം പൊട്ടി അലങ്കോലമാകും. മരതകരത്നം കുഴിച്ചെടുക്കുന്നതു് തികച്ചും ഒരു കലയാണു്. അതെ, കലാവാസനയ്ക്കു പുറമെ ഭാഗ്യവും വേണം. ഈ മേശയോളം വരുന്ന സ്ഥലത്തു് അനേകം വില പിടിച്ച രത്നങ്ങൾ ഒളിഞ്ഞു കിടപ്പുണ്ടാകും” അദ്ദേഹം വിശദീകരിച്ചു.

രണ്ടു പേരും ഖനിയിലേയ്ക്കു തിരിച്ചു. മൂടൽ മഞ്ഞു് മൂസൊയെ പൊതിഞ്ഞു കഴിഞ്ഞു. ഒരു വലിയ കുഴിയാണു് ഖനി—പാറയിൽ വെട്ടിത്താഴ്ത്തിയ കുഴി. കുറെ തൊഴിലാളികൾ രത്നം കണ്ടെത്തുന്ന യത്നത്തിൽ വ്യാപൃതരാണു്. വഴുതിപ്പോകുന്ന പടവുകളിറങ്ങി അവരിരുവരും ഖനിയിൽ പ്രവേശിച്ചു. രത്നം കണ്ടെത്തുന്നതെങ്ങിനെ? കുഴിച്ചു കുഴിച്ചു ചെല്ലുമ്പോൾ ‘ബെറിൽ’ രത്നപ്പുറവുകൾ കാണുന്നു പാറക്കു മുകളിൽ. ഇനി കുഴിക്കുന്നതു സൂക്ഷിച്ചു വേണം. പാറയിൽ മരതക രത്നമുണ്ടെന്നു തെളിഞ്ഞു കഴിഞ്ഞു. ഉപകരണങ്ങളുപയോഗിക്കുന്നതല്പം പിഴച്ചാൽ മരതക രത്നം പൊട്ടിച്ചിതറി ഉപയോഗശൂന്യമാകും. തൊഴിലാളികൾ കരുതലോടെ പാറ അല്പാല്പമായി പൊട്ടിക്കുന്നു. മരതക രത്നകവചമായ മിനുസമുള്ള പാറയവർ പൊളിച്ചു കളയുന്നു. പച്ച രത്നം തന്നെ. പച്ച രശ്മികൾ അതിൽ നിന്നും പുറപ്പെടുന്നു.

ജ്വലിക്കുന്ന പച്ച! കത്തിക്കാളുന്ന അതിൻെറ പച്ച ഹൃദയമാണ് മ്യൂസൊ മരതകരത്നത്തിൻെറ വിശേഷം.

ചിലപ്പോഠം മ്യൂസൊ രത്നത്തിൽ ഒരു ന്യൂനതകാണാം— പ്രകാശിക്കുന്ന പിച്ചള വര. സൈമൺ ബോളിവാറിൻെറ സ്നേഹിതൻ ജോസ് പാരീസ് 1850-ൽ മ്യൂസൊയിലെ മാനേജരായിരുന്നു. അന്നാണ് ആദ്യമായി പ്രകാശിക്കുന്ന പിച്ചള വരയുള്ള രത്നങ്ങഠം ആദ്യമായി കിട്ടിയതു്. അതുകൊണ്ടു് അപ്രകാരമുള്ള രത്നങ്ങഠംക്കു 'പാരാസൈററ്' എന്നു പേർ വീണു.

## നീറുന്ന ഹൃദയത്തിനുള്ളിൽ നിധി

"ഈ ഖനിയുടെ കാര്യമൊട്ടത്തു നോക്കു" റെസ്ട്രപൊ പറഞ്ഞു. അദ്ദേഹം തുടൎന്നു: "ഈ ഖനിയുടെ അതിൎത്തിയിൽ വെച്ചാണ് സ്പാനിഷ് സൈന്യം പാച്ചൊ റെസ്റ്റിന്ത്യരുമായി ഒരു ഘോരസമരത്തിലേൎപ്പെട്ടതു്. പാച്ചൊ നേതാവായ ഇടോക്കൊവിനെ സ്പെയിൻകാർ പിടിച്ചു. ഇടോക്കൊയുടെ പേരാണ് ഈ നദിക്കുവെരിട്ടതു്. ഇടോക്കൊയെ സ്പെയിൻകാർ പീഡനങ്ങളേല്പിച്ചു. വേദന സഹിക്കാൻ പ്രാപ്തിയില്ലാതെ അദ്ദേഹം തൻെറ മരതകനിധി എവിടെ വെച്ചിരിക്കുന്നു എന്നു പറയുമെന്നാണ് സ്പെയിൻകാർ കരുതിയതു്. പീഡനങ്ങഠം രൂക്ഷതരമായി. വെള്ളക്കാരുടെ ആവശ്യം ഇടോക്കൊക്കു മനസ്സിലായില്ല. അസഹനീയമായ വേദന അദ്ദേഹത്തെ ബോധരഹിതനാക്കി. മരതക നിധിയെവിടെ? എവിടെ? അദ്ദേഹത്തിനു മരതക രത്ന നിധിയില്ലായിരുന്നു. പിന്നെ എങ്ങിനെ പറയും. പാവം ഇടോക്കൊ! അദ്ദേഹമെന്തുപറയാനാണ്....പൊടുന്നനവെ സത്യം പുറത്തു വന്നു. ഒരു സ്പാനിഷ് ക്യാപ്ററനെ വഹിച്ചിരുന്ന കുതിര മുടന്തി മുടന്തി നടക്കുവാൻ തുടങ്ങി. ക്യാപ്ററൻ കുതിരപ്പുറത്തുനിന്നും ഇറങ്ങി, കുതിരയുടെ കുളമ്പുപരിശോധിച്ചു. പ്രകാശിക്കുന്ന ഒരു പച്ചക്കല്ല്

കുതിരയുടെ കുളമ്പിനടിയിൽ കയറി പററിയിരിക്കുന്നു. ക്യാപ്ററൻ ആ കല്ല് പറിച്ചെടുത്തു് പരിശോധിച്ചു—വെട്ടി മിനുസപ്പെടുത്താത്ത മരതകരത്നം. റെസ്ഥിന്തുർ ലോഭമില്ലാതെ പെറുക്കിയെടുത്തു മിനുക്കി ആഭരണമാക്കുന്ന മരതകരത്നങ്ങൾ. സ്പെയിൻകാർക്കു തങ്ങളുടെ മണ്ടത്തരം മനസ്സിലായി. ആ പാറക്കെട്ടിൽനിന്നും എത്രയെങ്കിലും മരതകരത്നങ്ങൾ കുഴിച്ചെടുക്കാം. പക്ഷെ ഇടോക്കൊയെ കുരിശിൽ തൂക്കിയാൽ മരതക രത്നനിധി കിട്ടില്ല. അങ്ങിനെ മ്യൂസൊ മരതക രത്നഖനി കണ്ടെത്തി". ജീവനോടുള്ള ബഹുമാനമില്ലാത്ത വെള്ളക്കാരായ രത്നക്കൊതിയന്മാരുടെ വിഡ്ഢിത്തങ്ങൾ!

## ജനഭരണം

ജനകീയ ഭരണ ഘടനയാണു് കൊളംബിയയുടേതു്. ജനകീയ ഭരണത്തോടുള്ള കൊളംബിയക്കാരുടെ സ്നേഹത്തിനു ജോൺ ഗന്തറുടെ അഭിപ്രായത്തിൽ ചില കാരണങ്ങളുണ്ടു്—പർവ്വതങ്ങൾ രാജ്യത്തെ പല കഷ്ണങ്ങളായി വിഭജിയ്ക്കുന്നതുകൊണ്ടു് ഓരോ വിഭാഗത്തുമുള്ള പ്രവിശ്യാ സ്നേഹം, ചിബ്ച റെസ്ഥിന്തുർ പ്രയാസമെന്യേ സ്പാനിഷ് സംസ്കാരം സ്വീകരിച്ചു എന്നതു്, ജനായത്ത സിദ്ധാന്തങ്ങൾക്കനുയോജ്യമായ കൊളംബിയക്കാരുടെ ബുദ്ധി, ജീവിതത്തിലുള്ള അനല്പതാല്പര്യം, ബൊളിവാറിനു ശേഷം കൊളംബിയ ഭരിച്ച ഫ്രാൻസിസ് കൊസന്താൻഡർ (1792–1840) സ്വേച്ഛാധികാരവും സൈനിക മേധാവിത്വവും മ്ലേച്ഛമായ അക്രമവാസനയും വെറുക്കുന്ന ഒരു വക്കീലായിരുന്നു, സൈനികമേധാവിയായിരുന്നില്ല എന്നതു്, മനുഷ്യരെ അക്രമപ്രസക്തരാക്കാത്ത ഉയർന്ന പീഠഭൂമികളിലെ തണുത്ത കാലാവസ്ഥ.

കൊളംബിയ എന്ന പേർ ഈ രാജ്യത്തിനു കിട്ടിയതു് കൊളംബസ്സിൽനിന്നാണു്. എന്നാൽ ശരിയായി ഈ രാജ്യം

കണ്ടെത്തിയതു് അലോൺസോ ഒജീഡയാണു്, 1499-ൽ. 1502-ൽ കൊളംബസ് ഈ രാജ്യത്തിന്നടുത്തുകൂടി കടന്നുപോയി. പനാമ കൊളംബിയയുടെ ഒരു ഭാഗമായിരുന്നു. 1903-ൽ പനാമ ഒരു പ്രത്യേക റിപ്പബ്ളിക്കായി. ഐക്യനാടുകൾക്കു് പനാമ മുനമ്പിൽക്കൂടി ഒരു കനാൽ വെട്ടി അററ്ലാൻടിക്ക് സമുദ്രത്തിൽ നിന്നും ശാന്തസമുദ്രത്തിലേക്കു കപ്പൽവഴി ഉണ്ടാക്കണമെന്നുണ്ടായിരുന്നു. ആ അപേക്ഷ കൊളംബിയ നിരസിച്ചു. പനാമ സ്വതന്ത്രയായപ്പോൾ കനാൽ വെട്ടുവാൻ പ്രയാസമുണ്ടായില്ല.

## ഇസബല്ല

കൊളംബസ്സിനേക്കാൾ ധീരയായൊരു വ്യക്തിയായിരുന്നു കൊളംബസ്സിന്നു പ്രോത്സാഹനം നല്കിയ ഇസബല്ല രാജ്ഞി. 17 വയസ്സുള്ള മിടുക്കത്തി ഇസബല്ലാ രാജകുമാരി തൻെറ സഹോദരനായ കാസ്റ്റീൽരാജാവു് ഹെൻറിയുടെ ഹിതം കണക്കാക്കാതെ മൂന്നു കാമുകന്മാരിൽ തനിക്കിഷ്ടപ്പെട്ട ആരഗൺ രാജകുമാരൻ ഫെർഡിനാൻഡിനെ പാണിഗ്രഹണം ചെയ്യാൻ ഓടിപ്പോയി. തൻെറ ആഗ്രഹം കാമുകനെ അറിയിച്ചു. വിവാഹം തടയുവാൻ ഹെൻറി ഏർപ്പാടുകൾ ചെയ്തു. ഫെർഡിനാൻഡ് ഒരു കച്ചവടക്കാരൻെറ വേഷത്തിൽ കാസ്റ്റീലിൻെറ അതിർത്തിയിൽ നിർത്തിയിരുന്ന പട്ടാളക്കാരെ കബളിപ്പിച്ചു് അകത്തു കടന്നു. വിവാഹം നടന്നു. താമസിയാതെ ഹെൻറി മരിച്ചു. ഇസബല്ല ധൃതിയിൽ രാജ്ഞിയായി അവരോധിയ്ക്കപ്പെട്ടു. ഇതറിഞ്ഞു ഫെർഡിനാൻഡ് കോപിച്ചു. എന്ത്, ഭർത്താവ് രാജാവാകുന്നതിനു മുമ്പു് ഭാര്യ രാജ്ഞിയാകുകയൊ? ഇസബല്ല ഭർത്താവിനു തൻെറ 'വിവാഹക്കരാർ' കാട്ടിക്കൊടുത്തു. അതു പ്രകാരം ഫെർഡിനാൻഡ് ഇസബല്ലയുടെ സ്വകാര്യങ്ങളിൽ ഇടപെടുകയില്ലെന്നു വാഗ്ദാനം ചെയ്തിരുന്നു. പോർത്തുഗൽ രാജാവ് തന്നെ വിവാഹം ചെയ്യുവാൻ

വിസമ്മതിച്ച യുവതിയെ ഒരു പാഠം പഠിപ്പിക്കുവാൻ കാസ്റ്റീൽ കിരീടം അവകാശപ്പെട്ടുകൊണ്ടു് 40,000 പട്ടാളക്കാരുള്ള ഒരു സൈന്യത്തെ കാസ്റ്റീലിലേക്കയച്ചു. ഇസബെല്ല പോർക്കളത്തി ലേക്കു് പാഞ്ഞു, തൻെറ സൈന്യത്തെ പ്രോത്സാഹിപ്പിച്ചു. പോർത്തുഗൽ സൈന്യം യുദ്ധത്തിൽ തോററോടി. വിജയിനിയായ ഇസബെല്ല അനുസരണമില്ലാത്ത പ്രഭുക്കന്മാരെ ശിക്ഷിച്ചു, ചിലരെ വധിച്ചു, നാട്ടിൽ സമാധാനം സ്ഥാപിച്ചു. ഫെർഡിനാൻഡ് ആരഗണിലെ രാജാവായതോടുകൂടി ആരഗണും കാസ്റ്റീലും ഒരുമി ക്കപ്പെട്ടു. അതു സ്പെയിനായി. ഇസബെല്ലയാണു് ഫെർഡിനാൻ ഡിനെ അക്രമികളായ മൂർവർഗ്ഗക്കാരെ തങ്ങളുടെ രാജ്യത്തുനിന്നു് അടിച്ചോടിക്കുവാൻ പ്രേരിപ്പിച്ചതും ജയിപ്പിച്ചതും. പല സ്ത്രീക ളേയും ഭാര്യമാരാക്കുന്ന സ്വഭാവക്കാരനായിരുന്നു തൻെറ ഭർത്താവെ ന്നറിഞ്ഞിട്ടും, ഇസബെല്ല തൻെറ ഭർത്താവിനാവശ്യമുണ്ടായിരുന്ന ഉടുപ്പുകളെല്ലാം സ്വന്തം കൈകൊണ്ടുതന്നെ തുന്നിക്കൊടുത്തു, അയാളെ അകമഴിഞ്ഞു സ്നേഹിച്ചു. പണമില്ലാത്ത യുവതികളെ രാജ്ഞി പണം നല്കി വിവാഹം കഴിച്ചുകൊടുത്തു. സ്വരാജ്യരക്ഷ ക്കായി രാജ്ഞി തൻെറ അഞ്ചു കുട്ടികളേയുംകൊണ്ടു് യുദ്ധത്തിൽ കൂടിയും ആപത്തിൽ കൂടിയും കടന്നുപോയി. ഇസബെല്ലയാണു് പ്രേരണാശക്തിമൂലം പിശുക്കനായ ഫെർഡിനാൻഡിനെ വശീ കരിച്ചു് അജ്ഞാതനായ മഡ്രിഗൽ ഡി ലാസ് ആറടസ് ടോറ സ്സിനെ ലോകവിശ്രുതനായ 'കൊളംബസ്' ആയി രൂപാന്തര പ്പെടുത്തിയതു്. കൊളംബസ് ഇസബെല്ലയെ സ്മരിച്ചുകൊണ്ടു് നൈന, പിൻട, സാൻടാമറിയ എന്നീ കപ്പലുകളിൽ യാത്ര തിരിച്ചു. അദ്ദേഹം അവസാനത്തെ കപ്പൽസ്സഞ്ചാരം കഴിഞ്ഞു തിരിച്ചു വന്നപ്പോളറിഞ്ഞു, തൻെറ ഇസബെല്ല രാജ്ഞി മരിച്ചു പോയെന്നു്. ആത്മവിശ്വാസവും ധൈര്യവുംകൊണ്ടു പരിഷ്കൃത ലോകത്തിനു 'പുതിയ ലോകം' തുറന്നുകൊടുത്ത ആ ധീര കുറച്ചു പേരുടെ ഓർമ്മയിൽ മാത്രമേ ഇന്നു ശേഷിക്കുന്നുള്ളു.

1499-നും 1538-നും മദ്ധ്യേ സ്പാനിഷ് കുടിയേറിപ്പാപ്പ് കാർ റെഡ്ഇന്ത്യരെ വനാന്തരങ്ങളിലേയ്ക്കോടിച്ചു. കൊളംബിയയ്ക്ക് അന്നു പേർ 'ന്യൂ ഗ്രനഡ' എന്നായിരുന്നു. പെറുവിലെ സ്പാനിഷ് വൈസ്രോയിയുടെ കീഴിലായിരുന്നു ഈ പ്രദേശം. ബൊളിവാർ താമസിയാതെ കൊളംബിയയെ സ്വതന്ത്രയാക്കി. 1833-ൽ ഇക്വഡോറും പനാമയും വെനിസ്വേലയും കൊളംബിയയിൽനിന്നും വേർപെട്ടതിനാൽ ഒരു പുതിയ ഭരണഘടനയുടെ കീഴിലായി ഈ രാജ്യം.

കൊളംബിയയുടെ സാമ്പത്തിക നട്ടെല്ല് കാപ്പിയാണ്. പ്രധാന വിദേശനാണയവരുമാനവും കാപ്പിയിൽനിന്നുതന്നെ. പുതിയ പുതിയ വ്യവസായങ്ങൾ പൊങ്ങിവരുന്നുണ്ട്. പക്ഷേ ലോകവിപണികളിലെ വിലയിന്മേൽ നില്ക്കുകയാണ് കൊളംബിയയുടെ സാമ്പത്തിക സന്തുഷ്ടി. കാപ്പിക്ക ലോകകമ്പോളങ്ങളിൽ വിലയിടിഞ്ഞാൽ കൊളംബിയക്കാർ പട്ടിണി കിടക്കേണ്ടിവരും. അതാണ് കുഴപ്പം. ആവശ്യമുള്ള യന്ത്ര സാമഗ്രികളും വിദഗ്ദ്ധന്മാരും കൊളംബിയയിലേയ്ക്ക് ഐക്യനാടുകളിൽനിന്നു വന്നു. എല്ലാ കൊല്ലവും ഈ രാജ്യത്തിൻെറ കച്ചവടക്കടം കൂടുകയാണ്. തൽഫലമായി ദാരിദ്ര്യവും സാമൂഹ്യ ഛിദ്രങ്ങളും വദ്ധിക്കുന്നു.

## ഒരു ചോദ്യം

കഴിഞ്ഞ 5 കൊല്ലക്കാലം കൊളംബിയ സൈനിക നിയമത്തിന്നു വിധേയയായി. 1945-ൽ യാഥാസ്ഥിതികകക്ഷി തിരഞ്ഞെടുപ്പിൽ ജയിച്ചു. അധികാരം ഇഷ്ടപ്പെടുന്ന മാരിയൊ ഓസ്പിനൊ പീറസ് പ്രസിഡണ്ടായി. 1948 ഏപ്രിൽ 9-ാംനു ലിബറൽ പാർട്ടി നേതാവ് ജോർജ്ജ് എലീസർ ഗൈററാൻ വധിയ്ക്കപ്പെട്ടു. പീറസ് കോൺഗ്രസ്സ് പിരിച്ചുവിട്ടു. സ്വേച്ഛാധിപതിയായി. സൈനിക നിയമത്തിൻെറ നിഴലിൽ ഒരു പ്രസി

ഡണ്ട തിരഞ്ഞെടുപ്പു നടത്തപ്പെട്ടു. ലിബറൽപാർട്ടി സ്ഥാനാർത്ഥി ഡാറിയൊ എസ് ചാന്ദ്രിയയെ വധിയ്ക്കുവാൻ പോല്ലീസുകാർ പരസ്യമായി ഒരു ശ്രമം നടത്തി. എസ് ചാൻഡ്രിയ രക്ഷപ്പെട്ടു. പക്ഷേ അദ്ദേഹത്തെ രക്ഷിക്കാൻ മുതിന്ന അദ്ദേഹത്തിൻെറ സഹോദരൻ വെടികൊണ്ടു മരിച്ചു. യാഥാസ്ഥിതികൻ ഗോമസ് പ്രസിഡണ്ടായി. ഹൃദയരോഗം മൂലം ഗോമസ് പിൻവലിഞ്ഞ പ്പോഠം റോബട്ട് ഉർഡാനീത പ്രസിഡണ്ടായി. ലിബറൽ കക്ഷി നേതാക്കന്മാരുടെ വീടുകഠം തീവെച്ചു നശിപ്പിയ്ക്കപ്പെട്ടു. 1950ൽ ഗോമസ് തിരികെവന്നു, സൈനിക നേതാവ് ജനറൽ റോജാസ് പിനില്ലയെ പുറംതള്ളി. പിനില്ല പീറസിനോടും ഉർഡാനീത യോടും കൂടി യോജിച്ച് സൈനിക വിപ്ലവം വഴി ഗോമസിനെ പുറത്താക്കി. ഗോമസ് നാടുകടത്തപ്പെട്ടു. പിനില്ല ജനകീയ ഭരണം വാഗ്ദാനം ചെയ്തു. 1954 ജൂൺ 8-ാംതിയ്യതി പോല്ലീസ് സർവ്വകലാശാല ആക്രമിച്ചു. ഒരു വിദ്യാർത്ഥിയെ വെടിവെച്ചു കൊന്നു. വിദ്യാർത്ഥികഠം ക്ഷോഭിച്ചു. അവരുടെ ഘോഷയാത്ര പോലീസ് തടഞ്ഞു, അവക്കെതിരായി തോക്കുകളും മെഷീൻ തോക്കുകളും നന്നായുപയോഗിച്ചു. മരിച്ചവക്കും പരുക്കേററവക്കും കണക്കില്ല. പിനില്ല ഒരു ജനറലിനെ സർവ്വകലാശാലയുടെ റെക്ട റായി നിയമിച്ചു. ഭരണഘടന സൃഷ്ടിയ്ക്കുവാൻ വിളിച്ചുകൂട്ടിയ കോൺസാംബ്ളി പിനില്ലയെ 1954 തൊട്ട് 1958 വരെ പ്രസി ഡണ്ടായി നിയമിച്ചു. ഭരണഘടന ഉടലെടുത്തില്ല. സൈന്യവു മായി ഒരേററമുട്ടലിന്നു തയ്യാറെടുക്കുന്ന പ്രസിഡണ്ട് പിനില്ല രണ്ടാമതും പത്രസ്വാതന്ത്ര്യം റദ്ദ് ചെയ്തു. ഏതു കൊളംബിയക്കാ രൻേറയും ചുണ്ടുകളിൽനിന്ന് അടൻ വീഴുന്ന ഉത്തരമില്ലാത്ത ഒരു ചോദ്യമുണ്ട്: "എന്നാണ് കൊളംബിയ ജനകീയഭരണത്തിലേയ്ക്കു തിരികെ വരുക?"

## 90 ശ. മ ശരിക്ക് 99 ശ. മ

ലിബറൽ പാർട്ടിയും യാഥാസ്ഥിതിക പാർട്ടിയും തമ്മിലുള്ള

സമരം നടന്നുകൊണ്ടിരിക്കയാണ്. ഷിക്കാഗൊ 'ഡെയിലി ന്യൂസ്'' പത്രലേഖകൻ ജോൺ മക്ക്ഡെർ മോട്ടിനോടു ഒരു അഭിമുഖ സംഭാഷണ മദ്ധ്യെ പ്രസിഡണ്ടു പിനില്ല പറഞ്ഞു കഴിഞ്ഞ കൊല്ലം മേല്പറഞ്ഞ സമരത്തിൽ 2000 പേൎക്ക് ജീവഹാനി വന്നെന്നു്. ഒളിപ്പോർ യുദ്ധമാണ് രണ്ടുകൂട്ടരും കെട്ടഴിച്ചു വിട്ടതു്. ''ലിബറൽ കക്ഷിക്കാർ യാഥാസ്ഥിതിക കക്ഷിക്കാരെ കൊല്ലും. യാഥാസ്ഥിതിക കക്ഷിക്കാർ തിരിച്ചടിക്കും, പകരം ചോദിക്കും. അങ്ങിനെ ഒരു കൊല്ലൽ മറെറാരു കൊല്ലലിനു കാരണമാകും'' പ്രസിഡണ്ടു് പിനില്ല വിവരിച്ചു. ഈ സമരത്തെ അമച്ചു ചെയ്യുവാൻ സാധിക്കുന്നില്ല എന്ന പരമാൎത്ഥമാണ് പിനില്ല ഭരണം ആക്ഷേപാൎഹമാക്കുന്നതു്. ''90 ശതമാനം പേരും എൻെറ ഭരണത്തെ പിന്താങ്ങുന്നു'' പിനില്ല മാക്ക്ഡോർ മോട്ടിനെ അറിയിച്ചു. അത്ഭുത ഭാവത്തിൽ മാക്ക്ഡോർ മോട്ടിൻെറ പുരികങ്ങൾ പൊന്തിവളഞ്ഞു. ''അല്ല, 99 ശതമാനം പേരും'' പിനില്ല തിരുത്തി. ഇൻടർ അമേരിക്കൻ പ്രസ്സ് കോൺഫ്രൻസിൽ എഡിനർ എച്ചാൺ ഡിയ കഴിഞ്ഞ ആറുകൊല്ലത്തെ ലിബറൽ_യാഥാസ്ഥിതിക സമരത്തിൽ 150,000 പേർ മരിച്ചെന്നു് പ്രസ്താവിച്ച കാൎയ്യം ഒരു പക്ഷെ പിനില്ല മറന്നിരിക്കാം.

## പിനില്ലയുടെ ശക്തിക്കു പിന്നിൽ

തൻെറ പാർട്ടിയുടെ എതിരാളികൾക്കു പുറമെ ജീവിച്ചിരിക്കുന്ന ഏഴു പഴയ പ്രസിഡണ്ടുമാരിൽ ആറു പേരും പിനില്ല ഭരണത്തിൻെറ വിമൎശകന്മാരാണ്. ഒരു പുതിയ കെട്ടിടം ഉൽഘാടനം ചെയ്തുകൊണ്ടു പിനില്ല പ്രസ്താവിച്ചു: ''എന്തു്, എൻെറ ഗവമ്മേണ്ടിനെ പററിയുള്ള മതിപ്പ് കുറയുന്നുണ്ടെന്നോ? പണ്ടു കാലത്ത് ലിബറൽ_യാഥാസ്ഥിതിക സമരങ്ങളെത്ര നടന്നു? ഇന്നു് ഏതു കൊളംബിയക്കാരനുമറിയാം അയാളുടെ വസ്തുക്കളും മാനവും ഗവ

മ്മേണ്ട സൈന്യം സംരക്ഷിക്കുന്നുണ്ടെന്നു്.'' രാജ്യത്തെ സാമ്പത്തികസ്ഥിതി നന്നു്, റോമൻ കത്തോലിക്കാ സഭ പ്രസിഡണ്ടിനെ അനുകൂലിക്കുന്നു, ഐക്യസംസ്ഥാനങ്ങൾ പിനില്ലയുടെ പക്ഷത്താണു്—ഇതെല്ലാം പിനില്ലയുടെ ശക്തി വർദ്ധിപ്പിക്കുന്നു.

## 'വൈവ' കമാർഗൊ

ഫെബ്രുവരി (1956) ആദ്യവാരത്തിൽ കൊളംബിയ തലസ്ഥാനമായ ബഗോട നഗരത്തിൽ കാളപ്പോരുത്സവം തുടങ്ങി. ആദ്യത്തെ കാളപ്പോർ ദിവസം പിനില്ലയെ നിഷ്ഠുരണം വിമർശിക്കുവാൻ മടികാട്ടാത്ത പഴയ പ്രസിഡണ്ടു് കമാർഗൊ ടിക്കററു വാങ്ങി സാന്താ മറിയ കാളപ്പോർ അങ്കണത്തിലേയ്ക്കു് കടന്നുവന്നു. ജനങ്ങൾ അദ്ദേഹത്തെ കണ്ട ക്ഷണത്തിൽ ഹർഷാരവം മുഴക്കി. ''വൈവ കമാർഗൊ'' വിളികൾ അവിടെയെല്ലാം മാറെറാലികൊണ്ടു. കുറച്ചു നേരത്തിനു ശേഷം പ്രസിഡണ്ടു് പിനില്ലയുടെ 22 വയസ്സുള്ള പുത്രി മറിയ യൂജീനിയയും അവരുടെ ഭർത്താവും പിനില്ലയുടെ സ്നേഹിതനായ പത്രാധിപർ മൊറീനയും അങ്കണത്തിനകത്തു് പ്രവേശിച്ച നിമിഷം മുതൽ അവർ ആസനസ്ഥരാകുന്നതുവരെ ജനങ്ങളവരെ കൂക്കി വിളിച്ചു, ആക്ഷേപിച്ചു.

വിവരമറിഞ്ഞ പ്രസിഡണ്ടു് പിനില്ല രോഷാകുലനായി. ''രാഷ്ട്രീയ പ്രകടനങ്ങൾക്കെതിരായി വേണ്ട നടപടികളെടുക്കുന്നുണ്ടെന്നു'' പ്രസ്താവിക്കുകയും ചെയ്തു.

## 'വൈവാ' പിനില്ല

പിന്നത്തെ ആഴ്ച. കാളപ്പോർ അങ്കണത്തിലെ ഇരിപ്പിടങ്ങളിൽ സിംഹഭാഗവും 15000 ഡോളർ ചിലവാക്കി സാധാരണ വേഷം ധരിച്ച പോല്ലീസുകാരും ഗവമ്മേണ്ടുജീവനക്കാരും കരസ്ഥമാക്കി. ആയുധങ്ങൾ ധരിച്ചാണോ മററുകാണികൾ എത്തിച്ചേ

രുന്നതു് എന്നറിയുവാൻ പ്രത്യേക ഏപ്പാടുകളും പിനില്ല ചെയ്തിട്ടുണ്ടായിരുന്നു. പിനില്ലയുടെ സ്വന്തം ആളുകൾ 'വൈവ പിനില്ല' വിളികൾ മുഴക്കിക്കൊണ്ടിരുന്നു. പനില്ലയുടെ എതിരാളികൾ ആക്ഷേപാർഹമായ പലതും പിറുപിറുത്തുകൊണ്ടിരുന്നു. എതിരാളികളെ മനസ്സിലാക്കിക്കഴിഞ്ഞ പിനില്ലയുടെ അനുയായികൾ കത്തികളും തോക്കുകളും പുറത്തേക്കെടുത്ത് എതിരാളികളുടെ മേൽ ചാടിവീണു. അടി, ഇടി, വെടി, കുത്ത്, വെട്ട്—ആകെ ഒരു യുദ്ധക്കളമായി ആ പ്രദേശം. ബഹളം കഴിഞ്ഞു നോക്കിയപ്പോഴോ? മരിച്ചവർ എട്ട്, പരുക്കേററവർ അമ്പതു്.

വിദേശ ലേഖകന്മാരയച്ച കേബിളുകളൊന്നും അവരുടെ വിദേശരാജ്യങ്ങളിലുള്ള പത്രമാപ്പീസുകളിൽ എത്തിയില്ല. ഈ സംഭവം റിപ്പോർട്ടുചെയ്ത 'എൽ കൊളംബിയാനൊ' അടക്കമുള്ള പത്രങ്ങളെല്ലാം പ്രസിദ്ധീകരണം നിർത്തേണ്ടിവന്നു. സന്ദർശകന്മാർ മുഖാന്തരമാണ് ഈ സംഭവത്തെ പററിയുള്ള വിശദ വിവരങ്ങൾ പുറത്തുവന്നതു്. ഏതായാലും പിനില്ലയുടെ പുതിയ 'പോല്ലീസ് നടപടി' വിചിത്രമായിരിക്കുന്നു.

## കർദ്ദിനാളുടെ ഇടയലേഖനം

ഒട്ടും മടിക്കാതെ കത്തോലിക്കാസഭ റോമൻ കത്തോലിക്കൻ പ്രസിഡണ്ടായ പിനില്ലയെ എതിർത്തു. കർദ്ദിനാൾ ലൂക്ക് ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. ബഗോട സംഭവം പറയാൻ കൊള്ളരുതാത്ത സംഭവങ്ങളിൽ ഒന്നാണെന്നും, അതുണ്ടാക്കിത്തീർത്ത പശ്ചാത്തലം ഗൗരവമുള്ളതും കുററാർഹവുമാണെന്നും, ആ സംഭവത്തെ നാം വെറുക്കുന്നതിൽ തെററില്ലെന്നും കർദ്ദിനാളിൻെറ ഇടയലേഖനം വിശദീകരിച്ചു. 'എൽ കത്തോലിസ്മൊ' എന്ന മതപ്പത്രം പിനില്ലയെ ശക്തിയായെതിർത്തു. സ്വേച്ഛാധികാരി പിനില്ലയുടെ ആജ്ഞപ്രകാരം നിറുത്തേണ്ടിവന്ന 'എൽടെമ്പൊ',

'എൽ എസ് പെക്ടഡോർ' എന്നീ പത്രങ്ങരം പുതിയ പേരുകളിൽ പ്രത്യക്ഷപ്പെട്ടു, പിനില്ലക്കെതിരായ മുഖപ്രസംഗങ്ങളോടുകൂടി.

ലിബറൽ കക്ഷി, യാഥാസ്ഥിതികകക്ഷി -- ഇതുവരെ രണ്ടു കക്ഷികരം മാത്രമെ കൊളംബിയയുടെ രാഷ്ട്രീയരംഗത്തു് കണ്ടിരുന്നുള്ളു. പിനില്ല ഒരു പുതിയ മൂന്നാം കക്ഷിയെ ഈയിടെ രാഷ്ട്രീയ രംഗത്താവതരിപ്പിച്ചു. രണ്ടുകാലിന്മേൽ നില്ക്കുമത്രെ ഈ മൂന്നാമത്തെ പാർട്ടി. തൊഴിലാളികളും പട്ടാളവും ആണു് അതിന്റെ രണ്ടുകാലുകരം.

## ക്രിസ്തുവിന്റേയും ബോളിവാറിന്റേയും പേരിൽ

ബഗോട നഗരത്തിലെ ബോളിവാർ 'പ്ലാസ'. വിമോചകൻ ബോളിവാറിന്റെ വലിയ പ്രതിമ. അതിനു താഴെ പ്രസംഗമണ്ഡപം. മണ്ഡപത്തിന്റെ പുറകിലായി ഉയരത്തിൽ യേശുക്രിസ്തുവിന്റെ തൂങ്ങപ്പെട്ട രൂപം. രൂപത്തിനിരുഭാഗത്തും കൊറിയൻ യുദ്ധത്തിലും ആഭ്യന്തരയുദ്ധത്തിലും മരിച്ച വീരയോദ്ധാക്കളുടെ ചിതാഭസ്മം ഉരംക്കൊള്ളുന്ന ചിത്രവേലയുള്ള ഭരണികരം. സ്വേച്ഛാധികാരി പിനില്ല താൻ അധികാരം പിടിച്ചു പററിയ സുദിനത്തിന്റെ മൂന്നാംവാർഷികം ആഘോഷിക്കുകയാണു്. കൊളംബിയക്കാർ 'പ്ലാസ'യിൽ തടിച്ചുകൂടി. അതുപോലെ സൈന്യം, നാവികപ്പട, വിമാനസേന എന്നീ വിഭാഗങ്ങളിൽ പെട്ടവരും വന്നുചേർന്നു. പിനില്ല പ്രസംഗമണ്ഡപത്തിൽ കയറി ഉച്ചത്തിൽ, 'മൂന്നാം ശക്തി'യുടെ സത്യവാചകം ചൊല്ലിക്കൊടുത്തു: "യേശുക്രിസ്തുവിന്റെ പേരിൽ രാഷ്ട്രപിതാവു് സൈമൺ ബോളിവാറിന്റെ പേരിൽ ഞങ്ങരം പ്രതിജ്ഞചെയ്യുന്നു, കൊളംബിയക്കാർ അവരുടെ രാഷ്ട്രീയ വിരോധങ്ങരം തുടച്ചു നീക്കി രാഷ്ട്രീയ പതാകക്കു കീഴിൽ അണിനിരക്കുന്നതുവരെ 'മൂന്നാം ശക്തി'യുടെ വിജയത്തിനായി വിശ്രമമില്ലാതെ യത്നിച്ചുകൊള്ളാമെന്നു്."

ളുടൻ യുവാക്കന്മാരുടേയും കൃഷിക്കാരുടേയും സ്ത്രീകളുടേയും സംഘടനകരം സത്യവാചകം ചൊല്ലി പ്രതിജ്ഞ ചെയ്തു. അങ്ങിനെ പിനില്ലയുടെ 'മൂന്നാം ശക്തി' ജനിച്ചു.

അതേ സമയം ലിബറൽ–യാഥാസ്ഥിതിക ഒളിപ്പോർ യുദ്ധത്തിന്ന് ഉരംനാട്ടുകളിൽ ശക്തി കൂടിക്കൂടി വരുന്നു.

## ഒരത്യാഹിതം !

ആഗസ്റ്റ് (1956) മാസം ആദ്യം ഒരത്യാഹിതം സംഭവിച്ചു. 30 ടൺ സാധനങ്ങരം കയററിയ ആറ് ഗവമ്മേണ്ടു ലോറികരം ബ്യൂന വെൻട്യൂറ തുറമുഖത്തുനിന്നു് 430 നാഴിക അകലെയുള്ള ബഗോടയിലേയ്ക്കു യാത്ര തിരിച്ചു. കോക നദീതടത്തിലെ 'കാലി' പട്ടണത്തിലെത്തിയപ്പോരം രാത്രിയായി. ലോറികളെല്ലാം ഒരിടത്തുനിത്തി ഡ്രൈവർമാർ ഉറങ്ങുവാൻ എവിടേയ്ക്കോ പോയി.

അദ്ധരാത്രി കഴിഞ്ഞപ്പോരം ഭയങ്കരമായ ഒരു പൊട്ടിത്തെറിക്കൽ ആ പട്ടണത്തെ പിടിച്ചു കലുക്കി. ഉറക്കത്തിൽനിന്നുണന്ന പട്ടണ വാസികരം ധൃതിയിൽ എഴുന്നേററ് പുറത്തേക്കിറങ്ങി നോക്കി. ലോറി കിടന്നിരുന്ന ദിക്കിൽനിന്നു് ചുവന്ന തീ നാക്കകരം ആകാശത്തിലേയ്ക്കുയന്നു. കറുത്ത പുക എല്ലായിടത്തും വ്യാപിച്ചു.

പട്ടണത്തിൻെറ നടുക്കായിരുന്നു ലോറികരം ഇട്ടിരുന്നതു്. ഭയവിഹ്വലരായ ജനങ്ങരം തെരുവുകളിൽ കൂടി ഓടി. ജനാലകളിൽനിന്നും വാതിലുകളിൽനിന്നും ചില്ലുകരം പൊട്ടിച്ചിതറി താഴെ വീണു. കെട്ടിടങ്ങരംക്ക കാര്യമായ കേടുകരം പററി. ഒരു സിനിമാ തിയേററർ നിലംപതിച്ചു. പാതിരികളും സ്കൗട്ടുകളും ടാക്സി ഡ്രൈവർമാരും ഇടിഞ്ഞു പൊളിഞ്ഞ വീടുകളിൽനിന്നും അപകടത്തിൽ പെട്ടവരെ രക്ഷിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഒരു ദൃക്ക്സാക്ഷി പറഞ്ഞു: "ഞാൻ എന്തൊക്കെ കണ്ടു! അർദ്ധനഗ്നരായ സ്ത്രീകൾ പിഞ്ചു കുട്ടികളെ എടുത്തുകൊണ്ട് തെരുവിൽ കൂടി ഓടുന്നു. "അയ്യൊ, അയ്യൊ! വിളികൾ. കുട്ടികളുടേയും സ്ത്രീകളുടേയും കരച്ചിൽ. ഒരു കുടുംബത്തിലെ പത്തംഗങ്ങൾ മരിച്ചു കിടക്കുന്നു...."

## ഫുട്ട്ബോൾ ഗ്രൗണ്ട് ശ്മശാനമായി

നേരം വെളുത്തു. ലോറി നിന്നേടത്ത് 190 അടി വീതിയും 30 അടി താഴ്ചയുമുള്ള വലിയ കിടങ്ങ്. തൊട്ടടുത്തുണ്ടായിരുന്ന പട്ടാളത്താവളത്തിൽ കിടന്നുറങ്ങിയിരുന്ന 320 പേരിൽ രണ്ടാളൊഴികെ മററുള്ളവരെല്ലാം അപ്രത്യക്ഷരായി. മറിഞ്ഞു വീണ കെട്ടിടങ്ങൾ, മതിലുകൾ. അവയ്ക്കിടയിൽ മരിച്ചവർ. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ശവങ്ങൾ ചീഞ്ഞളിഞ്ഞ മണം. കണ്ടു കിട്ടിയ ശവങ്ങൾ തൊട്ടടുത്തുള്ള ഫുട്ട്ബോൾ ഗ്രൗണ്ടിൽ കുഴിച്ചു മൂടി. 500 പേരുടെ ശവങ്ങൾ കണ്ടുകിട്ടി. പരുക്കു പററിയവർ 2000 വരും.

ലോറികളിൽ നിറച്ചിരുന്നതു് എന്തു സാധനങ്ങളായിരുന്നു? സൈനികോപകരണങ്ങൾ, വെടിമരുന്നു്, ബോംബുകൾ, കാർബൈൻസുകൾ? "അല്ല, മരാമത്തു വകുപ്പിലേയ്ക്കാവശ്യമുള്ള ഡൈനാമൈററുകൾ" ഗവമ്മേണ്ടു പറഞ്ഞു. അത്യാഹിതത്തിനു കാരണം? "ഗവമ്മേണ്ടെതിരാളികളായ അട്ടിമറിക്കാർ" എന്നായിരുന്നു ഗവമ്മേണ്ടിൻെറ മറുപടി. ശരി. ആപത്തുണ്ടാക്കുന്ന ലോറികൾ പട്ടണമദ്ധ്യത്തിൽ ഇടാൻ ആരു പറഞ്ഞു? മറുപടി ഇല്ല.

പിനില്ല വെറുതെയിരിക്കുന്നില്ല. സ്വേച്ഛാധിപതിയാണ് താനെങ്കിലും പിനില്ല രാഷ്ട്രനിർമ്മാണത്തിൽ വ്യാപൃതനായി.

## കോക നദീതടം ഉണരുന്നു

കോക നദി തെക്കൻ കൊളംബിയയിലെ പട്ടക്കുററൻ പവ്വതങ്ങളിൽനിന്നു തുടങ്ങി, പതഞ്ഞുപൊങ്ങി കുതിച്ചു ചാടി പാറകളരിഞ്ഞു്, പവ്വത പാശ്വത്തിൽ കൂടി കീഴ്പോട്ടു ചാടി താഴ്വരയിൽ കൂടി അതിവേഗം ഒഴുകുന്നു. 12 നാഴിക വീതിയും 125 നാഴിക നീളവുമുണ്ടു് കോക നദീ തടത്തിന്നു്. ഇവിടെ നേന്ത്രവാഴയും കരിമ്പും ഉരുളക്കിഴങ്ങും കാപ്പിയും നന്നായി വളരുന്നു. കന്നുകാലി വളത്തൽ കേന്ദ്രങ്ങളും ഒട്ടേറെയുണ്ടു്. 5 ലക്ഷം ജനങ്ങൾ ഈ നദീതടത്തിൽ താമസിക്കുന്നു. ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വെള്ളപ്പൊക്കങ്ങളാണ് ഫലഭൂയിഷ്ഠമായ ഈ നദീതടത്തിന്റെ ശത്രു.

രണ്ടു വഷങ്ങൾക്കു മുമ്പു് വ്യവസായ പ്രമുഖന്മാരുടെ അപേക്ഷയനുസരിച്ചു് പിനില്ല ഐക്യസംസ്ഥാനങ്ങളിലെ മണ്ണിൽ സ്വണ്ണം വിളയിച്ച 'ടെനസ്സി വാലി അതോറിട്ടി'യുടെ ജനയിതാവായ ഡേവിഡ് ലലിയന്തളിനെ കൊളംബിയയിലേക്കു ക്ഷണിച്ചു. അണകെട്ടി, വിദ്യുച്ഛക്തിയുല്പാദിപ്പിക്കുന്നതിനും, വെള്ളപ്പൊക്കങ്ങളെ നീക്കുന്നതിനും, കനാലുകൾ വഴി കൃഷിയാവശ്യത്തിലേക്കു നദീ ജലം നല്കുന്നതിനും, 30 ലക്ഷം ഏക്ക് ഈ നദീതടം അധിവാസയോഗ്യമാക്കുന്നതിനും ലലിയന്തൾ ഒരു പദ്ധതി തയ്യാറാക്കി—'കോക വാലി കോർപറേഷൻ.' ലോക ബാങ്ക് നല്കിയ കടം ഈ വലിയ നദീതട വികസനപദ്ധതി കെട്ടിപ്പടുക്കുവാൻ ഉപയോഗിക്കുകയാണ് പിനില്ല.

പ്രസിഡണ്ടു് പിനില്ലയുടെ സമ്പത്തു് വികസനപദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു — 10ലക്ഷം ഏക്കർ സ്ഥലം കൃഷിക്കായി വീണ്ടെടുക്കുവാനുള്ള പദ്ധതി, കൃഷിക്കാക്കു് നികുതിയിളവ്, കൃഷിക്കാക്കു് കൃഷിക്കായി ഗവമ്മേണ്ടുപണം, കൃഷിക്കായി

ട്രാക്ററുകൾ, കൃത്രിമവളങ്ങൾ, കൂടുതൽ വിളവുണ്ടാക്കുന്ന വിത്തുകൾ, കൂടുതൽ കൃഷി വിദ്യാഭ്യാസകേന്ദ്രങ്ങൾ, കൃഷിവികസന പദ്ധതികൾ. കൃഷികാര്യത്തിൽ തെക്കെ അമേരിക്കയുടെ മുൻപന്തിയിലായിരിക്കണം കൊളംബിയ എന്നാണ് പിനില്ലയുടെ പക്ഷം.

## 13-ാം നമ്പർ കന്നുകാലികൾ

കന്നുകാലി വളർത്തൽ വിദഗ്ദ്ധനാണ് പ്രസിഡണ്ട് പിനില്ല. അദ്ദേഹത്തിനു സ്വന്തമായി 9 കന്നുകാലിവളർത്തൽ താവളങ്ങളുണ്ട്. '13' എന്നു മുദ്രകുത്തിയ അനേകായിരം കന്നുകാലികളും. എന്താ ഈ '13'? 1953 ജൂൺ 13ാം തിയ്യതിയാണ് സൈനിക വിപ്ലവംവഴി പിനില്ല അധികാരം പിടിച്ചു പററിയതു്. ആ സാഹസത്തിൻെറ ഓർമ്മക്കായാണ് കന്നുകാലികൾ '13' ചുമന്നു കൊണ്ടുനടക്കുന്നതു്. പ്രസിഡണ്ടിനു് വിശ്രമമെടുക്കണമെന്നു തോന്നിയാൽ അദ്ദേഹം തൻെറ മെൽഗാർ കന്നുകാലിവളർത്തൽ താവളത്തിലേക്കു പോകും. അവിടെ നിന്നും ബഗോട നഗരത്തിലേക്കു തീവണ്ടിപ്പാതയുണ്ട്. ബെരാസ്റ്റിഗ്വിയിൽ അദ്ദേഹത്തിനു് 17000 ഏക്കർ വരുന്ന മറെറാരു കന്നുകാലിത്താവളമുണ്ട്. അതിൻെറ കുറഞ്ഞവില 25 ലക്ഷം പിസൊ വരും. ലേലംവിളിയിൽ ഒരാൾ 8ലക്ഷം പിസൊക്കു വിളിച്ചു, പിനില്ല 17ലക്ഷം പിസൊക്കും. അദ്ദേഹം ഇന്നീ കന്നുകാലിവളർത്തൽ താവളത്തിൻെറ ഉടമയാണ്. ഗമാറയിലുള്ള അദ്ദേഹത്തിൻെറ കന്നുകാലിത്താവളം വാങ്ങിക്കുന്നതിനു് പിനില്ലക്കു് ഒന്നും കൊടുക്കേണ്ടിവന്നില്ല. 5ലക്ഷം പിസൊ കൊടുത്തദ്ദേഹം ഗമാറ കന്നുകാലിവളർത്തൽ താവളം വാങ്ങി. വലിയ ഉപയോഗമില്ലാത്ത അതിൻെറ പകുതി അദ്ദേഹം വിററു 5ലക്ഷം പിസൊക്കു്. അങ്ങിനെ വാങ്ങിയതു് പിനില്ല ഗവർമ്മേണ്ടിൻെറ ഒരു ഏജൻസിയും.

## 'ചില്ലറ'യായി വേണ്ട!

പിനില്ലയെ പററി ഒരു തമാശയുണ്ട്. കൊളംബിയക്കാക്ക് എത്ര ആവത്തിച്ചാലും മതിവരാത്ത തമാശ! പിനില്ല ഒരു കന്നുകാലി വളത്തൽ താവളം സന്ദശിച്ചു. ഒന്നാന്തരം കാളകഠം! പിനില്ലയ്ക്കു കുറച്ചു കാളകളെ കിട്ടണം.

പിനില്ല: എനിക്കൊരു കാളയെ വേണം. എന്താവില?

ഉടമസ്ഥൻ: പ്രസിഡണ്ടിൻെറ കയ്യിൽനിന്നു ഞാൻ പണം വാങ്ങില്ല. ഒരു കാളയെ സമ്മാനമായി തരാം.

പിനില്ല: പ്രസിഡണ്ടിനു് സമ്മാനങ്ങഠം സ്വീകരിക്കാൻ പാടില്ലെന്നറിഞ്ഞുകൂടെ? ഒരു കാളയെ വേണം താനും.

ഉടമസ്ഥൻ: ശരി. ഒരു കാളയെ തരാം— ഒരു പിസൊ വില.

പിനില്ല അഞ്ചു പിസൊയുടെ ഒരു നോട്ടെടുത്തു കൊടുത്തു.

ഉടമസ്ഥൻ: ചില്ലറയില്ലല്ലൊ, നാലു പിസൊ മടക്കി തരാൻ.

പിനില്ല: ചില്ലറ വേണ്ട. വേറെ നാലു കാളകളെ തന്നാൽ മതി.

അദ്ധ്യായം:

ഒമ്പതു്.

# ഇക്വഡോർ.

## —വ്യാഘ്രാഷ്ട വിപ്ലവങ്ങളുടെ രാജ്യം.

"Early this year (1956) five young protestant missionaries, impelled by the biblical command: 'Go ye... to every creature", offered up their lives in Ecuador's dense jungles in an attempt to win the Auca Indians. - one of the most feared and savage Stone-Age tribes left on earth."

"Their campaign was audacious, ingeniously conceived, and infused with the spirit which sent Christian faith and light flaming through the world more than 1900 years ago".

—ABE C. VAN DER PUY.

സ്പാനിഷ് ഭാഷയിൽ ഇക്വഡോർ എന്നതിന്നു ഭൂമദ്ധ്യരേഖ എന്നർത്ഥം. ശരിക്കും ഭൂമദ്ധ്യരേഖയിൽത്തന്നെയാണ് ഇക്വഡോറിൻെറ കിടപ്പ്. 1941-ൽ പ്രസിദ്ധീകരിച്ച ലുഡ്‌വിഗ് ബെഹൽമാൻെറ 'കഴുത അകത്ത്' എന്ന ഇക്വഡോറിനെപ്പററിയുള്ള സഞ്ചാര വിവരണത്തിൽ ജുവാൻ പലേഷ്യോസ് പ്രഭു പറയുന്നു: "എല്ലാ വ്യാഴാഴ്ചയും ഉച്ചതിരിഞ്ഞു 2½ മണിക്ക് ഇവിടെ വിപ്ലവമാണ്. ഒരു നിശാക്ലബ്ബ് ഭരിക്കുന്നപോലെയാണ് ഞങ്ങളുടെ രാജ്യം ഭരിക്കപ്പെടുന്നത്." ജപ്പാനിൽ ഭൂമികുലുക്കം വരുന്നപോലെയാണ് ഇക്വഡോറിൽ വിപ്ലവം. സാമ്പത്തികമായി പിന്നണിയിലാണ്, ദരിദ്രയാണ്. 9500 അടി ഉയരത്തിലുള്ള ഒരു പവിത്ര പീഠത്തിൽ ഇരിപ്പാണ് തലസ്ഥാന നഗരമായ ക്വയറെറാ. ക്വയറെറാ ഇന്നും 17-ാം ശതകത്തിൽത്തന്നെ ജീവിക്കുന്നു. വരുന്ന സന്ദർശകരെ സ്വീകരിക്കുന്നത് പള്ളിമണികളും ചെരിപ്പില്ലാതെ നടന്നകലുന്ന റെഡ്ഡിന്ത്യരുമാണ്. കുറച്ചുകാലം മുമ്പ് ഈ രാജ്യത്തെ "തിരുഹൃദയത്തിൻെറ റിപ്പബ്ളിക്ക്" എന്നാണ് വിളിച്ചിരുന്നത്. കാരണം, അത്രയ്ക്കധികമാകിരുന്നു റോമൻ കത്തോലിക്കസഭയുടെ പ്രേരണാശക്തി. അവിടത്തെ സ്വർണ്ണപ്പള്ളികളുടെ കീർത്തി ഇന്നും നിലനിന്നു പോരുന്നു. ഒരു ക്വയറെറാ പള്ളി എട്ടു വമ്പൻകെട്ടിടങ്ങളടങ്ങിയതാണ്. ക്വയ

ററായുടെ മുക്കാൽ ഭാഗവും പള്ളി സ്വത്താണ്. പക്ഷേ ഇന്നു് കത്തോലിക്ക സഭയും രാഷ്ട്രവും ഒന്നല്ല, രണ്ടാണ്. രജിസ്റ്റർ വിവാഹത്തിനും വിവാഹമോചനത്തിനും നിയമസാധുതയുണ്ട്. വിവാഹിതയായ ഒരു വനിതയ്ക്ക് ഇന്നു് ഒരു കാഫേയിൽ കയറി ഭക്ഷണം കഴിയ്ക്കാം, കാരണോന്മാരുടെ ദ്വേഷ്യപ്പെടലും മററുള്ളവരുടെ അപഹാസം നിറഞ്ഞ നോട്ടങ്ങളും സഹിയ്ക്കാതെതന്നെ. ഇങ്ക–റെഡ്ഇന്ത്യൻ പാരമ്പര്യങ്ങൾ നന്നായി വേരൂന്നുക ഉണ്ടായില്ല ഇക്വഡോറിൽ.

## അഗ്നിപർവ്വതങ്ങൾ

മഴവില്ലിലെ എല്ലാ നിറങ്ങളുംകലർന്ന വസ്ത്രമണിഞ്ഞ റെഡ്ഇന്ത്യരുടേയും ചുവന്ന മണ്ണുള്ള കടൽത്തീരപ്രദേശത്തിൻേറയും ഭൂമധ്യരേഖയിൽ മഞ്ഞത്തൊപ്പിയിട്ടു നില്ക്കുന്ന കൊടുമുടികളുടേയും രാജ്യത്തിൻെറ പകുതിയോളം വരുന്ന പച്ചവനങ്ങൾ പൊതിഞ്ഞ പീഠഭൂമികളുടേയും നാടാണ് കൊളംബിയയ്ക്കും പെറുവിനും മധ്യേ തെക്കേ അമേരിയ്ക്കയുടെ വടക്കു പടിഞ്ഞാറെ അററത്തു കിടക്കുന്ന ഇക്വഡോർ. അവിടെ നിന്നും 600 നാഴിക അകലെയാണ് ഇക്വഡോറിൽപ്പെട്ട ദ്വീപായ ഗാലപ്പഗോസ്. ഈ ദ്വീപിലാണ് ചാൾസ് ഡാർവിൻ ആദ്യമായി ഗവേഷണങ്ങൾ നടത്തി തൻെറ പരിണാമസിദ്ധാന്തത്തിനു് പൂർണ്ണരൂപം നല്കിയതു്. ഉറുഗ്വായെ മാററി നിർത്തിയാൽ തെക്കേ അമേരിയ്ക്കയിലെ ഏററവും ചെറിയ റിപ്പബ്ളിക്കാണ് ഈ രാജ്യം. സ്വാഭാവികമായി ഈ പ്രദേശത്തെ മൂന്നായി തരം തിരിയ്ക്കാം—പടിഞ്ഞാറെ താഴ്ന്ന പ്രദേശം, ആൻഡിയൻ പീഠഭൂമികൾ, പരന്ന മൈതാനങ്ങൾ. അഗ്നിപർവ്വതങ്ങൾ, ഭൂമികുലുക്കങ്ങൾ, വിഷമുള്ള പാമ്പുകൾ ഇവയുടെ ശല്യമുണ്ട് ഇക്വഡോറിൽ. കൗതുകവും നീളവും സംഗീതവും ഉൾക്കൊള്ളുന്ന പേരുകളാണ് ഇക്വഡോറിലുള്ളതു്.

20516 അടി ആകാശത്തിലേയ്ക്കു് കുത്തിക്കയറുന്ന കൊടുമുടിയാണു് ചിമ്പുറാസ. കോട്ടൊകാച്ചി, പിച്ചിഞ്ച എന്നിവയാണു് മററു രണ്ടു പൎവ്വതശിഖരങ്ങൾ. കിഴക്കെ ആൻഡീസ് നിര 8500 തൊട്ടു് 14000 അടി വരെ പൊക്കമുള്ള പീഠഭൂമിയായി പരന്നു കിടക്കുന്നു. അവിടത്തെ കൊടുമുടികളാണു് ആൻടിസാന, കായാമ്പി, കോട്ടൊപാക്സി. ലോകത്തിലെ ഏററവും പൊക്കം കൂടിയ അഗ്നിപൎവ്വതമാണു് 19,613 അടി ഉയരമുള്ള കോട്ടൊപാക്സി. മിക്ക അഗ്നിപൎവ്വതങ്ങളും വെളുത്ത മഞ്ഞു കോളറുകൾ ധരിച്ചു നില്ക്കുന്നു. അതേ സമയം സീഗററോ ബീഡിയോ വലിയ്ക്കാതെ വെളുത്ത പുകയും തീപ്പൊരികളും വായിൽക്കൂടി മേല്പോട്ടുതിക്കൊണ്ടുമിരിയ്ക്കുന്നു. ഒരു ആൻഡീസ് ഹിമശിലയിൽ നിന്നുത്ഭവിച്ച ഗ്വയാസ് നദി അതിവേഗം ശാന്തസമുദ്രത്തിലെത്തുന്നു. അതിൻെറ നദീമുഖത്താണു് ഗ്വായാക്വിൽ തുറമുഖം. ആസ്മെറേൾഡാസ്, വിൻസസ്, ദൗളി എന്നീ നദികളും ശാന്തസമുദ്രത്തിൽ പതിയ്ക്കുന്നു. പാസ്റ്റാസ നദി അമെയ്സോൺ വനങ്ങളിൽക്കൂടി ഒഴുകുന്നു. താഴ്ന്ന പ്രദേശത്തു ചൂടാണു്, പീഠഭൂമികളിൽ തണുപ്പും. സ്വൎണ്ണം, വെള്ളി, ഈയ്യം, കസ്തൂരി, ചെമ്പു്, ഇരുമ്പു്, ഉപ്പു്, ഗന്ധകം എന്നിവ ലഭിയ്ക്കുന്നുണ്ടു്. ഗ്വായാക്വിൽ പ്രദേശത്തു നിന്നു് എണ്ണ കിട്ടുന്നു. ഒന്നും ധാരാളമായില്ല. മണ്ണു നല്ല വളമുള്ളതാണു്. ബൽസാവൃക്ഷങ്ങളിൽ നിന്നു തോണികളും ലൈഫ് ബൽട്ടുകളും ഉണ്ടാക്കുന്നു. ടാഗ്വ വൃക്ഷത്തിൽനിന്നു ബട്ടനുണ്ടാക്കുവാനുള്ള വെളുത്ത ചിരട്ടയും കപോക്കു് എന്ന സില്ക്കു പരുത്തിച്ചെടിയിൽ നിന്നു കിടക്കയും തലയിണയും നിറയ്ക്കുവാനുള്ള സാധനവും കിട്ടുന്നു. മൃഗങ്ങളധികമില്ലെങ്കിലും പക്ഷികൾ ധാരാളമുണ്ടു്. ഏററവും ഭംഗിയുള്ളതു് 'മൂളിക്കിളി'യാണു്. വലിയ കൗതുകമുള്ള കോൺഡോർപക്ഷിയും, ഒമ്പതു തൊട്ടു പതിനാലടി വരെ ചിറകുകൾക്കു വീതിയുള്ള ഭീമകായനായ കഴുകനും ഇക്വഡോർ സ്വദേശികളാണു്. ഈ രാജ്യത്തിൻെറ അതിൎത്തി

കരം ഇനിയും ക്ലിപ്തമല്ല. ഔദ്യോഗികമായി 6 ഭൂപടങ്ങളുണ്ട് ഇക്വഡോറിൽ.

31 ലക്ഷം ജനങ്ങളിൽ പകുതിയും റെഡ്ഇന്ത്യരാണ്. അധികം പേരും പഴയ പാരമ്പര്യങ്ങൾ പുലർത്തിപ്പോരുവാൻ താല്പര്യപ്പെടുന്ന, കിച്ചുവാൻഭാഷ സംസാരിക്കുന്ന, ഇങ്കാ–റെഡ്ഇന്ത്യരുടെ പിൻഗാമികളാണ്. ഔദ്യോഗികഭാഷ സ്പാനിഷ് ആണ്. നീഗ്രോകൾ വളരെ കുറവ്. രാഷ്ട്രീയ കാര്യങ്ങളിൽ ഉയർന്ന നഗരമായ കിയറേറാവും താഴ്ന്ന കടൽത്തീരനഗരമായ ഗ്വായകിലും തമ്മിൽ മത്സരമാണ്. ധനവാന്മാർ കുറച്ചുപേർ, ദരിദ്രർ ലക്ഷക്കണക്കിന്. അനാരോഗ്യവും നിരക്ഷരതവുമാണ് ഈ രാഷ്ട്രത്തെ പുരോഗതിയിൽനിന്നും അകററി നിർത്തുന്നത്.

## ഉടുപ്പും നടപ്പും

സ്ത്രീപുരുഷന്മാരിലധികവും 'പോഞ്ചോസ്' എന്ന ഒരു തരം കമ്പിളിപ്പുതപ്പു ധരിക്കുന്നു. നടുക്കു തല കടത്തുവാൻ ഒരു ദ്വാരമുണ്ടായിരിക്കും. അവർ ഉപയോഗിക്കുന്ന 'ഫെൽററ്' തൊപ്പി വളരെ വലുതാണ്. അററം സോസർപോലെ മുകളിലേക്കു പൊങ്ങി മടങ്ങിയിരിക്കും. സ്ത്രീകൾ നീളം കൂടിയ പാവാടകളും പഞ്ചാബി സ്ത്രീകളുടേതുപോലുള്ള ചുമൽ മുണ്ടും ധരിക്കുന്നു. ഭൂരിപക്ഷവും അഡോബ് (മൺ) കുടിലുകളിൽ താമസിക്കുന്നു. കുടിലുകൾക്കു വിവിധ നിറത്തിലുള്ള ചായം കൊടുത്തിരിക്കും. ഭൂവുടമകൾ അവരുടെ വലിയ എസ്റ്റേററുകൾക്കു നടുക്കുള്ള വലിയ കൊട്ടാരസമാനമായ കെട്ടിടങ്ങളിൽ താമസിക്കുന്നു. ജനതയിൽ 80 ശതമാനം പേരും നാട്ടിൻപുറങ്ങളിൽ ജീവിക്കുന്നു. ഒരു ചതുരശ്രനാഴിക സ്ഥലത്ത് 12 പേരിൽക്കൂടുതൽ താമസമില്ല. പ്രധാന തൊഴിൽ കൃഷിതന്നെ. 'ഹാസിയൻഡൊ' എന്ന വലിയ എസ്റ്റേററുകളിൽ കക്കാവോയും (അതിൽനിന്നാണു കൊക്കോ കിട്ടുന്നത്)

കരിമ്പും നന്നായി വളരുന്നു. മലയുടെ താഴ്വരകളിൽ റെഡ്ഡിന്ത്യർ സമൂഹങ്ങളായി പാൎക്കുന്നു. ഓരോ കുടുംബത്തിനും സ്വന്തമായി കൃഷിയിടമില്ല. കൂട്ടകൃഷിയാണവരുടേതു്. എല്ലാവരും ഒരുമിച്ചു കൃഷി ചെയ്യുന്നു. വിളയുന്നതു് പകുത്തെടുക്കുന്നു. അവരുടെ ചില കൃഷിയിടങ്ങൾ മലയോരങ്ങളിൽ ഏതാണ്ടു നെട്ടനെ കീഴ്പോട്ടുകിടക്കുന്നു. പാറക്കല്ലുകൾ പെറുക്കിവെച്ചാണു് അതിൎത്തികളിടുന്നതു്. കമ്പിളി നിൎമ്മിക്കുക, പനാമത്തൊപ്പികളുണ്ടാക്കുക, തുണി, ചെരുപ്പ്, സോപ്പ്, മദ്യം എന്നിവ ഉല്പാദിപ്പിക്കുക—ഇതെല്ലാമാണു് മററു വ്യവസായങ്ങൾ. പാൻ–അമേരിക്കൻ ഹൈവേയും തീവണ്ടിപ്പാതകളും ഉണ്ടെങ്കിലും ഗതാഗത സൗകര്യങ്ങൾ പരിമിതമാണു്. ക്വയററൊ, ക്യൂയൻക (പകുതി പനാമത്തൊപ്പികളും ഇവിടെ നിൎമ്മിക്കുന്നു.), ഗ്വായാക്വിൽ,റയോബാംബ (ചിമ്പറോസ കൊടുമുടിയുടെ തണലിൽ കിടക്കുന്ന ഈ നഗരം മേൽപ്പുരയില്ലാത്ത മാൎക്കററുകൾക്കും റസ്റ്റോറണ്ടുകൾക്കും പ്രസിദ്ധമാണു്; ഏററവും വലിയ കന്നുകാലിച്ചന്തയും ഇവിടെ തന്നെ) എന്നിവയാണു് പ്രധാന നഗരങ്ങൾ.

100–ൽ 50 പേൎക്കും അക്ഷരാഭ്യാസമില്ല. ക്വയറേറാവിൽ 3 സൎവ്വകലാശാലകളും 3 സംഗീത വിദ്യാലയങ്ങളും ഉണ്ടു്. എല്ലാം ഗവൺമെണ്ടു നടത്തുന്നു. ഇക്വഡോറിനു് ഔദ്യോഗികമായി ഒരു മതമില്ല. കുറേക്കാലത്തേയ്ക്കു വിദേശമിഷ്യനറിമാൎക്കു പ്രവേശനമില്ലായിരുന്നു അവിടെ. 19–ാം ശതകത്തിൽ മാത്രമേ റോമൻകത്തോലിക്കൎക്കു പരസ്യാരാധനയ്ക്കു് അനുവാദം ലഭിച്ചുള്ളു. 1877–ൽ പൂൎണ്ണമതസ്വാതന്ത്ര്യം അനുവദിയ്ക്കപ്പെട്ടു.

ചന്ത ദിവസങ്ങളിൽ ഇക്വഡോർകാർ നന്നായി വസ്ത്രധാരണം ചെയ്തു ചന്തയിൽ പോയി സ്നേഹിതന്മാരോടു തമാശ പറഞ്ഞു ചിരിക്കുന്നു അവൎക്കു് അവരുടെ 'സാൻജ്വാനിതൊ' 'കാച്ചുള്ളാപി' എന്നീ ദേശീയ നൃത്തങ്ങളിൽ വലിയ ഭ്രമമാണു്.

വിശേഷദിവസങ്ങളിലെല്ലാം നൃത്തങ്ങൾക്കു വലിയ പ്രാധാന്യമുണ്ട്. ഞായറാഴ്ച ഉച്ചതിരിഞ്ഞാൽ അവർ കാളപ്പോരു കാണുവാൻ തിങ്ങിക്കൂട്ടുകയായി.

കഴിഞ്ഞ 20 കൊല്ലത്തിനകം ഇക്വഡോർ 12 ഭരണഘടനകൾ സ്വീകരിച്ചു, ഉപേക്ഷിച്ചു. നിലവിലിരിക്കുന്ന ഭരണഘടനപ്രകാരം തിരഞ്ഞെടുത്ത പ്രസിഡണ്ട് മന്ത്രിസഭയുടെ സഹായത്തോടെ 4 കൊല്ലം ഭരിക്കുന്നു. സെനററും ജനപ്രതിനിധിസഭയും കൂടിയതാണ് കോൺഗ്രസ്സ്. പ്രായപൂർത്തി വന്ന പുരുഷന്മാർ വോട്ടു ചെയ്യണമെന്നതു നിർബ്ബന്ധമാണ്. സ്ത്രീകൾക്കു വോട്ടു ചെയ്യാം, അല്ലെങ്കിൽ വേണ്ടെന്നു വെയ്ക്കാം.

ഇക്വഡോർ ആയിത്തീർന്ന 2000 വർഷങ്ങൾ പഴക്കമുള്ള ക്വയറെറാ രാജ്യം 1470–ൽ ഇങ്ക–റെഡ്ഇന്ത്യർ ആക്രമിച്ചു കീഴ്പെടുത്തി. 1532–ൽ ഇങ്ക–റെഡ്ഇന്ത്യരെ തുരത്തിപ്പായിച്ച് സ്പെയിൻകാർ ഈ പ്രദേശം കൈവശപ്പെടുത്തി.

1882-ൽ ഇക്വഡോർ സ്വതന്ത്രമായി. പിച്ചിഞ്ച യുദ്ധത്തിൽ വെച്ചാണ് സ്പെയിൻകാർ തോറേറാടിയതു്. സൈമൺ ബൊളിവാർ ഇക്വഡോറിനു് സ്വാതന്ത്ര്യം നേടിക്കൊടുത്തു. 1830–ൽ ഇക്വഡോർ കൊളംബിയയിൽനിന്നും വിട്ടകന്നു് ഒരു പ്രത്യേക റിപ്പബ്ളിക്കായി. ആദ്യത്തെ പ്രസിഡണ്ട് ജനറൽ ജൂവാൻ ജോസ് ഫ്ളോറസ് ആയിരുന്നു.

1897 വരെ ജനങ്ങളും കത്തോലിക്ക സഭയും തമ്മിൽ ഒരു സമരം നടന്നു. 1904–ൽ ലിബറൽ പാർട്ടി നേതാവ് പ്ലാസ പ്രസിഡണ്ടായി. അദ്ദേഹം കത്തോലിക്ക സഭയുടെ സ്വത്തെല്ലാം ഗവമ്മേണ്ടിലേക്കു കണ്ടുകെട്ടി. 1906–ൽ പഴയ പ്രസിഡണ്ട് അൽഫാറൊ കത്തോലിക്ക സഭയുടെ സ്ഥാനാർത്ഥിയിൽനിന്നു്

അധികാരം കവന്നെടുത്തു. അതോടെ ഒരു ലിബറൽ ഭരണ ഘടന രൂപംകൊണ്ടു.

20-ാംനൂററാണ്ടിന്റെ പിറവിയോടെ വിപ്ലവങ്ങൾ, നൂറ കണക്കിന്, വന്നും പോയും കൊണ്ടിരുന്നു. അധികം പ്രസിഡ ണ്ടുമാക്കും 4 കൊല്ലം തികച്ചും അധികാരത്തിലിരിയ്ക്കുവാൻ കഴി ഞ്ഞിട്ടില്ല. ഒരു കൊല്ലം രണ്ടു പ്രസിഡണ്ടുമാർ ഉണ്ടാവുക ചുരു ക്കമല്ല. അതിർത്തിത്തക്കങ്ങൾ കൊടുമ്പിരിക്കൊണ്ടു. ഇക്വഡോർ 1904-ൽ കുറേ പ്രദേശം ബ്രസീലിനും 1916-ൽ കുറച്ചു സ്ഥലം കൊളംബിയയ്ക്കും 1912-ൽ കുറച്ചു സ്ഥലം പെറുവിനും നല്ലുവാൻ നിർബ്ബന്ധയായി. ഇന്നും ഇക്വഡോറിന്റെ അതിർത്തികൾ നിർണ്ണ യിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

1950-നു ശേഷം ഇക്വഡോർ ഒരു പുതിയ യുഗത്തിലേയ്ക്കു കടന്നു. ഗവമ്മേണ്ടു ബജററ് ഇരട്ടിച്ചു, കയററമതി ഇരട്ടിച്ചു, കൊക്കൊ ഉല്പാദനം വളരെ വദ്ധിച്ചു, നേന്ത്രപ്പഴക്കയററമതി യിൽ ഇക്വഡോർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. “100പള്ളി കളുടേയും ഒരു കുളിമുറിയുടേയും നഗരം” എന്നറിയപ്പെട്ടിരുന്ന ക്വയറേറാവിൽ പുതിയ കെട്ടിടങ്ങളും തിയേററുകളും ഹോട്ടലു കളും നിശാക്ലബ്ബുകളും സ്ഥലം പിടിച്ചു. ഇന്നു പ്രസിഡണ്ട് ജോസ് മറിയ വാലസ്സോ ഇബാര ഇക്വഡോറിനെ പരിഷ്ക്കരിക്കു കയാണ്. എല്ലാ “വ്യാഴാഴ്ച വിപ്ലവ”ങ്ങളും അദ്ദേഹം നിഷ്ഠു രുണം അടിച്ചമത്തുന്നുണ്ട്.

## സ്നേഹസന്ദേശം

“നിങ്ങൾ പോകുവിൻ....ദൈവം സൃഷ്ടിച്ച എല്ലാവരുടെ അടുത്തും” ദൈവ സ്നേഹത്തെ അവരിലേയ്ക്കു പകത്തുവാൻ, എന്ന ക്രിസ്തുവിന്റെ ഉപദേശം പ്രായോഗികമാക്കുവാൻ കഴിഞ്ഞ

(1955) സപ്തംബർ മാസം ചെറപ്പക്കാരായ അഞ്ചു പ്രൊട്ടസ്റ്റണ്ട് മിഷനറിമാർ ഇക്വഡോറിലെ ഘോര വനാന്തരത്തിലേയ്ക്കു കടന്നു ചെന്നു. 1900 വഷങ്ങൾ ലോകത്തിനു വെളിച്ചം നല്കിയ ക്രിസ്തുവിൻെറ സന്ദേശം അവരെ എന്തു ത്യാഗത്തിനും തയ്യാറാക്കി. ക്രിസ്തുവിനു വേണ്ടി ഇതുവരെ ആരും ചെയ്യാൻ തുനിയാത്ത ഒരു പുതിയ സാഹസമായിരുന്നു അതു്. പുഴയ്ക്കക്കരെ അവരെ കൈ കാട്ടി വിളിക്കുന്ന ഘോര വനം അവിടെ താമസിക്കുന്നു 2000 പേർ വരുന്ന ഓക റെഡ്ഡിന്ത്യർ. ക്രിസ്തുവിൻെറ സന്ദേശം അവരിലേയ്ക്കെത്തിച്ചേർന്നിട്ടില്ല.

## എഡ്മാക്കള്ളി

എഡ്മാക്കള്ളി ഒന്നാന്തരം ഫുട്ട്ബോൾ കളിക്കാരൻ, കോളേജ് ക്ലാസ്സിലെ പ്രസിഡണ്ട്, മിടുക്കനായ വാഗ്മി, ധാരാളം വായിച്ചറിവുള്ള വ്യക്തി. അദ്ദേഹം നിയമം പഠിക്കാൻ തീരുമാനിച്ച് മാർ കെറ്റ് നഗരത്തിലെത്തി. പെട്ടെന്നദ്ദേഹത്തിനു തോന്നി ദൈവം തന്നെ ഒരു മിഷനറിയാകുവാൻ തീരുമാനമെടുത്തെന്നു്. ഒരു കൊല്ലത്തെ പഠനവും ശിക്ഷണവും മിഷനറി വിദ്യാലയത്തിൽ കഴിച്ച ശേഷം, പ്ലിമത്ത് ബ്രദറൻ അടിസ്ഥാന സഭയുടെ ആദ്ധ്യാനമനുസരിച്ച് മിഷനറി വേലക്കായി അദ്ദേഹം ഇക്വഡോറിലേയ്ക്കു പോയി.

## മനുഷ്യമാംസ സൂപ്പ്

ഓക റെഡ്ഡിന്ത്യർ! വനത്തിൽ കൂടി കുറച്ചകത്തേയ്ക്കു കടന്നു് ഓക വർഗ്ഗക്കാരുടെ ജീവിതരീതി ഒററ നോട്ടത്തിൽ കണ്ടു് പരിഭ്രാന്തനായി തിരിച്ചോടിവന്ന ഒരു വെള്ളക്കാരൻ പറഞ്ഞു: "അവർ മനുഷ്യരല്ല. മൃഗങ്ങൾ എത്രയോ ഭേദം. ലോകത്തിലെ ഏററവും കൊള്ളരുതാത്ത വർഗ്ഗം." ഓക വർഗ്ഗക്കാരുടെ അയൽക്കാരാണ്

ജവാറൊ വർഗ്ഗക്കാർ. ജവാറൊകൾ തല കൊയ്യേട്ടക്കൽ വിദഗ്ദ്ധ ന്മാരാണ്. കാണുന്നവരെയെല്ലാം കൊല്ലും, തല വെട്ടിയെടുക്കും. മനുഷ്യമാംസത്തിന്ന് 'നല്ല രുചി'യുണ്ടെന്നാണ് അവരുടെ പക്ഷം. 'മനുഷ്യമാംസ സൂപ്പ്" ബഹുവിശേഷമാണത്രെ. അവ ക്കതു് സർവ്വരോഗനിവാരണികൂടിയാണ്. ജവാറൊ യുവാവിൻെറ പൗരുഷം അവനെത്ര തല കൊയ്യേട്ടത്തു എന്നതിലാണ് നിക്ഷിപ്തം.

## നഗ്നതയിൽ പൊതിഞ്ഞ ഓകർ

ഭയങ്കരന്മാരായ ജവാറൊ വർഗ്ഗക്കാർ പോലും കിടുകിടാ വിറക്കും 'ഓക' എന്ന പേർ കേട്ടാൽ. ഇന്നും ശിലായുഗത്തിൽ ജീവിക്കുന്ന ഓക വർഗ്ഗക്കാർ സാമാന്യം വെളുത്ത സുന്ദരന്മാരാണ്. തികഞ്ഞ ആരോഗ്യമുള്ളവർ തന്നെ. സ്ത്രീകളും സുന്ദരികളാണ്. വസ്ത്രങ്ങൾ ധരിക്കുന്ന പതിവില്ല. സ്ത്രീപുരുഷന്മാർ ദേഹത്തു ചായം തേയ്ക്കാറുണ്ട്. മൂക്കു തുളച്ച് പൂക്കൾ തിരുകുമത്രെ അവർ. ചെവിയിലും പൂക്കൾ തിരുകും. സൗന്ദര്യ വർദ്ധനവ് ഇത്രയും ചെയ്തു കഴിഞ്ഞാൽ സാധിച്ചു കിട്ടി എന്നാണവരുടെ ഭാവം. ഭക്ഷണത്തിനുവേണ്ടി നായാട്ട്, പൗരുഷം നിലനിൎത്തുവാൻ മററ റെഡ്ഇന്ത്യൻ വർഗ്ഗക്കാരുമായി യുദ്ധം, വിനോദത്തിനുവേണ്ടി കൊന്നൊടുക്കൽ— അവർ സംതൃപ്തരായിത്തീരുന്നു. മനുഷ്യരെ കൊല്ലാൻ അവരുപയോഗപ്പെടുത്തുന്നതു സൂചിമുനയുള്ള ഒമ്പതടി കുന്തമാണ്. ഉന്നം പിഴക്കാതെ കുന്തമെറിയുന്നതിലുള്ള അവ രുടെ പാടവം ഏതവനേയും വിസ്മയിപ്പിക്കും. അവരെ പററി യുള്ള ഗ്രന്ഥങ്ങളും ലേഖനങ്ങളും തരുന്ന വിവരങ്ങൾ പരസ്പര വിരുദ്ധങ്ങളായതിനാൽ വിശ്വസനീയമല്ല. ഏതായാലും ഒരു കാര്യം തീർച്ച—വിദേശികളെ അവൎക്കിഷ്ടമല്ല. അങ്ങോട്ടുചെന്ന സന്ദർശകരാരും ജീവനോടെ മടങ്ങുകയുണ്ടായിട്ടില്ല.

## അധികംപേരും മടങ്ങിയില്ല

ഓക വർഗ്ഗക്കാരുടെ ജീവിതരീതിയെപ്പററി പഠിക്കുവാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. അതിനു ശ്രമിച്ച സംഘങ്ങളിലധികം പേരും ഓകരുടെ കൂർത്ത കുന്തങ്ങൾക്കിരയായി. മററുള്ളവർ ഭയവിഹ്വലരായി ഓടിപ്പോന്നു. അതുകൊണ്ട് ഗവമ്മെണ്ടവരെ ഒററപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ടെല്ലാം ക്രിസ്തുവിൻെറ സന്ദേശം അവരുടെ ദേശത്തെത്തിയില്ല.

മിഷനറി വിമാന സംഘത്തിലെ പേരെടുത്ത വൈമാനികനാണ് നെയ്ററ്. ആ വനങ്ങൾക്കു മുകളിൽക്കൂടി നെയ്ററിൻെറ 'പൈപ്പർ ഫാമിലി ക്രൂയിസർ' വിമാനം എത്രയോ പ്രാവശ്യം കടന്നു പോയിരിക്കുന്നു. എത്ര തന്നെ യത്നിച്ചിട്ടും നെയ്ററിനു് ഓക വർഗ്ഗക്കാരുടെ ഗ്രാമങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞില്ല.

## അതെന്താ?

നെയ്ററും എഡ്മാക്കള്ളിയും വിമാനത്തിൽ കയറി ഓക വർഗ്ഗക്കാരെ കണ്ടെത്തുവാനുള്ള ശ്രമമായി. വളരെ നേരം പറന്നു, വനങ്ങൾ ആകാശത്തുനിന്നും ചിപ്പുകൊണ്ട് ചീകി നോക്കുക തന്നെ ചെയ്തു. "അതെന്താ? ആ കാണുന്നതു്?" വിരൽ കീഴ്പോട്ടു ചൂണ്ടി മാക്കള്ളി ചോദിച്ചു. നെയ്ററ് സൂക്ഷിച്ചുനോക്കി. മരങ്ങൾ വെട്ടിമാററിയെടുത്ത ഒരു ചെറിയ തുറസ്ഥലം. മറെറാന്നു്. മറെറാന്നു്. ഓരോയിടത്തും ഓരോ വീടുകൾ വീതം. ഓക വർഗ്ഗക്കാരുടെ തന്നെ. രണ്ടുപേരും ആഹ്ളാദഭരിതരായി, ഓകരെ ക്രിസ്തുവിലേക്കാനയിക്കുവാനുള്ള ആദ്യത്തെ യത്നം ഫലപ്രദമായല്ലൊ.

തങ്ങൾ കണ്ടതു് സഹകാര്യ്യമായി ഷാണ്ടിയ മിഷൻ കേന്ദ്രത്തിലെ ജിം എലിയട്ടിനോടും പുയ പുംഗ്ഗ മിഷൻ കേന്ദ്രത്തിലെ

പീററ് ഫ്ളമിംഗിനോടും അവർ പറഞ്ഞു. ഓകരുടെ സങ്കേതങ്ങഠം കണ്ടെത്തിയെന്ന വാത്ത അവരുടെ ഹൃദയങ്ങളിൽ പൂമൊട്ടുകഠം വിടത്തി.

എന്നിട്ടും സംശയം. കാന്ത തിന്നുന്ന സംശയം. ആ സങ്കേതങ്ങഠം ഓക വർഗ്ഗക്കാരുടേതാണോ? സപ്തംബർ 29–ാംതിയ്യതി രണ്ട കപിച്ച്പ റെസ്റ്റിന്ത്യരേയും കയററി നെയ്ററ് വീണ്ടും പറന്നു. ആ സ്ഥലത്തെത്തിയപ്പോഠം കീഴ്പ്പോട്ട വിരൽ ചൂണ്ടിക്കൊണ്ട റെസ്റ്റിന്ത്യർ പറഞ്ഞു: 'ഓകർ, ഓകർ'. ഭയം അവരുടെ മുഖത്തു തങ്ങിനിന്നു. "ശരി". നെയ്ററിൻേറയും എഡ്മാക്കള്ളിയുടേയും നിഗമനം തെററല്ലായിരുന്നു.

## നാമഞ്ചുപേർ....നിശ്ചയങ്ങഠം

ഒക്ടോബർ 1-ാംതിയ്യതി രാത്രി. എഡ്മാക്കള്ളി, നെയ്ററ്, പീററ് ഫ്ളമിങ്ങ്, ജിം എലിയാട്ട്, റോജർ യൂഡെറിയൻ എന്നീ അഞ്ചുപേർ ഒരുമിച്ചിരുന്നു് ചില കാര്യങ്ങഠം നിശ്ചയിച്ചുറച്ചു: ഓകരുടെ ആത്മാക്കഠംക്കായുള്ള 'ദൈവവിളി' കരഗതമായിരിക്കണം, എല്ലാം രഹസ്യമായി വേണം, സവ്വ ചിലവുകളും 'നാം അഞ്ചുപേർ' തന്നെ പോക്കററിൽ നിന്നെടുക്കണം, വിവരം പരസ്യമാക്കുകയില്ലെന്ന കരാറിന്മേൽ ഭാൎയ്യമാരെ അറിയിക്കാം.

പ്രവത്തനം രഹസ്യമായി വേണം! എന്തുകൊണ്ട്? അതിനവക്ക് കാരണങ്ങളുണ്ട്. മിഷനറിമാർ ഓകരെ ക്രിസ്ത്യാനികളാകുവാനുള്ള സംരംഭം തുടങ്ങിയെന്നറിഞ്ഞാൽ എല്ലാത്തരം സാഹസികന്മാരും, പത്രലേഖകന്മാരും, ഫോട്ടോ ഗ്രാഫർമാരും ഓടിയെത്തും. അതരുതു്. ചില സാഹസികന്മാർ കൂടെ പോരും. ഓകർ തങ്ങളുടെ നാട്ടിലേയ്ക്കു കടന്നു വന്നവരെ എതിക്കാനാണ് ഭാവമെങ്കിൽ ഈ സാഹസികന്മാർ വെടിവെയ്ക്കും, ഓകരുടെ

അപ്രീതി സമ്പാദിക്കും, വളരെ കാലത്തേയ്ക്കു് ഓകരുടെ ഇടയിൽ പ്രവത്തിക്കുവാൻ സാദ്ധ്യമല്ലാതാകും. പണ്ടു് ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്.

## ഓപ്പറേഷൻ ഓക

മിഷനറിമാർ ഓകർ താമസിക്കുന്ന വനാന്തരത്തിലെത്തിയാൽ 'ഷോർട്ടു് വെയ്വ് റേഡിയോ' വഴി 'കോഡ്' ഭാഷയിൽ മിഷൻ കേന്ദ്രത്തിലേക്കു സ്ഥിതിവിവരങ്ങൾ അറിയിക്കുവാനും അവർ തീരുമാനിച്ചു. ഓക വർഗ്ഗക്കാരെ 'അയല്ക്കാർ' എന്നും ഓകരുടെ പ്രദേശത്തെ 'അയല്പക്കം' എന്നും വിളിക്കണമെന്നവർ നിശ്ചയിച്ചു. ഓക സങ്കേതത്തിനു് 'അററത്തെ നഗരം' എന്നും, മിഷ്യൻ ക്യാമ്പിനു് 'പാംബീച്ച്' എന്നും പേരിടുവാൻ ഉറച്ചു. ഓരോരുത്തരും അവസാനനിമിഷംവരെ സുവിശേഷവേല ചെയ്തുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്തു.

വിദേശികളെ കുറിച്ചു് ഓകക്കുള്ള ഭയം നീക്കി അവരുടെ സ്നേഹം സമ്പാദിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കി. 'ഓപ്പറേഷൻ ഓക' എന്നുപേരിട്ടു് അവർ തങ്ങളുടെ നവീനരീതിയിലുള്ള സുവിശേഷവേലയെ മാമോദീസ മുക്കിയെടുത്തു.

## ഡയ്യൂമയുടെ കഥ

പ്രവത്തനം ആരംഭിച്ചു. അന്വേഷണത്തിൽ ഒരു പെൺകുട്ടിയെ കണ്ടെത്തി. ഓക സമൂഹങ്ങൾ തമ്മിലുണ്ടായ യുദ്ധത്തിൽ എതിരാളികൾ ഡയ്യൂമ എന്ന ആ പെൺകുട്ടിയുടെ മാതാപിതാക്കന്മാരേയും ചെറിയ അനുജത്തിയേയും മച്ചീറ്റ് (വെട്ടുകത്തി) കൊണ്ടു് അരിഞ്ഞരിഞ്ഞു കൊന്നുകളഞ്ഞു. കണ്ടുകൊണ്ടു നിന്നിരുന്ന ആ പെൺകുട്ടി ആ ഭയങ്കരമായ കൂട്ടക്കൊലപാതകം സഹിച്ചില്ല. അവൾ കണ്ണീർ വാർത്തുകൊണ്ടു് ഘോരവനത്തിൽ

കൂടി അന്തംവിട്ടോടി, കചിച്ചച റെഡ്ഡിന്ത്യർ താമസിക്കുന്ന ഒരു സങ്കേതത്തിൽ രക്ഷതേടി. ഓക വർഗ്ഗത്തിൽ ജനിച്ചു വളൎന്ന അവൎക്കു ഓക ഭാഷ അറിയാമായിരുന്നു. കൂടാതെ കുറെക്കാലം അവർ കചിച്ചച റെഡ്ഡിന്ത്യരുടെ കൂടെ കഴിച്ചുകൂട്ടി. അതുകൊണ്ടു കചിച്ചച ഭാഷയും ഡയ്യൂമക്കു വശമായിരുന്നു.

കചിച്ചച റെഡ്ഡിന്ത്യരുടെ ഇടയിൽ സുവിശേഷവേലചെയ്തിരുന്ന ജിം എലിയട്ടിനും ഭാൎയ്യ ബെററിക്കും കചിച്ചച ഭാഷ അറിയാമായിരുന്നതുകൊണ്ടു അവർ നിഷ്പ്രയാസം ഡയ്യൂമയിൽനിന്നു ഓക ഭാഷയിലുള്ള കുറെ വാക്കുകളും വാചകങ്ങളും ഹൃദിസ്ഥമാക്കി.

## വക്കീൽ, വൈമാനികൻ, മിഷനറി

32 വയസ്സുകാരൻ നെയ്ററ് ആയിരുന്നു ആ കൂട്ടത്തിൽ ഏററവും പ്രായം കൂടിയ വ്യക്തി. ഭക്തരായ മാതാപിതാക്കന്മാൎക്കു ജനിച്ച നെയ്ററ് ചിത്രംവരയിൽ വിദഗ്ദ്ധനാണ്. കുറെക്കാലം അദ്ദേഹം വക്കീൽ ജോലി നോക്കി. പക്ഷെ 13ാമത്തെ വയസ്സിൽ 'ഓസ്റ്റിയൊ മൈലൈററിസ്'' രോഗം പിടിപെട്ടു് മരണത്തിൻെറ വക്കിലോളം എത്തിയ നെയ്ററ് ദൈവത്തോടു പ്രതിജ്ഞ ചെയ്തു 'താൻ ജീവിക്കുന്ന പക്ഷം, തൻെറ ജീവിതം ദൈവത്തിനു് അടിയറവെക്കുന്നതാണ്'' എന്നു്. ആ പ്രതിജ്ഞ നല്ല വക്കീലായ നെയ്ററിനെ സദാ അലട്ടികൊണ്ടിരുന്നു. അദ്ദേഹം മിഷനറിയായി. ഏഴു കൊല്ലങ്ങളായി മിഷൻ പ്രവൎത്തിക്കിറങ്ങിയിട്ടു്. 'ഷെൽ മേറ'യിൽ ഭാൎയ്യ മാൎജറിയോടുകൂടി സുവിശേഷ വേലയിൽ അമൎന്നു നെയ്ററ്. അദ്ദേഹത്തിനു് വിമാനം ഓടിക്കുന്നതിലായിരുന്നു കമ്പം, മാൎജറിക്കു് റേഡിയൊ വഴി സന്ദേശങ്ങളയക്കുന്നതിലും. ഇക്വഡോർ തലസ്ഥാനമായ ക്വയറെറാ നഗരത്തിൽ വിമാനം ഒരു മലയുടെ മുകളിലേക്കുയൎന്നപ്പോൾ എതിരെ വന്ന കൊടുങ്കാററു് നെയ്ററിൻെറ വിമാനത്തെ

കടന്നു പിടിച്ചു, അടിച്ചു താഴെയിട്ടു. ആ അപകടത്തിൽ നെയ്ററിൻെറ നട്ടെല്ലൊടിഞ്ഞു, കണ്ണിൻെറ കാഴ്ച പോയി. കുറച്ചാഴ്ചകൾക്കു ശേഷം അദ്ദേഹത്തിന് നഷ്ടപ്പെട്ട കാഴ്ച തിരികെ കിട്ടി. അതോടെ അദ്ദേഹം ധീരനായി കഴിഞ്ഞിരുന്നു. ഭയം അദ്ദേഹത്തിൽനിന്നും തീരെ വിട്ടകന്നു. "ഓകർ വിദേശികളെ കാണുന്ന ക്ഷണത്തിൽ കൊല്ലുന്നു" അദ്ദേഹം തൻെറ ഡയറിയിൽ കുറിച്ചു "പക്ഷെ ആരെങ്കിലും ക്രിസ്തുവിൻെറ സന്ദേശം അവക്കു നല്കണം. അവരുടെ പ്രദേശത്തിനപ്പുറം മററു വർഗ്ഗക്കാരുണ്ട്. ക്രിസ്തു മരിച്ചതു് അവക്കു കൂടിയായിരുന്നു." അല്ലെ?

## ദൈവമെ, ഓകരുടെ അടുത്തെന്നെ എത്തിക്കുക

വീററൺ കോളേജിലെ ഗുസ്തിച്ചാമ്പ്യൻ, വാദപ്രതിവാദത്തിൽ മിടുക്കൻ, അനുഗ്രഹീതനായ വാഗ്മി, ആത്മീയ നേതാവ്, ജിം എലിയട്ട് 1952ൽ ഇക്വഡോറിലെത്തി, മറെറാരു മിഷനറിയുടെ മകളായ ബെററിയെ വിവാഹം ചെയ്തു. സുന്ദരനും ആരോഗ്യവാനുമായിരുന്ന അദ്ദേഹം തൻെറ ഡയറിയിൽ എഴുതി: "നിങ്ങൾ എവിടെയായിരുന്നാലും ജീവിക്കുക, രസകരമായ ക്രിയാത്മകമായ ജീവിതം നയിക്കുക, ഏതു വിഷമസന്ധിയും-ദൈവഹിതമാണതെല്ലാം-തരണം ചെയ്യുക. ആത്മധൈര്യത്തെ കൈവിടരുതു്."

പുയുപുംഗ്ഗു, ഷാണ്ടിയ — ഇക്വഡോറിലെ നാപൊ നദീതീരത്തിൽ സ്ഥിതിചെയ്യുന്ന രണ്ടു മിഷൻ കേന്ദ്രങ്ങളാണവ. ആ രണ്ടിടത്തും എലിയട്ട് ദമ്പതികൾ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മിഷനറി വേലക്കു പുറമെ, ക്വിച്ചു റെസ്റ്റിന്ത്യക്ക് അവർ വൈദ്യസഹായം നല്കി. ശുചീകരണം, ആരോഗ്യ സംരക്ഷ എന്നീ വിഷയങ്ങളെ പററി അദ്ദേഹം തൻെറ ചുററുമുള്ള അപരിഷ്കൃതരെ പഠിപ്പിച്ചു. ക്വിച്ചു ഭാഷ വശമാക്കിയ എലിയട്ട്

രമ്പേതികരം കപിച്ചപ റെസ്റ്റിന്ത്യക്കുവേണ്ടി പാഠപുസ്തകങ്ങളെഴുതി; അവക്ക് എഴുത്തും വായനയും പഠിപ്പിച്ചുകൊടുത്തു. "ദൈവമെ, ഓകരുടെ അടുത്തേയ്ക്കുന്നെ ആനയിക്കുക" തന്റെ ഡയറിയിൽ അവസാനമായി ജിം എഴുതിച്ചേർത്ത വാക്കുകളാണവ. ആ 28 വയസ്സുകാരൻ ഓകരെ സമീപിക്കുവാൻ തയ്യാറായി.

## ഭാവി ആരുടെകയ്യിലെന്നെനിക്കറിയാം

പീററർ ഫ്ളെമിങ്ങ് ആ കൂട്ടത്തിൽ ഏററവും ചെറുപ്പക്കാരനാണ്. വയസ്സ്: 27. ബൈബളിലെ ഉള്ളടക്കത്തെ പററി അഗാധമായ ജ്ഞാനം, 1951ൽ ഭാഷാ ശാസ്ത്രത്തിൽ എം. എ. ബിരുദമെടുത്ത വ്യക്തി, പുയുപുംഗു മിഷൻ കേന്ദ്രതലവൻ, പീററ് മിടുമിടുക്കനാണ്. അദ്ദേഹം തന്റെ ഡയറിയുടെ മുകളിൽ കുറിച്ചു: "ഭാവി എനിക്കായി വെച്ചിട്ടുള്ളതു് എന്തെന്നു് നിശ്ചയമില്ല. പക്ഷെ ഭാവി ആരുടെ കയ്യിലാണെന്നെനിക്കറിയാം". തീർച്ചയായും ദൈവത്തിന്റെ കയ്യിൽ. മരണത്തെ ഭയപ്പെടാത്ത പീററ്, ഭാര്യ ഒലീവിന്റെ സമ്മതത്തോടുകൂടി, ഓകരെ സമീപിക്കുവാൻ ധൃതിപ്പെട്ടു.

## കപിച്ചപ റെസ്റ്റിന്ത്യർ മരിക്കുന്നു

എഡ്മാക്കള്ളിയും ഭാര്യ മാരിലുയും ഒരു കൊല്ലമായി അരാജ്യൂണൊ മിഷൻ കേന്ദ്രത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങിയിട്ട്. കേന്ദ്രത്തിലെ മണ്ണെണ്ണ വിളക്കുമാത്രം രാത്രി കാലം വെളിച്ചം പരത്തി നേരം വെളുക്കുന്നതുവരെ കാവൽനിന്നു. ചില രാത്രികളിൽ ഓകർ വരും, മിഷൻ കേന്ദ്രത്തിനടുത്തുള്ള കപിച്ചപ റെസ്റ്റിന്ത്യരുടെ കുടിലുകളിൽ കയറി കൊള്ളും കൊലയും നടത്തും, മടങ്ങും. ഓകക്കെതിരായി തോക്കുയർത്തുവാൻ എഡ്മാക്കള്ളി ശ്രമിച്ചില്ല. അവരും ദൈവത്തിന്റെ മക്കളാണ്. തോക്കല്ല,

വൈദ്യുതദീപങ്ങളാണു് ആവശ്യം—എഡ്മാക്കള്ളി തീരുമാനിച്ചു. ബാററികൊണ്ടു പ്രകാശിക്കുന്ന അനേകം വൈദ്യുതദീപങ്ങൾ അദ്ദേഹം കേന്ദ്രത്തിനു ചുററും സ്ഥാപിച്ചു. എങ്കിലും ഓകരുടെ ആക്രമണം മൂലം ആറു കപ്പിച്ച റെസ്റ്റിന്ത്യർ മരിച്ചു. ഈ കാരണങ്ങൾ എഡ്മാക്കള്ളിയെ ഓകവർഗ്ഗക്കാരെ ക്രിസ്തുവിൻെറ സമാധാന മാർഗ്ഗത്തിലേക്കാനയിക്കുവാൻ ഏററവും വേഗം ശ്രമിക്കേണ്ടതാണെന്നു് ബോദ്ധ്യപ്പെടുത്തി.

നാലു പേരും—എഡ്മാക്കള്ളി, ജിം എലിയട്ടു്, പീററർ ഫ്ളെമിങ്ങ്, നെയ്ററ്—ഓകരെ സമീപിക്കുവാൻ തീർച്ചയാക്കി. അപകടങ്ങൾ നിറഞ്ഞ തീർപ്പു്!

## ഓകക്കു് സമ്മാനങ്ങൾ

പ്രവർത്തനം രണ്ടാമത്തെ പടിയിലേയ്ക്കുയന്നു. നെയ്ററും എഡ്മാക്കള്ളിയും വിമാനത്തിൽ കയറി യാത്ര തിരിച്ചു. നദിക്കടുത്തുള്ള ഓക സങ്കേതത്തിനു മുകളിൽ വിമാനം താഴ്ന്നു ചുററി. ആരേയും അവർ കണ്ടില്ല. വിമാനത്തിൽനിന്നും അവർ ഒരു ബക്കററിറക്കി. അതിലുള്ള തിളങ്ങുന്ന പുതിയ മച്ചീത് (വെട്ടുകത്തി) അവർ ആദ്യത്തെ ഓക കുടിലിനടുത്തുള്ള തുറന്ന സ്ഥലത്തു നിക്ഷേപിച്ചു. ഓകക്കുള്ള ആദ്യത്തെ സമ്മാനം.

രണ്ടാമതു് വിമാനം അതുപോലുള്ള മറെറാരു സമ്മാനവുമായി ഓക ദേശത്തെ സമീപിച്ചു. ഒരു വള്ളം നദീതീരത്തടുത്തു. ആരോ വിമാനത്തിൻെറ പ്രവർത്തനം നോക്കി നില്ക്കുന്നുണ്ടു്. സമ്മാനം—കാൻവാസ്സിൽ പൊതിഞ്ഞ മച്ചീത്—മറെറാരു വീടിൻെറ മുമ്പിൽ നിക്ഷേപിച്ചു.

അതാ, താഴെ! വിമാനത്തിലുള്ളവർ ദൂരദർശിനിയിൽക്കൂടി നോക്കി. ഒരാൾ. അല്ല, മൂന്നു പേർ. അക്കാണുന്ന ഓലക്കുടി

ലിന്ന മുമ്പിൽ. മറെറാരു ബക്കററ് മറെറാരു മച്ചീതും വഹിച്ച കൊണ്ടിറങ്ങി നദീക്കരികെയുള്ള മറെറാരു വീടിനടുത്ത്. പക്ഷെ ഉന്നം പിഴച്ചു. വിമാനത്തിൽ നിന്നും ഇറക്കിയ മച്ചീത് പൊട്ട ന്നനവെ നദിയിൽ പതിച്ചു. ഒരു ഓകൻ ഓടിവന്നു. നെയ്ററം എഡ്മാക്കള്ളിയും ദൂരദശിനി മുറുകെ പിടിച്ചു, കുറച്ചുകൂടി സൂക്ഷിച്ചു നോക്കുവാൻ. ഓടിവന്ന ഓകൻ നദിയിലേയ്ക്കൊരു ചാട്ടം. അയാളുടെ തല കാണുന്നില്ല. കൊച്ചലകം പ്രകാശി ച്ചുകൊണ്ട് നാലുപാട്ടം പാഞ്ഞു. അയാഠം പൊങ്ങി. കരയ്ക്കു കയറി, കയ്യിലിരിക്കുന്ന മച്ചീതിൻെറ ഭംഗി അനുഭവിക്കുകയാണ്.

## വിമാന മനുഷ്യർ

ഓകക്കു രസം തോന്നി. പിറെറ ദിവസം രാവിലെ ഓക രുടെ കാലടികഠം അരാജ്യണൊ കേന്ദ്രത്തിനടുത്തു് പ്രത്യക്ഷപ്പെട്ടു. എന്തു തരത്തിലുള്ള ആളാണ് എഡ്മാക്കള്ളിയെന്നറിയാൻ വന്ന തായിരിക്കാം. പോരെങ്കിൽ മച്ചീത്കൊണ്ടാണല്ലൊ ഓകർ കപിച്ചു റെഡ്ഡിന്ത്യരെ വെട്ടിക്കൊന്നതു്. അതിലും വിശേഷ തരത്തിലുള്ള മച്ചീതുകളാണ് ഓകക്ക് വിമാന മനുഷ്യർ സമ്മാന മായി നല്കിയതു്. ഇതെല്ലാം ഓകരുടെ അറിയാനുള്ള ആഗ്രഹത്തെ ഊതിക്കത്തിച്ചു. വിമാന മനുഷ്യരിൽ ഒരാളാണ് താനെന്നറിയി ക്കുവാൻ എഡ്മാക്കള്ളി മരം കൊണ്ടു് വിമാനത്തിൻെറ ഒരു 'മോഡൽ' പണിതു്, കേന്ദ്രത്തിൻെറ മുററത്തു് ഒരു മരത്തുൺ നാട്ടി അതിന്മുകളിൽ കെട്ടി നിത്തി.

മറെറാരു ദിവസം. വിമാനം ഓകരുടെ ദേശത്തെത്തി. മറെറാരു സമ്മാനം. മച്ചീത്. എവിടെയാണ് ബക്കററിറങ്ങു ന്നതെന്നറിയാതെ ഓകർ നദീതീരത്തു് ഓടിച്ചാടിച്ചിരിച്ചു നടക്കു ന്നുണ്ടായിരുന്നു. വിമാനം താഴ്ന്നു പറന്നു. വളരെ താഴ്ന്നു്. ഓകർ തങ്ങളുടെ മുഖമൊന്നു് കണ്ടോട്ടെ എന്നു കരുതി രണ്ടു മിഷ

നറിമാരും. എഡ്മാക്കള്ളി ഓകരുടെ ഫോട്ടോകളെടുത്തു വിമാനത്തിൽനിന്നു്. നെയ്റവ് ഓകരെ സൂക്ഷിച്ചു നോക്കി, അവരെ പിന്നീട് കണ്ടറിയുവാനുള്ള ആഗ്രഹം കൊണ്ടു്.

## മിഷനറി— ഓക ബായ് ബായ്

നാലാം ദിവസം. നെയ്റവം കുറെ ഓക വാക്കുകൾ ശേഖരിച്ചുകൊണ്ടു ജിം എലിയട്ടും വിമാനത്തിൽ കയറിത്തിരിച്ചു. ഓകരുടെ വീടുകൾ. വിമാനം താണു പറന്നു. ഉച്ചഭാഷിണിയിൽ കൂടി ജിം വിളിച്ചു പറഞ്ഞു. "ഞങ്ങൾക്കു നിങ്ങളെ ഇഷ്ടമാണ്. ഞങ്ങൾ നിങ്ങളുടെ സ്നേഹിതന്മാരാണ്." ഓക ഭാഷയിൽ. പലതവണ ഓകർ—സ്ത്രീകളും പുരുഷന്മാരും—ആഹ്ളാദം കൊണ്ടു തുള്ളിച്ചാടി. അവർക്കു സമ്മാനങ്ങളും ലഭിച്ചു. മച്ചീത്, അലുമിനിയം കെത്തൽ, റിബ്ബണുകൾ, ഒരു ഷർട്ട്.

അഞ്ചാം ദിവസം. നെയ്റവം എഡ്മാക്കള്ളിയും വിമാനത്തിൽ ഓകരുടെ ദേശത്തെത്തി. ഉച്ചഭാഷിണിയിൽ കൂടി എഡ്മാക്കള്ളി വിളിച്ചു പറഞ്ഞു: "ഞങ്ങൾക്കു നിങ്ങളെ ഇഷ്ടമാണ്. ഞങ്ങൾ നിങ്ങളെ സന്ദർശിക്കുവാൻ വന്നതാണ്." പല പ്രാവശ്യം 'മിഷനറി— ഓക ബായ് ബായ്' പല്ലവിതന്നെ എഡ്മാക്കള്ളി ഉരുവിട്ടു. വിമാനം കുറച്ചുകൂടി താഴ്ന്നു പറന്നു. പതിവുപോലെ ഓകരിലാരും അന്നോടിയൊളിക്കുകയുണ്ടായില്ല. എഡ്മാക്കള്ളി സ്നേഹഭാവത്തിൽ രണ്ടു കൈകളും മുമ്പോട്ടു നീട്ടി. അവരും. മിഷനറിമാർ ഓകരുടെ സ്നേഹം സമ്പാദിച്ചു കഴിഞ്ഞെന്നതിനു തെളിവായിരുന്നു ഇതു്.

പിന്നെയും വിമാനമൊറ്റും ഓക പ്രദേശത്തെത്തി. സമ്മാനങ്ങൾ ബക്കറ്റ വഴി താഴെ ഇറങ്ങി. സമ്മാനങ്ങൾ സ്വീകരിച്ചു അവർ. എന്തോ ബക്കറ്റകളിൽ അവർ വെക്കുന്നതു കണ്ടു.

ബക്കററ് മേല്പോട്ടയൻ്റു. നെയ്ററം മാക്കള്ളിയും ബക്കററ് പരിശോധിച്ചു. കത്തികൊണ്ട വാൻെറട്ടത്ത വള്ളികാം കൊണ്ട ണ്ടാക്കിയ ഒരു തൊപ്പി. അതിൽ നിറപ്പകിട്ടുള്ള തൂവലുകാം തിരുകി മോടി പിടിപ്പിച്ചിട്ടുണ്ട്. ഓകർ, അവക്കു നല്കിയ സമ്മാനം! അവർ ഓകരുടെ സ്നേഹം സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു.

## സമ്മാനങ്ങാം, ബതൽ സമ്മാനങ്ങാം

പിന്നെയും മിഷനറിമാർ വിമാനമാഗ്ഗം ഓക ദേശത്തു് ചെന്നു് ഓകക്കു് സമ്മാനങ്ങാം ബക്കററ വഴി നല്കി. ഓകർ മിഷനറിമാക്കും സമ്മാനങ്ങാം ബക്കററിൽ നിറച്ചു മുകളിലേയ്ക്കും: നാരുകാം കൊണ്ട കെട്ടി ഭദ്രമാക്കിയ മരച്ചീപ്പുകാം. ഒരിക്കൽ മിഷനറിമാർ ചെന്നപ്പോാം മറെറാരു കാഴ്ച, അവരെ വിസ്മയിപ്പിച്ചു. അരാജ്യൂണൊ മിഷൻ കേന്ദ്രത്തിലുള്ളതുപോലെ മരം കൊണ്ട പണിതെടുത്ത ഒരു 'മോഡൽ' വിമാനം ഓകക്കുടിലിന്റ മുകളിൽ കെട്ടി വച്ചിരിക്കുന്നു. ബക്കററകാം പിന്നെയും കീഴോട്ടിറങ്ങി സമ്മാനങ്ങളുമായി. ബക്കററകാം മുകളിലേയ്ക്കുപൊങ്ങി ഓകരുടെ സമ്മാനങ്ങളുമായി.

കിട്ടുന്ന സമ്മാനങ്ങാംക്കു ബതൽ സമ്മാനങ്ങാം ഓകർ മിഷനറിമാക്കു നല്കി. താഴോട്ടു് ജീവനുള്ള വലിയ പൂവൻ കോഴി, മുകളിലേയ്ക്കു ജീവനുള്ള കറുത്ത പക്ഷിയും രണ്ട തത്തകളും. താഴോട്ടു് ഭക്ഷണ സാധനങ്ങാം, മുകളിലേയ്ക്കു വേവിച്ച മീൻ, വറുത്ത കടല, പാകം ചെയ്ത കുരങ്ങുവാൽ.

പിന്നെയും മിഷനറിമാർ അവിടെ എത്തി ഓകക്കു സമ്മാനം നല്കുവാൻ. അവർ കീഴ്പോട്ടു നോക്കി. കണ്ട കാഴ്ച, അവരെ അത്ഭുതപ്പെടുത്തി. ഓകർ വിമാനത്തിനു താഴ്ന്നു പറക്കുവാൻ,

മരങ്ങളും കാടുകളും വെട്ടിനീക്കി, കൂടുതൽ സ്ഥലം സൗകര്യപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല. 15 അടി ഉയരമുള്ള 'പ്ലാററ്ഫോമു' കളുണ്ടാക്കി അവർ മിഷനറിമാക്ക് കൊടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സാധനങ്ങൾ നിരത്തി വെച്ചിരിക്കുന്നു. താഴോട്ടു ബക്കററു വഴി സമ്മാനങ്ങൾ ഇറങ്ങി. ബക്കററുവഴി സമ്മാനങ്ങൾ മുകളിലേയ്ക്കു യന്നു. മിഷനറിമാർ ഓകരുമായി സ്നേഹബന്ധം സ്ഥാപിച്ചു കഴിഞ്ഞു.

അഞ്ചാഴ്ചകൾ കടന്നു പോയി. അതിനിടക്ക് മിഷനറിമാർ അവരവരുടെ ഫോട്ടോകൾ വലുതാക്കിയെടുത്ത് ഓകക്ക് ഇറക്കി ക്കൊടുത്തു. ഫോട്ടോയിൽ കാണുന്ന അഞ്ചുപേരാണ് വരുന്നതെന്നറിയിക്കുവാൻ. ഓരോ ഫോട്ടൊയിലും അവരുടെ മഞ്ഞ വിമാത്തിൻെറ പടവും ഉണ്ടായിരുന്നു. മഞ്ഞ വിമാനത്തിലാണവർ വരിക എന്നറിയിക്കുവാൻ.

## മാരില്യു കാട്ടിലേയ്ക്കോടി

പാശ്ചാത്തലം ശരിപ്പെട്ടു കഴിഞ്ഞു. അപ്പോഴേയ്ക്കും മറെറാരു സംഭവം. ഒരു ദിവസം പുലർകാലെ ഫെർമിൻ എന്ന കചിച്ചപ റെഡ്ഇന്ത്യൻ അരാജ്യൂണൊ കേന്ദ്രത്തിലേയ്ക്കോടി വന്നു. മാരില്യുവിൻെറ ജനാലയിൽ മുട്ടുതുടങ്ങി 'തുറക്കു, തുറക്കു.' മാരില്യു ജനാല തുറന്നു. ഫെർമിൻ അത്യുച്ചത്തിൽ പറഞ്ഞു:

'തരു, തരു, വെടിമരുന്ന്.'

'എന്തിന്'?

'എൻെറ തോക്കിൽ വെടിമരുന്നില്ല.'

'എന്തിനെ വെടിവെയ്ക്കാൻ?'

'ഓകർ, ഓകർ.'

'എവിടെ?'

'തോട്ടത്തിൽ. പക്ഷെ അവരം കാട്ടിലേയ്ക്കോടി.' മാരില്ല അവൻെറ കയ്യിൽ നിന്നും തോക്ക വാങ്ങിച്ച വെച്ചു. ക്ഷണത്തിൽ ഓകക്ക സമ്മാനമായി കൊടുക്കവാൻ ഒരു മച്ചീത് എടുത്തു കൊണ്ടോടി—തോട്ടത്തിൽക്കൂടി, നടപ്പാതയിൽക്കൂടി, കാട്ടിലേയ്ക്ക്. "ഞങ്ങരം നിങ്ങളെ ഇഷ്ടപ്പെടുന്നു....നിങ്ങരംക്ക ഭ്രാന്താണ്.... അവർ നിങ്ങളെ കൊല്ലും" എന്നീ വാക്കകരം കപിച്ചപ ഭാഷയിൽ വിളിച്ച പറഞ്ഞുകൊണ്ട് ഫെർമിൻ പുറകെ ഓടി. ഓകർ അപ്ര ത്യക്ഷരായി. പക്ഷെ അവർ അടുത്തെവിടെയൊ ഒളിച്ചിരിക്ക ന്നുണ്ട് കാട്ടിൽ. മാരില്ല മച്ചീത് കാട്ടിൽ നിക്ഷേപിച്ചു. മടങ്ങി· 'ഓകർ അതു സമ്മാനമായി എടുത്തുകൊള്ളും'അവരം ആശ ‿സിച്ചു. കൂടാതെ മിഷനറിമാർ ഓകക്ക കൊടുക്കവാൻ വെച്ചിരുന്ന സാധ നങ്ങരം കപിച്ചപ റെസ്റ്റിന്ത്യർ കണ്ടെത്തി. 'ഈ നല്ല സാധനങ്ങ ളെല്ലാം ഓകക്ക കൊടുക്കുന്നതെന്തിനു്?' അവർ അസൂയാലു ക്കളായി.

## ഇനി താമസം വരുത്തരുത്

നെയ്റരം എഡ്മാക്കള്ളിയും പീററ് ഫ്ളെമിങ്ങും റോജർ യൂഡെറിയനും സഭ കൂടി. 'കപിച്ചപ റെസ്റ്റിന്ത്യർ അസൂയാലുക്ക ളായി തീൎന്ന വിവരം വനത്തിൽ കൂടി യാത്ര ചെയ്ത ഓകരുടെ ചെവിയിലെത്തും. ഇനി താമസിക്കവാൻ വയ്യ. ഉടനെ ഓകരെ സമീപിക്കണം. അവരുടെ സ്നേഹം സമ്പാദിക്കണം' സഭ തീരു മാനിച്ചു. മിഷനറിമാരെ കപിച്ചപ റെസ്റ്റിന്ത്യരുടെ പ്രതിപുരുഷ ന്മാരായി ഓകർ കണക്കാക്കിയാൽ കുഴപ്പമായി. അതുകൊണ്ടാണ് മിഷനറിമാർ ഓകരെ സമീപിക്കവാൻ ധൃതിപ്പെട്ടതു്.

1956 ജനുവരി 3. ചൊവ്വാഴ്ച. അഞ്ചു പേരും പുറപ്പെട്ടു വിമാനമാൎഗ്ഗം. റിവോരംവർ കയ്യിലെടുത്തു; പക്ഷെ ആരും കാണാതെ അവരതു സൂക്ഷിച്ചു. തോക്ക കാണ്ടാൽ ഓകക്ക കലി

യിളക്കും; അവർ ആക്രമിക്കും, കൊല്ലും. പിന്നെ പെട്ടന്നാണാവശ്യം വരുന്നതെങ്കിൽ തോക്കുകൾ ഉപയോഗിക്കാം. കൊല്ലാനല്ല, ഭയപ്പെടുത്തുവാൻ. മരത്തിനു മുകളിൽ താമസിക്കുവാൻ പററിയ ഒരു ചെറിയ മരവീടും അവർ കൂടെ കൊണ്ടു പോന്നു. മരത്തിനു മുകളിൽ നട്ടും ബോൾട്ടും ഇട്ടു പിടിപ്പിച്ചാൽ മതി, വീടായി. അതിനുള്ളിൽ ഭക്ഷണ സാധനങ്ങൾ വെക്കുകയും ചെയ്യാം. സമ്മാനങ്ങൾ കൊടുക്കുവാൻ സാധനങ്ങളും കരുതി. മക്കൂമ മിഷൻ കേന്ദ്രത്തിൽ, തല കൊയ്തെടുക്കുന്നതും ഓകരുടെ ശത്രുക്കളുമായ ജവാറെ വർഗ്ഗക്കാർക്കിടയിൽ, ധൈര്യസമേതം സുവിശേഷ വേല ചെയ്യുന്ന ധീരനാണ് റോജർ യൂഡെറിയൻ.

## ദമ്പതിമാരുടെ അവസാന രാത്രി!

തലേ ദിവസം തന്നെ മിഷനറിമാരും ഭാര്യമാരും ഒരുമിച്ചിരുന്നു ചർച്ചകൾ നടത്തി. ഓകരെ സമീപിക്കുന്നതിലുള്ള അപകടങ്ങൾ, തങ്ങൾ മരിക്കുന്ന പക്ഷം ഭാര്യമാർക്കുണ്ടാകുന്ന വിഷമതകൾ, അവരുടെ ഭാവി—എല്ലാം ചർച്ചാ വിഷയങ്ങളായിരുന്നു. ചർച്ചയ്ക്കു ശേഷം വിവിധ ദമ്പതിമാർ അവരവരുടെ കിടപ്പറകളിലേക്കു പോയി, കൂടുതൽ വ്യക്തിപരമായ കാര്യങ്ങൾ സംസാരിക്കുവാനും, പ്രാർത്ഥിക്കുവാനും, രാത്രി കഴിച്ചുകൂട്ടുവാനും. ആ രാത്രി—തങ്ങളുടെ ഭർത്താക്കന്മാരോടുകൂടി കഴിച്ചുകൂട്ടുന്ന അവസാന രാത്രിയാകുമോ?.... ക്രിസ്തു അവരിലേക്കു സമാധാനവും ആത്മധൈര്യവും ചൊരിഞ്ഞു.

## ക്യൂറാരെ നദിയുടെ തീരത്ത്

പിറേറ ദിവസം പ്രഭാതം. ഓരോ ദമ്പതികളും ഏണീററ, പ്രാർത്ഥിച്ചു, 'ഓപ്പറേഷൻ ഓക'ക്കു തയ്യാറായി. വിമാനമാർഗ്ഗം സാധനങ്ങളും മിഷനറിമാരും ക്യൂറാരെ നദിയുടെ തീരത്തെത്തി, താവളമുറപ്പിച്ചു.

ബുധനാഴ്ച. നെയ്ററ് വിമാനമാഗ്ഗം ഓകസങ്കേതം പരിശോധിച്ചു. ആരേയും കാണുന്നില്ല. ജിം എലിയട്ടും എഡ്മാക്കള്ളിയും ഓകഭാഷയിൽ ഓകരെ ക്ഷണിച്ചു, കാത്തുനിന്നു. ഓകരെ കണ്ടില്ല. ഏതോ ഒരു പക്ഷി മറകരയിൽ ഭയങ്കരമായി ശബ്ദിക്കുന്നു. തത്തകഠം പ്രതിഷേധഭാവത്തിൽ ചിലച്ചു ലഹളകൂട്ടുന്നു.

## അവർ വരുന്നു

വ്യാഴാഴ്ച. പതിവുപോലെ ഒരാഠം മരപ്പുരയുടെ കാവല്ക്കാരനായി. രണ്ടു പേർ നദീതീരത്തിൽ കൂടി റോന്തു ചുററി. ഒരാഠം ഭക്ഷണം പാകം ചെയ്തു. നെയ്ററ് വിമാനമാഗ്ഗം ഓകർ വരുന്നുണ്ടോ എന്നന്വേഷിച്ചു പോയി. വിവരം പല സമയങ്ങളിലായി റേഡിയോ മൂലം മിഷനറി ഭാൎയ്യമാരെ അറിയിച്ചുകൊണ്ടിരുന്നു. തലേ ദിവസം മിഷനറിമാർ മറകരയിൽ നിക്ഷേപിച്ച ഓകക്കുള്ള 'മച്ചീത്'' സമ്മാനം അപ്രത്യക്ഷമായ വസ്തുത പെട്ടെന്നാണ് മിഷനറിമാർ കണ്ടെത്തിയത്. ഓകർ കാട്ടിലെവിടെയൊ ഉണ്ട്. മിഷനറിമാർ മീൻ പിടിച്ചു, നദിയിൽ നീന്തിക്കളിച്ചു, തമാശപറഞ്ഞു് സമയം പോക്കി. വൈകുന്നേരം 4½ മണിയായപ്പോഠം അഞ്ചുപേരും തീരുമാനിച്ചു ഓകർ ഇനി വരികയില്ലെന്ന്.

വെള്ളിയാഴ്ച. നെയ്ററും പീററും വിമാനത്തിൽ കയറി ഓക സങ്കേതത്തിനു മുകളിലെത്തി. 15 അടി ഉയരത്തിൽ കെട്ടിയിരുന്ന പ്ലാററ്ഫോമിൽ ഒരു ഓകൻ മുട്ടുകുത്തിനില്ക്കുന്നു, നീട്ടിയ കൈകഠം മിഷനറിമാരുടെ ക്യാമ്പിലേക്ക് ചൂണ്ടിക്കൊണ്ട്. ''അവർ വരും'' നെയ്ററ് മററുള്ളവരോടു പറഞ്ഞു. നെയ്ററ് തന്റെ ഡയറിയിൽ എഴുതി: ''ഞങ്ങഠംക്ക് ഓകരോട് കൂടുതൽ സ്നേഹം തോന്നുന്നു. പക്ഷെ ഞങ്ങഠം ശ്രദ്ധാലുക്കളായിരിക്കണം. ശിലായുഗവും ഇരുപതാം നൂററാണ്ടും തമ്മിൽ പാലമിട്ടു പിടിപ്പിക്കുവാൻ പ്രയാസം. ദൈവം രക്ഷിക്കട്ടെ....എന്തായാലും ഞങ്ങഠം അവരെ താമസിയാതെ കാണും.''

റിസ്റ്റ് വാച്ചിൻെറ മിനിററ് സൂചി മൂന്നാല്പ പ്രാവശ്യം ചുററി. നദീതീരത്തിൻെറ ഒരററത്തു് മാക്കള്ളി; മറേറ അററത്തു ജിം എലിയാട്ടും റോജറും, നടുക്ക് നെയ്ററം പീററും. എല്ലാവരും സമ്മാനങ്ങരം വീശിക്കൊണ്ടു് ഓകരെ ക്ഷണിക്കുന്ന തിരക്കിലാണു്.

## വസ്ത്രം ലവലേശമില്ല

മറുകര. ഒരു പുരുഷൻെറ ശബ്ദം. മൂന്നു ഓകർ പ്രത്യക്ഷപ്പെട്ടു. മദ്ധ്യവയസ്കനായ ഒരു പുരുഷൻ, ഒരു പതിനാറു വയസ്സുകാരി, ഒരു മുപ്പതുകാരി ഏതാണ്ടു വെളുത്തവർ. വസ്ത്രം ലവലേശമില്ല. കാതിലെ ദ്വാരത്തിൽ മരക്കഷ്ണം തിരുകിയട്ടുണ്ടു് സ്ത്രീകരം. 'പൂയിനാനി, പൂയിനാനി' (നിങ്ങളുടെ വരവിൽ ഞങ്ങരംക്കു സന്തോഷം)മിഷനറിമാർ ഉറക്കെ വിളിച്ചു പറഞ്ഞു. പുരുഷൻ മറുകരയിൽനിന്നുകൊണ്ടു് എന്തൊക്കെയൊ ഉച്ചത്തിൽപറയുന്നുണ്ടു്, ആംഗ്യങ്ങരംകാണിച്ചുകൊണ്ടു്. പീററ് കുറെ സമയം നിശ്ശബ്ദനായിനിന്നു. "അവർ ആ പെൺകുട്ടിയെ നമുക്കു വില്ക്കാൻ കൊണ്ടുവന്നിരിക്കയാണു്.......ഒരു പക്ഷെ സമ്മാനമായി തരാനായിരിക്കാം" പീററ് മെല്ലെ പറഞ്ഞു.

ജിം നദിയിലേക്കെടുത്തൊരു ചാട്ടം. വെള്ളം അധികമില്ല. നടന്നു നടന്നു മറുകരയിലെത്തി. ഓകർ സ്വല്പം പിന്മാറി, ഭയന്നിട്ടാവാം. കൈകരം നീട്ടിക്കൊണ്ടു ജിം അവരെ സമീപിച്ചു. ആ പതിനാറു വയസ്സുകാരി മുമ്പോട്ടുവന്നു. ജിമ്മിൻെറ കൈകരം പിടിച്ചു. ജിം അവരുടെ കൈകരം പിടിച്ച് അവരെ മിഷനറിമാർ നില്ക്കുന്നിടത്തേക്കു കൊണ്ടുവന്നു. ജിം അനേകം 'പൂയിനാനി' കളും മററുവാക്കുകളും ഉരുവിട്ടു കഴിഞ്ഞിരുന്നു. ഓകർ എന്തൊക്കെയൊ പറഞ്ഞു. മിഷനറിമാക്കൊന്നും മനസ്സിലായില്ല.

## യുവസുന്ദരികൾ വിമാനത്തോടും പ്രേമം

റോജർ അവൾക്ക് കത്തികൾ സമ്മാനിച്ചു. മററുള്ളവർ തോക്കുകൾ ഒളിച്ചുവെച്ച് കാമറകളും കൊണ്ടുവന്ന് അനേകം പടങ്ങളെടുത്തു. യുവതിക്ക് ഒരു മിഷനറിയുടെ കയ്യിൽ കണ്ട 'ടൈം' മാസികയോട്ട് പ്രേമം തോന്നി. അവൾ ആ മാസിക വാങ്ങി നോക്കുകയാണ്. മിഷനറിമാരിൽ ചിലർ അവളുടെ പടമെടുക്കുകയാണ്.

ആ യുവസുന്ദരിക്ക് മിഷനറിമാർ 'ഡിലൈല' എന്നു പേരിട്ടു; മദ്ധ്യവയസ്കന് 'ജോർജ്ജ്' എന്നും. 'ടൈം' മാസികയോടുള്ള അവളുടെ സ്നേഹം പൊടുന്നനവെ വിമാനത്തിലേയ്ക്കു പകർന്നു. അവൾ ദേഹം വിമാനത്തിന്മേലുരച്ചു നോക്കി. അവൾ കൈകൾ വിടർത്തി വിമാനം പറക്കുന്നതെങ്ങിനെയെന്നു കാണിച്ചു. ജോർജ്ജ് പുറകെ ചെന്നു. ആംഗ്യങ്ങൾ കൊണ്ടയാൾ പറഞ്ഞു തനിക്കു വിമാനം പറക്കുന്നതെങ്ങിനെ എന്നറിയണമെന്ന്.

## വിമാന സവാരി

നെയ്ററ് ജോർജ്ജിനെ വിമാനത്തിൽ കയററിയിരുത്തി. വിമാനം ആകാശത്തിലേയ്ക്കുയർന്നു.... ഓകാ സങ്കേതം താഴെ കാണാം. നെയ്ററും ജോർജ്ജും വർത്തമാനം പറയുന്നുണ്ട്. അന്യോന്യം മനസ്സിലാകുന്നില്ല എന്നു മാത്രം. നെയ്ററ് ഒരു 'പബ്ളി സിററി സ്റ്റണ്ട്' പ്രയോഗിച്ചു. താഴെ ധാരാളം ഓകർ നില്ക്കുന്നുണ്ട്. വിമാനം താഴ്ന്നു പറന്നു. ഓകർ തങ്ങളുടെ വർഗ്ഗത്തിൽപെട്ട മദ്ധ്യവയസ്കൻ വിമാനത്തിലിരിക്കുന്നതു കണ്ടപ്പോൾ വാപൊളിച്ചു. അവർ അന്തംവിട്ടുപോയി....വിമാനം മടങ്ങി.

മിഷനറികൾ ഓകൻ 'ജോർജ്ജി'നും സ്ത്രീകൾക്കും പലതും കാട്ടിക്കൊടുത്തു—റബ്ബർ ഇരിപ്പിടങ്ങൾ, ബലൂണുകൾ തുടങ്ങി

പലതും. 'ലെമെണെയ്ഡ്' കൂട്ടിയ കുറച്ചു മദ്യവും അവക്ക് കൊടുത്തു. കൂടാതെ ഓകൻ ജോർജ്ജിൻെറമേൽ കുറച്ചു മരുന്നുവെള്ളവും തളിച്ചു, അയാളുടെ ദേഹത്തു് പററിക്കൂടിയിരുന്ന കൃമികളെ അകററുവാൻ. മിഷനറിമാർ തങ്ങാംക്ക ഓകസങ്കേതങ്ങാം സന്ദർശിച്ചാൽ കൊള്ളാം എന്നറിയിച്ചപ്പോാം ഓകൻ ജോർജ്ജ് അതിൽ തീരെ താല്പര്യം പ്രദർശിപ്പിച്ചില്ല.

## ഓംക സുന്ദരി ഓടിപ്പോയി

മണിക്കൂറുകാം പോയതറിഞ്ഞില്ല. ജിം എലിയട്ട് വൃക്ഷത്തിനു മുകളിലുള്ള മരവീട്ടിലേയ്ക്കു കയറിയപ്പോാം ആ യുവസുന്ദരിയും മരവീട്ടിലേയ്ക്കു കയറുവാൻ നിഷ്പ്രയാസം മരത്തിൽക്കൂടി കയറി. പക്ഷെ ജിം മടങ്ങി പെട്ടന്നു്.

രാത്രി മിഷനറിമാരുടെകൂടെ കഴിച്ചുകൂട്ടിയാൽകൊള്ളാമെന്നു ഓകർ ആംഗ്യഭാഷയിൽ വ്യക്തമാക്കി. മിഷനറിമാർ അവക്ക് ഒരു കൂടാരം ഉയർത്തി. അതവക്ക്‌യുള്ളതാണെന്നു് ആംഗ്യഭാഷയിൽ പറഞ്ഞു.

പെട്ടന്നു് ആ യുവതി അസ്വസ്ഥയായി. അവളുടെ മുഖം വാടി. ആഹ്ളാദം അവളെ വിട്ടകന്നു. അവാം നദികടന്നു് കാടിനുള്ളിൽ മറഞ്ഞു, മദ്ധ്യവയസ്കൻ പല പ്രാവശ്യം അവളെ തിരികെ വിളിച്ചെങ്കിലും. മദ്ധ്യവയസ്കനും മടങ്ങി. പുറകെ മററെ സ്ത്രീയും.

## വീപ്പുമുട്ടുന്ന രാത്രി

ശനിയാഴ്ച. ഓകർ വന്നില്ല. നെയ്ററ് വിമാനത്തിൽ ഓക സങ്കേതത്തിനു മുകളിൽ ചെന്നു് 'വരു, വരു'എന്നു വിളിച്ചു പറഞ്ഞു. ബക്കററിൽ സമ്മാനങ്ങളിറക്കി: ഒരു പുതപ്പ്,

നൈലോൺ കാലുറകാം, മററു പലതും. ജോർജ്ജും അവിടെ നില്ക്കുന്നുണ്ട്. ഒരു വയസ്സൻ മിഷനറി ക്യാമ്പിലേയ്ക്കു് ചൂണ്ടി ക്കാട്ടി. പക്ഷെ, ഓകർ വന്നില്ല.

ഞായറാഴ്ച. നെയ്ററിൻെറ വിമാനം ഓക സങ്കേതത്തിനു മുകളിലെത്തി, താഴ്ന്നു പറന്നു. സ്ത്രീകളും കുട്ടികളും മാത്രം. പുരുഷന്മാരെ കാണാനില്ല. എന്താണെന്നറിഞ്ഞില്ല തലേ ദിവസം ആരും സുഖമായുറങ്ങിയില്ല. അപകടത്തോടടുക്കുന്നു എന്നാണ് എല്ലാവർക്കും തോന്നിയതു്. നെയ്ററിൻെറ വിമാനം കാട്ടിലെ വിടെയോ ഓകരെ കണ്ടു—പുരുഷന്മാർ, പത്തുപേരുണ്ടെന്നു തോന്നി, മിഷനറി ക്യാമ്പിൻെറ നേരെയാണവരുടെ പ്രയാണം.

## അവർ വരുന്നുണ്ട്

"അവർ വരുന്നുണ്ട്" നെയ്ററ് സ്നേഹിതന്മാരെ അറിയിച്ചു. ധൃതിയിൽ അവർ യേശു കീർത്തനങ്ങാം പാടി, പ്രാർത്ഥിച്ചു, ഭക്ഷണം കഴിച്ചു, വിരുന്നുകാരെ സ്വീകരിക്കുവാനൊരുങ്ങി.

12_35. ഉച്ച. റേഡിയോ മുഖാന്തരം അവർ മാറി മാറി ഭാര്യമാരോടു സംസാരിച്ചു: "പത്തു പേർ വരുന്നുണ്ട്....വൈകുന്നേരം വന്നെത്തും....ഞങ്ങാംക്കുവേണ്ടി പ്രാർത്ഥിക്കുക. നാമെല്ലാം നോക്കിപ്പാർത്തിരിക്കുന്ന ദിവസമായിരിക്കും ഇന്നെന്നു തോന്നുന്നു. 4·35നു് ഞങ്ങാം വീണ്ടും സംസാരിക്കും".

4_35നു് അവർ റേഡിയോ വഴി സംസാരിച്ചില്ല. ഇനി സംസാരിക്കുകയുമില്ല. മിഷനറികളുടെ ഭാര്യമാർ റേഡിയൊ മുഖാന്തരം സംസാരിച്ചു നോക്കി. മറുപടിയില്ല. മണിക്കൂറുകാം ഇഴഞ്ഞുവലിഞ്ഞവരുടെ ജീവിതത്തിൽ കൂടി ഉഴുതുമറിഞ്ഞ് കടന്നു പോയി.

## മച്ചീത്കൾ ആഞ്ഞു, കുന്തങ്ങൾ പാഞ്ഞു

"അപകടം! അപകടം! അത്യാപത്തു് സംഭവിച്ചു. സഹായം വേണം" നെയ്ററിൻെറ ഭാര്യ മാർജറി കചയറൊ നഗരത്തിലെ റേഡിയോ കേന്ദ്രം വഴി ഏവരേയും അറിയിച്ചു.

നെയ്ററിൻെറ സ്നേഹിതൻ വൈമാനികൻ — മിഷനറി ജോണി കീനാൻ തൻെറ വിമാനത്തിൽ കയറി, പറന്നു് മിഷനറിമാരുടെ ക്യാമ്പ് കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു.

എന്താണയാൾ കണ്ടതു്? നെയ്ററിൻെറ വിമാനം തകൎന്നപോലെ കിടക്കുന്നു, അനേകം കുന്തങ്ങൾ ആ വിമാനത്തിൽ കുത്തിയിറക്കിയിട്ടുണ്ടു്. വിവരം ഉടനെ റേഡിയോ മുഖാന്തരം മിഷനറി ഭാര്യമാരെ അറിയിച്ചു

അന്വേഷണ പാർട്ടികൾ പുറപ്പെട്ടു: ഇക്വഡോർ പട്ടാള സംഘം, മിഷനറി സംഘം, ക്രിസ്ത്യ റെഡ്ഇന്ത്യരുടെ സംഘം. വിമാനങ്ങളും ഹെലിക്കോപ്റററുകളും പറന്നു.

ക്രിസ്ത്യ റെഡ്ഇന്ത്യൻ സംഘം എഡ്മാക്കള്ളിയുടെ ദേഹം ക്യൂറാരെ നദിയിൽ ഒഴുകുന്നതു കണ്ടു. തല മച്ചീത്കൊണ്ടു വെട്ടിപ്പൊളിച്ചിട്ടുണ്ടു്. പക്ഷെ അദ്ദേഹത്തിൻെറ മൃതശരീരം വെള്ളത്തിലേയ്ക്കു താഴ്ന്നു. പിന്നെ കണ്ടില്ല.

മരവീടു് തകൎന്നു. അതിനുള്ളിലുള്ള സാധനങ്ങൾ കാണ്മാനില്ല. വിമാനം അടിച്ചു പൊളിച്ചു തകൎത്തിരിക്കുന്നു. മൃതദേഹങ്ങൾ നദിയിൽ ഒഴുകി നടക്കുന്നു.

## നാലു ശരീരങ്ങൾ: ഒരു ശ്മശാനം

മററ നാലു മൃതദേഹവും കണ്ടു കിട്ടി. ഭാര്യമാരുടെ താല്പര്യപ്രകാരം നാലു പേരുടേയും മൃതദേഹങ്ങൾ മരവീടു നിന്ന മരത്തിനടിയിൽ ഒരിടത്തു് സംസ്കരിക്കപ്പെട്ടു. കുന്തമെറിഞ്ഞും മച്ചീത്

കൊണ്ട വെട്ടിയുമാണ് ഓകർ ആ യുവാക്കന്മാരായ മിഷനറിമാരെ വധിച്ചതു്. എപ്പോഠം? നെയ്ററിൻെറ കയ്യിൽ കെട്ടിയിരുന്ന, ഓകർ തകത്ത, വാച്ച് 3_12നു നിന്നു. കാരണം? ഓകർ നല്കിയ യുവതിയെ മിഷനറിമാർ സ്വീകരിച്ചില്ല എന്നതായിരിക്കാം....

ക്രിസ്തുവിനുവേണ്ടി അവർ മരിച്ചു. ലോകത്തിൽ സ്നേഹത്തിൻെറ വെളിച്ചം പരത്താൻ വേണ്ടി. ലോകൈക സാഹോദര്യത്തിൻെറ മധുരമേറിയ സന്ദേശം ഓകർ ഉഠംപ്പടെയുള്ള മനുഷ്യഗണത്തിനു നല്കുവാൻ.

## ത്യാഗസന്ദേശം

പിറെറ ദിവസം മിഷനറിമാരുടെ ഭാൎയ്യമാർ വന്നു തങ്ങളുടെ ഭൎത്താക്കന്മാരുടെ ശവകുടീരം ശന്ദർശിക്കുവാൻ. അവർ പ്രാൎത്ഥിച്ചു: “ദൈവമെ, ഞങ്ങഠംക്കു ശക്തിയും ആത്മവിശ്വാസവും നല്കേണമെ, ഈ ധീരന്മാരെ പോലെ ഞങ്ങളുടെ ജീവനും അങ്ങയുടെ പേരിൽ ഓകരടക്കമുള്ള മനുഷ്യ സമുദായത്തിനു വേണ്ടി ത്യാഗം ചെയ്യുവാൻ” മഹത്തായ ആ ത്യാഗം!

ഇക്വഡോർ പ്രസിഡണ്ടു്, ഇബാര ആ ധീരരായ ത്യാഗികഠംക്കു് രാഷ്ട്രത്തിലെ ഏററവും ഉന്നതമായ കീൎത്തിമുദ്രകഠം നല്കി “കിഴക്കൻ വനാന്തരങ്ങളിലെ ജനങ്ങഠംക്കുവേണ്ടി ത്യാഗസേവനം ചെയ്തതിനു്.”

ഓകരുടെ ഇടയിൽ യേശുവിൻെറ ത്യാഗസന്ദേശം ചെന്നെത്തുമോ? ജോണി കീനാൻ വിമാന മാൎഗ്ഗം ഓകൎക്കു് സമ്മാനങ്ങഠം ഇറക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. അമേരിക്കൻ സൎവ്വകലാശാലകളിൽനിന്നു് ആയിരത്തിലധികം വിദ്യാൎത്ഥികഠം—മരിച്ചു പോയ ആ അഞ്ചുപേരെ പോലെയുള്ള ചെറുപ്പക്കാർ—ഓകരുടെ ഇടയിൽ സുവിശേഷ വേല ചെയ്യാൻ തയ്യാറായി അപേക്ഷകളയച്ചിട്ടുണ്ടു്. അരാജ്യൂണൊയിലെ രണ്ടു ക്വിച്ച്വ റെഡ്ഇന്ത്യൻ

യുവാക്കരം തയ്യാറായിക്കഴിഞ്ഞു ആത്മത്യാഗം ചെയ്തു പോലും ഓക വർഗ്ഗക്കാരിലേയ്ക്കു സ്നേഹത്തിൻേറയും സാഹോദര്യത്തിൻേറയും സന്ദേശമെത്തിക്കുവാൻ.

## ന്യൂനപക്ഷ പ്രസിഡണ്ട്

ജൂൺ (1956) മാസം ഇക്വഡോറിൽ തിരഞ്ഞെടുപ്പു നടന്നു. 1805-ലെ വിപ്ലവത്തിനുശേഷം ലിബറൽ പാർട്ടിയാണ് രാഷ്ട്രം കെട്ടിപ്പടുത്തതും അധികാരത്തിലിരുന്നതും. പക്ഷെ അടുത്ത കാലത്തു് ലിബറൽ പാർട്ടി ചേരി തിരിഞ്ഞു, മൂന്നായി പിളന്നു. ഫലം: 29ശതമാനം വോട്ടുകരം മാത്രം ലഭിച്ച യാഥാസ്ഥിതിക പാട്ടിയംഗം 44വയസ്സുകാരൻ കമിലൊ പോൺസ് എൻറീക്ക് വിജയിയായി. കുപിതരായ ലിബറൽ കക്ഷിക്കാർ എൻറീക്കിനെ പ്രസിഡണ്ടു സ്ഥാനത്തുനിന്നും ഒഴിച്ചുനിത്തുവാൻ പല തന്ത്രങ്ങളും പ്രയോഗിച്ചു: മനാബി പ്രവിശ്യയിൽ ഒരു വിപ്ലവം, 'കോറം' തികയാതിരിക്കാൻ ലിബറൽ ജനപ്രതിനിധികളുടെ ശ്രമം. രണ്ടു ശ്രമങ്ങളും പരാജയപ്പെട്ടു. ഉദ്യോഗത്തിൽനിന്നും വിരമിക്കുന്ന പ്രസിഡണ്ട് ഇബാരയും സൈന്യവും എൻറീക്കിനെ പ്രസിഡണ്ടാക്കാതിരിക്കുവാനുള്ള എല്ലാ യത്നങ്ങളേയും പരാജയപ്പെടുത്തി. സപ്തംബർ ഒന്നാം വാരത്തിൽ എൻറീക്ക് പ്രസിഡണ്ടായി നിയമിക്കപ്പെട്ടു. പുരോഗമനാശയക്കാരനാണ് യാഥാസ്ഥിതികൻ എൻറീക്ക്. അദ്ദേഹം തൻെറ പ്രസംഗത്തിൽ പറഞ്ഞു: ഫ്യൂഡലിസം, അധികാരം കുത്തകയാക്കുന്ന പതിവ്, കൃഷി ചെയ്യാത്ത കൃഷി ഭൂമികളുടെ മേധാവിത്വം—ഇവയെല്ലാം അവസാനിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു........കൃഷിഭൂമിയില്ലാത്ത കൃഷിക്കാരനു് കൃഷിഭൂമി കിട്ടാതെ ഗത്യന്തരമില്ല.''ഇക്വഡോറിലെ സാമ്പത്തികമായ ഉച്ചനീചത്വങ്ങളെ തുടച്ചു നീക്കുകയായിരിക്കും എൻറീക്കിൻെറ കത്തവ്യമെന്നു് അദ്ദേഹം വ്യക്തമാക്കിക്കഴിഞ്ഞു.

അദ്ധ്യായം:

പത്ത്.

# ചിലി.

—മഞ്ചുരാജ്യം.

"A woodpecker in the Zoology room
of a Girl's school
Faces through the glass door
The mountains to the north.
Ah, snow has come solemnly
upon the mountain."

—FUYUJI TANAKA.

"The nimble driver of Time
Is scrubbing the Moon."

—SONOSUKI SATO.

തെക്കേ അമേരിക്കയുടെ തെക്കു പടിഞ്ഞാറു ഭാഗത്ത് ഒരു പാമ്പിനെപ്പോലെ ആൻഡീസ് പർവ്വത നിരകാംകളും ശാന്ത സമുദ്രത്തിനും മദ്ധ്യേ കിടക്കുന്നു ചിലി. ഒരു 'ഷൂ ലെയ്സ്' പോലെ നീണ്ടു കിടക്കുന്ന ചിലിയെപ്പററി ഓക്കുമ്പോഠം 'ചിലി സാഠട്ട് പീററർ' എന്ന നൈട്രേററിനെപ്പററിയാണ് ഓമ്മ വരിക. നീളം: 2600 നാഴിക—ഏതാണ്ട് ന്യൂയോക്ക് തൊട്ടു സാൻഫ്രാൻസിസ്കോ വരെയുള്ള ദൂരം. വീതി വെറം 180 നാഴിക. അൻറാർട്ടിക്കയോ അടുത്തു കിടക്കുന്ന ഈ രാജ്യത്തിലെ മാഗല്ലാനസ് നഗരമാണ് ലോകത്തിൽ ഏററവും തെക്കുള്ള നഗരം.

ഒന്നാം മഹായുദ്ധം വരെ നൈട്രേററുകളെ സംബന്ധിച്ചേടത്തോളം 100 ശതമാനം കുത്തകയും ചിലിയായിരുന്നു. അപ്പോഴേയ്ക്കും വന്നെത്തി, ജമ്മൻ ശാസ്ത്രജ്ഞൻ ഡോക്ടർ ഫ്രിററ്സ് ഹാബർ പുതിയൊരു കണ്ടുപിടുത്തവുമായി – നൈട്രജൻ വാതകം വായുവിൽ നിന്നെടുത്തു് കൃത്രിമമായി നൈട്രേററുകളുണ്ടാക്കാം. ചിലിയ്ക്കു് അതു വയററത്തടിതന്നെയായിരുന്നു. കൃത്രിമനൈട്രേററു ഫാക്ടറികഠം വന്നതോടുകൂടി ചിലിയുടെ സാമ്പത്തിക വ്യവസ്ഥയ്ക്കു കാര്യമായ ഉടവു പററി. നൈട്രേററുകഠം കഴിഞ്ഞാൽ ഏററവുമധികം വിദേശനാണയം സമ്പാദിക്കുന്നതു് ചെമ്പാണു് "കൃത്രിമ ചെമ്പ് ഉല്പാദിപ്പിക്കുവാൻ പോകുന്നു" എന്നു ചിലി

യിലെ പൌരനോട് പറഞ്ഞാൽ മതി അയാരംക്ക സങ്കടമായി, വേവലാതിയായി. ചിലിയിലെ ചെമ്പുഖനികളെല്ലാം ഐക്യ നാട്ടകളിലെ ചില കമ്പനികരം സ്വന്തമാക്കിയിരിക്കുകയാണ്.

## ബീറും വീഞ്ഞും

വ്യവസായവല്ക്കരണം മുറയ്ക്കു നടക്കുന്നുണ്ട് ചിലിയിൽ. തുണിത്തരങ്ങരം, കടലാസ്സ്, മരുന്നുകരം എന്നിവ കയററി അയ ക്കുന്നു. ഉരംനാട്ടകളിലെ 'പെലൂക്കോണകരം' അഥവാ മുതലാളി മാർ പഴയ മനസ്ഥിതിക്കാരാണ്. അവർ തൊഴിലാളികളെ ക്കൊണ്ട് കണ്ടമാനം ജോലി ചെയ്യിക്കുന്നു, ഏററവും കുറഞ്ഞ കൂലിയും കൊടുക്കുന്നു സാമൂഹ്യക്ഷേമം, നിർബ്ബന്ധമായ ഇൻഷ്വ റൻസ്, വാർദ്ധക്യരക്ഷ എന്നിവയ്ക്കു നിയമങ്ങളുള്ളതിനാൽ ചിലിയെ പുരോഗമിച്ച രാഷ്ട്രമായി കണക്കാക്കാം. അവിടത്തെ ഉരംനാട്ടകളിലെ കുബേരന്മാരായ വീഞ്ഞുല്പാദകരും പട്ടണപ്രാന്ത ങ്ങളിലെ ബീർ ഉല്പാദകരും തമ്മിൽ എന്നും വാശിയും വക്കാണവു മാണ്. തമ്മിൽ കണ്ടാൽ അവർ കഠാരി ഊരാനും മടിയ്ക്കില്ല. കമ്പോളങ്ങരം തട്ടിയെടുക്കുവാനുള്ള ഈ കിടമത്സരത്തിൽ അമിത നികുതി കൊടുക്കുന്ന വീഞ്ഞുല്പാദകരാണ് വിജയിക്കാറ്. കാരണം ഗവമ്മേണ്ട ബീർ ഉല്പാദനത്തിൻെറ പരമാവധി ക്ലിപ്തപ്പെടുത്തി യിട്ടുണ്ട് എന്നതാണ്. ഈ ബീർ–വീഞ്ഞ് കശപിശയിൽനിന്നു മുതലെടുക്കുവാൻ പാൽ ഉല്പാദകർ അവരുടെ 'പാൽ' കുറഞ്ഞ നിരക്കിൽ വില്ക്കാമെന്നു നാടെങ്ങും പരസ്യം ചെയ്തു. ഫലപ്രദ മായില്ല. വീഞ്ഞിനായിരുന്നു വിലക്കുറവ്. കൂടാതെ, പാലിനു ലഹരി ഇല്ലല്ലോ. അൻറാർട്ടിക്ക് ദ്വീപുകളുടെ ഉടമസ്ഥതയെ പ്പററി ചിലിയും ആർജൻടീനയും തമ്മിലുള്ള തക്കം ഇനിയും അവ സാനിയ്ക്കുന്ന മട്ടില്ല. നാലു കാര്യങ്ങളാണ് ചിലിയെ പിന്നോക്കം വലിയ്ക്കുന്നതു്: ഇടത്തരക്കാരുടെ ദാരിദ്ര്യം, ഗവമ്മേണ്ടും രാഷ്ട്രീയ കക്ഷികളും കാണിച്ചു കൂട്ടുന്ന കള്ളത്തരങ്ങളും കൊള്ളരുതായ്മകളും,

വിദ്യാഭ്യാസത്തിൻെറ അഭാവം, ഭൂമിയിൽ കാലൂന്നി നില്ക്കുന്ന സോഷ്യലിസ്റ്റാദർശങ്ങളുടെ കുറവ്.

## മൂന്നു ചിലികൾ

റെഡ്ഇന്ത്യൻ ഭാഷയിലെ 'മഞ്ഞു" എന്നർത്ഥമുള്ള വാക്കിൽ നിന്നാണ് നാടിന് ചിലി എന്നു പേർ ലഭിച്ചതു്—വെളുത്ത മഞ്ഞുതൊപ്പി ധരിച്ച കൊടുമുടികളുടെ രാജ്യം. വടക്കുനിന്നു തെക്കോട്ടു മൂന്നു ചിലികളുണ്ട് – മരുഭൂമി, താഴ്വരകൾ, വന പ്രദേശം. ചൂടുകൊണ്ട് വരണ്ട, കൊടുങ്കാററുകൾക്കു വിധേയമായ, ധാതുപദാർത്ഥങ്ങളെക്കൊണ്ടു നിറഞ്ഞ, അററാക്കാമ്പ മരുഭൂമി പ്രദേശത്തുനിന്നാണ് ചെമ്പും സ്വാഭാവിക നൈട്രേററുകളും ലഭിക്കുന്നതു്. ഇവിടെനിന്നു് ചിലി തെക്കെ അററത്തെ "കൊമ്പു മുനമ്പു്" വരെ നീണ്ടു കിടക്കുന്നു. പച്ചയിൽ പൊതിഞ്ഞ താഴ്വരകൾ ഫലഭൂയിഷ്ഠമാണ്. അനേകം നദികളാണ് ഈ പ്രദേശത്തുകൂടി കുതിച്ചു പായുന്നതു്. 'ചിലിയിൽ ആരും പട്ടിണി കിടക്കേണ്ടതില്ല' എന്നാണ് ഈ പ്രദേശത്തിൻെറ സന്ദേശം. എങ്കിലും പട്ടിണിക്കു കുറവില്ല ചിലിയിലെ സമ്പൽസ്സമൃദ്ധിയുടെ വിളനിലമായ ഈ ഹൃദയഭാഗത്ത്. വാംഡിവ്യനഗരം കഴി ഞ്ഞാൽ തെക്കെ അററം വരെ വനപ്രദേശം. മഴ കോരിച്ചൊരി യുകയാണ് എല്ലായ്പ്പോഴും. പല കടലിടുക്കുകളും 'തുലുളളൈകൊ' (22,165 അടി) തുടങ്ങിയ പർവ്വത ശിഖരങ്ങളും ഭംഗിയുള്ള ഹിമ വാഹിനികളും കണ്ണു കുളുപ്പിക്കുന്ന തടാകങ്ങളും മനുഷ്യോപദ്രവം ഏല്ക്കാത്ത ഘോരവനങ്ങളും മേച്ചിൽ മൈതാനങ്ങളും അടങ്ങയി താണ് ഈ വിഭാഗം. 'ചിലിയിലെ നോർവ്വേ' എന്നാണ് ഈ ഭാഗത്തെ വിളിയ്ക്കാറ്. മഴവെള്ളവും മഞ്ഞുരുകലും നദികളിൽ വെള്ളപ്പൊക്കങ്ങളുണ്ടാക്കുന്നു. ഇമ്പീരിയിൽ, ബയൊ ബയൊ, വാംഡാവിയ, ബ്യൂനൊ എന്നീ നദികളിൽക്കൂടി ചെറിയ കപ്പ ലുകൾക്ക് സഞ്ചരിക്കാം.

## നൈട്രേററുകൾ

ഉത്തര ചിലിയിലെ വെള്ളമണ്ണിൻെറ മുകൾപ്പരപ്പിൽ നിന്നാണ് നൈട്രേററുകൾ വടിച്ചെടുത്തു് ശുദ്ധി ചെയ്തു് കയററി അയയ്ക്കുന്നതു്. ടിറ–ഡെൽ–ഫ്യൂഗൊ (തീയുടെ നാട്) യിൽ എണ്ണഖനികൾ കണ്ടെത്തിയതു് 1946–ൽ മാത്രമാണ്. നൈട്രേററുകളിൽനിന്നാണ് ചിലിയുടെ കാര്യമായ വരുമാനം. അതു് 'നൈട്രേററ പ്രഭു'ക്കളെ കോടീശ്വരന്മാരാക്കി. ധനം അവക്ക് രാഷ്ട്രീയധികാരം നേടിക്കൊടുത്തു. 1910-ൽ ലോകത്തിനു ലഭിച്ച നൈട്രേററുകളിൽ മൂന്നിൽ രണ്ടു ഭാഗവും ചിലിയിൽനിന്നായിരുന്നു. ഇപ്പോൾ ലഭിയ്ക്കുന്നതു് മൂന്നിൽ ഒരു ഭാഗം മാത്രം.

മദ്ധ്യചിലിയിലെ താഴ്വരകൾ കൃഷിയ്ക്കു പററിയതാണ്. കുറച്ചു വെള്ളക്കാരുടെ കുടുംബങ്ങളും കത്തോലിക്കപ്പള്ളികളുമാണ് ഭൂസ്വത്തിൻെറ മുഴുവൻ ഉടമകൾ. 'റോടോ'കൾ (കൃഷിത്തൊഴിലാളികൾ) പണിയെടുക്കുന്നു, പട്ടിണി കിടക്കുന്നു. പുതിയ തരം അടിമകളാണവർ. കൃഷിസ്ഥലങ്ങളുടെ ഉടമസ്ഥാവകാശം കൃഷിത്തൊഴിലാളികളിലേയ്ക്കു പകത്തുവാൻ ഗവമ്മേണ്ടു ശ്രമിയ്ക്കുകയാണ്. ചെമ്മരിയാടുകളുടേയും കന്നുകാലികളുടേയും സംഖ്യ 65ലക്ഷം വരും — ജനസംഖ്യയേക്കാളധികം. നൈട്രേററുകളുടെ മേലുള്ള കുത്തക നഷ്ടപ്പെട്ടപ്പോൾ ചിലി വ്യവസായവൽക്കരണത്തിനുദ്യമിച്ചു. വെണ്ണ, നെയ്യ് എന്നിവ ഉല്പാദിപ്പിയ്ക്കുന്ന വ്യവസായങ്ങൾ വളൻ വരുന്നുണ്ട്. എങ്കിലും സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയുണ്ടായില്ല. ജോർജ്ജ് മാക്ക് ബ്രിഡ്ജിൻെറ അഭിപ്രായത്തിൽ, ദക്ഷിണചിലിയിലെ കുബേരന്മാരിലാണ് രാഷ്ട്രീയാധികാരം സ്ഥിതി ചെയ്യുന്നതു്. മദ്ധ്യചിലിയിലെ 14 പ്രവിശ്യകളിൽ ജനസംഖ്യയുടെ ഒരു ശതമാനം വരുന്ന 475 'ഹാസിയൻഡോകൾ' (ഭൂവുടമകൾ) 52 ശത

മാനം ഭൂമിയും കയ്യിലാക്കിയിരിക്കയാണ്. ക്യൂറിക്കോ പ്രവിശ്യയിൽ 437 ധനാഢ്യർ 83 ശതമാനം ഭൂമിയും സ്വന്തമാക്കിയിരിയ്ക്കുന്നു. രാഷ്ട്രീയാധികാരം ഭൂവുടമകളിൽ നിക്ഷിപ്തമായതിൽ അതിശയിയ്ക്കാനില്ല. പക്ഷേ ഫാക്ടറിത്തൊഴിലാളിസംഘടനകൾ വളർന്നു വരികയാണ്.

## ജനങ്ങൾ

60 ലക്ഷം ജനങ്ങളുണ്ട് ചിലിയിൽ. വിസ്തീർണ്ണം 2,86,322 ചതുരശ്രനാഴിക. പകുതിയിലധികം ജനങ്ങളും ഗ്രാമീണരാണ്. ഒരു ചതുരശ്രനാഴിക സ്ഥലത്ത് 18 പേരിൽ കൂടുതലില്ല. ഭൂരിപക്ഷം ജനങ്ങളും വെള്ളക്കാരാണ്. ഔദ്യോഗികഭാഷ സ്പാനിഷ് തന്നെ. ധനം, അധികാരം, സംസ്കാരം, രാഷ്ട്രീയമേല്ക്കോയ്മ എന്നിവയെല്ലാം വെള്ളക്കാരന്റെ കുത്തകയാണത്രെ. വടക്കുള്ള 'ചാങ്കോ' റെഡ്ഇന്ത്യർ ഖനിത്തൊഴിലാളികളാണ്. തെക്കുള്ള 'ഫ്യൂജിയൻ' റെഡ്ഇന്ത്യർ കാബൂളികളെപ്പോലെ സഞ്ചാരികളാണ്. 5000 നാഴിക റെയിലും (മുക്കാലും ഗവമ്മേണ്ടുടമയിൽ തന്നെ), 25,000 നാഴിക റോഡുകളും 10 വിമാനത്താവളങ്ങളുമുണ്ട് ചിലിയിൽ. 130 പേരിൽ ഒരാൾക്കു കാറുണ്ട്, 50 പേരിൽ ഒരാൾക്കു ടെലഫോണും. 3 പ്രധാന റേഡിയോ കേന്ദ്രങ്ങളുണ്ട്. പർവ്വതങ്ങൾക്കിടയിലാണ് തലസ്ഥാന നഗരമായ സാൻടിയാഗോ.

## പറുദീസയുടെ താഴ്‌വര

പ്രധാനതുറമുഖം വാൾപറെയ്സോയാണ്. അർത്ഥം: 'പറുദീസയുടെ താഴ്‌വര'. അർദ്ധവൃത്താകാരത്തിലുള്ള ഉൾക്കടലിന്റെ ചുറ്റുമായി വാൾപറെയ്സോ പട്ടണം താഴ്ന്ന കുന്നുകളിലായി വളഞ്ഞു കിടക്കുന്നു. ഈ പറുദീസയുടെ താഴ്‌വരയെ

ഭൂമികുലുക്കങ്ങറം ഭയങ്കരമായി പിടിച്ചുകുലുക്കാറുണ്ട്. ആൻടോഫഗസ്റ്റ, കോൺസെപ്പ്സിയോൺ (1939-ലെ ഭൂമികുലുക്കം അവിടെ വളരെ നാശം ചെയ്തു), ഈകീകെ (നൈട്രേററവഴക്കകളുടേയും ലഹളകളുടേയും പട്ടണം), പുണ്ട അറാണാസ്, വാറംഡീവ്യ എന്നിവയാണ് മററ പട്ടണങ്ങറം.

അഞ്ചു സർവ്വകലാശാലകളും നിർബ്ബന്ധ പ്രാഥമികവിദ്യാഭ്യാസവും നിലവിലുണ്ടെങ്കിലും അഭ്യസ്തവിദ്യരല്ല അധികം പേരും. റോമൻ കത്തോലിക്കരാണ് ഏതാണ്ടെല്ലാവരും. കത്തോലിക്കസഭയുടെ പ്രേരണാശക്തി അതിവിപുലമാണ്.

## ഭരണം

ഭരണഘടന പ്രകാരം ജനങ്ങറം പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നു. പ്രസിഡണ്ടായ ഒരു വ്യക്തി 6 കൊല്ലം കഴിഞ്ഞാൽ മാത്രമേ രണ്ടാമതും പ്രസിഡണ്ടാകുവാൻ പാടുള്ളു. 30,000 പേക്ക് ഒരംഗം എന്ന കണക്കനുസരിച്ച തിരഞ്ഞെടുത്ത ജനപ്രതിനിധിസഭയും 45 അംഗങ്ങളുള്ള സെനററും കൂടിയതാണ് കോൺഗ്രസ്സ്. വോട്ടുചെയ്യണമെങ്കിൽ ഓരോ പൗരനും 21വയസ്സ കഴിയണം. അയാറം അഭ്യസ്തവിദ്യനായിരിക്കണം. നിരക്ഷരത്വം മൂലം അധികം പേക്കം വോട്ടില്ല. രാഷ്ട്രീയാധികാരം ഭൂവുടമകളുടെ കയ്യിലാണ്.

പ്രസിദ്ധനായ പിസ്സാറോയുടെ അനുയായി ഡിഗൊ ഡി അൽമഗ്രൊ 1535-ൽ പെറുവിൽനിന്നു ചിലിയിലെത്തി ഒരു കോളനി സ്ഥാപിയ്ക്കുവാൻ ഉദ്യമിച്ചു. പററിയില്ല. 1540-ൽ പീഡ്രൊ ഡി വാറംഡാവ്യ അററക്കാമ്പ മരുഭൂമി കടന്നു സാൻടിയാഗോയിൽ ഒരു കോളനി സ്ഥാപിച്ചു. റെഡ്ഇന്ത്യരുമായി യുദ്ധം ചെയ്യേണ്ടിവന്നു അത്രയും സാധിയ്ക്കുവാൻ. റെഡ്ഇന്ത്യൻ മേധാ

വികാരം ലോട്ടാറോറാം കാമ്പോളികനും തുടരെ പടപൊരുതി, പര ദേശികളെ പുറത്താക്കുവാൻ. സ്വാതന്ത്ര്യത്തിനു ശേഷവും 1881 വരെ റെസ്റ്റിന്ത്യർ വിട്ടുകൊടുത്തില്ല, ചിലിയെ. ഒടുവിൽ ആരോ ക്കാനിയിൻ റെസ്റ്റിന്ത്യരുമായി ഗവമ്മേണ്ടു് സഖ്യത്തിലേപ്പെട്ടു.

## ഹിഗ്ഗിൻസ്

സാൻ മാർട്ടിൻേറയും ബ്രിട്ടീഷ് അഡ്മിറൽ കോക്ക്റെ യിൻ പ്രഭുവിൻേറയും സഹായത്തോടെ ഐറിഷ്കാരൻ ബെർ ണാർഡൊ ഓ—ഹിഗ്ഗിൻസ് സ്പെയിനിൻെറ സാമ്രാജ്യത്വത്തിൽ നിന്നു ചിലിയെ മോചിപ്പിച്ചു. പരമാധികാരത്തോടെ ചിലി യിൽ സ്വേച്ഛാധികാരിയായി വാണ ഹിഗ്ഗിൻസ് അവസാനം ചിലിയിൽനിന്നും ഓടിക്കപ്പെട്ടു. ചിലി—ആർജൻടീന അതിർത്തി ത്തക്കങ്ങൾ സമാധാനപരമായി അവസാനിച്ചതോടെ, ആർജൻ ടീനിയൻ ശില്പി മാത്തിയൊ അലോൺസൊ നിമ്മിച്ച 'ആൻഡീ സിലെ ക്രിസ്തു' പ്രതിമ ഉസ്പ്പലീത ചുരത്തിലെ ഏററവും ഉയന്ന സ്ഥലത്തു് സ്ഥാപിയ്ക്കപ്പെട്ടു.

## ചരിത്രം

1865-ൽ ചിലി സ്പെയിനിനെതിരായി യുദ്ധം പ്രഖ്യാപിച്ചു. പക്ഷെ ഐക്യനാടുകളുടെമദ്ധ്യസ്ഥതയിൽ സമാധാനംകൈവന്നു. പ്രധാന നൈട്രേററു പ്രദേശത്തെ സംബന്ധിച്ചു ചിലി പെറുവി നോടും ബൊളീവിയയോടും യുദ്ധം ചെയ്തു. പെറുസൈന്യ ത്തിൻെറ വീര്യപരാക്രമങ്ങളെ തൃണവൽക്കരിച്ച് ചിലിയൻ സൈന്യം വിജയം വരിച്ച് നേരെ പെറുവിൻെറ തലസ്ഥാന മായ ലിമയിലേയ്ക്കു പാഞ്ഞു. ആ യുദ്ധത്തിൽ ചിലി പെറുവിലെ അരികപ്രവിശ്യ തട്ടിയെടുത്തു. കൂടാതെ ബൊളീവിയയുടെ സമുദ്ര ത്തിലേയ്ക്കുള്ള ഏകനിർഗ്ഗമനമാർഗ്ഗമായ ആൻടോഫഗസ്റ്റ തുറമുഖവും.

1891-ൽ പ്രസിഡണ്ട് ബാൽമസീഡ കോൺഗ്രസ്സുമായി വഴക്കടിച്ച്, അവസാനം ആത്മഹത്യ ചെയ്തു. 1914-ൽ മെക്സിക്കോവും ഐക്യനാടുകളും തമ്മിലുണ്ടായ യുദ്ധത്തിൽ മദ്ധ്യസ്ഥതയ്ക്കൊരുങ്ങിയ തെക്കേ അമേരിക്കയിലെ ഏ. ബി. സി. രാജ്യങ്ങളിൽ ഒന്നായിരുന്നു ചിലി. 1925-ൽ ജനങ്ങളുടെയിടയിലുണ്ടായിരുന്ന അതൃപ്തിയും വിപ്ലവവാസനയും ഒരു ലിബറൽ ഭരണഘടനയ്ക്കു വഴി തെളിയിച്ചു. 1931-ലെ സാമ്പത്തികത്തകർച്ച ചിലിയെ ദുരന്തദുരിതത്തിലാഴ്ത്തി. ജനങ്ങൾ പ്രസിഡണ്ട് കാർലോസ് ഇബാനസിനെ അധികാരത്തിൽനിന്നു വലിച്ചിറക്കി, ആർട്യൂറൊ അലസ്സാൻഡ്രിയയെ പ്രസിഡണ്ടാക്കി. അദ്ദേഹം വ്യവസായങ്ങൾ വികസിപ്പിച്ചു, നിയന്ത്രിച്ചു, അമിതലാഭം വെട്ടിച്ചുരുക്കി, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചു. 1938 തൊട്ട് 1941 വരെ 'ജനകീയമുന്നണി' നേതാവ് പ്രസിഡണ്ട് പീഡ്രോ അഗ്വിറിസെർഡ ചിലിയിൽ സോഷ്യലിസ്റ്റ് പദ്ധതികൾ നടപ്പിൽ വരുത്താൻ അങ്ങേയററത്തോളം ശ്രമിച്ചു. 'റോടോ'കൾ അഥവാ തൊഴിലാളികൾ ഈ ഭരണത്തെ പൂർണ്ണമായും പിന്താങ്ങി. 'ജനകീയമുന്നണി' സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് കൂട്ടുകെട്ടായിരുന്നു; ഭരണഘടനപ്രകാരമുള്ള തിരഞ്ഞെടുപ്പുമാർഗ്ഗമാണ് അവർ അധികാരത്തിൽ വന്നതു്.

പ്രസിഡണ്ട് കാർലോസ് ഇബാനസ് ആണ് ഇന്നു് ചിലി ഭരിക്കുന്നതു്. നരച്ച കത്തോലിക്കൻ, മോസ്കോ സന്ദർശിച്ച കമ്യൂണിസ്റ്റല്ലാത്ത തൊഴിലാളി നേതാവ്, അക്വിനാസ് പുണ്യവാളന്റെ സാമ്പത്തിക സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന വ്യക്തി, ക്ലോട്ടോറിയൊ ബ്ളെസ്റ്റ് പരസ്യമായി ഇബാനസ് പ്രഭൃതികളെ രാജ്യദ്രോഹികളെന്നു വിളിച്ചു, ലക്ഷ്യങ്ങളെടുത്തു കാട്ടിക്കൊണ്ട്. ഇബാനസ് ബ്ളെസ്റ്റിനെ അറസ്റ്റ് ചെയ്യുവാൻ ഉത്തരവിട്ടു. തുടന്ന് 5 ലക്ഷം തൊഴിലാളികൾ തൊഴിൽ മുടക്കി, ചിലിയിലെ

സാമ്പത്തിക പ്രവൎത്തനങ്ങളെ സ്തംഭിപ്പിച്ചുകൊണ്ടു്. ഉടനെ ബ്ളെസ്റ്റിനെ ജാമൃത്തിൽ വിട്ടയച്ചു.

## നാണയപ്പെരുപ്പം തടയാൻ അറസ്റ്റുകൾ

കഴിഞ്ഞ ജനുവരി(1956)യിൽ പ്രസിഡണ്ടു് ഇബാനസിനു് തലവേദനയുണ്ടാക്കുന്ന ഒരു പ്രശ്നം അഭിമുഖീകരിക്കേണ്ടിവന്നു. തൊഴിലാളി യൂണിയനുകളെ നിയന്ത്രിക്കുവാനും കൂലി നിരക്കു വെട്ടിക്കുറച്ചു് സാധനങ്ങളുടെ വിലയിടിക്കുവാനും പ്രസിഡണ്ടു് ഇബാനസ്സ് നിയമം കൊണ്ടുവന്നു. 1·5 ലക്ഷം അംഗശക്തിയുള്ള കേന്ദ്ര തൊഴിലാളി യൂണിയൻ പണിമുടക്കി. നാണയപ്പെരുപ്പത്തെ തടയുവാൻ കൊണ്ടുവന്ന പദ്ധതിക്കു തൊഴിലാളികൾ ഇപ്രകാരമുള്ള നടപടി സ്വീകരിക്കുമെന്നു് പ്രസിഡണ്ടു് ഇബാനസ്സ് സ്വപ്നേപി വിചാരിച്ചില്ല. തൊഴിലാളികളുടെ ന്യായം ശ്രദ്ധേയമാണു്: വിലനിരക്കു് 80 ശതമാനം കൂടി, കൂലിനിരക്കു് 50 ശതമാനം മാത്രമെ കൂടിയിട്ടുള്ളു. ഇബാനസ് തൻെറ നിയമം പിൻവലിച്ചുവെങ്കിലും തോൽവി സമ്മതിച്ചില്ല. അദ്ദേഹം നിയമം പാസ്സാക്കേണ്ട കോൺഗ്രസ്സ് സമ്മേളനം റദ്ദ് ചെയ്തു.

അതിനുപകരം ഡെമോക്രസിയുടെ രക്ഷക്കായി പ്രസിഡണ്ടിനു് പ്രത്യേകാധികാരങ്ങൾ നല്കുന്ന പഴയ നിയമം പൊടി കൊട്ടിക്കളഞ്ഞെടുത്തു. തൊഴിലാളി നേതാക്കന്മാരേയും പത്രപ്രതിനിധികളേയും രാഷ്ട്രീയനേതാക്കന്മാരേയും അറസ്റ്റു ചെയ്തു. ആദ്യത്തെ 95 പേരെ—കേന്ദ്രതൊഴിലാളി നേതാവ് ക്ലൊട്ടോറിയ ബ്ളെസ്റ്റ് ഇക്കൂട്ടത്തിൽ പെടും—വിമാനത്തിൽകയററി 950നാഴിക അകലെയുള്ള പിസാഗ്വ ജയിലിലേക്കയച്ചു. 200പേരെ അറസ്റ്റ് ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കും പ്രധാന നഗരങ്ങളെല്ലാം പട്ടാളനിയമത്തിനു വിധേയമായി. ഏതായാലും നാണ്യപ്പെരുപ്പം നിലച്ചില്ല.

## ഒരു മമ്മി

17,712 അടി ഉയരമുള്ള എൽ പ്ലോമ ശിഖരത്തിൽ ഒരു 'മമ്മി' (അനേകം നൂററാണ്ടുകഠം മുമ്പു മരിച്ച ഒരു വ്യക്തിയുടെ ശവശരീരം) കണ്ടെത്തി. ആൻഡീസ്‌ നിരകളിൽക്കൂടി കഴുത പ്പുറത്തു് സാധനങ്ങഠം കയററി യാത്ര ചെയ്തിരുന്ന രണ്ടു കച്ചവട ക്കാരാണ് ഈ 'മമ്മി'യെ കണ്ടെത്തിയതു്. പ്രകൃതി ചരിത്ര മ്യൂസിയം ഈ 'മമ്മി'യെ ആവശ്യപ്പെട്ടപ്പോഠം കച്ചവടക്കാർ 80,000 പിസൊ (728 ഡോളർ) യാണ് വില ചോദിച്ചതു്. പക്ഷേ ഗവമ്മേണ്ടു് പ്രദശനവസ്തുക്കഠം വാങ്ങുന്നതിന്നു 35,000 പിസൊ മാത്രമെ മ്യൂസിയത്തിന്നു വഷം തോറം അനുവദിച്ചിരു ന്നുള്ളു. നരശാസ്ത്രജ്ഞൻ പ്രഫസർ റിച്ചാർഡ്. പി. സ്റ്റെയ്ഡ ലിൻെറ രണ്ടു വിദ്യാത്ഥികഠം കയ്യിലുള്ളതു വിററഴിച്ചും കടം വാങ്ങിയും 45,000 പിസൊ കൊടുത്തു് ആ 'മമ്മി'യെ വാങ്ങി. അതിന്നു 'റെസ്റ്റിന്ത്യൻ രാജകുമാരി'യെന്നു പേരിട്ടു, സൂക്ഷ്മപഠന ത്തിന്നു വേണ്ടി സൂക്ഷിച്ചു. പക്ഷേ പ്രകൃതി ചരിത്ര മ്യൂസിയം ഡയറക്ടർ ഡോക്ടർ ഹംബർട്ടൊ ഇയൻസ്സാലിഡ ഈ 'മമ്മി'യെ വിദ്യാത്ഥികളുടെ കയ്യിൽനിന്നും തട്ടിയെടുത്തു. വിദ്യാത്ഥികഠം 'മമ്മി'യെ തിരിച്ചു കിട്ടുവാനായി ഭഗീരഥപ്രയത്നം ചെയ്തുയാണ്. തിരിച്ചു കിട്ടിയില്ല.

## സാഹിത്യകാര്യങ്ങഠം

പ്രസിദ്ധ റഷ്യൻ സാഹിത്യകാരൻ ഇലിയ എഹ്റൻബഗ്ഗ് ചിലിയൻ കവി പാബ്ലൊ നെറൂഡക്കു സ്റ്റാലിൻ സമ്മാനം കൊടുക്കുവാൻ വേണ്ടി സർട്ടിഫിക്കേററും സ്വണ്ണമെഡലും സംഭാ വനയായ 25,000 ഡോളറും കൊണ്ടു് സാൻടിയാഗൊ വിമാന ത്താവളത്തിൽ വന്നെത്തി. ചിലിയൻ കസ്റ്റംസ് ഉദ്യോഗസ്ഥ ന്മാർ അദ്ദേഹത്തിൻെറ നാലു സഞ്ചികളും പരിശോധിച്ചു,

സ്റ്റാലിൻസമ്മാനമടക്കം എല്ലാം കണ്ടുകെട്ടി. വിമാനത്താവളത്തിൽ വെച്ച് എഹ്റൻബർഗ്ഗ് ചിരിച്ചുകൊണ്ട് നെരൂഡയുടെ കൈ പിടിച്ചു കുലുക്കി, സംസാരിച്ചു. പക്ഷേ സ്റ്റാലിൻസമ്മാനം കൊടുക്കാൻ പററിയില്ല. എഹ്റൻബർഗ്ഗ് മടങ്ങി. ചോദിച്ചപ്പോൾ പ്രസിഡണ്ട് ഇബാനസ് പറഞ്ഞു: "ഞാനൊന്നും അറിഞ്ഞില്ല." കമ്മ്യൂണിസ്റ്റ്കാർ ചിലിയിൽ കടക്കുന്നതിനെതിരാണത്രെ ചിലിയിലെ 'ഡെമോക്രസി സംരക്ഷണ നിയമം.'

മേല്പറഞ്ഞ സംഭവങ്ങൾ ഒരു പക്ഷേ ഏതു വഴിയ്ക്കാണ് ചിലിയുടെ പോക്കെന്നറിവാൻ നമ്മെ സഹായിച്ചെന്ന് വരാം.

ആർജൻടീനയ്ക്കു ശക്തിയുണ്ട്. ബ്രസീൽ പ്രൗഢമാണ്. ഏററവും പുരോഗമിച്ച രാഷ്ട്രമാണ് ഉറുഗൈ. ചിലിയെ? ദാരിദ്ര്യമുണ്ടെങ്കിലും നമ്മുടെ മനം കവരുന്നു ചിലി.

അദ്ധ്യായം:

## പതിനൊന്ന്.

## പെറു.

—ഇങ്കസാമ്രാജ്യകേന്ദ്രം.

"How does Man live? By throttling,
grinding, sweating
His fellows, and devouring all he
can ...
No, gentleman, this truth we cannot
shirk:
Man lives exclusively by dirty work."

–BERTOLT BRECHT.

"Bowed by the weight of centuries
he leans
Upon his hoe and gazes on the
ground...
Whose was the hand that slanted back
this brow?
Whose breath blew out the light
within this brain?

–EDWIN MARKHAM.

ഇങ്ക–റെഡ്ഇന്ത്യൻ സാമ്രാജ്യത്തിൻെറ ഹൃദയമായ പെറു വിലെ വെള്ളിയും സ്വർണ്ണവും കണ്ട കൊതിയടക്കുവാൻ വയ്യാതെ സ്പെയിൻകാർ ആ രാജ്യം ആക്രമിച്ചു, കൈവശപ്പെടുത്തി. പെറു തെക്കേ അമേരിക്കയിലെ സ്പാനിഷ് സാമ്രാജ്യത്തിൻെറ കേന്ദ്രമായി. തലസ്ഥാനനഗരം ലിമയാണ്–'രാജാക്കന്മാരുടെ നഗരം.' സ്പാനിഷ് സാമ്രാജ്യത്തിൽനിന്നും സ്വാതന്ത്ര്യം നേടിയതിനു ശേഷം ആദ്യം ജനകീയ തിരഞ്ഞെടുപ്പു നടന്നതു് 1945–ലാണ്. കടൽ നിരപ്പിനു 12,000 അടി മുകളിൽ സ്ഥിതിചെയ്യുന്ന ടിറ്റിക്കാക തടാകത്തിൽക്കൂടി വഞ്ചികളും ബോട്ടുകളും ഓടിക്കൊണ്ടിരിക്കുന്നു. പീഠഭൂമിയിലെ പട്ടണത്തിലെത്തുവാൻ തീവണ്ടി 15000 അടി മുകളിലേക്കു കിതച്ചു കയറുന്നു. ലിമയിലെ 'ഗവൺമേണ്ട കൊട്ടാര'ത്തിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതു് പെറു ആക്രമിച്ചു കീഴ്പെടുത്തിയ പിസ്സാറൊയാണ്, 1535–ൽ. ലോകത്തിൽ ആദ്യമായി വെള്ള ഉരുളൻകിഴങ്ങിൻെറ രുചിനോക്കിയതു് കണക്കുകൂട്ടുവാൻ ചരടുകളും കെട്ടുകളും കൊന്തമണികളും ഉപയോഗിച്ചിരുന്ന ഇങ്ക–റെഡ്ഇന്ത്യരാണ്. ചക്രമുള്ള വാഹനങ്ങൾ അവർക്കില്ലായിരുന്നു. എന്നിട്ടും അവർ 2300 നാഴിക നീളം വരുന്ന ഒന്നാംന്തരം നിരത്തുകൾ പണിതു.

## മൂന്നു പെറു

തെക്കേ അമേരിയ്ക്കയുടെ പടിഞ്ഞാറു ഭാഗത്താണ് പെറു. ആൻഡീസ് തെക്കു വടക്കായി കിടക്കുന്നു. പെറു മൂന്നാണ്: വിസ്തീർണ്ണത്തിൻെറ പത്തിൽ ഒരു ഭാഗം വരുന്ന 'കോസ്റ്റ'–ധാരാളം പട്ടണങ്ങളുള്ള കടൽത്തീരം; 'മൊൺടാന' പീഠഭൂമികൾ; പത്തിൽ മൂന്നു ഭാഗം വരുന്ന ചൂടുള്ള അമെയ്സോൺ തടം. പർവ്വതശിഖരങ്ങളിൽ 7 എണ്ണത്തിനു 19000 അടിയിൽ കൂടുതൽ ഉയരമുണ്ട്. നാലെണ്ണമാണ് മുഖ്യം–ഹ്വവാസ്കരൻ, ഓസാൻഗാട്ടെ, കൊറൊപൂണ, മിസ്റ്റി.

ഗന്തർ പറയുന്നു: "നാടകീയമാണ് കാർമാറ്റ്ഗ്ം ലിമയിൽനിന്നു് ആൻഡീസ് പർവ്വതത്തിലേയ്ക്കു കയറുന്നത്....കടൽപ്പരപ്പിൽനിന്നും 85 നാഴികകൊണ്ടു് 15,948 അടി ഉയരത്തിലേയ്ക്കു കയറുന്ന ലോകത്തിലെ ഏക നിരത്താണ് അത്. ചുരത്തിൻെറ അഗ്രമായ ടിക്ലിയോയിൽ നിങ്ങൾ കാറിൽനിന്നു് ഇഴഞ്ഞു വലിഞ്ഞിറങ്ങുന്നു, ഒരടിവെയ്ക്കുവാൻ ശ്രമിയ്ക്കുന്നു. നിങ്ങൾ തല ചുററി കാൽ ഇടറി വീഴുന്നു. രക്തം പോലെ കണ്ണുകൾ ചുമക്കുന്നു. ഒരലച്ച് കേൾക്കുന്നു. ചെവി കൊട്ടിയടയ്ക്കുന്നു. പെട്ടന്നാണ് അറിയുന്നതു്, വിശ്വസനീയമല്ലാത്തവിധം അത്രയ്ക്കുയരത്തിലാണു നിങ്ങൾ നില്ക്കുന്നതെന്നു്."

## ഗ്വാനൊ: പക്ഷിക്കാട്ടം

പെറുവിലെ നദികൾ 'മൊൺടാന'യിൽക്കൂടി അമെയ്സോണിലേയ്ക്കു കുതിച്ചു ചാടുന്നു. പ്രത്യേകിച്ച് മാരാനോൺ, ഊകായാലി എന്നീ നദികൾ. തീരപ്രദേശത്തു വരൾച്ചയാണ്, കാററുകൾ മഴ വിതറുന്ന മേഘങ്ങളെയെല്ലാം ആൻഡീസ് പർവ്വതത്തിൻെറ കിഴക്കുഭാഗത്ത് നിക്ഷേപിയ്ക്കുന്നതുകൊണ്ടു്. 1400

നാഴിക നീളവും 10 തൊട്ട് 100നാഴികവരെ വീതിയുമുള്ള കടൽത്തീരത്ത് കാലാവസ്ഥ 'എയർകണ്ടിഷൻ'ചെയ്ത മുറിയിലേതുപോലെ. അൻറാർട്ടിക്കയിൽ നിന്നും വരുന്ന ഹംബോൾട്ട് ശീതജലപ്രവാഹം തീരപ്രദേശത്തെത്തുന്നു എന്നതാണ് കാരണം. വടക്കെ തീരപ്രദേശത്താണ് എണ്ണയുല്പാദനം. ചെമ്പ്, വനേഡിയം, മാംഗനീസ്, ബിസ്മത്ത്, 'പഞ്ചാകാമക്' വെൺകല്ല് എന്നിവയാണ് പ്രധാന കയററുമതിയിനങ്ങൾ. 'ഗ്വാനൊ' അഥവാ 'പക്ഷിക്കാട്ടം' ഒന്നാംന്തരം വളമാണ്. 'ഗ്വാനൊ' വിററ് പെറുവിന്ന് 750 ലക്ഷം പവൻ കിട്ടിയിട്ടുണ്ടത്രെ. 1936-നു ശേഷം ഗ്വാനൊ ഗവൺമെണ്ടിൻെറ കുത്തകയാണ്. ഹംബോൾട്ട് ഒഴുക്കിൽക്കൂടി വളരെയേറെ മത്സ്യങ്ങൾ വരുന്നു. പക്ഷികൾ അവയെ പിടിച്ചു തിന്നുന്നു. അതിൽനിന്നാണത്രെ ഈ 'പക്ഷിക്കാട്ടം' കിട്ടുന്നതു്. അതാണ് ഈ വളം ഇത്ര വിശേഷപ്പെട്ടതാവാൻ കാരണമെന്നു പറയുന്നു.

## ചുകപ്പും വെളുപ്പും

4,82,228 ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള പെറുവിൽ 85 ലക്ഷം ജനങ്ങളുണ്ട്. റെഡ്ഇന്ത്യരാണു പകുതിയും. വെള്ളക്കാരാണു ഭരിയ്ക്കുന്നതു്. 5_ൽ 4 ഭാഗം ജനങ്ങളും കൃഷിക്കാരാണ്. കൃഷിഭൂമി ആകെ വിസ്തീർണ്ണത്തിൽ അഞ്ചിലൊരു ഭാഗം വരും. പകുതി കൃഷിയ്ക്കും വെള്ളത്തിനു ക്ഷാമമില്ല. തോട്ടങ്ങളിലെ തൊഴിലാളികൾ റെഡ്ഇന്ത്യരാണ്. പരുത്തി, കമ്പിളിരോമം, തോൽ, കാപ്പി എന്നിവ പെറുവിനു വിദേശനാണയം സമ്പാദിച്ചുകൊടുക്കുന്നു. 300 കൊല്ലം മുമ്പുതന്നെ മലമ്പനിമരുന്നായ കൊയ്ന റെഡ്ഇന്ത്യർ ഉപയോഗിച്ചിരുന്നു. ഉരുളൻകിഴങ്ങിൻെറ തറവാടു പെറുവാണ്. മലമ്പ്രദേശത്തെ താഴ്‌വരകളിൽ ലാമകളും അൽപാക്കകളും ചെമ്മരിയാടുകളും കൂട്ടം കൂട്ടമായി മേയുന്നു.

അൽപാക്ക ഒട്ടകത്തിൻെറ ചാച്ച്ക്കാരനാണ്. 4 അടി പൊക്കം. തല 3 അടി ക്കുടി മുകളിലാണ്. 8000 തൊട്ട 12000 അടി വരെ ഉയരമുള്ള പീഠഭൂമികളാണ് ഈ മൃഗത്തിനിഷ്ടം. 8 തൊട്ട 16 ഇഞ്ചു വരെ നീളമുള്ള ഇതിൻെറ കറുപ്പ്, വെള്ള, ചെമ്പ് എന്നീ നിറങ്ങളുള്ള കമ്പിളി രോമംകൊണ്ട് നൂലും വസ്ത്രങ്ങളുമുണ്ടാക്കുന്നു. സാധാരണ കിട്ടുന്ന അൽപക്കാ ചരടും വസ്ത്രവും തനി അൽപാക്കയായിരിക്കില്ല, പരുത്തിനൂലും വെറും സാധാരണ കമ്പിളിയും ചേൎന്നതാകും.

വ്യവസായങ്ങൾ പൊങ്ങിവരുന്നുണ്ട്. പക്ഷേ വിദേശീയ ക്കമ്പനികളാണ് അവ നടത്തുന്നത്. ലാഭവും അവൎക്കുതന്നെ. ധാതുപദാൎത്ഥങ്ങളും എണ്ണയുമാണ് കയററുമതിയിൽ മൂന്നിൽ രണ്ടു ഭാഗവും, ബാക്കിയുള്ളതു് കൃഷിയിനങ്ങളും. ലിമ, അഗ്നിപൎവ്വതമായ എൽമിസ്റ്റിയുടെ അടിവാരത്തുള്ള അരെകിപ്പ, കല്ലാവൊ, ചിക്ലായൊ, ഇക്കീടോസ്, പ്യൂറെ, ട്രൂഹിൻയൊ, ചിമ്പോടെ, ക്കുസ്കൊ എന്നിവയാണ് പ്രധാന നഗരങ്ങൾ. പകുതിയിലധികം ജനങ്ങൾക്കും എഴുത്തും വായനയും അറിയില്ല. അതിനാൽ അവൎക്കു വോട്ടില്ല. ഔദ്യോഗികഭാഷ സ്പാനിഷ് ആണ്. കത്തോലിക്കമതം രാഷ്ട്രമതമാണ്.

## പ്രസിഡണ്ട് ഒഡ്റിയ

1933-ൽ ഒരു ലിബറൽ ഭരണഘടന ഉടലെടുക്കുകയുണ്ടായി. എങ്കിലും ഇന്നു് സ്വേച്ഛാധികാരി ഒഡ്രിയയുടെ ഭരണമാണവിടെ. ധനാഢ്യനായ ഒരു വെള്ളക്കാരനല്ല ഒഡ്രിയ. ഇററാലിയൻ രക്തവും റെഡ്ഇന്ത്യൻ രക്തവും അയാളിൽ ഉണ്ട്. കാളപ്പോര്, കോഴിപ്പോര്, ഇററാലിയൻ ഓപ്പറെ എന്നിവയിൽ വലിയ കമ്പമാണ്. അയൽരാജ്യങ്ങളിലും ഐക്യനാടുകളിലുമൊഴികെ അധികം സഞ്ചരിച്ചിട്ടില്ല. ഐക്യനാടുകളിലെ കമ്പ

നികാം പെറുവിലെ വ്യവസായങ്ങാം നടത്തിപ്പോരുന്നതിൽ സന്തോഷമേയുള്ളു. യു. എസ്സ്. സാമ്പത്തിക വിദഗ്ദ്ധരായ ജൂലിയസ് ക്ലീനും ജൂലിൻ സാക്സും ആണ് അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കാം. കഴിഞ്ഞ ജൂൺ മാസം വെനിസ്വേലയിലെ പ്രസിഡണ്ട് പീറസ് ജിമിനിസിനെ ജനറൽ മാനുവൽ ഒഡ്രിയ ഔദ്യോഗികമായി സ്വീകരിയ്ക്കുകയുണ്ടായി, ജിമിനിസ് പെറു സന്ദർശിച്ചപ്പോാം. പെറുവിലെ സൈനിക കോളേജ് വിദ്യാർത്ഥി യായിരുന്നു ജിമിനിസ്. അന്ന് ഒഡ്രിയ സൈനിക കോളേ ജിന്റെ സബ്ഡയറക്ടർ ആയിരുന്നു. ജിമിനിസ് 860 ജ്വലി യ്ക്കുന്ന രത്നങ്ങളുള്ളതും തെക്കേ അമേരിയ്ക്കയുടെ വിമോചകനായ ബൊളിവാറിന്റെ ഖഡ്ഗത്തിന്റെ മാതൃകയിൽ ഉള്ളതുമായ ഒരു ഖഡ്ഗം ഒഡ്രിയയ്ക്കു സമ്മാനിച്ചു. ഒരു സമ്മാനമെന്നതിനു പുറമെ വെനിസ്വേല സ്വദേശിയായ ബൊളിവാറാണ് പെറു വിനു സ്വാതന്ത്ര്യം വാങ്ങിക്കൊടുത്തതെന്ന് ഓർമ്മപ്പെടുത്തുന്ന ഒന്നുകൂടിയാണ്.

## ഇങ്കചരിത്രം

വനപ്രദേശത്തിന്റെ പടിഞ്ഞാറാണ് ആൻഡീസ്നിര. "സർവ്വശക്തനായ ദൈവം തന്റെ ശക്തിയുള്ള നട്ടെല്ലു കാട്ടി കൊണ്ടു നില്ക്കുന്ന"താണത്രേ ആൻഡീസ്. ആൻഡീസ് പീഠഭൂമി യിലെ 'കുസ്കൊ' നഗരമായിരുന്നു ഇങ്ക-റെഡ്ഇന്ത്യൻ സംസ്കാര ത്തിന്റെ കേന്ദ്രം. പുരാതന കിച്ച്വ റെഡ്ഇന്ത്യരുടെ രാജാവിനെ 'യിങ്ക' എന്നാണ് വിളിച്ചിരുന്നതു്, രാജകീയവംശത്തിൽപ്പെട്ട വരെ ഇങ്കയെന്നും. ക്രിസ്തുവിനുശേഷം 1200-ൽ യുദ്ധവീരന്മാ രായ ഭരണാധിപന്മാരുടെ ബുദ്ധിയും ശക്തിയും കേന്ദ്രീകൃതഗവ ൺമേണ്ടും ഇങ്ക സാമ്രാജ്യത്തെ വികസിപ്പിച്ചു. ഇക്വഡോറും പെറുവും ചിലിയും അടക്കം ഇങ്ക സാമ്രാജ്യം തെക്കേ അമേരിയ്ക്ക യുടെ പടിഞ്ഞാറു ഭാഗം മുഴുവൻ പരന്നു കിടന്നിരുന്നു. പരമ്പ

രാഗതമായ ഭാഷകഠം സംസാരിച്ചുകൊണ്ടും, പഴയ മാമൂലുകളും ആചാരങ്ങളും പുലത്തിക്കൊണ്ടും, പഴയ സാമൂഹ്യ കൃഷിയിടങ്ങളിൽ കൃഷി ചെയ്തുകൊണ്ടും, സ്പാനിഷ് ആക്രമണവും കൂട്ടക്കൊലയും അതിജീവിച്ച 60 ലക്ഷം ഇങ്ക-റെഡ്ഇന്ത്യർ ഇന്നും ജീവിച്ചുപോരുന്നു. ആറു നൂററാണ്ടുകഠം കടന്നുപോയതു് അവർ അറിഞ്ഞിട്ടില്ലെന്നു മാത്രം. നാടോടിക്കഥകളനുസരിച്ചു്, ഇങ്കകഠം മററു റെഡ്ഇന്ത്യൻ സംസ്ഥാനങ്ങഠം ആക്രമിച്ചു കീഴ്പെടുത്തി. അടിച്ചമത്തപ്പെട്ട റെഡ്ഇന്ത്യരെ സാമ്രാജ്യത്തിൻെറ ഉഠംഭാഗത്തേയ്ക്കും, ഉഠംഭാഗത്തുനിന്നു് ഇങ്ക സംസ്കാരം സ്വീകരിച്ച റെഡ്ഇന്ത്യരെ പുതിയതായി ആക്രമിയ്ക്കപ്പെട്ട പ്രവിശ്യകളിലേയ്ക്കും അവർ അയച്ചു. അതിനാൽ വിപ്ലവങ്ങഠം അടിച്ചമത്തേണ്ട പ്രശ്നം ഇങ്കഭരണാധിപന്മാക്കു നേരിടേണ്ടിവന്നില്ല. ഇങ്ക സാമ്രാജ്യം 'സ്റ്റേററ് സോഷ്യലിസ'ത്തിന്നു് ഉത്തമോദാഹരണമാണു്. ഓരോ പൗരൻെറയും ജീവിതം ജനനം മുതൽ മരണംവരെ ഗവമ്മേണ്ടു നിയന്ത്രിച്ചിരുന്നു, സംരക്ഷിച്ചിരുന്നു. യിങ്കാ ചക്രവത്തി സേച്ഛാധിപതിയാണു്, പരമാധികാരവുമുണ്ടു്. പക്ഷേ അദ്ദേഹം ബുദ്ധിമാനായിരുന്നു, ചുമതലകളിൽ വിശ്വസിച്ചിരുന്നു. ഉദ്യോഗസ്ഥന്മാർ ചക്രവത്തിയുടെ ആജ്ഞകഠം അക്ഷരംപ്രതി പ്രവൃത്തിയിൽ വരുത്തി. ഇങ്ക ഭരണം വ്യക്തിയുടെ ആത്മവിശ്വാസം വിലവെച്ചില്ലെങ്കിലും രാഷ്ട്രത്തിന്നു് സമ്പൽസമൃദ്ധി നല്കി. അതിനാൽ 1534ൽ പൊടുന്നനവെ നയജ്ഞനും സൂത്രക്കാരനുമായ പിസാറൊ സൈന്യസമേതം വന്നു് ക്ഷണത്തിൽ യിങ്കാ അററഹ്വവാൽപ്പയെ പിടിച്ചപ്പോഠം ഇങ്ക-റെഡ്ഇന്ത്യക്കു് ആശ നശിച്ചു.

## ഇങ്കസംസ്കാരം

ഇങ്കഭരണം രസകരമായിരുന്നു. തലസ്ഥാനം: കസ്കൊ. അവിടെനിന്നും റോഡുകഠം നാലു ഭാഗത്തേയ്ക്കും പായുന്നു. സാമ്രാ

ജ്യത്തിന്റെ അങ്ങേ അററം വരെ രാജകീയാജ്ഞകൾ പ്രവിശ്യാ ഗവണ്ണർമാരെ അറിയിച്ചിരുന്നതു് ഓട്ടക്കാരാണ്. ഒരോട്ടക്കാരൻ പത്തു നാഴിക ചെല്ലുമ്പോൾ മറെറാരു ഓട്ടക്കാരൻ ഏററു വാങ്ങി ഓടുകയായി. അയാളിൽനിന്നു് ഏററുവാങ്ങി മറെറാരാൾ, അങ്ങിനെ. ഓട്ടക്കാക്ക് പ്രത്യേകം ഔദ്യോഗികവേഷമുണ്ടായിരുന്നു. രാജകീയാജ്ഞകൾ നിഷ്പ്രയാസം അതിവേഗത്തിൽ സാമ്രാജ്യത്തിന്റെ ഓരോ ഭാഗത്തും എത്തിയിരുന്നു. ഇങ്കചക്രവത്തിമാർ വലിയ അണകൾ കെട്ടി. ജലസേചന പദ്ധതികൾ നടപ്പിൽ വരുത്തി. ശാസ്ത്രീയമായവിധം വളരെ വലിയ ഗവമ്മേണ്ടറകളിൽ ധാന്യങ്ങൾ സൂക്ഷിച്ചിരുന്നു. ഭക്ഷണക്ഷാമം നേരിടേണ്ടിവരുമ്പോൾ അറകൾ തുറക്കും, ഭക്ഷണം വിതരണം ചെയ്യും. അൽപാക്ക, വിക്കൂണ എന്നീ മൃഗങ്ങളുടെ കമ്പിളിരോമംകൊണ്ട് ചിത്രവേലകളുള്ള വസ്ത്രങ്ങൾ നെയ്യെടുത്തിരിക്കുന്നു അവർ. ചെമ്പും തകരവും ഉരുക്കിച്ചേർത്ത് ഓട്ട വാർത്തെടുത്തു് ആയുധങ്ങളും പാത്രങ്ങളും നിമ്മിച്ചിരുന്നു. അവരുടെ ക്ഷേത്രങ്ങൾ കലാക്ഷേത്രങ്ങളായിരുന്നു. വെള്ളിയും സ്വർണ്ണവും കൊണ്ടുള്ള ചിത്രപ്പണികളുള്ള തൂണുകളും ആൾത്താരകളും കൊടിമരങ്ങളും അവിടെ ഉണ്ടായിരുന്നു. അവരുടെ ശില്പമാതൃകയ്ക്കു തികഞ്ഞ ലക്ഷ്യമാണ് കുസ്കൊയിലെ സൂര്യക്ഷേത്രം. ശാസ്ത്രീയമായ വിധമാണ് പ്രവിശ്യകൾ ഭാഗിച്ചിരുന്നതു്—കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക്, അങ്ങിനെ. ഓരോ പ്രവിശ്യയും അതേപടി തന്നെ പിന്നേയും വിഭജിയ്ക്കപ്പെട്ടിരുന്നു. ചക്രവത്തിയുടെ ആജ്ഞകൾ ആദ്യം ദൂരെയുള്ള പ്രവിശ്യാഗവണ്ണർമാക്ക് അയയ്ക്കും. പിന്നീട് അടുത്തുള്ള പ്രവിശ്യാഗവണ്ണർമാക്ക്. എല്ലാവക്കും ആജ്ഞകൾ ഒരേ സമയം കിട്ടും. ജപ്പാൻ ചക്രവത്തിയെപ്പോലെ ഇങ്കചക്രവത്തിയും സൂര്യഭഗവാന്റെ പിൻഗാമിയാണ്. കുസ്ക്കോയിൽ ഇന്നും വളരെ വലിയ ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ കാണാനുണ്ട്. ഇങ്കകൾ എഴുതുക പതിവില്ല. അവക്കക്ഷരമില്ല. കണക്കുകൾ ഉണ്ടായി

രുന്നു, എല്ലാററിനും. കിപ്പുസ് എന്ന ചരടുകഠം, വിവിധനിറത്തിലുള്ളവ, അതിന്മേലെല്ലാം കെട്ടുകഠം—എല്ലാം നൂറ്, അമ്പതു്, ആയിരം തുടങ്ങിയ സംഖ്യകളെ പ്രതിനിധാനം ചെയ്തിരുന്നു. ഒരു വലിയ കെട്ട് 10000 ആകാം. ചരടിന്മേൽ ഭാരം തൂക്കിയിട്ടാൽ അതു ലക്ഷത്തിനപ്പുറമുള്ള ഒരു സംഖ്യയുടെ ചിഹ്നമാകും. ശില്പമാതൃകയോ? അനേകം ടൺ കനം തൂങ്ങുന്ന വെട്ടിയെടുത്ത പാറക്കട്ടകഠം കൊണ്ടാണ് കെട്ടിടങ്ങഠം പണിതിരുന്നതു്. കുമ്മായമോ മററേതെങ്കിലും പശയുള്ള സാധനമോ ഉപയോഗിച്ചിരുന്നില്ല. ഏതെങ്കിലും രണ്ടു കല്ലുകഠം കൂടിച്ചേരുന്നയിടത്തു കത്തിയുടെ മൂച്ച്യുള്ള അററത്തിനു കൂടി കടക്കാൻ പഴുതില്ല. ഇപ്രകാരമുള്ള ശില്പമാതൃകയ്ക്കു പവ്വതപട്ടണമായ മാൻല്യ പിച്ചുവാണ് തികഞ്ഞ ഉദാഹരണം. കോക്ക്പോലെ പൊങ്ങിക്കിടക്കുന്ന ബൽസാമരംകൊണ്ടുള്ള വഞ്ചികളാണവർ ഉപയോഗിച്ചിരുന്നതു്. സ്ത്രീകളുടെ ആഭരണങ്ങഠം അടിച്ചു പരത്തിയ സ്വണ്ണം കൊണ്ടുള്ളതായിരുന്നു. ഇങ്കരുടെ വിവാഹം പ്രയാസമില്ലാത്ത ചടങ്ങാണ്. സമൂഹശ്രേഷ്ഠൻ നടുക്കുനില്ക്കുന്നു. സ്ത്രീയുടേയും പുരുഷൻേറയുംപേരുകഠം വിളിക്കുന്നു. അവരുടെ കൈകഠം കൂട്ടിച്ചേക്കുന്നു. വിവാഹം കഴിഞ്ഞു. വിളവെടുപ്പിൽ മൂന്നിൽ ഒരു ഭാഗം സമൂഹത്തിനു്, ഒരു ഭാഗം ദൈവത്തിനു്, ഒരു ഭാഗം രാഷ്ട്രത്തിനു്. മെക്സിക്കോവിലെ 'ആസ്തെക്കു'കളെപ്പോലെ ഇങ്കകഠംക്കു രക്തദാഹമില്ല. നരബലിയെപ്പററി അവർ കേട്ടിട്ടില്ല. പിസാറൊയുടെ വരവിനു മുമ്പ് ദാരിദ്ര്യം എന്തെന്നറിവില്ലായിരുന്നു അവിടെ.

## ചരിത്രം

1532–നും 1538–നും മദ്ധ്യേയാണ് പിസാറൊയും അൽമാഗ്രൊയും പെറു ആക്രമിച്ചതു്. അവർ തമ്മിൽ വഴക്കായി, യുദ്ധമായി. അൽമാഗ്രൊ വധിയ്ക്കപ്പെട്ടു. ഏതോ ഘാതകൻ പിസാറോയെ കൊന്നു. സ്പെയിൻ രജാവ് 'പുതിയ നിയമങ്ങഠം'

പാസ്സാക്കി, റെഡ്ഡിന്ത്യരുടെ രക്ഷയ്ക്കായി. 10 കൊല്ലം കഴിഞ്ഞപ്പോഠം ഈ നിയമങ്ങഠം ആരും അനുസരിയ്ക്കാതായി. റെഡ്ഡിന്ത്യരോട് ഏററവും പരുഷമായ രീതിയിലാണ് വെള്ളക്കാർ പെരുമാറിയിരുന്നതു്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള റെഡ്ഡിന്ത്യരുടെ വിപ്ലവങ്ങഠം ഫലിച്ചില്ല. 1780–ൽ റെഡ്ഡിന്ത്യൻ നേതാവ് ട്യൂപാക്ക് അമാറു രണ്ടാമൻ ഒരു വിപ്ലവം അഴിച്ചുവിട്ടു. അതും തകൎന്നു. ഇങ്കഭരണാധിപന്മാർ തമ്മിലുള്ള സ്പർദ്ധയും വഴക്കും വെള്ളക്കാരൻെറ പുതിയ ആയുധങ്ങളുമാണ് ഇങ്കസാമ്രാജ്യത്തെ നശിപ്പിച്ചതു്.

ലിമയിൽ പിസാറൊയുടെ മൃതദേഹം ചില്ലുകൂടിനുള്ളിൽ വെച്ചിട്ടുണ്ട് — എല്ലുകളും കുറച്ചു മാംസവും. ഈ ശവകുടീരത്തിനു മുകളിലായി ഗിൽററക്ഷരത്തിൽ പിസാറൊയുടെ 13 അനുയായികളുടെ പേരുകഠം എഴുതിയിട്ടുണ്ട്. അതിലൊന്നാണ് ഡിലാടോർ. അദ്ദേഹത്തിൻെറ പിൻഗാമിയാണ് പെറുവിലെ പ്രസിദ്ധവിപ്ലവകാരി വിക്ടർ റാഠംഹായ ഡിലാടോർ.

1820–ൽ സാൻമാർട്ടിൻ പെറുവിനെ സ്പാനിഷ് സാമ്രാജ്യത്വത്തിൽനിന്നു മോചിപ്പിയ്ക്കുവാനുള്ള യത്നം തുടങ്ങി. 1824-ൽ ബോളിവാർ പെറുവിനെ മോചിപ്പിച്ചു. തുടൎന്നു സ്വേച്ഛാധികാരികളും അയൽരാജ്യങ്ങളുമായുള്ള യുദ്ധങ്ങഠം വന്നുചേൎന്നു. യുദ്ധം മൂലം പെറുവിനു പല സ്ഥലങ്ങളും നഷ്ടപ്പെട്ടു.

## ഒരു ജനനേതാവ്

സൈനികമേധാവി ആൻഡ്റിയസ് കാസറിൻെറ (1836–1923) ഭരണമായിരുന്നു കുറേക്കാലത്തേയ്ക്കു്. അദ്ദേഹത്തിൻെറ സ്നേഹിതൻ അഗസ്റ്റൊ ബി. ലിഗ്വയ 1908 മുതൽ 1912 വരെ സ്വേച്ഛാധികാരിയായും 1919 മുതൽ 1930 വരെ പ്രസിഡണ്ടായും വാണു. പക്ഷേ എത്ര നാഠം പെറുവിലെ 20 ലക്ഷം

പേർ താമസിക്കുന്ന കടൽത്തീരപ്രദേശം 20-ാം നൂററാണ്ടിലും പീഠഭൂമി പ്രദേശം 16-ാം നൂററാണ്ടിലുമായി കഴിഞ്ഞുകൂടുന്നു? ലിമ യിലെ യാഥാസ്ഥിതികന്മാരായ 40 വെള്ളക്കുടുംബക്കാരാണ് ഭരണം നടത്തിയിരുന്നത്. സെൻട് മക്കോസ് സർവ്വകലാശാല യിലെ ഇടതുപക്ഷവാദികൾ സോഷ്യലിസ്റ്റ് ഭരണം നടപ്പിൽ വരുത്തുക വേണമെന്നു വാദിച്ചു. ഒന്നാന്തരം പ്രാസംഗികനും ബുദ്ധിമാനുമായ ഹായ ഡിലാടോർ ആയിരുന്നു അവരുടെ നേതാവ്. ഈ 24 വയസ്സുകാരൻ 'അമേരിക്കൻ ജനകീയ-വിപ്ലവസഖ്യം' അഥവാ 'അപ്ര' സംഘടനക്കു രൂപം നൽകി. 1942-ൽ അദ്ദേഹം ഭയങ്കരമായ ഒരു തൊഴിൽമുടക്കിനു നേതൃത്വം നല്കി, ഗവമ്മേണ്ടിന്റെ സ്വേച്ഛാപ്രഭുത്വത്തെ എതിക്കുവാൻ. ഹായയെ അറസ്റ്റ് ചെയ്തു, നാടു കടത്തി. ഹായ 'അപ്ര' സംഘടനക്കു നല്കിയ തത്വസംഹിതക്ക് 'അപ്രിസ്മൊ'എന്നാണ് പേർ; സംഘടനാംഗങ്ങൾ 'അപ്രിസ്റ്റ്'കളും. അപ്രിസ്റ്റുകൾ പ്രവത്തനത്തിൽ വ്യാപൃതരായി. 1930-ൽ ലിഗ്ഗ്വയക്ക് അധികാരം നഷ്ട പ്പെട്ടു. ബെർളിനിലായിരുന്ന ഹായ തിരികെ വന്നു. പെറുവിന്റെ ചരിത്രത്തിൽ കേൾക്കാത്ത വിധം അത്യുന്തസ്സുള്ള ഒരു സ്വീകരണമായിരുന്നു നാട്ടുകാർ ഹായക്കു നല്കിയത്. നാട്ടുകാക്കു ഹായയെന്നാൽ മോചനം, പുരോഗമനം, ആശ എന്നിവയാണ്. 1931 ഒക്ടോബറിലെ തിരഞ്ഞെടുപ്പിൽ ഹായയുടെ കക്ഷി ജയിച്ചു. ഹായയെ പ്രസിഡണ്ടാക്കുവാനുള്ള ശ്രമമായി. കത്തോലിക്ക സഭയുടേയും സൈന്യത്തിന്റേയും സഹായത്തോടെ യാഥാസ്ഥിതികൻ സാഞ്ചസ് സിറൊ പ്രസിഡണ്ടു സ്ഥാനം തട്ടിയെടുത്തു, ഹായയെ ജയിലിലടച്ചു. 14 മാസം അദ്ദേഹം സൂര്യവെളിച്ചം കടക്കാത്ത ഒരു ഇരുട്ടറയിൽ അടക്കപ്പെട്ടു. വിളക്കും പുസ്തകങ്ങളും കുളിയും അദ്ദേഹത്തിനനുവദിക്കപ്പെട്ടിരുന്നില്ല. 1933-ൽ അദ്ദേഹത്തെ മോചിപ്പിച്ചു. 1936-ലെ തിരഞ്ഞെടുപ്പിൽ 'അപ്ര' പാർട്ടിയെ നിയമവിരുദ്ധമാക്കി. ബുദ്ധിമാനായ

ഹായ ഡോക്ടർ ലൂയി എഗീഗ്ഗുരൻെറ പാർട്ടിയെ പിന്താങ്ങി. എഗീഗ്ഗുരൻെറ പാർട്ടി വിജയിക്കുമെന്നു കണ്ടപ്പോഠം, ഗവൺമേ ണ്ടിൻെറ ദേശീയ തിരഞ്ഞെടുപ്പു ബോർഡ് തിരഞ്ഞെടുപ്പു റദ്ദ് ചെയ്തു. വിളിച്ചു കൂട്ടിയ കോൺഗ്രസ്സ് പഴയ പ്രസിഡണ്ട് ബന വീഡസിനോടു മൂന്നു കൊല്ലത്തേയ്ക്കു കൂടി പ്രസിഡണ്ടായി തുടരു വാൻ ആവശ്യപ്പെട്ടു. 1937–ലെ തിരഞ്ഞെടുപ്പിലും 'അപ്ര' നിയമവിരുദ്ധമാക്കപ്പെട്ടു. അതുകൊണ്ട് യാഥാസ്ഥിതികൻ ഡോക്ടർ ഉഗാർ ടെച്ച് പ്രസിഡണ്ടായി.

## അപ്രിസ്റ്റ നേതാവായ: ഹായ

1896 ഫെബ്രുവരി 22–ാംതീയതി ജനിച്ച ഹായ നല്ല പാരമ്പര്യമുള്ള ബുദ്ധിജീവികളുടെ കുടുംബത്തിൽ പിറന്നു. ജോർജ്ജ് വാഷിങ്ങ്ടൻെറ പിറന്നാഠം ദിവസമത്രേ ഹായ ജനിച്ചതു്. പുരോഗമനവാദികളുടെ കേന്ദ്രമായ ആർജൻടീനയിലെ കൊർ ഡോബ സർവ്വകലാശാലയിലും, പിന്തിരിപ്പന്മാരുടെ സങ്കേതമായ സാൻമർക്കോസ് സർവ്വകലാശാലയിലും വിദ്യാഭ്യാസം കഴിച്ച ഹായയ്ക്കു മെക്സിക്കൻ വിപ്ലവം വലിയ ഉന്മേഷം നല്കി. 'രാഷ്ട്രീ യ'ത്തെ വെറുത്തിരുന്ന അദ്ദേഹം സർവ്വകലാശാലാവിദ്യാഭ്യാസ ത്തിനു പണമില്ലാത്തവർക്കായി 'ജനകീയ സർവ്വകലാശാല' എന്ന പേരിൽ ഒരു സ്ഥാപനം ലിമയിൽ സ്ഥാപിച്ചു. രണ്ടു കൊല്ല ത്തിനുള്ളിൽ ഈ സ്ഥാപനത്തിൽനിന്നു വിദ്യാഭ്യാസം ലഭിച്ച 60,000 പേർ പുറത്തു വന്നു. ഹായയെ നാടുകടത്തിയപ്പോഠം കയ്യിൽ കാശില്ലെങ്കിലും അദ്ദേഹം ദേശസഞ്ചാരത്തിനു തയ്യാറായി. പനാമ, ക്യൂബ, മെക്സിക്കോ, ഐക്യനാടുകഠം, റഷ്യ എന്നീ രാജ്യ ങ്ങഠം സന്ദർശിച്ചു. മോസ്കോവിൽവെച്ച് അദ്ദേഹം ട്രോട്സ്കി യോടു തീർത്തുപറഞ്ഞു, കമ്യൂണിസം തെക്കേ അമേരിക്കയ്ക്കു പററി ല്ലെന്നു്. അനാരോഗ്യം അദ്ദേഹത്തെ സ്വിററ്സർലണ്ടിലേയ്ക്കു

നയിച്ചു. അവിടെനിന്നും ഇററലിയിൽക്കൂടി ഇംഗ്ലണ്ടിൽ എത്തി. ഇംഗ്ലണ്ടിൽ അദ്ദേഹം 'ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ്' എന്ന സ്ഥാപനത്തിൽ ചേൎന്നു. ലേഖകൻ, ശാസ്ത്രജ്ഞൻ, നരവംശ വിജ്ഞാനി, ഹായ 'അപ്രിസ്റ്റോ' തത്വസംഹിതയെ പരിഷ്കരിച്ചു. ഐക്യനാടുകളിൽ എത്തിയ അദ്ദേഹം ഹാർവാർഡ് സൎവ്വകലാ ശാലയിൽ പല പ്രസംഗങ്ങളും ചെയ്തു. ഗ്വാതെമാലയിലെത്തിയ ഹായയെ പോലീസ് പിടിച്ചു പുറം തള്ളി. പനാമയിലേയ്ക്കു കടന്നു അദ്ദേഹം. പോലീസുകാർ ഹായയെ അറസ്റ്റ് ചെയ്തു ജൎമ്മനിയിലേയ്ക്കു് പോകുന്ന ഒരു കപ്പലിൽ കയററി നാടു കടത്തി. സ്പാനിഷ് ഭാഷാദ്ധ്യാപകനായി ഹായ ബെർളിൻ പട്ടണത്തിൽ ജോലി നോക്കി. 1930-ൽ ലിഗ്വയയുടെ പതനത്തിനുശേഷം ഹായ തിരിയെ ലിമയിലെത്തി സ്വപ്നദൎശകൻ, ആദൎശവാദി, സോംഷ്യലിസ്റ്റ്, മനുഷ്യസ്നേഹി, ഹായ അക്രമത്തെ വെറുത്തു. ഗാന്ധിജിയുടെ അക്രമരാഹിത്യവും നെഹറുവിൻെറ മനുഷ്യ സ്നേഹവും ഹായയിൽ ഊറിക്കിടപ്പുണ്ട്. പ്രസിഡണ്ട് സാഞ്ചസ് സിറൊ 1932-ൽ ഹായയെ അറസ്റ്റ് ചെയ്തു. 27 അപ്രിസ്റ്റ പ്രതി നിധികളെ പ്രതിനിധിസഭയിൽനിന്നു് അറസ്റ്റ് ചെയ്തു. 6000 അപ്രിസ്റ്റുകളെ വധിച്ചു. ആയിരക്കണക്കിനു് അപ്രിസ്റ്റുകളെ ജയി ലുകളിലടച്ചു. പ്രസിഡണ്ട് ബെനിവാഡസ് ഹായക്ക് ഉന്നത സ്ഥാനങ്ങളും ഔദ്യോഗികസംരക്ഷണവും വാഗ്ദാനം ചെയ്തു. പക്ഷേ അതെല്ലാം 'അപ്ര' സംഘടനയ്ക്കു നൽകൂ എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. പ്രസിഡണ്ടിനു ദേഷ്യം വന്നു. റെഡ്ഇ ന്ത്യരെ മോചിപ്പിയ്ക്കുക, അവൎക്കു വിദ്യാഭ്യാസവും രാഷ്ട്രീയതുല്ല്യാ വകാശങ്ങളും നല്കുക, തെക്കേ അമേരിയ്ക്കയെ ഒന്നാക്കുക, 'ലത്തീൻ അമേരിയ്ക്ക' എന്ന പേർ 'ഇൻഡോ-അമേരിയ്ക്ക' എന്നാക്കുക, അയൽരാജ്യങ്ങളുമായി മമത പുലൎത്തുക, സഹവൎത്തിത്വം നടപ്പിൽ വരുത്തുക, നാത്സിസത്തേയും സാമ്രാജ്യത്വത്തേയും സൎവ്വവിധ ചൂഷണങ്ങളേയും തുടച്ചുനീക്കുക, അമേരിയ്ക്കക്കാകെ ക്ഷേമരാഷ്ട്ര

സമ്പദ്‌വ്യവസ്ഥ കൈവരുത്തുക, ജീവിതനിലവാരം ഉയർത്തുക— ഇതെല്ലാം 'അപ്രിസ്റ്റോ'യിൽ ഉൾപ്പെട്ടു.

1945-ൽ പ്രസിഡണ്ട് മാനുവൽ പ്രാഡോ ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പ് അനുവദിച്ചു. അപ്രിസ്റ്റുകളുടെ സഹായത്തോടെ ജോസ് ലൂയി ബസ്തമാൻതി പ്രസിഡണ്ടായി. അദ്ദേഹം ഹായയുടെ 'അപ്രിസ്റ്റോ' തത്വങ്ങൾ നടപ്പിൽ വരുത്തുവാൻ യത്നിച്ചു. 'അപ്ര'യ്ക്കു കോൺഗ്രസ്സിൽ ഭൂരിപക്ഷമുണ്ടായിരുന്നു. പൊടുന്നനവെ ബസ്തമാൻതി വലതുപക്ഷത്തെ കൂട്ടുപിടിച്ച്, കേണൽ മനുവൽ ഒഡ്രീയയെ സൈനികനേതാവായി നിയമിച്ചു. സൈന്യം ബയണററുകളും തോക്കുകളുംകൊണ്ട് അപ്രിസ്റ്റുകളെ കൊന്നൊടുക്കുവാൻ തുടങ്ങി. ഹായ ലിമയിലെ കൊളംബിയൻ എംബസ്സിയിൽ രക്ഷ തേടി. ഒഡ്രീയ ഹായയെ നാടു കടത്തി. ഇന്ന് ഹായ ബെൽജിയത്തിലാണ്.

## കിൻസിയുടെ കണ്ടുപിടുത്തം

കഴിഞ്ഞ കൊല്ലം ലൈംഗികശാസ്ത്രവിദഗ്ദ്ധൻ ഡോക്ടർ ആൽഫ്രഡ് സി. കിൻസി, റാഫേൽ ലാർകൊ മ്യൂസിയത്തിലെ 44,000 'ഹ്യുവാകോ'സുകൾ (മൺപാത്രങ്ങളുടെ പുറത്തുള്ള ചിത്രവേലകൾ) പരിശോധിച്ചു. ഇങ്കസംസ്കാരത്തിനു മുമ്പുണ്ടായിരുന്ന 'മോച്ചിക'രുടെ സംസ്കാരസമ്പത്തായിരുന്നു അതു്. അദ്ദേഹത്തിന്റെ പഠനം ചില തത്വങ്ങൾ കണ്ടെത്തി. ലൈംഗികജീവിതത്തിൽ സംതൃപ്തിയുണ്ടായിരുന്നവരെ ദൃഢഗാത്രന്മാരായും സുന്ദരന്മാരായും ചൈതന്യമുള്ളവരായും ചിത്രങ്ങളിൽ കാണിച്ചിരുന്നു. വഴിപിഴച്ച ലൈംഗികജീവിതം നയിക്കുന്നവരെ വികൃതരൂപികളായി ചിത്രണം ചെയ്തിരുന്നു.

## കപ്പൽക്കഥ

പാരീസിലെ കോടീശ്വരനായ അരിസ്റ്റോട്ടിൽ സോക്രട്ടീസ്

ഒനാസിസിന്റെ അഞ്ചു തിമിംഗലപ്പിടുത്തക്കപ്പലുകൾ പനാമ ക്കനാൽ കടന്നു പെറുവിന്റെ തീരത്തിൽനിന്നു് 200 നാഴികയ കലെ കൂടി അൻറാർട്ടിക്കയിലേയ്ക്കു കുതിച്ചു. പെറു ഈ കപ്പലു കൾ പിടിച്ചെടുത്തേയ്ക്കുമെന്നു കണ്ടപ്പോൾ ഒനാസിസ് കപ്പലു കൾ ഇൻഷൂർ ചെയ്തു. ഇൻഷൂർ ചെയ്ത കമ്പനിക്കാർ ലണ്ടനിലെ ലോയിഡ്സ് ആയിരുന്നു. വിവരം കേട്ടു് കുപിതനായ പ്രസി ഡണ്ടു് ഒഡ്രിയ വിമാനസേനയേയും നാവികസേനയേയും ഈ കപ്പലുകൾക്കു നേരെ അയച്ചു. അവർ ബോംബുകൾ എറിഞ്ഞും മെഷീൻതോക്കുകൾ ഉപയോഗിച്ചും തിമിംഗലപ്പിടുത്തക്കപ്പലുകൾ പിടിച്ചെടുത്തു. പെറു ഒനാസിസിനെക്കൊണ്ടു 30ലക്ഷം ഡോളർ പിഴയിടീച്ചു പിഴ ഒനാസിസിന്റെ വക്കീൽ അടച്ചു. കപ്പലു കൾ യാത്ര തുടൻ്നു. ഒനാസിസിന്റെ കപ്പലുകൾ പെറുവിന്റെ സമുദ്രാതിർത്തിയ്ക്കുള്ളിൽ അനുവാദമില്ലാതെ പ്രവേശിച്ചു എന്ന താണു് കാരണം. ഒഡ്രിയയ്ക്കു സന്തോഷമായി. ഒനാസിസിനും സന്തോഷമായി. ലണ്ടനിലെ ലോയ്ഡ്സ് ഇൻഷൂറൻസുകാർ കരാർ പ്രകാരം 30 ലക്ഷം ഡോളർ ഒനാസിസിനു നല്കി; പുറമെ കപ്പലുകളുടെ സമയം നഷ്ടപ്പെട്ടതിനു 10 ലക്ഷം ഡോളറും. പോരെ? ലോയ്ഡ്സിന്റെ വാദം, ഒരു രാഷ്ട്രത്തിനും അതിന്റെ തീരപ്രദേശം മുതൽ 200 നാഴിക ദൂരം കടൽ സ്വന്തമാക്കുവാൻ നിയമമില്ലെന്നാണു്. എത്രമാത്രം സ്ഥലം സമുദ്രത്തിൽ സ്വന്ത മാക്കുവാൻ ഒരു രാഷ്ട്രത്തിനധികാരമുണ്ടു് എന്നു നിശ്ചയിക്കുവാൻ അടുത്ത രണ്ടു കൊല്ലത്തിനുള്ളിൽ മൂന്നു സമ്മേളനങ്ങൾ വിളിച്ചു കൂട്ടും. അന്നു മാത്രമേ ഈ കേസ്സിന്നൊരു തീരുമാനമുണ്ടാകുകയുള്ളു.

## വടി ഉപയോഗിക്കുന്ന പിതാവ്

ഒഡ്റിയ ഒരു സ്വേച്ഛാധികാരിയാണു്. പോലീസ് പെർമിറ്റു് കൂടാതെ പെറുവിൽയാതൊരു സമ്മേളനങ്ങളും വിളി

ച്ചുകൂട്ടുവാൻ വയ്യ. പെർമിററകരം നല്ലുക സാധാരണമല്ല. ഗവ ൎമ്മേണ്ടിനെതിരായി എഴുതുന്ന പത്രാധിപന്മാൎക്കു് ഇരുട്ടടിയും ജെയിൽശിക്ഷയുമാണു് കിട്ടുന്നതു്. അപ്രിസ്റ്റുകളെ വെടിവെച്ചു കൊല്ലുകയോ നാടുകടത്തുകയോ, ജയിൽദ്വീപായ ഫ്രോൺടണിൽ താമസിപ്പിക്കുകയോ ചെയ്യുന്നു. എങ്കിലുംഅനേകം അപ്രിസ്റ്റുകരം ബാക്കിയുണ്ടു്. "ഞാൻ സ്ഥാനമൊഴിയാറായി. ഞാൻ പോയാലും ഭരണം ഇതേപടി നടന്നുപോകണം" എന്നാണു് ഒഡ്റിയ പറയുന്നതു്. കുറച്ചാഴ്ചകരംക്കു മുമ്പു് അദ്ദേഹം പറഞ്ഞു: "പുത്രൻ ശരിക്കു വകതിരിവോടെ പെരുമാറണമെന്നു ശഠിക്കുന്ന ഒരു പിതാവാണു് ഞാൻ. ഒരു വടി ഞാൻതെയ്യാറാക്കിവെച്ചിട്ടുണ്ടു്, ആവശ്യംവന്നാൽ പ്രയോഗിക്കുവാൻ" ഒഡ്റിയ പെറുവിലെ പൗരന്മാരുടെ രാഷ്ട്ര പിതാവാണത്രെ. ഇങ്ങനെയുള്ള പിതാക്കന്മാരെ കിട്ടുമെന്നു മുൻ കൂട്ടിയറിഞ്ഞാൽ ശിശുക്കരം ജനിക്കുവാൻ തന്നെ തെയ്യാറാവില്ല!

## വിപ്ലവം തുലഞ്ഞു

ഫെബ്രുവരി (1956) മാസം തണുപ്പുള്ള ഒരു രാത്രി. ഇക്വിറൊ നഗരവാസികരം ഉറക്കത്തിലമൎന്നു. ചിലർ ഉറക്കത്തിൽനിന്നു ചാടിയെണീററു, നിരത്തിൽ പട്ടാളച്ചെരുപ്പുകളുടെ പെരുമാററം കേട്ടുകൊണ്ടു്. നഗരത്തിൻെറ പ്രധാന ഭാഗങ്ങളെല്ലാം വിപ്ലവസൈന്യത്തിൻെറ കയ്യിലായി.

നേരം വെളുത്തു. സൈന്യവിഭാഗങ്ങരം വിപ്ലവകാരികളുടെ ഭാഗത്തണിനിരന്നു കഴിഞ്ഞിരുന്നു. വിപ്ലവം എന്തിനു്? വിപ്ലവ നേതാവ് ബ്രിഗേഡിയർ ജനറൽ പെരെയ്റ പറഞ്ഞു: "പെറുവിൽ മുൻഭാഗത്തെ വാതിൽ ജനാധിപത്യത്തിനു് തുറന്നു കൊടുക്കുവാൻവേണ്ടി, സ്വാതന്ത്ര്യത്തോടെ പൊതുതിരഞ്ഞെടുപ്പു് നടത്തുന്നതിന്നായി"

പ്രസിഡണ്ട് ജനറൽ ഒഡ്രിയ തിരിച്ചടിക്ക തയ്യാറെടുത്തു: 1948–ൽ പണസഹായം നല്കി തൻെറ വിപ്ലവം വിജയിപ്പിച്ച ധനികൻ ബെൽട്ടാൻ ഇപ്രാവശ്യം ഒഡ്രിയയുടെ സഹായാഭ്യത്ഥന നിരസിച്ചു. മറെറാരു കൂട്ടുകാരനായിരുന്ന പീദ്രൊ റോസല്ലൊ തിരഞ്ഞെടുപ്പുവഴി ഒഡ്റിയയെ തുലക്കുവാൻ ശക്തി സംഭരിക്കുകയാണ്. ഉടനടി ഒഡ്റിയ രണ്ടു പേരേയും അറസ്റ്റ് ചെയ്തു് ജയിലിനകത്താക്കി. ഒരാഴ്ചക്കകം ഏതാനും സൈന്യവിഭാഗങ്ങൾ ഒഡ്റിയയുടെ ഭാഗത്തേയ്ക്കു മാറി. ജനറൽ പെരെയ്റ ടെലഫോൺ വഴി ഒഡ്റിയയെ അറിയിച്ചു താൻ ആയുധം വെച്ചു കീഴടങ്ങുകയാണെന്നു്. വിപ്ലവം വന്ന വഴിയേ പോയി.

## അപ്രിസ്റ്റുകൾ വന്നോട്ടെ

ജൂൺ (1956) മാസം നടക്കുവാൻ പോകുന്ന പൊതു തിരഞ്ഞെടുപ്പിൽ സംബന്ധിക്കുവാൻ പ്രസിഡണ്ട് ഒഡ്രിയ, 'അപ്രിസ്റ്റു' നേതാക്കന്മാരെ പരസ്യമായി ക്ഷണിച്ചു. 'അപ്ര' പാർട്ടിക്കു സ്വാതന്ത്ര്യത്തോടെ പ്രവത്തിക്കുവാൻ അനുവാദം നല്കി.

ഭൂഗഭത്തിൽ പ്രവത്തിച്ചിരുന്ന അപ്രിസ്റ്റു നേതാവ് റമിറൊ പ്രിയാൽ ഉടനടി ലിമ നഗരത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരാഴ്ചക്കകം ലിമ നഗരത്തിനു് പുറമെ അപ്രിസ്റ്റുകൾ ഒരു സമ്മേളനം വിളിച്ചു കൂട്ടി. "ഞങ്ങളിതാ രാഷ്ട്രീയ രംഗത്തിലേയ്ക്കു മടങ്ങി വരുന്നു. ഞങ്ങളുടെ പാർട്ടി അനേകം, കണക്കററ, മർദ്ദനങ്ങളും ഞെക്കി ഞെരുക്കലുകളും അനുഭവിച്ചെങ്കിലും, പാർട്ടിയുടെ ഘടനാശക്തിക്കു യാതൊരു കോട്ടവും പററിയിട്ടില്ല" പ്രിയാൽ പ്രസ്താവിച്ചു.

## 'അപ്ര' ആരുടെ ഭാഗത്തു്?

മൂന്നു പേർ പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ചു. ഒഡ്രിയയുടെ സ്നേഹിതൻ 58 വയസ്സുള്ള ഹെർനാൻഡൊ ഡി ലവാൽ.

''ഞാനാണ് ജനങ്ങളുടെ പ്രതിനിധി'' എന്നഭിമാനിക്കുന്ന പഴയ പ്രസിഡണ്ട് 67 വയസ്സുകാരൻ മാനപൽ പ്രാദൊ. 43 വയസ്സുള്ള ചെറുപ്പക്കാരൻ ശിൽപകലാവിദഗ്ദ്ധൻ ഫെർനാൻഡൊ ടെറി.

രാജ്യത്തെ ഏക രാഷ്ട്രീയ പാർട്ടിയാണ് 'അപ്ര'. 'അപ്ര'യെ അടിച്ചൊതുക്കിയാണ് ഒഡ്രിയ പ്രസിഡണ്ട സ്ഥാനം കരസ്ഥമാക്കിയതു്. ആരുടെ പക്ഷത്താണ് 'അപ്ര'? 35000 അപ്രിസ്റ്റുകാം ഒഡ്രിയയുടെസ്നേഹിതനായ ലവാലിനെ പരസ്യമായിപിന്താങ്ങി.

'അപ്ര' സംഘടന അതിലെ അംഗങ്ങാംക്ക ഇഷ്ടംപോലെ വോട്ടുചെയ്യുവാൻ അവകാശം നല്കിയിട്ടുണ്ട്. 60,000 അപ്രിസ്റ്റുകാം ഒരു സമ്മേളനത്തിൽ വെച്ച് ചെറുപ്പക്കാരൻ ടെറിയെ പിന്താങ്ങി. വിജയം വരിക്കുന്നതു് ആരായിരിക്കും?

## പ്രാദൊ വിജയിച്ചു

തിരഞ്ഞെടുപ്പിന്ന് രണ്ടു ദിവസം മുമ്പ് പ്രാദൊ പ്രഖ്യാപനമിറക്കി: ''എൻെറ ഗവമ്മേണ്ടിൻെറ ആദ്യത്തെ ജോലി മുടക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയ പാർട്ടികളെ (അപ്രയെ) മോചിപ്പിക്കുകയും രാഷ്ട്രീയ പ്രവത്തകക്ക് (അപ്രിസ്റ്റുകാംക്ക്) പൊതു മാപ്പു നല്കുകയുമായിരിക്കും.'' 'അപ്ര' പ്രദൊയെ പിന്താങ്ങി, ഒഡ്റിയ വിചാരിച്ചപോലെ ലവാലിനെയല്ല. മാത്രമല്ല, കോൺഗ്രസ്സിലെ അധികം അംഗങ്ങളും അപ്രിസ്റ്റുകളുടെ പിന്തുണയോടുകൂടി തിരഞ്ഞെടുക്കപ്പെട്ടവരാണ്.

തിരഞ്ഞെടുപ്പു ഫലം:

പ്രാദൊ 445000 വോട്ടുകാം,

ടെറി 404000 ,,

ലവാൽ 128000 ,,

പ്രാദൊ വിജയിയായി. അദ്ദേഹം പറഞ്ഞു: " 'അപ്ര'യെ രാഷ്ട്രീയ സംഘടനയായി സ്വീകരിക്കുവാൻ ഞാൻ പുതിയ ഒരു ബിൽ പാസ്സാക്കുന്നുണ്ട്. മാത്രമല്ല, നാടുകടത്തപ്പെട്ട 'അപ്ര' സ്ഥാപകൻ ഡിലാ ടോറിന് തിരിച്ചു വരുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും."

കഴിഞ്ഞ ഓഗസ്റ്റ് (1956) മാസം തലസ്ഥാനനഗരമായ ലിമയിൽ വെച്ച് പെറുവിൻെറ 135-ാം സ്വാതന്ത്ര്യ വാഷിക ദിനം ആഘോഷിച്ചു. പ്രാദൊ പ്രസിഡണ്ട സ്ഥാനം അലങ്കരിച്ചു. കോൺഗ്രസ്സ് 'അപ്ര'യെ നിയമവിധേയമാക്കി. പ്രാദൊ സ്വേച്ഛാധിപത്യ വാഴ്ചയുടെ അവശിഷ്ടങ്ങൾ പെറുവിൽ നിന്നും തുത്തുകളഞ്ഞു. അങ്ങിനെ സ്വേച്ഛാധിപതി ഒഡ്റിയയുടെ എട്ടു വഷത്തെ പട്ടാള ഭരണം തകന്നു. സ്വാതന്ത്ര്യത്തിൻെറ രശ്മികൾ പെറുവിൽ പ്രഭാപൂരം പരത്തി.

അദ്ധ്യായം:

പന്ത്രണ്ട്.

# ഗിയാന.

## —സാമ്രാജ്യശക്തികളുടെ അപ്പക്കഷ്ണങ്ങൾ.

"A mound under a sheet, a square of pale
Mortal flesh incised in a seeping line,
spreading its lips for pretty butchery.
.. burned, a quiet wick in a wild night,
Loving what he beheld and will behold."

—ROBERT FITZGERALD.

"I stand on a bridge,
Looking into the mirror of the sky,
wiped and wet
In soapsud blue of the dawn,
Feeling a rascal breeze sneak
through my head
And kidnap half-shaped thoughts back
into the innocent obscurity."

--SATORU SATO.

തെക്കേ അമേരിക്കയുടെ വടക്കേ അററത്തു കരീബിയൻ കടൽത്തീരത്തുള്ള കൊളോണിയൽ ശക്തികളുടെ സാമ്രാജ്യാവശിഷ്ടങ്ങളാണു് ബ്രിട്ടീഷ് ഗിയാനയും സൂരിണാമും (ഡച്ചുഗിയാന), ഫ്രഞ്ചുഗിയാനയും.

ബ്രിട്ടീഷ്ഗിയാന: 89,480 ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ബ്രിട്ടീഷ് "പോക്കററ് കോളനി"യാണു് ഈ രാജ്യം. കയററുമതിയിനങ്ങൾ: സ്വർണ്ണം, രത്നങ്ങൾ, പഞ്ചസാര, കൊക്കോ, കുരുമുളകു്, ബോക്സൈററു്, എണ്ണ, മൈക്ക, കൊപ്ര, നേന്ത്രപ്പഴം. ജനസംഖ്യ: 4,40,000. അതിൽ 1,90,880 പേർ ഇന്ത്യക്കാരാണു്. ബാക്കിയുള്ളവർ നീഗ്രോകൾ, മെററിസോകൾ, റെഡ്ഇന്ത്യർ, പോർച്ചുഗീസുകാർ, ഇതരയൂറോപ്യർ, ചീനർ എന്നിവരാണു്. ധാരാളം അമേരിക്കൻ കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടു്.

1951-ൽ വാഷിങ്ടൺ കമ്മീഷൻെറ ശുപാർശയനുസരിച്ചു ഒരു പുതിയ ഭരണഘടന വന്നു. ജനപ്രതിനിധിസഭയിൽ ഭൂരിപക്ഷം നേടിയ "ജനകീയ പുരോഗമന പാർട്ടി" ഭാരതീയനായ ചെഡ്ഡി ജഗാൻെറ നേതൃത്വത്തിൽ മന്ത്രിസഭ രൂപവല്ക്കരിച്ചു.

എല്ലാ തൊഴിലാളി സംഘടനകളും നിയന്ത്രിക്കുന്ന പ്രധാനമന്ത്രി ജഗാൻെറ പാർട്ടി ബ്രിട്ടീഷുകാരെ ഓടിച്ചു രാജ്യത്തിന്നു

സ്വാതന്ത്ര്യം നേടിക്കൊടുക്കുമെന്നു ഭയന്നു് ബ്രിട്ടീഷ് ഗവര്‍ണ്ണര്‍ സര്‍ ആല്‍ഫ്രഡ് സാവേജ് ഭരണഘടന നിറുത്തല്‍ ചെയ്തു് 'അപകടസന്ധി' പ്രഖ്യാപനം ചെയ്തു. ജഗാന്റെ പാര്‍ട്ടിയ്ക്കിന്നു പ്രവര്‍ത്തനസ്വാതന്ത്ര്യമില്ല. 1600 നാവികരും റോയല്‍ വെല്‍ഷ് ഫ്യൂസിലിയേര്‍സും 4 പടക്കപ്പലുകളില്‍ ബ്രിട്ടനില്‍നിന്നു ബ്രിട്ടീഷ്ഗിയാനയിലെത്തി.

1796–ല്‍ ബ്രിട്ടീഷ് വെസ്റ്റ് ഇന്ത്യാക്കമ്പനി ഈ പ്രദേശത്തു കുടിയേറിപ്പാര്‍ക്കുവാന്‍ ശ്രമിച്ചെങ്കിലും 1814–ലിലാണു് ഡച്ചുകാര്‍ ബ്രിട്ടനു് ഈ സ്ഥലം വിട്ടുകൊടുത്തതു്. രാഷ്ട്രീയ നേതാക്കന്മാര്‍ തടവുശിക്ഷ അനുഭവിയ്ക്കേണ്ടിവരുന്ന ബ്രിട്ടീഷ്ഗിയാനയില്‍ ഇന്നു ഡെമോക്രസി അപകടത്തിലാണു്. ബ്രിട്ടന്‍ അവിടെ 'വിഭജിച്ചു ഭരിയ്ക്കല്‍' പദ്ധതി പരീക്ഷിച്ചുനോക്കുകയാണു്. തലസ്ഥാനനഗരമായ ജോര്‍ജ്ജ്ടൗണ്‍ ജനകീയ ഭരണത്തിന്റെ ശവക്കല്ലറയായി പരിലസിക്കുന്നു.

## മൃഗാലയത്തിനുവേണ്ടി

പ്രകൃതിയുടെ പൂങ്കാവനമാണു് ബ്രിട്ടീഷ് ഗിയാന. ലണ്ടനിലെ ബി. ബി. സി. ടെലിവിഷന്‍ പ്രൊഡ്യൂസര്‍ ഡേവിഡ് അററന്‍ബറൊയും, ലണ്ടന്‍ മൃഗാലയ ക്യൂറേറ്റര്‍ ജാക്ക് ലെസ്റ്ററും, മൃഗാലയ വിദഗ്ധന്‍ ടോം വിനാളും, കാമറാമാന്‍ ചാള്‍സ് ലാഗസും കൂടി ബ്രിട്ടീഷ് ഗിയാനയിലേയ്ക്കു തിരിച്ചു. മൃഗാലയത്തിനു വേണ്ടി മൃഗങ്ങളേയും പക്ഷികളേയും ശേഖരിയ്ക്കുക, അവയുടെ ജീവിതം ഫിലിം ചെയ്യുക എന്നതായിരുന്നു ഈ സംഘത്തിന്റെ ഉദ്ദേശം. ഗിയാന പര്യടനം കഴിയാറായപ്പോഴേയ്ക്കും ജാക്ക് ലെസ്റ്റര്‍ രോഗബാധിതനായി; താമസിയാതെ മരിക്കുകയും ചെയ്തു.

കണക്കില്ലാത്ത ജീവജാലങ്ങളെ ഉള്‍ക്കൊള്ളുന്ന, മഴയില്‍ കുളിച്ചു ഈറനുടുത്തിരിക്കുന്ന, ആകാശത്തില്‍ നിന്നു നോക്കുമ്പോള്‍

കണ്ണഞ്ചിക്കുന്ന പച്ച സമുദ്രം പോലെ തോന്നിപ്പിക്കുന്ന, പൊക്ക ത്താഴ്ചകളുള്ള ഗിയാന വനപ്രദേശത്തിനു മുകളിൽ കൂടി അവരുടെ വിമാനം പറന്നപ്പോഠം അവക്ക് കാര്യമായൊന്നും കാണാൻ സാധിച്ചില്ല. കടൽ പരപ്പിൽനിന്നും വലിയ മത്സ്യങ്ങഠം മുകളി ലേയ്ക്കു ചാടുന്നപോലെ, ആ പച്ചക്കടൽ പരപ്പിൽ നിന്നും പക്ഷി കഠം വായുമണ്ഡലത്തിലേയ്ക്കു ഉയരുകയും താഴ്ന്നു് അപ്രത്യക്ഷരാ വുകയും ചെയ്തുകൊണ്ടിരുന്നു.

## പച്ചക്കടലിലെ തുരുത്ത്

അതാ, അവിടെ, പച്ചക്കടലിലെ ഒരു തുരുത്ത്. സൂക്ഷിച്ചു നോക്കു. വൃക്ഷങ്ങഠം വെട്ടി നീക്കിയ ഒരു തുറന്ന സ്ഥലം. ചെറിയ ചെറിയ കുടിലുകഠം. അവരുടെ ഡക്കോട്ട വിമാനം താഴ്ന്നു പറന്നു, ഒന്നു ചുററിപ്പറന്നു — വെള്ളവസ്ത്രം ധരിച്ച രണ്ടു പേർ ദൂരെ നോക്കി നിൽപുണ്ട്. വിമാനം നിലത്തിറങ്ങി. ഡിസ്ട്രി ക്ക്ററവ് ഓഫീസർ ബിൽ സെഗ്ഗരം അദ്ദേഹത്തിൻെറ പത്നി ഡാഫ്നിയും ആയിരുന്നു കാത്തുനിന്നിരുന്ന ആ വെള്ള വസ്ത്ര ധാരികഠം.

ഇബെയ്മാതെയ്. വിമാനമിറങ്ങിയ സ്ഥലത്തിൻെറ പേര താണ്. ആ രാത്രി അവർ ഒരു കുടിലിൽ കഴിച്ചുകൂട്ടി. പിന്നീട് വളരെ ദിവസം സഞ്ചരിച്ചു, വെള്ളച്ചാട്ടങ്ങളും പാറക്കെട്ടുകളി ലുള്ള ചിത്രവേലകളും കണ്ടു. ചിത്രവേലകഠം — മൃഗങ്ങളുടെ പട ങ്ങഠം വരച്ചു വെച്ചിരിക്കുന്നു, അർത്ഥം മനസ്സിലാവാത്ത ചില കൈപ്പത്തിയടയാളങ്ങഠം, ചില പ്രതീകങ്ങഠം.

## ആകെ ബഹളം!

തെക്കേ അമേരിക്കയെ പററി സഞ്ചാരികളെഴുതിയ പുസ്തക ങ്ങഠം വായിച്ചാൽ ഭയം തോന്നും — പുഴയിലെല്ലാം ചീങ്കണ്ണികഠം,

മുതലകഠം, മരങ്ങളിലെല്ലാം ഓടിച്ചാടിത്തിമിക്കുന്ന വിവിധതരം കുരങ്ങുകഠം, നോക്കുന്നേടത്തെല്ലാം 'ഇസ്', സ്സ്', സ്,' ശബ്ദത്തോടെ ചീറവന്ന പാമ്പുകഠം. പക്ഷെ പാറക്കെട്ടിലെ ചിത്രങ്ങഠം കാണാൻപോയ സംഘത്തിന് മേൽ പറഞ്ഞ അനുഭവങ്ങളൊന്നും ഉണ്ടായില്ല.

പിറേറ ദിവസം കമറാങ്കിലേയ്ക്കു തോണിവഴി യാത്രതിരിച്ചു. മസറൂണി നദിയിൽ കൂടി 60 നാഴിക യാത്ര ചെയ്യണം കമറാങ്കിലേയ്ക്ക്. പിറേറന്നു കാലത്ത് വനത്തിനുള്ളിൽ പ്രവേശിച്ചു. രണ്ടു അക്കാവയൊ റെഡ്ഢിന്ത്യരെ സഹായത്തിനു ലഭിച്ചു. ചെറിയ മൃഗങ്ങളെ കണ്ടെത്താൻ അവരുടെ കണ്ണുകഠംക്കുള്ള കഴിവ് സീമാതീതമാണ്. പഷ്പിച്ചു നില്ക്കുന്ന മരങ്ങഠം. സംഘാംഗങ്ങഠം ക്ഷമയോടെ കാത്തിരുന്നു. ഒരു കൂട്ടം പഞ്ചവർണ്ണക്കിളികഠം ആ മരത്തിൽ വന്നിരുന്നു. വാനരന്മാർ കൂട്ടം കൂടി പഴുത്തപഴങ്ങളുള്ള മറെറാരു മരത്തിലെത്തിയിരിക്കുന്നു, പല തരം ശബ്ദങ്ങഠം പുറപ്പെടുവിച്ചുകൊണ്ടു്. ആകെ ബഹളം!

## ജാക്കിൻെറ വിജയം

അതൊരു വിജയമായിരുന്നു. ജാക്ക് ലെസ്റ്ററുടെ വിജയം. മുഠംപ്പടപ്പുകഠം വെട്ടിനീക്കി സംഘാംഗങ്ങഠം മുന്നോട്ടു നീങ്ങുകയാണ്. ഒരു വലിയ മരം. അതിൻെറ തടിക്കെന്തു വണ്ണം? കടയുടെ ചുററളവ് അവരെ വിസ്മയിപ്പിച്ചു. പക്ഷെ ജാക്ക് ലെസ്റ്ററുടെ കണ്ണുകഠം മുകളിലേയ്ക്കാണ് പാഞ്ഞതു്. മുകളിൽ ഇലകളും കൊമ്പുകളും മുഠംപ്പടപ്പും ഒത്തൊരുമിച്ച് കശപിശയായിക്കിടക്കുന്നു. ജാക്ക് പതുക്കെ പറഞ്ഞു: "അവിടെ എന്തോ ഉണ്ടു്! ഇല്ലേ? എൻെറ ഭാവന മാത്രമായിരിക്കുമോ?"

ഡേവിഡ് മുകളിലേയ്ക്കു നോക്കി. ഒന്നുമില്ല. പച്ച മേൽക്കട്ടി. എല്ലാം—സൂര്യരശ്മികളേപ്പോലും—മറയ്ക്കുന്ന പച്ച മേൽ

ക്കട്ടി. ജാക്ക് ചൂണ്ടിക്കാട്ടി: 'അവിടെ, ആ ചെറിയ കൊമ്പിന്ന് താഴെ, ആ ചുവന്ന പൂവ്വിന്റെ തെക്ക വശത്തായി, രണ്ടിഞ്ച്യ ഇട ത്തേയ്ക്കു മാറി'. ഉണ്ട്. ഹ ഹാ, വൃത്താകാരത്തിലുള്ള ഒരു സാധനം. തവിട്ടു നിറം. ഒരു മുരംപ്പടപ്പിൽ നിന്നും തല കീഴായി തൂങ്ങി ക്കിടക്കുന്നു. സ്ലോത്ത്. സ്ലോത്താണതു്.

## സ്ളോത്തിനെ പിടിക്കാൻ

സ്ളോത്തിനെ പിടിക്കാൻ അവർ തയ്യാറായി. സ്ളോ ത്തിന്ന് വേഗത്തിൽ യാത്ര ചെയ്യാനാവില്ല. മൂപ്പർ കുഴിമടിയ നാണു്. ലോകത്തിൽ ആപത്ത് എന്നൊന്നില്ലെന്നാണ് ഭാവം. ഡേവിഡ് സ്ളോത്തിനെ പിടിക്കാൻ മരമുകളിൽ കയറാമെന്നും, ആ ഉദ്യമം ചാറംസ് ലാഗസ് ഫിലിം ചെയ്യാമെന്നും തീൎച്ച യാക്കി. 'ടെലിവിഷൻ' കാണികറംക്കു് ഈ സ്ളോത്തു പിടിത്തം കാണാൻ ബഹുരസം തോന്നും.

മരത്തേൽ കയറാൻ വിഷമമുണ്ടായില്ല. എവിടേയും വള്ളി കളുണ്ട് പിടിക്കാൻ. സ്ളോത്ത് മനസ്സിലാക്കി ഡേവിഡ് തന്നെ കുഴപ്പത്തിലാക്കാനാണ് ശ്രമിക്കുന്നതെന്നു്. സ്ളോത്ത് കണ്ണടച്ചു. മൂപ്പരുടെ പരമ്പരാഗതമായ സ്വഭാവമാണ് ആപത്തുകറംക്കു മുമ്പിൽ കണ്ണടയ്ക്കുകയെന്നതു്. ഒരു മിനിററു നേരം കണ്ണടച്ചുറ ങ്ങിയാൽ അത്രയുമായല്ലൊ. 'അല്ല, സായിപ്പു വരട്ടെ. സമയ മുണ്ടല്ലൊ. ധൃതിപ്പെടുകയായിരിക്കും ആപത്തു്'— ആ വഴിയായി രിക്കാം സ്ളോത്തിന്റെ ചിന്ത പോയതു്. അതാ വരുന്നു സായിപ്പ്—എത്തിക്കഴിഞ്ഞു—ഇനി രക്ഷയില്ല. സ്ളോത്ത് മെല്ലെ യാത്രയായി. മെല്ലെ. മുകളിലേയ്ക്കു്, ഒരു വള്ളിയിൽ കൂടി. ഡേവിഡ് വിട്ടുകൊടുത്തില്ല. അയാളും കയറി മുകളിലേയ്ക്കു്, വള്ളികളുടെ സഹായത്തോടെ. 40 അടി മുകളിലെത്തിയപ്പോ ഴേയ്ക്കും സ്ളോത്തിന്റെ അടുത്തെത്തി.

## മ്ലാനത നിറഞ്ഞ മുഖം

സ്ളോത്ത് കണ്ണടച്ചു, രക്ഷയില്ല. കണ്ണു തുറന്നു നോക്കി സായിപ്പതാ തയ്യാറെടുക്കുകയാണ് തന്നെ പിടിക്കുവാൻ. തല കീഴായിക്കിടക്കുന്ന സ്ളോത്തിൻെറ മുഖത്ത് ഡേവിഡ് തുറിച്ചു നോക്കി. രോമം നിറഞ്ഞ സ്ളോത്തിൻെറ മുഖത്ത് എന്തെന്നി ല്ലാത്ത മ്ലാനത പരന്നിരുന്നു, അതിൻെറ കണ്ണുകളിൽ വിഷാദഛായ തെളിഞ്ഞു കണ്ടു. പെട്ടെന്നതിൻെറ മുഖഭാവം മാറി. ഭയപ്പെ ടുത്തുവാൻ സ്ളോത്ത് വായ തുറന്നു, ഇനാമൽ ഇല്ലാത്ത കറുത്ത പല്ല് കാണിച്ചുകൊണ്ട്. മാത്രമല്ല, ഡേവിഡിനെ ഭയപ്പെടുത്തു വാൻ തന്നാൽ കഴിയുന്ന ഏററവും വലിയ ശബ്ദമുണ്ടാക്കി— ക്ഷയ രോഗി ഞരങ്ങുന്നതുപോലെ.

ഡേവിഡ് കൈനീട്ടി, സ്ളോത്തിനെ പിടിക്കുവാൻ. സ്ളോത്ത് തൻെറ കൈകൊണ്ട് ഡേവിഡിൻെറ കൈ തട്ടിമാററി· സ്ളോത്തിൻെറ പിടി വിടത്തുവാൻ അത്ര എളുപ്പമല്ല. ഡേവി ഡിൻെറ ഇരിപ്പു തന്നെ പന്തിയല്ല – ബാലൻസു തെററിയാൽ താഴെ കിടക്കും. അയാൾ സ്ളോത്തിൻെറ മൂച്ചയുള്ള നഖങ്ങൾ പറിച്ചെടുത്തു ഒരു കാൽ വിടത്തി മറേറ കാലിൽ കയറിപ്പിടിക്കു മ്പോൾ സ്ളോത്ത് കൂടുതൽ ശക്തിയോടെ മോചിക്കപ്പെട്ട കൈ നഖങ്ങൾ മരക്കൊമ്പിലമത്തും. ഒരേ സമയം തന്നെ ഒന്നില ധികം കാലുകൾ വിടത്തിയെടുക്കുവാൻ അയാൾക്കു സാധിക്കുന്നു മില്ല. ഡേവിഡ് ആകെ കുഴപ്പത്തിലായി. എന്തു ചെയ്യും?

## ഒരുപായം തോന്നി

പൊടുന്നനവെ ഡേവിഡിനൊരുപായം തോന്നി. അടുത്തു തന്നെ കീഴ്പ്പോട്ടു വളരെയധികം തൂങ്ങിക്കിടക്കുന്ന നീണ്ട ഒരു വള്ളി അയാൾ കണ്ടു. റെഡിന്ത്യർ അതിനു കളിപ്പേരിട്ടിരിക്കു

ന്നതു് 'അമ്മൂമ്മയുടെ നട്ടെല്ല്' എന്നാണ്. ഡേവിഡ് താഴെ നില്ക്കുന്ന ജാക്കിനോടു വിളിച്ചു പറഞ്ഞു, ആ അമ്മൂമ്മയുടെ നട്ടെല്ലിൻെറ കടവെട്ടുവാൻ. ജാക്ക് ആ വള്ളിയുടെ വേരറുത്തു. ഡേവിഡ് സ്ളോത്തിൻെറ വിടർത്തിയ കാലുകൾ ആ വള്ളിയുടെ ഒരററത്തു പിടിപ്പിച്ചു. അങ്ങിനെ സ്ളോത്തിൻെറ ഓരോ കാലും ആ വള്ളിയിൽ അള്ളിപ്പിടിച്ചു. സൂത്രം പററി. ഡേവിഡ് വള്ളി താഴോട്ടിറക്കി. അതിൻെറ അററത്തു സ്ളോത്തും. താമസിയാതെ സ്ളോത്തു് ജാക്കിൻെറ കയ്യിലെത്തി. ഡേവിഡ് താഴെ ഇറങ്ങി.

## ലണ്ടൻ ഇവനു പററില്ല

ജാക്ക് സ്ളോത്തിനെ നന്നായി പരിശോധിച്ചു. എന്നിട്ടു പറഞ്ഞു: "ലണ്ടൻ മൃഗാലയത്തിൽ സ്ളോത്തുണ്ട്. അതിൻെറ കാലിൽ രണ്ടു വിരലുകൾ മാത്രമെയുള്ളു. ആ സ്ളോത്തു് വന്നു ചേർന്നിട്ട് അനേക വർഷങ്ങളായി. ആപ്പിളും ലെററ്യൂസും കാരററ്സും ആണതിൻെറ ഭക്ഷണം. ഇവൻ മൂന്നു വിരലുള്ള വർഗ്ഗത്തിൽ പെട്ടതാണ്. ഇവന് ലണ്ടനിൽ ജീവിക്കാൻ പററില്ല. കാരണം, ഇവൻെറ ഭക്ഷണം സെക്രോപ്പിയ ചെടിയാണ്. ഇവിടെ ധാരാളം സെക്രോപ്പിയ ചെടി കിട്ടും, ലണ്ടനിൽ കിട്ടില്ല." താമസിയാതെ സ്ളോത്തിനെ മോചിപ്പിക്കുവാൻ തന്നെ തീരുമാനിച്ചു, അതിൻെറ ജീവിത ചെയ്തികളെ ഫിലിംചെയ്തതിനുശേഷം മാത്രം.

## 'ഹല്ലേലൊയ്യ' മതം

റെഡ്ഇന്ത്യരായ അക്കാവയൊ വർഗ്ഗക്കാരുടെ ദൈനംദിന ജീവിതം ഫിലിം ചെയ്യൽ കൂടി സംഘത്തിൻെറ ചുമതലയായതു കൊണ്ടു് അവർ വെയിലാമിപു ഗ്രാമത്തിലേയ്ക്കു പുറപ്പെട്ടു. സംഘത്തെ സഹായിക്കുവാനായി ക്ലാരൻസ് എന്ന റെഡ്ഇന്ത്യനേയും സെഗ്ഗർ ഏർപ്പെടുത്തിയിരുന്നു.

സെഗ്ഗർ പറഞ്ഞു: മസറൂണി നദിയുടെ ഒരു ശാഖയാണ് കാക്കൊ പുഴ. ക്കാക്കൊ പുഴയുടെ വക്കത്താണ് വെയിലാമിപു ഗ്രാമം. ക്ലാരൻസ് നിങ്ങളെ സഹായിക്കും.

ഡേവിഡ്: ക്ലാരൻസ്! റെഡ്ഢിന്ത്യക്കു പററിയ പേരല്ലല്ലൊ അതു്.

സെഗ്ഗർ: ഗിയാനയുടെ തെക്കേ ഭാഗത്തു് 19–ാം ശതകാരംഭത്തിൽ ഒരു തരം ക്രിസ്ത്യൻ മതം പ്രചരിച്ചു—'ഹല്ലേലൊയ്യ' മതം. മിഷനറിമാർ വെയിലാമിപു ഗ്രാമവാസികളെ ക്രിസ്ത്യാനികളാക്കി, അവർക്കു് ക്രിസ്ത്യൻ പേരുകൾ നല്കി.

ഡേവിഡ്. അതൊരു നേട്ടമാണല്ലെ? അത്രക്കെളുപ്പമാണോ അക്കാലയൊ റെഡ്ഢിന്ത്യരെ ക്രിസ്ത്യാനികളാക്കാൻ?

സെഗ്ഗർ: അല്ല. കേൾക്കൂ. അവർ തമ്മിൽ തമ്മിൽ പഴയ പേരുകൾ വിളിക്കും. അവരുടെ പഴയ മതവും പുതിയ മതവും അവർ ഒരുമിപ്പിച്ചു—പഴയ വിശ്വാസങ്ങളും പുതിയ വിശ്വാസങ്ങളും. ഒന്നിൽ നിന്നു മറെറാന്നിലേയ്ക്കു് മാറും അവർ, സൗകര്യം പോലെ.

ഡേവിഡ്: അതെങ്ങിനെ?

സെഗ്ഗറിനു ചിരിവന്നു. അടക്കാനാവാതെ അയാൾ പൊട്ടിച്ചിരിച്ചു അയാൾ പറഞ്ഞു: കേട്ടോളു. അഡ്വെൻടിസ്റ്റ് ക്രിസ്ത്യൻ മതക്കാർ മുയലിറച്ചി തിന്നുന്നതിനെ വിലക്കി. മുയലിറച്ചി റെഡ്ഢിന്ത്യക്കു് വലിയ ഇഷ്ടമാണ്. അതു വിലക്കിയപ്പോൾ റെഡ്ഢിന്ത്യർ വല്ലാതെ വിഷമിച്ചു.

ഡേവിഡ്: മുയലിറച്ചി വേണ്ടെന്നു വെച്ചോ റെഡ്ഢിന്ത്യർ?

## മുയൽ മത്സ്യമായി

സെഗ്ഗർ; അതിനെ പററി രസകരമായ ഒരു കഥയുണ്ട്. ഒരിക്കൽ മിഷനറി വരുമ്പോറം കുറെ റെസ്സിന്ത്യൻ ക്രിസ്ത്യാനികറം മുയലിനെ കൊന്നു്, തൊലിയുരിഞ്ഞു്, മുയലിറച്ചി പാകമാക്കി ഭക്ഷിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. റെസ്സിന്ത്യരിൽ പ്രമുഖൻ പറഞ്ഞു: അതു മുയലിറച്ചിയല്ല, മീൻ ആണെന്നു്. മുയലിറച്ചി തിന്നാൽ പോര, നുണയും പറയണോ—മിഷനറി കോപിച്ചു. "സർ. അതിങ്ങിനെയാണ്. നിങ്ങറം ആദ്യം ഈ ഗ്രാമത്തിൽ വന്നപ്പോറം പറഞ്ഞു എന്റെ റെസ്സിന്ത്യൻ പേർ ചീത്തയാണെന്നു്. നിങ്ങറം എന്റെ മേൽ വെള്ളം തളിച്ച് എന്നെ ജോൺ ആക്കി. സർ, അതുപോലെ ഞങ്ങറം മുയലിനെ വെടി വെച്ചു. അതു ചാവുന്നതിനു മുമ്പ്, ഞാൻ പറഞ്ഞു മുയൽ എന്ന പേർ ചീത്തയാണെന്നു്. ഞാൻ അതിന്റെ മേൽ വെള്ളം തളിച്ചു അതിന്റെ പേർ മത്സ്യമെന്നാക്കി. ഞങ്ങളിപ്പോറം മത്സ്യത്തെയാണ് തിന്നുന്നതു്" റെസ്സിന്ത്യൻ പ്രമുഖൻ പറഞ്ഞു. എന്താ, കഥക്കു് രസം പോരെ?

## കിംഗ് ജോർജ്ജ് രാജാവുതന്നെ

സംഘാംഗങ്ങറം കയറിയിരിക്കുന്ന സ്പീഡ് ബോട്ട് അതിവേഗം മുമ്പോട്ടു നീങ്ങുകയാണ്. കെന്നത്ത്, കിംഗ്ജോർജ്ജ് എന്നീ രണ്ടു റെസ്സിന്ത്യരുമുണ്ട് കൂടെ. കിംഗ്ജോർജ്ജ്! ആ പേർ ഇംഗ്ലീഷുകാരായ പാശ്ചാത്യക്കു തീരെ ഇഷ്ടപ്പെട്ടില്ല. ഒരു പക്ഷെ ആ പേരു കേട്ടപ്പോറം മരിച്ചുപോയ ബ്രിട്ടീഷ് രാജാവ് ജോർജ്ജ് ആറാമനെ ആയിരിയ്ക്കാം അവർ സ്മരിച്ചതു്. കിംഗ് ജോർജ്ജിനോട്ട് തന്റെ രാജകീയ പദവി ഉപേക്ഷിക്കണമെന്നവർ ആവശ്യപ്പെട്ടു, ഫലിച്ചില്ല. എന്നാൽ കിംഗ് ജോർജ്ജ് എന്നതു് ജോർജ്ജ് കിംഗ് എന്നാക്കിയാലോ? അതും അയാറംക്കു സമ്മതമല്ല.

തൻെറ പേർ മാററാൻ ആർക്കും അധികാരമില്ലെന്നായിരുന്നു കിംഗ് ജോർജ്ജിൻെറ കടുംപിടുത്തം.

സ്പീഡ് ബോട്ട് കാക്കൊ നദിയിൽകൂടിയോടി നിർദ്ദിഷ്ട സ്ഥലത്തെത്തിക്കഴിഞ്ഞു. പുഴയരികിൽ ഒരു വഴി തെളിഞ്ഞു കണ്ടു. തൊട്ടടുത്തു് കുറെ ചെറുവഞ്ചികളും കെട്ടിയിട്ടിട്ടുണ്ട്. സംഘം ഗ്രാമത്തിലേയ്ക്കു തിരിച്ചു.

## വെയിലാമഡു ഗ്രാമം

കെന്നത്ത് സംഘാംഗങ്ങളെ ഗ്രാമത്തലവൻെറ അടുത്തേയ്ക്കു നയിച്ചു. കീറലും തുന്നലും നിറഞ്ഞ ഒരു ട്രൗസർ മാത്രമായിരുന്നു ഗ്രാമത്തലവൻെറ വസ്ത്രം. അയാറം സംഘത്തെ സ്വാഗതം ചെയ്തു. കുറച്ചു ദൂരത്തായി ഒരു പഴയ കുടിലുണ്ട് — മിഷനറിമാർ വരുമ്പോറം ആ കുടിൽ പള്ളിയാകും. ഗ്രാമത്തലവൻ ആ പഴയ കുടിൽ സംഘാംഗങ്ങളുടെ താമസത്തിനായി വിട്ടു കൊടുത്തു. ക്ലാരൻ സിനേയും കണ്ടെത്തി — അയാറം ഒരു കുട്ട നെയ്തെടുക്കുന്ന ധൃതിയിലാണ്. ഒരിരുപതു വയസ്സുകാരൻ. അയാറം ഇംഗ്ലീഷിൽ പറഞ്ഞു സംഘത്തെ താൻ സ്വാഗതം ചെയ്യുന്നുവെന്നും, താൻ സംഘാംഗങ്ങളെ പിന്നീടു വന്നു കണ്ടുകൊള്ളാമെന്നും. കുറച്ചു മണിക്കൂറുകറംക്കു ശേഷം, സംഘാംഗങ്ങറം ഭക്ഷണം പാകം ചെയ്യുന്ന തിരക്കായി.

## ക്ലാരൻസ് വന്നെത്തി

'ഗുഡ്നൈററ്'ക്ലാരൻസിൻെറ അഭിവാദ്യമായിരുന്നു അതു്. അയാറം 'ഗുഡ്നൈററ്' എന്നു പറഞ്ഞാൽ 'ഗുഡീവനിങ്ങ്' എന്നർത്ഥം. 'ഗുഡ്നൈററ്' സംഘാംഗങ്ങറം ക്ലാരൻസിനു് സ്വാഗതമരുളി. 'ഞാൻ കുറച്ചു സാധനങ്ങറം കൊണ്ടുവന്നിട്ടുണ്ടു' ക്ലാരൻസ് അറിയിച്ചു. എന്നിട്ട് മൂന്നു് അന്നാരച്ചക്ക നിലത്തു

വെച്ചു. പിന്നെ വാതിലും ചാരിയിരിപ്പായി. പക്ഷെ വെറുതെ സമയം കളയുന്ന സ്വഭാവമില്ല ക്ലാരൻസിനു്.

"നിങ്ങൾ ദൂരെനിന്നല്ലെ വരുന്നതു്—വളരെ ദൂരെനിന്നു്?"

"അതെ."

"എന്തിനേ വന്നതു്?"

"ഞങ്ങൾ കടലിനപ്പുറം വളരെയധികം ദൂരെ നിന്നാണു് വരുന്നതു്. അവിടെയുള്ളവൎക്കു് ഈ മസറൂണി നദീതീരത്തധിവസിക്കുന്ന അക്കാവായൊ റെഡ്ഡിന്ത്യരുടെ ജീവിതരീതിയെ പററി ഒന്നും അറിയില്ല. നിങ്ങൾ കസാവ അപ്പം ഉണ്ടാക്കുന്നതും മരത്തൊലികൊണ്ടു തോണികളുണ്ടാക്കുന്നതും എങ്ങിനെയെന്നു് ഞങ്ങളുടെ നാട്ടുകാൎക്കു് അറിയണമെന്നുണ്ടു്. അതിനായി പടം പിടിക്കുന്നതും ശബ്ദം പകൎത്തുന്നതുമായ യന്ത്രങ്ങൾ ഞങ്ങൾ കൂടെ കൊണ്ടുപോന്നിട്ടുണ്ടു്."

"അഹാ, നല്ല കാൎയ്യം. നിങ്ങൾ പടം പിടിക്കുന്നതും ശബ്ദം പകൎത്തുന്നതുമായ യന്ത്രങ്ങൾ കൂടെ കൊണ്ടുപോന്നിട്ടുണ്ടല്ലെ? അതൊക്കെയൊന്നുകാണട്ടെ? കാണാതെ വിശ്വസിക്കുക പ്രയാസം ഞങ്ങൾക്കു്."

"കാണിച്ചു തരാമല്ലൊ." എന്നു പറഞ്ഞു ചാൾസ് കാമറയും ടേപ്പ് റെക്കോർഡറും പുറത്തേയ്ക്കെടുത്തു, അവയുടെ പ്രവൎത്തനം ക്ലാരൻസിനു് കാട്ടിക്കൊടുത്തു.

"വളരെ നല്ല യന്ത്രങ്ങൾ" ക്ലാരൻസ് വിളിച്ചു പറഞ്ഞു. അയാളുടെ കണ്ണുകളിൽ ആഹ്ളാദം സ്ഫുരിച്ചു.

"ഒരു കാൎയ്യംകൂടിയുണ്ടു്" ഡേവിഡ് ക്ലാരൻസിനെ ഓൎമ്മപ്പെടുത്തി—"ഞങ്ങൾ പലതരം മൃഗങ്ങളേയും പക്ഷികളേയും പാമ്പുകളേയും കാണുവാൻ ആഗ്രഹിക്കുന്നു."

ക്ലാരൻസ് കുറച്ചു നേരം ചിന്തയിലാണ്ടു. എന്നിട്ട് 'ഗുഡ്നൈററ്'' പറഞ്ഞയാൾ എഴുന്നേററ്, രാത്രിയുടെ ഇരുട്ടിൽ അപ്രത്യക്ഷനായി.

ഡേവിഡും ചാൾസും ടിന്നുകൾ പൊട്ടിച്ച് അവയ്ക്കുള്ളിലുള്ള വേവിച്ച ചാളയും ക്ലാരൻസ് കൊണ്ടുവന്ന അന്നാരച്ചക്കയും അത്താഴമാക്കി, ധൃതിയിൽ വലകെട്ടി, അതിനുള്ളിലേക്കു കയറി കിടന്നുറക്കമായി.

## ഇവരോടും പറയിൻ

''ഗുഡ്നൈററ്, ഗുഡ്നൈററ്''—പല തൊണ്ടകളിൽ നിന്നും പുറപ്പെട്ട ആ ശബ്ദം രണ്ടു പേരേയും വിളിച്ചുണർത്തി. അതാ ക്ലാരൻസ് ആ ഗ്രാമവാസികളെയെല്ലാവരേയും കൂട്ടിക്കൊണ്ടു വന്നിരിക്കുന്നു.

''എന്നോടു പറഞ്ഞതൊക്കെ ഇവരോടുപറയിൻ'' ക്ലാരൻസ് ആവശ്യപ്പെട്ടു.

ഡേവിഡും ചാൾസൂം എഴുന്നേററ, കഥകൾ ഉരുവിട്ടു. വിളക്കു കത്തിച്ച് കാമറയും ടേപ്പ് റെക്കോർഡും അവർക്ക് കാട്ടിക്കൊടുത്തു.

ക്ലാരൻസ് ഗ്രാമീണരെയെല്ലാം പല സംഘങ്ങളായി തിരിച്ചു. ''നമുക്കു പാടാം'' ക്ലാരൻസ് ആജ്ഞാപിച്ചു. എല്ലാവരും ഒരു നീണ്ട പാട്ടുപാടാൻ തുടങ്ങി. ആ പാട്ടിൻെറ ശക്തി മുഴുവനും 'ഹല്ലേലൊയ്യാ' എന്നൊരു വാക്കിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്.

## പാട്ടും നൃത്തവും

ചാൾസ് ആ പാട്ടു റെക്കോർഡു ചെയ്തു. പാട്ടവസാനിച്ച

പ്ലോറം ചാറംസ് ടേപ്പ് റെക്കോർഡിൽകൂടി ആ പാട്ട് അവരെ പാടിക്കേറംപ്പിച്ചു. ഗ്രാമീണർ സന്തോഷംകൊണ്ടു തുള്ളിച്ചാടി. ക്ലാരൻസ് ഓരോരുത്തരും പ്രത്യേകം പാടണമെന്നും നൃത്തംചെയ്യണമെന്നും ആജ്ഞാപിച്ചു. ഓരോരുത്തരും ഒന്നിനുപുറകെ ഒന്നായി പാട്ടു പാടി, നൃത്തംവെച്ചു. ഒരാറം മാനെല്ലുകൊണ്ടുള്ള ഒരു ഓടക്കുഴൽ പുറത്തെടുത്തു പ്രയോഗിച്ചു.

"ഗുഡ്നൈററ്" പറഞ്ഞു ക്ലാരൻസും ഗ്രാമീണരും സ്ഥലം വിട്ടു. ഒന്നര മണിക്കൂർ സമയം ഗ്രാമീണർ പാട്ടുകൊണ്ടു നിറച്ചു. "ഗുഡ്നൈററ്" രണ്ടു വെള്ളക്കാരും വലയ്ക്കകത്തു കടന്നു, നിദ്ര തുടന്നു.

## കുറംട്ടനും കോഡ്രിസും

നേരം വെളുത്തു. അരയിൽ തിരുകിയ തവിട്ടുനിറത്തിലുള്ള തുണിക്കഷ്ണമൊഴിച്ചാൽ പൂർണ്ണ നഗ്നരെന്നു പറയാവുന്ന രണ്ടു ചെറുകുട്ടികറം പ്രാതൽകഴിഞ്ഞു വിശ്രമിക്കുന്ന പാശ്ചാത്യരെ സമീപിച്ചു.

"നിങ്ങറംക്കു വേണോ?" അവർ ചിരിച്ചുകൊണ്ടു ചോദിച്ചു "ഒരു തത്തമ്മ". ആ ബാലന്മാർ ഒരു തത്തമ്മയെ ഡേവിഡിൻെറ കയ്യിൽ കൊടുത്തു. തത്ത ഡേവിഡിൻെറ കയ്യിൽ ഒരു കൊത്ത്. വേദനിച്ചെങ്കിലും റെസ്റ്റിന്ത്യരുടെ സ്നേഹം സമ്പാദിക്കുവാൻ കഴിഞ്ഞ ഡേവിഡ് അതത്ര കാര്യമാക്കിയില്ല.

ഡേവിഡ് ആ ബാലന്മാരുടെ പേരുകറം മനസ്സിലാക്കി— കുറംട്ടൺ എന്നും കോഡ്രിസ് എന്നും. അക്കാവായെ റെസ്റ്റിന്ത്യരുടെ പേരുകറം മനസ്സിലാക്കുന്നതിൽ അദ്ദേഹത്തിനു ജാഗ്രതയുണ്ട്. പിന്നീടാണ് ഡേവിഡ് അറിഞ്ഞതു് ആ പേരുകറം റെസ്റ്റിന്ത്യൻ പേരുകളല്ലെന്നു്. 'കാറംട്ടൺ' എന്നും 'ഗുഡ്റിഡ്ജ്' എന്നും ആണത്രെ മിഷനറിമാർ ആ ബാലന്മാരെ മാമോ

ദീസ മുക്കിയപ്പോരം അവക്കിട്ട പേരുകരം. ഏതായാലും ആ കുട്ടികരം തങ്ങരംക്കു നല്കിയ സമ്മാനം ഡേവിഡിനും ചാരംസിനും വളരെ ഇഷ്ടപ്പെട്ടു. റെസ്ഥിന്ത്യർ തങ്ങളെ ഗ്രാമവാസികളായി സ്വീകരിച്ചിരിക്കുന്നു എന്നല്ലെ അതിൻെറ അത്ഥം?

## 'ബ്ളോപൈപ്പും' കിളികളും

ഒരു ദിവസം വൈകുന്നേരം കുരംട്ടൺ വെള്ളക്കാരുടെ താമസ സ്ഥലത്തേക്കു വന്നു. അവൻെറ ഒരു കയ്യിൽ ഒരു 'ബ്ളോ പൈപ്പ്'', മററെകയ്യിൽ ഒരു തുണിസഞ്ചി.

നാണിച്ചുകൊണ്ട് കുരംട്ടൺ വിളിച്ചു: 'ദെയ്വീദ്', ദെയ് വീദ്''. ഡേവിഡ് വിളികേട്ടു. ''എന്താ കുരംട്ടൺ വിശേഷം?'' ''ഇതെല്ലാം വേണൊ?''

ഡേവിഡ് തുണിസഞ്ചി പതുക്കെ തുറന്ന് അതിനുള്ളിലേക്കു സൂക്ഷിച്ചുനോക്കി. വല്ല വിഷപ്പാമ്പിനേയും പിടിച്ചിട്ടു കൊണ്ടാ യിരിക്കുമോ ഈ വിദ്വാൻ വന്നതു് എന്നദ്ദേഹം സംശയിച്ചിട്ടു ണ്ടാകാം. സഞ്ചിക്കുള്ളിൽ പതിഞ്ഞു കിടക്കുന്നു ചില ചെറു പക്ഷികരം. സഞ്ചി ഭദ്രമായടച്ച് ഡേവിഡ് കുടിലിനുള്ളിലേക്കു പാഞ്ഞു ഒരു ക്കൂടെടുക്കുവാൻ.

ക്കൂടെടുത്തു കൊണ്ടുവന്നു. പക്ഷികളെ ഡേവിഡ് ഓരോ ന്നായി പിടിച്ച് ക്കൂട്ടിനുള്ളിലാക്കി. പക്ഷികരം ക്കൂട്ടിനുള്ളിൽ ലഹളകൂട്ടി പറന്നു കളിച്ചു. ഒടുവിൽ അവ്യസ്ഥിരിക്കുവാൻ തയ്യാറാ ക്കിയ തട്ടുകളിൽ ഇരുന്നു. ''കുരംട്ടൺ, നീ എങ്ങിനെയാണ് ഇവയെ പിടിച്ചതു്?'' ''ഞാൻ 'ബ്ളോപൈപ്പി'ൽ ഒരു അമ്പിടും അമ്പിന് മൂച്ചയില്ല. പക്ഷിയുടെ നേരെ ചൂണ്ടി ഞാൻ ഊതും, ശക്തിയിൽ. അമ്പ് പക്ഷിയുടെ ശരീരത്തിൽ വന്നടിക്കും. ഷോക്കു തട്ടിയപോലെ പക്ഷി നിലത്തുവീഴും''.

കുറാട്ടൻ പറഞ്ഞതു് ശരിയായിരുന്നു. അമ്പുവന്നു കൊണ്ടതു മൂലം പക്ഷികൾക്കു് കേടുപററിയിട്ടില്ല. ഡേവിഡ് കൂട്ടിലേക്കു നോക്കി. പക്ഷികൾ കൂട്ടിനുള്ളിൽ കിടന്നു തത്തിച്ചാടികളിക്കുകയാണ്.

## കൊന്തമണികൾ നാണയങ്ങൾ

ഭയങ്കരമായ കാററും, മഴയും. കാററ് ചൂളംവിളിച്ചുകൊണ്ടും ആ ഉഗ്രവനത്തിൽക്കൂടി അന്തം വിട്ട് പായുകയാണ്. മഴ അനേക ദിവസങ്ങൾ നീണ്ടുനിന്നു. സംഘം കുക്കുയ് നദിയിൽ കൂടിയാത്ര തിരിച്ചിരിക്കുകയാണ്. മഴ നിലച്ചു. പകൽ സമയത്തെ ചൂട്‌ അസഹനീയം. നദീതീരത്തെ ചളിയെല്ലാം വരണ്ടു. സംഘം ഇടക്കിടക്ക് കാണുന്ന ഗ്രാമങ്ങളെല്ലാം സന്ദർശിച്ചു. മൃഗങ്ങളേയും പക്ഷികളേയും കിട്ടുവാൻ. ചില്ലുകൊണ്ടുള്ള കൊന്തമണികൾ നല്കി സംഘാംഗങ്ങൾ വലിയ പഞ്ചവർണ്ണക്കിളികളേയും പല തരം കുരങ്ങുകളേയും ആമകളേയും വാങ്ങി. എത്ര പവൻ കൊടുത്താലും കിട്ടാത്ത പല മൃഗങ്ങളേയും പക്ഷികളേയും ചില്ലുകൊണ്ടുള്ള കൊന്തമണികൾക്കു വാങ്ങുവാൻ കഴിഞ്ഞു! നല്ലവരാണ് ഈ റെഡ്ഇന്ത്യർ!

സംഘാംഗങ്ങൾ അവസാനം പിപിലിപ്പെയ് ഗ്രാമത്തിൽ താവളമുറപ്പിച്ചു. സംഭരിച്ച മൃഗങ്ങളിൽ ഏററവും രസികൻ പെക്കാറിയെന്ന തെക്കേ അമേരിക്കൻ കാട്ടുപന്നിയായിരുന്നു. അതിനെ വളത്തിയിരുന്ന ഗ്രാമീണർ കുറെ നീല നിറത്തിലും വെള്ള നിറത്തിലുമുള്ള കൊന്തമണികൾ സ്വീകരിച്ച്, പെക്കാറിയെ സന്തോഷത്തോടെ സംഘത്തിനുനല്കി. പെക്കാറിയെ തരുന്നതിൽ ആ ഗ്രാമീണക്കെന്താ ഇത്ര സന്തോഷം? കാരണം മനസ്സിലായി. അതിനു കുറച്ചു കാലതാമസം നേരിട്ടു എന്നു മാത്രം.

## ഹൗഡിനി കള്ളൻ

ഹൗഡിനി എന്നാണ് ഡേവിഡ് ആ പെക്കാറിക്കു് പേരിട്ടതു്. വലിയ ഇന്ദ്രജാലക്കാരൻെറ പേരാണ് ഹൗഡിനി. ഹൗഡിനിയെ, പശുവിനെ കയറിട്ടു കെട്ടുംപോലെ, വഞ്ചിയുടെ ഒരു മൂക്കിൽ കെട്ടിയിട്ടിരിക്കുകയാണ്. ഇത്തരത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടതിൽ ഹൗഡിനിക്കു പ്രതിഷേധമുണ്ടു്. ഹൗഡിനി സൂത്രത്തിൽ കയറിൽനിന്നും രക്ഷപ്പെട്ടു്, ക്ഷണത്തിൽ സംഘാംഗങ്ങൾ ശേഖരിച്ചു വെച്ചിരുന്ന അന്നാരച്ചക്കകൾ തിന്നൊടുക്കി, കള്ളൻ, അന്നാരച്ചക്കകൾ മുഴുവൻ വയററിലാക്കിയിരിക്കുന്നു! കോപിച്ചിട്ടു കാര്യമില്ല. കൂടുതൽ നാശം ചെയ്യാതിരിക്കാൻ വേണ്ടി. ഡേവിഡ് ഹൗഡിനിയുടെ കഴുത്തിൽ പിടിച്ചുകൊണ്ടു വഞ്ചിയിലിരിപ്പാണ്.

വഞ്ചി കരക്കടുത്തു. ഒരു കൂടാരം പൊങ്ങി. ചാംസ് അത്താഴം പാകം ചെയ്യുന്നു. ഡേവിഡ് സൂത്രത്തിൽ ഹൗഡിനിയുടെ കഴുത്തിൽ കയറിട്ടുകെട്ടി. ചുരുക്കത്തിൽ ആ കൊച്ചു തെമ്മാടിയെ കൂടാരത്തിൻെറ ഒരു തൂണിന്മേൽ ബന്ധിച്ചു. ഒരന്നാരച്ചക്കയും കുറച്ചു കാസാവാ അപ്പവും ഡേവിഡ് ഹൗഡിനിയുടെ മുമ്പിൽ നിക്ഷേപിച്ചു. "ഇതാണ് നിൻെറ അത്താഴം. അതു കഴിച്ചു് നല്ല കുട്ടിയായി കിടന്നുറങ്ങിക്കോളൂ" ഡേവിഡ് ആജ്ഞാപിച്ചു. ഹൗഡിനി അക്ഷരംപ്രതി അനുസരിച്ചു.

നല്ല രാത്രി. ഉറങ്ങാൻ ബഹുസുഖം. ആരോ തന്നെ കുലുക്കി വിളിക്കുന്നു. ആരാതു്? ഡേവിഡ് കണ്ണുതുറന്നുനോക്കി. കിംഗ് ജോർജ്ജ് ചെവിയിൽ മന്ത്രിച്ചു: "പെക്കാറി. ഇവിടെയെല്ലാം ഓടി നടക്കുന്നു." "നടക്കട്ടെ, നാളെ നമുക്കവനെ പിടിച്ചു കെട്ടാം" ഉറക്കം കളയാൻ നിശ്ചയിക്കാത്ത ഡേവിഡ് മറുപടി പറഞ്ഞു.

## ഹൗഡിനിമൂലം നിദ്രക്കു നാശം

പക്ഷെ എങ്ങിനെ ഉറങ്ങും? പന്നിയുടെ മണം ഡേവിഡിൻെറ മൂക്കിനുള്ളിലേക്കു കടന്നു ചെന്നു. ഡേവിഡ് കണ്ണുതുറന്നു. ഹൗഡിനി തൊട്ടടുത്തുതന്നെ നില്ക്കുന്നു, പുറം ആ കൂടാരത്തൂണിന്മേൽ ഉരച്ചുകൊണ്ട്.

ഡേവിഡ് എണീററു. ചാറംസിനേയും വിളിച്ചുണത്തി. ഹൗഡിനിക്കും കാര്യം മനസ്സിലായി. ഹൗഡിനി പുറത്തേക്കു കടന്നു, കൂടാരത്തിനുള്ളിൽ രക്ഷയില്ല എന്നു കണ്ടു്. അരമണിക്കൂർ നേരം ചാറംസും ഡേവിഡും ഹൗഡിനിയെ പിടിക്കുവാനുള്ള ശ്രമത്തിലായി—തെമ്മാടി ഹൗഡിനി കൂടാരത്തിനകത്തു കടക്കും. പുറത്തേക്കിറങ്ങും, ചുററപാടും ഓടും; പുറകെ രണ്ടുവെള്ളക്കാരും ഹൗഡിനിയെ പിടികൂടി. ഇപ്രാവശ്യം രക്ഷപ്പെടാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ഹൗഡിനിയെ കെട്ടിയിട്ടു. ഹൗഡിനി കീഴടങ്ങി. ഒരു അന്നാരച്ചക്കയുടെ പുറത്തു തല ചാച്ചുകൊണ്ടു കിടന്നുറങ്ങുവാനുറച്ചു. അതിനകം ഹൗഡിനി ആ ഗ്രാമവാസികളെയെല്ലാം ഉണത്തിക്കഴിഞ്ഞിരുന്നു. ക്ഷീണിച്ചുതളന്ന ചാറംസും ഡേവിഡും ഉറക്കത്തിലമന്നു.

## ഹൗഡിനിക്കു നീന്തിക്കളിയ്ക്കണം

പുലർകാലെ സംഘം വഞ്ചിയിൽ കയറി തോണിയാത്ര ആരംഭിച്ചു. വഞ്ചിയുടെ ഒരററം മുളക്കമ്പുകറംകൊണ്ടു കെട്ടി ഒരു കൂട്ടുണ്ടാക്കി. ഹൗഡിനി അതിനുള്ളിലും. സൽസ്വഭാവിയായിത്തീന്നിരിക്കുന്നു ആ മിടുക്കൻ പെക്കാറി. മറിഞ്ഞുകിടക്കുന്ന ഒരു വൃക്ഷം മാഗ്ഗതടസ്സമുണ്ടാക്കി. ഡേവിഡും ചാറംസും ഇറങ്ങി, വഞ്ചിവലിച്ചു് ആ മരത്തിനപ്പുറത്താക്കുവാൻ. ആ ശ്രമം ഫലിച്ചു.

പക്ഷെ ആ സുവണ്ണാവസരം ഹൗഡിനി പാഴാക്കിയില്ല. ഹൗഡിനി കൂടിനുപുറത്തുകടന്നു്, വെള്ളത്തിലേക്കൊരുചാട്ടം.

ഒന്നു നീന്തിനോക്കട്ടെ എന്ന ഭാവത്തിൽ. ഡേവിഡ്ഡ് പുറകെ ചാടി. രണ്ടുപേരും കുറെ ദൂരം മത്സരിച്ചു നീന്തി. ഒടുവിൽ ഡേവിഡു ചാടിയൊരുപിടുത്തം—ഹൗഡിനിയുടെ കഴുത്തിൽ. ഹൗഡിനികീഴടങ്ങി.

## ചികചിററ പററിച്ചു!

ജോർജ്ജ് ടൗണിൽ എത്തിയ സംഘം ഏററവും നല്ല ഹോട്ടലിൽ താമസമുറപ്പിച്ചു. പരിഷ്കൃതമാതൃകയിൽ പാകംചെയ്ത ഭക്ഷണം, മാർദ്ദവമുള്ള ശയ്യ ക്ഷീണം തീക്കുവാൻ, അലക്കി ഇസ്തിരിക്കിട്ട വസ്ത്രങ്ങൾ. പക്ഷെ ടിം വിനാറം മൃഗങ്ങളേയും പക്ഷികളേയും ലണ്ടൻ മൃഗാലയത്തിലേക്കു് കൊണ്ടുപോകുവാൻ തയ്യാറെടുത്തു. അവയെ വേർതിരിച്ചു് പുതിയ കൂടുകളിലാക്കുന്ന തിരക്ക്.

ചികചിററ (കപ്പൂച്ചിൻ കുരങ്ങ്)യെ ടിം പുറത്തേക്കെടുത്തു. കുരങ്ങ് ടിമ്മിന്റെ മടിയിൽ അടങ്ങിക്കിടന്നു. പെട്ടെന്നു് ചികചിററ ടിമ്മിന്റെ തള്ളവിരലിൽ ഒരു കടി, പുറത്തേക്കൊരു ചാട്ടം, നേരെ സസ്യശാസ്ത്രത്തോട്ടത്തിലേക്കൊരോട്ടം. പററിച്ചു. ഡേവിഡും ചാൾസും ടിമ്മും പുറകെയോടി—ടിം തന്റെ മുറിവേററ വിരൽ ചപ്പിക്കൊണ്ടു്.

## ഷട്ടിട്ട പിടുത്തം

ചികചിററ വളരെ ദൂരെയാണു്. ആ വാനര വീരൻ തിരിഞ്ഞു നോക്കി. വെള്ളക്കാർ ഓടിവരുന്നേയുള്ളു. ചികചിററ തലചൊറിഞ്ഞു. തന്നെ അന്വേഷിച്ചുവരുന്നവർ അടുത്തെത്തിയപ്പോൾ ചികചിററ മരത്തിനുമുകളിലെത്തി. അന്വേഷണക്കാർ റോട്ടിലും. ആളുകൾ ചുററംകൂടി, ഈ കുരങ്ങുപിടുത്തം കണ്ടുരസിക്കുവാൻ! ചികചിററ താഴോട്ടു നോക്കി കൊഞ്ഞനം കാണിക്കുകയാണു്.

ഡേവിഡ് ഷർട്ടൂരി തോളിലിട്ടു. കാഴ്ചക്കാക്ക് രസംതോന്നി. ചികപിററ താഴെയിറങ്ങി ഓട്ടം തുടങ്ങി. പുറകെ മൂന്നുപേരും. ഡേവിഡ് ചികപിററയുടെ അടുത്തെത്തിക്കഴിഞ്ഞു. തൊട്ടടുത്ത്. അയാാം ഷട്ടിട്ടൊരുപിത്തം ചികപിററയെ. പല്ലായുധം വിലപ്പോയില്ല. ചികപിററ ഷട്ടിനുള്ളിലായി. ആ പൊതിക്കെട്ടുമായി മൂന്നുപേരും മടങ്ങി. ചികപിററ തലപുറത്തുകാണിച്ചു. ക്ഷമ ചോദിക്കുകയാണ് ആ വാനരൻെറ കണ്ണുകഠം.

## അരാകാകഗ്രാമത്തിൽ

സെടാസ് കിംഗ്സ്റ്റൺ എന്ന ആഫ്രിയ്ക്കൻ ബോട്ടുമാഗ്ഗം ബാരിമനദിയിൽക്കൂടി സംഘത്തെ അരാകാക ഗ്രാമത്തിലേക്കു നയിച്ചു. “കമൂഡി, ചീങ്കണ്ണി, ലബാറിയപാമ്പ് തുടങ്ങിയവ ധാരാളമുണ്ടവിടെ” സിടാസ് കിഗ്സ്റ്റൺ സംഘത്തെ അറിയിച്ചു.

അരാകാക ഗ്രാമത്തിൽ കൂടാരമടിച്ച് സംഘാംഗങ്ങഠം വിശ്രമിക്കുന്ന അവസരത്തിലാണ് കിംഗ്സ്റ്റൺ ഓടിവന്നതു്. അയാാം വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു: “ആളുകഠം കൂടി നില്ക്കുന്നതു കണ്ടില്ലെ? അവർ പാമ്പിനെ കൊല്ലാൻ വട്ടംകൂട്ടിയപ്പോഠം ഞാൻ പറഞ്ഞു ആ പാമ്പിനെ നിങ്ങഠംക്കു വേണമെന്നു്. തനി ലബാറിയ പാമ്പ്”.

ഫെർഡീലാൻസ് എന്ന ഏററവും ഭയങ്കരനായ തെക്കെ അമേരിക്കൻ വിഷപ്പാമ്പിനെയാണ് ഗിയാനക്കാർ ലബാറിയ എന്നു വിളിക്കുന്നതു്. വെള്ളക്കാർ ആഠംക്കൂട്ടത്തിനുള്ളിലേക്കു തള്ളിക്കടന്നു.

## അതു കടിക്കും, നിങ്ങഠം മരിക്കും.

രണ്ടടി നീളമുള്ള ഒരു പാമ്പ്. ചുവന്ന മണ്ണിൻെറ നിറം.

തെങ്ങിൻ തണലിൽ വിശ്രമിക്കുകയാണ് പാമ്പ്. "ലബാറിയ യാണെന്നു തോന്നുന്നില്ല" ജാക്ക് പറഞ്ഞു. പാമ്പുകളെ പററി നന്നായറിയാം ജാക്കിനു്. ഒരു വടികൊണ്ടു് ജാക്ക് വളഞ്ഞു പുളഞ്ഞു കിടക്കുന്ന പാമ്പിൻെറ ശരീരം തട്ടിയുണർത്തി. ജാക്ക് പാമ്പിൻെറ കഴുത്ത് വടികൊണ്ടമർത്തിപ്പിടിച്ചു. പാമ്പ് അതിൻെറ ദേഹം നിലത്തിട്ടടിച്ചു. ജാക്ക് രണ്ടു വിരലുകൾ കൊണ്ടു് അതിൻെറ കഴുത്ത് ഞെക്കിപ്പിടിച്ച് പാമ്പിനെ എടുത്തു പൊക്കി.

"അയ്യോ, വേണ്ട, ചീത്തപ്പാമ്പാണ്. തനി ലബാറിയ തന്നെ. സൂക്ഷിക്കണം" കിംഗ്സ്റ്റൺ വിളിച്ചു പറഞ്ഞു.

"ഇത് ലബാറിയയല്ല" എന്നു പറഞ്ഞുകൊണ്ടു് ജാക്ക് പോക്കററിൽനിന്നു പെൻസിലെടുത്തു് അതിൻെറ മുനകൊണ്ടു പാമ്പിൻെറ വായതുറന്നു. "പത്തിയില്ല, വിഷപ്പല്ലില്ല" ജാക്ക് പ്രസ്താവിച്ചു. പാമ്പിനെ തൻെറ തോളത്തിട്ടു.

## ലബാറിയ ഷട്ടിനുള്ളിൽ

"എയ്, വേണ്ട. ലബാറിയയാണതു്, കടിക്കും. നിങ്ങൾ മരിക്കും" ജനക്കൂട്ടം ലഹള കൂട്ടി.

പാമ്പ് ഇഴഞ്ഞ് ജാക്കിൻെറ കഴുത്തേലെത്തിക്കഴിഞ്ഞു. "വേണ്ട, വേണ്ട, കളി കാര്യമാകും. അവൻ കടിക്കും. താങ്കൾ മരിക്കും" കിംഗ്സ്റ്റൺ ആവർത്തിച്ചു. 'എന്നാൽ കണ്ടോളൂ' ജാക്ക് ആ പാമ്പിനെ തൻെറ ഷട്ടിനുള്ളിലേക്കിട്ടു. "മനസ്സിലായൊ? ഈ പാമ്പു ലബാറിയയല്ല."

## കൃഷ്ണമണികൾ വീണു പോയാലൊ?

എല്ലാവർക്കും ധൈര്യം വന്നു. ജാക്ക് പാമ്പിനെ പുറത്തേക്കെടുത്തു. പാമ്പിൻെറ വായിൽ ജാക്ക് തൻെറ വിരലിട്ടു.

"പല്ലില്ലാതെ അവൻ എങ്ങിനെ കടിക്കും?" ജാക്ക് ഒരു മാന്ത്രികനെപ്പോലെ ജനസഞ്ചയത്തിനോടു ചോദിച്ചു. സിടാസ് പാമ്പിൻെറ കഴുത്തിനു പിടിച്ചു. അടുത്തു നിന്നിരുന്ന ഒരു സ്ത്രീ ഒരു വിരൽ വായിലിട്ടു. അവർ വിസ്മയംകൊണ്ടു കണ്ണുമിഴിച്ചു. കുറച്ചുകൂടി മിഴിച്ചിരുന്നെങ്കിൽ കൃഷ്ണമണികൾ താഴെ വീണു പോകുമായിരുന്നു. ജാക്ക് പാമ്പിനെ തോളത്തിട്ടുകൊണ്ടു പോന്നു, അതിനെ കൂട്ടിലാക്കി ലണ്ടൻ മൃഗാലയത്തിലെത്തിക്കുവാൻ.

സംഘാംഗങ്ങൾ ജോർജ്ജ് ടൌണിൽ മടങ്ങിയെത്തിയപ്പോൾ സ്നേഹിതന്മാർ അവക്ക് പലതിനേയും സമ്മാനമായി അവിടെ എത്തിച്ചിരുന്നു—പാരക്കീററ് തത്തകൾ, പുതിയതരം പൊന്മാൻ, സെഗ്ഗുവുടെ വക ചുവന്ന കിരീടമുള്ള മരങ്കൊത്തി തുടങ്ങി പലതും.

## മുള്ളൻപന്നി പെർസി.

അവക്കൊരു മുള്ളൻ പന്നിയെ കിട്ടി—മരക്കൊമ്പുകളിൽകൂടി സഞ്ചരിക്കുന്ന മുള്ളൻപന്നി. പെർസി എന്നാണതിനു സംഘാംഗങ്ങൾ പേരിട്ടതു്. വിഷമക്കാരനാണു് പെർസി. ആരെങ്കിലും അവനെ തൊടാൻ ശ്രമിച്ചാൽ, അവൻെറ മുഖഭാവം മാറും, ചെറിയ മുള്ളു പീലികൾ വിടരും, രോഷാകുലനായി നിലത്തു ചവുട്ടി ചീററും, തന്നെ തൊട്ടു പോയാൽ തൻെറ വെളുത്തുനീണ്ട മൂർച്ചയുള്ള പല്ലുകൾ ഉപയോഗപ്പെടുത്തുമെന്ന മട്ടിൽ.

## ഹോട്ട്സിൻ പക്ഷി.

രണ്ടെണ്ണത്തെക്കൂടിപിടിക്കണമെന്നാഗ്രഹമുണ്ടു് സംഘത്തിനു്.

ഹോട്ട്സിൻ പക്ഷി. പക്ഷികളിൽ വിശേഷമേറിയതാണു് ഹോട്ട്സിൻ. അതിൻെറ ചിറകുകളിൽ നഖങ്ങളുണ്ടു്. ലോക

ത്തിൽ ഒരിടത്തു മാത്രമെ അവയെ കാണുവാൻ സാധിക്കു—തെക്കെ അമേരിക്കയിൽ.

കാഞ്ചി നദീതീരത്തിൽ വെച്ച് സംഘാംഗങ്ങൾ ഒരുകൂട്ടം ഹോട്ട്സിൻ പക്ഷികളെ കണ്ടു—തവിട്ടുനിറം, കോഴിക്കുഞ്ഞിൻെറ വലുപ്പം, ഘനമുള്ള ശരീരം, നേർത്തകഴുത്ത്, തലയിൽ ഉയരമുള്ള കോഴിച്ചാത്തൻേറതു പോലുള്ള കിരീടം. ആകെ കാണാൻ ബഹുഭംഗി. കാണാൻ മാത്രമെ പററിയുള്ളു സംഘാംഗങ്ങൾക്ക്. ഒന്നിനെ പിടിക്കാൻ പററിയില്ല.

## മനാററീ—പക്ഷിയൊ മൃഗമോ?

മറെറാന്നാണ് മനാററീ. പക്ഷിയല്ല, മൃഗമാണ്. പക്ഷി പോലിരിക്കുമെന്നു മാത്രം. വെള്ളത്തിലാണ് ജീവിതം. കായലുകളിലുള്ള നീർച്ചെടികളുടെ ഇടയിൽ മനാററീകൾ ഭക്ഷണമന്വേഷിച്ചു നടക്കും. കുഞ്ഞുങ്ങളെ പ്രസവിക്കും. കുഞ്ഞുങ്ങളെ ചിറകു പോലുള്ള കൈകൾകൊണ്ടു നെഞ്ഞത്തള്ളിപ്പിടിച്ചുകൊണ്ട് വെള്ളത്തിൽ നീന്തി നടക്കും.

## ജലദേവതകളാണ് മനാററീകൾ.

ആദ്യം വന്നെത്തിയ നാവികർ തെക്കെ അമേരിക്കയുടെ ചുററും മനാററീക്കൂട്ടങ്ങൾ സക്രീഡിച്ചു നടക്കുന്നതു കണ്ടു. അവ ജലക്രീഡയിൽ വ്യാപൃതരായ ജലദേവതകളാണെന്നാണ് നാവികർ വിചാരിച്ചതു്. പക്ഷെ സംഘാംഗങ്ങൾ ഒരു മനാററീയെ പിടിച്ചു നോക്കിയപ്പോൾ, അതൊരു സുന്ദരിയല്ലെന്നു മനസ്സിലായി. അവളുടെ തല മുഴച്ചു നില്ക്കുന്ന ഒരു കമ്പുപോലിരുന്നു. വീതികൂടി വീർത്തിരിക്കുന്ന മേൽച്ചുണ്ടിൽ കുറെ മീശയും. അവളുടെ കണ്ണുകൾ കവിളുകളിലെ രണ്ടു കുഴികളിലാണ് നിക്ഷിപ്തം.

ച്ചുണ്ടു തൊട്ടു് വാലുവരെ ഏഴടി നീളം വരും. പങ്കായംപോലെ രണ്ടു കൈകരം, കാലില്ല. വെള്ളത്തിൽ നിന്നെടുത്തു കരയ്ക്കിട്ടാൽ കാലില്ലാത്ത അവളുടെ ശരീരം മണ്ണിൽ പതിഞ്ഞു കിടക്കും. ഡേവിഡ് അതിനെ മറിച്ചും തിരിച്ചും നോക്കി. അവാംക്ക പ്രതിഷേധമില്ല. "ഈ സത്വം ജലദേവതയാണെന്നു് നാവികക്കു് തോന്നിയെങ്കിൽ സ്ത്രീ എന്നതെന്താണെന്നു് മറക്കത്തക്കവിധത്തിൽ അവർ ഏറെക്കാലം സമുദ്രത്തിൽ സഞ്ചരിച്ചിട്ടുണ്ടാകാം" ചാറംസ് ഊന്നിപ്പറഞ്ഞു.

## ലണ്ടൻ മൃഗാലയത്തിൽ

സംഘാംഗങ്ങരം ലണ്ടനിൽ എത്തി. കുറച്ചു ദിവസം വിശ്രമിച്ചു. മൃഗങ്ങളും പക്ഷികളും മൃഗാലയത്തിൽ താമസമായി.

ഒരു ദിവസം ഡേവിഡ് മൃഗാലയത്തിലേയ്ക്കു ചെന്നു. മനാററീക്കു് സ്വന്തമായി ഒരു കുളമുണ്ടു്. ഡേവിഡ് കാണിച്ചു കൊടുത്ത കബേജിൻെറ ഇല മനാററീ നീന്തിവന്നു് സ്വീകരിച്ചു. തത്തയോടു ഡേവിഡ് സംസാരിച്ചു. അതു സംഗതി മനസ്സിലായ പോലെ തല കുലുക്കി. ചെറുപക്ഷികരം അവയ്ക്കായി തയ്യാറാക്കിയ ചില്ലുകൂട്ടിൽ കിടന്നു കളിയ്ക്കുന്നു. പെർസി ഒരു മൂക്കിൽ കിടന്നുറങ്ങുന്നു. ഡേവിഡ് വിളിച്ചു നോക്കി. മൂപ്പക്കനക്കമില്ല. ക്രൂരത ആ മുഖത്തു സ്ഫുരിക്കുന്നുണ്ടു്. മററുള്ള കപ്പൂച്ചിൻ കുരങ്ങന്മാരുടെ കൂടെ കൂട്ടിയപ്പോരം, ചികചിററയുടെ വ്യക്തിത്വം നശിച്ചു. ചികചിററയെ തിരിച്ചറിയാൻ കൂടി വിഷമമായി. ഹൗഡിനിയെ? വിടവാൻ കൂട്ടിനകത്തുകിടന്നു ലഹളകൂട്ടുകയാണു്. ഡേവിഡ് 'ഹൗഡിനി, ഹൗഡിനി' എന്നു പല പ്രാവശ്യം വിളച്ചു. ആ വിളികരം കേട്ടില്ലെന്ന മട്ടിൽ ഹൗഡിനിയും.

സൂരിണാം അഥവാ ഡച്ചുഗിയാന: ബ്രിട്ടീഷ്ഗിയാനയ്ക്കും ഫ്രഞ്ചു ഗിയാനയ്ക്കും മദ്ധ്യേ കിടക്കുന്ന ഈ രാജ്യത്തിനു 54291

ചതുരശ്രനാഴിക വിസ്തീർണ്ണമുണ്ട്. ജനസംഖ്യ: 2,30,000. കൂടാതെ ഇതിനടുത്തായി 6 ഡച്ചുദ്വീപുകളുണ്ട്.

17-ാംശതകത്തിൽ ഡച്ചുകാർ സ്പെയിൻകാരെ ഓടിച്ച് ഈ സ്ഥലം കൈവശപ്പെടുത്തി. ബ്രിട്ടീഷുകാരെ ഈ ഭാഗത്തുനിന്നു പുറത്താക്കണമെന്നു വന്നപ്പോഠം അവർ ഡച്ചുകാരുടെ ന്യൂ ആംസ്റ്റർഡാം (ഇന്നത്തെ ന്യൂയോക്ക്) നഗരം പിടിച്ചെടുത്തു. 1667-ലെ ബ്രീഡാ സന്ധിസമയത്തു ബ്രിട്ടൻ ന്യൂ ആംസ്റ്റർഡാം വിട്ടൊഴിഞ്ഞു (24 ഡോളറിനു റെഡ്ഇന്ത്യരിൽനിന്നും വാങ്ങിയതാണ്) ഗിയാനയിൽ 55,000 നാഴിക സ്ഥലം സ്വീകരിച്ചു.

പഞ്ചസാര വ്യാപാരവും അടിമക്കച്ചവടവും വഴി ധാരാളം പണം ഡച്ചുകാൎക്ക് സൂരിണാം സമ്പാദിച്ചു കൊടുത്തു. ഐക്യനാടുകഠംക്കു കിട്ടുന്ന 60 ശതമാനം ബോക്സൈററം ഇവിടെ നിന്നാണ്. വെനിസ്വേലയിൽനിന്നു കിട്ടുന്ന 72 ശതമാനം ക്രൂഡോയിലും സംസ്കരിക്കുന്നതു് ഇവിടത്തെ കക്കാവൊ, അറൂബ എന്നീ ദ്വീപുകളിലാണ്.

ഡച്ചുകാരാണ് ഭരിക്കുന്നതു്. ഇന്ത്യക്കാരുണ്ട് ഇവിടെ. 1954-ൽ ജൂലിയാനരാജ്ഞി കൂടുതൽ ജനകീയ ഭരണം നല്കി ഈ രാജ്യത്തിനു്. എങ്കിലും രാജ്യരക്ഷയും വിദേശനയവും ഡച്ചു ഹസ്തങ്ങളിൽ സ്ഥിതി ചെയ്യുന്നു.

ഫ്രഞ്ച് ഗിയാന: ഈ കോളനിക്കു 34,750 ചതുരശ്ര നാഴിക വിസ്തീർണ്ണമുണ്ട്. ജനസംഖ്യ: 31,000. ഇതു ഫ്രാൻസിൻെറ ജയിൽകോളനിയായിരുന്നു. വെള്ളക്കാൎക്ക് പററാത്ത ശക്തിയായ ചൂടുള്ള കാലാവസ്ഥയാണ് ഇവിടെ. പനികളുടേയും മലേറിയയുടേയും കൂത്തരങ്ങാണ് ഈ രാജ്യം. അടുത്തുള്ള 'പിശാചിൻെറ ദ്വീപി'ൽ കൊണ്ടുപോയാക്കിയ വെള്ളത്തടവുകാരെല്ലാം

തന്നെ മരിച്ചു. 1946-ൽ ഈ പ്രദേശത്തെ ജയിൽകോളനിയല്ലാതാക്കി.

പകുതിയിലധികം ജനങ്ങളും റെഡ്ഇന്ത്യരാണ്. കുറച്ചു ഭാരതീയരുമുണ്ട്. ഫ്റഞ്ചുകാരുടെ തനി സാമ്രാജ്യത്വഭരണമാണവിടെ. കയീൻ ആണ് തലസ്ഥാനം. ഇവിടെനിന്നു് ഒരു വെള്ളക്കാരൻ പ്രതിനിധിയെ പാരീസിലെ പാർളിമെൻറിലേയ്ക്കയയ്ക്കുന്നുണ്ട്.

1604-ൽ ഈ രാജ്യം ഡച്ചുകോളനിയായിരുന്നു. 1809-ൽ ഫ്റഞ്ചുകാരും ബ്രിട്ടീഷുകാരും ഈ പ്രദേശം ആക്രമിച്ചു. ആദ്യം വന്ന ഫ്റഞ്ചുകുടിയേറിപ്പാർപ്പുകാരെല്ലാം പനിപിടിപെട്ടു മരിച്ചു. നെപ്പോളിയൻ യുദ്ധകാലത്തു നെപ്പോളിയനാണ് ഈ ഭാഗം ഫ്റാൻസിനു നല്കിയതു്.

മനുഷ്യസ്നേഹത്തിലും സന്തുഷ്ടിയിലും നിന്നുയന്ന തെക്കേ അമേരിക്കൻ സംസ്കാരം മേഘലങ്ങളുടെ ഇടയിൽനിന്നു തലയുരി ഭൂമിയിൽ കാലുറപ്പിയ്ക്കണം, യാഥാസ്ഥിതിക ശക്തികളിൽനിന്നു രക്ഷ നേടണം, സ്ത്രീകൾക്കു സമത്വം നല്കണം, ഗതാഗതസൗകര്യങ്ങൾ വദ്ധിപ്പിച്ചു് പ്രധാന വ്യവസായങ്ങൾ ദേശസാല്ക്കരിച്ചു് സാമ്പത്തികഭദ്രത കൈവരുത്തണം, ജീവിതനിലവാരം ഉയത്തണം, വ്യക്തിഭരണവും സ്വേച്ഛാഭരണവും അവസാനിപ്പിച്ചു് ജനകീയ ഭരണം സ്ഥാപിയ്ക്കണം, സൈനികമേധാവിത്വത്തെ നശിപ്പിയ്ക്കണം, കൈക്കൂലിയും കള്ളത്തരങ്ങളും തുടച്ചുമാററണം, വ്യവസായവല്ക്കരണത്തിൽ ശ്രദ്ധകേന്ദ്രീകരിയ്ക്കണം, ധനികദരിദ്രവ്യത്യാസം നികത്തണം—എന്നാൽ മാത്രമേ തെക്കേ അമേരിയ്ക്കൻ രാജ്യങ്ങൾക്കു സമാധാനവും ക്ഷേമവും കൈവരികയുള്ളു.

---

# എനിക്കു് പറയുവാനുള്ളതു്.

ലോകത്തിന്റെ, പ്രത്യേകിച്ച് ഏഷ്യയുടെ, ശ്രദ്ധയെ ആകർഷിക്കാത്ത—അധികം അറിയപ്പെടാത്ത—വൻകരയാണു് തെക്കെ അമേരിയ്ക്ക അഥവാ 'അപ്പുറത്തെ അമേരിയ്ക്ക'. അമേരിയ്ക്ക എന്നു വെച്ചാൽ ഐക്യനാടുകൾ എന്നാണു് നമ്മിലധികം പേരും ധരിച്ചുവരുന്നതു്. ഏററവും കൂടിയ ജീവിതനിലവാരം, ശാസ്ത്രീയ പുരോഗതി, പരിഷ്കാരം, സമ്പത്തു് വ്യവസ്ഥ—ഇതെല്ലാം ഐക്യനാടുകളുടെ ഗുണവിശേഷങ്ങളാണു്. എന്നാൽ നേരെ മറിച്ചാണു് ഐക്യനാടുകളുടെ തെക്കു ഭാഗത്തായി കിടക്കുന്ന 'അപ്പുറത്തെ അമേരിയ്ക്ക'യിലെ സ്ഥിതി.

ജീവിതത്തെ ആകമാനം ഒന്നായി നോക്കിക്കാണുക എന്ന 'സമഗ്രവീക്ഷണ' സിദ്ധാന്തത്തിൽ അടിയുറച്ച വിശ്വാസമാണെനിക്കു്. സാമൂഹ്യശാസ്ത്രം, സാമ്പത്തികശാസ്ത്രം, നരശ്ശാസ്ത്രം, ജീവശ്ശാസ്ത്രം, രാഷ്ട്രവിജ്ഞാനീയം, ചരിത്രം, ഭൂമിശ്ശാസ്ത്രം എന്നിവയുടെ വെളിച്ചത്തിൽ തെക്കെ അമേരിയ്ക്കയെ നോക്കിക്കാണുകയെന്നതാണു് ഈ ഗ്രന്ഥം വഴി ഞാൻ നിർവ്വഹിക്കുവാൻ യത്നിച്ചിട്ടുള്ളതു്.

ആധുനിക നാഗരീകതയും പരിഷ്കാരവും എത്ര തന്നെ അലതല്ലിക്കയറിയാലും, പുതിയ പുതിയ സാമൂഹ്യ-സാമ്പത്തിക പ്രവണതകൾ എത്ര തന്നെ സമ്മർദ്ദം ചെലുത്തിയാലും അതിന്റേതായ സാംസ്കാരിക മൂല്യങ്ങളിൽനിന്നും കരുപ്പിടിച്ച ഒരു ജനതയുടെ സർഗ്ഗശക്തിയുള്ള 'പ്രതിഭ' നഷ്ടപ്പെടുകയില്ല എന്നാണെന്റെ കറതീർന്ന ബോദ്ധ്യം. പലവിധത്തിലും തെക്കെ അമേരിയ്ക്ക പിന്നണിയിലാണു്, പ്രത്യേകിച്ച് രാഷ്ട്രീയമായും സാമ്പത്തികമായും. ഒരു പക്ഷെ ലോകത്തെ തന്നെ ഭാവിയിൽ സാമ്പത്തികമായി രക്ഷിക്കുവാൻ കഴിവുള്ള ഈ വൻകരയുടെ മുന്നോട്ടുള്ള കുതിച്ചുകയറലിനെ കയറിട്ടു കെട്ടുവാൻ യത്നിക്കുന്ന ഏതു വൻശക്തിയും പരാജയമടയുകതന്നെ ചെയ്യും.

തെക്കെ അമേരിയ്ക്ക നമ്മെ പലതും പഠിപ്പിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യത്തിൻെറ അഭാവത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യം അൎത്ഥവത്തല്ല. സൂക്ഷിക്കണം, സാമ്പത്തിക ഞെരുക്കങ്ങളനുഭവിക്കുന്ന രാഷ്ട്രങ്ങൾ വിദേശധനസഹായം അഭ്യൎത്ഥിക്കുമ്പോൾ— ചരടുകളുണ്ടാകും ആ വിദേശധനസഹായത്തിൻെറ പിന്നിൽ. ചിലപ്പോൾ രാഷ്ട്രീയ-സാമ്പത്തിക സ്വാതന്ത്ര്യങ്ങളെ കടയോടെ അറത്തെറിയുന്ന കോടാലിപോലും. കലഹങ്ങൾ, കലാപങ്ങൾ, അധികാരക്കൊതി, അസമത്വങ്ങൾ—ഇവയെല്ലാം (കൂട്ടതലായും) സാമ്പത്തിക ദുരിതങ്ങളുടെ സന്താനങ്ങളാണ്. ദാരിദ്ര്യം, രോഗം, സാമ്പത്തിക ചൂഷണം, ജ്ഞാനസമ്പാദനത്തിനും തൊഴിൽ പരിശീലനത്തിനും വഴിയില്ലായ്മ—ഇവയെല്ലാം അത്യുഗ്രവിപ്ലവകാരികളാണ്. സന്തുഷ്ടിയിൽ കൂടിയാണ് സാംസ്കാരിക മേന്മയിലേയ്ക്കുള്ള വഴി. ആ മാൎഗ്ഗത്തിൽ കൂടി പ്രയാണം ചെയ്താൽ സാമൂഹ്യബോധം, പക്വബുദ്ധി, സഹിഷ്ണുത, ആത്മദാർഢ്യം, സേവനതല്പരത എന്നീ ഗുണങ്ങൾ താനേ ജനഹൃദയത്തിൽ വേരുറപ്പിച്ചോളും; സാഹിത്യവും കലകളും പുഷ്ടിപ്പെടും; ക്ഷേമരാഷ്ട്രം കൈവരും.

രാഷ്ട്രീയ ചേരികളിൽനിന്നും വിട്ടകന്ന്, സാമൂഹ്യനീതിയെ മുൻനിൎത്തി, ചരിത്രസത്യങ്ങൾക്ക മുൻഗണനനല്കി, ഉണൎന്നുയരുന്ന തെക്കെ അമേരിയ്ക്കയെ പററി ഉറച്ച നിഗമനങ്ങളിലെത്തുവാൻ പൗരത്വബോധമുള്ള ചിന്തകന്മാരെ സഹായിക്കുക മാത്രമാണെൻെറ കൎത്തവ്യം. വ്യക്തിയുടേതുപോലെ തന്നെ, രാഷ്ട്രങ്ങളുടേയും സമൂഹങ്ങളുടേയും ജീവിതം രസംനിറഞ്ഞതാണ്. അപ്പുറത്തെ അമേരിയ്ക്കയുടേയും.

ഈ ഗ്രന്ഥമെഴുതുവാൻ എന്നെ സഹായിച്ച പ്രധാന പുസ്തകങ്ങളുടെ ഒരു പട്ടിക ചേൎത്തിട്ടുണ്ട്. കൂടാതെ റഫറൻസിനായി ഒരു സൂചികയും.

—കെ. സി. ചീററർ.

# SELECT BIBLIOGRAPHY


1 Arthur P. Whitaker — The U. S. and South America (1948)

2 ... ... — The U. S. and Argentina (1955)

3 A. W. Weddell — Introduction to Argentina (1939)

4 Andre Siegfried — Suez and Panama (1940)

5 B. Suber Cassaux — Chile (1943)

6 Curtis and Raul — America, South (1939)

7 Carleton Beals — Outline History of Latin America (1938)

8 .. ... — Pan-America (1940)

9 ... .. — Coming Struggle for Latin America (1940)

10 .. .. — Lands of the Dawning Morrow (1948)

11 Chapman — Colonial Hispanic America (1933)

12 .. .. — Republican Hispanic America (1937)

13 Ciro Alegria — Broad and Alien is the World (1941)

14 Carey McWilliams — Brothers under the Skin (1951)

15 David Attenborough — Zoo Quest to Guiana (1956)

16 D. R. Boxer — The Dutch in Brazil (1956)

17 Da Cunha — Rebellion in the Backlands

18 Domingo F. Sarmiento — Civilisation and Barbarism

19 Eric. C. Hiscock — Around the World (111) (1956)

20 Earl Hanson — Chile, Land of Progress (1941)

21 Eurico Verrissimo — Works

| | | |
|---|---|---|
| 22 | Eduardo Mallea | The Boy of Silence (1944) |
| 23 | Enrico Verrissimo | The Rest is Silence (1946) |
| 24 | Fernando De Azeudo | Brazilian Culture (1950) |
| 25 | G. M. MacBridge | Chile, Land and Society (1936) |
| 26 | German Arciniegas | Carribean, Sea of the New World (1946) |
| 27 | Gilberto Freyre | Masters and the Slaves (1946) |
| 28 | German Arciniegas | The Green Continent (1948) |
| 29 | Huntington Shaw | Principles of Human Geography (1950) |
| 30 | Hendrik Van Loon | The Story of Mankind (1954) |
| 31 | Horatio Quiroga | Works |
| 32 | .. .. | South American Jungle Tales (1944) |
| 33 | Herriet De Onis | The Golden Land (1948) |
| 34 | J. F. Bannon | History of the Americas (1952) |
| 35 | John Gunther | Inside Latin America (1954) |
| 36 | John Collier | Indians of the Americas (1947) |
| 37 | Jorge Amado | The Violent Land (1945) |
| 38 | Jorge Hernandez | Martin Fierro |
| 39 | J. C. J. Metford | San Martin, the Liberator (1950) |
| 40 | Kirkpatrick | Latin America |
| 41 | Ludwig Behelman | Donkey Inside (1954) |
| 42 | Munoz & Ward | Latin America |
| 43 | MacGowan, Kenneth | Early Man in the New World (1950) |
| 44 | Maud Oakes | Beyond the Windy Place (1956) |
| 45 | Prescott | History of the Conquest of Peru |
| 46 | Ralph Linton | Most of the World (1949) |
| 47 | Ricardo Palma | The knights of the Cape (1940) |

| | | |
|---|---|---|
| 48 | Romulo Gallegos | Dona Barbara (1942) |
| 49 | Rennie | The Argentine Republic (1945) |
| 50 | R. H. Humphrys | The Evolution of the Modern Latin America (1946) |
| 51 | Robert S. Platt | Latin America (1951) |
| 52 | S. G. Hanson | Utopia in Uruguay (1938) |
| 53 | T. R. Ybarra | America faces South (1940) |
| 54 | Thomas Rourke | Man of Glory. Simon Bolivar (1939) |
| 55 | United Nations Publications | Economic Survey of Latin America (1950) |
| 56 | .. ... | The Economic Development of Latin America and its Principal Problems (1950) |
| 57 | .. ... | International Co-operation in Latin American Development Policy (1954) |
| 58 | .. ... | Foreign Capital in Latin America (1954) |
| 59 | Whitback & Williams | Economic Geography of South America |
| 60 | William Beebe | Jungle peace |
| 61 | W. H. Hudson | Idle Days in Pantagonia |
| 62 | ... ... | The Purple Land |
| 63 | Worcestor & Schaeffer | Growth and Culture of Latin America (1956) |

## GENERAL REFERENCE:

1 Columbia Encyclopedia
2 Encyclopedia Brittanica
3 ... ... Americana
4 ... ... of Social Sciences
5 ... .. of World History
6 New Book Encyclopaedia

## NEWSPAPERS & JOURNALS:

British, American & Indian

Time, Reader's Digest, Listener, Digest of Digests, Magazine Digest etc.

K. C. Peter: Articles (journals, India & abroad)

Willard Price: Articles

# സൂചിക.

## (ഇൻഡക്സ്)


അൻടാർട്ടിക്ക 13, 53, 292.
അൻടോണിയൊ ഗസ്സാൻ 197.
,, പിഗാഫെററ 49.
അക്കൺകാഗ്വ 20, 45.
അക്ഠായ കുടുംബം 204_6.
അഗ്നിയുടെ നാട്ട് 53, 298.
അമെയ്സോൺ 17, 21_2, 106.
അമെയ്സോണിയ 109_119.
അൽസോൺസൊ
ഡി ഒജീഡ 190.
അനാക്കോണ്ട 24, 128, 130.
അനാപോളീസ് 117.
അമേരിയ്ക്കയിലെ
പാരീസ് 43, 56.
അമ്മയുടെ നോനൊ 164_65.
അണയാത്ത ദീപങ്ങൾ 62.
അരൗജൊ 110, 111.
അഴകിനു് സമ്പൂർണ്ണപ്പൊടി 113.
അസീഷ്യ 149.
അതാ, ഒരു മല 174_5.
അസ്സയാൻ ടെപ്യൂയി 192.
ആളോഹരി വരുമാനം 14.
ആസ്തെക്കുകൾ 14.
ആദ്യനാവികർ 14_16.
അർജൻടീന 41-74, 83.
ആളുകളും കാലികളും 53_56.
ആത്മാവില്ലാത്ത
മനുഷ്യർ 134_6.
ആർ. ബി. റോബർട്ട്സൺ 184.
ഇൻഡോ-അമേരിക്ക 12.
ഇങ്ക 14, 82, 281, 285_288.
ഇക്വഡോർ 233_264.
,, വിവരങ്ങൾ 233-6.
,, അഗ്നിപർവ്വതങ്ങൾ 236_7.
,, ഉഷ്ണവും നടപ്പും 238_41.
ഇഗ്വാസു വെള്ളച്ചാട്ടം 47.
ഇസബെല്ല 220_2.
ഈ വ പെറോൺ 62, 74.
ഉഷ്ട്രപക്ഷി 121.
ഉറുഗ്വെ 171_185.
എ. ബി. സി. ശക്തികൾ. 13.
എൻജൽ വെള്ളച്ചാട്ടം 22.
എൻജിനീയർ
സിപ്പോലിററി 49.
എവരസ്റ്റുതീനി 23.
എസ്കിമോക്കളി 242.
ഏഴിൽ ഒരു ഭാഗം 13_4.
ഒറോസ്റ്റോ നൃത്തം 14.
ഒരു കള്ളവിൻെറ കഥ 115-6.
ഒരത്യാഹിതം 228_9.

ഓറിനോക്കൊ നദി 16.
ഓജോസ്—ഡെൽ—
സലാഡൊ 20.
ഓപ്പറേഷൻ ഓക 246_64.
കപ്പൂച്ചിൻ കുരങ്ങ് 24.
കണ്ണടവെച്ച കരടി 24.
കരത്ത പ്രസിഡണ്ട് 136.
കരിമ്പുഴ 49.
കസേരനിയമം 178.
കാത്തെ 15, 16.
കാവി 24.
കാവിയർ 184.
കാപ്പിബാറ 24.
കാപ്പി ഉണ്ടാക്കൽ 150_1.
കാപ്റ്ററൺ തോമസ്സ് 104–7.
കാസികപയാറി 191.
കാളപ്പോർ 201–3.
കൊട്ടങ്കാററ മുനമ്പ് 15.
കൊളംബസ്സ് 14, 16–7, 195.
കൊളംബിയ 17, 209_232.
കൊളറാഡൊ പാർട്ടി 180.
കൊമ്പു മുനമ്പ് 19.
കോയ്പു 24.
കോംഗനൃത്തം 37.
കോകനദീതടം 230–31.
കുബിററ്സ് ചക്ക് 152–64.
കപയറെറാ നഗരം 13.
കപിബ്രാക്കൊ 96.
കപിച്ചപ റെസ്റ്റിന്ത്യർ 249_64.
കപിസീഡ 17.
ക്ലാമാകൃക്ക നൃത്തം 37.
ക്രിയോളുകരം 18.
ക്രിയോറം കമ്പനി 203–4.
കൃക്കിനാം വെള്ളച്ചാട്ടം 22.
കൃക്കിവിളിക്കരങ്ങ് 25.
ഗാക്കപ്പൈൻകാർ 18.
ഗപാനാക്കൊ 24.
ഗപാഡാലൂപ്പ് 182_3.
ഗപാറാണി റെസ്റ്റിന്ത്യർ 91_2.
ഗ്രുവാര 84.
ഗ്ലസ്റ്റാവ് ഹെനി 192.
ഗോയ്നിയ നഗരം 118.
ഗൗക്കൊ 55.
ഗ്രെയിററ് ഡയഗണൽ
പ്രോജക്ക്ററ് 116–7.
ചാക്കൊ മൈതാനങ്ങരം 45.
ചാവുരം ടെപൈക്ക് 58.
ചിൻചില്ല 24.
ചിലി 267_77
ചികപിൻകപിറ 215_6.
ചിംബറോസ അഗ്നിപർവ്വതം 20.
ചെറിയ വെനീസ് 189_90.
ജവാൻ—ഡി_ലാ_കോസൊ 17.
ജനറൽ ലൊണാർഡി 60.
ജനറൽ ലഗോസ് 60.
ജനറൽ ടാങ്കൊ 70.
ജനറൽ മാഷ്ൽ 111.
ജനറൽ റിവീറ 177.
ജാഗപർ 24.
ജൊറോപ്പൊ നൃത്തം 37.

ജൊവോവൊ കഫെ ഫിൽഹൊ
149, 151, 152, 156.
ജെസ്യൂട്ട് വൈദികർ 95, 134.
ജോൺ ഗന്തർ 26, 82, 189, 199.
ജോസഫ് ന്യൂമാൻ 73.
ജോസ് ഗവ്വാസിയൊ
ആർട്ടിഗാസ് 176_7.
ജോസ് ബാററ്ലി
ഓർഡോണസ് 177_8.
ജിമ്മി ഏൻജൽ 191_3.
ജുവാൻ ഡയസ്
സോളീസ് 57.
ജുവാൻ ഗാരെ 57.
ജുവാൻ ചാവസ് 61.
ടാംഗൊ നൃത്തം 14, 37.
ടിറ_ഡെൽ—
ഫ്യൂഗൊ 13, 49, 301.
ടിററിക്കാകതടാകം 22.
ടൃൂമക്ക്_ഹ്യൂമക്ക് 138_42.
ഡയസ്സ് 14.
ഡയമാൻടിന പട്ടണം 165.
ഡയൂമ 246-7.
ഡാരിയൻ 17.
ഡീകോക്ക് 79.
ഡൊണാൾഡ്
കാംറോസ് പിയാററി 99.
ഡേവിഡ് അററൻ ബറൊ 87.
ഡ്യൂപ്രി 52.
തെക്കെ അമേരിക്ക 11_40.
,, സംസ്കാരം 14.
,, തുറമുഖങ്ങൾ 19.
,, ദ്വീപുകൾ 19.
,, മൃഗങ്ങൾ 23_25.
,, വിഭവങ്ങൾ 25_6.
,, വിപ്ലവങ്ങൾ 36.
,, സംസ്കാരരംഗം 37_8.
തീൎത്ഥാടക പിതാക്കൾ 26.
ദ്രാവകരൂപത്തിൽ സ്വൎണ്ണം 52.
നദികൾ 21_23.
നഗ്നതയിൽ പൊതിഞ്ഞ
ഓകർ 243_4.
നാൻഗ്ഗ്വറ നഗരം 51.
നാളെയുടെ രാജ്യം 102_3.
നാണയവ്യവസ്ഥ 151.
നൃത്തം 37_38.
നിദ്രയിലാണ്ട രാജകുമാരിയുടെ
രാജ്യം 140_1.
നെലീഡ 63, 72.
പത്തുറിപ്പബ്ളിക്കുകൾ 12–13.
പങ്കുവെയ്ക്കൽ 17-18.
പരാണപ്രവിശ്യ 103_4.
പക്ഷിനാക്കുകറി 47–8.
പസില്ലൊ നൃത്തം 37.
പരാഗ്വെ 87-99.
പാദം കുടയായി 50.
പാടുന്ന വീഞ്ഞ് 175_6.
പാനമേരിക്കൻ
യൂണിയൻ 25, 58, 196.

പീഡ്രൊ കബ്രാം 17.
പീഡ്രൊ മെൻഡോസ് 17, 57.
പീററർ ഡ്രെസ്സർ 108.
പുറംക്ക് മദ്യം 38.
പ്രസിസണ്ട് പെറോൺ 58.
,, സുയാസു 85_6.
,, എസ്റ്റൻസറൊ
83, 84, 86.
,, സ്റ്റ്റോസ്നർ 96, 97.
,, നിലൊപെക്കൻഫ 136.
,, കപ്രിയാനൊ
കാസ്റ്റ്റൊ 197.
,, ക്ലീവ്ലൻണ്ട് 198.
,, ജിമിനിസ്
198_200, 205_8.
,, പിനില്ല 222–32.
പ്രസവവേദന
ഭത്താവിനു് 92_3.
പൂമ 24.
പെരിക്കോൺ നൃത്തം 37.
പെറോൺമതി 67–8.
പ്രെസ്റ്റർ ജോൺ 15.
ഫംമ്പ നൃത്തം 37.
ഫാംസൊ അസൂപ്രി 20.
ഫ്രഞ്ച് സാഹിത്യം 44.
ഫ്ളമിംഗൊ 47.
ഫ്റാൻസിസ്കൊ
ഓറല്ലാന 17.
,, മിരാണ്ട 295.
ബത്തലോമ്യൊ ഡയസ് 15.
ബനാൽ കസാർ 17.
ബഗോട നഗരം 211, 213.
ബാരോസ് 152, 168, 169.
ബ്രസീൽ 99–169.
ബ്രസ്സൊ 65, 66.
ബ്ളാങ്കോ പാർട്ടി 180.
ബ്ളഗ്ഗസ് ഡോം 112_3.
ബ്യൂനൊ അയേർസ്
43_60, 96, 176.
ബെയിൻ ബ്യൂക്കൊ 37.
ബൊളിവിയ 75-86.
ബോടൊയുടെ മക്കാം 126_7.
ബ്ളെയിക്ക് 51.
ഭായ്യമാർ വന്നില്ല 26_7.
ഭ്രാന്തൻ പ്രസിഡണ്ട് 177.
ഭൂപ്രകൃതി 18–19.
ഭൂപടം മാച്ച 81-2.
മൺറൊ സിദ്ധാന്തം 38-9.
മരീനിറ നൃത്തം 37.
മണ്ണിൻെറ മക്കാം 92_3.
മനൗസ് നഗരം
114, 123, 124, 212, 215.
മടക്കമില്ലാത്ത യാത്ര 141.
മരാകെ നഗരം 201.
മരതകരത്നങ്ങാം 214.
മനുഷ്യമാംസസൂപ്പ് 242_3.
മായർ 14.
മാഗല്ലൻ 15, 17, 50, 174.
മാർട്ടിനസ് ഇരാള 17.

മാക്സീക്കി നൃത്തം 37.
മാർഗരീത ചേീപ്പ് 191.
മാരിലു 245_5.
മിഖായേൽ സ്റ്റള്ളി 192.
മിത്രെ കുടുംബം 56.
മിസ്റ്ററാം 14.
മെക്സിക്കൊ 12.
മെററിസ്സോകരം 18,37.
മെർസിഡിാരിയൊ
കൊടുമുടി 45.
മെസൊപ്പൊട്ടോമിയ 45.
മോൺടീവിഡിയൊ 174.
യർബാമാതി ചായ 38.
യാങ്കി സാമ്രാജ്യത്വം 39.
യുനസ്കൊ 108.
രണ്ടാം ലോകമഹായുദ്ധം 36.
രത്നഖനനകല 217–8.
ലത്തീൻ അമേരിയ്ക്ക 12.
,, സാമ്പത്തിക
വ്യവസ്ഥിതി 39_40.
ലഗോവ_ദോസ്_പാത്തോസ്
തടാകം 22.
ലാമ 79.
ലാപാസ്സ് നഗരം 79.
ലൂയി ബാററ്ലി
ബെരസ്സ് 180–83.
,, മിഗേൽ
ഡൊമിംഗേിൻ 201_2.
ലെനിൻ സിദ്ധാന്തം 40.
ലോല മെംബ്രീവ്സ് 64.
ലോഡ്രീന നഗരം 106.
വർണ്ണവിദ്വേഷം 135.
വർഗ്ഗാസ് 142–46.
വാസ്ക്കോ ബിൽബോവ 17.
വിൻസൻട് പിൻസൺ 17.
വിപ്ലവങ്ങ‍ം 36.
വില്ലാർഡ് പ്രൈസ്
110, 119, 127, 134.
വെള്ളിരാജ്യം 46, 47.
വെനിസ്വേല 187-208
റംബനൃത്തം 14.
റം 178.
റാഡിഗ്ഗ്വിയ 74.
റിവീറ 14
റിയൊ-ഡി-ലാ-പ്ലാററാ നദി 22.
റൂസ്വെൽററ് 36.
റെഡ്ഇന്ത്യൻ ഭാഷകഠം 12.
റൊറെയ്മ വെള്ളച്ചാട്ടം 22.
റെയ്മണ്ട് മോഫ്റെയ്
138-42.
ഹഡ്സൺ ന്യൂസ്ലെററർ 74.
ഹായഡിലാടോർ 289-94.
ഹിമാലയം 20.
ഹിപ്പോളിനൊ ഇറിഗോയൻ 58.
ഹെൻറി രാജകുമാരൻ 15.
ഹെൻറീക്ക് വാൻ ലൂൺ 15.
സദാ ഹാസൻ 145.
സബാസ്റ്റ്യൻ കാബട്ട് 57.

സർ ഫ്രാൻസിസ് ഡ്രെയിക്ക് 195.
സിങ്കാപ്പൂ 15, 16.
സിൽവാനൊ പാമ്പാനിനി 71.
സിഫിലിസ് 189.
സീലുകരം 49.
സാന്താക്രൂസ് നഗരം 48, 51.
സാർമിയിൻടൊ 57.
സാൻ ലൂയി നഗരം 60.
സാൻ മാട്ടിൻ 36.
സാവൊ പൗലൊ 107.
സൂക്രിനഗരം 19.
സൂക്രി 36.
സ്ലാവ 183.
സ്ലോത്ത് 23, 305, 7.
സ്റ്റൂബൽ 52.
സ്ത്രീരാജ്യം 108, 109.
സൊറബ്രാഗ 120
സൊലാനൊ ലോപ്പസ് 177.
സൊമോസ 71, 72.
സോഷ്യലിസ്റ്റ് സ്വർഗ്ഗം 171-185.
സൈമൺ ബോളിവാർ 36, 77, 196-7.
ശംശോൻ 44.

---

PRI NTED AT THE VISWABHARATHI PRESS, TRICHUR.

G: No: 1931
Akh
Ra




— ആഫ്രിക്കയെപ്പറ്റിയുള്ള സമഗ്രമായ ഒരു പഠനം.

— ആറു ഭാഗങ്ങൾ

1. ആഫ്രിക്ക പൊതുവെ—ചരിത്രം, ഭൂമിശാസ്ത്രം, വിവിധ വർഗ്ഗങ്ങൾ, പ്രാചീന സംസ്കാരങ്ങൾ, കലകൾ, അപരിഷ്കൃതവർഗ്ഗക്കാർ.
2. ബ്രിട്ടീഷ് സാമ്രാജ്യത്വം ആഫ്രിക്കയിൽ, സ്പാനിഷ് പോർച്ചുഗീസ് സാമ്രാജ്യത്വങ്ങൾ.
3. ഫ്രഞ്ച് സാമ്രാജ്യത്വം—ബെൽജിയൻ കോംഗൊ.
4. സ്വതന്ത്ര രാജ്യങ്ങൾ
5. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്—യാതനകൾ, കോളനിവാഴ്ച, വർണ്ണവിദ്വേഷം.
6. ആഫ്രിക്കൻ വനാന്തരങ്ങൾ.

— കഴിയുന്നത്ര പുതിയ വിവരങ്ങൾ.

— അവലംബമായി ഉപയോഗിക്കപ്പെട്ട പ്രധാന ഗ്രന്ഥങ്ങളുടെ പട്ടിക, 'റഫറൻസി'ന്നാവശ്യമായ സൂചികയും.

PUBLISHERS :
CURRENT BOOKS, TRICHUR.

# അപ്പുറത്തെ അമേരിക്ക

കെ.സി. പീറ്റർ

Indic Digital Archive Foundation
gpura.org